സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി

65 (5870) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് വർഷത്തെ ബഡ്ജറ്റിൽ സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വകയിരുത്തിയിട്ടുണ്ട്. സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനായുള്ള സംസ്ഥാന പദ്ധതിയ്ക്കായി 2401-00-108-59(P) എന്ന ശീർഷകത്തിൽ 1000 ലക്ഷം രൂപയും വയനാട് പാക്കേജിനായി 2401-00-800-27(P) എന്ന ശീർഷകത്തിൽ 1420 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനുള്ള പദ്ധതി കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. വയനാട് പാക്കേജ് വയനാട് ജില്ലയിൽ നടപ്പാക്കുന്നു.

(സി) I സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനുള്ള പദ്ധതി

പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നു :

1. 3000 ഹെക്ടറിൽ കുരുമുളക് കൃഷി വ്യാപനത്തിനായി ഹെക്ടറൊന്നിന് 20000 രൂപ (50%) നിരക്കിൽ കർഷകർക്ക് ധനസഹായം.
2. ഇടുക്കി ജില്ലയിൽ കുരുമുളക് കൃഷിയുടെ സംയോജിത വികസനത്തിനായി 275 ലക്ഷം രൂപയുടെ ഒരു പദ്ധതി കൃഷിവകുപ്പ് തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

II വയനാട് പാക്കേജ്

പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു :

കുരുമുളക് കൃഷി പുനരുദ്ധാരണം (587.9 ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly

1. ജൈവകുരുമുളക് കൃഷിക്ക് തുടർ സഹായമായി രണ്ടാം വർഷത്തെ 1679 ഹെക്ടറിന് 10000 രൂപ നിരക്കിലും മൂന്നാം വർഷത്തെ 1000 ഹെക്ടറിന് 5000 രൂപാ നിരക്കിലും ധനസഹായം.

2. രണ്ടു ലക്ഷം താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഒരു താങ്ങുമരത്തിന് 10 രൂപ നിരക്കിൽ ധനസഹായം.

3. ദ്രുതവാട്ട രോഗ നിയന്ത്രണത്തിനായി 3500 ഹെക്ടറിലേയ്ക്ക് ഹെക്ടറൊന്നിന് 10000 രൂപയുടെ (inputs ന്റെ ചെലവിന്റെ 50%) ധനസഹായം.

ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പേരുമാറ്റം

66 (5871) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(സി) ആഡിറ്റുകൾ സമകാലീനമാക്കാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ന് മാറ്റി സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ചുവടെ ചേർക്കുന്നു :

(1) സ.ഉ. (കൈ) നമ്പർ 24/15/ധന, തീയതി 14-1-2015

(2) സ.ഉ. (കൈ) നമ്പർ 103/15/ധന, തീയതി 28-2-2015

(3) എസ്.ആർ.ഒ. നമ്പർ368/2015, തീയതി 30-5-2015

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഡിറ്റ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചു. അതിലേക്കായി എയിംസ് (ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) - സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. എയിംസ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലേയ്ക്കായി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകിക്കഴിഞ്ഞു. ഓഡിറ്റ് റിപ്പോർട്ടുകൾ, പുറപ്പെടുവിക്കുന്ന ദിവസംതന്നെ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നു. 2009-10 മുതലുള്ള എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിനും സമയബന്ധിതമായി തന്നെ ഫയലുകൾ തീർപ്പാക്കുന്നതിനും ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. വകുപ്പിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

വകുപ്പിലേക്ക് പുതുതായി എത്തിച്ചേരുന്ന ജീവനക്കാരുടെ കാര്യശേഷി ഉയർത്തുന്നതിലേയ്ക്കായി 4 മാസത്തെ നിർബന്ധിത പരിശീലന പരിപാടി നടത്തിവരുന്നു. ഓഡിറ്റർ മുതൽ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) വരെയുള്ള മുഴുവൻ ജീവനക്കാർക്കും കൺഫർമേഷൻ നൽകിക്കഴിഞ്ഞു. ജില്ലാ ഓഫീസ് തലവന്മാർക്ക് ഔദ്യോഗിക യാത്രകൾക്കായി വാഹനങ്ങൾ അനുവദിക്കുകയും ഡയറക്ടറേറ്റ് നവീകരിക്കുകയും ചെയ്തതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായിട്ടുണ്ട്. 2011-2012-ന് ശേഷം പുറപ്പെടുവിച്ച സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രവർത്തനക്ഷമതാ റിപ്പോർട്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഓഡിറ്റുകൾ സമകാലീനമാക്കുവാൻ എയിംസ് സോഫ്റ്റ്‌വെയർ രണ്ടും മൂന്നും ഘട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ ഓഡിറ്റ് കുടിശ്ശികകളുടെ കൃത്യമായ വിവരം വകുപ്പ് മേധാവിക്ക് ലഭ്യമാകുന്നു. ഓഡിറ്റ് ഓഫീസർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് 270 ലാപ്ടോപ്പ് ലഭ്യമാക്കി.

നിലവിലുള്ള ഓഡിറ്റ് കുടിശ്ശിക ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ ഓഫീസ് തലവൻമാരുടെ മീറ്റിംഗുകൾ ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഓഡിറ്റ് റിപ്പോർട്ടുകൾ മലയാളത്തിൽ സമയബന്ധിതമായി തയ്യാറാക്കുന്നതിന് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും മലയാളം ടൈപ്പിംഗ് പരിശീലനം നൽകിവരുന്നു. ഇതിലൂടെ ഓഡിറ്റ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാനും കുടിശ്ശിക ഒഴിവാക്കി സമകാലീനമാക്കാനും സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പുകളുമായി ആശയങ്ങൾ കൈമാറുന്നതിനും ഓഡിറ്റ് പ്രക്രിയയിലെ നൂതനരീതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനും വിവിധ സംസ്ഥാനങ്ങളിലെ ഓഡിറ്റ് വകുപ്പിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നവംബർ മാസത്തിൽ തിരുവനന്തപുരത്ത് വച്ച് ദേശീയ സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്നു.

ബാലസാന്ത്വനം

67 (5872) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലസാന്ത്വനം പദ്ധതി രൂപീകരിച്ചത് എന്നാണ് ; എന്താണ് ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

23-12-2014-ലെ ജി.ഒ.(പി)575/2014/ധന. നമ്പർ ഉത്തരവ് പ്രകാരമാണ് 'ബാലസാന്ത്വനം - 2014' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക വീതം കുറവ് ചെയ്ത് സമാഹരിക്കുന്ന ഫണ്ടിൽനിന്നും റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽകഴിയുന്ന അർബുദബാധിതരായ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായം നൽകുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക്

68 (5873) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ നിരക്കിനെക്കാൾ മുന്നിലെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വളർച്ചാനിരക്ക് കൈവരിക്കാൻ എന്തെല്ലാം നയങ്ങളും കാര്യപരിപാടികളുമാണ് നടപ്പാക്കിയിട്ടുള്ളത് ?

ഉത്തരം

(എ-ബി) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ദേശീയ നിരക്കിനേക്കാൾ മുന്നിലെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(ശതമാനത്തിൽ)

വർഷം	ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പന്നത്തിന്റെ വളർച്ചാനിരക്ക്	മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ വളർച്ചാനിരക്ക്
2011-12	15.77	16.73
2012-13	11.88	13.46
2013-14	11.54	15.35

(സി) സംസ്ഥാനത്തിന്റെ വികസനം ഉത്തേജിപ്പിക്കുന്നതിനും സമ്പദ് വ്യവസ്ഥയിൽ സുസ്ഥിര പുരോഗതി ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക നയങ്ങളും പദ്ധതികളും നടപ്പിലാക്കിയതും അടിസ്ഥാന വികസനം, കൃഷി, വിനോദ സഞ്ചാരം, മൃഗസംരക്ഷണം, ഗ്രാമവികസനം, വിവരസാങ്കേതികം എന്നീ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതും കാരണമാണ് ഈ സർക്കാരിന്റെകാലത്ത് സംസ്ഥാനത്തിന് ദേശീയ വളർച്ച നിരക്കിനേക്കാൾ മെച്ചപ്പെട്ട സാമ്പത്തിക വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചത്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ

69 (5874) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ പദ്ധതികൾക്കാണ് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) മണ്ഡലത്തിൽ ഇനി ഏതൊക്കെ പദ്ധതികളാണ് ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകുന്നതിന് ധനവകുപ്പിന്റെ പരിഗണനയിലിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) ആസ്തി വികസന പദ്ധതിയിൻകീഴിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

(സി) കാരേറ്റ് ഗ്രാമപഞ്ചായത്തിലെ പൊൻവിള കിഴക്കേക്കര കനാലിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ധനാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ഫയലാണ് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുള്ളത്. (ഫയ നമ്പർ e-112197) ഫയലിന്മേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

ശമ്പള കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി

70 (T 5875) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് 13-7-2015-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നികുതി ചോർച്ച

71 (5876) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിന് വാണിജ്യ നികുതി വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നികുതിനിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്കൂട്ടിനി ശക്തമാക്കി കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഇഇപ്രകാരം സംസ്ഥാനത്തിനകത്തേക്കുവരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെന്റേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കിയിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാരാ നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

നികുതി ചോർച്ച പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള ചരക്ക് കടത്ത് ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഉഴവൂർ മിനി സിവിൽസ്റ്റേഷനും സബ്ട്രഷറി നിർമ്മാണവും

72 (5877) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉഴവൂർ മിനി സിവിൽസ്റ്റേഷനും സബ്ട്രഷറി നിർമ്മാണവും സംബന്ധിച്ച് ട്രഷറി വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ; ട്രഷറി വകുപ്പിലെ ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ ; പഴയ ട്രഷറി കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിനും സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുമായി സ്ഥലം കൈമാറിയിട്ടുണ്ടോ ; ആയതിന്റെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പുവഴി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ സമർപ്പിച്ചതെന്ന് ; ഫയൽ നമ്പർ നൽകുമോ ?

ഉത്തരം

(എ) ട്രഷറി വകുപ്പിന്റെ എ 1/8085/2013 നമ്പർ ഫയലിൽ മേൽപ്പറഞ്ഞ വിഷയം പരിശോധിച്ചുവരുന്നു. പഞ്ചായത്തിന്റെ തീരുമാനത്തിന്റെയും ബഹു. എം.എൽ.എ. നൽകിയ കത്തിന്റെയും അടിസ്ഥാനത്തിൽ പഴയകെട്ടിടം പൊളിച്ചുമാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചശേഷം കെട്ടിടം പൊളിച്ചുമാറ്റുന്നകാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പുതിയ കെട്ടിട നിർമ്മാണത്തിനും സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുമായി സ്ഥലം കൈമാറിയിട്ടില്ല. ഡി.പി.ആർ. ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

ലോട്ടറി ഏജന്റുമാരുടെ ക്ഷേമത്തിനായി പദ്ധതികൾ

73 (5878) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ റെക്കാർഡ് ഉണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ബി) ലോട്ടറി ഏജന്റുമാരുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10-8-2011-ലെ ജി.ഒ. (എം.എസ്.) 105/11/റ്റി.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയതായി 6 പ്രതിവാര ഭാഗ്യക്കുറികൾകൂടി ആരംഭിച്ചതുവഴി ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പ് നടത്തിവരുന്നു. ചെറുകിട ഏജന്റുമാർക്കും പ്രയോജനം ലഭിക്കത്തക്കരീതിയിൽ കമ്മീഷൻ വ്യവസ്ഥകൾ ക്രമീകരിക്കുകയും ഏജന്റുമാരുടേയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡിമാന്റിനനുസരിച്ച് ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും നറുക്കെടുപ്പ് യന്ത്രവത്ക്കരിച്ച് സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പന വർദ്ധിക്കുന്നതിനും തത്ഫലമായി സംസ്ഥാന ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാന വർദ്ധനവിനും കാരണമായിട്ടുണ്ട്.

(ബി) ലോട്ടറി ഏജന്റുമാരുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി പുറപ്പെടുവിച്ച 21-11-2009-ലെ ജി.ഒ.(പി) നമ്പർ 209/2009/നി.വ. ഉത്തരവ് പ്രകാരം ക്ഷേമനിധി പദ്ധതി വിജ്ഞാപനത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രതിമാസ പെൻഷനുകളായ സ്പെഷ്യൽ പെൻഷൻ, സൂപ്പറാന്വേഷൻ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, അർഹരായ ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സാ ധനസഹായം, പ്രത്യേക ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തരധനസഹായം, സ്ത്രീ അംഗങ്ങൾക്ക് പ്രസവാനുകൂല്യം എന്നീ ആനുകൂല്യങ്ങളും കൂടാതെ പ്രതിവർഷം ഓണം അലവൻസ്, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് എന്നീ ക്ഷേമാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

ലോട്ടറി വില്പനയിലെ കുറവ്

74 (5879) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി ടിക്കറ്റുകൾ നിശ്ചിത സമയത്തിനുള്ളിൽ അച്ചടിച്ചുവരാത്തതു കാരണം ഏജൻസികൾക്കും പൊതുജനങ്ങൾക്കും ടിക്കറ്റുകൾ ലഭ്യമല്ലാതാകുകയും അതുവഴി വില്പനയിൽ വലിയ കുറവ് വന്നിട്ടുള്ളതുമായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ടിക്കറ്റുകളുടെ അച്ചടിയുമായി ബന്ധപ്പെട്ട പോരായ്മകളും നടത്തിപ്പിലെ വീഴ്ചകളും സർക്കാർ ലോട്ടറിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം പരിശോധിച്ച് അപാകതകൾ പരിഹരിക്കാനും കാരുണ്യപോലെയുള്ള ജനോപകാരപ്രദമായ പദ്ധതികൾ കൂടുതൽ വരുമാന മാർഗ്ഗമുള്ളതാക്കാനും വരുമാനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിൽപ്പനയിൽ കുറവ് സംഭവിച്ചതായുള്ള വർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്സുകളിൽനിന്നും അച്ചടിച്ച് വിതരണത്തിനായി ലഭിക്കുന്ന ടിക്കറ്റുകളിൽ അപൂർവ്വമായി കണ്ടുവരുന്ന പോരായ്മകളായ ടിക്കറ്റ് ഇരട്ടിക്കൽ, ബാർകോഡ്, സീക്രട്ട് കോഡ് എന്നിവ റീഡ് ചെയ്യാൻ കഴിയാത്തത് എന്നിവ ഭാഗ്യക്കുറി വകുപ്പ് അപ്പപ്പോൾ തന്നെ പ്രസ്സ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പോരായ്മകൾ ലോട്ടറി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ടിക്കറ്റ് അച്ചടി കൂടുതൽ കാര്യക്ഷമമാക്കാനും വരുമാനം വർദ്ധിപ്പിക്കാനുമായി 2015 ഓഗസ്റ്റ് മാസം മുതൽ കൂടുതൽ ടിക്കറ്റുകൾ അച്ചടിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി കാരുണ്യ ലോട്ടറിയിൽനിന്നുള്ള വരുമാനം മതിയാകാതെ വന്നതിനെ തുടർന്ന് പ്രതീക്ഷ ഭാഗ്യക്കുറിയെ കാരുണ്യ പ്ലസ് എന്ന് പുനർനാമകരണം ചെയ്യുകയും, മുഖവില 40 രൂപയിൽനിന്ന് 50 രൂപയാക്കി ഉയർത്തി അതിൽനിന്നുള്ള അറ്റാദായംകൂടി കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുകയും ചെയ്തുവരുന്നു. കൂടാതെ സമ്മാനങ്ങളുടെ എണ്ണത്തിലും ആകെ സമ്മാനത്തുകയിലും വർദ്ധനവ് വരുത്തിക്കൊണ്ട് കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ കൂടുതൽ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമേ പത്രമാധ്യമങ്ങളിലൂടെയും ടി.വി. ചാനലുകളിലൂടെയും പരിമിതമായ തോതിൽ പരസ്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സൗഭാഗ്യം പദ്ധതി

75 (5880) ശ്രീ. പാലോട് രവി:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സൗഭാഗ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4% പലിശയും 2 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് 6.5% പലിശയും പലിശ സബ്സിഡി നൽകി ഭവന വായ്പാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സൗഭാഗ്യ ഭവന പദ്ധതി.

(സി) 2015-16 ബഡ്ജറ്റിൽ 10 കോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കുള്ള വായ്പ സമാഹരിക്കുന്നതിനായി ഹഡ്കോയെ സമീപിച്ചെങ്കിലും വായ്പ അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് ഹഡ്കോ അറിയിച്ചിട്ടുള്ള തിനാൽ ദേശസാൽകൃത ബാങ്കുകളിൽനിന്നും വായ്പ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

കാസർകോട് ജില്ലയിലെ ഒറ്റനമ്പർ ലോട്ടറി

76 (5881) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഒറ്റനമ്പർ ലോട്ടറി വ്യാപകമാവുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ ;

(സി) എത്ര കേസ്സുകൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളെ കേന്ദ്രമാക്കി ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടം വ്യാപകമായി നടക്കുകയും അതിനെതിരെ കേസ് രജിസ്റ്റർചെയ്ത് കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടത്തിനെതിരെ 16 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകളുടെ വിവരം :

ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടം - 16

ടിക്കറ്റ് നമ്പറിൽ കൃത്രിമം കാട്ടിയത് - 1

അനധികൃത ലോട്ടറി വിൽപ്പന - 2

സർക്കാർ വാദിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതി

77 (5882) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകമോ :

(എ) സർക്കാർ വാദിയായുള്ള കേസ്സുകൾ തീർക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

ഉത്തരം

(എ) സർക്കാർ വാദിയായുള്ള കേസ്സുകൾ തീർക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനുമായി 3-12-2011 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതുമാണ്. കൂടാതെ കേസ്സുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയുംവഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും, ജില്ലാ അടിസ്ഥാനത്തിലും ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിന് വേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പത്ത് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽകൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭവനിർമ്മാണ ബോർഡിന്റെ പുതിയ പ്രോജക്ടുകൾ

78 (5883) ശ്രീ. അബ്ദുറഹ്മാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ടുകൾ എവിടെയെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പ്രോജക്ടുകൾ ചുവടെ പറയുന്നവയാണ് :

1. സാഫല്യം ഭവന പദ്ധതി

i. ഇലഞ്ഞി (48 ഫ്ളാറ്റുകൾ) - എറണാകുളം ജില്ല.

ii. ലക്കിടി-പേരൂർ (24 ഫ്ളാറ്റുകൾ) - പാലക്കാട് ജില്ല.

iii. ചെമ്മനാട് (24 ഫ്ളാറ്റുകൾ)- കാസർഗോഡ് ജില്ല.

LIBRARY ARCHIVES Kerala Legislative Assembly

2. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

ഒറ്റപ്പാലം (119 കിടക്കകൾ) - പാലക്കാട് ജില്ല.

മധൂർ (109 കിടക്കകൾ) - കാസർഗോഡ് ജില്ല.

3. പാരസ്പര്യം പദ്ധതികൾ

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഉപഭോക്താക്കളിൽനിന്നും വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി സമാഹരിച്ചു കൊണ്ട്, നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ.

i. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (36 ഫ്ളാറ്റുകൾ)

ii. ഇരിഞ്ഞാലക്കുട കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (10 ഫ്ളാറ്റുകളും കമേഴ്സ്യൽ ഏരിയയും)

iii. കിഴക്കേ ചാലക്കുടി കമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി

iv. കുമാരനാശാൻ നഗർ കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (28 ഫ്ളാറ്റുകളും കമേഴ്സ്യൽ ഏരിയയും)

v. തൃക്കാക്കര റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (84 ഫ്ളാറ്റുകൾ)

vi. തൃക്കാക്കര കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (16 ഫ്ളാറ്റുകളും കമേഴ്സ്യൽ ഏരിയയും)

vii. ഇരുമ്പനം കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി ഘട്ടം - I (43 ഫ്ളാറ്റുകളും കമേഴ്സ്യൽ ഏരിയയും)

viii. ഇരുമ്പനം കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി ഘട്ടം - II (32 ഫ്ളാറ്റുകളും കമേഴ്സ്യൽ ഏരിയയും)

ix. ചങ്ങനാശ്ശേരി (സൈറ്റ് III) റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (72 ഫ്ളാറ്റുകൾ)

4. ഹരിപ്പാട് റവന്യൂ ടവർ പദ്ധതി

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് NABARD-ൽനിന്നും വായ്പ സമാഹരിച്ചു കൊണ്ട് ഹരിപ്പാട് റവന്യൂ ടവർ പദ്ധതി. (Agriculture cum Marketing Complex) നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ പദ്ധതികളിലൂടെ നൽകിയ വീടുകൾ

79 (5884) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ എന്നീ പദ്ധതികളിലൂടെ എത്ര വീടുകളാണ് നൽകിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

സാഫല്യം ഭവന പദ്ധതി

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതാണ് സാഫല്യം ഭവന പദ്ധതി. ഈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ളാറ്റുകൾ പൂർത്തിയായിട്ടുണ്ട്. ഫ്ലാറ്റുകൾ അനുവദിച്ച് നൽകിയിട്ടില്ല.

സാന്ത്വനം വാടക വീട് പദ്ധതി

മെഡിക്കൽ കോളേജിൽ ചികിത്സതേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കുറഞ്ഞ വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന സാന്ത്വനം വാടക വീട് പദ്ധതിയിലൂടെ കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമുള്ള ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആദ്യ ഘട്ടമായി 44 യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

സൗഭാഗ്യം ഭവന പദ്ധതി

1 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4% പലിശയ്ക്കും 2 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് 6.5% പലിശയ്ക്കും പലിശ സബ്സിഡി നൽകി ഭവന വായ്പാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സൗഭാഗ്യം ഭവന പദ്ധതി. പദ്ധതിയ്ക്കുള്ള വായ്പ സമാഹരിക്കുന്നതിനായി ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ സമാഹരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗൃഹശ്രീ പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബലവിഭാഗം (EWS)/താഴ്ന്ന വരുമാനവിഭാഗം (LIG)-ത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ. കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ, സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 10.50 കോടി രൂപ ഉപയോഗിച്ച് 525 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 14.19 കോടിരൂപ ഉപയോഗിച്ച് ഇതുവരെ 507 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്.

സായൂജ്യം പാർപ്പിട പദ്ധതി

80 (5885) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സായൂജ്യം പാർപ്പിട പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്നവിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിനുവേണ്ടി ഭവനനിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സായൂജ്യം ഭൂവികസന പദ്ധതി.

(സി) കാസർഗോഡ് ജില്ലയിലെ മധൂറിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 261.78 സെന്റ് ഭൂമിയിൽ 27 പ്ലോട്ടുകൾ വികസിപ്പിക്കുകയും 25 പ്ലോട്ടുകൾ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ അയർക്കുന്നത്ത് ബോർഡിന്റെ ഉടമസ്ഥതതയിലുള്ള 206 സെന്റ് വിസ്തീർണ്ണമുള്ള ഭൂമിയിൽ 12 പ്ലോട്ടുകൾ വികസിപ്പിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ സംരംഭങ്ങൾ

81 (5886) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം നിലയിൽ ആരംഭിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ ;

(ബി) എന്തെല്ലാം ഇനങ്ങളിലുള്ള വ്യവസായ സംരംഭങ്ങൾക്കാണ് ഇപ്രകാരം സഹായങ്ങളും സബ്സിഡികളും ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ചേർത്തല താലൂക്കിൽ എന്തെല്ലാം സ്വകാര്യ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സഹായങ്ങളും സബ്സിഡികളും ഈ സർക്കാർ കാലയളവിൽ അനുവദിച്ചു ; ഇതിന്റെ വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) ചെറുകിട വ്യവസായ സംരംഭകരെയും സംരംഭം തുടങ്ങിയവരെയും സഹായിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ, സംസ്ഥാനതലങ്ങളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടത്തിവരുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആരംഭിച്ചവർക്ക് അവരുടെ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലും സ്റ്റാർട്ട്അപ് സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നിവയും സംരംഭകത്വ സഹായ പദ്ധതി (ESS) മുഖേന നൽകിവരുന്നു.

(ബി) നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത ഉല്പാദന മേഖലയിലെ MSME യൂണിറ്റുകൾക്ക് സബ്സിഡിയും MSME Act പ്രകാരമുള്ള എല്ലാ വ്യവസായങ്ങൾക്കും സാമ്പത്തികേതര സഹായങ്ങളും നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-സംസ്കരണ വ്യവസായങ്ങൾ, വന വിഭവ വ്യവസായങ്ങൾ, കൈക്കടലാസ്-നാരുൽപ്പന്ന വ്യവസായങ്ങൾ, ധാതുവ്യവസായങ്ങൾ, രാസ വ്യവസായങ്ങൾ, ഗ്രാമീണ എഞ്ചിനീയറിംഗ്-ജൈവ സാങ്കേതിക വ്യവസായങ്ങൾ, ടെക്സ്റ്റൈൽ ഉൾപ്പെടെയുള്ള സേവന വ്യവസായങ്ങൾ എന്നിവയ്ക്ക് പി.എം.ഇ.ജി.പി. മുഖേന സഹായം നൽകിവരുന്നു.

(സി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

82 (5887) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ഇവയിൽ സ്ഥിര നിയമനങ്ങളുടെയും താല്ക്കാലികം/കരാർ നിയമനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) എംപ്ലോയ്മെന്റ് മുഖാന്തരം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

എം.എസ്.കെ.നഗറിൽ നടപ്പിലാക്കുന്ന സ്വയംപര്യാപ്ത കോളനി പദ്ധതി

83 (5888) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നേമം നിയോജകമണ്ഡലത്തിൽ കുര്യാത്തി വാർഡിൽ എം.എസ്.കെ. നഗറിൽ സിഡ്കോ നിർവ്വഹണ ഏജൻസി എന്ന നിലയിൽ നടപ്പിലാക്കുന്ന സ്വയംപര്യാപ്ത കോളനി പദ്ധതിയുടെ നിർവ്വഹണ പുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിൽ സിഡ്കോ നിർവ്വഹണ ഏജൻസി എന്ന നിലയിൽ സ്വയംപര്യാപ്ത കോളനിയിൽ പ്രവൃത്തികൾ ഒന്നും ചെയ്യുന്നില്ല.

വിവിധ വിവര സാങ്കേതിക സ്ഥാപനങ്ങളുടെ വിറ്റുവരവും സർക്കാരിന്റെ നികുതി വരുമാനവും

84 (5889) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കേരളത്തിന്റെ ഐ.ടി ഉല്പന്നങ്ങളുടെ കയറ്റുമതിയും ഇറക്കുമതിയും എത്ര തുകയ്ക്കായിരുന്നു എന്നത് സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഐ.ടി. രംഗത്ത് തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി സ്മാർട്ട് സിറ്റി തുടങ്ങി എത്ര ഐ.ടി. മേഖലകളും പാർക്കുകളും ഉണ്ടെന്നും ഇവർ ഐ.ടി. ഉല്പന്നങ്ങളുടെ കയറ്റുമതി/ഇറക്കുമതി എന്നീ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ആയത് സംസ്ഥാനത്തിനുണ്ടാക്കിയ നേട്ടങ്ങളും കോട്ടങ്ങളും എന്ത് എന്നും ഇതുവഴി സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നേട്ടം/നഷ്ടം എന്താണ് എന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്ത് പ്രവർത്തിച്ച സ്റ്റാർട്ട്-അപ് കമ്പനികൾ ഏതെല്ലാം എന്നും അവർക്ക് ഓരോ വർഷവുമുണ്ടായ വിറ്റുവരവ് എത്ര എന്നും അതുവഴി സർക്കാരിന് ലഭിച്ച നികുതി ഉൾപ്പെടെയുള്ള വരുമാനം എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഐ.ടി. കമ്പനി ഉൾപ്പെടെ സ്റ്റാർട്ട്-അപ് കമ്പനികളിലായി സംസ്ഥാനത്താകമാനം എത്ര പേർ തൊഴിൽ ചെയ്യുന്നു എന്നും ഇതിൽ മലയാളികൾ എത്രയെന്നും അന്യസംസ്ഥാനക്കാർ എത്രയെന്നും വിശദമാക്കുമോ ; ഇതുമായി ബന്ധപ്പെട്ട കണക്ക് ലഭ്യമല്ലെങ്കിൽ സമയബന്ധിതമായി കണക്ക് എടുക്കുവാൻ എന്ത് നടപടി സ്വീകരിക്കും ;

1267/18

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ ക്രിമിനലുകളായി കണ്ടെത്തിയവർ ആരെല്ലാം എന്നും ഇവരുടെ പേരിൽ വ്യവസായവകുപ്പും മറ്റ് സർക്കാർ വകുപ്പുകളും സ്വകാര്യ സ്ഥാപനങ്ങളും എന്തുനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ? .

ഉത്തരം

(എ&ബി) ഐ.ടി. രംഗത്ത് സർക്കാർതലത്തിൽ ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി. പാർക്കുകളും ഈ പാർക്കുകളെ അടിസ്ഥാനപ്പെടുത്തി കുണ്ടറയിൽ കൊല്ലം ടെക്നോപാർക്കും ചേർത്തലയിലും കൊരട്ടിയിലും കലൂരിലും ഇൻഫോപാർക്കിന്റെ സ്പോക്ക് പാർക്കുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ KSITIL-ന്റെ കീഴിൽ ടെക്നോലോഡ്ജുകളും സ്വകാര്യ മേഖലയിൽ തിരുവനന്തപുരത്ത് ലീല ഇൻഫോപാർക്ക്, കൊച്ചിയിൽ കാർണിവൽ പാർക്ക്, ലുലു സൈബർ പാർക്ക്, മുത്തൂറ്റ് ടെക്നോ പോളീസ്, മിനി മുത്തൂറ്റ് ടെക് ടവേർസ്, ട്രാൻസ് ഏഷ്യ, ബ്രിഗേഡ് ഐ.ടി. പാർക്ക് തുടങ്ങിയ സ്വകാര്യ ഐ.ടി. പാർക്കുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ സഹകരണ മേഖലയിൽ യു.എൽ. സൈബർ പാർക്കും പ്രവർത്തനസജ്ജമായിട്ടുണ്ട്. ഐ.ടി. ഉൽപ്പന്നങ്ങളുടെ കയറ്റുമതി/ഇറക്കുമതി സംബന്ധിച്ച് STPI ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ വിവരം താഴെ പറയുന്നു :

കയറ്റുമതി

2011- 12	-	5280.17 കോടി രൂപ
2012- 13	-	7302.58 "
2013- 14	-	9304.94 "
2014- 15	-	11162.93 "

ഇറക്കുമതി

2011- 12	-	3196.23 ലക്ഷം രൂപ
2012- 13	-	3305.52 "
2013- 14	-	3309.29 "
2014- 15	-	3261.85 "

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011 മുതൽ 2015 വരെ സംസ്ഥാനത്ത് പ്രവർത്തിച്ച സ്റ്റാർട്ട്-അപ്പ് കമ്പനികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത കമ്പനികളിലെ നികുതി ഉൾപ്പെടെയുള്ള വരുമാനത്തിന്റെ വിശദാംശം സർക്കാരിൽ ലഭ്യമല്ല.

(ഡി) നിലവിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ട്-അപ്പ് കമ്പനികളിൽ ആകെ 282 ജീവനക്കാരാണുള്ളത്. അതിൽ 12 പേർ മലയാളികളല്ലാത്തവരാണ്.

(ഇ) നിലവിൽ ഐ.ടി. കമ്പനികളിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ ക്രിമിനലുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ വ്യവസായ സംരംഭങ്ങൾ

85 (5890) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ സർക്കാർ മേഖലയിൽ ആരംഭിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതനസാങ്കേതികവിദ്യ നടപ്പിലാക്കൽ, ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപണന മേഖലയുടെ വിപുലീകരണം, ഇ-പ്രൊക്യൂർമെന്റ്, ഇ-പേയ്മെന്റ്, ഇ-ഓക്ഷൻ പോർട്ടൽ സംവിധാനം എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) പൊതുമേഖലയിൽ വ്യവസായ വകുപ്പിന്റെകീഴിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശ്യമില്ല. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകി വരുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി കപ്പൽ നിർമ്മാണ ശാലയുടെ പ്രവർത്തനം

86 (5891) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കപ്പൽ നിർമ്മാണശാലയുടെ പ്രവർത്തനശേഷിക്കനുസരിച്ച് നിർമ്മാണ ഓർഡർ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കപ്പൽ നിർമ്മാണരംഗത്തെ ആവശ്യകതക്കനുസരിച്ച് കൊച്ചി കപ്പൽ നിർമ്മാണശാലയിൽ ഓർഡർ ലഭ്യമാക്കാൻ സർക്കാർതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രതിരോധ മന്ത്രാലയത്തിൽനിന്നും മറ്റ് മേഖലകളിൽ നൽകുന്ന ഓർഡറുകൾക്ക് ആനുപാതികമായി കൊച്ചിയിൽ ഇതര ഓർഡറുകൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി തദ്ദേശനിർമ്മിത വിമാനവാഹിനിക്കപ്പലും ഇന്ത്യൻ തീരദേശ സംരക്ഷണസേനയ്ക്ക് വേണ്ടി അതിവേഗ പട്രോളിംഗ് നൗകകളുമാണ് കൊച്ചിൻ കപ്പൽശാല ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. തദ്ദേശനിർമ്മിത വിമാനവാഹിനിക്കപ്പലിന്റെ ഒന്നാംഘട്ട നിർമ്മാണക്കരാർ 12-8-2013-ന് കപ്പൽ നീറ്റിലിറക്കിയതുവഴി പൂർത്തീകരിച്ചിരുന്നു. രണ്ടാംഘട്ടത്തിനുള്ള കരാർ 16-12-2014-നാണ് ഒപ്പ് വച്ചിരിക്കുന്നത്. 2016 ഡിസംബർ മാസത്തോടുകൂടി ഡീസൽ ആൾട്ടർനേറ്റർ സെറ്റുകളുടെ തുറമുഖ പരിശോധനകളുടെ പൂർത്തീകരണമാണ് രണ്ടാംഘട്ട കരാർ വിഭാവനം ചെയ്യുന്നത്. 20 അതിവേഗ പട്രോളിംഗ് നൗകകൾ നിർമ്മിച്ച് നൽകുന്നതിനുള്ള കരാർ ഇന്ത്യൻ തീരസംരക്ഷണ സേനയുമായി 20-10-2010-ലാണ് ഒപ്പ് വച്ചത്. 20-6-2012-ന് ആദ്യ നൗക നിർമ്മിച്ച് നൽകാനും 20-3-2017-ൽ അവസാനത്തെ നൗക നിർമ്മിച്ചുനൽകാനുമാണ് കരാർ. ഇതിൽ 13 അതിവേഗ പട്രോളിംഗ് നൗകകൾ ഇതിനകം നിർമ്മിച്ച് നൽകിക്കഴിഞ്ഞു. അബുദാബി ആസ്ഥാനമായുള്ള M/s. NPCC-യുമായി ജാക്കറ്റ് ലോഞ്ച് ബാർജ്

നിർമ്മിക്കുന്നതിനും കൊച്ചിൻ കപ്പൽശാല കരാർ ഒപ്പുവച്ചിട്ടുണ്ട്. 20-7-2016-ന് നിർമ്മിച്ച് നൽകാനായിട്ടാണ് 5-1-2015-ൽ ഒപ്പുവച്ച കരാറിൽ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൊച്ചി നഗരസഭയ്ക്ക് വേണ്ടി റോ-റോ ഫെറി വെസ്സൽ നിർമ്മിക്കുന്നതിനുള്ള കരാറും 2-3-2015-ന് കൊച്ചിൻ ഷിപ്പ്യാർഡ് ഒപ്പ് വച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള കപ്പലുകളും യുദ്ധക്കപ്പലുകളും നിർമ്മിക്കുന്നതിനുള്ള അധികശേഷിയും പ്രാപ്തിയും ഇപ്പോൾ കൊച്ചിൻ കപ്പൽശാലയ്ക്കുണ്ട്.

(ബി) കൊച്ചിൻ കപ്പൽശാല ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായതിനാൽ ഭാരത സർക്കാരിന്റെകീഴിലുള്ള ഷിപ്പിംഗ് മന്ത്രാലയത്തിന് കീഴിലാണ്. ആയതിനാൽ സംസ്ഥാന സർക്കാരിന് കപ്പൽശാലയുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് പരിമിതിയുണ്ട്. ആൻഡമാൻ നിക്കോബാർ അഡ്മിനിസ്ട്രേഷന് വേണ്ടി രണ്ട് 1200 pax വെസ്സലുകളും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് വേണ്ടി രണ്ട് 500 pax വെസ്സലുകളും നിർമ്മിക്കുന്നതിന് ഷിപ്പിംഗ് മന്ത്രാലയം കൊച്ചിൻ കപ്പൽ നിർമ്മാണശാലയെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. അന്തിമ വിലയും മറ്റ് നിബന്ധനകളും സംബന്ധിച്ച് SCI, ആൻഡമാൻ നിക്കോബാർ അഡ്മിനിസ്ട്രേഷൻ, കൊച്ചിൻ കപ്പൽശാല, ഷിപ്പിംഗ് മന്ത്രാലയം എന്നിവർ തമ്മിൽ ചർച്ചകൾ പുരോഗമിക്കുന്നു. ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് വേണ്ടി ഓഫ് ഷോർ സപ്പോർട്ട് വെസ്സലുകൾ നിർമ്മിക്കുന്നതിനും കൊച്ചിൻ കപ്പൽശാല ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഭാരതസർക്കാരും ഷിപ്പിംഗ് മന്ത്രാലയവും കൊച്ചിൻ കപ്പൽശാലയ്ക്ക് ഓർഡറുകൾ ലഭിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ എല്ലാ സഹകരണവും എപ്പോഴും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ഇന്ത്യയിലെ മികച്ച കപ്പൽ നിർമ്മാണശാലകളിൽ ഒന്നായി കൊച്ചിൻ കപ്പൽശാലയെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിലയിരുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ അഭിമാനമായ യുദ്ധക്കപ്പലായ തദ്ദേശനിർമ്മിത വിമാനവാഹിനി കപ്പലാണ് ഇന്ത്യൻ നാവികസേനയ്ക്കുവേണ്ടി ഇപ്പോൾ കൊച്ചിൻ കപ്പൽശാല നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. രാജ്യത്ത് നിർമ്മിക്കുന്നതിൽവച്ച് ഏറ്റവും വലിയ യുദ്ധക്കപ്പലാണിത്. ഏകദേശം 19,341 കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി വകയിരുത്തി യിരിക്കുന്നത്. കൂടാതെ ഇന്ത്യൻ തീരസംരക്ഷണ സേനയിൽനിന്നും 20 അതിവേഗ പട്രോളിംഗ് നൗകകൾ നിർമ്മിക്കുന്നതിനുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്. ഈ അതിവേഗ പട്രോളിംഗ് നൗകകൾ 33 knots വരെ വേഗമാർജ്ജിക്കാൻ ശേഷിയുള്ളവയാണ്.

പ്രവാസി മലയാളികളിൽനിന്നും സംസ്ഥാനത്തെത്തുന്ന പണം

87 (5892) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രവാസി മലയാളികളിൽനിന്നും സംസ്ഥാനത്തെത്തുന്ന പണം വ്യവസായ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) ആയതിലേക്കായി നിലവിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുവെന്നും ഇതിനായി എന്തെല്ലാം സഹായങ്ങൾ നൽകുന്നവെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പഠനം നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി "Engaging Diaspora for investment in the State" എന്ന പേരിൽ രൂപം നൽകിയിട്ടുണ്ട്. 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽ വച്ച് നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ കേരളത്തിൽ നിലവിലുള്ള നിക്ഷേപ സാധ്യതകൾ സംബന്ധിച്ച് പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സെഷൻ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സംഗമത്തിൽ സംസ്ഥാനത്തെ പ്രവാസി നിക്ഷേപത്തിനായി മൂന്നു പദ്ധതികൾ അവതരിപ്പിച്ചിരുന്നു. സ്റ്റാർട്ട്-അപ് വില്ലേജ് വികസനം, കൊച്ചി മെട്രോ റെയിൽ ഓൺഷിപ്പുകൾ, കണ്ണൂർ രാജ്യാന്തര വിമാനത്താവളം എന്നിവയാണവ. നിക്ഷേപ താൽപര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി 'നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' (NORKA Business Facilitation Centre) എന്ന പദ്ധതി നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വൻകിട പദ്ധതികളെക്കുറിച്ചും അവയിലെ നിക്ഷേപ സാധ്യതയെക്കുറിച്ചും പ്രവാസി മലയാളികളെ ബോധവാൻമാരാക്കേണ്ടതായിട്ടുണ്ട്. ഇതിനായി, 2012-ലെ എമർജിംഗ് കേരള സംഗമത്തെ തുടർന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ, ധനകാര്യം, നിയമം, പരിസ്ഥിതി, റവന്യൂ വകുപ്പ് സെക്രട്ടറിമാർ, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും സർക്കാർ രൂപീകരിച്ച ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് നിലവിലുണ്ട്.

നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെവരികയും നോർക്കയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സംരംഭകർക്കായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളും വ്യവസായങ്ങൾക്ക് നൽകുന്ന പ്രോത്സാഹനങ്ങളെക്കുറിച്ചും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും നോർക്ക റൂട്ട്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വ്യവസായ വാണിജ്യ വകുപ്പിലെ സ്ഥാനക്കയറ്റം

88 (5893) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വാണിജ്യ വകുപ്പിൻകീഴിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുണ്ടെന്നും വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ ;

(ബി) സ്ഥാനക്കയറ്റം സംബന്ധിച്ച ജി.ഒ.എം.എസ്. നമ്പർ 288/റ്റി1/പി.ഡി. തീയതി, 1-9-1971 എന്നാണ് വ്യവസായ വകുപ്പിൽ നടപ്പാക്കിയത് ; ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥനക്കയറ്റത്തിന് യോഗ്യരായവർ ആരെല്ലാം ; എത്രപേർക്ക് സ്ഥാനക്കയറ്റം നൽകി ; ഇനി എത്ര പേർക്ക് നൽകാനുണ്ട് ; യോഗ്യരായവരിൽ സ്ഥാനക്കയറ്റം ലഭിക്കാത്തവർ ആരെല്ലാം എന്നും എന്തുകാരണങ്ങളാലാണ് അവരുടെ സ്ഥാനക്കയറ്റം തടഞ്ഞുവച്ചിട്ടുള്ളത് എന്നും തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) തടഞ്ഞുവച്ചിട്ടുള്ള സ്ഥാനക്കയറ്റ അപേക്ഷകളിൽ യഥാസമയം മറുപടി നൽകിയവരും തുടർ അപേക്ഷകൾ നൽകിയവരും ആരെല്ലാം എന്നും അവയിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 1979 മുതൽ നടപ്പിലാക്കി. ഈ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 2002-ലെ ഉത്തരവ് പ്രകാരം 34 തസ്തികകൾ കുറവ് ചെയ്യുകയും കുറവ് ചെയ്ത തസ്തികകൾ സൂപ്പർ ന്യൂമററിയായി നിലനിർത്തുകയും ചെയ്തിരുന്നു. ടി തസ്തികകൾ ക്രമീകരിക്കപ്പെട്ടത് വിരമിക്കൽമൂലം വന്നിട്ടുള്ള ഒഴിവുകളിലൂടെയാണ്. ഈ വകുപ്പിൽ നിലവിൽ 27 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളാണ് ഉള്ളത്. അതിൽ 8 ഒഴിവുകളാണുള്ളത്. 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജി.ഒ.(എം.എസ്.)288/റ്റി/പി.ഡി. തീയതി 1-9-1971 പ്രകാരം ഒഴിവുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് 1:1 അനുപാതത്തിൽ തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിന് ടൈപ്പിസ്റ്റുമാരിൽനിന്നും യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ആർക്കുംതന്നെ തസ്തികമാറ്റംവഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടില്ല.

തസ്തികമാറ്റംവഴിയുള്ള നിയമനം തടയപ്പെട്ടിട്ടില്ല. ഈ വകുപ്പിലെ ഉപഓഫീസുകളിൽ നിന്നും വിവരങ്ങൾ പൂർണ്ണമായും ലഭ്യമായതിനുശേഷംമാത്രമേ യോഗ്യരായ ജീവനക്കാരെ കണ്ടെത്താൻ കഴിയൂ.

(സി) ആരുടെയും അപേക്ഷ തടഞ്ഞുവച്ചിട്ടില്ല.

1. ആതിര. ജി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, 2. കൊച്ചുമോൾ. എം., കൈത്തറി ഡയറക്ടറേറ്റ്, 3. സിമി. എസ്. കെ., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, 4. സന്ധ്യ പി.യു., വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടി തസ്തികയിൽ ഒഴിവുവന്ന സാഹചര്യത്തിൽ വകുപ്പിലെ മറ്റ് യോഗ്യരായ ടൈപ്പിസ്റ്റുമാർക്കുകൂടി അവസരം നൽകുന്നതിന് ഉപഓഫീസുകളിൽനിന്നും വിവരം ശേഖരിച്ചുവരികയാണ്.

വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം

89 (5894) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള കേന്ദ്ര നിക്ഷേപം എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തിന് അർഹമായതും ആവശ്യമായതുമായ തരത്തിലുള്ള കേന്ദ്ര നിക്ഷേപം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിച്ച അതേ തോതിന്റെ കേന്ദ്രനിക്ഷേപം കേരളത്തിന് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ.-ന്റെ കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണത്തിനും

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധ പെട്രോകെമിക്കൽ വ്യവസായത്തിന്റെ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമുണ്ടായിട്ടുണ്ട്. ഇതുകൂടാതെ ഗെയിലിന്റെ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിയ്ക്കായി 3,000 കോടി രൂപയും കോഴിക്കോട് നിർദ്ദേശ് പദ്ധതിയ്ക്കായി 200 കോടി രൂപയും കേന്ദ്ര നിക്ഷേപമായി ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്.

വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. എന്നാൽ സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നിക്ഷേപ വിഹിതം ഇതര സംസ്ഥാനങ്ങളുടെ വിഹിതവുമായി താരതമ്യം ചെയ്യുകയോ വിശകലനം നടത്തുകയോ ചെയ്തിട്ടില്ല.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന വ്യവസായ സ്ഥാപനങ്ങൾ

90 (5895) ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരികയായിരുന്ന വ്യവസായ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നതിൽ, എത്രയെണ്ണം കരാറനുസരിച്ച് പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർക്കുന്നതിനുമുമ്പ് ലഭ്യമായിരുന്ന ലാഭത്തേക്കാൾ മെച്ചം ഇത്തരത്തിൽ ലയിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) കരാറനുസരിച്ച് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരിന് നിലവിൽ അധികാരമുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഉദ്ദേശ്യത്തിനനുസരിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടവയുടെ വിവരം ചുവടെ ചേർക്കുന്നു :

- <u>TELK-NTPC-യുമായി ചേർന്നുള്ള സംയുക്ത സംരംഭ കരാർ</u>-സംയുക്ത സംരംഭത്തിന്റെ ആദ്യഘട്ടത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചിരുന്ന കമ്പനിക്ക് തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കാത്തതാണ് കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.

- <u>സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും</u>-തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ഭാഗമായി നടപ്പാക്കേണ്ടിയിരുന്ന റോളിംഗ് മിൽ സ്ഥാപിക്കുന്നതിനുണ്ടായ കാലതാമസം കമ്പനിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

- <u>KEL BHEL-യുമായി ചേർന്നുള്ള സംയുക്ത സംരംഭ കരാർ</u>- ഭെല്ലും കെല്ലിന്റെ കാസർഗോഡ് യൂണിറ്റുമായി ചേർന്നുള്ള സംയുക്ത സംരംഭവും കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല.

(ബി) TELK NTPC സംയുക്ത സംരംഭത്തിന്റെ ആദ്യഘട്ടത്തിൽ മെച്ചപ്പെട്ടലാഭം നേടിയിരുന്നെങ്കിലും തുടർ വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. മറ്റു രണ്ട് സംയുക്ത സംരംഭങ്ങൾക്കും ലയിപ്പിച്ചതിനുശേഷം കരാർ പ്രകാരമുള്ള പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തികമാകാത്തതിനാൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല

(സി) TELK NTPC, SAIL-SCL എന്നിവയുടെ പ്രവർത്തനങ്ങൾ മാസംതോറുമുള്ള പ്രവർത്തന അവലോകനത്തിലും തുടർ നടപടികളിലും വിലയിരുത്താറുണ്ട്.

(ഡി) ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. SAIL-SCL-ൽ സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്ന പദ്ധതി ഇതിനകം തന്നെ പൂർത്തീകരിച്ചു. ഉടൻ തന്നെ വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതാണ്. ടെൽക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക മെഷിനറികളും ടെസ്റ്റിംഗ് ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും NTPC-യുടെയും ധനകാര്യസ്ഥാപനങ്ങളുടെയും ധനസഹായത്തോടുകൂടി 25 കോടി രൂപയുടെ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് സ്ഥിതിചെയ്യുന്ന സംയുക്ത സംരംഭമായ BHEL-EML-ന് കൂടുതൽ നിക്ഷേപവും കമ്പനിയുടെ വികസനത്തിന് പുതിയ സാങ്കേതികവിദ്യയും കൂടുതൽ ഓർഡറുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ബഹു. കേന്ദ്ര ഘന വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന്മേൽ ഭെല്ലിന്റെ ആഭ്യന്തര ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങളും സാമഗ്രികളും BHEL EML-ൽ നിന്നും ലഭ്യമാക്കുക, പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് സഹായം നൽകുക, ഉൽപ്പന്നങ്ങളുടെ വ്യത്യസ്തമായ ഉപയോഗം അവയുടെ വിപണന സാധ്യത, പുതിയ ഉൽപ്പന്നങ്ങൾ എന്നീ വിഷയങ്ങളിൽ നിലവിൽ ഭെൽ സഹായം നൽകി വരുന്നുണ്ടെന്നും BHEL-EML ലാഭമുണ്ടാക്കുന്നമുറയ്ക്ക് കമ്പനിയിൽ കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതാണ് എന്ന് BHEL മാനേജ്മെന്റ് ഉറപ്പുനൽകിയിട്ടുണ്ടെന്നും കേന്ദ്ര ഘന വ്യവസായ മന്ത്രി അറിയിച്ചിട്ടുണ്ട്.

ഗെയിൽ പൈപ്പിടൽ പദ്ധതി

91 (5896) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഗെയിൽ പൈപ്പിടൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ഏതെല്ലാംതലത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഗെയിലിന്റെ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തതുമൂലം കൊച്ചിയിലെ LNG ടെർമിനലിന് അതിന്റെ പ്രവർത്തനശേഷി പൂർണ്ണതോതിൽ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതുമൂലം ടി കമ്പനിക്ക് പ്രതിവർഷം 398 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്.

ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ട്. പദ്ധതി പൂർത്തിയാക്കി ദേശീയ വാതക പൈപ്പ്ലൈൻ ശൃംഖലയുമായി യോജിപ്പിക്കാത്തപക്ഷം ഇന്ത്യയിൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന താരതമ്യേന

LIBRARY ARCHIVES Kerala Legislative Assembly

വില കുറഞ്ഞ പ്രകൃതിവാതക വിഹിതം സംസ്ഥാനത്തിന് ലഭിക്കാതെ പോകുവാനുള്ള സാഹചര്യമുണ്ട്. സംസ്ഥാനത്തിന് ഈ പദ്ധതിമൂലം മൂല്യവർദ്ധിത നികുതിയിനത്തിൽ (VAT) ലഭിക്കാവുന്ന 1,000 കോടിയോളം രൂപ നഷ്ടപ്പെടുവാനിടയാകുന്നു. ഇതിനുപുറമേ പൊതുജനങ്ങൾക്കും ട്രാൻസ്പോർട്ട് കോർപ്പറേഷനും പരിസ്ഥിതി സൗഹൃദ ഇന്ധനമായ സി.എൻ.ജി. ഉപയോഗിച്ചാൽ ഉണ്ടാകുമായിരുന്ന നേട്ടങ്ങളും ഇല്ലാതാകും. പദ്ധതി യാഥാർത്ഥ്യമായാൽ സിറ്റി ഗ്യാസ് പദ്ധതിക്കായി പ്രകൃതി വാതകം ഉപയോഗിക്കുന്നതുമൂലം LPG Cylinder-കളുടെ ദൗർലഭ്യവും വിലവർദ്ധനവും നിമിത്തം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് ഏറെക്കുറെ പരിഹാരമുണ്ടാകുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ

92 (T 5897) <u>ശ്രീ. എം. എ. ബേബി</u> :
<u>ശ്രീ. പി. കെ. ഗുരുദാസൻ</u> :
<u>ശ്രീ. സി. കെ. സദാശിവൻ</u> :
<u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർ ഉന്നയിച്ച ആവശ്യങ്ങൾ എന്തെന്നും അവയോടുള്ള നിലപാടും അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറക്കണമെന്നും കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് നൽകാനുള്ള നിയമാനുസൃത ആനുകൂല്യങ്ങൾ നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് തൊഴിലാളികൾ സമരം ചെയ്തത്. കശുവണ്ടി വികസന കോർപ്പറേഷനിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ തൊഴിലാളികൾക്ക് നൽകുവാനുള്ള നിയമാനുസൃതമായ ബാധ്യതകൾ തീർക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ അംഗീകരിക്കുകയും ആയത് അനുവദിക്കുന്നതിന് ഇനിയും സമയം വേണ്ടിവരും എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾ

93 (5898) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്;

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010-11 വർഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള 23 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈമാറ്റം

94 (5899) ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എം.എം.എൽ.-നെ പോലുള്ള നല്ല പുരോഗതിനേടാൻ സാധിക്കുന്ന നിരവധി സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുന്നുണ്ടോ വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാന സർക്കാരിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനവും സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ വിരമിക്കൽ പ്രായം

95 (5900) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വ്യവസായവകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം 60 വയസ്സായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഉണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അറുപതു വയസ്സിനുതാഴെ വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം 60 വയസായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു :

Sl.No	Company
1	Kerala State Cashew Development Corporation Ltd.
2	Kerala State Cashew Workers Apex Industrial Co-operative Society Ltd.
3	Sitaram Textiles Ltd.
4	The Travancore Cements Ltd.

തസ്തിക പ്രകാരം വിരമിക്കൽപ്രായം വ്യത്യാസമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1	Handicrafts Development Corporation (Kerala) Ltd.	Officer (GM, PM)- 55 appointment before 1995-60 yrs appointment after 1995-58 yrs
2	Travancore- Cochin Chemicals Ltd	Workers- 60 Officers- 58

(ബി) 60 വയസ്സിൽ താഴെ വിരമിക്കൽപ്രായം നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

Kerala State Mineral Development Corporation Ltd.-ൽ സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധാതുഖനനവും കടത്തും നിയന്ത്രിക്കൽ

96 (5901) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധാതുഖനനവും അതിന്റെ കടത്തും നിയന്ത്രിക്കാനും പരിശോധിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ധാതുഖനനവും കടത്തും നിയന്ത്രിക്കുവാൻ ഇപ്പോൾതന്നെ സംവിധാനങ്ങളുണ്ട്.

(ബി) സംസ്ഥാനത്തെ അനധികൃത ധാതു ഖനനവും കടത്തും തടയുക, റോയൽറ്റി വരുമാനം വർദ്ധിപ്പിക്കുക, പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണം, പാരിസ്ഥിതികപ്രശ്നങ്ങൾ എന്നിവ കുറച്ച് ധാതു ഖനനം നടത്തുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

(സി) മൈനിംഗ് & ജിയോളജി വകുപ്പാണ് ധാതുഖനനവും കടത്തും നിയന്ത്രിക്കുന്നത്. കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് കാലാനുസൃതമായി സമഗ്രമായി പരിഷ്കരിച്ച് 2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അനധികൃത ധാതുഖനനം, ശേഖരണം, കടത്തൽ എന്നിവ പ്രതിരോധിക്കുന്നതിനാവശ്യമായ വിപുലമായ ചട്ടങ്ങൾ ഉൾപ്പെടുത്തി കേരള മിനറൽസ് പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ റൂൾസ് 2015 പുറപ്പെടുവിച്ചിട്ടുണ്ട്. കർശനമായ ശിക്ഷാനടപടികൾ, ഉയർന്ന തോതിലുള്ള പിഴ എന്നിവ ടി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ മേഖലയിലെ പ്രതിസന്ധി

97 (5902) പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയം നിർമ്മാണ മേഖലയ്ക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

മണലിന്റെ ലഭ്യതക്കുറവ്, സിമന്റ്, കമ്പി, ഹോളോബ്രിക്സ്, മെറ്റൽ തുടങ്ങിയവയുടെ വിലവർദ്ധനവും കരിങ്കൽ ക്വാറികളിലെ ഉടമകളുടെയുള്ള സമരവും നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മറ്റുസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ ഇരുമ്പുരുക്ക് ഉല്പന്നങ്ങൾ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്.

അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കംചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും ജലാശയത്തിൽവച്ചുതന്നെ വേർതിരിച്ച് നീക്കം ചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ആഗോള ടെണ്ടർ മുഖാന്തിരം Expression of interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള terms of reference-ന് രൂപം നൽകുന്നതിന് വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കരിങ്കൽ ഖനന മേഖലയിലെ പ്രശ്ന പരിഹാരത്തിനായും സിമന്റിന്റെ വില കുറയ്ക്കുന്നതിനും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

സിഡ്കോയിലെ നിയമനങ്ങൾ

98 (5903) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സിഡ്കോയുടെ ഹെഡ് ഓഫീസ്, മാർക്കറ്റിങ്, എംപോറിയങ്ങൾ, യൂണിറ്റുകൾ എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്രപേരെ നിയമിച്ചുവെന്നതിന്റെ വിശദാംശങ്ങൾ അവരുടെ തസ്തിക, ശമ്പളം, മറ്റാനുകൂല്യങ്ങൾ, നിയമന തീയതി എന്നിവ സഹിതം ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സിഡ്കോയിൽ പി.എസ്.സി. മുഖേനയും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും കേരള സാലിസിലേറ്റ്സ് & കെമിക്കൽസിൽ നിന്നും ആഗിരണം ചെയ്തവരുടെയും സിഡ്കോ നേരിട്ടുനിയമനം നൽകിയവരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ജില്ലയിലെ മിനി ഇൻഡസ്ട്രിയൽ പാർക്കുകൾ

99 (5904) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര മിനി ഇൻഡസ്ട്രിയൽ പാർക്കുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ വ്യവസായ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ 5 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും കിൻഫ്രയുടെ ഒരു വ്യവസായ പാർക്കും നിലവിലുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിൽ റീ-സർവ്വേ നമ്പർ 388-ൽ രണ്ട് ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് സിഡ്കോയുടെകീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1267/18

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

100 (5905) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിലും/നഷ്ടത്തിലും പ്രവർത്തിച്ചിരുന്നവയും കഴിഞ്ഞ സർക്കാർ സഹായസംവിധാനങ്ങളിലൂടെ പ്രവർത്തിച്ചുവന്നിരുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലാഭത്തിൽ പ്രവർത്തിച്ചവയും നഷ്ടത്തിൽ പ്രവർത്തിച്ചവയുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, നഷ്ടത്തിൽ പ്രവർത്തിച്ചവയിൽ ലാഭകരമായി മാറ്റാൻ കഴിഞ്ഞ സ്ഥാപനങ്ങൾ, പൂട്ടിയ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്നും പൂട്ടിയ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് പ്രവർത്തനം തുടങ്ങാൻ ഓരോ വർഷവും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ 2011 മുതൽ 2015 വരെ ഏതെല്ലാം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും പുനരുദ്ധാരണ പ്രക്രിയകൾക്കും അടഞ്ഞു കിടക്കുന്നവ തുറന്ന് പ്രവർത്തനമാരംഭിക്കുന്നതിനും പുതിയ ഏതെല്ലാം സ്ഥാപനങ്ങൾ തുടങ്ങുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നും ഇതിനായി വായ്പ എടുക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നല്കിയെന്നും വായ്പാതുക സഹിതം വ്യക്തമാക്കുമോ ;

(ഡി) നിലവിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്ര സ്ഥിരം/താൽക്കാലിക ജീവനക്കാരുണ്ടെന്നും ഓരോന്നിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അടച്ചുപൂട്ടിയവയിൽ ഓരോന്നിലും എത്ര ജീവനക്കാരുണ്ട് എന്നും ഇവർക്ക് പ്രസ്തുത സ്ഥാപനത്തിൽനിന്നോ സർക്കാരിൽനിന്നോ എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ചവയുടെ വിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.* പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പുനരുദ്ധാരണ പദ്ധതികൾക്കും മൂലധന സഹായമായും സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 2011-12, 2012-13, 2014-15 ലും കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 2013-14-ലും (ആഡിറ്റിംഗിനുശേഷമുള്ള കണക്കുകൾ പ്രകാരം) ലാഭത്തിലാണ് പ്രവർത്തിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും പ്രവർത്തനം നിർത്തിയിട്ടില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ വ്യവസായവകുപ്പിന്റെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾക്കായി 100 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

101 (5906) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാം ; വെളിപ്പെടുത്തുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പ്രവൃത്തികളുടെയും ലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഓരോന്നിന്റെയും അടങ്കൽ തുക, പ്രവർത്തനരീതി എന്നിവ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സിഡ്കോയിൽ പെൻഷൻ പറ്റിയവർക്ക് പുനർനിയമനം

102 (5907) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സിഡ്കോയിൽ ഹെഡ് ഓഫീസ്, മാർക്കറ്റിങ്, എംപോറിയം, യൂണിറ്റുകൾ എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരമേറ്റശേഷം പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ എന്നും അവർ ജോലി ചെയ്യുന്ന/ചെയ്ത തസ്തികകൾ, അവരുടെ പേരുകൾ, ഓരോരുത്തരും വാങ്ങിയ പ്രതിമാസ ശമ്പളം, ഇതുവരെ വാങ്ങിയ ആകെ ശമ്പളം ഓരോരുത്തരും നിയമിക്കപ്പെട്ട തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സിഡ്കോയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) സിഡ്കോയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സിഡ്കോയിൽ 8-1-2015-ൽ സർക്കാർ ഉറപ്പിച്ചുനൽകിയ സ്റ്റാഫ് പാറ്റേൺ പ്രകാരം ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും അതിനോടനുബന്ധിച്ചുള്ള വിവരങ്ങളും ചുവടെ നൽകുന്നു :

ക്രമ നമ്പർ	തസ്തിക	ഒഴിവ്	
(1)	(2)	(3)	(4)
1	ജനറൽ മാനേജർ	1	
2	ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	1	ഈ തസ്തികകൾ പി.എസ്.സി.-യുടെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല
3	ചീഫ് അക്കൗണ്ട്സ് ഓഫീസർ	1	
4	ഡെപ്യൂട്ടി ജനറൽ മാനേജർ	2	
5	ഡെപ്യൂട്ടി ജനറൽ മാനേജർ (മാർക്കറ്റിംഗ്)	2	
6	കമ്പനി സെക്രട്ടറി	1	
7	അസിസ്റ്റന്റ് ജനറൽ മാനേജർ (ടെക്നിക്കൽ)	2	
8	അസിസ്റ്റന്റ് ജനറൽ മാനേജർ (അക്കൗണ്ട്സ്)	2	
9	അസിസ്റ്റന്റ് ജനറൽ മാനേജർ (കോ-ഓർഡിനേഷൻ)	1	
10	അസിസ്റ്റന്റ് ജനറൽ മാനേജർ (എൻഫോഴ്സ്മെന്റ്)	1	
11	ആർക്കിടെക്റ്റ്	1	
12	എക്സിക്യൂട്ടീവ് എഞ്ചിനീയർ	1	
13	പബ്ലിക് റിലേഷൻസ് ഓഫീസർ	1	
14	സീനിയർ മാനേജർ (സിസ്റ്റംസ്)	1	
15	സീനിയർ മാനേജർ (മാർക്കറ്റിംഗ്)	5	
16	സീനിയർ മാനേജർ (ടെക്നിക്കൽ)	2	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
17	സീനിയർ മാനേജർ (ടെക്നിക്കൽ) പ്രഷർ ഡൈകാസ്റ്റിംഗ് യൂണിറ്റ്	1	ഈ തസ്തികകൾ പി.എസ്.സി.-യുടെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല
18	വെൽഫയർ ഓഫീസർ	1	
19	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	1	
20	അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	1	
21	അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ	1	
22	ക്വാളിറ്റി കൺട്രോൾ എഞ്ചിനീയർ	1	
23	പർച്ചേഴ്സ് എഞ്ചിനീയർ	1	
24	എൽ.ഡി. അക്കൗണ്ടന്റ്	25	14 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്
25	എൽ.ഡി. ക്ലാർക്ക്	56	33 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
26	എൽ.ഡി. ടൈപ്പിസ്റ്റ്	15	ഒഴിവ് റിപ്പോർട്ട് ചെയതിട്ടില്ല
27	ഫോർമാൻ	11	ഇതിൽ 8 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്
28	ലാസ്റ്റ് ഗ്രേഡ്/പ്യൂൺ/വാച്ച്മാൻ	12	3 ഒഴിവുകൾ പി.എസ്.സി.-യിൽ (1 വാച്ച്മാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് +2 പ്യൂൺ തസ്തിക) റിപ്പോർട്ട് ചെയ്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിനായി 2014-15 ബഡ്ജറ്റിൽ വകയിരുത്തിയ തുക

103 (5908) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ വകുപ്പിനായി 2014-15 ബജറ്റിൽ വകയിരുത്തിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ ; എന്തെല്ലാം പദ്ധതികൾക്കായി എത്ര രൂപാവീതം വകയിരുത്തിയെന്നും എത്ര രൂപാവീതം ചെലവാക്കിയെന്നും വിവരിക്കാമോ ?

ഉത്തരം

2014-15 ബഡ്ജറ്റിൽ വ്യവസായ വകുപ്പിനായി (കയർ വകുപ്പ് ഒഴികെ) 522.20 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും

104 (5909) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതി കാനുമതി നിർബന്ധമാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരം പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധ മാക്കിയിട്ടുണ്ട്.

(ബി&സി) പാരിസ്ഥിതികാഘാത പഠനം എന്നത്, ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും സുരക്ഷിതമായ നിലവാരത്തിലുള്ള ഉപഭോഗത്തെ ഉറപ്പുവരുത്തിക്കൊണ്ട് ഒരു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സുസ്ഥിര വികസന മാതൃക സൃഷ്ടിക്കുന്നതിന് ഉപയുക്തമായ ഒരു സുപ്രധാന 'മാനേജ്മെന്റ് ടൂൾ' ആണ്. പാരിസ്ഥിതികാഘാത പഠനത്തിലൂടെ ഒരു ഖനന പ്രവർത്തിമൂലം ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ പാരിസ്ഥിതിക പ്രശ്നങ്ങളും പഠനവിധേയ മാക്കുവാനും അതിലൂടെ പ്രസ്തുത ഖനന പ്രവൃത്തിമൂലം ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും പരിസ്ഥിതി നാശവും പരമാവധി ലഘൂകരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കുവാനും സാധിക്കും. പാരിസ്ഥിതികാനുമതി ലഭിച്ച ഖനന പദ്ധതികളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ താരതമ്യേന ലഘുവായിരിക്കും. എല്ലാ പുതിയ ഖനന പെർമിറ്റുകൾക്കും ലീസുകൾക്കും പാരിസ്ഥിതിക പഠനം നടത്തി പാരിസ്ഥിതികാനുമതി സമ്പാദിച്ചിരി ക്കണമെന്ന് കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്- 2015-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയാണ് പാരിസ്ഥിതികാഘാത പഠനം നടത്തി പാരിസ്ഥിതികാനുമതി നൽകുന്നത്.

ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി

105 (T 5910) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്വാറി ഉടമകൾ നൽകേണ്ട റോയൽറ്റി വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അവസാനമായി റോയൽറ്റി എന്നാണ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത വർദ്ധനവ് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ സമ്മർദ്ദമുണ്ടോ ; ധനകാര്യവകുപ്പ് ഇതിന്മേൽ അഭിപ്രായം നൽകുകയുണ്ടായിട്ടുണ്ടോ ;

(ഡി) ക്വാറി ഉടമകൾ, ക്വാറികളിൽനിന്ന് കൊണ്ടുപോകുന്ന കരിങ്കല്ലിന് കൃത്യമായ കണക്ക് നൽകാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 5-1-2015-ൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോയൽറ്റി വർദ്ധനവ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ചില ക്വാറി/ക്രഷർ ഉടമകൾ ബഹു. ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ചിലർ സർക്കാരിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. റോയൽറ്റി നിരക്കുകൾ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ ധനവകുപ്പ് അനുകൂല അഭിപ്രായം നൽകിയതിന്റെ വെളിച്ചത്തിലാണ് 5-1-2015-ൽ റോയൽറ്റി നിരക്കുകൾ വർദ്ധിപ്പിച്ചത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതഖനനം, ശേഖരണം, കടത്തൽ ഇവ തടയുന്നതിലേയ്ക്കായി വിപുലമായ ചട്ടങ്ങൾ ഉൾപ്പെടുത്തി കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ് 2015 പുറപ്പെടുവിച്ചിട്ടുണ്ട്. കർശനമായ ശിക്ഷാ നടപടികൾ, ഉയർന്ന തോതിലുള്ള പിഴ എന്നിവ ടി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ

106 (5911) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൈനർ മിനറൽ കൺവെൻഷൻ ചട്ടങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

ഉത്തരം

(എ) 1967-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ ബഹു. സുപ്രീംകോടതി, ഹരിത ട്രിബ്യൂണൽ, ഹൈക്കോടതി ഉത്തരവ്, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായി സമഗ്രമായും കാലാനുസൃതമായും പ്രായോഗിക താൽപര്യങ്ങൾ മുൻനിർത്തിയും 2015 ഫെബ്രുവരിയിൽ പരിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) സുപ്രീംകോടതിയുടെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസിലെ 27-2-2012-ലെ ഉത്തരവിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട്, വനം

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഖനി മന്ത്രാലയം തയ്യാറാക്കിയ 2010-ലെ മാതൃക ചട്ടങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ- 2015 പുറപ്പെടുവിച്ചത്. മൈനിംഗ് പ്ലാൻ, പാരിസ്ഥിതികാനുമതി എന്നിവ സംബന്ധിച്ച് ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ബഹു. കേരള ഹൈക്കോടതി എന്നിവരുടെ നിർദ്ദേശങ്ങളും, നിരീക്ഷണങ്ങളും ഉൾക്കൊണ്ട് ഖനന പ്രവർത്തികൾക്ക് മൈനിംഗ് പ്ലാൻ, പാരിസ്ഥിതികാനുമതി എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. അനിയന്ത്രിതവും അശാസ്ത്രീയവുമായ ധാതുഖനനം അവസാനിപ്പിക്കുക, ധാതുവിഭവങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ രീതിയിലുള്ള പുനരണവും ഉപയോഗവും മാത്രം പ്രോത്സാഹിപ്പിക്കുക, ഖനനംമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ, തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയവ പരമാവധി ലഘൂകരിക്കുക, അനധികൃത ധാതു ഖനനം, കടത്ത് എന്നിവ തടയുക എന്നിവയാണ് ചട്ടങ്ങൾ പരിഷ്കരിച്ചതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. ടി ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മുഖ്യമായും മൈനിംഗ് & ജിയോളജി വകുപ്പാണ്.

കരിങ്കൽ ക്വാറികൾ

107 (5912) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്വാറികളിൽ പാരിസ്ഥിതിക അനുമതി ലഭിച്ചവ എത്ര എണ്ണമാണുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ പെർമിറ്റ്/ലീസ് എന്നിവ മുഖാന്തിരം ഇപ്പോൾ 1087 കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 71 എണ്ണം. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

ടെക്സ്റ്റയിൽ ടെക്നോളജി കോളേജ്

108 (5913) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ ടെക്സ്റ്റയിൽ ടെക്നോളജി കോളേജ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റയിൽസിന്റെ കീഴിൽ, തേനിപ്പള്ളിയിൽ ഒരു ടെക്സ്റ്റയിൽ ടെക്നോളജി കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം മുന്നോട്ടുവന്നുവെങ്കിലും വ്യവസായ വകുപ്പ് പ്രസ്തുത പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ടെക്സ്റ്റയിൽ ടെക്നോളജി സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തുനിന്നും വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ആവശ്യം സംബന്ധിച്ച് വകുപ്പ് അനുകൂല നിലപാട് സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റയിൽസിന്റെ കീഴിൽ ടെക്സ്റ്റയിൽ ടെക്നോളജി കോഴ്സ് നടത്തുന്ന ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കണമെന്ന ആവശ്യത്തിൻമേൽ 17-7-2014-ന് വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, സംസ്ഥാനത്തിന് ഗുണകരമെന്ന് തോന്നുന്ന ഏതെല്ലാം സാങ്കേതിക കോഴ്സുകൾ കോട്ടയം ടെക്സ്റ്റയിൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ നടത്താൻ കഴിയുമെന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് നിർദ്ദേശം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ഐ.ടി. വകുപ്പ് മുഖേന ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ

109 (5914) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഐ.ടി. വകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ?

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇ-ഡിസ്ട്രിക്റ്റ് മുഖാന്തിരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്.

(ബി&സി) ഓഫീസുകളിൽ പോകാതെ സർക്കാർ സർവ്വീസുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഈ സേവനങ്ങൾ അക്ഷയ കേന്ദ്രം വഴി ലഭ്യമാണ്. കൂടാതെ ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടൽ വഴിയും ഈ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകും.

ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ

110 (5915) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലത്ത് ഒരു ഐ.ടി. പാർക്ക് തുടങ്ങുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(സി) അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) വിവര സാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്ത വളർച്ചയ്ക്കായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങിയ ഐ.ടി./ഐ.ടി അനുബന്ധ മേഖലയ്ക്ക് ഊന്നൽ നൽകി കൊണ്ട് സർക്കാർ ഒരു പുതിയ ഐ.ടി. നയം പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ടെക്നോപാർക്കിൽ 281 കമ്പനികൾ പ്രവർത്തിക്കുന്ന phase-I Campus പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട്. ടെക്നോപാർക്കിന്റെ phase-II Campus- ന് പൂർണ്ണ SEZ പദവി ലഭിക്കുകയും പ്രധാനപ്പെട്ട ഐ.ടി./ഐ.ടി. അനുബന്ധ കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടമായ phase-III -യ്ക്കായി ഏകദേശം 92 ഏക്കർ ഭൂമി ഏറ്റെടുത്തതിൽ ഐ.ടി./ഐ.ടി. അനുബന്ധ വ്യവസായങ്ങൾക്കായി SEZ-ലും Non-SEZ-ലും ഭൂമി ലഭ്യമാണ്. ടെക്നോപാർക്കിന്റെ മറ്റൊരു ബൃഹത് പദ്ധതിയായ ഏകദേശം 424 ഏക്കറിലുള്ള ടെക്നോസിറ്റിയിൽ 5 കമ്പനികൾക്ക് ഭൂമി നൽകിയിട്ടുണ്ട്. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന സർക്കാർ തങ്ങളുടെ ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതിനോടൊപ്പംതന്നെ പുതിയ ഐ.ടി. സംരംഭകരെക്കൂടി ഐ.ടി. സംഘത്തിൽ ഉൾപ്പെടുത്തി Europe, Australia, Middle East തുടങ്ങിയ രാജ്യങ്ങളിലെ ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായി അവസരം നൽകി. ഇതുവഴി ഏകദേശം 70-ഓളം SME കമ്പനികൾക്കും 20 CEO മാർക്കും Global Exposure-നുള്ള അവസരം ലഭിച്ചു. ദേശീയ-അന്തർദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭകർക്ക് അവസരം ഒരുക്കുവാനും ഇതുമൂലം സാധിച്ചിട്ടുണ്ട്. SEZ/Non SEZ സ്ഥല സൗകര്യം, അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ലോകോത്തര നിലവാരമുള്ള കെട്ടിട സൗകര്യങ്ങൾ, പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന സ്റ്റാർട്ട് ബിസിനസ്സ് സെന്ററുകൾ, ഐ.ടി. സംരംഭങ്ങൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിനായി ടെക്നോപാർക്കിനുള്ള ഏകജാലക സംവിധാനം, വൈദ്യുതി വിതരണ ലൈസൻസി പദവി ഇവ ഐ.ടി. സംരംഭകരെ ആകർഷിക്കുന്നു.

കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ സ്വകാര്യ സംരംഭകർക്ക് ഭൂമി പാട്ടത്തിന് നൽകാനായി കൊരട്ടി ഇൻഫോപാർക്കിൽ പുതിയ ഐ.ടി. സമുച്ചയത്തിന് അനുമതിനൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കൂടുതൽ സ്ഥലസൗകര്യങ്ങളും 30000-ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്. കേരളാ സ്റ്റാർട്ട്-അപ് മിഷൻ രൂപീകരിച്ചുകൊണ്ട് സ്റ്റാർട്ട്-അപ് ഇനീഷ്യേറ്റീവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഗ്രാമപ്രദേശങ്ങളിലേയ്ക്ക് ഐ.ടി. വ്യവസായം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ടെക്നോലോഡ്ജ്.

സൈബർ പാർക്കിൽ ആദ്യ കെട്ടിടമായ 11700 ച.അടിയുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ 2.88 ലക്ഷം ച.അടിയുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ 60% പ്രവൃത്തികൾ പൂർത്തീകരിച്ചു. ടി കെട്ടിടം പൂർത്തീകരിക്കുന്നതോടെ 2000-ത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്.

സ്റ്റാർട്ട് സിറ്റിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഇത് 2015 നവംബർ മാസത്തോടെ പ്രവർത്തനക്ഷമമാകുന്നതാണ്. കൂടാതെ സംസ്ഥാനത്തുടനീളം ചെലവ് കുറഞ്ഞതും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് ചെറുതും ഇടത്തരവുമായ IT/ITES Electronics Sector സംരംഭങ്ങൾ ആരംഭിക്കുന്നതിനായി RITEL പാർക്കുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

(ബി&സി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

അക്ഷയ സംരംഭകർക്ക് നൽകാനുള്ള കുടിശ്ശിക

111 (5916) ശ്രീമതി അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സേവനങ്ങൾ പ്രദാനം ചെയ്യു ഇനത്തിൽ അക്ഷയ സാരംഭകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട്;

(ബി) ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ അക്ഷയ സംരംഭകർക്ക് എത്ര തുക നൽകാനുണ്ട്;

(സി) പ്രസ്തുത തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവിധ സേവനങ്ങൾ പ്രദാനം ചെയ്യു ഇനത്തിൽ അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ജനസമ്പർക്ക പരിപാടിയുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ 35,76915 രൂപയും സർവ്വീസ് ടാക്സ് ഇനത്തിൽ 50,0768 രൂപയും ചേർത്ത് ആകെ 40,77683 രൂപ സേവന നിരക്കായും നൽകാനുണ്ട്. ഈ ക്ലെയിം പൂർണ്ണമല്ല. പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് ലഭ്യമാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

(സി) പ്രസ്തുത തുക അനുവദിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

112 (5917) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) അമ്പലപ്പുഴമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്നും ഓരോ സേവനങ്ങൾക്കും അനുവദനീയമായ ഫീസ് എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ 18 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അമ്പലപ്പുഴ വടക്ക് - 2, അമ്പലപ്പുഴ തെക്ക് - 2, പുന്നപ്ര വടക്ക് - 3, പുന്നപ്ര തെക്ക് - 3, പുറക്കാട് - 2 എന്നിങ്ങനെ പഞ്ചായത്ത് പരിധിയിൽ 12 അക്ഷയ കേന്ദ്രങ്ങളും ആലപ്പുഴ നഗരസഭ പരിധിയിൽ 6 അക്ഷയ കേന്ദ്രങ്ങളുമാണുള്ളത്.

(ബി) നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങൾക്ക് വരെയേ പരമാവധി അനുമതി നൽകാൻ കഴിയൂ. എന്നാൽ 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് 2 കി.മീ. ദൂരപരിധി ഉണ്ടായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന പ്രമേയത്തിനനുസരിച്ചാണ്. അമ്പലപ്പുഴ മണ്ഡലത്തിൽ നിലവിൽ 18 അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടാൽ മേൽപ്പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന പ്രധാനപ്പെട്ട സേവനങ്ങളും ഓരോ സേവനങ്ങൾക്കുമുള്ള അനുവദനീയ ഫീസിനേയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അക്ഷയ ജില്ല/സംസ്ഥാന ഓഫീസുകളിൽനിന്നുമുള്ള ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ഇൻസ്പെക്ഷൻ നടത്തുകയും കൂടുതൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിഴ ചുമത്തുകയും ഒന്നിലധികംതവണ അമിത ഫീസ് ഈടാക്കുന്ന പക്ഷം അക്ഷയ സംരംഭകത്വം റദ്ദ് ചെയ്യുകയും ചെയ്തുവരുന്നു. എല്ലാ നിരക്കുകളും അക്ഷയ കേന്ദ്രങ്ങളിൽ പൊതുജന ശ്രദ്ധയ്ക്കായി പ്രദർശിപ്പിക്കണമെന്ന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി

113 (5918) ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏതെല്ലാം വകുപ്പുകളിലാണ് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയത് ; ഇതിലൂടെയുണ്ടായ മികവ് എന്താണെന്ന് വിശദമാക്കാമോ ;

ഉത്തരം

ഇ-ഡിസ്ട്രിക്റ്റ് മുഖാന്തിരം റവന്യൂ വകുപ്പിലെ 24 സേവനങ്ങൾ ഓൺലൈനായി നൽകിവരുന്നുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ പദ്ധതി മുഖേന കേരള വാട്ടർ അതോറിറ്റി, വി.എച്ച്.എസ്.ഇ., റൂറൽ ഡവലപ്മെന്റ് എന്നീ വകുപ്പുകളിൽ ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ജനങ്ങൾക്ക് വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു ഏകീകൃത പോർട്ടലിൽക്കൂടി ലഭിക്കും. ഈ സംവിധാനത്തിലൂടെ ഒരു സാധാരണ പൗരന് രാജ്യത്ത് എവിടെ നിന്നും അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യമുണ്ടാകും.

പോലീസ് സ്റ്റേഷനുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന

114 (5922) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനനൽകി ഈ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി വിഭാഗത്തിന്റെ ഉന്നമനം

115 (5923) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബലരായ ആദിവാസി വിഭാഗത്തെ സമൂഹത്തിലെ മുഖ്യധാരയിലെത്തിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ആദിവാസികൾക്ക് മറ്റുവിഭാഗങ്ങളോടൊപ്പം എത്താൻ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യബോധം തുടങ്ങിയ മേഖലകളിലെ പോരായ്മകൾ വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം കാര്യങ്ങളിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ദുർബ്ബലരായ പട്ടികവർഗ്ഗക്കാരെ സമൂഹത്തിലെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, റോഡ്, കുടിവെള്ളം, ഭക്ഷണം, വൈദ്യുതി മുതലായവ ലഭ്യമാക്കുന്നതിന് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് ആയത് ടി ജനവിഭാഗത്തിന് ലഭ്യമാക്കുന്നതിനായി കുറ്റമറ്റരീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് മറ്റ് കുട്ടികളോടൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുവാൻ സർക്കാർ പ്രീമെട്രിക് വിദ്യാഭ്യാസത്തിലും പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിലും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ അനുവദിച്ച് നൽകിവരുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും 110 ഹോസ്റ്റലുകളിലും പഠിക്കുന്ന കുട്ടികൾക്ക് താമസം, ഭക്ഷണം ഉൾപ്പെടെ എല്ലാ ചെലവുകളും സർക്കാരാണ് വഹിക്കുന്നത്. പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ആരോഗ്യം പ്രദാനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി രൂപീകരിച്ച് അതിൽനിന്നും ധനസഹായം അനുവദിച്ച് നൽകിവരുന്നു. സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്ന പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. മുലയൂട്ടുന്ന അമ്മമാരുടേയും കുഞ്ഞിന്റേയും ആരോഗ്യ സംരക്ഷണത്തിനായി പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. അരിവാൾ രോഗികൾക്ക് പോഷകാഹാരം പ്രദാനം ചെയ്യുന്നതിനായി പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് നൽകിവരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ ജി.എ.ഡി.-കളും ഒരു ആയുർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ചികിത്സയ്ക്ക് എത്തുന്ന പട്ടികവർഗ്ഗക്കാരുടെ ചികിത്സ മുഴുവൻ സൗജന്യമാണ്. ആദിവാസികൾക്ക് സാമൂഹ്യബോധം വളർത്തുന്നതിനായി പൈതൃകോത്സവം, ഗോത്രായനം മുതലായ മേളകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ ബോധവൽക്കരണ ക്യാമ്പുകളും നടത്തിവരുന്നുണ്ട്.

(സി) ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി, സമഗ്ര പുരോഗതിക്കായുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് കൈക്കൊണ്ടുപോരുന്നു.

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ

116 (5926) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിനെതിരെ നടക്കുന്ന ആക്രമങ്ങൾ തടയാനുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ ഏതെല്ലാം ജില്ലയിൽ എത്ര തവണ വീതം യോഗം ചേർന്നെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓരോ യോഗത്തിന്റെയും അടിസ്ഥാനത്തിൽ എത്ര പേരുടെ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ എത്ര പേർക്ക് പൂർണ്ണമായും സഹായം ലഭ്യമായെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പുനരധിവാസ നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.* എസ്.സി/എസ്.ടി അട്രോസിറ്റി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആക്ട് പ്രകാരം കഴിഞ്ഞ 5 വർഷം പീഡനത്തിനിരയായ പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.*

വിദ്യോദയം

117 (5927) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യോദയം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട്?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് വിദ്യോദയം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

(സി) വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ദൈനംദിന പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിൽ താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവ സജ്ജമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക് പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി, റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾക്കാവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ടെലിവിഷൻ എന്നിവയും, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതി

118 (5929) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി)പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സുഗന്ധഗിരി, പൂക്കോട്കുന്ന് കുടിവെള്ള പദ്ധതിയിൽ നിലവിൽ ടാപ്പ് കണക്ഷൻ, വൈദ്യുതി കണക്ഷൻ ഒഴികെയുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ 2015 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും

119 (5930) <u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഗോത്രവർഗ്ഗ കലാമേളയും പൈതൃകോത്സവും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ തനതു കലാരൂപങ്ങൾ ആസ്വാദകർക്ക് മുന്നിലെത്തിക്കുന്നതിനും അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ കലകൾ പരിപോഷിപ്പിക്കുന്നതിനും അവ പൊതുസമൂഹത്തിന് പരിചയപ്പെടുത്തി കൊടുക്കുന്നതിനും അതിലൂടെ ടി കലാരൂപങ്ങൾ നിലനിർത്തുന്നതിനുമാണ് ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സൊസൈറ്റികളായോ, കൂട്ടുസംരംഭങ്ങളായോ, വ്യക്തിപരമായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആയത് വിറ്റഴിക്കുന്നതിനുള്ള അവസരമൊരുക്കുകയും ഇതിലൂടെ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാണ് പൈതൃകോത്സവം സംഘടിപ്പിക്കുന്നത്.

(സി) എല്ലാ സാമ്പത്തിക വർഷവും സർക്കാർ നിശ്ചയിക്കുന്ന രണ്ട് ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പൈതൃകോത്സവം സംഘടിപ്പിച്ചത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ രണ്ട് ജില്ലകൾ തെരഞ്ഞെടുത്ത് പൈതൃകോത്സവം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ

120 (5932) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വാസയോഗ്യ ഭവനങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവന നിർമ്മാണത്തിന് ഏതൊക്കെ പദ്ധതികൾ പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിവരം വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2014-ൽ ശേഖരിച്ച കണക്കനുസരിച്ച് 30308 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തതായി കണ്ടെത്തിയിരുന്നു. എന്നാൽ ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി. പദ്ധതി, ഗ്രാമവികസന വകുപ്പിന്റെ ഐ.എ.വൈ പദ്ധതി, ഹഡ്കോ ലോൺ മുഖാന്തിരം ഭവന നിർമ്മാണം നടത്തുന്ന പദ്ധതി ഇവയിലൂടെ 29581 പേർക്ക് ഭവന നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകുന്നതിന് പദ്ധതി

121 (5937) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട് ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കി ടി വിഭാഗത്തിന്റെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

(സി) 2007-08-ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ല/താലൂക്ക് ആശുപത്രികൾ, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ ചികിത്സയ്ക്ക് എത്തുന്ന പട്ടികവർഗ്ഗ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുവാൻ വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചത്. കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ പൂർണ്ണമായി വിനിയോഗിച്ച് കഴിഞ്ഞതിനുശേഷം 2011-12-ൽ 5 കോടി രൂപ കോർപ്പസ് ഫണ്ടിൽ ടി പദ്ധതി തുടരുന്നതിന് വേണ്ടി അനുവദിച്ചു. ഈ തുകയും വിനിയോഗിച്ച് കഴിഞ്ഞതിനുശേഷം 2012-13 മുതൽ സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേക ശീർഷകം അനുവദിച്ച് ആവശ്യാനുസരണം തുക വകയിരുത്തി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. 2013-14 വർഷം 4 കോടി രൂപയും 2014-15 വർഷം 8.5 കോടി രൂപയും പദ്ധതിക്കായി വകയിരുത്തുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ പാചക ജോലിക്കാരുടെ വേതന പരിഷ്കരണം

122 (5938) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ പാചക ജോലിക്കാരുടെ നിലവിലെ വേതനം എത്രയെന്നും ഇത് എന്നുമുതൽ നിലവിൽ വന്നതാണെന്നും വിശദമാക്കുമോ ;

(ബി) ഇവരുടെ വേതനം കാലോചിതമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ പാചക ജോലിക്കാരുടെ നിലവിലെ ദിവസ വേതനം 350 രൂപയാണ്. 28-10-2014 മുതൽ നിലവിൽ വന്നു.

(ബി) നിലവിലെ വേതന നിരക്ക് 2014 ഒക്ടോബർ മാസത്തിലാണ് നിലവിൽ വന്നത്. ആയതിനാൽ ഉടനടി വേതന വർദ്ധനവ് പരിഗണനാർഹമല്ല.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനം

123 (5939) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര മേഖലയിലും വനാതിർത്തിയിലുമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ പലരും സ്കൂളുകളിൽ പോകാതെ രക്ഷാകർത്താക്കളോടൊപ്പം വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി വനത്തിൽ കഴിയാറുണ്ടെന്ന വിധത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഠനം മുടങ്ങുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനും പഠനം തുടരുന്നതിനും പട്ടികവർഗ്ഗക്ഷേമവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ കുട്ടികൾക്ക് പ്രത്യേകിച്ച് ആൺകുട്ടികൾക്ക് സ്കൂളുകളോടുചേർന്ന് ഹോസ്റ്റൽ സൗകര്യമില്ലാത്തത് ഇവരുടെ പഠനം മുടങ്ങുന്നതിന് കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എല്ലാ കുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പഠനം മുടങ്ങുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ കണ്ടെത്തി തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ് തുടങ്ങിയവർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദൂരവും യാത്രാസൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്തതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്നും സ്കൂളുകളിലേയ്ക്കും തിരിച്ചും കൊണ്ടുപോകുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഇത്തരം കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. സ്കൂളിൽ പോകാതെ വനത്തിൽ കഴിയുന്ന കുട്ടികളെ വനം വകുപ്പ് അധികൃതരുടെ സഹായത്തോടെ സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന് കീഴിൽ 110 ഹോസ്റ്റലുകൾ, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യാ അനുപാതം കൂടുതലുള്ള ജില്ലകളിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗ കുട്ടികളെയും പ്രവേശിപ്പിക്കുന്നതിന് ഈ സ്ഥാപനങ്ങൾ പര്യാപ്തമല്ല. ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സ്കൂളുകളോട് ചേർന്ന് ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രദേശങ്ങളിലെ ആൺകുട്ടികളെ ഹോസ്റ്റൽ സൗകര്യമുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ ചേർത്ത് പഠനം തുടരുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

124 (5940) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ എത്ര തവണ യോഗം ചേർന്നെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ യോഗവും അക്രമത്തിനിരയായ എത്ര പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനുവേണ്ടി, കേസ്സുകളുടെ സ്വഭാവം തിരിച്ച് പട്ടിക, ധനകാര്യ വകുപ്പിലേയ്ക്കയച്ചെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ എത്ര തുക വീതം നൽകാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നാല് തവണ സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.

(ബി) അക്രമത്തിനിരയായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം സംബന്ധിച്ച് 50,95,000 രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയിരുന്നു.

(സി) അക്രമത്തിനിരയായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി 10,00,000 രൂപ "2225-02-800-68 (പ്ലാൻ)" എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കുന്നതിന് സ.ഉ (സാധാ.) നമ്പർ 20/2015/പജ..പവ.വിവ. തീയതി 6-1-2015 പ്രകാരം ഉത്തരവായിരുന്നു.

ഭാരത് ദർശൻ പരിപാടി

125 (5942) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിലുള്ള യുവതി യുവാക്കൾക്ക് വേണ്ടി യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച ഭാരത് ദർശൻ പരിപാടിക്ക് അനുവദിച്ചതുക എത്രയായിരുന്നു ; യഥാർത്ഥത്തിൽ ചെലവായ തുക എത്ര ;

(ബി) യാത്രാ സംഘത്തിലേക്കുള്ള പട്ടികജാതി വിഭാഗത്തിൽനിന്നുള്ള ആളുകളെ ഏത് മാനദണ്ഡപ്രകാരമാണ് തെരഞ്ഞെടുത്തത് ; വിശദമാക്കാമോ ;

(സി) പട്ടികജാതി വിഭാഗത്തിൽനിന്ന് ഏറ്റവും ദരിദ്രമായ പശ്ചാത്തലത്തിലുള്ള യുവാക്കളെയാണോ ഈ സംഘത്തിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത് ; ഈ പരിപാടിയുടെ ചെലവിൽ മന്ത്രിക്ക് പുറമേ ഏതെല്ലാം ഉദ്യോഗസ്ഥന്മാർ യാത്ര ചെയ്യുകയുണ്ടായി ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരത് ദർശൻ പരിപാടി സംഘടിപ്പിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുവജനങ്ങൾക്ക് മാധ്യമ ക്യാമ്പ്

126 (5943) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാധ്യമ രംഗത്തേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കുവേണ്ടി ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ആരുടെയെല്ലാം പങ്കാളിത്തം പ്രയോജനപ്പെടുത്തുകയുണ്ടായി ?

ഉത്തരം

(എ) ഉണ്ട്

(ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അറിവും പരിചയവും അവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നത്.

(സി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് യുവമാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചുവരുന്നത്.

യുവ സാഹിത്യകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

127 (5944) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്

(ബി) സാഹിത്യ രംഗത്ത് അഭിരുചിയുള്ള യുവ സാഹിത്യകാരൻമാർക്ക് സാഹിത്യ മേഖലയിലെ ആചാര്യന്മാരുമായി സംവദിക്കുന്നതിനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും വേദിയൊരുക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജന ക്ഷേമബോർഡ് സാഹിത്യ ശിൽപ്പശാലകൾ സംഘടിപ്പിച്ച് വരുന്നു.

(സി) യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 ജൂലായ് 25, 26, 27 തീയതികളിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് 'അക്ഷരയുവത്വം' യുവസാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു 2013 നവംബർ 9, 10, 11 തീയതികളിൽ കോഴിക്കോട്ടുവച്ച് യുവസാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു 2015 ജനവരി 24, 25, 26 തീയതികളിൽ തൃശ്ശൂരിൽവച്ച് 'അക്ഷരയുവത്വം' യുവസാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു 2015 ജൂലൈ 24, 25, 26 തീയതികളിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിൽവച്ച് സൗത്ത് ഇൻഡ്യൻ റൈറ്റേഴ്സ് എൻസെമ്പിൽ (SIWE) എന്ന പേരിൽ സാഹിത്യ ഫെസ്റ്റിവൽ സംഘടിപ്പിച്ചു

ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന

128 (5945) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) യുവതീയുവാക്കൾക്ക് ഏതെല്ലാം തൊഴിൽ മേഖലകളിലാണ് ഈ പദ്ധതി പ്രകാരം അവസരമൊരുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര തുകയാണ് ഈ പദ്ധതി പ്രകാരം വിനിയോഗിക്കുവാൻ കഴിയുന്നത്;

(ഡി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി സംസ്ഥാന യുവജനകാര്യവകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

(ബി-ഡി) ബാധകമല്ല

ഭാരത് ദർശൻ യാത്ര

129 (5946) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്കായി ഭാരത് ദർശൻ യാത്ര നടത്തിയിരുന്നോ ഉണ്ടെങ്കിൽ, യാത്രയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) എത്ര എസ്.റ്റി. യുവതി യുവാക്കൾ യാത്രയിൽ പങ്കെടുത്തു ; എത്ര ഉദ്യോഗസ്ഥർ യാത്രയിൽ പങ്കെടുത്തു ; ആരെല്ലാമായിരുന്നു ഉദ്യോഗസ്ഥർ ; യാത്രക്കുള്ള ഭരണാനുമതി എപ്പോഴാണ് ലഭിച്ചത്; എന്നായിരുന്നു യാത്ര ;

(സി) യാത്രാനുമതി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം യാത്ര ചെയ്തിട്ടുണ്ടോ ; എത്ര തുകയാണ് യാത്രക്കായി നീക്കിവച്ചിരുന്നത് ; എത്ര തുകയാണ് യാത്രയ്ക്ക് ചെലവായത് ;

(ഡി) സംഘത്തിൽ യാത്ര ചെയ്ത യുവതി യുവാക്കളെയും ഉദ്യോഗസ്ഥരെയും തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദ്യ പട്ടികവർഗ്ഗ ഭാരത ദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22-ാം തീയതി കോഴിക്കോട്ടുനിന്ന് വിമാനമാർഗ്ഗം ഡൽഹിയിൽ എത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃതസർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ച ശേഷം 26-ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി. രണ്ടാമതായി 2014 നവംബർ 19 മുതൽ 25 വരെയുള്ള തീയതികളിലാണ് ഭാരത് ദർശൻ യാത്രാ പരിപാടി സംഘടിപ്പിച്ചത്. 19-ാം തീയതി തിരുവനന്തപുരത്തുനിന്നും യാത്ര തിരിച്ച് കൽക്കട്ടയിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്തുകയും 20, 21 തീയതികളിൽ കൽക്കട്ടയിലെ വിവിധ സ്ഥലങ്ങളായ ഹൗറ ബ്രിഡ്ജ്, വിവേകാനന്ദ സേതു, ദക്ഷിണേശ്വർ ടെമ്പിൾ, ടാഗോർ ഹൗസ്, സയൻസ് സിറ്റി, സെന്റ് പോൾ കത്തീഡ്രൽ ചർച്ച്, വിക്ടോറിയ മെമ്മോറിയൽ ഹാൾ & മ്യൂസിയം, ഇൻഡ്യൻ മ്യൂസിയം, മദർ ഹൗസ്, റൈറ്റേഴ്സ് ബിൽഡിംഗ്, ഈഡൻ ഗാർഡൻ, കൽക്കട്ട പനോരമ എന്നീ ചരിത്ര പ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം 22-ാം തീയതി കൽക്കട്ടയിൽനിന്നും കാഠ്മണ്ഡുവിലെത്തുകയും അവിടെ ഗോഹേശ്വരി ടെമ്പിൾ, സ്വയംഭൂനാഥ ക്ഷേത്രം, പശുപതി ടെമ്പിൾ, ബുദ്ധ ക്ഷേത്രങ്ങൾ തുടങ്ങിയ ചരിത്ര പ്രസിദ്ധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ച് 25-ാം തീയതി യാത്ര സംഘം തിരിച്ചെത്തുകയും ചെയ്തു.

(ബി) എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 19 പേരും ഉദ്യോഗസ്ഥരായ 5 പേരും ഭാരത ദർശൻ യാത്ര പരിപാടിയിൽ പങ്കെടുത്തു. ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ശ്രീമതി അന്നമ്മ - ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി

2. ശ്രീമതി സുമ - ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

3. ശ്രീ. കെ. രാധാകൃഷ്ണൻ നായർ - മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

4. ശ്രീ. സതീഷ് കുമാർ എസ്.വി - ക്ലാർക്ക്, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

5. ശ്രീ. സജികുമാർ, എസ്, ക്ലാർക്ക്, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് യാത്രക്കുള്ള ഭരണാനുമതി നൽകിയത് 30-12-2014-ന് ആയിരുന്നു. എസ്.റ്റി. ഭാരത് ദർശൻ യാത്ര സംഘടിപ്പിച്ചത് 2014 നവംബർ 19 മുതൽ 25 വരെയാണ്.

(സി) 2014 വർഷത്തിൽ കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്. ആ വിവരം സർക്കാരിനെ അറിയിക്കുകയും ഭരണാനുമതി തേടുകയും ചെയ്തിരുന്നു. എന്നാൽ യാത്ര പരിപാടിയുടെ സംഘാടനവുമായി മുന്നോട്ടുപോയ വേളയിലാണ് സന്ദർശിക്കാൻ ഉദ്ദേശിച്ച കാശ്മീരിലെ സ്ഥലങ്ങൾ, പ്രകൃതിക്ഷോഭത്തിൽപ്പെട്ട് തകർന്നതിൽനിന്നും മോചിതരായി വരുന്നതേയുള്ളൂവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. മാത്രമല്ല നവംബർ മാസത്തിൽ കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങളിൽ അതിശൈത്യമായതിനാൽ യാത്ര ദുഷ്കരമാകുമെന്നും മനസ്സിലാക്കിയതിനാൽ യാത്ര പരിപാടി മറ്റൊരു കേന്ദ്രത്തിലേയ്ക്ക് മാറ്റുവാൻ ആലോചിക്കുകയുണ്ടായി. ആയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ 6-11-2014-ന് ചേർന്ന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യോഗത്തിന് മുമ്പാകെ ഈ വിഷയം അവതരിപ്പിക്കുകയും കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങൾക്ക് പകരം കൽക്കട്ട. കാഠ്മണ്ഡു എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാൻ അനുമതി തേടുകയും പ്രസ്തുത ബോർഡ് യോഗം അനുമതി നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. എസ്.റ്റി. ഭാരത് ദർശൻ പരിപാടിക്കായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പരിപാടിക്കായി 14,75,723 രൂപ ചെലവഴിച്ചു. യാത്ര പരിപാടി സംഘടിപ്പിച്ച് കഴിഞ്ഞ ഉടൻതന്നെ അധികമായി ചെലവഴിച്ചതുകയുടെ വിവരങ്ങൾ അടക്കമുള്ളവരവ്. ചെലവ് കണക്കുകൾ സാധൂകരിക്കുന്നതിനായി 6-2-2015-ന് ചേർന്ന 10-ാമത് ബോർഡ് യോഗത്തിന് മുൻപാകെ സമർപ്പിക്കുകയും വരവുചെലവ് കണക്കുകൾ ബോർഡ് യോഗം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ യുവജനങ്ങളെയാണ് പ്രതിനിധികളായി തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും അവിടുന്ന് ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

പരിചിതമല്ലാത്ത അന്യസ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രാ അംഗങ്ങൾക്ക് സുരക്ഷിതത്വത്തിനും യാത്രയിൽ ഉടനീളം അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമായി വിവിധ സംസ്ഥാനങ്ങളിൽ വച്ച് നടന്ന നാഷണൽ യുവോത്സവം പോലുള്ള പരിപാടികളിൽ കേരള ടീമിനെ നയിച്ച പരിചയസമ്പന്നരും ഭാഷാ പ്രാവീണ്യം ഉള്ളവരുമായ ഉദ്യോഗസ്ഥരെയാണ് യാത്രയിൽ ഉൾപ്പെടുത്തിയത്.

സാഹസിക അക്കാഡമി

130 (5947) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സാഹസിക അക്കാഡമിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്

(ബി) യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നിവയാണ് സാഹസിക അക്കാദമികൾ കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാദമികളുടെ നേതൃത്വത്തിൽ വർഷം തോറും യുവാക്കൾക്കായി സാഹസിക പരിശീലന പരിപാടികൾ, അഡ്വഞ്ചർ കാർണിവലുകൾ എന്നിവ നടത്തിവരുന്നു. സാഹസിക അക്കാദമികളുടെ നേതൃത്വത്തിൽ പാരാസെയിലിംഗ് പരിശീലനം, പാരാഗ്ലൈഡിംഗ് പരിശീലനം, മൺസൂൺ ട്രക്കിംഗ്, പ്രതിമാസ ട്രക്കിംഗ്, ഫ്രീ ഹാന്റ് ക്ലൈമ്പിംഗ്, റോപ്പ് ക്ലൈമ്പിംഗ്, റിവർ ക്രോസിംഗ്, വാൾ ക്ലൈമ്പിംഗ്, ജല സാഹസിക പരിപാടികൾ എന്നിവ നടത്തിവരുന്നു. കൂടാതെ കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാദമിയുടെ നേതൃത്വത്തിൽ വർഷം തോറും സാഹസിക ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചുവരുന്നു. മുകളിൽ പറയുന്ന സാഹസിക പ്രവർത്തനങ്ങൾക്ക് എല്ലാ വർഷവും ബഡ്ജറ്റിൽ സർക്കാർ തുക വകയിരുത്തുകയും സർക്കാർ ഭരണാനുമതി നൽകിവരികയും ചെയ്യുന്നുണ്ട്.

യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി

131 (5949) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ-സി) യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. എന്നിരുന്നാലും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളെ ശക്തിപ്പെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനായി യുവജനക്ഷേമ ബോർഡിന്റെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സ്വന്തമായി സ്ഥലമുള്ളതും എന്നാൽ സ്ഥിരം കെട്ടിടമില്ലാത്ത യൂത്ത് ക്ലബ്ബുകൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ് നൽകുന്നതിന് യുവജനക്ഷേമ ബോർഡ് ഒരു പദ്ധതി ആവിഷ്കരിച്ച് സമർപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത ക്ലബ്ബുകൾക്ക് 5 ലക്ഷം രൂപ വീതം നൽകാൻ യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. മേൽ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

യുവവനിതാശാക്തീകരണത്തിന് ശിൽപ്പശാല

132 (5950) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവവനിതാശാക്തീകരണത്തിന് ശില്പശാല സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്

(ബി) യുവവനിതാ ശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ യുവതികളുടെ ജീവിത നിലവാരവും സാമൂഹ്യ പദവിയും ഉയർത്തുന്നതിനും അവരിൽ സാമൂഹ്യ അവബോധം വളർത്തി സാമൂഹ്യ വിഷയങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവജന ക്ഷേമ ബോർഡ് വനിതാ ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

(സി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 28, 29 തീയതികളിൽ മലപ്പുറം ജില്ലയിൽവെച്ച് 'പടവുകൾ' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപ്പശാല സംഘടിപ്പിച്ചു. 2013 ഫെബ്രുവരി 1, 2, 3 തീയതികളിൽ എറണാകുളം ജില്ലയിൽവച്ച് 'അപരാജിത' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപ്പശാല, 2015 മാർച്ച് 20, 21, 22 തീയതികളിൽ കോഴിക്കോട് ജില്ലയിൽവച്ച് 'അപരാജിത' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപ്പശാല, യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജില്ലാ യുവജന കേന്ദ്രങ്ങൾ മുഖേന എല്ലാ ജില്ലകളിലും ഏകദിന വനിതാ ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ മൃഗശാലകൾ ആരംഭിക്കുവാൻ നടപടി

133 (5951) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസത്തിന്റെ സാദ്ധ്യത പരിഗണിച്ച് സംസ്ഥാനത്ത് കൂടുതൽ മൃഗശാലകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള മൃഗശാലകൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും വിവിധയിനം മൃഗങ്ങളെയും പക്ഷികളെയും കൂടുതലായിനൽകി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച ശുപാർശ നിലവിൽ പരിഗണനയിലില്ല.

(ബി) മൃഗശാല സന്ദർശകർക്കായി കൂടുതൽ ബാറ്ററി വാഹനങ്ങൾ വാങ്ങുന്നതിനും ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്, കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തോടെ വിവിധ മൃഗശാലകളിൽനിന്നും കൂടുതലായി പക്ഷികളെയും മൃഗങ്ങളെയും മൃഗശാലയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മ്യൂസിയം മൃഗശാല വളപ്പിലെ കെട്ടിടങ്ങൾ

134 (5952) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തിരുവനന്തപുരം മ്യൂസിയം മൃഗശാല വളപ്പിൽ എത്ര കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചു എന്നും അവ ഓരോന്നും എന്തിനു വേണ്ടിയായിരുന്നുവെന്നും അവ ഓരോന്നിനും എത്ര തുക വീതമാണു നിർമ്മാണ ചെലവ് എന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ ഉണ്ടായിരുന്ന ബൊട്ടാണിക്കൽ ഗാർഡന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അതു സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം മ്യൂസിയം മൃഗശാല വളപ്പിൽ നിർമ്മിച്ച കെട്ടിടങ്ങൾ സംബന്ധിച്ചും ആയതിന്റെ ഉദ്ദേശ്യവും ചെലവായ തുക സംബന്ധിച്ചും ചുവടെ ചേർക്കുന്നു :

നിർമ്മിച്ച കെട്ടിടം	ഉദ്ദേശ്യം	ചെലവായ തുക (രൂപ)
1. ആർട്ട് ഗ്യാലറി ഓഫീസ്	ആർട്ട് ഗ്യാലറിയിൽ ജോലി നോക്കുന്നവർക്ക് ഓഫീസ് ഇല്ലാത്തതിന്റെ പശ്ചാത്തലത്തിൽ	8,00,000
2. ഗാർഡൻ ഓഫീസ് (ഭാഗികം)	നിലവിലുള്ള ഗാർഡൻ ഓഫീസിന്റെ ശോച്യാവസ്ഥയെ തുടർന്ന് പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. ആയതിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല.	25, 75,000
3. അനകോണ്ട, രാജവെമ്പാല എന്നിവയ്ക്കായി പുതിയ പരിബന്ധനം	ആവാസ വ്യവസ്ഥയ്ക്ക് യോജിച്ച രീതിയിൽ പുതിയ പരിബന്ധനം അനിവാര്യമായതിനാൽ	2,18,16,491
4. ഗാർഡ് റൂം	സ്ഥാപനത്തിലെ ഗാർഡുകൾക്കായി ഒരു കെട്ടിടം ഇല്ലാതിരുന്ന പശ്ചാത്തലത്തിൽ	7,85,000

(ബി) ബൊട്ടാണിക്കൽ ഗാർഡൻ ഭംഗിയായി സംരക്ഷിക്കുന്നുണ്ട്. പുൽതകിടികൾ വച്ചുപിടിപ്പിക്കുകയും നടപ്പാതകൾ, സ്പ്രിംഗ്ളറുകൾ എന്നിവ സ്ഥാപിക്കുകയും പൂന്തോട്ടം മോടിപിടിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മ്യൂസിയം, ആർട്ട് ഗ്യാലറി എന്നിവയുടെ സംരക്ഷണം

135 (5953) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഉണ്ടായിരുന്ന ഇറ്റാലിയൻ മ്യൂസിയം നശിപ്പിച്ചതും, കുളം നികത്തിയതും ആരുടെ നിർദ്ദേശപ്രകാരമാണ്;

(ബി) ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ ഉത്തരവുകളും ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം മ്യൂസിയം, മൃഗശാല, ആർട്ട്ഗ്യാലറി എന്നിവ സംരക്ഷിക്കാനും വികസിപ്പിക്കുന്നതിനും എത്ര രൂപ ചെലവഴിച്ചുവെന്നും ആയതിലൂടെ നടപ്പിലാക്കപ്പെട്ട വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മ്യൂസിയം കോമ്പൗണ്ടിൽ ഇറ്റാലിയൻ മ്യൂസിയം ഇല്ലായിരുന്നു. കുളങ്ങൾ നികത്തിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മ്യൂസിയം, മൃഗശാലയുടെ വികസനത്തിനായി ചെലവായതുകയും വികസന പ്രവർത്തനങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു :

2011 -	2012 -	775	ലക്ഷം
2012 -	2013 -	1057.94	"
2013 -	2014 -	1175.84	"
2014 -	2015 -	1007.48	"

1. തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് മൈസൂർ, ലക്നൗ, ഡൽഹി മൃഗശാലകളിൽ നിന്നും വെള്ളക്കടുവൾപ്പെടെയുള്ള പക്ഷിമൃഗാദികളെ കൈമാറ്റ വ്യവസ്ഥയിൽ എത്തിച്ചു. ശ്രീലങ്കൻ മൃഗശാലയിൽനിന്നും 7 അനകോണ്ടകളെ കൊണ്ടുവന്നു. ഇവ ലഭ്യമായതോടെ സന്ദർശകരുടെ എണ്ണം കൂടുകയും വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു.

2. പ്രശസ്ത ചിത്രകാരനായ കെ.സി.എസ് പണിക്കരുടെ പേരിലുള്ള ഗ്യാലറി നവീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

3. സന്ദർശകരുടെ സൗകര്യാർത്ഥം തിരുവനന്തപുരം മ്യൂസിയത്തിലെ നടപ്പാത നവീകരിച്ചു.

4. മ്യൂസിയം ലൈബ്രറി നവീകരിച്ചു.

5. മ്യൂസിയത്തിന് ഇരുവശത്തുമുള്ള പൂന്തോട്ടം മോടി പിടിപ്പിച്ചു

6. എൽ.ഇ.ഡി സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചു

7. കുട്ടികളുടെ പാർക്ക് നവീകരിച്ചു.

8. സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി.

9. മ്യൂസിയം മൃഗശാല - ഡോക്യൂമെന്ററി ഫിലിം നിർമ്മിച്ചു.

10. മൃഗശാല കുളത്തിൽ ഫ്ലോട്ടിംഗ് ഫൗണ്ടനുകൾ സ്ഥാപിച്ചു

11. മ്യൂസിയം മൃഗശാല സമുച്ചയത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു

12. നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം നവീകരിച്ചു.

13. ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപിച്ചു.

14. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു

15. പാമ്പിൻകൂട് നവീകരിച്ചു.

16. മൃഗശാലയിൽ വാട്ടർ റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിച്ചു

17. മൃഗശാല സന്ദർശകർക്കായി ബാറ്ററി വാഹനങ്ങൾ ഏർപ്പെടുത്തി.

18. 3 ഡി തിയേറ്റർ സ്ഥാപിച്ചു.

19. അനകോണ്ട, രാജവെമ്പാല എന്നിവയ്ക്കായി പുതിയ പരിബന്ധനങ്ങൾ നിർമ്മിച്ചു.

20. കേഴമാൻ, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി, നീലക്കാള എന്നിവയ്ക്കായി പുതിയ പരിബന്ധനങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു

(നക്ഷത്രചിഹ്നമിടാത്ത 5843, 5919, 5920, 5921, 5924, 5925, 5928, 5931, 5933, 5934, 5935, 5936, 5941, 5948 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾഎഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

9.30 AM]

I (എ) വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവന

നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്

മി. സ്പീക്കർ : പതിമൂന്നാം കേരളനിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സഭയുടെ മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു.*

II ചരമോപചാരം

മുൻ കേരള ഗവർണ്ണർ ആർ. എസ്. ഗവായ്, മുൻ കേരള നിയമസഭാ അംഗം നിക്കോളാസ് റോഡ്രിഗ്സ് എന്നിവരുടെ നിര്യാണം

മി. സ്പീക്കർ : മുൻ കേരളാ ഗവർണ്ണർ ആർ. എസ്. ഗവായ്, മുൻ കേരള നിയമസഭാംഅംഗം നിക്കോളാസ് റോഡ്രിഗ്സ് എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

ആർ. എസ്. ഗവായ്

മുൻ കേരളാ ഗവർണ്ണർ ആർ. എസ്. ഗവായ് 2015 ജൂലൈ 25-ന് അന്തരിച്ചു. മഹാരാഷ്ട്രയിലെ അമരാവതി ജില്ലയിൽ ദാരാപ്പൂരിൽ 1929 ഒക്ടോബർ 30-ന് രാമകൃഷ്ണ സൂര്യ ഭാൻ ഗവായ് എന്ന ആർ. എസ്. ഗവായ് ജനിച്ചു. നാഗ്പൂർ സർവ്വകലാശാലയിൽ നിന്നും ബിരുദ പഠനം പൂർത്തിയാക്കിയശേഷം ഡോ. ബി. ആർ. അംബേദ്കർ സ്ഥാപിച്ച റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യയുടെ പ്രവർത്തകനായി സജീവ രാഷ്ട്രീയത്തിലെത്തി.

1964 മുതൽ 1994 വരെ മഹാരാഷ്ട്ര ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായിരുന്ന ആർ. എസ്. ഗവായ് 1968-78 കാലയളവിൽ മഹാരാഷ്ട്ര ലെജിസ്ലേറ്റീവ് കൗൺസിൽ ഡെപ്യൂട്ടി ചെയർമാനായും 1978-84 കാലയളവിൽ ചെയർമാനായും 1986-88 കാലയളവിൽ പ്രതിപക്ഷ നേതാവായും ചുമതല വഹിച്ചിട്ടുണ്ട്.

---

*അനുബന്ധമായി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1998-ൽ അമരാവതിയിൽനിന്നും 12-ാം ലോകസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കമ്മിറ്റി ഓൺ അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ്, കൃഷി മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നീ പാർലമെന്ററി സമിതികളിൽ അംഗമായിരുന്നു.

ബീഹാർ ഗവർണ്ണറായും സേവനമനുഷ്ഠിച്ചിട്ടുള്ള ആർ. എസ്. ഗവായ് 2008 മുതൽ 2011 വരെ കേരള ഗവർണ്ണറായിരുന്നു. കേരളത്തിന്റെ വികസന കാര്യങ്ങളിൽ പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിരുന്ന അദ്ദേഹം ഇടക്കാലയളവിൽ രാജ്യത്തിന്റെ ശ്രദ്ധയാകർഷിച്ച പല തീരുമാനങ്ങളും കൈക്കൊള്ളുകയുണ്ടായി.

ആർ. എസ്. ഗവായ്-യുടെ നിര്യാണത്തോടെ മികച്ച സംഘാടകനേയും പാർലമെന്റേറിയനേയും കഴിവുറ്റ ഭരണാധികാരിയേയുമാണ് നഷ്ടമായിരിക്കുന്നത്.

നിക്കോളാസ് റോഡ്രിഗ്സ്

മുൻ കേരള നിയമസഭാംഗം നിക്കോളാസ് റോഡ്രിഗ്സ് 2015 ജൂലൈ 4 - ന് അന്തരിച്ചു.

എറണാകുളം ജില്ലയിലെ വടുതലയിൽ സൈമൺ റോഡ്രിഗ്സിന്റെയും അനത്താസിയയുടെയും മകനായി 1927 ജൂലൈ 16-ന് നിക്കോളാസ് റോഡ്രിഗ്സ് ജനിച്ചു. രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് റോയൽ നേവിയിൽ സേവനമനുഷ്ഠിച്ചുകൊണ്ട് ഔദ്യോഗിക ജീവിതം ആരംഭിച്ച നിക്കോളാസ് റോഡ്രിഗ്സ് തുടർന്ന് എഫ്.എ.സി.ടി. ജീവനക്കാരനായി ട്രേഡ് യൂണിയൻ രംഗത്തും പിന്നീട് കേരള കർഷക സംഘത്തിന്റെ പ്രവർത്തനങ്ങളിലും സജീവമായി.

1987-ൽ എട്ടാം കേരള നിയമസഭയിലേയ്ക്ക് ആംഗ്ലോ-ഇൻഡ്യൻ പ്രതിനിധിയായി നിക്കോളാസ് റോഡ്രിഗ്സ് നാമനിർദ്ദേശം ചെയ്യപ്പെട്ടു. കേരള കർഷക സംഘം ഏരിയാ സെക്രട്ടറി, എറണാകുളം ജില്ലാ കമ്മിറ്റി അംഗം, സി. പി. ഐ. (എം.) ബ്രാഞ്ച് അംഗം തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

നിക്കോളാസ് റോഡ്രിഗ്സിന്റെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനെയാണ് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹദ്വ്യക്തികളോടുള്ള ആദര സൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

III അടിയന്തരപ്രമേയം

വൈദ്യുതി നിരക്ക് വർദ്ധന

മി. സ്പീക്കർ : വിതരണമേഖല പരിപൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിന് കേന്ദ്ര വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്ന പശ്ചാത്തലത്തിലും സംസ്ഥാനത്ത് വൈദ്യുതിച്ചാർജ് കുത്തനെ വർദ്ധിപ്പിച്ചും അധിക സെക്യൂരിറ്റി നിക്ഷേപം ഏർപ്പെടുത്തിക്കൊണ്ടും വൈദ്യുതി ഉപഭോക്താക്കൾക്കുമേൽ 4,500 കോടി രൂപയോളം അധികഭാരം അടിച്ചേൽപ്പിക്കുകയും കഴിഞ്ഞവർഷത്തെ ഏറ്റവും ഉയർന്ന ബിൽ തുകയ്ക്ക് തുല്യമായ തുക അധിക സെക്യൂരിറ്റി നിക്ഷേപമായി ഓരോ ഉപഭോക്താവിൽനിന്നും ഈടാക്കുന്നതുമൂലവും സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ നൽകിയ നോട്ടീസിൽ പറഞ്ഞ ചില കാര്യങ്ങൾ വസ്തുതാപരമായി ശരിയാണ്. 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന് പുതിയ ഭേദഗതി കൊണ്ടുവരികയാണ്. ആ ഭേദഗതിയനുസരിച്ച് പ്രതികൂലമായ സാഹചര്യം നമ്മുടെ കൺസ്യൂമേഴ്സിനും ഇലക്ട്രിസിറ്റി ബോർഡിനും ഉണ്ടാകാൻ പോവുകയാണ്. ഡിസ്ട്രിബ്യൂഷൻ തന്നെ രണ്ട് മേഖലകളാക്കി മാറ്റണമെന്നാണ് അതിൽപ്പറയുന്നത്. അതിനുവേണ്ടി ഒരു ഇന്റർമീഡിയറി കമ്പനി രൂപീകരിക്കണം. നമ്മൾ ഉല്പാദിപ്പിക്കുന്നതും എഗ്രിമെന്റുവച്ച് വാങ്ങുന്നതുമായ മുഴുവൻ വൈദ്യുതിയും ഈ കമ്പനിക്ക് നൽകണം. അവരാണ് സപ്ലൈ കമ്പനികൾക്ക് വിതരണം ചെയ്യേണ്ടത്. അതിൽനിന്നാണ് സപ്ലൈയ്ക്കുവേണ്ടി കെ.എസ്.ഇ.ബി. വീണ്ടും വൈദ്യുതി വാങ്ങേണ്ടത്. ഈ amendment കൊണ്ടുവരുന്നതോടുകൂടി സംസ്ഥാനത്ത് എത്ര സപ്ലൈ കമ്പനികൾ ഫോം ചെയ്താലും ആ കമ്പനികൾക്കെല്ലാം അതിന്റെ അർഹതയനുസരിച്ച് ഇലക്ട്രിസിറ്റി വിതരണം ചെയ്യാൻ ഈ കമ്പനി ബാദ്ധ്യസ്ഥമാണ്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും കെ.എസ്.ഇ.ബി. ഇല്ലാതാവുകയും എത്ര പ്രൈവറ്റ് കമ്പനികൾക്കും സപ്ലൈ കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരമുണ്ടാകുന്നതുമാണ്. അങ്ങനെ വന്നാൽ ഈ സപ്ലൈ കമ്പനികൾക്കാണ് നമ്മൾ വൈദ്യുതി വിതരണം ചെയ്യേണ്ടത്. അതനുസരിച്ച് സപ്ലൈ കമ്പനികൾക്ക് ചുരുങ്ങിയവിലയ്ക്ക് വൈദ്യുതി നൽകാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയുണ്ടാകും. ഇപ്പോഴത്തെ സ്ഥിതിവച്ച് നോക്കുകയാണെങ്കിൽ നമുക്ക് ഒരു യൂണിറ്റിന് ഏകദേശം 5 രൂപ 78 പൈസയോളം വൈദ്യുതി ഉല്പാദനത്തിന് ചെലവാകുന്നുണ്ട്. ആവറേജ് ലഭിക്കുന്നത് 5 രൂപ 20 പൈസയാണ്. ശമ്പളം, മെയിന്റനൻസ് എന്നിവയ്ക്കെല്ലാമുള്ള ചെലവുംകൂടി കൂട്ടിയാണ് യഥാർത്ഥത്തിലുള്ള പവ്വറിന്റെ കോസ്റ്റ് പറയുന്നത്. ഈ ചെലവ് കൂട്ടാതിരിക്കുമ്പോൾ 4 രൂപ 20 പൈസയാണ് ലഭിക്കുന്നത്. ഈ 4 രൂപ 20 പൈസസ്സ് സപ്ലൈ കമ്പനികൾക്ക് കൊടുക്കണം. അങ്ങനെ കൊടുത്താൽ അവർ ഇവിടത്തെ വലിയ കുത്തകക്കാരായിട്ടുള്ള അല്ലെങ്കിൽ HT/EHT കൺസ്യൂമേഴ്സിന് നൽകും. അവർ നൽകുന്നത് ചിലപ്പോൾ 5 രൂപയ്ക്കായിരിക്കും. നമുക്ക് 5 രൂപ 78 പൈസ വില വരുന്നത് സപ്ലൈ കമ്പനികൾക്ക് 4 രൂപ 20 പൈസസ്സ് നൽകുകയും അവർക്ക് കൊള്ള ലാഭമടിക്കാനുള്ള അവസരമുണ്ടാകുകയും കെ.എസ്.ഇ.ബി. തകരുകയും ചെയ്യും. അതാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചതിൽ ഞാൻ പ്രധാനമായും അംഗീകരിക്കുന്നകാര്യം. അതിനെതിരായി ചെയ്യാവുന്ന കാര്യങ്ങളൊക്കെ ഞങ്ങൾ ചെയ്തിട്ടുണ്ട്. അതിപ്പോൾ അവിടത്തെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുമ്പിലാണ്. കേന്ദ്ര വൈദ്യുതി നിയമത്തിൽ കൊണ്ടുവരുന്ന ഭേദഗതി അംഗീകരിക്കാൻ പാടില്ലെന്നും അതിലെ ഇന്നയിന്ന വ്യവസ്ഥകളെല്ലാം മാറ്റണമെന്നുമുള്ള വിശദമായ നോട്ട് ആ കമ്മിറ്റിക്ക് ഞങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പിന്നെ ഇവിടെ പറഞ്ഞത് വൈദ്യുതിച്ചാർജ് വർദ്ധിപ്പിക്കുന്നു എന്നുള്ളതാണ്. ഇന്ന് ഒരു യൂണിറ്റിന് 5.78 പൈസയാണ് ചെലവ്. എന്നാൽ ഉയർന്ന ആളുകളിൽനിന്ന് ഈടാക്കുന്നത് 5.28 പൈസയാണ്. അതേ അവസരത്തിൽ പാവപ്പെട്ടവനെ കൂടുതൽ ദ്രോഹിക്കുന്നു എന്നുള്ള ഒരുവാദം വന്നിട്ടുണ്ട്. ഞങ്ങൾ മുന്നപ്രാവശ്യം വർദ്ധിപ്പിച്ചത് ശരിയാണ് ; മുന്നപ്രാവശ്യം വർദ്ധിപ്പിച്ചപ്പോൾ 5,000 കോടി രൂപയൊന്നും ഉണ്ടായിട്ടില്ല ; ആകെയുണ്ടായത് മൂവായിരത്തി ചില്വാനം അതായത് 2,998 കോടി രൂപയാണ്. അതിൽ ഏകദേശം 1,200 കോടി രൂപ സർക്കാർ സബ്സിഡി കൊടുക്കുകയാണ്. ആ സബ്സിഡി കൊടുക്കുന്നത് 120 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്നവർക്കാണ്. അങ്ങനെ ഏകദേശം 80 ശതമാനത്തോളം ആളുകളുണ്ട് ; അവർക്കാണ് ആ കൺസഷൻ നല്കുന്നത്. ബഹുമാനപ്പെട്ട എ. കെ. ബാലന് അത് നല്ലതുപോലെ അറിയാം. സെക്യൂരിറ്റി എന്നുപറയുന്നത് പുതുതായി ഉണ്ടായതല്ല ; അത് എത്രയോ കാലങ്ങളായി ഉള്ളതാണ്. 2003-ലെ ആക്ടിന് മുമ്പുതന്നെ ഒരു കണക്ഷന് സെക്യൂരിറ്റി വയ്ക്കണമെന്നുള്ളത് സപ്ലൈകോഡിലുമുണ്ട്. അവരുടെ ഉപയോഗത്തിനനുസരിച്ചാണ് അതിൽ വർദ്ധനവ് വരുന്നത്. എത്ര കൂടുതൽ ഉപയോഗിക്കുന്നുവോ അത്രയും സെക്യൂരിറ്റി കൂടും. എന്നാൽ,

LIBRARY ARCHIVES Kerala Legislative Assembly

1,500 കോടി രൂപയോളം വരുമെന്നുപറയുന്നത് ഒട്ടും ശരിയല്ല ; ഏകദേശം 400 കോടി രൂപയും 500 കോടി രൂപയും ഇടയിൽ മാത്രമേ വരികയുള്ളൂ ; അതുതന്നെ പ്രധാനമായും അധികമായി വൈദ്യുതി ഉപയോഗിക്കുന്ന കൺസ്യൂമേഴ്സിനാണ് ബാധകമാകുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 2014-ലെ വൈദ്യുതി നിയമ ഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കുന്നതോടെ കേരളത്തിലെ വൈദ്യുതി വിതരണം സ്വകാര്യ ഏജൻസികളുടെ കയ്യിലാകും ; പ്രത്യേകിച്ച് റിലയൻസിന്റെ കയ്യിലാകാനാണ് സാധ്യത. വിലനിയന്ത്രണം ഗവൺമെന്റിന് നഷ്ടമാകുന്നതോടെ വൈദ്യുതിനിരക്ക് ഇനിയും കൂടും. യഥാർത്ഥത്തിൽ ഈ നിയമം വരുന്നതിനുമുമ്പുതന്നെ വിതരണമേഖല സ്വകാര്യ ഏജൻസിയെ ഏല്പിക്കാൻ യു.ഡി.എഫ്. നീക്കംനടത്തിയിരുന്നു. കേന്ദ്രത്തിന് കത്തയച്ചിട്ടുള്ളതുമാണ്. അതുമായി ബന്ധപ്പെട്ട് ഒരു അടിയന്തരപ്രമേയം ഞാൻ ഈ സഭയിൽ അവതരിപ്പിച്ചു. അന്ന് രാത്രി ചേർന്ന ക്യാബിനറ്റിനുശേഷമാണ് ആ നീക്കത്തിൽനിന്ന് പിന്നീട് മാറിയത്. കേന്ദ്രനിയമത്തിന്റെ തണലിൽ വലിയൊരു ബാധ്യത വീണ്ടും കെ.എസ്.ഇ.ബി. ഉപഭോക്താക്കളുടെ തലയിൽ അടിച്ചേല്പിക്കുമെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. യു.ഡി.എഫ്. സർക്കാർ വൈദ്യുതി നിരക്ക് കുത്തനെ ഉയർത്തിയതു കാരണം സാധാരണ ഉപഭോക്താക്കളും കൃഷിക്കാരും കുടിവെള്ളപദ്ധതിയുടെ ഗുണഭോക്താക്കളും ഇന്ന് നട്ടംതിരിയുകയാണ്. ഭീമമായ സാമ്പത്തികബാധ്യത കാരണം വൈദ്യുതി ബിൽ അടയ്ക്കാൻ കഴിയാത്തതിനാൽ നൂറുകണക്കിന് വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ചു കൊണ്ടിരിക്കുകയാണ്. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുമെന്ന ഭീഷണിയും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ 5 വർഷം താരിഫ് വർദ്ധിപ്പിക്കാതെ വൈദ്യുതിമേഖല കാര്യക്ഷമമായി പ്രവർത്തിപ്പിച്ചു. എന്നാൽ യു.ഡി.എഫ്. സർക്കാർ മൂന്നുതവണയായി, 4,500 കോടി രൂപയെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി അത് 3,000 കോടി രൂപ എന്നാക്കി ചുരുക്കിയിട്ടുണ്ട്. ഇതിനുപുറമെ, 2015-16 സാമ്പത്തികവർഷം 1,500 കോടി രൂപയുടെ കമ്മിയുള്ള എ.ആർ.ആർ. ഇ.ആർ.സി. അപേക്ഷയാണ് വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷന് കൊടുത്തിട്ടുള്ളത്. അത് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുമ്പിലാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ബോർഡിന്റെ പെറ്റീഷൻ പരിഗണിക്കേണ്ടതില്ലായെന്ന നിർദ്ദേശമാണ് കമ്മീഷന് കിട്ടിയത് എന്നാണ് എനിക്ക് തോന്നുന്നത്. ഇതിന്റെ ഭാഗമായി 2015 ഏപ്രിൽ മാസത്തിലാണ് ഈ പെറ്റീഷൻ നല്കിയത്. കഴിഞ്ഞ 2014 നവംബർ മാസത്തിലാണ് നിയമപ്രകാരം കൊടുക്കേണ്ടിയിരുന്നത്. തദ്ദേശ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ഷൻശേഷം വീണ്ടും വലിയൊരു ഭാരം ഉപഭോക്താക്കൾ സഹിക്കേണ്ടിവരുമെന്നത് ഉറപ്പായ കാര്യമാണ്. ഇന്നത്തെ എല്ലാ പത്രങ്ങളിലും tariff വർദ്ധനവ് വരുന്നതിനു മുൻപുതന്നെ വീണ്ടും സർച്ചാർജ് ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിരിക്കുന്നു വെന്നുള്ള വാർത്ത ഉണ്ടായിരുന്നു. 2011-ൽ എൽ.ഡി.എഫ്. ഭരണം ഒഴിയുമ്പോൾ ആദ്യത്തെ 40 യൂണിറ്റിന് 1.15 പൈസയായിരുന്നു ചാർജ്. അത് ഇപ്പോൾ രണ്ടര മടങ്ങ് വർദ്ധിച്ച് 2.80 പൈസയായി. 2011-ൽ വീട്ടാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നവരുടെ ശരാശരി നിരക്ക് 1.98 പൈസ ആയിരുന്നത് ഇപ്പോൾ 3.75 പൈസയായി വർദ്ധിച്ചു. കാർഷിക വൈദ്യുതി നിരക്ക് എൽ.ഡി.എഫ്. ഭരിക്കുമ്പോൾ യൂണിറ്റിന് 65 പൈസയായിരുന്നത് ഇപ്പോൾ 2 രൂപ മുതൽ 5.20 പൈസവരെയായി. മൂന്നിരട്ടി മുതൽ എട്ട് ഇരട്ടി വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ വൻപ്രതിസന്ധി നേരിടുകയാണ്. വൈദ്യുതി ബിൽ അഞ്ചിരട്ടിയായി. വെള്ളവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ ഉപഭോക്താക്കളുടെയും ബെനിഫിഷ്യറി കമ്മിറ്റികളും ഇപ്പോൾ defunct ആയിരിക്കുകയാണ്. ഭീമമായ ഈ ചൂഷണത്തോടൊപ്പംതന്നെ ഇരുട്ടടിയായി വൻതുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുകയാണ്. ഉയർന്ന നിരക്കിൽ മൂന്നുമാസത്തെ ഉപഭോഗത്തിന് തുല്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാനുള്ള നോട്ടീസ് കുടിവെള്ള പദ്ധതികളെയാകെ തകർക്കുകയാണ്. ഗാർഹിക ഉപഭോക്താക്കളിൽ പ്രത്യേകിച്ച് എസ്.സി./എസ്.റ്റി. കുടുംബങ്ങളിൽ വൈദ്യുതി ഡിസ്കണക്ഷൻ നടന്നുകൊണ്ടിരിക്കുന്നു. പട്ടികജാതി കോളനികളിലും ആദിവാസി ഊരുകളിലും പകുതി ആൾക്കാരും ഇപ്പോൾ വൈദ്യുതി ഉപയോഗിക്കുന്നില്ല. കുടിശ്ശിക അടയ്ക്കാൻ മുൻപ് 6 മാസം സമയമുണ്ടായിരുന്നത് ഇപ്പോൾ 45 ദിവസമാക്കി ചുരുക്കി. ഇപ്പോൾ പതിനായിരക്കണക്കിന് രൂപ സെക്യൂരിറ്റിയായി പ്രതിമാസ വൈദ്യുതി തുകയായി അടയ്ക്കാൻ കഴിയാത്തതിനാൽ വൈദ്യുതി വിച്ഛേദിക്കൽ നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള എഗ്രിമെന്റിന് 100 രൂപയുടെ മുദ്രപ്പത്രം വേണ്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 500 രൂപയുടേതാക്കി. Property crossing agreement, Consent letter agreement, Stranger agreement തുടങ്ങിയ ആവശ്യവുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ 2,000 രൂപ കൊടുക്കണം. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ഇത് സൗജന്യമായിരുന്നു. ഒരു പോസ്റ്റിന് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 10 പൈസ ഞങ്ങൾ വാങ്ങിയിരുന്നില്ല. ഇപ്പോൾ three phase ലൈനിന് 18,000 രൂപയാണ് വാങ്ങുന്നത്. ഈ കൊള്ള നടക്കുന്നതിന് പറയുന്നകാര്യം അധിക തുകകൊടുത്ത് വൈദ്യുതി പുറത്തുനിന്ന് വാങ്ങേണ്ടിവരുന്നുവെന്നാണ്. ദീർഘവീക്ഷണത്തോടെ എൽ.ഡി.എഫ്. തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കാത്തതും

ഒപ്പിട്ട കരാർ റദ്ദാക്കിയതും ദീർഘകാല കരാറുകൾക്കുപകരം പവ്വർ എക്സ്ചേഞ്ചിൽനിന്ന് ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയതുമാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. വൈദ്യുതിക്ഷാമം ഫലപ്രദമായി നേരിടാൻ കെ.എസ്.ഇ.ബി. പരാജയപ്പെട്ടതുമൂലം വിലകൂടിയ വൈദ്യുതി ഐ.പി.പി.-കളിൽനിന്നും ഹ്രസ്വകാല വിപണിയിൽ നിന്നും വാങ്ങേണ്ടിവന്ന എന്നുള്ളതാണ് റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുള്ളത്. ആസൂത്രണത്തിലെ അപാകതമൂലം പദ്ധതിനടത്തിപ്പ് കാലതാമസത്തിലേയ്ക്ക് നയിക്കപ്പെട്ടു. കൂടാതെ, വൈദ്യുതി സ്റ്റോക്ക് ചെയ്യാനുള്ള വിവേകരഹിതമായ തീരുമാനം അധികച്ചെലവിലേയ്ക്ക് നയിച്ചു പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനും പുനരുപയോഗയോഗ്യമായ വൈദ്യുതി വാങ്ങുന്നതിനും നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ കെ.എസ്.ഇ.ബി.-ക്ക് കഴിഞ്ഞിട്ടില്ല. ഇത് റെഗുലേറ്ററി കമ്മീഷന്റെ ഇവരുടെ കാലഘട്ടത്തിലുള്ള പിക്ചേഴ്സ് ആണ്. ഇക്കാര്യം കടുത്ത ഭാഷയിൽ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാത്രമല്ല, ഇൻഡ്യയിൽ ഏറ്റവും ഉയർന്ന നിരക്കിൽ കമ്പോളത്തിൽനിന്ന് വൈദ്യുതി വാങ്ങിയത് കേരളമാണെന്ന് കേന്ദ്ര റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിലും പറയുന്നുണ്ട്. കേരളത്തിന് പുറത്തുള്ള സ്വകാര്യ വൈദ്യുതി ഉല്പാദക കമ്പനികൾക്കും സ്വകാര്യ ട്രേഡിംഗ് കമ്പനികൾക്കും കൊള്ളലാഭം ഉണ്ടാക്കാൻ ഈ അവസരം അവർ ഉപയോഗപ്പെടുത്തി എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിന്റെ ഭാരം സാധാരണക്കാരായ ജനങ്ങളെയും കൃഷിക്കാരെയും വ്യാപാര-വ്യവസായ സമൂഹത്തെയും സാരമായിബാധിച്ചു താങ്ങാൻപറ്റാത്ത വൈദ്യുതിനിരക്ക് കാരണം പാലക്കാട് ജില്ലയിൽ മാത്രം ഇതിനകം 11 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. കേരളത്തിലെ മറ്റുപല സ്ഥലങ്ങളിലും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. കേരളത്തിൽ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാത്തതാണ് ഈ സ്ഥിതിക്ക് ഒരു കാരണമെന്നതിൽ സംശയമില്ല. 500 മെഗാവാട്ടിന്റെ കുറവേയുള്ളൂ; അത് നമ്മൾ വിചാരിച്ചാൽ പരിഹരിക്കാൻ പറ്റുന്നതാണ്. ഇക്കാര്യം ചൂണ്ടിക്കാണിക്കുമ്പോൾ സഭയെ തെറ്റിദ്ധരിപ്പിക്കരുതെന്ന് ഞാൻ വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച 33 പദ്ധതികളിൽ 330 മെഗാവാട്ടിന്റെ പദ്ധതികൾ ഇപ്പോൾ സ്തംഭിച്ചുകിടക്കുകയാണ്. കാറ്റിൽനിന്നുള്ള വൈദ്യുതി, സൗരോർജ്ജ വൈദ്യുതി ഇതിൽനിന്നൊന്നും ഇതുവരെ ഒരു യൂണിറ്റുപോലും ഉണ്ടാക്കാൻ കഴിഞ്ഞില്ല. കേന്ദ്രസർക്കാരിൽനിന്ന് എൽ.ഡി.എഫ്. നേടിയെടുത്ത വൈതരണി പദ്ധതിയും ഈ ഘട്ടത്തിൽ കേന്ദ്രസർക്കാർ റദ്ദുചെയ്തു. എല്ലാ നടപടിക്രമങ്ങളും ഏറെക്കുറെ പൂർത്തീകരിച്ചതായിരുന്നു. എൽ.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുന്ന കാലത്ത് ഫോർ വൺ നോട്ടിഫിക്കേഷൻ കിട്ടിയിട്ടില്ലായിരുന്നു ; അത് തരേണ്ടത് ഒറീസ ഗവൺമെന്റ് ആയിരുന്നു. അതിനുള്ള ശ്രമം ആരംഭിച്ച ഘട്ടത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് ഭരണത്തിൽവന്നത്. പിന്നീട് ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ ഭാഗമായിട്ടാണ് അതും ഇല്ലാതായത്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ കേന്ദ്രവിഹിതം പകുതിയായി വെട്ടിച്ചുരുക്കിയിരുന്നു. അന്ന് പന്നിയാർ-ചെങ്കുളം പള്ളിവാസൽ പെൻസ്റ്റോക്ക് പൊട്ടിത്തെറിച്ച ; ഒന്നരവർഷം അവിടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞില്ല. ശബരി പദ്ധതിയുടെ ടർബൈൻ പൊട്ടിത്തെറിച്ച ; അവിടെയും ഉല്പാദനം കുറച്ചു. ഇടുക്കി പദ്ധതിയിലും കുറെ ദിവസം ചോർച്ചയുണ്ടായി. ഇതിനെല്ലാം പുറമെ അതിരൂക്ഷമായ വരൾച്ചയുമുണ്ടായി. എന്നിട്ടും കേരളത്തിലെ വൈദ്യുതി മേഖലയെ ഫലപ്രദമായി കൊണ്ടുപോകുന്നതിന് അതിശക്തമായ പ്ലാനിംഗിനാണ് അന്ന് ശ്രീ. അശോകന്റെയും ശ്രീ. രാജീവ് സദാനന്ദന്റെയും നേതൃത്വത്തിൽ ഇലക്ട്രിസിറ്റി ബോർഡ് നേതൃത്വം കൊടുത്തത്. പവ്വർ കട്ടില്ലാതെ കുറച്ചുദിവസംമാത്രം പരിമിതമായിട്ടുള്ള നിയന്ത്രണമാണ് ഈ സാഹചര്യത്തിൽ അന്ന് വരുത്തിയത്. അന്ന് എൽ.ഡി.എഫ്. ഒരു പൈസപോലും താരിഫിൽ വർദ്ധിപ്പിച്ചിരുന്നില്ല. ആ വൈദ്യുതി മേഖലയാണ് ഇപ്പോൾ ഈ സ്ഥിതിയിലെത്തിയിട്ടുള്ളതെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നത് ആരെയും കുറ്റപ്പെടുത്താനല്ല. ഇപ്പോൾ കെ.എസ്.ഇ.ബി.-യുടെ കടം 7,000 കോടി രൂപയിലെത്തിനിൽക്കുകയാണ്. എൽ.ഡി.എഫ്. ഭരണം വിടുമ്പോൾ 1,500 കോടി രൂപയായിരുന്നു കടം. ഞങ്ങൾ വരുമ്പോൾ 4,500 കോടി രൂപയായിരുന്നു. 3,000 കോടി രൂപ ഞങ്ങൾ കുറച്ചു അതിനുപുറമേ 3,500 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഞങ്ങൾ നടത്തി. കൂടാതെ 55 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചു. ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ മണ്ഡലവും അതിൽ ഉൾപ്പെടുന്നു. ഞങ്ങൾ അന്ന് രണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കി. യു.ഡി.എഫ്. സർക്കാർ ശമ്പള പരിഷ്കരണമൊന്നും നടപ്പിലാക്കിയില്ല. എൽ.ഡി.എഫ്. ഭരണകാലത്ത് 26300 പേർക്ക് പ്രൊമോഷൻ കൊടുക്കുകയും 15500 പുതിയ നിയമനങ്ങൾ നടത്തുകയും 3,500 കോടിരൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തുകയുംചെയ്തു. എന്നിട്ടും ഒരു സാമ്പത്തിക ബാധ്യതയും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാത്ത കെ.എസ്.ഇ.ബി. ഈ സ്ഥിതിയിൽ എങ്ങനെയെത്തിയെന്നുള്ളത് ഗൗരവമായി പരിശോധിക്കണം. ഈ പതനത്തിലേയ്ക്ക് വൈദ്യുതി ബോർഡിനെ തള്ളിവിട്ടത് സംബന്ധിച്ച് ചർച്ചചെയ്യണം. സാമ്പത്തിക ഗുണം കിട്ടിയത് സ്വകാര്യ ട്രേഡിംഗ് കമ്പനികൾക്കും ബാധ്യതയേൽക്കേണ്ടിവന്നത് കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്കുമാണ്. സാധാരണക്കാരന് വൈദ്യുതി ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്നത്. നിരവധി വൈദ്യുതി ബില്ലുകൾ എന്റെ കയ്യിലുണ്ട്. അതിൽ ഒരു വൈദ്യുതി ബില്ലിനെക്കുറിച്ച് ബഹുമാനപ്പെട്ട അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വട്ടിയൂർക്കാവ് സെക്ഷനിലുള്ള വൈദ്യുതി ബില്ലാണ്. 1,000-1,500 രൂപ മാത്രം രണ്ടു മാസത്തേയ്ക്ക് കൊടുക്കുന്ന ആൾക്ക് ഇപ്പോൾ 4,000-4,500 രൂപയുടെ ബില്ലുവന്നു. മറ്റൊരു ബില്ലിന്റെ കണക്കുകൂടി പറയാം. 8,661 രൂപയുടെ ബില്ലിന് പകരം ഇപ്പോൾ 19,567-രൂപയുടെ ബില്ലാണ് കൊടുത്തത്. 10,906 രൂപയുടെ ഡീറ്റെയിൽസ് ബില്ലിൽ ഇല്ല. വേണമെങ്കിൽ ഇത് ഞാൻ മേശപ്പുറത്തുവയ്ക്കാം. ഇതേ രൂപത്തിലാണ് എല്ലാ ബില്ലുകളും. ഡ്യൂട്ടി കൊടുക്കണം, ഫിക്സഡ് ചാർജ് കൊടുക്കണം, എനർജി ചാർജ് കൊടുക്കണം. അതിനെല്ലാം കോളങ്ങളുണ്ട്. ആ കോളങ്ങളിലൊന്നും കൊടുക്കാതെ 10,906 രൂപ എങ്ങനെ വന്നു ? കേരളത്തിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അവരുടെയും ഇവിടെയുമുണ്ട്. നാലുവർഷംമുമ്പുള്ള അവരുടെ വീടുകളിലെ വൈദ്യുതിച്ചാർജ് എത്രയായിരുന്നു ; ബഹുമാനപ്പെട്ട സ്പീക്കറുടെ വീട്ടിലെ വൈദ്യുതിചാർജ് എത്രയായിരുന്നു ; ഇപ്പോൾ എത്രയാണ് ? ഇത് കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല. കാലാനുസൃതമായി വർദ്ധനവ് ഉണ്ടാകും. പക്ഷേ ഇവിടെ നടക്കുന്നത് കൊള്ളയാണ്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട എ. കെ. ബാലൻ കൂടുതൽ സമയമെടുക്കരുത്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇന്നലെ ഇടപെട്ട് എന്റെ പ്രസംഗം ആകെ അലങ്കോലപ്പെടുത്തി. ഞാൻ അപ്പോൾത്തന്നെ പ്രസംഗം നിർത്തി.

<u>മി. സ്പീക്കർ</u> : അതുകൊണ്ടാണ് ഞാൻ ഇതുവരെ ഇടപെടാതിരുന്നത്. സമയം കൂടുതലെടുക്കരുത്. ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം അറിയാമല്ലോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ അധിക സമയമെടുക്കില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആരംഭത്തിൽപറഞ്ഞത് ശരിയാണ്. വിതരണമേഖല റിലയൻസിന്റെ കയ്യിലേയ്ക്കുപോയാൽ അവരായിരിക്കും താരിഫ് നിശ്ചയിക്കുക. അവർ ചെയ്തത്, ശ്രീമതി ഷീലാ ദീക്ഷിത് ഡൽഹി ഭരിക്കുമ്പോൾ 1,500 കോടി രൂപയുടെ അധിക ബാധ്യത ജനങ്ങളിൽ അടിച്ചേൽപ്പിച്ച് കൊള്ളനടത്തി. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം കൊണ്ടുവന്നപ്പോൾ എസ്.ബി.ടി-യുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിദ്യാഭ്യാസ ലോൺ പിടിക്കാൻ ഗുണ്ടകളെയാണ് വച്ചത്. റിലയൻസിന്റെ കൈകളിലേയ്ക്ക് കേരളത്തിന്റെ വൈദ്യുതിമേഖല പോയാൽ എന്തായിരിക്കും സ്ഥിതി ? ബി.എസ്.എൻ.എൽ. കേബിൾ വലിക്കുന്നതിനുവേണ്ടി അപേക്ഷ കൊടുത്തിരുന്നെങ്കിലും അവർക്ക് കൊടുക്കാതെ റിലയൻസിന് കൊടുത്തു. റിലയൻസിന് കൊടുത്ത കേബിൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ റദ്ദുചെയ്യണമെന്ന് ഞാൻപറയുന്നു. റിലയൻസിനെ ക്ഷണിച്ച് വരുത്തുന്നതിന്റെ ആദ്യപടിയാണിത്. ഇത് വളരെ പ്രാധാന്യമുള്ളതിനാൽ സഭനിർത്തിവച്ച് ചർച്ച ചെയ്യണം. കേരളത്തിലെ വൈദ്യുതി ഉല്പാദനം, വിതരണം, ട്രാൻസ്മിഷൻ എന്നിവ ഏക പൊതുമേഖലാ കമ്പനിയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ ശ്രമിച്ചതിന്റെ ഭാഗമായിട്ടാണ് ഇന്ന് ഇന്ത്യയ്ക്ക് മാതൃകയായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒറ്റ കമ്പനിയായി നിലനിന്നത്. അതിപ്പോൾ dismantle ചെയ്യാൻ പോവുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് നിയമം കൊണ്ടുവന്നാൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഞങ്ങൾ ഇത് അംഗീകരിക്കില്ലെന്ന് പറയാനുള്ള ആർജ്ജവം കാട്ടണം. ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. ആയതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ഒന്ന്, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് സ്വകാര്യവത്ക്കരണത്തിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നുവെന്നാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കമ്പനിയാക്കി രജിസ്റ്റർ ചെയ്തില്ലെന്ന് ഈ നിയമസഭയിൽ ഞങ്ങൾ പറഞ്ഞതാണ്. അന്ന് ഞാൻ മന്ത്രിയായിരുന്നു, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നു. ആരാണ് ഇത് രജിസ്റ്റർ ചെയ്തത്; ഞങ്ങളാണോ ? കെ.എസ്.ഇ.ബി-യെ കെ.എസ്.ഇ.ബി-യായി നിലനിർത്തിയത് ഞങ്ങളാണ്. എന്നാൽ അങ്ങ് മന്ത്രിയായിരിക്കുമ്പോഴാണ് 2008-ൽ.ഇതിനെ കമ്പനിയാക്കി രജിസ്റ്റർ ചെയ്തത്..... (ബഹളം).... ശ്രീ. എ. കെ. ബാലന് നല്ല ഓർമ്മയുണ്ടല്ലോ ? ഇതിന്റെ അസ്സറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ വെസ്റ്റ് ചെയ്തത് നിങ്ങളുടെ ഭരണകാലത്താണ്. ഇലക്ട്രിസിറ്റി ബോർഡ് ഇല്ലാതായത് അങ്ങ് മന്ത്രിയായിരുന്ന കാലത്താണ്. അത് നിങ്ങൾ മനസ്സിലാക്കണം. ....(ബഹളം)....

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്..... ഇവിടെ ബഹുമാന്യനായ മന്ത്രിയും മുൻ മന്ത്രിയുമാണ് സംസാരിക്കുന്നത്. കാര്യങ്ങൾ നന്നായി അറിയാവുന്നവരാണ് അവർ. അതുകൊണ്ട് മറ്റുള്ളവർ ഇടപെടരുത്. അവർ സംസാരിക്കട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ കമ്പനി രജിസ്റ്റർ ചെയ്യലും ഇതിന്റെ അസറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ വെസ്റ്റ് ചെയ്തിട്ട് ഒരു കമ്മിറ്റിയാക്കി മാറ്റിയതും ഞങ്ങളുടെ ഭരണകാലത്തല്ല. ഞാനത് തെളിയിക്കാം. ഇത് ശരിയല്ലെങ്കിൽ ഞാൻ രാജിവയ്ക്കാൻ തയ്യാറാണ്. ....(ബഹളം)..... നിങ്ങളാണത് ചെയ്തത്. ....ബഹളം)....

മി. സ്പീക്കർ : ഇവിടെ ശ്രീ. എ. കെ. ബാലൻ കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണമാണ് ആവശ്യമെങ്കിൽ അത് കേൾക്കാൻ തയ്യാറാകണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞങ്ങളുടെ ഭരണകാലത്താണ് സ്വകാര്യവത്ക്കരണം നടന്നതെന്നുപറയുന്നത് ശരിയല്ല. ഒരുകാര്യം ഞാൻ സമ്മതിക്കുന്നു. അവർക്കും നിവൃത്തിയില്ലാതെയാണ് ചെയ്തത്. അത് സമ്മതിക്കാൻ എനിക്ക് പ്രയാസമില്ല. ....(ബഹളം).... ഞാൻ ഇക്കാര്യം ഈ സഭയിൽ പലഘട്ടങ്ങളിൽ പറഞ്ഞതുമാണ്. അവരും കുറേക്കാലം ചെയ്യാതിരിക്കാൻ ശ്രമിച്ചുവെങ്കിലും അവർക്കത് ചെയ്യേണ്ടതായിവന്നു. ബംഗാളിൽ ശ്രീ. ജ്യോതി ബസുവിന്റെ ഭരണകാലത്ത് ചെയ്തതിനുശേഷമാണ് ഇവരിത് ചെയ്തത്. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. കാരണം, 2003-ലെ ആക്ട് അനുസരിച്ച് അങ്ങനെ ചെയ്തേ മതിയാവൂ. ആ വസ്തുത മനസ്സിലാക്കണ്ടേ ? യു.ഡി.എഫ്. സ്വകാര്യവത്ക്കരണത്തിനു ശ്രമിച്ചുവെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞുവെന്നുമാത്രം. ഇതിന്റെ സ്റ്റേറ്റ്മെന്റ് ഈ സഭയിലുണ്ട്. നിങ്ങൾക്ക് ചെയ്യേണ്ടതായിവന്നുവെന്നത് ഞാൻ സമ്മതിക്കുന്നു. ഞാൻ സാധാരണ provocation ഉണ്ടാക്കുന്ന ആളല്ല.

10.00 AM]

ഞങ്ങൾ വൈദ്യുതി പുറത്തുനിന്നും വാങ്ങുന്നുവെന്ന് പറഞ്ഞു. വാങ്ങാതിരിക്കാൻ സാധിക്കുകയില്ല. ആകെ 1700 മെഗാ വാട്ട് വൈദ്യുതിയാണ് ഞങ്ങൾക്കുള്ളത്. നിവൃത്തിയില്ലാത്തപ്പോഴാണ് പതിനാലും പതിനഞ്ചും രൂപയ്ക്ക് കായംകുളത്തുനിന്നും വാങ്ങുന്നത്. കേന്ദ്ര ഗവൺമെന്റ് 1200, 1300 മെഗാ വാട്ട് വൈദ്യുതി നൽകുന്നുണ്ട്. 700, 800 മെഗാ വാട്ടിന്റെ ഷോർട്ടേജുണ്ട്. ഞങ്ങൾ ടെണ്ടർ ചെയ്യാതെ ഒരാളോടും വാങ്ങിയിട്ടില്ല. ഓപ്പൺ ടെണ്ടറിൽക്കൂടിയും പബ്ലിക് സെക്ടറിൽനിന്നും എത്രത്തോളം കിട്ടുമോ അതും വാങ്ങിയിട്ടുണ്ട്. അതല്ലാതെ വാങ്ങിയിട്ടില്ല. ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ വിമർശനത്തെക്കുറിച്ച് പറഞ്ഞു. ശരിയാണ്. ഷോർട്ട് ടേം ടെണ്ടറിനുപകരം ലോംഗ് ടേം ടെണ്ടർ വിളിക്കണമെന്ന് അവർ പറഞ്ഞു. അത് ശരിയാണ്. ലോംഗ് ടേം ടെണ്ടറിന്റെ ചില വ്യവസ്ഥകൾ പിന്നീടാണ് കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയത്. ആ വ്യവസ്ഥകൾ പ്രകാരം ആദ്യമായി ലോംഗ് ടേം എഗ്രിമെന്റ് ഉണ്ടാക്കിയത് ഞങ്ങളാണ്. ഇപ്പോൾ 25 കൊല്ലക്കാലത്തേയ്ക്കുവരെയുള്ള എഗ്രിമെന്റ് ഞങ്ങൾ ഉണ്ടാക്കി. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ റേറ്റ് നമ്മുടേതാണ്. സെൻട്രൽ ഗവൺമെന്റിന്റെ ഡയറക്ഷൻ അനുസരിച്ച് ഞങ്ങൾ ഉണ്ടാക്കിയ നിബന്ധനകളെ കേന്ദ്ര ഗവൺമെന്റ് പുകഴ്ത്തിയിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ഇവിടെ നമുക്ക് വലിയ പ്രോജക്ടുകളൊന്നും തുടങ്ങാൻ കഴിയില്ല. ഞങ്ങളുടെ 10-30 പ്രോജക്ടുകൾ കെട്ടികിടക്കുന്നുവെന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അതെല്ലാം ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ബാലന് അറിയാമെന്നാണ് എന്റെ വിശ്വാസം. ഭൂമി ഏറ്റെടുക്കാൻവേണ്ടി ഇപ്പോഴും നെഗോസിയേഷൻ നടക്കുകയാണ്. അതുപോലെ കുറെ സ്ഥലങ്ങളും 60 മെഗാ വാട്ടിന്റെ പള്ളിവാസൽ പദ്ധതിയുമുണ്ട്. ഇതൊക്കെയാണ് കെട്ടികിടക്കുന്നതെന്ന് ശ്രീ. എ. കെ. ബാലൻ പറയുന്നത്. അതിന്റെ കാരണം ബഹുമാനപ്പെട്ട എ. കെ. ബാലന് അറിയുമെന്നാണ് എന്റെ വിശ്വാസം. അതിന്റെ പ്രശ്നമെന്താണ് ? അതിന്റെ പ്രശ്നം ഒരു ഭാഗം ഒന്നിച്ച് ഇടിഞ്ഞു, വർക്ക് ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. സെൻട്രൽ ടീമിനെയും ശ്രീ. ഇ. കെ. ശ്രീധരനെയും എക്സ്പേർട്ട്സിനേയും കൊണ്ടുവന്നു നോക്കി. ഇപ്പോൾ ആ കോൺട്രാക്ടർ സാമ്പത്തികമായി തകർച്ചയിലാണ്. 15 ദിവസം മുൻപ് എല്ലാ ഉദ്യോഗസ്ഥരെയും കോൺട്രാക്ടർമാരെയും വിളിച്ച് ഒരു കോൺഫറൻസ് നടത്തി. ഞങ്ങൾ ഇത് ക്യാൻസൽ ചെയ്യുമെന്നും നിങ്ങൾക്ക് ഇത് ചെയ്യാനുള്ള സാമ്പത്തിക കഴിവില്ലായെന്നും ഞങ്ങൾ അവരോട് തുറന്നുപറഞ്ഞു. രണ്ടുമൂന്നു കമ്പനികൾ അങ്ങനത്തെ സാഹചര്യത്തിലാണ്. അതുകൊണ്ടാണ് ആ പ്രോജക്ടുകൾ കെട്ടിക്കിടക്കുന്നത്. 25 മെഗാ വാട്ടിന് താഴെയാണെങ്കിൽ കേരളത്തിന് ഫോറസ്റ്റ് എൻവയോൺമെന്റ് ക്ലിയറൻസിന്റെ ആവശ്യമില്ല. പക്ഷേ ഒരു മരം മുറിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വേണം. ബാക്കി പലതും ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിനു വേണ്ടി കിടക്കുകയാണ്. ഞങ്ങൾതന്നെ ഡി.പി.ആർ. ഉണ്ടാക്കിയതും ടെണ്ടർ ചെയ്തതുമായ കുറെ കാര്യങ്ങളുമുണ്ട്. അതും ചെയ്യാൻ കഴിയുന്നില്ല. 199 മെഗാ വാട്ടിന്റെ ചെറുകിട ജലസേചന പദ്ധതികൾ ഇപ്പോൾ ongoing ആണ്. അതിൽ കുറെ നിങ്ങളുടെ കാലത്തും കുറെ ഞങ്ങളുടെ കാലത്തും ഉണ്ടാക്കിയതാണ്. ഞങ്ങളുടെ കാലത്ത് ഉണ്ടാക്കിയ കുറ്റ്യാടി പോലുള്ള പദ്ധതികളൊക്കെ നിങ്ങളാണ് ഉദ്ഘാടനം ചെയ്തത്. ഞാൻ കുറ്റപ്പെടുത്തുകയല്ല. ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് ക്ലിയറൻസ് കിട്ടാത്തതിന്റെ പ്രയാസം നിങ്ങൾക്കും ഞങ്ങൾക്കും ഉണ്ടായി. ഇതൊക്കെയാണ് കെട്ടികിടക്കാനുണ്ടായ കാരണങ്ങൾ. അതാണ് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. താരിഫ് വർദ്ധനവ് സംബന്ധിച്ചാണെങ്കിൽ 2012-13-ലെ സി. ആന്റ് എ.ജി.-യുടെ ആഡിറ്റ് റിപ്പോർട്ടനുസരിച്ച് നമ്മുടെ നഷ്ടത്തിന്റെ സ്ഥിതി എത്രയാണെന്ന് നിങ്ങൾക്ക് അറിയാമോ ? നമ്മുടെ ടോട്ടൽ റവന്യൂവിന്റെ 102 ശതമാനമാണ് വെളിയിൽ നിന്നും പവ്വർ പർച്ചേസ് ചെയ്യാൻ ചെലവഴിച്ചത്. കടമില്ലാതാക്കാൻ ലോഡ് ഷെഡിംഗ് നടത്തിയാൽ മതിയെന്ന് ഞങ്ങൾക്കറിയാം. ഈ ഭാരിച്ച പണം കൊടുത്ത് വാങ്ങേണ്ട കാര്യവുമില്ല. ജനങ്ങളോട് ബാദ്ധ്യതയുള്ളതുകൊണ്ടാണ് ഞങ്ങൾ ലോഡ്

LIBRARY ARCHIVES Kerala Legislative Assembly

ഷെഡിംഗ് ഏർപ്പെടുത്താതെ വലിയ വിലയ്ക്ക് പവ്വർ വാങ്ങി വിതരണം ചെയ്യുന്നത്. ശ്രീ. എ. കെ. ബാലൻ, ഞാൻ കുറ്റപ്പെടുത്തുകയല്ല. അങ്ങയുടെ കാലത്തെ 2008-2009-ൽ ഒരു കൊല്ലം എത്ര ദിവസം ഇവിടെ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായി ? അത്രയും ദിവസമൊന്നും ഞങ്ങൾ ചെയ്തിട്ടില്ല. ഒരു വർഷത്തിലും ചെയ്തിട്ടില്ല. ഇക്കൊല്ലം ലോഡ് ഷെഡിംഗ് ഇല്ലാതിരിക്കാൻ കാരണം ഞങ്ങൾ നേരത്തെ ടെണ്ടർ ചെയ്ത് കുറെ പവ്വർ വാങ്ങാൻ തീരുമാനിച്ചു. ഇവിടെ ഇതുകഴിഞ്ഞാൽ താരിഫ് വർദ്ധിപ്പിക്കുമെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. ശ്രീ. എ. കെ. ബാലൻ, ഇനി ശ്രീ. ആര്യാടൻ മുഹമ്മദ് താരിഫ് വർദ്ധിപ്പിക്കുകയില്ല. യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട. പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞാൽ ഉടനെ ഇവിടെ താരിഫ് വർദ്ധിപ്പിക്കും ചാർജ് കൂട്ടുമെന്ന് പറഞ്ഞു. ഉറപ്പിച്ച് ഞാൻ പറയുന്നു, വർദ്ധിപ്പിക്കില്ല. താരിഫ് ഇനി വർദ്ധിപ്പിക്കരുതെന്ന കാര്യത്തിൽ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നിങ്ങളെക്കാൾ നിർബന്ധമാണ്. അതിനുള്ള ആപ്ലിക്കേഷൻ ഉണ്ട്. ശരിയാണ്. എ.ഐ.ആർ. വരവ് ചെലവ് കണക്ക് നവംബർ മാസം 30-ാം തീയതിക്ക് മുൻപ് റെഗുലേറ്ററി കമ്മീഷനു മുൻപിൽ ഫയൽ ചെയ്യണം. അത് സെൻട്രൽ ആക്ടിലുള്ളതാണ്. നവംബർ മാസത്തിന് മുൻപായി ഫയൽ ചെയ്തിട്ടില്ലെങ്കിൽ റെഗുലേറ്ററി കമ്മീഷന് എ.ഐ.ആർ-ൽ വരവുചെലവ് കണക്ക് നമ്മൾ കൊടുക്കും. ആ കണക്കിൽ കമ്മിയുണ്ടെങ്കിൽ ആ കമ്മി എങ്ങനെ നികത്തുമെന്ന് പറയാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. അത് നിങ്ങളുടെ കാലത്തും ഉണ്ടായി. നിങ്ങളും എ.ഐ.ആർ. നൽകിയിട്ടുണ്ട്. അതിനുള്ള പ്രതിവിധികൾ നിങ്ങളും നിർദ്ദേശിച്ചിരുന്നു. ആ നിർദ്ദേശം തന്നെയാണ് ഞങ്ങളും ചെയ്തത്. പക്ഷേ ഒരു കാര്യം, ഞങ്ങൾ ചെയ്യുന്നതും നിങ്ങൾ ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. വരുമാനത്തിന്റെ 102 ശതമാനം പവ്വർ പർച്ചേസ് ചെയ്യാൻവേണ്ടി വിനിയോഗിക്കുകയാണ്. അതിനുപുറമേ ശമ്പളവും പെൻഷനും കൊടുക്കണം. ഒരു ദിവസംപോലും പെൻഷൻ തെറ്റിക്കുന്നില്ല.

<u>ശ്രീ. സി. ദിവാകരൻ</u> : ഈ ഗവൺമെന്റ് മാറുന്നതുവരെ താരിഫ് വർദ്ധിപ്പിക്കില്ലായെന്ന് അങ്ങ് പറഞ്ഞു. അത് വളരെ ശരിയാണ്. പക്ഷേ സർചാർജായും സെക്യൂരിറ്റിയായും വലിയ തുക വരുന്നുണ്ട്. അതിന് കാരണമെന്താണ്?

<u>Shri Aryadan muhammed</u> : I am coming to that point. ഇത് ഇവിടെ ആദ്യമായി ഏർപ്പെടുത്തിയത് ഞാനല്ല. ആരാണെന്ന് ഞാൻ പറയുന്നുമില്ല. ഞാൻ പ്രവോക്കേറ്റ് ചെയ്യാനില്ല. ആവശ്യത്തിൽക്കൂടുതൽ പവ്വർ വാങ്ങിയാൽ ആ പവ്വറിന്റെ വില കോമ്പൻസേറ്റ് ചെയ്യാൻ തെർമൽ സർചാർജ് എന്നു പറഞ്ഞുകൊണ്ട്, ഇത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്റെ കാലത്തുമാത്രമല്ല നിങ്ങളുടെ കാലത്തുമുണ്ടെന്ന് എന്തിനാണ് എന്നെക്കൊണ്ട് പറയിപ്പിക്കുന്നത് ? എന്നാൽ ഞങ്ങൾ ഇപ്പോൾ തെർമൽ സർചാർജ്ജം വർദ്ധിപ്പിക്കാൻ പോകുന്നില്ല. ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം വർദ്ധിപ്പിച്ചു. താരിഫ് ആണെങ്കിലും തെർമൽ സർചാർജ് ആണെങ്കിലും അതിന്റെ വരവു-ചെലവ് കണക്കുകൾ സംബന്ധിച്ച വിവരം ഇലക്ട്രിസിറ്റി റഗ്ഗലേറ്ററി കമ്മീഷനെ അറിയിക്കും. അതിൽ കമ്മി വന്നാൽ എങ്ങനെ നികത്തുമെന്നു പറയാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. എന്നാൽ ഞങ്ങൾ നടപ്പാക്കാൻ പോകുന്നില്ല. കാരണം ഇതു നിങ്ങളും ചെയ്തിട്ടുണ്ട്, ഞങ്ങളും ചെയ്തിട്ടുണ്ട്. അങ്ങനെ കൊടുത്തിട്ടുണ്ട്. നിങ്ങളും നടപ്പാക്കിയിട്ടില്ല. ഞങ്ങളും നടപ്പാക്കില്ല. ആ പ്രശ്നം തീർന്നില്ലേ, എന്നു മാത്രമല്ല ഒരു കാര്യംകൂടി ഞാൻ പറയുന്നു. ഇത് സാധാരണക്കാരനെ ബാധിക്കില്ല. ശ്രീ. എ. കെ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ചിലപ്പോൾ ശരിയായിരിക്കും. മീറ്റർ തകരാറായാലും തുക കൂടുകയും കുറയുകയും ചെയ്യാം. ശ്രീ. എ. കെ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ച വട്ടിയൂർക്കാവിലെ ആ ബിൽ തന്നാൽ ഞാൻ പ്രത്യേകം പരിശോധിക്കാം. പക്ഷേ അത് ആർക്കാണ് വർദ്ധിച്ചതെന്നറിയുമോ ? മാസം 7000 രൂപ അടയ്ക്കുന്നവനാണ് വർദ്ധിച്ചത്. ബാലന്റെ ബില്ലുതന്നെ അതാണ്. ബാലൻ പ്രസംഗിച്ചതും അതാണ്. 7000 രൂപ വച്ച് മാസംതോറും അടയ്ക്കുന്നവർക്കാണ് തുക വർദ്ധിച്ചത്. അത് വർദ്ധിക്കും. അതു തന്നെയാണ് ഞങ്ങളുടെ നയം. അതേയവസരത്തിൽ 120 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഞങ്ങൾ ഇപ്പോഴും സബ്സിഡി കൊടുക്കുന്നു. നിങ്ങളുടെ കാലത്ത് ഒരു പൈസയെങ്കിലും സബ്സിഡി കൊടുത്തോ? ഞങ്ങൾ സബ്സിഡി കൊടുക്കുന്നു. എന്നു മാത്രമല്ല അതിനുവേണ്ടി ഓരോ വർഷവും 350 കോടിയോളം രൂപ സർക്കാർ മാറ്റിവയ്ക്കുകയാണ്. പാവപ്പെട്ടവരിൽ 80 ശതമാനവും 120 യൂണിറ്റിൽ താഴെയാണ് വൈദ്യുതി ഉപയോഗിക്കുന്നത്. അവർക്കുവേണ്ടി ഓരോ വർഷവും 350 കോടി രൂപയാണ് കേരള ഗവൺമെന്റ് അടയ്ക്കുന്നത്. അതേയവസരത്തിൽ വൈദ്യുതി ഉപയോഗം ഉയർന്നവർക്കുകൂടും. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ, കേന്ദ്രം ഭേദഗതി നിയമം കൊണ്ടുവന്നല്ലോ, ആ ഭേദഗതിയുടെ യഥാർത്ഥ ലക്ഷ്യം ക്രോസ് സബ്സിഡി ഒഴിവാക്കലാണ്. ഈ ക്രോസ് സബ്സിഡി ഒഴിവാക്കികഴിഞ്ഞാൽ വളരെയധികം താരിഫ് വർദ്ധിപ്പിക്കേണ്ടതായിവരും. ഒരു സംശയവും നിങ്ങൾക്കുവേണ്ട. മാത്രമല്ല ഇതു മുഴുവൻ സ്വകാര്യ മേഖലയിലേക്കുപോകും. അതിനിടയ്ക്കു പറഞ്ഞു വി.എസ്.എൻ-ന് കൊടുക്കണമെന്ന്. വി.എസ്.എൻ. കൊടുക്കാതിരുന്നിട്ടില്ല. വി.എസ്.എൻ-നും, ആവശ്യമുണ്ടെങ്കിൽ ആർക്കുവേണമെങ്കിലും കൊടുക്കും. 4 ജി വന്നപ്പോൾ

ചിലയാളുകൾ അതിനെ എതിർത്തു. 4 ജി നമ്മുടെ നാട്ടിൽ ആവശ്യമില്ലേ. അതുവന്നപ്പോൾ എല്ലാത്തിനേക്കാളും കൂടുതൽ തുക അതിനുകിട്ടും, അത് ശരിയാണ്. 311 രൂപ ഞങ്ങൾ നേരത്തേ തീരുമാനിച്ചതാണ്. അതേയവസരത്തിൽ ചെറിയ ഓപ്പറേറ്റേഴ്സിനും മറ്റും രൂപ കുറച്ചു. അത് ശരിയാണ്. 250 രൂപയാക്കിയ സ്ഥാനത്ത് വി.എസ്.എൻ-ന് 311 രൂപയാക്കികൊടുത്തു. ഇനി അവർക്ക് അഞ്ചുകൊല്ലം വേണം. അഞ്ചുവർഷത്തേക്കുള്ള തുകയും കൊടുത്തു. ഈ റേറ്റിൽ ആരുവന്നാലും കൊടുക്കാൻ തയ്യാറാണ്. ഇനിയുള്ള പന്തീരായിരം പോസ്റ്റും അവർക്ക് കൊടുത്തു. അവർ ഇപ്പോൾ എണ്ണായിരം പോസ്റ്റ് കൂടി വേണമെന്നു പറഞ്ഞു. കൊടുക്കും. നമുക്കെന്താ നഷ്ടം. വേറെ ആരു വന്നാലും അവർക്കും കൊടുക്കും.

ശ്രീ. ജി. സുധാകരൻ : സർ, ഓർഡർ എന്നാണ് ഇറക്കിയത്? എന്താണ് ആ സബ്സിഡി ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സബ്സിഡി എന്നുപറഞ്ഞാൽ 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് അന്നത്തെ വർദ്ധനവ് ഇല്ല, നേരത്തേയുള്ള റേറ്റിൽത്തന്നെ കൊടുക്കാൻ തീരുമാനിച്ചു. അത് ഇപ്പോഴും നൽകികൊണ്ടിരിക്കുന്നു. അതിന് ഒരുവർഷം 350 കോടി രൂപയിലധികം വരും. ഇപ്പോൾ കുറച്ചുകൂടിയിട്ടുണ്ട്. അതിന്റെ ഫലമായി ഈ മൂന്നുവർഷംകൊണ്ട് 1200 കോടി രൂപ പാവങ്ങൾക്കുവേണ്ടി സബ്സിഡി കൊടുത്തത് ഈ ഗവൺമെന്റാണ്. അത് നിങ്ങൾ ആലോചിക്കണം. ഞാൻ കുറ്റപ്പെടുത്തുകയല്ല. അന്നത്തെ സാമ്പത്തിക പ്രതിസന്ധിയായിരിക്കാം അല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യമായിരിക്കാം. നിങ്ങൾ കൊടുത്തില്ലെന്നു മാത്രമല്ല ഞാൻ 20 പൈസ കുറച്ചുകൊണ്ടാണ് പോയത്. പക്ഷേ അതിന് സബ്സിഡി കൊടുക്കാമായിരുന്നു. നിങ്ങൾ ആ 20 പൈസ എടുത്തുകളഞ്ഞ്, വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഞാൻ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. യാഥാർത്ഥ്യം ഓർമ്മപ്പെടുത്തുന്നുവെന്നു മാത്രമേയുള്ളൂ. കണക്ഷൻ കട്ട് ചെയ്യുന്നുവെന്ന് ഇവിടെ പറഞ്ഞു. ശരിയാണ് പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി 20 യൂണിറ്റുവരെ ഫ്രീയാണ്. എസ്.സി/എസ്.റ്റി. വിഭാഗക്കാർക്കും പണമടയ്ക്കേണ്ടതില്ല. ശ്രീ. ഉമ്മൻ ചാണ്ടി കഴിഞ്ഞ തവണ മുഖ്യമന്ത്രിയായ സമയത്താണ് ഇത് നടപ്പാക്കിയത്. അത് ഇന്നും തുടരുകയാണ്. നിശ്ചിത യൂണിറ്റിൽക്കൂടുതൽ ഉപയോഗിക്കുമ്പോൾ കട്ട് ചെയ്യേണ്ടിവരും. നിങ്ങളുടെ കാലത്തും അതുതന്നെയാണ് ചെയ്തിരിക്കുന്നത്. ഇതിൽക്കൂടുതൽ കൺസഷൻ കൊടുത്തിട്ടില്ല. എന്നാൽ വാസ്തവത്തിൽ ഒരുകാര്യം കൂടി ശ്രീ. ബാലനെ അറിയിക്കുകയാണ്. എസ്.സി/എസ്.റ്റി. വിഭാഗക്കാരുടെ കാര്യത്തിലും ചില വിട്ടുവീഴ്ചകൾ ചെയ്യണം. അവർക്ക് രണ്ട് എൽ.ഇ.ഡി. ബൾബുകൾ കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. അത് കൊടുത്തുകഴിഞ്ഞാൽ അവരുടെ വൈദ്യുതി ഉപഭോഗം വളരെ കുറയും. അതാണ് ഇതിനുള്ള പ്രതിവിധിയായി ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിന് കുറച്ച് ചെലവുവരും. ആ ചെലവ് കെ.എസ്.ഇ.ബി. വഹിക്കുന്നതാണ്. അതിനുള്ള ആലോചനകളും പരിപാടികളും ഞങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, എൽ.ഇ.ഡി. ബൾബുകൾ നൽകുമ്പോൾ പഴയ ബൾബുകൾ തിരിച്ചുവാങ്ങാൻ ഏർപ്പാടുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇവിടെ ചോദിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇല്ലെങ്കിൽ അത് വീണ്ടും ഉപയോഗിക്കുമെന്നതുകൊണ്ട് തിരിച്ചുവാങ്ങുകയാണ് ചെയ്യുന്നത്. 60 വാട്സിന് പകരം ഇപ്പോൾ എട്ടോ ഒമ്പതോ വാട്സാണ് വരുന്നത്. ഈ ബൾബുകൾ പിന്നീട് ഉപയോഗിച്ചാൽ വേറെ ഒരുപാട് പ്രശ്നങ്ങളുണ്ടാകും.

ശ്രീ. എസ്. ശർമ്മ : സർ, അങ്ങ് പറഞ്ഞത് 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പഴയനിരക്ക് തുടരുമെന്നുള്ളതല്ലേ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ആളുകൾക്ക് ഒന്നാമത്തെ താരിഫ് വർദ്ധന വന്നസമയത്ത് അവരെ ഒഴിവാക്കിക്കൊടുത്തു. ആ ഒഴിവാക്കൽ ഇപ്പോഴും തുടരുന്നു. അത് മാത്രം 1200 ഓളം കോടി രൂപ വരുന്നുണ്ട്. എല്ലാ താരിഫ് റിവിഷനും ഒഴിവാക്കുന്നില്ല. അതിൽക്കൂടുതൽ ചെയ്യാൻ സാധിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, കെ.എസ്.ആർ.ടി.സി. ചാർജ് വർദ്ധനവ് വന്നപ്പോൾ മിനിമം ചാർജ് വർദ്ധിപ്പിച്ചില്ല. വർദ്ധനവ് ബാധകമാക്കിയില്ലെന്നതേയുള്ളൂ. അതെങ്ങനെയാണ് സബ്സിഡിയാകുന്നത് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സെൻട്രൽ ആക്ടിന്റെ സെക്ഷൻ 65 അനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ഒരു താരിഫ് നിജപ്പെടുത്തിക്കഴിഞ്ഞാൽ അത് മാറ്റാൻ സെൻട്രൽ ഗവൺമെന്റിനും സ്റ്റേറ്റ് ഗവൺമെന്റിനും അധികാരമില്ല. അതിനുള്ള പ്രതിവിധി സെക്ഷൻ 65-ൽ പറയുന്നത് ആ സംഖ്യ വേണമെങ്കിൽ സർക്കാരിന് സബ്സിഡൈസ് ചെയ്യാമെന്നാണ്. അത് കേരള ഗവൺമെന്റ് സബ്സിഡൈസ് ചെയ്തിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, 40 യൂണിറ്റുവരെ ഒരു രൂപ പതിനഞ്ച് പൈസയുണ്ടായിരുന്നത് ഇപ്പോൾ രണ്ടു രൂപ എൺപത് പൈസയായി. 41 മുതൽ 80 യൂണിറ്റുവരെ ഒരു രൂപ തൊണ്ണൂറ് പൈസയുണ്ടായിരുന്നത് ഇപ്പോൾ മൂന്ന് രൂപ ഇരുപത് പൈസയായി. 81 മുതൽ 120 യൂണിറ്റുവരെ 2 രൂപ 40 പൈസയുടെ സ്ഥാനത്ത് 4 രൂപ 20 പൈസയാണ്. ഇതിൽ എന്തെങ്കിലും കുറവുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അതാണ് ഞാൻ പറഞ്ഞത്. ഒന്നാമത്തെ വർദ്ധനവുകൊണ്ട് 1290 കോടി രൂപ കിട്ടിയിട്ടുണ്ട്. ആ 1290 കോടി രൂപയിൽ നിന്നാണ് മൂന്നുകൊല്ലമായി 1200 കോടി രൂപ മുടക്കുന്നത്. ഒരു വർഷം 300-ൽപ്പരം കോടി രൂപ ഇതിനായി കൊടുത്തു. രണ്ടാമത്തെ വർദ്ധനവുമൂലം 680 കോടി രൂപ കിട്ടി. മൂന്നാമത്തെ വർദ്ധനവ് 1022 കോടി രൂപകിട്ടി. ഇതെല്ലാം കൂടി കൂട്ടുമ്പോൾ 2990 കോടി രൂപയാണ്. ബഹുമാനപ്പെട്ട ബാലൻ പറയുന്നത്, 4500 കോടി രൂപയെന്നാണ്. 2990 കോടി രൂപയാണ്. ഇതിൽ 1200 ഓളം കോടി രൂപ ഗവൺമെന്റ് സബ്സിഡി കൊടുത്തതാണ്. ബോർഡിന് കിട്ടി, ഗവൺമെന്റ് കൊടുത്ത സബ്സിഡിയാണ്. അതുകഴിഞ്ഞാൽ ആയിരത്തിൽ ചില്വാനം കോടി രൂപയേ വരുന്നുള്ളൂ. അതായത് 2990 രൂപയിൽ നിന്നും 1200 കുറച്ചുകഴിഞ്ഞാൽ 1790 കോടി രൂപയേ വരൂ. 4500 കോടി രൂപ വരില്ല.

ജലനിധി പദ്ധതിക്ക് ഞാനാണ് ആദ്യം ഓർഡർ ഇട്ടത്. ജലനിധി പദ്ധതി ഉദ്ഘാടനം ചെയ്യാൻചെന്ന സന്ദർഭത്തിൽ കിട്ടിയ ബിൽ വലിയതായിരുന്നു. പത്തുനാല്പത് വീട്ടുകാർ ചേർന്നാണ് ഈ പദ്ധതി നടത്തുന്നത്. കുടിവെള്ള പദ്ധതിക്കു വേണ്ടി ഞാൻ അന്ന് അവിടെ വച്ചുതന്നെ തീരുമാനിക്കുകയും ബോർഡ് ഓർഡർ ഇറക്കുകയുംചെയ്തു. അതിന്റെ റേറ്റ് അന്നത്തെ ബി.പി.എൽ. കുടുംബങ്ങൾക്കുള്ള താരിഫ് റേറ്റാക്കി കുറച്ചുകൊണ്ട് ആദ്യത്തെ ഉത്തരവിറക്കി. അതിനുശേഷം കുടിവെള്ള പദ്ധതിക്ക് താങ്കൾ വേറെ ചില ഉത്തരവുകൾ ഇട്ടിട്ടുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ അത് ഞങ്ങളാണ് ചെയ്തതെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുന്നു.

കോൾ ബെയ്സ്ഡ് പ്ലാന്റിനെക്കുറിച്ച് പറഞ്ഞു. വളരെ ശരിയാണ്. ഞാൻ രാഷ്ട്രീയവൽക്കരിക്കുന്നില്ല ശ്രീ. എ. കെ. ബാലൻ. അങ്ങ് ഇതിന് അനുകൂലമാണെന്ന് എനിക്കറിയാം. ആരാണ് ഇതിന് എതിരെന്ന് എനിക്കുമറിയാം, അങ്ങേയ്ക്കുമറിയാം. ഞാൻ അത് പറയുന്നില്ല. അത്രയും മാത്രമേ ഞാൻ പറയുന്നുള്ളൂ. ആ പ്രോജക്ട് നമുക്ക് അത്യാവശ്യമാണ്. അത് വന്നാൽ മൂന്നര രൂപയ്ക്ക് വൈദ്യുതികിട്ടും. ബഹുമാനപ്പെട്ട എ. കെ. ബാലൻ വൈതരണി പ്രോജക്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. വൈതരണി പ്രോജക്ട് നാലുവർഷം നിങ്ങളുടെ സമയത്തായിരുന്നു. അതുകഴിഞ്ഞ് ഒരു വർഷമാണ് ഞങ്ങൾ വന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, 25 മിനിട്ടായി.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ നിർത്തുകയാണ്. അത് നിങ്ങളുടെ കുഴപ്പം കൊണ്ടുമല്ല, ഞങ്ങളുടെ കുഴപ്പം കൊണ്ടുമല്ല. ഒറീസ്സാ ഗവൺമെന്റ് തയ്യാറായില്ല. ഒറീസാ ഗവൺമെന്റ് സമ്മതിച്ചിട്ടുമില്ല. എന്നുമാത്രമല്ല, ഒറീസ്സാ ഗവൺമെന്റ് അന്നത്തെ പ്രധാനമന്ത്രിക്ക് അയച്ച കത്തിന്റെ കോപ്പി ഞാൻ കണ്ടിട്ടുണ്ട്. ആ കത്തിൽ പറയുന്നത് എന്താണെന്നറിയാമോ; 'കേരളം ഇന്ത്യോനേഷ്യയ്ക്കടുത്താണ്. അവർക്ക് അവിടെനിന്നും ഇറക്കുമതിചെയ്യാം. ഇതെല്ലാം ഞങ്ങൾക്ക് തരണം എന്നാണ്.' ഗുജറാത്തിനും കേരളത്തിനും ഒറീസയ്ക്കും വേണ്ടിയാണ് അന്ന് ആ എഗ്രിമെന്റുണ്ടാക്കിയത്. അവർക്കും ലഭിച്ചില്ല. ഗുജറാത്തിലെ അന്നത്തെ മുഖ്യമന്ത്രിയാണ് ഇന്ത്യയുടെ ഇന്നത്തെ പ്രധാനമന്ത്രി. ഞങ്ങൾ ഇപ്പോഴും ശ്രമിക്കുകയാണ്. കിട്ടിയാൽ ഇവിടെ കൊണ്ടുവന്ന് പ്ലാന്റുണ്ടാക്കും. ആ പ്രശ്നത്തിന് പരിഹാരം വേണ്ടേ; ഞങ്ങൾ അതിന് ആൾ പാർട്ടി യോഗം കൂടാൻ തയ്യാറാണ്. ആൾ പാർട്ടി യോഗം കൂടി ഒരു തീരുമാനമെടുക്കാൻ ഞങ്ങൾ തയ്യാറാണ്. ഇനി അവിടെനിന്നും ലഭിച്ചില്ലെങ്കിൽ ചീമേനിയിൽ കോൾ പ്ലാന്റുണ്ടാക്കാൻ ആൾ പാർട്ടി മീറ്റിംഗ് കൂടി സമ്മതിക്കുകയാണെങ്കിൽ ഇന്തോനേഷ്യയിൽനിന്നും ഇറക്കുമതി ചെയ്താലും നാലുരൂപയിൽക്കൂടുതൽ വരില്ല എന്നത് സത്യമാണ്. ഒരു കോൾ പ്രോജക്ട് ഇല്ലാതെ കേരളത്തിന്റെ ഇലക്ട്രിസിറ്റി പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. അവിടെനിന്നും ഉന്നയിച്ച കുറേ കാര്യങ്ങളെക്കുറിച്ച് ഏകദേശം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതൊക്കെ എന്നെക്കാൾക്കൂടുതൽ അറിയാവുന്ന ഒരാളാണ് ശ്രീ. എ. കെ. ബാലൻ. അതിൽ മാത്രമേ എനിക്ക് പ്രയാസമുള്ളൂ. ശ്രീ. എ. കെ. ബാലന്റെ പല നിർദ്ദേശങ്ങളും ഞാൻ സ്വീകരിക്കുന്നു. പക്ഷേ ഇത് സഭനിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ സംസാരം കേട്ടാൽ, യാതൊരു കുഴപ്പവുമില്ല എന്നത് സ്ഥാപിക്കാൻ അദ്ദേഹത്തിനുള്ള കഴിവ് അപാരം തന്നെയാണ്. പക്ഷേ വസ്തുത നേരെ മറിച്ചാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു അറിയിപ്പ് വന്നിരുന്നു. അതുപ്രകാരം ഉപഭോക്താക്കളിൽനിന്ന് ഉയർന്നനിരക്കിൽ ഫ്യൂവൽ സർചാർജ് ഈടാക്കാൻ പോകുന്നുവെന്ന് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മെമ്പർ, ഞാൻ പറഞ്ഞത് നവംബർ മാസത്തിനുമുമ്പ് നമ്മുടെ വരവ്-ചെലവ് കണക്ക് കൊടുക്കണം, അതിൽ കമ്മി വന്നാൽ കമ്മി എങ്ങനെ നികത്തുമെന്നുപറയണം എന്നാണ്. അത് പറയാതിരിക്കാൻ പറ്റില്ല. അല്ലെങ്കിൽ അവർക്ക് suo-moto ആയി ഇത് എടുക്കാനും തീരുമാനിക്കാനും അധികാരമുണ്ട്. അത് അപ്പലേറ്റ് ട്രിബ്യൂണലിന്റെ വിധിയാണ്. അതുവച്ച് ഇത് കൊടുക്കുന്നുവെന്നേയുള്ളൂ. ഞാൻ ധൈര്യമായി പറയുന്നു ഇത് വന്നാലും ഒരിക്കലും ഇവിടത്തെ ഉപഭോക്താക്കളെ ബാധിക്കില്ല. അതിന് ഗവൺമെന്റ് സമ്മതിക്കില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അങ്ങനെ വന്നാൽ സംസ്ഥാന ഗവൺമെന്റ് സർചാർജ് ഒഴിവാക്കാൻ സബ്സിഡി കൊടുക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സബ്സിഡി കൊടുക്കേണ്ടിവന്നാൽ അതാലോചിക്കാം. വർദ്ധിപ്പിക്കാതിരിക്കാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അതും ചെയ്യും. ഒരു കാര്യം ബഹുമാനപ്പെട്ട സഭയ്ക്ക് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോഴത്തെ പെറ്റീഷന്റെ അടിസ്ഥാനത്തിൽ ഒരു വർദ്ധനവും ഉണ്ടാകില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരെ സർചാർജ് വർദ്ധിപ്പിക്കില്ല, ചാർജ് വർദ്ധിപ്പിക്കില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയ്ക്ക് ഉറപ്പുനൽകുമെങ്കിൽ ഞങ്ങൾ അത് അംഗീകരിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങേയ്ക്ക് എന്നോടുള്ള വിശ്വാസത്തെക്കാൾ കൂടുതൽ എനിക്ക് അങ്ങയെ വിശ്വാസമാണ്. അതുകൊണ്ട് ഞാൻ ഉറപ്പിച്ചുപറയുകയാണ് ഒരുനിലയ്ക്കും കൺസ്യൂമേഴ്സിനെ ബാധിക്കുന്ന രൂപത്തിലുള്ള ഒരുകാര്യവും ഞങ്ങൾ ചെയ്യില്ല.

IV ശ്രദ്ധ ക്ഷണിക്കൽ

1. മത്സ്യസമൃദ്ധി പദ്ധതി

ശ്രീ. ആർ. സെൽവരാജ് : സർ, കേരളത്തിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ശ്രദ്ധക്ഷണിക്കൽ. മത്സ്യോല്പാദനത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിനാണ്. രാജ്യത്തെ ആകെ ഉല്പാദനത്തിന്റെ 30 ശതമാനം സംസ്ഥാനത്തിന്റെ സംഭാവനയാണ്. രാജ്യത്തെ ആളോഹരി മത്സ്യ ഉപഭോഗം 9.5 കിലോഗ്രാമാണ്. ലോകത്തെ ആളോഹരി മത്സ്യ ഉപഭോഗം 16 കിലോഗ്രാമാണ്. മനുഷ്യന്റെ ആരോഗ്യത്തിനും പ്രതിരോധശക്തിക്കും മത്സ്യ ഉപഭോഗം ഉത്തമമാണ്. കേരളത്തിലെ 11 ലക്ഷത്തിലധികംവരുന്ന തീരദേശ

ജനതയുടെ ഉപജീവനമാർഗ്ഗവുമാണ് മത്സ്യബന്ധനം. കേരളത്തിലെ മത്സ്യ ഉപഭോഗം ലോകത്തെ ആളോഹരി മത്സ്യ ഉപഭോഗത്തെക്കാൾ വളരെ കൂടുതലാണ്. കടൽ മത്സ്യങ്ങളുടെ ഉല്പാദനം കൊണ്ടുമാത്രം നമ്മുടെ ആവശ്യകത സമ്പൂർണ്ണമാകുന്നില്ല. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യോല്പാദനം ഒട്ടനവധി തൊഴിലവസരങ്ങൾ ഒരുക്കമെന്ന് മാത്രമല്ല കർഷകർക്ക് നല്ല വരുമാനവും നേടിത്തരുന്നു. കേരളത്തിലെ 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളിലെ ഏതാണ്ട് അരലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നുവെന്നാണ് ലഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ജലാശയങ്ങളുടെ പരമാവധി 35 മുതൽ 45 ശതമാനം വരെ മാത്രമേ ഇപ്പോൾ ഉപയുക്തമായിട്ടുള്ളൂ. പ്രതിവർഷം 1.17 ലക്ഷം ടൺ മത്സ്യോല്പാദനമാണ് ഉൾനാടൻ ജലാശയങ്ങളിൽനിന്ന് ഇപ്പോൾ ലഭിക്കുന്നത്. ഉൾനാടൻ മത്സ്യോല്പാദനം ഇരട്ടിയാക്കുന്നതിനായി 2012-13-ൽ സർക്കാർ200 കോടി രൂപയോളം ചെലവുവരുന്ന മത്സ്യസമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയതുവഴി 450 കോടിരൂപയുടെ അധികവരുമാനം മത്സ്യ കർഷകർക്ക് ലഭിച്ചുവെന്ന് കാണാൻ സാധിക്കും. 2 ലക്ഷത്തോളം പേർക്ക് ഇതിന്റെ ഗുണഭോക്താക്കളാകാനും കഴിഞ്ഞിട്ടുണ്ട്. 2012-13-ൽ ആരംഭിച്ച ഈ പദ്ധതി 2015-ൽ അവസാനിപ്പിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ സ്വീകരിച്ച് ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉല്പാദനക്ഷമത വർദ്ധിപ്പിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മത്സ്യസമൃദ്ധി പദ്ധതി വീണ്ടും നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. പദ്ധതിക്കായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മത്സ്യകർഷകരുടെ അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈ പ്രദേശത്തെ നിർദ്ധനരായ കർഷകർക്ക് സബ്സിഡി അനുവദിച്ച് ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ. ശിവദാസൻ നായർ)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, നമ്മുടെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപകമായി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്ത് 2012-15 കാലഘട്ടത്തിലേയ്ക്കുവേണ്ടി മത്സ്യസമൃദ്ധി പദ്ധതി നടപ്പാക്കിയത്. 53 കോടിരൂപ ചെലവഴിച്ച് 12,000 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി 20 ലക്ഷം തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

24 ലക്ഷം തൊഴിൽദിനങ്ങൾ നൽകാൻ കഴിഞ്ഞു. 12,000 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടത്താൻ തീരുമാനിച്ചുവെങ്കിലും 12319 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി വ്യാപിപ്പിക്കാനും സാധിച്ചു. അതുപോലെത്തന്നെ 750 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലക്ഷ്യമിട്ടത്. 930 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചു. ഈ പദ്ധതി ജനകീയമാക്കിമാറ്റാൻ സാധിച്ചുവെന്നുള്ളതാണ് മത്സ്യസമൃദ്ധി പദ്ധതി ഒന്നാംഘട്ടത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. പദ്ധതി നടപ്പിലാക്കുന്നതു വഴി ഒന്നരലക്ഷം ടൺ ആയിരുന്ന മത്സ്യോല്പാദനം രണ്ടരലക്ഷം ടണ്ണായി ഉയർത്താൻ സാധിച്ചു. അതായിരുന്നു ലക്ഷ്യം. 7038 കർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുകയും ചെയ്തു. ഈ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിപുലമായരീതിയിൽ മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാംഘട്ടം 2015-18 കാലയളവിൽ നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. ഇതിൽ മത്സ്യ കർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നതാണ്. ഒന്നാംഘട്ടത്തിൽത്തന്നെ മത്സ്യവിത്ത്, മത്സ്യത്തീറ്റ, മത്സ്യകൃഷിക്കുള്ള ഇൻഷ്വറൻസ് എന്നിവ സർക്കാർ ചെലവിലാണ് നടപ്പിലാക്കിയത്. ഇത്തവണ കൂടുതൽ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് ലഭിക്കത്തക്ക രീതിയിലാണ് പദ്ധതിയുടെ രണ്ടാംഘട്ടം വിഭാവന ചെയ്യുന്നത്. ഇതിൽ മത്സ്യകർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നതാണ്. 110 കോടി രൂപ ചെലവിൽ 15,000 ഹെക്ടറിൽ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ഒന്നാംഘട്ടത്തിൽ 12,000 ഹെക്ടറാണ് ഉദ്ദേശിച്ചിരുന്നത്. അതുപോലെ 40 ലക്ഷം തൊഴിൽ ദിനങ്ങൾ ഇതിലൂടെ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കും. കർഷകർക്ക് പൂർണ്ണമായ ഇൻഷ്വറൻസ് പരിരക്ഷ നൽകാനും ഉദ്ദേശിക്കുന്നു. പദ്ധതിയിൽ, പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലെയും മത്സ്യകൃഷി, പൊക്കാളി/കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻ കൃഷി, കരിമീൻ വിത്തുല്പാദന-റിയ്യന യൂണിറ്റ്, കുളത്തിലെ കരിമീൻ കൃഷി, കൂടുകളിലെ കരിമീൻ കൃഷി, കൂടുകൃഷി, മാതൃകാ യൂണിറ്റുകൾ, ഞണ്ട്/കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ, അടുക്കള കുളങ്ങൾ, മാതൃകാ മത്സ്യഫാമുകൾ, കൃഷി/കന്നുകാലി സംയോജിത മത്സ്യഫാമുകൾ, പട്ടുതാക്കുളങ്ങളിലെ മത്സ്യകൃഷി, മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ സംരംഭങ്ങൾ, മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന വികസനം, മത്സ്യകർഷക ക്ലബ്ബുകളുടെ ശാക്തീകരണം, മത്സ്യകർഷക ക്ലബ്ബുകൾക്ക് പ്രവർത്തന മൂലധനം നൽകൽ, മികച്ച കർഷകർക്ക് അവാർഡ് വിതരണം (സംസ്ഥാനതലം, ജില്ലാതലം),

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യകർഷക വികസന ഏജൻസികൾക്ക് മണ്ണ്, ജല പരിശോധനാ കിറ്റുകൾ നൽകൽ, മത്സ്യകൃഷി പരിപാലന/ബോധവൽക്കരണ പരിപാടികൾ, സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, കർഷകർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ തുടങ്ങിയവ മത്സ്യസമൃദ്ധി II-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

2-6-2015-ൽ അനുമതി ലഭിച്ച ഈ പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിന് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥരേയും പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരേയും തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികളും കർഷകരിൽനിന്നും അപേക്ഷ സ്വീകരിക്കൽ, ജലാശയങ്ങളുടെ സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങളും ഇപ്പോൾ നടന്നുവരുന്നു.

2015 ആഗസ്റ്റ് മാസം 10-ാം തീയതി എറണാകുളം ടൗൺ ഹാളിൽ വച്ച് മത്സ്യസമൃദ്ധി II പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് തുടക്കം കുറിക്കുന്നതാണ്.

ശ്രീ. ആർ. സെൽവരാജ് : സർ, അങ്ങ് ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനു ശേഷം കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള ഗവൺമെന്റുകൾ ഒന്നുംതന്നെ ചെയ്യാത്ത വിവിധ പദ്ധതികളാണ് തീരദേശ മേഖലയിലും മത്സ്യബന്ധന വകുപ്പിലും നടപ്പാക്കിയതായി കാണാൻ കഴിയുന്നത്. ഇത്തരം പദ്ധതികൾ നടപ്പാക്കി മുന്നോട്ടുപോകുന്ന അങ്ങയുടെ പ്രവർത്തനത്തെ കേരളത്തിലെ ജനത, പ്രത്യേകിച്ച് തീരദേശ ജനത ഒന്നടങ്കം സ്വാഗതം ചെയ്യുകയാണ്. മറ്റൊരുകാര്യം, കേരളത്തിൽ വിവിധ വകുപ്പുകളുടെ കീഴിൽ ഉൾനാടൻ ജലാശയങ്ങളുണ്ട്. വനം വകുപ്പിന്റേയും ജലസേചന വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കീഴിൽ ഒട്ടനവധി ജലാശയങ്ങൾ വെറുതെ കിടക്കുകയാണ്. അത്തരം ജലാശയങ്ങളിൽ കർഷകർക്ക് സൗജന്യമായി മത്സ്യകൃഷി ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; അതുപോലെതന്നെ തിരുവനന്തപുരം ജില്ലയിൽ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മത്സ്യസമൃദ്ധി II-ൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് ; രണ്ടാംഘട്ട മത്സ്യസമൃദ്ധി പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ മത്സ്യകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീ. കെ. ബാബു : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റേയും ഇലക്ട്രിസിറ്റി ബോർഡിന്റേയും നിയന്ത്രണത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

20 ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന തടാകങ്ങളെയും സുരക്ഷാ പ്രശ്നങ്ങളുടെ പേരിൽ ചില ഡാമുകളെയും ഒഴിവാക്കിയിട്ടുണ്ട്. 20-ഓളം തടാകങ്ങളിൽ ഇന്ന് മത്സ്യകൃഷി നടപ്പാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 64 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നാംഘട്ടത്തിൽ മത്സ്യകൃഷി നടപ്പാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പരിശോധനകൾ നടന്നുവരുകയാണ്. മത്സ്യസമൃദ്ധി രണ്ടാംഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 450 ഹെക്ടർ സ്വകാര്യ ടാങ്കുകളിലും കുളങ്ങളിലും മത്സ്യകൃഷി നടത്തുന്നതിനുള്ള സാമ്പത്തിക സഹായമായി 10,000 രൂപ വീതം ഹെക്ടറിന് നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജലാശയങ്ങളിലെ മത്സ്യോല്പാദനത്തിനായി തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അനുയോജ്യമായ കുളങ്ങൾ മോഡൽ ഫാമുകളാക്കി മാറ്റുവാൻ ലക്ഷ്യമിടുന്നു. മാക്സിമം ഒരു ഹെക്ടറാണ്. മോഡൽ ഫിഷ് ഫാമിന്റെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതും അതിന്റെ ആനുകൂല്യങ്ങൾ പഞ്ചായത്തിനും മത്സ്യ ക്ലബ്ബിനുമായി നൽകുന്നതുമാണ്. തിരുവനന്തപുരത്തെ അനുയോജ്യമായ എല്ലാ പഞ്ചായത്തുകളങ്ങളും ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണ്. ശ്രീ. ആർ. സെൽവരാജിന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിലെ കാരോട് പഞ്ചായത്തിലും മത്സ്യകർഷക ക്ലബ്ബിന് കെട്ടിടം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ഒന്നാംഘട്ടത്തിൽ അനുവദിച്ചു. കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഈ ക്ലബ്ബിന് മത്സ്യ കൃഷിക്കുവേണ്ടിയുള്ള പമ്പുസെറ്റ്, വലകൾ, ടെസ്റ്റ് കിറ്റ് എന്നിവയ്ക്കായി ഒരുലക്ഷം രൂപകൂടി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 5 മത്സ്യക്ലബ്ബിന് കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്.

2. വേമ്പനാട് കായൽ ശുദ്ധീകരിക്കൽ

ശ്രീ. തോമസ് ചാണ്ടി : സർ, കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട് കായലിലാണ് പ്രധാനപ്പെട്ട നദികളായ പമ്പാ നദിയും അച്ചൻകോവിൽ ആറും മണിമലയാറും മീനച്ചിൽ ആറും ഒഴുകിയെത്തുന്നത്. 55 വർഷം മുമ്പ് തണ്ണീർമുക്കം ബണ്ടിന്റെ പണി രണ്ട് വശത്തുനിന്നും തുടങ്ങുകയും പണി തീരാത്തതിനാൽ മധ്യഭാഗത്ത് മണ്ണിട്ട് ചിറകെട്ടാൻ തീരുമാനിക്കുകയും അതുമൂലം യുഗങ്ങളായി അനുസ്യൂതം തുടർന്നുകൊണ്ടിരുന്ന ഒഴുക്ക് തടസ്സപ്പെടുകയുമാണുണ്ടായത്. അതുകാരണം കുട്ടനാട്ടിൽ രണ്ട് കൃഷി ചെയ്യാൻ കഴിഞ്ഞുവെന്നത് ശരിയാണ്. പക്ഷെ, യുഗങ്ങളായി തുടർന്നുകൊണ്ടിരുന്ന ഒഴുക്കിനെ, സർവ്വശക്തനായ ദൈവം പ്രപഞ്ചത്തെ ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

കാലംമുതലുള്ള ഒഴുക്കിനെ തടഞ്ഞുനിറുത്തിയപ്പോൾ വേമ്പനാട് കായലിന്റെ പകുതി ഭാഗത്ത് അഞ്ച് നദികളിൽനിന്നും ഒഴുകിവരുന്ന എക്കലും മണ്ണും അടിഞ്ഞുകൂടി കായലിന്റെ ആഴം കുറഞ്ഞു. പണ്ട് എന്റെ ബോട്ട് അതുവഴി ഓടിച്ചുപോകുമായിരുന്നു. ഇപ്പോൾ റൂട്ട് തിരിച്ച് വേറെ വഴിക്കാണ് പോകുന്നത്. പല സ്ഥലവും ഉയർന്ന പ്രദേശമായി മാറിക്കഴിഞ്ഞു. മാത്രമല്ല, ഈ ബണ്ട് നിർമ്മിച്ചതിനുശേഷമാണ് പോർട്ടിൽ ഏറ്റവും കൂടുതൽ മണ്ണടിഞ്ഞ് തുറമുഖത്ത് കപ്പൽ അടുക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായത്. അത് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ആൾക്കാരോട് ചോദിച്ചാൽ അറിയാം. അവിടെ സ്ഥിരമായി മണ്ണ് മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇന്ന് അല്ലെങ്കിൽ നാളെ ഗവൺമെന്റ് ഇടപെട്ട് ഈ ഉയർന്ന പ്രദേശത്തെ മണ്ണ് മാറ്റേണ്ടിവരും. തണ്ണീർമുക്കം ബണ്ടിന്റെ പണി പൂർത്തിയാക്കി മുഴുവൻ ഷട്ടറുകളും തുറന്നുവച്ചാൽ ഭാവിയിൽ ഇത് ഉയരില്ല. പക്ഷെ ഉയർന്നുകിടക്കുന്ന ഈ മണ്ണും ചെളിയുംവാരി ജീവിക്കുന്ന കർഷകത്തൊഴിലാളി കുടുംബങ്ങൾ കൈനകരി, കുമരകം, നാട്ടകം പഞ്ചായത്തുകളിലുണ്ട്. ഇത് വാരാൻ പറ്റില്ലെന്നുപറഞ്ഞ് പോലീസ് അവരെ ഓടിക്കുകയാണ്. ഖനനമെന്ന് പറഞ്ഞാൽ എന്താണ്; കിഴക്കുനിന്ന് ചുവന്ന മണ്ണ് കൊണ്ടുവന്നുകൊട്ടത്തില്ലെങ്കിൽ കുട്ടനാട്ടിൽ റോഡ് ഉണ്ടാകില്ല, റെയിൽവേ ഉണ്ടാകില്ല. പാറപൊട്ടിച്ച് മെറ്റൽ കൊണ്ടുവന്നു കൊട്ടത്തില്ലെങ്കിൽ കെട്ടിടങ്ങൾ ഉണ്ടാകില്ല. പക്ഷെ ഈ മണ്ണ് നീക്കംചെയ്യുന്നത് ആർക്കും ദോഷമില്ലാത്ത ഒരു കാര്യമാണ്. വേമ്പനാട് കായലിൽനിന്ന് ചെളിയും മണ്ണുംവാരി ജീവിക്കുന്നവരെ പോലീസ് കൊണ്ടുപോകുകയും അവരുടെ വള്ളങ്ങൾ വെട്ടിപ്പൊളിക്കുകയും ചെയ്യുന്നു. എന്ത് ക്രൂരകൃത്യമാണ് അവർ ചെയ്യുന്നത്. അവർ ഗവൺമെന്റിനെ സഹായിക്കുകയാണ്. അതുകൊണ്ട് തണ്ണീർമുക്കം ബണ്ടിന് ചുറ്റുമുള്ള മണ്ഡലങ്ങളിലെ എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു യോഗം വിളിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കായലുകൾ, ചിറകൾ, തടാകങ്ങൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും വളരെയേറെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് അവയെ സംരക്ഷിച്ച് അതുവഴി പരിസ്ഥിതി സന്തുലനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യന്റെ

LIBRARY ARCHIVES Kerala Legislative Assembly

യുക്തിരഹിതമായ പ്രവർത്തനങ്ങൾമൂലം പ്രകൃതിയുടെ വരദാനമായ മേൽപ്പറഞ്ഞ ജലസ്രോതസ്സുകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ 3 കായലുകളെ (അഷ്ടമുടിക്കായൽ, ശാസ്താംകോട്ട തടാകം, വേമ്പനാട് കോൾ വെറ്റ് ലാന്റ്) റാംസർ സൈറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലും കായൽ തടാകങ്ങളുടെ വിസ്തൃതിയിൽ കുറവുവന്നിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇത് നിയന്ത്രിക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി വിവിധതരം പ്രവർത്തനങ്ങൾ വിവിധ ഏജൻസികളും വകുപ്പുകളും നടത്തിവരികയാണ്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവ്വേഷൻ ആക്ട് 2003, പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന പ്രത്യേക പദ്ധതികൾ പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തിവരുന്നു. തണ്ണീർമുക്കം ബണ്ട് നിർമ്മാണത്തിനായി ഇതിന്റെ പൊതുനീളത്തെ മൂന്ന് ഭാഗങ്ങളായി തിരിക്കുകയും പടിഞ്ഞാറുഭാഗത്തും കിഴക്കുഭാഗത്തും മൂന്നിലൊന്ന് വീതമുള്ള സ്ഥലങ്ങളിൽ ഏതാണ്ട് 1970 കാലഘട്ടത്തിൽ ബണ്ടിന്റെ പണി പൂർത്തിയായിട്ടുള്ളതുമാണ്. 1975-ഓടെ സർക്കാരിന്റെയും നാട്ടുകാരുടെയും സഹായത്തോടെ ഇരുകരകളേയും ബന്ധിപ്പിച്ച് ഒരു മൺചിറ നിർമ്മിക്കുകയും തുടർന്ന് വാഹനഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കഴിഞ്ഞ കുറേവർഷങ്ങളായി മേൽപ്പടിഭാഗത്ത് എക്കൽ അടിയുകയും തൻമൂലം നീരൊഴുക്ക് കുറയുന്നതായും അറിയുന്നു. ഇതുമൂലം മഴക്കാലത്ത് കുട്ടനാട് പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലെവൽ താഴാതെ ഉയർന്നുതന്നെ നിൽക്കുന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി തണ്ണീർമുക്കം ബണ്ടിന്റെ ബാക്കി മൂന്നിലൊന്നുഭാഗംവരുന്ന നടുഭാഗത്തെ മണൽച്ചിറ മാറ്റി റഗുലേറ്റർ വാൽവുള്ള ഷട്ടർ ഉൾപ്പെടെയുള്ള ബണ്ട് നിർമ്മിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തു. 28 ഷട്ടറുകളോടെ ബണ്ട് നിർമ്മിക്കുന്ന പ്രവൃത്തി ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. പ്രസ്തുത പ്രവൃത്തി താമസിയാതെ പൂർത്തിയാക്കാമെന്നതിനാൽ വേമ്പനാട് കായലിലെ വെള്ളം ഒഴുകുന്നതിനുള്ള തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാകുന്നതും ഒഴുക്കിന്റെ ശക്തി വർദ്ധിക്കുന്നതുമാണ്. വേമ്പനാട് കായലിൽ വന്നുചേരുന്ന അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ തുടങ്ങിയ ആറുകളിലൂടെ എത്തിച്ചേരുന്ന മണൽ അനധികൃതമായി വാരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കും മറ്റ് നിയമലംഘന പ്രവർത്തനങ്ങൾക്കും ഇടയാക്കുമെന്നതിനാൽ മണൽവാരുന്നതിനുള്ള അനുമതി നൽകുന്നത് ഉചിതമല്ല. ഷട്ടറുകളുടെയും പൊഴികളുടെയും മുഖകവാടത്തിൽ അടിഞ്ഞുകൂടാനിടയുള്ള മണ്ണും ചെളിയും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ നിബന്ധനകൾക്ക് വിധേയമായി നീക്കംചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കാര്യത്തിൽ തുടർ നടപടികൾ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാണ്ടി : സർ, തണ്ണീർമുക്കം ബണ്ട് അടയ്ക്കുമ്പോൾ വേമ്പനാട് കായലിന്റെ തെക്ക് വശത്തുള്ള ഭൂപ്രദേശത്തിന്റെ പരിസ്ഥിതി തകിടംമറിയുകയാണ്. പാടത്തടിക്കുന്ന മരുന്നും തുരിശും രാസവളവുമെല്ലാം പമ്പ് ചെയ്ത് ആറ്റിൽകയറ്റി അത് മൂന്നുമാസമായി ഒഴുക്കില്ലാതെ കിടക്കുകയാണ്. അതിന്റെ ബുദ്ധിമുട്ട് ഞങ്ങൾ അനുഭവിച്ചുകൊണ്ടാണ് അവിടെ ജീവിക്കുന്നത്, അങ്ങനെയാണ് നെൽകൃഷി ചെയ്ത് നിങ്ങൾക്കെല്ലാം അരി തരുന്നത്. കടപ്പുറത്ത് കിടക്കുന്ന ചൊരിമണലാണ് വേമ്പനാട് കായലിന്റെ അടിയിൽ കിടക്കുന്നത്. അത് വാരിയില്ലെങ്കിൽ കുട്ടനാട്ടിലെ വഴി നന്നാക്കാൻ കഴിയില്ല. കാരണം, വെളിയിൽനിന്ന് ചുമന്ന മണ്ണ് കൊണ്ടുവന്ന് വഴി നന്നാക്കുന്നതിന് പഞ്ചായത്തുകളുടെ കയ്യിൽ കാശില്ല. ഇത് കൊണ്ടുവരണമെങ്കിൽ ട്രാൻസ്പോർട്ടിംഗ് വേണം. അതുകൊണ്ട് വള്ളത്തിൽ വാരിക്കൊണ്ടുവന്നാണ് കുട്ടനാട്ടിലെ ഗ്രാമഗ്രാമാന്തരങ്ങളിലെ വഴിനന്നാക്കുന്നത്. കടപ്പുറം മണ്ണുപോലുള്ള മണ്ണ് വേമ്പനാട് കായലിന്റെ അടിയിൽ കിടക്കുന്നുണ്ട്. ഇവരെ അത് വാരാൻ അനുവദിച്ചാൽ ഇതിന്റെ ആഴം കറയും, നീരൊഴുക്ക് തടസ്സപ്പെട്ടത് ഇല്ലാതെവരും. വർഷങ്ങൾകൊണ്ടെങ്കിലും അത് വൃത്തിയാക്കിയെടുക്കാം. അതാണ് ഞാൻ പറയുന്നത്. എഴുതിതന്ന മറുപടി അങ്ങ് വായിച്ചു. ദയവായി ചുറ്റുമുള്ള എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ ഇവരെയെല്ലാം വിളിച്ച് ഈ വിഷയം ചർച്ചചെയ്ത് കുട്ടനാടിനെ രക്ഷിക്കണമെന്നാണ് എനിക്ക് അങ്ങയോട് പറയുവാനുള്ളത്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് കുട്ടനാട് പ്രദേശവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും അങ്ങയുടെ എല്ലാ വികാരങ്ങളും ഈ സഭ ഉൾക്കൊള്ളുന്നു. ആ പ്രദേശത്തുള്ള എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഉൾപ്പെടെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച വേണമെന്നാണ് അങ്ങയുടെ ആവശ്യം. തീർച്ചയായും അങ്ങനെയൊരു ചർച്ച നടത്തിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ളത് ചർച്ച ചെയ്ത് പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏത് തരത്തിൽ നടപ്പാക്കാൻ കഴിയുമെന്നുള്ളതും ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനും നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

V സബ്മിഷൻ

1. സി. ഐ. പ്രൊമോഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, വളരെ അടിയന്തരമായി ലഭിക്കേണ്ട പ്രൊമോഷനെ സംബന്ധിച്ച ഒരു സബ്മിഷനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. പോലീസ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 1988-ൽ ഡയറക്ട് ഹെഡ്കോൺസ്റ്റബിളായി

സർവ്വീസിൽ പ്രവേശിക്കുകയും 10 വർഷത്തിനുശേഷം എ.എസ്.ഐ.-ആയി പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് 1-1-2000-ലെ സെലക്ട് ലിസ്റ്റിൽനിന്നും 1-1-2001-ൽ സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിക്കുകയും എന്നാൽ 19-3-2003-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ ലിസ്റ്റിൽ സീനിയറായി ഉൾപ്പെടുത്തി സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുകയും ചെയ്തവരുമായ 14 പോലീസ് സി.ഐ.-മാരുടെ വിഷയമാണിത്. ഇവർക്ക് നാളിതുവരെയായി പ്രൊമോഷൻ ലഭിച്ചിട്ടില്ല. ഇവർ നിരന്തരം മേലധികാരികളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽപ്പോലും അനുഭാവപൂർവ്വമായിട്ടുള്ള ഒരു പരിഗണന നാളിതുവരെ ലഭിച്ചിട്ടില്ല. പട്ടികജാതിക്കാരായ ഈ 14 സി.ഐ.-മാർക്ക് അടിയന്തരമായി പ്രൊമോഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കുവാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ കുറച്ചുകാലമായി പോലീസിൽ നിലനിൽക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ചാണ് ഇവിടെ ഈ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. നിലവിൽ സർക്കിൾ ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിച്ചവരുൾപ്പെടുന്ന സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 19-03-2003-ൽ അഡ്വൈസ് ചെയ്ത ഡയറക്ട് സബ് ഇൻസ്പെക്ടർമാരും പ്രൊമോട്ടഡ് സബ് ഇൻസ്പെക്ടർമാരും ഡയറക്ട് എച്ച്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റുകാരും തമ്മിൽ സീനിയോറിറ്റിതർക്കം നിലനിൽക്കുന്നതിനാൽ സർക്കാർ നിർദ്ദേശപ്രകാരം സീനിയോറിറ്റിതർക്കം പരിഹരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചു പ്രസ്തുത കമ്മിറ്റിയുടെ ശിപാർശപ്രകാരം സർക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സത്വരനടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരികയാണ്. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഔദ്യോഗിക വെബ്സൈറ്റിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിച്ച് അതുവഴി ലഭിക്കുന്ന ആക്ഷേപങ്ങൾകൂടി പരിഹരിച്ച് ഉടൻ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. അനുബന്ധ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗംകൂടി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലേയ്ക്കുള്ള സർക്കിൾ ഇൻസ്പെക്ടർമാരുടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുമ്പോൾ സബ്മിഷനിൽ പ്രതിപാദിക്കുന്ന 14 പോലീസ് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് യോഗ്യതയുള്ള പക്ഷം പ്രൊമോഷൻ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള നടപടികൾ വേഗതയിലാക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, സ്ത്രീസുരക്ഷയ്ക്ക് ഈ ഗവൺമെന്റ് വലിയ പ്രാധാന്യം കൊടുക്കുന്നതിന്റെ ഭാഗമായാണ് 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതിക്ക് രൂപം കൊടുത്തത്. അതുപോലെതന്നെ സെൻട്രൽ ഗവൺമെന്റിന്റെ അസിസ്റ്റൻസോടുകൂടി 'നിർഭയ' എന്ന മറ്റൊരു പദ്ധതിയും സംസ്ഥാന ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ സൈബർ ലോകത്തെ നമുക്കിന്ന് മാറ്റിനിർത്താൻ കഴിയില്ല. സൈബർ സ്പേസ് എന്നത് വളരെ പ്രധാനമായ ഒന്നാണ്. കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽതന്നെയുള്ള 2007 മുതൽ 2015 വരെയുള്ള സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ കണക്കുകൾ വ്യക്തമാക്കുന്നത് ഈ രംഗത്ത് ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകളും ഇത് സ്ഥിരീകരിക്കുകയാണ്. കൊച്ചിയിൽ ക്രൈം റേറ്റിന്റെ എണ്ണം വ്യാപകമായി കുറഞ്ഞിട്ടുണ്ടെങ്കിലും സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം 50 ശതമാനത്തിലേറെ വർദ്ധിച്ചിരിക്കുകയാണ്. സുപ്രീം കോടതിയുടെ പ്രസക്തമായ ഒരു വിധിയിൽ അഭിപ്രായ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. പക്ഷേ അത് ദുരുപയോഗം ചെയ്തുകൊണ്ടുതന്നെ എന്തും പറയാനും അതുപോലെ സ്ത്രീകളെ ചൂഷണം ചെയ്യാനും അപമാനിക്കാനുമുള്ള പുതിയ മാധ്യമമായി ഇന്റർനെറ്റും സോഷ്യൽ മീഡിയയും മാറിയിരിക്കുകയാണ്. നമ്മുടെ നിത്യജീവിതത്തിൽനിന്ന് ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പ് പോലെയുള്ള സോഷ്യൽ മീഡിയകളെ മാറ്റിനിർത്താൻ കഴിയില്ല. സ്ത്രീകൾക്ക് പ്രാമുഖ്യം കൊടുക്കുന്ന ഒരു വിമൻ ഫ്രണ്ട്‌ലി സൈബർ പോലീസ് സ്റ്റേഷൻ കൊച്ചി കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന്റെ ആവശ്യകതയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പല പ്രശസ്തരായ വ്യക്തികളുടെ ഫെയ്സ് ബുക്ക് പ്രൊഫൈലുകൾ, ഫെയ്ക്ക് ആയ ഫെയ്സ്ബുക്ക് പ്രൊഫൈലുകളും വരുന്നുണ്ട്. കഴിഞ്ഞ ദിവസം പ്രശസ്ത നർത്തകിയും നടിയുമായ ശ്രീമതി ആശാ ശരത്തിന്റെ മോർഫ് ചെയ്ത ചിത്രങ്ങൾ ഇന്റർനെറ്റിലൂടെ വ്യാപകമായി പ്രചരിക്കുകയുണ്ടായി. സ്ത്രീകൾക്ക് എതിരെയുള്ള ചൂഷണവും അതിക്രമവും പണ്ട് നേരിട്ടായിരുന്നുവെങ്കിൽ ഇന്ന് അതിന് എഫക്റ്റീവായി ഉപയോഗിക്കാവുന്ന ഒരു മാധ്യമമായി സോഷ്യൽ മീഡിയ മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇത് വളരെ ഗൗരവമായി കണ്ടുകൊണ്ട് ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ അറിവ്, കൂടുതൽ എക്യുപ്പ് ചെയ്യുന്നതിനു വേണ്ടുന്ന ട്രെയിനിംഗ്, പ്രത്യേകിച്ച് സൈബർ നിയമങ്ങളെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥരിൽ തന്നെയുള്ളവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രോപ്പറായ ട്രെയിനിംഗ് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല. ടെക്നിക്കൽ എക്സ്പെർട്സിന്റെ സഹായം നമുക്ക് നേടേണ്ടതുണ്ട്. അത് മുൻനിർത്തിക്കൊണ്ട് കൂടുതൽ സ്ത്രീകളെയുംകൂടി ഉൾപ്പെടുത്തി സ്ത്രീസൗഹൃദ സൈബർ പോലീസ് സ്റ്റേഷനുകൾക്ക് രൂപം കൊടുക്കണമെന്നും അതിന് കൊച്ചി ആസ്ഥാനമാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. അവിടെയാണെങ്കിൽ കേസ്സുകൾ കുന്നുകൂടി കിടക്കുകയാണ്. ഇതിനകത്തുള്ള ഏറ്റവും വലിയ പ്രശ്നമെന്നുപറയുന്നത്, പുതിയ ഒരു സുപ്രീം കോടതി വിധി വന്നിരിക്കുകയാണ്. കേരളാ പോലീസ് ആക്റ്റിന്റേയും സൈബർ ആക്റ്റിന്റേയുമെല്ലാം പ്രസക്തമായ ഭാഗങ്ങൾ സുപ്രീം കോടതി ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണ്, റദ്ദുചെയ്തിരിക്കുകയാണ്. അതുകൊണ്ടുതന്നെ പല കേസ്സുകളും തെളിയിക്കുന്ന കാര്യത്തിലും നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും വളരെയേറെ പ്രതിസന്ധികൾ ഇപ്പോൾ പോലീസ് നേരിടുന്നുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്നുള്ളത് ഒരു ഡിമാന്റാണ്, അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കൊച്ചി, കോഴിക്കോട്, തൃശ്ശൂർ റെയ്ഞ്ച് ഹെഡ്ക്വാർട്ടേഴ്സായി ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള തീരുമാനമാണ് ഗവൺമെന്റിനുള്ളത്. കൊച്ചി സിറ്റിയിൽ ഒരു പുതിയ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ഉടൻതന്നെ അത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും അതിനാവശ്യമായ ട്രെയിനിംഗ് പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വനിതാ പോലീസുകാർക്ക് കൂടുതൽ പരിശീലനം കൊടുത്തുകൊണ്ട്, വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ എന്നുള്ള നിലയിലേയ്ക്ക് അത് മാറ്റണമെങ്കിൽ അവരെക്കൂടി, വനിതകൾ മാത്രമല്ല മറ്റ് പോലീസുകാരോടൊപ്പം പരിശീലനംസിദ്ധിച്ച വനിതകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

3. തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി

ശ്രീ. പി. എ. മാധവൻ : സർ, ഈ സർക്കാർ നിലവിൽവന്നതിനു ശേഷമാണ് കോൾ കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡിയും ഉല്പാദന ബോണസ്സും വർദ്ധിപ്പിച്ച് നൽകാനും ആ ഇനത്തിലുള്ള കുടിശ്ശിക നൽകാനും തയ്യാറായത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും കൃഷി വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിലാണ് അത്തരത്തിലുള്ള ഒരു തീരുമാനമുണ്ടായത്. തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസകരമായ ഒന്നാണ് തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റിയിലൂടെ നടപ്പിലാക്കാൻ കഴിഞ്ഞ പദ്ധതി. ഇതിന് അന്നത്തെ തൃശ്ശൂർ എം.പി. ചെയർമാനായിട്ടുള്ള 22 അംഗ കമ്മിറ്റിയെ കേരള സർക്കാർ നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റിയിൽ കോൾ നിലങ്ങളുൾപ്പെടുന്ന മുഴുവൻ പ്രദേശങ്ങളുടേയും എം.എൽ.എ.-മാരും 3 എം.പി. മാരുമുണ്ടായിരുന്നു. എന്നാൽ ഈ കമ്മിറ്റി 16 മാസമായി ഇതുവരെ യോഗം ചേർന്നിട്ടില്ല. 2014 ആഗസ്റ്റിൽ ചേർന്ന കമ്മിറ്റിയിൽ 3 അംഗങ്ങൾ മാത്രമാണ് പങ്കെടുത്തിരുന്നത്. ആ യോഗത്തിന്റെ മിനിട്ട്സിൽനിന്നും അറിയാൻ കഴിഞ്ഞത് ജീവനക്കാരെ നിയമിച്ചതായും ഒട്ടേറെ പദ്ധതികൾ തീരുമാനിച്ചതായുമാണ്. അതിന്റെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. ഈ കമ്മിറ്റി കോടിക്കണക്കിന് രൂപയുടെ തീരുമാനങ്ങൾ എടുത്തതിൽ തെറ്റൊന്നുമില്ല. ഒരു കമ്മിറ്റി നിലവിലിരിക്കുകയും ആ കമ്മിറ്റി അംഗങ്ങൾ അറിയാതെ യോഗങ്ങൾ നടക്കുകയും, അങ്ങനെ നടക്കുന്ന യോഗങ്ങളിൽ കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികൾക്കുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നത്, ആ കമ്മിറ്റിയിൽ ഇരിക്കുന്നവർക്ക് അഭിമാനകരമല്ല. അങ്ങനെയൊരു കമ്മിറ്റിയിൽ അംഗമാണെന്നു പറഞ്ഞ് ഏറ്റവുമധികം കോൾ നിലങ്ങളുള്ള സ്ഥലങ്ങളിലൂടെ യാത്ര ചെയ്യുന്നതു പോലും വളരെ ശ്രമകരമായ കാര്യമാണ്.

വളരെ ഗൗരവമേറിയ ഒരു കാര്യംകൂടി ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. ഞാൻ ഇന്നലെ ഒരു കോളിംഗ് അറ്റൻഷന് നോട്ടീസ് കൊടുത്തിരുന്നു, സർവ്വാദരണീയനായ എ.പി.ജെ. അബ്ദുൾ കലാമിന്റെ നിര്യാണംമൂലം നടപടികൾ മാറ്റിവച്ചതുകൊണ്ടാണ് അത് അവതരിപ്പിക്കാൻ കഴിയാതെ പോയത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 50 കൊയ്ത്തുമെതിയന്ത്രങ്ങൾ, 20 ട്രാക്ടറുകൾ, പവ്വർ ടില്ലറുകൾ, കൾട്ടിവേറ്ററുകൾ, നടീൽ യന്ത്രങ്ങൾ തുടങ്ങി കോടിക്കണക്കിന് രൂപയുടെ മെഷനറികൾ പർച്ചേസ് ചെയ്തിട്ടുണ്ട്. അത് അവിടെ ഡംപ് ചെയ്തു കിടക്കുകയാണ്. ഇതിൽ കൊയ്ത്തുമെതിയന്ത്രത്തിന് 1700 രൂപ മുതൽ 2100 രൂപ വരെയാണ് ഒരു മണിക്കൂറിന് കൃഷിക്കാർ നൽകേണ്ട വാടക. എന്നാൽ ഈ കൊയ്ത്തുമെതിയന്ത്രങ്ങളെല്ലാം 850 രൂപ വാടകയ്ക്ക് ഒരു വ്യക്തിക്ക് കൊടുത്തിരിക്കുകയാണ്. 850 രൂപയ്ക്ക് ആ വ്യക്തിയെടുക്കുന്ന യന്ത്രങ്ങൾ 1700 രൂപ മുതൽ 2100 രൂപ വരെ വാടകയ്ക്ക് കൃഷിക്കാർക്ക് കൊടുക്കുകയാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. കാരണം പാടശേഖര

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിക്കാർക്ക് വേണ്ടിയാണ് ഈ മെഷനറികൾ വാങ്ങുന്നത്. അത് പാടശേഖര കമ്മിറ്റിക്കാർക്ക് കിട്ടാതെ വരികയും സ്വകാര്യവ്യക്തിക്ക് കൊള്ളലാഭമുണ്ടാക്കാൻ അവസരമുണ്ടാക്കുകയും ചെയ്യുന്നത് ക്ഷന്തവ്യമല്ല. ഇതു വളരെ ഗുരുതരമായ പ്രശ്നമാണ്. ആ സ്ഥലത്തെ ആയിരക്കണക്കിന് കൃഷിക്കാരെ ബാധിക്കുന്നതാണ്. എന്റെ നിയോജക മണ്ഡലത്തിലെ 5 പഞ്ചായത്തുകൾ കോൾ നിലങ്ങൾ ഉൾപ്പെടുന്ന പ്രദേശമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം, ഇത് പാടശേഖര കമ്മിറ്റികൾക്ക് കൊടുക്കാൻ തീരുമാനമാനമെടുത്തിട്ടുണ്ട്, അത് നടപ്പാക്കണം. ജനപ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റി വിളിച്ചുകൂട്ടണം, ജനപ്രതിനിധികൾക്ക് പറയാനുള്ളത് കേൾക്കണം. ആരുമില്ലാതെ കമ്മിറ്റി കൂടി എന്തു തീരുമാനവുമെടുത്ത് അതിന് പത്രവാർത്തയും പ്രാധാന്യവും കൊടുത്തതുകൊണ്ട് കാര്യമില്ല. ഇതുവളരെ ഗുരുതരമായ പ്രശ്നമാണ്. കമ്മിറ്റി വിളിച്ചുകൂട്ടാനും അതാത് പാടശേഖര കമ്മിറ്റിക്കാർക്ക് കോടിക്കണക്കിന് രൂപയുടെ മെഷിനറി വാങ്ങിയത് പ്രയോജനപ്പെടുത്താനും അവസരമുണ്ടാക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സത്വര ശ്രദ്ധ ഉണ്ടാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട മുൻ എം. പി. ശ്രീ. പി. സി ചാക്കോയുടേയും ഈ സർക്കാരിന്റേയും നേതൃത്വത്തിൽ തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി വിഭാവനം ചെയ്ത പദ്ധതിയാണ് സമഗ്ര കോൾ വികസന പദ്ധതി. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ പദ്ധതിയും ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി മറ്റു പദ്ധതികളും നടപ്പിലാക്കിവരുന്നു. ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെട്ട പദ്ധതികൾ കെ.എൽ.ഡി.സി. വഴിയും ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെട്ട പദ്ധതികൾ സർക്കാരിന്റെ വിവിധ നിർവ്വഹണ ഏജൻസികൾ വഴിയുമാണ് നടപ്പിലാക്കിവരുന്നത്. തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങളുടെ വികസനത്തിനായുള്ള കോൾനില വികസന ഏജൻസിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച കോൾനില വികസന സമിതിയുടെ ചെയർമാൻ മുൻ എം.പി. ശ്രീ. പി. സി. ചാക്കോ ആയിരുന്നു. അതിനുശേഷം ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, എം.പി.യെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത നിയമനത്തിനെതിരെ എൻ. കെ. സുബ്രഹ്മണ്യൻ എന്ന കർഷകൻ കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും പ്രസ്തുത നിയമനം റദ്ദാക്കിക്കൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അതിൽ അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സമഗ്ര കോൾനില വികസന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളെല്ലാം നല്ല നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിച്ചുവരുന്നു. ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കിവരുന്ന 123.53 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതികളിൽ റെയ്ഡ്കോവഴി നടപ്പിലാക്കുന്ന യന്ത്രവൽക്കരണം പുരോഗതിയിലാണ്. ആദ്യഘട്ടമെന്ന നിലയിൽ 14 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ആധുനിക പമ്പിംഗ് സിസ്റ്റം സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. കൊയ്ത്തുമെതിയന്ത്രങ്ങളടക്കം പാടശേഖര സമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ അനുവദിച്ച 65 ലക്ഷം രൂപയിൽ 63 ലക്ഷം രൂപയും ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുവഴി 819 പശു കിടാരികളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. മാത്രമല്ല 74854 താറാവു കുഞ്ഞുങ്ങളുടെ വിതരണവും നടത്തിയിട്ടുണ്ട്. അഡാക്കവഴി നടപ്പിലാക്കിവരുന്ന മൽസ്യകൃഷിക്കായി 99 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കുന്ന പച്ചക്കറി വ്യാപനം പദ്ധതിയുടെ ഒന്നാംഘട്ടമെന്ന നിലയിൽ 168 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന കോഴിവളർത്തൽ പദ്ധതിക്കായി ഇതുവരെ 2 കോടി 52 ലക്ഷം രൂപ ചെലവഴിച്ചു. ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. സ്കീമുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ കർഷകർക്ക് ഏറ്റവും പ്രയോജനകരമായ രീതിയിൽ വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി സ്പെഷ്യൽ ഓഫീസർ കൂടിയായ തൃശ്ശൂർ കളക്ടർ എല്ലാ മാസവും യോഗം കൂടി വിലയിരുത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 23-7-2015-ന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സമഗ്ര കോൾ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. 2015 ആഗസ്റ്റ് മാസം 15-നകം കോൾ വികസന സമിതിയുടെ സമ്പൂർണ്ണയോഗം വിളിച്ചുചേർക്കുന്നതാണ്.

11.00 AM]

4. കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം

ഡോ. എൻ. ജയരാജ് : സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസിന് 2008-ലാണ് G.O(Rt)1998/2008 നമ്പരായി ഭരണാനുമതി നൽകിയത്. എന്നാൽ ഏതാനും വ്യക്തികൾ നൽകിയ ഒരു റിട്ട് പെറ്റിഷൻ കാരണം പണി തുടങ്ങുന്നതിനുള്ള നടപടികൾ വൈകുകയുണ്ടായി. 1-12-2012-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജ്മെന്റ് പ്രകാരം ബന്ധപ്പെട്ടവരെ പി.ഡബ്ല്യു.ഡി. സെക്രട്ടറി ഹിയർ ചെയ്യുകയും അതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ലാന്റ് അക്വിസിഷൻ നടപടികളുമായി മുന്നോട്ടുപോകുകയുമാണ് ചെയ്തത്. 2014-ൽ ജില്ലാ ലാന്റ് പർച്ചേസിംഗ് കമ്മിറ്റിയിലെ മൂന്നുപേർ ഇതുമായി ബന്ധപ്പെട്ട് ഓഫർ മുന്നോട്ടുവച്ചെങ്കിലും അതിനുശേഷം യാതൊരു നടപടിയും ആയിട്ടില്ല. ഏതാണ്ട് 3.98 ഹെക്ടർ സ്ഥലമുൾപ്പെടുന്ന ഈ ബൈപ്പാസ് കാഞ്ഞിരപ്പള്ളിയുടെ മാത്രം ആവശ്യമല്ല. കിഴക്കൻ മേഖലകളിലേയ്ക്കുപോകുന്ന വാഹനങ്ങൾ പലപ്പോഴും ഏതാണ്ട് ഒന്നരമണിക്കൂറോളമാണ് കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്കിൽപ്പെട്ട് പോകുന്നത്. കിഴക്കിന്റെ കവാടമായ കാഞ്ഞിരപ്പള്ളി ബൈപ്പാസ്, ആ പ്രദേശത്തിനപ്പുറത്ത് ഒരു മേഖലയുടെതന്നെ മൊത്തം വികസനവുമായി ബന്ധപ്പെട്ട വളരെപ്രധാനപ്പെട്ട ഒരു കാര്യമാണ്. കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണം. ഇതുസംബന്ധിച്ച് The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരം ഈ ഭൂമി ഏറ്റെടുക്കണമെന്ന നിർദ്ദേശം മുന്നോട്ട് വച്ചെങ്കിൽപ്പോലും ഇതുമായി ബന്ധപ്പെട്ട് റൂൾസ് തയ്യാറാക്കിയിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റൂൾസ് വരാൻ കാത്തിരിക്കാതെ വളരെ പ്രാധാന്യമുള്ള പ്രവൃത്തിയെന്ന നിലയിൽ ചില പ്രവൃത്തികൾക്ക് പി.ഡബ്ല്യു.ഡി. ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നെഗോഷ്യബിൾ പർച്ചേസിനുവേണ്ടിയുള്ള നടപടികളും അതോടൊപ്പമുള്ള ഉത്തരവുകളും നൽകാറുണ്ടെന്ന് മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ കാഞ്ഞിരപ്പള്ളി ബൈപ്പാസിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ ഭൂമി ഏറ്റെടുത്ത് ഇതിന്റെ എസ്റ്റിമേറ്റും പ്ലാനുമെല്ലാം തയ്യാറാക്കിയിട്ടുള്ളതാണ്. അതിനുള്ള നടപടികളുമായി വളരെ ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നതിനുള്ള നിർദ്ദേശവും ഉത്തരവും നൽകണം. അതോടൊപ്പം 2008-ലെ രണ്ടുവർഷത്തെ കാലാവധിയുള്ള എ.എസ്. ഇപ്പോൾ ആറുവർഷമായതിനാൽ ഓട്ടോമാറ്റിക്കായി നഷ്ടപ്പെട്ടതുകൊണ്ട് അതിന്റെ എ.എസ്. പുതുക്കുന്നതിനുള്ള നിർദ്ദേശവും പി.ഡബ്ല്യു.ഡി.-ക്ക് നൽകണം. കാഞ്ഞിരപ്പള്ളിയുടെ വളരെ പ്രധാനപ്പെട്ട ഈ വികസനപ്രവർത്തനത്തിൽ വളരെആത്മാർത്ഥമായ സമീപനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കാഞ്ഞിരപ്പള്ളി ടൗൺ ബൈപ്പാസിന്റെ പ്രവർത്തനങ്ങൾ 2008 മുതൽ മുന്നോട്ട് പോകുകയാണ്. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ അതിനിടയ്ക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരാൾ ബഹുമാനപ്പെട്ട കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കേസ്സിന് പോകുകയും കോടതി പി.ഡബ്ല്യൂ.ഡി.-യോട് അദ്ദേഹത്തിന്റെ വാദം കേൾക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തുകയും അദ്ദേഹത്തിന്റെ വാദം തള്ളിക്കളഞ്ഞുകൊണ്ട് അലൈൻമെന്റിൽ മാറ്റംവരുത്താതെതന്നെ മുന്നോട്ട് പോകാൻ തീരുമാനിച്ചിരിക്കുകയുമാണ്. പക്ഷേ ഭൂമി ഏറ്റെടുക്കുന്നതിന് ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ ഇന്ന് റൂൾസില്ല. റൂൾസ് ഫ്രെയിം ചെയ്യാത്തതു കൊണ്ട് പൊതുമരാമത്ത് വകുപ്പിന് ഇങ്ങനെയുള്ള അവസരങ്ങളിൽ സ്ഥലമേറ്റെടു ക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് നടത്തുന്നതിനുള്ള നിർദ്ദേശം ജില്ലാകളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്, ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്, അതിനുള്ള ജി.ഒ.-യും ഇറക്കിയിട്ടുണ്ട്. അക്കാര്യങ്ങളൊക്കെ കളക്ടർമാർക്ക് അറിയാം. ബഹുമാനപ്പെട്ട അംഗം കളക്ടറുമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ സത്വരനടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ കോട്ടയം ജില്ലാകളക്ടർക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്.

5. തലശ്ശേരി ജനറൽ ആശുപത്രിയുടെ നവീകരണം

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഉത്തര കേരളത്തിലെ ഏറ്റവും വലിയ ആശുപത്രികളിൽ ഒന്നാണ് തലശ്ശേരിയിലെ ജനറൽ ആശുപത്രി. അവിടെ ആധുനിക രീതിയിലുള്ള ചികിൽസാ സംവിധാനമില്ലാത്തതാണ് ഇപ്പോഴത്തെ പ്രശ്നം. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞത് കാരുണ്യ ചികിൽസാ പദ്ധതിയുടെ ഭാഗമായി ഡയാലിസിസ് യൂണിറ്റ് നടപ്പാക്കുമെന്നാണ്, അത് ഇനിയും നടപ്പാക്കിയിട്ടില്ല. ഇവിടെ സർജറി, ഇ.എൻ.റ്റി., ഒഫ്ത്താൽമോളജി, ഗൈനക്കോളജി, ചെസ്റ്റ് ഡിസീസ്, ഓർത്തോ എന്നീ വിഭാഗങ്ങളിലായി 13 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. പതിമൂന്ന് ഡോക്ടർമാരില്ലാതെ ഈ ജനറൽ ആശുപത്രി എങ്ങനെ പ്രവർത്തിപ്പിക്കാൻ സാധിക്കും? പതിനാറ് സ്റ്റാഫ് നഴ്സ് ഗ്രേഡ് -I ന്റെയും പന്ത്രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ് -II-ന്റെയും ഒഴിവുകളുണ്ട്. ഇത്രയും ഒഴിവുകളുള്ള ആശുപത്രിയിൽനിന്നും നിലവിലുള്ള ആറ് സ്റ്റാഫ് നഴ്സുമാരെ വർക്കിംഗ് അറേഞ്ചുമെന്റിൽ വിവിധ പബ്ലിക് ഹെൽത്ത് സെന്ററുകളിലേയ്ക്ക് മാറ്റുകയും രണ്ടുപേരെ ട്യൂട്ടർമാരായി മാറ്റുകയും ചെയ്തു. നിലവിൽ ആവശ്യത്തിനുള്ള സ്റ്റാഫ് നഴ്സില്ലാത്ത സ്ഥലത്തുനിന്ന് ഉള്ളവരെ മാറ്റിയതിനാൽ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ആഫീസിൽനിന്നോ ഡയറക്ടറുടെ ആഫീസിൽനിന്നോ ചെയ്യുന്നതല്ല. അവിടത്തെ ഡി.എം.ഒ-യുടെ ആഫീസ് കേന്ദ്രീകരിച്ചുകൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. സ്റ്റാഫുകളില്ലാതെ ആ ആശുപത്രി എങ്ങനെ പ്രവർത്തിക്കുമെന്നു പോലും നോക്കാതെ, വർക്കിംഗ് അറേഞ്ചുമെന്റിന്റെ പേരിൽ സ്ഥലം മാറ്റുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി തലശ്ശേരി ഗവൺമെന്റ് ആശുപത്രിയുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. എന്താണ് ഇതിന്റെയൊക്കെ പിന്നിലെന്ന് എനിക്കറിയില്ല. ഡി.എം.ഒ.-യുടെ ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ട് നടത്തുന്ന ഈ പ്രവൃത്തിയുടെ ഫലമായി ജനറൽ ആശുപത്രി ഇപ്പോൾ അനാഥമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഒഴിവുള്ള തസ്തികകളിലെല്ലാം അടിയന്തരമായി നിയമനം നടത്തുകയും അവിടെനിന്ന് വർക്കിംഗ് അറേഞ്ചുമെന്റിൽ സ്ഥലംമാറ്റിയവരെ ഇന്നുതന്നെ തിരികെ നിയമിക്കുകയും ചെയ്താൽ ആശുപത്രിയുടെ പ്രവർത്തനം തൽക്കാലം നടത്തിക്കൊണ്ടു പോകാൻ കഴിയും. കൂടാതെ നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തി ആധുനിക രീതിയിലുള്ള ആശുപത്രിയാക്കി മാറ്റണം. പ്രസ്തുത ആശുപത്രികെട്ടിടം ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയായതുകൊണ്ട് സ്ത്രീകളുടേയും കുട്ടികളുടേയും ഒരു പ്രത്യേക ആശുപത്രികൂടി ആരംഭിക്കാൻ തീരുമാനിച്ചതാണ്. അതിലേയ്ക്കുള്ള അഞ്ച് ഏക്കർ സ്ഥലം വിലയ്ക്കെടുത്ത് നൽകുന്നതിനുവേണ്ടി ജനകീയ കമ്മിറ്റിയുണ്ടാക്കി, അതിന്റെ ഫണ്ട് പിരിവ് ഏകദേശം പൂർത്തീകരിച്ചുകഴിഞ്ഞു. അതുകൊണ്ട് ഈ കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആശുപത്രിയുടെ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, തലശ്ശേരി ജനറൽ ആശുപത്രിയിൽ പ്രതിദിനം ഒ.പി.-യിൽ എത്തുന്ന രോഗികളുടെ എണ്ണം 1300-ഉം കിടക്കകളുടെ എണ്ണം 541-ഉം, ഐ.പി. 400-ഉം ആണ്. 51 ഡോക്ടർമാരുടെ പോസ്റ്റാണ് അവിടെയുള്ളത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. 41 ഡോക്ടർമാരിൽ 38 പേരാണ് അവിടെ ഇപ്പോൾ ജോലിയിലുള്ളത്, മൂന്നുപേരെ അഡ്ഹോക് വ്യവസ്ഥയിൽ എൻ.ആർ.എച്ച്.എം. വഴി നിയമിച്ചിട്ടുള്ളതാണ്. നിലവിൽ ഇവിടെ ഒരു ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കും. സ്റ്റാഫ് നഴ്സുമാരുടെ 26 ഒഴിവുകൾ അവിടെയുണ്ട്. ആർ.എസ്.ബി.വൈ. സ്കീം അനുസരിച്ച് 18 പേരെയും അതല്ലാതെ 6 പേരുൾപ്പെടെ 24 പേരെയുമാണ് നിയമിച്ചിട്ടുള്ളത്. ഇപ്പോൾ രണ്ട് ഒഴിവുകളാണുള്ളത്. തീർച്ചയായും ഇവിടെ സൂചിപ്പിച്ച ഒഴിവുകൾ നികത്തുന്നതിന് ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റുകളുടെ പോസ്റ്റുകൾ പ്രൊമോഷൻ വഴിയാണ് നിയമിക്കപ്പെടേണ്ടത്. അതിന്റേതായ കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ട്. തീർച്ചയായും ഈ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അമ്മമാരുടേയും കുട്ടികളുടേയും വിഭാഗത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം ആശുപത്രി ആരംഭിക്കുന്നതിന് ഇവിടെ സൂചിപ്പിച്ചതുപോലെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എം.എൽ.എ.-യുടെ നേതൃത്വത്തിൽ ജനകീയ ധനസമാഹരണം നടത്തി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടന്നുവരികയാണ്. ഇത് ലഭ്യമായാൽ ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ നികത്തുതിന് സർവ്വീസിൽ പി.ജി. ബിരുദമുള്ള ജീവനക്കാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചുകഴിഞ്ഞു. അവരുടെ നിയമനം ഉടൻതന്നെ നടത്തുന്നതാണ്. മറ്റുള്ള അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉടൻതന്നെ ആ ഒഴിവുകളും നികത്തുന്നതാണ്. വർക്കിംഗ് അറേഞ്ച്മെന്റിൽ മാറ്റിയിട്ടുള്ള സ്റ്റാഫ് നഴ്സുമാരുണ്ട്. ആ ഒഴിവുകളിലേയ്ക്ക് പകരം ആളിനെ നിയമിച്ചിട്ടുണ്ട്. ആകെ 26 സ്റ്റാഫ് നഴ്സുമാരുടെ പോസ്റ്റിൽ 24 പേരെയും നിയമിച്ചിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചകാര്യം എന്താണെന്ന് പരിശോധിച്ച് തീർച്ചയായും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

6. ആരോഗ്യ സർവ്വകലാശാലയിൽ ജീവനക്കാരെ നിയമിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, സംസ്ഥാനത്ത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2010-ൽ തൃശ്ശൂർ ആസ്ഥാനമായിട്ടാണ് ആരോഗ്യ സർവ്വകലാശാല സ്ഥാപിച്ചത്. പ്രസ്തുത സർവ്വകലാശാല സ്ഥാപിച്ചപ്പോൾ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആധുനിക അലോപ്പതി, ആയുർവ്വേദം, ഹോമിയോ, സിദ്ധ, യോഗ, നാച്ചുറോപ്പതി, യുനാനി ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളിലുമായി ശരിയായ വിദ്യാഭ്യാസവും പരിശീലനവും ഗവേഷണ സൗകര്യങ്ങളും ലഭ്യമാക്കുക എന്നതായിരുന്നു. എന്നാൽ ഇന്ന് അതിന്റെ സ്ഥിതി വളരെ ദയനീയമായി തുടരുകയാണ്. സർക്കാർ മെഡിക്കൽ കോളേജുകൾ, എയ്ഡഡ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ, ആയുർവ്വേദ കോളേജുകൾ, ഹോമിയോ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഫാർമസി കോളേജ്, ഡെന്റൽ കോളേജ്, പാരാമെഡിക്കൽ കോളേജുകളുൾപ്പെടെ ഏകദേശം 249 സ്ഥാപനങ്ങൾ ഈ ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ച് അഞ്ചുവർഷമായിട്ടും സ്വന്തമായൊരു സിസ്റ്റം മാനേജർ മാത്രമാണ് ഈ സർവ്വകലാശാലയിലുള്ളത്. വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ തുടങ്ങി ഏഴ് നിർബന്ധിത തസ്തികകളിലെ ജീവനക്കാരും 30 വിരമിച്ച ജീവനക്കാരും അറുപതിലധികം ദിവസക്കൂലിക്കാരുമായി ഏകദേശം 117 പേരാണ് ഇവിടെ ജോലി ചെയ്തുവരുന്നത്. ആരോഗ്യ സർവ്വകലാശാല എന്നുള്ള നിലയിൽ അക്കാദമിക് രംഗത്തും ഭരണ രംഗത്തും മുൻ പരിചയവും വിദഗ്ദ്ധ സേവനവും ഗുണപരമായ കൂടുതൽ കാര്യക്ഷമതയും ഇല്ലാത്തവരാണ് ഇവിടെ നിയമിക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുതന്നെ അവർക്ക് ഉത്തരവാദിത്വങ്ങൾ വേണ്ടരീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല. ചുരുങ്ങിയ കാലയളവിൽത്തന്നെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള അഴിമതിയും കെടുകാര്യസ്ഥതയും ഇന്ന് വാർത്തയായി വന്നുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലയുടെ രജിസ്ട്രാറെ അടുത്ത ദിവസമാണ് കൈക്കൂലി വാങ്ങിയതിന് കയ്യോടെ പിടികൂടിയത്. സർവ്വകലാശാലാ ക്യാമ്പസിലെ റോഡ് നിർമ്മാണത്തിന് 1.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്തു വകുപ്പിനെ നിർമ്മാണം ഏൽപ്പിക്കാതെ ഏകദേശം 18 കോടി രൂപ നൽകി, മറ്റൊരു ഏജൻസിയെക്കൊണ്ട് പണിനടത്തിയത് സംബന്ധിച്ച് വിജിലൻസിൽ കേസും നടക്കുകയാണ്. സർവ്വകലാശാല നിയമനം മുഴുവൻ പി.എസ്.സി. വഴിമാത്രം നടത്തണമെന്നും പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള അർഹരായ വിഭാഗങ്ങൾക്ക് സംവരണതത്വം ഉറപ്പാക്കണമെന്നും ആക്ടിൽ പറയുന്നുണ്ട്. പക്ഷേ 250 തസ്തികകൾ അനുവദിക്കാൻ സർവ്വകലാശാലാ അധികൃതർ ആവശ്യപ്പെട്ടിട്ടും സർക്കാർ ഇന്നുവരെ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇത് സർവ്വകലാശാലയുടെ കാര്യക്ഷമതയേയും ഗുണമേന്മയേയും മികവുറ്റ ആരോഗ്യ-വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന ലക്ഷ്യത്തിനും തടസ്സമായിരിക്കുകയാണ്. സർവ്വകലാശാല സ്ഥാപിച്ച് അഞ്ചുവർഷമായിട്ടും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി നിലവിൽ വന്നിട്ടില്ല. ഇപ്പോൾ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സുതാര്യമായിട്ടല്ല അതിന്റെ നടപടികൾ ആരംഭിച്ചതെന്നുള്ള ആക്ഷേപവും ഉണ്ടായിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ എത്രയും സുതാര്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പ്രസ്തുത സർവ്വകലാശാലയുടെ കാര്യക്ഷമതയും മികവും ഉറപ്പാക്കുന്നതിനും ഈ സർവ്വകലാശാല സ്ഥാപിച്ചതിന്റെ ലക്ഷ്യം നിറവേറ്റുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കൂടാതെ ഭരണസമിതി തെരഞ്ഞെടുപ്പ് പരാതിയില്ലാതെ സുതാര്യമായി നടത്തുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>) : സർ, 1-8-2009-ലെ ഉത്തരവു പ്രകാരമാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് എന്ന കേരള ആരോഗ്യ സർവ്വകലാശാല സ്ഥാപിക്കുന്നത്. ഈ കാലയളവിൽ അത്യാവശ്യം വേണ്ട നാലു തസ്തികകൾ സൃഷ്ടിച്ചിരുന്നു. പ്രസ്തുത സർവ്വകലാശാല സ്ഥാപിച്ചതിനുശേഷം 100 തസ്തികകൾ സ്ഥിരമായും 17 തസ്തികകൾ താല്ക്കാലികമായും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആകെ ആവശ്യമായ 311 തസ്തികകളിൽ 117 തസ്തികകൾ സൃഷ്ടിച്ചു. ബാക്കിയുള്ള 194 തസ്തികകൾകൂടി സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ആരോഗ്യ സർവ്വകലാശാല രൂപീകൃതമായതിനുശേഷം ആകെ 260 കോളേജുകൾ യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ എണ്ണം: കുസാറ്റ് - 27, കേരള - 228, എം.ജി - 268, കാലിക്കട്ട് - 339, കണ്ണൂർ - 113, കുവാസ് - 260 എന്നിങ്ങനെയാണ്. ഈ കോളേജുകളെല്ലാം മുൻകാലങ്ങളിൽ മറ്റു സർവ്വകലാശാലകളുടെ കീഴിൽ നിലനിന്നിരുന്നു. ഇത്രയും കോളേജുകൾ മറ്റു സർവ്വകലാശാലകളിൽനിന്നും ആരോഗ്യ സർവ്വകലാശാലയിലേയ്ക്ക് അഫിലിയേറ്റ് ചെയ്തപ്പോൾ മറ്റ് സർവ്വകലാശാലകളിൽ വന്നിട്ടുള്ള അധിക തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. കൂടുതലായി മറ്റു സർവ്വകലാശാലകളിൽ ജീവനക്കാർ ഉണ്ടെങ്കിൽ അത് ആരോഗ്യ സർവ്വകലാശാലയിലേയ്ക്കുമാറ്റി നൽകുന്ന വിഷയം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ ഭരണം സുതാര്യമായി നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് നിയമാനുസൃതമുള്ള നടപടികൾ ഗവൺമെന്റ് തീർച്ചയായും സ്വീകരിക്കും.

7. മന്തുരോഗം

ശ്രീ. പി. തിലോത്തമൻ : സർ, മന്തുരോഗം വളരെ വ്യാപകമായി ഉണ്ടായിരുന്ന സ്ഥലമാണ് ചേർത്തല. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ ദീർഘകാലത്തെ കാര്യക്ഷമമായ പ്രവർത്തനവും കേന്ദ്ര ഗവൺമെന്റിന്റെ വി.സി.ആർ.സി.-യുടെ സേവനങ്ങളും വഴി ഈ രോഗത്തിൽനിന്ന് പുതിയ തലമുറയെ നമുക്ക് മോചിതരാക്കാൻ കഴിഞ്ഞിരുന്നു. അവിടെ പഴയ തലമുറയിലെ ഏതാനും ആളുകൾക്ക് മാത്രമാണ് ഇന്ന് മന്തുരോഗമുള്ളതായി കാണാൻ കഴിയുന്നത്. പുതിയ തലമുറയെ നമുക്ക് അതിൽനിന്നും മോചിപ്പിക്കാൻ കഴിഞ്ഞിരുന്നുവെന്നുള്ളത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. എന്നാൽ ഈ കഴിഞ്ഞ ദിവസം, ചേർത്തലയിലും ആലപ്പുഴയിലുമുള്ള കൊച്ചുകുട്ടികളിൽ മന്തുരോഗം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. ഇത് വല്ലാത്ത ആശങ്കയാണ് പൊതുജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളത്. വി.സി.ആർ.സി.-യുടെ പ്രവർത്തനം ചെന്നൈയിലേയ്ക്ക് വിത്ഡ്രോ ചെയ്തു. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ നിലവിലുണ്ടായിരുന്ന ഓഫീസിന്റെ പ്രവർത്തനം ഷിഫ്റ്റ് ചെയ്ത് മറ്റുപല ജില്ലകളിലേയ്ക്കും കൊണ്ടുപോയിരിക്കുകയാണ്. അതിന്റെ പ്രവർത്തനം നടക്കുന്നില്ല. ഈ ഒരു സാഹചര്യമാണ് മന്തുരോഗം ഇന്ന് കുട്ടികളിൽ റിപ്പോർട്ട് ചെയ്യപ്പെടാൻ ഇടയാക്കിയതെന്നാണ് പൊതുവേ മനസ്സിലാക്കുന്നത്. ഏതായാലും ആശങ്കാജനകമായ ഈ സ്ഥിതിവിശേഷത്തിന് അടിയന്തര പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ രണ്ടു ഫീൽഡ് സ്റ്റേഷനുകളായ ചേർത്തല, കായംകുളം എന്നിവിടങ്ങളിലും ആലപ്പുഴയിലും മന്തുരോഗ നിർണ്ണയ സർവ്വേ നടത്തിവരുന്നു. കൃത്യമായി നടന്നുവരുന്ന സർവ്വേയുടെ ഫലമായാണ് തുടക്കത്തിൽത്തന്നെ മന്തുരോഗ ബാധിതരെ കണ്ടെത്താൻ കഴിഞ്ഞത്. പഴയ ഫൈലേറിയ യൂണിറ്റ് നിലവിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തനം എല്ലാ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ രോഗനിർണ്ണയം കാര്യക്ഷമമായി നടത്തിവരുന്നു. ഇതുകൂടാതെ വെക്ടർ കൺട്രോൾ ആലപ്പുഴ ജില്ലാ യൂണിറ്റിൽ ചൊവ്വ, വെള്ളി ദിവസങ്ങളിലും ചേർത്തല യൂണിറ്റിൽ തിങ്കളാഴ്ചയും നൈറ്റ് ക്ലിനിക് പ്രവർത്തിക്കുന്നു. 1997 മുതൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ മന്തുരോഗ സമൂഹ ചികിത്സാ പരിപാടി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ച് മന്തുരോഗ പ്രതിരോധ ഗുളിക വിതരണവും കഴിപ്പിക്കലും വർഷംതോറും നടത്തിവരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല ഉൾപ്പെടുന്ന എട്ടു സ്ഥലങ്ങളിൽ 2004-നുശേഷം ഓരോ വർഷവും നടത്തിയ സർവ്വേയിൽ ശരാശരി മന്തുരോഗാണു നിരക്ക് ഒരുശതമാനത്തിനു താഴെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2014-ൽ ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് നടത്തിയ രാത്രികാല മന്തുരോഗാണു സർവ്വേയിൽ 8159 പേരുടെ രക്തം പരിശോധിച്ചതിൽ രണ്ടുപേരിൽ മാത്രമാണ് രോഗാണുക്കൾ ഉണ്ടായിരുന്നത്, 0.02 ശതമാനം. 2015 ജൂലൈ വരെ 5177 പേരുടെ രക്തപരിശോധന നടത്തിയതിൽ മേയ്, ജൂൺ മാസങ്ങളിൽ ഓരോ വ്യക്തികളിൽ രോഗാണുവിനെ കണ്ടെത്തിയിരുന്നു, 0.03 ശതമാനം. ഇതിൽ ഒരു കേസ് ചേർത്തല നഗരത്തിൽ നിന്നുള്ളതാണ്. രോഗാണുക്കൾ ഉള്ളതായി കണ്ടെത്തിയ ആളിന് കൃത്യമായ ചികിത്സ നൽകി. ഇതിൽ നിന്നും ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിരിക്കുന്ന ഒരുശതമാനം രോഗാണു നിരക്കിനേക്കാൾ വളരെ കുറവാണ് ആലപ്പുഴ ജില്ലയിലുള്ളതെന്നും മനസ്സിലായി. അതുകൊണ്ട് ചേർത്തലയിൽ മന്തുരോഗ വ്യാപന സാധ്യത ആശങ്കപ്പെടുന്ന വിധം ഇല്ലായെന്നുള്ളതാണ് മനസ്സിലാക്കുന്നത്.

VI അറിയിപ്പ്

ചട്ടം ഇളവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ നിയമനിർമ്മാണകാര്യത്തിൽ മൂന്നു ബില്ലുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാമതായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2015-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി

LIBRARY ARCHIVES Kerala Legislative Assembly

(ഭേദഗതി) ബില്ലും രണ്ടാമതായി 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലും മൂന്നാമതായി 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പക്ഷേ അംഗങ്ങൾക്കിടയിൽ പൊതുവെ വന്നിട്ടുള്ള ഒരു ധാരണയനുസരിച്ച് ആദ്യം 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ എടുക്കണമെന്ന അഭിപ്രായമാണ് വന്നിരിക്കുന്നത്. അതനുസരിച്ച് ഇന്നത്തെ നിയമനിർമ്മാണകാര്യത്തിൽ ആദ്യം 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ആണ് എടുക്കുന്നത്. 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ഉച്ചയ്ക്കുശേഷം 1.30-ന് വോട്ടിടണമെന്ന ചട്ടം 153(2) താല്ക്കാലികമായി ഇളവുചെയ്യുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുത്ത ശേഷം മൂന്നാമത്തെ ബില്ലായി 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ എടുക്കുന്നതാണ്. ഇന്നത്തെ ശേഷിക്കുന്ന സബ്മിഷനുകളുടെ രേഖാമൂലമുള്ള മറുപടി ഇന്നുതന്നെ ബഹുമാനപ്പെട്ട മെമ്പർമാർക്ക് നൽകുന്നതാണ്.

VII മേശപ്പുറത്തു വച്ച കടലാസുകൾ

1. ലിസ്റ്റ് I പ്രകാരം

1. ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 781/Com.Ex/കെ.എസ്.ഇ.ആർ.സി./2015 തീയതി, 23-6-2015.

2. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ.(പി) നമ്പർ 84/2015/എൽ.ബി.ആർ. തീയതി, 8-7-2015 (എസ്.ആർ.ഒ നമ്പർ 458/2015).

3. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(പി) നമ്പർ 41/2015/ട്രാൻ. തീയതി, 30-6-2015 (എസ്.ആർ.ഒ നമ്പർ 421/2015).

LIBRARY ARCHIVES Kerala Legislative Assembly

2. ജി.ഒ.(ആർ.റ്റി) നമ്പർ 280/2015/ട്രാൻ. തീയതി, 26-6-2015 (എസ്.ആർ.ഒ. നമ്പർ 423/2015).

3. ജി.ഒ.(പി) നമ്പർ 39/2015/ട്രാൻ. തീയതി, 27-6-2015 (എസ്.ആർ.ഒ. നമ്പർ 442/2015).

2. ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

1. മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 74, 75, 76 പതിനാലാം സമ്മേളനത്തിലെ 39 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 4963, പതിമൂന്നാം സമ്മേളനത്തിലെ 519 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണംകാണിക്കൽ സ്റ്റേറ്റ്മെന്റും.

3. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 686, 2328, 2339 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2415-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly

5. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 924-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണംകാണിക്കൽ സ്റ്റേറ്റ്മെന്റും.

6. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2611, 2613 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2618, പന്ത്രണ്ടാം സമ്മേളനത്തിലെ 2900, 3036, 3046 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

8. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 1263, പതിമൂന്നാം സമ്മേളനത്തിലെ 2862 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണംകാണിക്കൽ സ്റ്റേറ്റ്മെന്റും.

VIII ക്രമപ്രശ്നം

1. നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം

ശ്രീ. സി. ദിവാകരൻ : സർ, നിയമസഭാ നടപടിക്രമങ്ങളിൽ സംഭവിച്ച നിയമങ്ങളുടേയും ചട്ടങ്ങളുടേയും ലംഘനമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. 27-7-2015-ൽ നിയമസഭയിൽ പാസ്സാക്കിയ 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ)

LIBRARY ARCHIVES Kerala Legislative Assembly

ബിൽ (ബിൽ നമ്പർ 346) നിയമാനുസൃതമല്ല. ഭരണഘടനയുടെ 198-ാം വകുപ്പുപ്രകാരം മണി ബില്ലായിട്ടാണ് 2008-ലെ കേരള നെൽവയൽ നീർത്തട സംരക്ഷണ ആക്റ്റിൽ മാറ്റംവരുത്തിക്കൊണ്ട് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അവതരിപ്പിച്ച് പാസ്സാക്കിയിരിക്കുന്നത്. പ്രസ്തുത ബിൽ Rules of Business പ്രകാരം റവന്യൂ വകുപ്പാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. കാരണം മൂലബിൽ ഭൂമി സംബന്ധമായ വിവരങ്ങൾ അടങ്ങിയതായതിനാൽ റവന്യൂ വകുപ്പുമന്ത്രിയാണ് അവതരിപ്പിച്ചത്. ബന്ധപ്പെട്ട ബില്ലിലെ ഭേദഗതികൾ Rules of Business പ്രകാരം റവന്യൂ വകുപ്പുമന്ത്രിയാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. ധനകാര്യ വകുപ്പുമന്ത്രി 2-ാം നമ്പർ മണി ബില്ലായിട്ടാണ് ഭൂമി സംബന്ധമായ ഭേദഗതി സഭയിൽ അവതരിപ്പിച്ചത്. ഭരണഘടനയിലെ ആർട്ടിക്കിൾ 199-ൽ മണി ബില്ലിനെക്കുറിച്ച് വ്യക്തമായ നിർവ്വചനം നൽകിയിട്ടുണ്ട്. ഈ നിർവ്വചനത്തിന്റെ പരിധിയിൽ ബില്ലിലെ വിഷയം വരുന്നില്ല. പ്രസ്തുത നടപടിക്രമങ്ങളുടെ വീഴ്ചയാണ്. ഭരണഘടനയുടെ ആർട്ടിക്കാൾ 199 (2)-ൽ പറയുന്നത് "A Bill shall not be deemed to be a Money Bill by reason only that it provides for the imposition of fines or other pecuniary penalties, or for the demand or payment of fees for licenses or fees for services rendered, or by reason that it provided for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes." എന്നാണ്. ഭരണഘടനാ അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ 27-7-2015-ൽ ധനകാര്യ (2-ാം നമ്പർ) ബിൽ എന്നപേരിൽ അവതരിപ്പിച്ച് പാസ്സാക്കിയ ഭൂമി സംബന്ധമായ ബിൽ അവതരണം ക്രമത്തിലല്ലാത്തതിനാൽ പുനഃപരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ക്രമപ്രശ്നം അനവസരത്തിലുള്ള ഒന്നാണ്. കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു മണി ബിൽ അല്ലെന്നാണ് ശ്രീ. സി. ദിവാകരൻ പറയുന്നത്. സഭയിൽ അവതരിപ്പിച്ച ഒരു ബിൽ ഒരു മണി ബിൽ ആണോ അല്ലയോ എന്ന് ഉന്നയിക്കാനുള്ള ഒരംഗത്തിന്റെ അവകാശം പ്രസ്തുത ബിൽ സഭയിൽ ഇൻട്രൊഡ്യൂസ്ചെയ്യുന്ന സമയത്താണ്. ഇപ്പോൾ ആ സമയമല്ല. പ്രസ്തുത ബിൽ 22-3-2015-ലാണ് സഭയിൽ അവതരിപ്പിച്ചത്. അതിനുശേഷം 23-7-2015-ൽ സഭ പ്രസ്തുത ബിൽ പരിഗണിക്കുകയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ 27-ാം തീയതി സഭ പരിഗണിച്ച്, സുദീർഘമായ ചർച്ചയ്ക്കുശേഷം പാസ്സാക്കി. ഈ അവസരത്തിലൊന്നും ബഹുമാനപ്പെട്ട മെമ്പർ ഇത്തരമൊരു ക്രമപ്രശ്നം ഉന്നയിച്ചില്ല. സഭ പാസ്സാക്കിയ ബിൽ ഗവർണ്ണറുടെ അനുമതിയോടെ നിയമസഭയുടെ ആക്റ്റായി കഴിഞ്ഞ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധീകരിക്കപ്പെട്ടു. മണി ബിൽ ഏതെല്ലാമെന്ന് ഭരണഘടനയുടെ 199(1)-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആർട്ടിക്കിൾ 199(3) അനുസരിച്ച് ഒരു ബിൽ മണി ബിൽ ആണോ അല്ലയോ എന്ന ഏതെങ്കിലും ഒരു പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ അതിന്മേൽ നിയമസഭാ സ്പീക്കറുടെ തീരുമാനം അന്തിമമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ നിയമസഭ പാസ്സാക്കി, ഗവർണ്ണറുടെ അനുമതി ലഭിച്ച്, നിയമം ആയതിനാൽ ഈ വിഷയം ഇപ്പോൾ പുനഃപരിശോധിക്കേണ്ട ആവശ്യമില്ല. ബഡ്ജറ്റിലെ ധനകാര്യ നിർദ്ദേശങ്ങളാണ് ഫിനാൻസ് ബില്ലിൽ കൊണ്ടുവരുന്നത്. അതിൽ നികുതി നിർദ്ദേശങ്ങൾ, ചുങ്കം പിരിക്കൽ, സെസ്സ് പിരിക്കൽ, ഫീസ് പിരിക്കൽ എന്നിവയുമുണ്ടാകും. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മലയാളത്തിൽ ആയതുകൊണ്ടാണ് 2-ാം നമ്പർ ഫിനാൻസ് ബിൽ മലയാളത്തിൽ കൊണ്ടുവന്നത്. അതിൽ ഫീസ് എന്ന് പരാമർശിക്കുന്നത് നികുതി തന്നെയാണ്. സഭയ്ക്കകത്ത് ശ്രീ. സി. ദിവാകരൻ എന്നോടു കാണിച്ചുകൊണ്ടിരിക്കുന്ന സൗമനസ്യത്തിന് പ്രത്യേകമായ നന്ദി. പിണക്കമൊക്കെ മാറിയെന്ന് ഞാൻ കരുതുന്നു.

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ ഉന്നയിച്ചത് പിണക്കം ഇണക്കം എന്നുള്ള കാര്യമല്ല. നഗ്നമായി ഭരണഘടനാ ലംഘനം നടത്തിയതിനെ സംബന്ധിച്ചാണ്. ഇന്ത്യൻ ഭരണഘടനയെ ബൈപ്പാസ് ചെയ്യാൻ ഒരു നിയമവും അനുവദിക്കുന്നില്ല. ഇത് ഭരണഘടനാ ലംഘനമാണ്.

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ, ചെയർ അക്കാര്യത്തിൽ റൂളിംഗ് നൽകും.

(മന്ത്രിയുടെ മറുപടി വാസ്തവ വിരുദ്ധമാണെന്നും പ്രസ്തുതനിയമം പാസ്സാക്കിയത് ഭരണഘടനാ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ സി. ദിവാകരൻ സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, ഇതുകൂടി കേട്ടിട്ട് പൊയ്ക്കൊള്ളൂ. Mohammad Syed Siddiq Vs. State of U.P.-എന്ന കേസ്സിലെ 2014-ലെ സുപ്രീംകോടതി വിധിയിൽ അന്ന് ചീഫ് ജസ്റ്റിസായിരുന്ന, ഇപ്പോഴത്തെ കേരള ഗവർണ്ണർ മണി ബിൽ അന്തിമമായാൽ അത് ഒരുതരത്തിലും ചോദ്യം ചെയ്യാൻ പറ്റില്ലായെന്ന് അസന്നിഗ്ദ്ധമായി പറയുകയുണ്ടായി. ഭരണഘടനയുടെ 255-ാം അനുച്ഛേദപ്രകാരം ഗവർണ്ണറുടെ അനുമതി ലഭിച്ച ബിൽ സഭയിലെ നടപടിച്ചട്ടങ്ങളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽപ്പോലും അത് നിയമത്തെ അസാധുവാക്കുകയില്ലെന്ന് പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ ഈ ക്രമപ്രശ്നം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റൂളിംഗ്

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ വാക്കൗട്ട് നടത്തിപോയെങ്കിലും ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിന് ചെയറിന്റെ റൂളിംഗ് ആവശ്യമാണ്.

നമ്മുടെ നിയമസഭാചട്ടം 153(എ)-യിൽ ധനകാര്യ ബില്ലിന്റെ നിർവ്വചനം നൽകിയിട്ടുണ്ട്. ധനകാര്യ ബില്ലെന്നാൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള ഗവൺമെന്റിന്റെ ധനപരമായ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനായി അവതരിപ്പിക്കുന്ന ബിൽ എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് ഗവൺമെന്റിന്റെ ധനപരമായ പ്രൊപ്പോസൽസ് നടപ്പിലാക്കുന്നതിനുള്ള ഒരു ബില്ലാണ് ധനകാര്യ ബിൽ. 2015 മാർച്ച് 13-ാം തീയതി സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ ധനപരമായ ഒരു നിർദ്ദേശമായിരുന്നു നേരത്തെ നികത്തിയ നെൽവയലുകൾ പരിവർത്തനപ്പെടുത്തിയതിന് ഫീസ് ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കുകയെന്നത്. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ടിൽ ഭേദഗതി വരുത്തുന്നതിനായാണ് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ കൊണ്ടുവന്നത്. ഈ ബിൽ പതിമൂന്നാം സമ്മേളനകാലത്ത് സഭയിൽ അവതരിപ്പിക്കുകയും 22-7-2015-ൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച് എന്തെങ്കിലും തടസ്സവാദങ്ങളുണ്ടെങ്കിൽ അത് ഉന്നയിക്കേണ്ടിയിരുന്നത് ജൂലൈ 22-ാം തീയതിയായിരുന്നു. ബിൽ പാസ്സായി, ഗവർണ്ണറുടെ അനുമതിക്കായി അയയ്ക്കുകയും ഗവർണ്ണറുടെ അനുമതി ലഭിക്കുകയുംചെയ്ത സാഹചര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ഇതുസംബന്ധിച്ച് ഇപ്പോൾ തടസ്സവാദമുന്നയിക്കുവാൻ കഴിയുകയില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

2. ബിൽ പിൻവലിക്കണമെന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം

ശ്രീ. സി. മമ്മൂട്ടി : സർ, പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി നടത്തിയ ജലചൂഷണത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ട്രിബ്യൂണൽ സ്ഥാപിക്കുന്നതിന് ഒരു ബിൽ 24-2-2011-ൽ നിയമസഭ പാസ്സാക്കുകയുണ്ടായി. ഈ ബിൽ രാഷ്ട്രപതിയുടെ അനുമതിക്കായി കേരള ഗവർണ്ണർ അയച്ചുകൊടുത്തിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ജോയിന്റ് സെക്രട്ടറി ശ്രീ. ജെ. പി. അഗർവാൾ ഈ ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഗവർണ്ണർക്ക് കത്ത് എഴുതി എന്നാണ് മനസ്സിലാകുന്നത്. ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ അനുമതിക്കായി അയയ്ക്കുന്ന ബില്ലിന് അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നൽകുന്നില്ലെന്നോ രാഷ്ട്രപതി പ്രഖ്യാപിക്കേണ്ടതും അതൊരു മണിബില്ല് അല്ലെങ്കിൽ 200-ാം ആർട്ടിക്കിളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഒരു സന്ദേശത്തോടുകൂടി ഗവർണ്ണർക്ക് തിരിച്ച് അയയ്ക്കാൻ നിർദ്ദേശിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് സ്പീക്കർ നേരത്തെ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം പ്ലാച്ചിമടയിലെ ദുരന്തങ്ങൾ മനസ്സിലാക്കി 1999-ൽ സ്ഥാപിച്ച കൊക്കകോള കമ്പനി അടച്ചുപൂട്ടാൻ സുപ്രീം കോടതി വിധിയുണ്ടായി. ഗവൺമെന്റ് അതിന് നടപടി സ്വീകരിച്ചു. 2004-ൽ ആ കമ്പനി അടച്ചുപൂട്ടി. അതിനുശേഷം ഇതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ശ്രീ. കെ. ജയകുമാർ ചെയർമാനായ കമ്മിറ്റി പരിശോധിക്കുകയും ഏതാണ്ട് 216 കോടി 26 ലക്ഷം രൂപ നഷ്ടപരിഹാരം കണക്കാക്കുകയും ഇത് ഈടാക്കുന്നതിനുവേണ്ടി ട്രിബ്യൂണലിനെ 2011-ൽ രൂപീകരിക്കുകയും ചെയ്തു. ഈ ബിൽ അയച്ചിട്ടും ഇപ്പോഴും അവർക്ക് നഷ്ടപരിഹാരം കിട്ടിയില്ലെന്നുമാത്രമല്ല, നിയമസഭ ഇത്രയും വികാരത്തോടുകൂടി പാസ്സാക്കിയ ഒരു ബില്ലിനോടുള്ള സമീപനം, കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ സ്വാധീനമായിരിക്കാം. ഈ ബിൽ പിൻവലിക്കണമെന്ന് ഒരു ഉദ്യോഗസ്ഥൻ കത്ത് അയച്ചിരിക്കുന്നു. അതും നിയമപ്രകാരമല്ല. അത് ഗൗരവമായി കാണണം. പ്രത്യേകിച്ച്, നിയമസഭ പാസ്സാക്കുന്ന ഒരു ബില്ലിന് ഈയൊരു ഗതി വരികയാണെങ്കിൽ അതിനെ വളരെ ഗൗരവമായികണ്ട് നടപടികളുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട സി. മമ്മൂട്ടി അവതരിപ്പിച്ച ക്രമപ്രശ്നം വളരെ പ്രസക്തമാണ്. 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബിൽ 2011 ഫെബ്രുവരി 24-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ആയത് ഭാരതത്തിന്റെ ഭരണഘടനയുടെ 200-ാം അനുച്ഛേദപ്രകാരം ബഹുമാനപ്പെട്ട കേരള ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി നീക്കിവയ്ക്കുകയും ചെയ്തു. ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി അയച്ചുകൊടുത്തിട്ടുള്ള പ്രസ്തുത ബില്ലിന്മേൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സോളിസിറ്റർ ജനറലിന്റെ അഭിപ്രായം ആരായുകയും അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ബിൽ പിൻവലിക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരായുകയും അദ്ദേഹം മുമ്പ് നൽകിയ നിയമോപദേശത്തിൽ തന്നെ ഉറച്ചുനിൽക്കുന്നതായി മറുപടി ലഭിക്കുകയും ചെയ്തു. അഡ്വക്കേറ്റ് ജനറലിന്റെ മുൻ അഭിപ്രായപ്രകാരം സംസ്ഥാന നിയമസഭയ്ക്ക് പ്രസ്തുത ബിൽ പാസ്സാക്കാൻ

അധികാരമുണ്ടെന്നും അപ്രകാരം ബില്ലിൽ വ്യവസ്ഥ ചെയ്യുപ്രകാരം പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് അധികാരമുണ്ടെന്നും ചൂണ്ടിക്കാണിക്കുകയുമുണ്ടായി. കൂടാതെ, ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളുടെ താൽപ്പര്യമാണ് പരമപ്രധാനമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേന്ദ്രസർക്കാരിലേയ്ക്ക് മറുപടി അയയ്ക്കാനിരിക്കെ, കേന്ദ്രസർക്കാരിൽ നിലവിലുണ്ടായിരുന്നതും സംസ്ഥാന നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ഒപ്പിട്ടതും രാഷ്ട്രപതിയുടെ അനുമതിക്കായി ബഹുമാനപ്പെട്ട ഗവർണ്ണർ ഒപ്പിട്ട് അയച്ചതുമായ പ്രസ്തുത ബില്ലിന്റെ മൂന്ന് പകർപ്പുകളും 'returned herewith to the State Government treating the same as withdrawn' എന്ന് അറിയിച്ചുകൊണ്ട് തിരിച്ചയച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 07/2015-ലെ കത്ത് കേരളാ രാജ്ഭവനിലെ 9-7-2015-ലെ കത്ത് പ്രകാരം നിയമവകുപ്പിന് ലഭിക്കുകയും, ആയതിന് സ്വീകരിക്കേണ്ട നടപടികളും ഭരണഘടനാ വ്യവസ്ഥകളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഫയൽ ഭരണവകുപ്പായ ജലവിഭവ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുള്ളതുമാണ്. ഭരണഘടനയുടെ 200-ാം അനുച്ഛേദപ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി നീക്കിവയ്ക്കുന്ന പക്ഷം ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതി ആ ബില്ലിന് താൻ അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ താൻ അനുമതി നൽകുന്നില്ലെന്നോ പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി സമർപ്പിക്കാതെ ആയത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിലേക്ക് തിരിച്ച് അയച്ചിട്ടുള്ളതായിട്ടാണ് കാണുന്നത്. ഭാരതത്തിന്റെ ഭരണഘടന അനുസരിച്ച് സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബില്ലിന്മേൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്ക് മാത്രമേ അധികാരമുള്ളൂ. ഈ അധികാരം ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഭരണഘടനയനുസരിച്ച് സംസ്ഥാന ഗവർണ്ണർ നീക്കിവച്ച ഒരു ബില്ലിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനോ ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും വകുപ്പിനോ അതിന്റെ എക്സിക്യൂട്ടീവ് നടപടിയുടെ ഭാഗമായി സംസ്ഥാന സർക്കാരിലേക്ക് തിരിച്ചയയ്ക്കാനുള്ള അധികാരം ഭരണഘടന നൽകുന്നില്ല. രാഷ്ട്രപതിയിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ അധികാരങ്ങൾ വിനിയോഗിക്കാൻ കേന്ദ്രസർക്കാരിന്റെ എക്സിക്യൂട്ടീവ് വിഭാഗത്തിന് സാദ്ധ്യമല്ലാത്തതും ഒരു സംസ്ഥാന നിയമസഭ പാസ്സാക്കിയ ബിൽ പിൻവലിക്കാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കാൻ പാടില്ലാത്തതുമാകുന്നു. മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കുന്ന ഒരു ബിൽ പിൻവലിക്കാൻ നിയമപരമായി സാദ്ധ്യമല്ലാത്തതുമാണ്.

Chaser Hind Private and Others Vs. National Textile Corporation AIR 2002 Supreme Court 3404 എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം

LIBRARY ARCHIVES Kerala Legislative Assembly

കോടതി ഇപ്രകാരം പറയുന്നു. The words " reserved for consideration" would definitely indicate that there should be active application of mind by the President to the repugnancy pointed out between the proposed State Law and the earlier Law made by the Parliament and the necessity of having such a Law. ആയതിനാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നടപടി ക്രമവിരുദ്ധവും ഭരണഘടനയുടെ അന്തഃസത്തയ്ക്ക് യോജിക്കാത്തതുമാണ്. ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിലെ വ്യവസ്ഥയനുസരിച്ച് ഗവർണ്ണർ ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയാണെങ്കിൽ, ആ ബിൽ സംസ്ഥാനസർക്കാരിന്റെ നിയമനിർമ്മാണ സഭയിലേയ്ക്ക് ഭരണഘടനയുടെ 200-ാം അനുച്ഛേദത്തിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഒരു സന്ദേശത്തോടുകൂടി തിരിച്ചയയ്ക്കുവാൻ രാഷ്ട്രപതിക്ക് ഗവർണ്ണറോട് നിർദ്ദേശിക്കാവുന്നതും അപ്രകാരം ബിൽ തിരിച്ചയയ്ക്കുമ്പോൾ, ആ സന്ദേശം കിട്ടിയ തീയതി മുതൽ ആറ് മാസക്കാലത്തിനുള്ളിൽ അതിൻപ്രകാരം നിയമസഭ ആ ബിൽ വീണ്ടും പരിഗണിക്കേണ്ടതുമാണ്. ആയതിനാൽ ഭരണഘടനാപരമായ അത്തരത്തിലുള്ള ഒരു സന്ദേശത്തിന്റെ അഭാവത്തിൽ സംസ്ഥാന സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രസ്തുത ബിൽ പുനഃപരിഗണിക്കുന്നതിനോ പിൻവലിക്കുന്നതിനോ സാദ്ധ്യമല്ല. സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബിൽ കേന്ദ്രസർക്കാരിന് പിൻവലിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ, ഈ വിഷയത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ ഭരണഘടനാ വിരുദ്ധമാകുന്നതോടൊപ്പം ഗവർണ്ണറിൽനിന്നും മേൽപ്രസ്താവിച്ചവിധം ഒരു സന്ദേശം ലഭിക്കാത്തപക്ഷം സംസ്ഥാന നിയമസഭയ്ക്ക് ബിൽ വീണ്ടും പരിഗണിക്കാൻ സാദ്ധ്യമല്ലാത്തതുമാണ്. ആയതിനാൽ സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയതും ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി 200-ാം അനുച്ഛേദപ്രകാരം കേരളാ ഗവർണ്ണർ നീക്കിവച്ചതുമായ പ്രസ്തുത ബിൽ പിൻവലിക്കുന്നതിനായി നിലപാട് സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കുന്നതല്ലഎന്ന് കേന്ദ്രസർക്കാരിനെ അറിയിക്കാവുന്നതാണ്. മേൽസാഹചര്യത്തിൽ, സംസ്ഥാന സർക്കാർ നൽകിയ സ്പഷ്ടീകരണത്തിന്റെയും വിശദീകരണങ്ങളുടെയും വെളിച്ചത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തോട് അവരുടെ നിലപാട് പുനഃപരിശോധിക്കാൻ ആവശ്യപ്പെടാവുന്നതും പ്രസ്തുത മന്ത്രാലയം തിരിച്ചയച്ചതും സംസ്ഥാന നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട സ്പീക്കർ ഒപ്പിട്ട് ബഹുമാനപ്പെട്ട ഗവർണ്ണർ, രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കും നീക്കിവച്ചതുമായ ബില്ലുകൾ പ്രസ്തുത ഭരണഘടനാ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുനഃപരിഗണനയ്ക്കായി കേന്ദ്രസർക്കാരിലേയ്ക്ക് തിരിച്ചയക്കാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

റൂളിംഗ്

മി. സ്പീക്കർ : ശ്രീ. സി. മമ്മൂട്ടിയുടെ ക്രമപ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വളരെ വിശദമായ മറുപടിയാണ് നൽകിയത്. അതുകൊണ്ട് ആ മറുപടി ചെയർ ആവർത്തിക്കുന്നില്ല. പ്ലാച്ചിമട സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ പിൻവലിക്കാൻ സഭയോട് ആവശ്യപ്പെടേണ്ടിയിരുന്നത് ബഹുമാനപ്പെട്ട രാഷ്ട്രപതിയാണ്. നേരത്തെ ഈ സഭയുടെ കാലയളവിൽത്തന്നെ 1999-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ്സ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ബിൽ പിൻവലിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട അവസരത്തിൽ, അതിന്റെ നിയമവശം അവരെ അറിയിച്ചപ്പോൾ ബിൽ പിൻവലിക്കണമെന്ന രാഷ്ട്രപതിയുടെ നിർദ്ദേശം ഗവർണ്ണറുടെ ഒരു സന്ദേശമായി സഭയെ അറിയിക്കുകയും അതിന്റെ വെളിച്ചത്തിൽ ബിൽ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കൈക്കൊണ്ടിട്ടുള്ള ഈ നടപടി നിയമാനുസൃതമല്ല എന്ന് അവരെ നിയമ വകുപ്പ് അറിയിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

(സഭവിട്ട് പുറത്തുപോയ ശ്രീ. സി. ദിവാകരൻ സഭയിൽ ഹാജരായി.)

3. ബിൽ ഭരണഘടനാ വിരുദ്ധമാണെന്നത് സംബന്ധിച്ച്

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇന്ന് അവതരിപ്പിക്കുന്ന ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ഓർഡിനൻസായി വരികയും അതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആ ഓർഡിനൻസ് പ്രകാരം അഞ്ച് അംഗങ്ങളുള്ള റിക്രൂട്ട്മെന്റ് ബോർഡിൽ ഒരാൾ ചെയർപേഴ്സണായിരിക്കേണ്ടതും മറ്റംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ആളായിരിക്കേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ആളുമാകുമ്പോൾ രണ്ട് സംവരണ സീറ്റുകളാണ് വരേണ്ടത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണത്തിലൂടെ ഓർഡിനൻസ് വഴി ലഭ്യമായിരിക്കുന്ന അവസരത്തെ നിഷേധിച്ചുകൊണ്ട് പട്ടികജാതിക്കാരിയായ ഒരു വനിതയെ അംഗമാക്കിവച്ച് പട്ടികജാതി/പട്ടികവർഗ്ഗ വനിത-ത്രീ ഇൻ വൺ എന്നതുപോലെ സംവരണത്തെ അട്ടിമറിച്ചുകൊണ്ടാണ് ഈ ബോർഡ് രൂപീകരിച്ചിരിക്കുന്നത്. അങ്ങനെയൊരു ബോർഡ് രൂപീകരിക്കാൻ ഓർഡിനൻസ് പ്രകാരം ഗവൺമെന്റിന് അധികാരമില്ല. കാരണം ഈ ഓർഡിനൻസ് നിയമപ്രകാരമാണെങ്കിൽ ഇതിലെ ഒരംഗം ഒരു വനിതയായിരിക്കേണ്ടതാണ്. വനിത പട്ടികജാതിക്കാരിയോ ഹിന്ദുമത വിശ്വാസിയായ

LIBRARY ARCHIVES Kerala Legislative Assembly

മറ്റേതെങ്കിലും ജാതിക്കാരിയോ ആകാം. പക്ഷേ രണ്ടാമത്തെ അംഗം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ആളായിരിക്കണം. എന്നാൽ ഗവൺമെന്റിന്റെ സ്ഥാപിത താല്പര്യത്തിനുവേണ്ടി ഏതോ ഒരാളെ അംഗമാക്കുന്നതിനായി പട്ടികജാതി/ പട്ടികവർഗ്ഗത്തിൽനിന്നുള്ള ആളെ ഒഴിവാക്കി പട്ടികജാതിക്കാരിയായ ഒരു വനിതയെ വച്ചിരിക്കുകയാണ്. ഇത് ക്രമവിരുദ്ധമായ കാര്യമാണെന്നുമാത്രമല്ല, ഭരണഘടനാ വ്യവസ്ഥയനുസരിച്ച് ലഭ്യമാകേണ്ട സംവരണത്തെതന്നെ അട്ടിമറിച്ചിരിക്കുകയാണ്. സംവരണത്തിലൂടെ വരേണ്ടവരുടെ കാര്യത്തിൽ നിയമവകുപ്പുതന്നെ നിയമം ലംഘിക്കുകയാണ്. സർക്കാരിന് പല താൽപ്പര്യങ്ങളുമുണ്ടായേക്കാം, പക്ഷേ നിയമപരമായി നടപ്പാക്കണമെന്ന് നിഷ്കർഷിക്കേണ്ടതും അതിനാവശ്യമായ നിർദ്ദേശം നൽകേണ്ടതും നിയമവകുപ്പാണ്. ആ നിയമവകുപ്പുതന്നെ നിയമവിരുദ്ധമായ കാര്യത്തെ സാധൂകരിക്കുന്ന വിധത്തിൽ മറ്റൊരു അമെന്റ്മെന്റ് കൊണ്ടുവരികയാണ്. അതും സാധ്യമാകാതെ വന്നപ്പോൾ പുതിയ നിയമത്തിൽ അഞ്ചംഗങ്ങൾ എന്നത് ആറംഗങ്ങളാക്കി മാറ്റിയിരിക്കുകയാണ്. ചുരുക്കത്തിൽ ഈ റിക്രൂട്ട്മെന്റ് ബോർഡുതന്നെ അസാധുവാണ്. ഈ അസാധുവായ ബോർഡ് എടുത്തിരിക്കുന്ന ഒരു നടപടിയും അംഗീകരിക്കാൻ കഴിയുന്നതല്ല. നിയമവിരുദ്ധമായി നിലവിലുള്ള ഭരണഘടനയനുസരിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് ലഭ്യമാകേണ്ട സംവരണതത്വത്തെ ഈ ഗവൺമെന്റ് അട്ടിമറിച്ചിരിക്കുകയാണ്. സവർണ്ണാധിപത്യത്തിന്റെ ബോർഡാക്കി ഇതിനെ വച്ചിരിക്കുകയാണ്. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇങ്ങനെ ചെയ്യുന്നത്; ഇതിന് നിയമപരമായി എന്ത് പ്രാബല്യമാണുള്ളത് ; ഏത് ചട്ടവും നിയമവും അനുസരിച്ചാണ് ഇങ്ങനെ ചെയ്യുന്നത് ? ഇവിടെ അവതരിപ്പിക്കാൻ പോകുന്ന ബില്ലിന് മുമ്പായി രൂപീകരിക്കപ്പെട്ടിരിക്കുന്ന ബോർഡ് അസാധുവാണെന്ന് ഞാൻ പറയുന്നു. ക്രമവിരുദ്ധമായാണ് ബോർഡ് രൂപീകരിച്ചിരിക്കുന്നത്. ക്രമവിരുദ്ധമായിത്തന്നെയാണ് പുതിയ ബില്ലിൽ അംഗങ്ങളുടെ എണ്ണം ആറാക്കി വർദ്ധിപ്പിച്ചിരിക്കുന്നത്. അത് അങ്ങ് പരിശോധിച്ച് ശരിയായ നിലയിൽ റൂളിംഗ് തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ഒരു വനിതയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ അതിന് അനുസൃതമല്ലാത്ത പട്ടികജാതിക്കാരിയായ ഒരു വനിതയെ നിയമിച്ചുകൊണ്ട് രൂപീകരിച്ചിട്ടുള്ള ദേവസ്വം ബോർഡ് നിയമാനുസൃതമല്ല എന്നതാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നം. പട്ടികജാതി/ പട്ടികവർഗ്ഗ/ഗോത്രവർഗ്ഗ വിഭാഗത്തിനും വനിതയ്ക്കും പ്രാതിനിധ്യം നൽകിക്കൊണ്ടാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. മാത്രമല്ല, ബോർഡിന്റെ രൂപീകരണത്തിൽ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനതകളുണ്ടെങ്കിൽത്തന്നെ അത് ബോർഡിന്റെ പ്രവൃത്തികളും നടപടികളും അസാധുവാക്കുന്നതല്ല എന്ന് വ്യക്തമായി ബില്ലിന്റെ എഴാം ഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ട്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ നിയമനത്തിൽ ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല. ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ ഈ ബിൽ പരിഗണിച്ച സമയത്ത് ഈ പ്രശ്നം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ആ വേളയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് പട്ടികജാതി/ പട്ടികവർഗ്ഗ/ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളെക്കൂടി ഉൾപ്പെടുത്തി ബോർഡിലെ അംഗങ്ങളുടെ എണ്ണം ആറാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആ പ്രൊപ്പോസലാണ് സഭയുടെ മുന്നിൽ വന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയുൾപ്പെടെ എല്ലാ വ്യവസ്ഥകൾക്കും 1-3-2014 മുതൽ മുൻകാല പ്രാബല്യമുള്ളതാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ : ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു. പ്രസ്തുത ഓർഡിനൻസിലെ ഏഴാം വകുപ്പനുസരിച്ച് ബോർഡ് രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ മെമ്പർമാരുടെ ഒഴിവോ ഉണ്ടെന്ന കാരണത്താൽ മാത്രം അതിന്റെ പ്രവൃത്തിയും നടപടിയും അസാധുവാകുന്നില്ല എന്നുണ്ട്. ഇക്കാരണത്താലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നം നിലനില്ക്കുന്നതല്ല.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, അങ്ങയുടെ റൂളിംഗ് അംഗീകരിക്കുന്നു. ഇത് ക്രമപ്രകാരമല്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. സ്പീക്കർ : ശ്രീ. വി. എസ്. സുനിൽ കുമാർ, ഈ ഓർഡിനൻസ് 19-ാം തീയതി ലാപ്സായിക്കഴിഞ്ഞു. ഇന്ന് ഇവിടെ ബിൽ കൊണ്ടുവരികയാണ്. എന്ത് മാറ്റം വേണമെങ്കിലും ഇവിടെവച്ച് വരുത്താവുന്നതാണ്.

4. ചട്ടം 300 പ്രകാരമുള്ള പ്രസ്താവന ക്രമപ്രകാരമല്ല

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി ഇന്നലെ ചട്ടം 300 പ്രകാരം എന്റെ മണ്ഡലമായ പൊന്നാനിയിൽവരുന്ന ഒരു തുറമുഖവുമായി ബന്ധപ്പെട്ട് വിശദമായ ഒരു പ്രസ്താവന നടത്തുകയും 1000 കോടി രൂപയുടെ പദ്ധതിയെ സംബന്ധിച്ച് സഭയെ അറിയിക്കുകയും ചെയ്ത നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷേ വസ്തുതാപരമായ

LIBRARY ARCHIVES Kerala Legislative Assembly

ചില പിശകുകൾ അതിൽ വന്നിട്ടുണ്ട്. അതുകൂടി സഭയുടെ ഭാഗമായി മാറുന്ന ഈ രേഖയിൽ വരുന്നതാണ് ഉചിതമെന്നതുകൊണ്ട് ഇന്നലത്തെ പ്രസ്താവന ക്രമപ്രകാരമല്ല എന്ന് ഞാൻ പറയുകയാണ്. പദ്ധതിയുടെ ആസൂത്രണം, സ്വിസ് ചാലഞ്ച് പദ്ധതി പ്രകാരം അതിൽ തീരുമാനമെടുത്തത്, ടെണ്ടറിലൂടെ ബന്ധപ്പെട്ട കമ്പനിയെ തെരഞ്ഞെടുത്തത്, ഡി.പി.ആർ. തയ്യാറാക്കിയത്, അതിന് ഉത്തരവ് നൽകിയത് തുടങ്ങിയവയെല്ലാം മുൻസർക്കാരിന്റെ കാലത്തായിരുന്നു. ഉദാഹരണത്തിന് ജി.ഒ. (എംഎസ്.)40/2008.എഫ്.എൻ.പി.ഡി. തീയതി 4-7-2008 പ്രകാരം മലബാർ പോർട്ടിനെ ഡി.പി.ആർ. ഉണ്ടാക്കുന്നതിന് ചുമതലപ്പെടുത്തി. ജി.ഒ. (എംഎസ്.)13/2010 തീയതി, 16-3-2010 പ്രകാരം മലബാർ പോർട്ട് നൽകിയ ഡി.പി.ആർ. അംഗീകരിച്ച് ഉത്തരവായി. ഈ ഡി.പി.ആർ-ന്റെ അനുബന്ധമായിട്ടാണ് പിന്നീട് 2011 ഒക്ടോബർ മാസത്തിൽ കൺസ്ട്രക്ഷൻ എഗ്രിമെന്റ് അംഗീകരിച്ച് ഒപ്പുവയ്ക്കുന്നത്. എന്നാൽ ഇവിടെ നടത്തിയ പ്രസ്താവനയിൽ കൺസ്ട്രക്ഷൻ എഗ്രിമെന്റ് അംഗീകരിച്ച് ഒപ്പുവച്ചതിനെക്കുറിച്ച് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. അങ്ങനെയൊരു പ്രസ്താവന സഭയിൽ വയ്ക്കുമ്പോൾ ആ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സഭയെയും അതുവഴി പൊതുജനങ്ങളെയും അറിയിക്കേണ്ടബാധ്യത ഗവൺമെന്റിനുള്ളതുകൊണ്ട് അത് നിർവ്വഹിക്കാത്തതിനാൽ ചട്ടം 300 പ്രകാരമുള്ള പ്രസ്താവന ക്രമപ്രകാരമല്ല എന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, അതിൽ ഒരു ദുരുദ്ദേശവും ഉണ്ടായിരുന്നില്ല. ചട്ടം 300 അനുസരിച്ച് എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രസ്താവന നടത്തുന്ന പതിവുമില്ല. ആ പ്രസ്താവനയുടെ അവസാനം ബഹുമാനപ്പെട്ട എം.എൽ.എ-യ്ക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ടാണ് അത് കൺക്ലൂഡ് ചെയ്തത്. ദുരുദ്ദേശമില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്. അങ്ങനെ തെറ്റിദ്ധാരണയുണ്ടെങ്കിൽ ദയവായി അങ്ങ് അതുമാറ്റണം. ഒരു പി.പി.പി. ടെണ്ടറായിരുന്നു നിങ്ങളുടെ കാലത്ത് വിളിച്ചത്. അത് പറയണ്ട എന്ന് വിചാരിച്ചതാണ്.

മി. സ്പീക്കർ : 29-3-2015-ൽ ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനയിലെ ചില കാര്യങ്ങൾ വസ്തുതാപരമല്ലെന്നാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉന്നയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനില്ക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

IX ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ജൈവകൃഷി വ്യാപനം

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, 2016-ഓടുകൂടി കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 2011-12-ൽ 3500 ഹെക്ടർ പ്രദേശത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. തുടർന്ന് ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങളിൽ ലേബൽ ചെയ്യപ്പെട്ട മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു കൂടാതെ, മാരകമെന്ന് കണ്ടെത്തിയ 13 തരം രാസകീടനാശിനികൾ കേരളമൊട്ടാകെ നിരോധിക്കുകയുണ്ടായി.

എൻഡോസൾഫാൻ ദുരിതബാധിത ജില്ലയായ കാസർഗോഡിനെ 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും ജൈവകൃഷി വ്യാപനത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ പച്ചക്കറികൃഷി, വാഴകൃഷി എന്നിവ നടപ്പിലാക്കുകയും ചെയ്തു.

2013-14-ൽ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും (41 പഞ്ചായത്തുകളിലും) റൂറൽ കമ്പോസ്റ്റുകളും വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും 287 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി 5 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു.

2014-15 വർഷം ജൈവകൃഷി ക്ലസ്റ്റർ സമീപനം വിപുലമാക്കി കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപിപ്പിച്ചു. ഓരോ കൃഷിഭവനിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയുള്ള 100 പുതിയ ക്ലസ്റ്ററുകൾ രൂപീകരിച്ച് ബോധവൽക്കരണം നടത്തി ജൈവകൃഷി പ്രോത്സാഹിപ്പിച്ചു. കഴിഞ്ഞ വർഷങ്ങളിലെ 150 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്ത് ശാക്തീകരിച്ചു. കൂടാതെ, റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവ വളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷിക്ക് ജൈവ കീടനാശിനികളുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യം വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷി തോട്ടം സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജമണ്ഡലങ്ങളിലും ജനപ്രതിനിധികളേയും കർഷകരേയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പയിനുകൾ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ നടത്തിവരുന്നു. 140 നിയോജകമണ്ഡലങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് തയ്യാറാക്കിവരുന്നു.

മാലിന്യസംസ്കരണത്തിനും ജൈവവളമായ ബയോഗ്യാസ് സ്ലറി ഉൽപ്പാദനത്തിനും ഊന്നൽ നൽകുന്നതിനായി സംസ്ഥാനത്തെ 3825 സ്കൂളുകളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയിലെ വിഷാംശം എത്രയെന്ന് കണ്ടുപിടിക്കാൻ പച്ചക്കറി കടകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ജൈവകൃഷിക്കുള്ള ഉല്പാദന ഉപാധികളായ ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, ബയോ കൺട്രോൾ ഏജന്റ്സ് എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ചുമതല കൃഷിവകുപ്പിന്റെ വിവിധ പരിശോധനാശാലകളെ ഏൽപ്പിക്കുന്നതാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണ് പരിശോധനാശാലകൾ, ജീവാണുവള പരിശോധനാശാലകൾ എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കാൻകഴിയും. ജൈവ പച്ചക്കറികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പദ്ധതി പ്രദേശത്തെ കൃഷി ഓഫീസറെ ചുമതലപ്പെടുത്തുന്നതാണ്. ജൈവ കൃഷിയിൽ അനുവദിച്ചിട്ടുള്ള ജൈവവളവും മറ്റ് സസ്യ സംരക്ഷണ മുറകളും മാത്രമാണ് പദ്ധതിയിലെ കൃഷിയിടങ്ങളിൽ അവലംബിക്കുന്നതെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തുന്നതാണ്.

2015-16-ൽ മേൽപ്പറഞ്ഞ ഘടകങ്ങൾക്ക് പുറമെ പി.ജി.എസ്. പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (NCOF), വി.എഫ്.പി.സി.കെ.-യെ പി.ജി.എസ്. പ്രകാരമുള്ള ജൈവ സർട്ടിഫിക്കറ്റിനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നത് പ്രോത്സാഹിപ്പിക്കാനായി സംസ്ഥാനത്ത് ഏറ്റവും മികച്ച ജൈവമണ്ഡലത്തിന് 10 ലക്ഷം, 5 ലക്ഷം, 3 ലക്ഷം എന്നീ ക്രമത്തിൽ ഒന്നും രണ്ടും മൂന്നും അവാർഡ് നൽകുന്നതിനും ഏറ്റവും മികച്ച 3 ജൈവ കാർഷിക പഞ്ചായത്തുകൾക്ക് 3 ലക്ഷം, 2 ലക്ഷം, 1 ലക്ഷം എന്നീ ക്രമത്തിൽ അവാർഡുകൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിഷവിമുക്തമായ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ജൈവ രീതിയിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവ കൃഷിയെ ആസ്പദമാക്കിയുള്ള ലഘുലേഖകളും കൈപ്പുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നൽകിവരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പ്രധാനഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, നഗരങ്ങളിലെ മട്ടുപ്പാവ് കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റ് സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും വളപ്പുകളിലെ കൃഷി എന്നിവ പ്രധാനമായും ജൈവ രീതിയിൽ ഊന്നിയാണ് നടപ്പിലാക്കുന്നത്.

വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ജൈവ രീതിയിൽ കൃഷി ചെയ്യാൻ കർഷകർക്ക് പ്രേരണ നൽകുന്നതിനായി ബ്ലോക്ക് തലത്തിലുള്ള ക്ലസ്റ്ററുകളെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷൻ എന്ന ഘടകത്തിൽ ബയോ ഫാർമസി തുടങ്ങുന്നതിന് സഹായം നൽകിവരുന്നു. ബയോകൺട്രോൾ ഏജന്റ്, ബയോഫെർട്ടിലൈസർ, ഫിറോമോൺ ട്രാപ്പ് തുടങ്ങി ജൈവ രീതിയിലുള്ള ഉല്പാദന ഉപാധികൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ എ ഗ്രേഡ് ക്ലസ്റ്ററുകളിലും ജൈവ കൃഷി വ്യാപനത്തിനായുള്ള ഉല്പാദന ഉപാധികൾക്ക് സഹായംനൽകുന്നു. ജൈവ പച്ചക്കറി പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 'ജൈവ കാർഷിക ഗ്രാമസഭ' വിളിച്ചു ചേർക്കുന്നതാണ്. ഈ ഗ്രാമസഭയിൽ പ്രദേശത്തെ ജനപ്രതിനിധികൾ, കുടുംബശ്രീ മുതലായ സ്വയംസഹായ സംഘങ്ങൾ, എൻ.ജി.ഒ. മുതലായ സർക്കാരിതര സ്ഥാപനങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും കൃഷി ഓഫീസർ കൺവീനറായും വാർഡ് മെമ്പർമാർ, കാർഷിക വികസന സമിതി അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടതുമായ ഈ സമിതി പഞ്ചായത്തിലെ ഓരോ വീട്ടുകളിലും പച്ചക്കറിക്കൃഷി നടപ്പിലാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

പദ്ധതിയുടെ പ്രചരണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും ലീഡ്സ് പ്രവർത്തകർ, ലീഡ് ഫാർമേഴ്സ്, 'ആത്മ' പ്രവർത്തകർ എന്നിവരെ ഏൽപ്പിക്കുന്നതാണ്. പദ്ധതി ജനങ്ങളിലേയ്ക്ക് എത്തിക്കുകയെന്നതും പദ്ധതി പ്രവർത്തനങ്ങൾ ഏകീകരിക്കുക എന്നതും ഇവരുടെ പ്രധാന ചുമതലയായിരിക്കും. കാര്യക്ഷമമായ പ്രവർത്തനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന തലത്തിൽ ഒരു ഓർഗാനിക് ഫാമിംഗ് സെൽ രൂപീകരിക്കും. ജില്ലാതലത്തിലും ജൈവ കൃഷിക്കുള്ള സംഘടനാ സംവിധാനം ശക്തിപ്പെടുത്തും. ഈ പ്രവർത്തനങ്ങൾക്ക് ഇതുവരെ ആത്മാർത്ഥമായ സഹകരണം നൽകിയ മുഴുവൻ ജനപ്രതിനിധികളോടും തദ്ദേശവാസികളോടും മറ്റുള്ളവരോടും സർക്കാരിന്റെ നന്ദി അറിയിക്കുന്നു. തുടർപ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

X റൂളിംഗ്

ഉത്തരം തിരുത്തിക്കൊണ്ട് പ്രസ്താവന നടത്താൻ അവകാശമുണ്ടെന്നത് സംബന്ധിച്ച്

മി. സ്പീക്കർ : 1-7-2015-ലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരം വസ്തുതാപരമല്ലെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒന്നാണെന്നും അതിനാൽ അദ്ദേഹത്തിനെതിരെ അവകാശ ലംഘന പ്രശ്നത്തിന് നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ചെയറിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ നോട്ടീസ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ചെയർ അയച്ചുകൊടുത്തിരുന്നു. 115-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വസ്തുതാപരമായ പിശക് സംഭവിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരം തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്ന് സഭയുടെ മേശപ്പുറത്തുവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിൽ നൽകുന്ന ഉത്തരത്തിൽ വസ്തുതാപരമായ പിശക് ഉണ്ടായാൽ അത് തിരുത്തുന്നതിന് മന്ത്രിമാർക്ക് ചട്ടപ്രകാരം അവകാശമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരം അദ്ദേഹം തിരുത്തി സഭയുടെ മേശപ്പുറത്തുവച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ മേൽനടപടികൾ ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല.

XI നിയമനിർമ്മാണകാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. ശിവകുമാർ : സർ, തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിവിധ തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നടത്തിവന്നിരുന്നത് 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം അനുസരിച്ചും മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നടത്തിവന്നിരുന്നത് 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എന്റോവ്മെന്റ് നിയമം അനുസരിച്ചും ഗുരുവായൂർ ദേവസ്വം ബോർഡിലേത് 1978-ലെ ഗുരുവായൂർ ദേവസ്വം നിയമം അനുസരിച്ചും കൂടൽമാണിക്യം ദേവസ്വം ബോർഡിലേത് 2005-ലെ കൂടൽമാണിക്യം ദേവസ്വം നിയമം അനുസരിച്ചുമായിരുന്നു. മുൻസർക്കാരിന്റെകാലത്ത് തിരുവിതാംകൂർ-കൊച്ചി ആക്ടിലും മദ്രാസ് ഹിന്ദുമത ധർമ്മ എന്റോവ്മെന്റ് ആക്ടിലും വരുത്തിയ ഭേദഗതികൾ അനുസരിച്ച് ദേവസ്വം ബോർഡിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് തീരുമാനിച്ചു. എന്നാൽ 2007-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്കുവേണ്ടി പൊതുവായ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഈ ശിപാർശ അംഗീകരിക്കുകയും ഹൈക്കോടതി അത് രേഖപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ മുൻസർക്കാർ അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല. പകരം തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുക്കുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ അത് നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ പൂർത്തീകരിച്ചില്ല. ഹൈന്ദവ സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലെ നിയമനം മതേതര സ്ഥാപനമായ പി.എസ്.സി.-ക്ക് വിട്ടതിലുള്ള അനൗചിത്യം ചൂണ്ടിക്കാണിച്ചു കൊണ്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ഭേദഗതി റദ്ദ് ചെയ്യുകയും കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചതുപോലെ സംസ്ഥാനത്ത് ദേവസ്വം ബോർഡ് നിയമനങ്ങൾക്കുവേണ്ടി ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനും സർക്കാർ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

12.00 Noon]

പരമ്പരാഗത കാരായ്മ തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മിനിസ്റ്റീരിയൽ ജീവനക്കാർ, ക്ഷേത്ര ജീവനക്കാരായ ശാന്തി, കഴകം, തളി, വാച്ചർ തുടങ്ങിയ വിവിധ തസ്തികകളിലേയ്ക്കുള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വയംഭരണാവകാശത്തോടുകൂടിയുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും 2014 മാർച്ച് 1-ന് ഒരു ഓർഡിനൻസ് വിളംബരപ്പെടുത്തി. ഈ ഓർഡിനൻസ് പിന്നീട് 2014 ജൂലൈ 20-നും 2015 ജനുവരി 9-നും ഏപ്രിൽ 10-നും പുനഃവിളംബരപ്പെടുത്തുകയും ചെയ്തു. 2015 ഏപ്രിൽ 10-ലെ ഓർഡിനൻസിനുപകരം ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഇപ്പോഴത്തെ ബിൽ. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലാണ് സഭയുടെ പരിഗണനയിലുള്ളത്.

<u>ശ്രീ. സി. കെ. നാണു</u> : സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ ദേവസ്വം ബോർഡുകളുടെ ചരിത്രം ഇൻഡ്യയുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ബിൽ ചർച്ച ചെയ്യുമ്പോൾ അതിന്റെ ഓരോ ഭാഗവും വളരെ ശ്രദ്ധിച്ചുപോകേണ്ടതാണ്. ഇന്ന് ഇൻഡ്യയിൽ നടക്കുന്ന പല സംഭവ വികാസങ്ങളുടെയും പശ്ചാത്തലത്തിൽത്തന്നെ ഇവ വിലയിരുത്താൻ സാധിക്കും. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്തുകൊണ്ട് ഗാന്ധിജി പറഞ്ഞത്, ഇൻഡ്യയിലെ ഭൂരിഭാഗം ജനങ്ങളെയും അടിമകളാക്കിയത് ബ്രിട്ടീഷുകാരല്ല, ഇൻഡ്യയിൽ നിലനിൽക്കുന്ന ജാതി വ്യവസ്ഥയാണെന്നും ഇൻഡ്യാക്കാർക്ക് സ്വാതന്ത്ര്യം നേടാൻ സാധിക്കണമെങ്കിൽ ജാതീയമായ അടിമത്തത്തിൽനിന്ന് അവരെ സ്വതന്ത്രരാക്കാനുള്ള പോരാട്ടം നടത്തണമെന്നുമാണ്. ആ പോരാട്ടത്തിന്റെ ഭാഗമായി അവിഭക്ത ഇൻഡ്യയിലുടനീളം, ഇന്നത്തെ പാകിസ്ഥാനിലും ബംഗ്ലാദേശിലുമടക്കം ഹിന്ദുക്കളുള്ള പ്രദേശങ്ങളിൽ ജാതീയമായ അടിമത്തത്തിൽനിന്ന് മോചനം ലഭിക്കാനാവശ്യമായ പോരാട്ടം നടത്തി.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ.എൻ.എ. ഖാദർ)

മൊറാർജി ദേശായി മന്ത്രിസഭയിലെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന രാജ് നാരായൺ, പട്ടികജാതി, പിന്നോക്ക വിഭാഗത്തിലെ ആളുകൾക്ക് കാശിയിലെ വിശ്വനാഥ ക്ഷേത്രത്തിൽ കടന്ന് പ്രാർത്ഥിക്കാൻ അനുവാദം വേണമെന്നുപറഞ്ഞ് പ്രക്ഷോഭം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയപ്പോൾ, അതിനെ എതിർത്തവർ അദ്ദേഹത്തെയും സഹപ്രവർത്തകരെയും പിടിച്ച് ഗംഗാ നദിയിൽ എറിഞ്ഞ ചരിത്രമുണ്ട്. അതുപോലെ ഇൻഡ്യയിലുടനീളം എല്ലാ സംസ്ഥാനങ്ങളിലും അത്തരം ചരിത്രമുണ്ട്. കേരളത്തിൽ കെ. കേളപ്പൻ, എ.കെ.ജി., പി. കൃഷ്ണപിള്ള, സി. കെ. ഗോവിന്ദൻ നായർ, കെ. കുഞ്ഞിരാമക്കുറുപ്പ് അങ്ങനെ അനേകമാളുകളുടെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹം, റ്റി. കെ. മാധവന്റെ നേതൃത്വത്തിൽ നടന്ന വൈക്കം സത്യാഗ്രഹം എന്നിവ ഉദാഹരണങ്ങളാണ്. വൈക്കം സത്യാഗ്രഹത്തിൽ മഹാത്മാഗാന്ധി, രാമസ്വാമി നായ്ക്കർ, ശ്രീനാരായണ ഗുരുദേവൻ എന്നിവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. എന്നിട്ടുപോലും സത്യാഗ്രഹം കഴിഞ്ഞ് ഒരുവർഷം കഴിഞ്ഞിട്ടും വൈക്കം ക്ഷേത്രത്തിൽ പ്രാർത്ഥിക്കാനുള്ള അവസരം സവർണ്ണരല്ലാത്ത ഹിന്ദുക്കൾക്ക് ലഭിച്ചില്ല. അതിന്റെ പരിസരത്തുള്ള റോഡിലൂടെ നടന്നുപോകാൻ മാത്രമാണ് വൈക്കം സത്യാഗ്രഹത്തിന്റെ ഫലമായി സ്വാതന്ത്ര്യം ലഭിച്ചത്. പിന്നീട്, അവർക്ക് ക്ഷേത്ര പ്രവേശനത്തിന് അവസരം ലഭിക്കുന്നത് 'ഇത്ര ദിവസങ്ങൾക്കകം ക്ഷേത്രത്തിൽകടന്ന് പ്രാർത്ഥിക്കാൻ അവസരം ലഭിക്കുന്നില്ലെങ്കിൽ ഞങ്ങൾ മറ്റ് മതങ്ങളിലേയ്ക്ക് പോകും' എന്ന് സി. വി. കുഞ്ഞിരാമൻ പ്രഖ്യാപിച്ചപ്പോഴാണ്. അത് മനസ്സിലാക്കിയ ദിവാൻ അന്ന് ക്ഷേത്ര പ്രവേശന വിളംബരം നടത്തി. ഇതുപോലുള്ള അനേകം സമരങ്ങൾ ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലുമുണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടിലെ പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് മനുഷ്യരെന്ന നിലയ്ക്ക് ജീവിക്കാൻ, ആരാധനാലയങ്ങൾക്കകത്ത് കടന്ന് പ്രാർത്ഥിക്കാൻ നടത്തിയ പോരാട്ടങ്ങൾ കേരളത്തിന്റെ മാത്രമല്ല, ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാണ്. പക്ഷെ ഇന്നും ഇൻഡ്യയിലെ പല ഭാഗത്തും, തൊട്ടടുത്ത തമിഴ്നാട്ടിലടക്കം ക്ഷേത്രങ്ങളിൽ കടന്ന് പ്രാർത്ഥിക്കാൻ അവസരം ലഭിക്കാത്ത അനേകം പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾ ഏൽക്കുന്ന മർദ്ദനങ്ങളെ സംബന്ധിച്ച് നമ്മൾ പത്രമാധ്യമങ്ങളിലൂടെ വായിക്കുന്നുണ്ട്. കേരളത്തിലും അങ്ങനെ നടക്കുന്നുണ്ട്. വടകരയിലെ കാവിൽ ക്ഷേത്രക്കുളത്തിൽ കുളിച്ചതിന്റെ പേരിൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ഒരു സോഷ്യലിസ്റ്റ് നേതാവായിരുന്ന പത്മനാഭൻ കമ്പോണ്ടറെ പോലീസ് അറസ്റ്റ്ചെയ്ത് ജയിലിലിട്ടിട്ടുണ്ട്. അങ്ങനെയൊരു ചരിത്രമുണ്ട്, കേരളത്തിൽ. ഇങ്ങനെയെല്ലാം വന്ന ഘട്ടത്തിൽ ഇവിടത്തെ സ്വാതന്ത്ര്യ സമര സേനാനികളായ എല്ലാവരുംകൂടി ആലോചിച്ചതിന്റെ ഫലമായാണ് ദേവസ്വങ്ങൾ വന്നത്. നമ്മുടെ ക്ഷേത്രങ്ങളിൽ 5 ശതമാനംപോലും സ്വന്തമായി കാര്യങ്ങൾ നടത്താൻ കഴിവുള്ള ക്ഷേത്രങ്ങളായിരുന്നില്ല. ആ ഘട്ടത്തിൽ, ഏകദേശം 60 വർഷംമുമ്പ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാകൂർ ദേവസ്വംബോർഡ് വന്നു. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ, തിരുവിതാംകൂർ ദേവസ്വത്തിന്റെ 50-ാം വാർഷികം ആഘോഷിച്ച യോഗത്തിൽ പങ്കെടുക്കാൻ എനിക്കവസരമുണ്ടായി. എനിക്ക് പറയാനുള്ളത് വളരെ ഗൗരവമായി ഈ പ്രശ്നത്തെ സംബന്ധിച്ച് ആലോചിക്കണമെന്നാണ്. നമ്മുടെ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗക്കാരായ ആളുകൾ സ്വാതന്ത്ര്യം സമ്പാദിച്ച് ഇത്രയേറെ വർഷങ്ങളായിട്ടും അങ്ങേയറ്റം അവഗണനയ്ക്ക് വിധേയരാകുന്നു. എസ്.എൻ.ഡി.പി.-യുടെ നേതൃത്വത്തിൽ പൂജാരിമാരുടെ പരിശീലനം നടത്തി. എന്നാൽ അവരിൽ എത്ര പൂജാരിമാരെ ക്ഷേത്രങ്ങളിൽ വയ്ക്കുന്നുണ്ട് ? ഇപ്പോഴും പഴയകാലത്തുള്ളതുപോലെ - നമ്മൾ എത്ര പ്രമുഖ സ്ഥാനത്തെത്തിയാലും ചില ക്ഷേത്രങ്ങളിൽ പ്രസാദം വാങ്ങാൻ കൈകാണിക്കുമ്പോൾ കയ്യിൽ എറിഞ്ഞുതരികയാണ് ചെയ്യുന്നത്. ഒരിക്കൽ എന്റെ കുഞ്ഞിന് രോഗം വന്നപ്പോൾ ഒരു വൈദ്യരെ കാണാൻ ചെന്നു, അദ്ദേഹം ഫീസ് കയ്യിൽ വാങ്ങിയില്ല, അവിടെ വയ്പിച്ചു. അത്തരം സാഹചര്യങ്ങൾ ഇന്നും നമ്മുടെ നാട്ടിലുണ്ട്. ആ സാഹചര്യങ്ങൾ മാറ്റാൻ സ്വാതന്ത്ര്യ സമ്പാദന ത്തോടുകൂടി ഒരു വലിയ പോരാട്ടം ഇവിടെ നടന്നു. കേരളം ഒരുപക്ഷെ, ഇൻഡ്യയിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ അക്കാര്യത്തിൽ മുൻപന്തിയിലാണ്. ഇവിടെ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമങ്ങളും മറ്റുപല നിയമങ്ങളും നമ്മുടെ നാട്ടിലെ ഒരു വലിയ വിഭാഗം പിന്നോക്ക ജാതിക്കാരെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള സൗകര്യമൊരുക്കി. പക്ഷെ ഇന്നും നമുക്ക് വേദനയുണ്ട്. ഇവിടെ പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ സ്ഥിതിയെന്താണ് ? നമ്മളെല്ലാം വളരെ പുരോഗമനപരമായ കാര്യങ്ങളെ സംബന്ധിച്ച് പറയുന്നവരാണ്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈവശമാക്കിയതിൽ നിന്ന് കുറച്ച് അവർക്ക് വിട്ടുകൊടുക്കണമെന്ന് പറയുമ്പോൾ നമ്മളെല്ലാം ആക്രോശിച്ചുകൊണ്ട് അതിനെ നേരിടുന്നു, അവന് ഭൂമി കൊടുക്കാൻ പാടില്ല എന്ന്. നമ്മൾ വനം വെട്ടിവെളുപ്പിച്ച് കയ്യേറിയ വനങ്ങൾ തിരിച്ച് വനമാക്കണമെന്ന് പറയുമ്പോൾ അതിനെയും നമ്മൾ നേരിടും. പക്ഷെ, ആദിവാസികളുടെ ഭൂമി കയ്യേറിയത് തിരിച്ചുകൊടുക്കണമെന്ന് പറയുമ്പോൾ എല്ലാവരും ആക്രോശിച്ചു കൊണ്ടുവരുന്നു. കാരണം നമ്മളെല്ലാം ആ മേഖലയിൽ ശക്തരാണ്. നമുക്ക് വോട്ട് വേണം, പണം വേണം, മറ്റ് സൗകര്യങ്ങൾ വേണം. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണനെ പ്പോലെയുള്ളവരും കോൺഗ്രസിന്റെയും മറ്റ് വിവിധ കക്ഷികളുടെ ഭാഗത്തുനിന്നുമുള്ളവരും ആ സമുദായത്തിൽപ്പെട്ട നേതാക്കളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പാവപ്പെട്ട ആളുകൾക്ക് ഭൂമി ലഭിക്കാനും അവരുടെ മക്കൾക്ക് വിദ്യാഭ്യാസം ലഭിക്കാനും ആവശ്യമായ കാര്യങ്ങളൊക്കെ കഴിഞ്ഞ കാലത്ത് നടത്തി. ഭരണഘടനാപരമായി

1267/18

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 25 ശതമാനം സംവരണം നൽകി. ഇന്ന് അത് ലഭിക്കുന്നില്ല. അതിന്റെ കണക്കുകളൊന്നും ഞാൻ വിശദീകരിക്കുന്നില്ല.

പിന്നോക്കവിഭാഗക്കാരുടെ അവസ്ഥ എന്തായിരുന്നു ? സ്വാതന്ത്ര്യം ലഭിച്ചപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ നേതാവായിരുന്ന ഡോ. അംബേദ്കർ അന്നത്തെ നേതാക്കൾ പറഞ്ഞതനുസരിച്ച് ഭരണഘടനാ നിർമ്മാണത്തിന് നേതൃത്വം നൽകി. അദ്ദേഹം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ഗൗരവമായി കണ്ടു. അവർക്ക് ഭരണഘടനാ പരമായി 25 ശതമാനം സംവരണം നൽകി. പക്ഷെ മറ്റുപിന്നോക്ക വിഭാഗത്തിന് പ്രശ്നങ്ങളുണ്ടായിരുന്നു. പിന്നോക്ക വിഭാഗത്തിന്റെ പ്രശ്നങ്ങൾ ഗൗരവമുള്ളതാണ്; ആവശ്യമുള്ള ഘട്ടത്തിൽ ചിന്തിക്കണം എന്ന് ഭരണഘടനാ നിർമ്മാതാക്കൾ പറഞ്ഞു. ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി ആയിരുന്നകാലത്ത് അദ്ദേഹം ഇത് മനസ്സിലാക്കി കാക്കാ സാഹിബ് കലേക്കർ കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും അത് നടപ്പിലാക്കാൻ അന്നത്തെ സാഹചര്യത്തിൽ നെഹ്റുവിന് സാധിച്ചില്ല. പിന്നീടും അദ്ദേഹത്തിന്റെ കാലത്ത് കമ്മീഷൻ വന്നുവെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല. നെഹ്റുവിന്റെ കാലം കഴിഞ്ഞു, ലാൽ ബഹദൂർ ശാസ്ത്രിയും ഇന്ദിരാ ഗാന്ധിയും പ്രധാനമന്ത്രിയായി. കേരളത്തിലടക്കമുള്ള പിന്നോക്ക വിഭാഗങ്ങൾ, എസ്.എൻ.ഡി.പി. തുടങ്ങിയ വിവിധ സംഘടനകൾ, ഇവിടത്തെ മതന്യൂനപക്ഷത്തിന്റെ ആളുകൾ തുടങ്ങിയവർ തങ്ങൾക്ക് അർഹതപ്പെട്ടത് ലഭിക്കുന്നില്ലെന്നു പറഞ്ഞ് പ്രക്ഷോഭം നടത്തി. ഇതൊന്നും ചെവിക്കൊള്ളാൻ അന്നത്തെ ഭരണകൂടം തയ്യാറായില്ല. പിന്നീട് ഇന്ത്യാരാജ്യത്തിൽ അടിസ്ഥാനപരമായൊരു മാറ്റമുണ്ടാകുകയും അത് ബോധ്യപ്പെടുന്നൊരു ഘട്ടമുണ്ടാകുകയും ചെയ്തു. മൊറാർജി ദേശായി പ്രധാനമന്ത്രി ആയപ്പോൾ ബി. പി. മണ്ഡലിന്റെ നേതൃത്വത്തിൽ മണ്ഡൽ കമ്മീഷൻ രൂപീകരിച്ചു കേരളത്തിലടക്കം ആ കമ്മീഷനിലെ ആളുകൾവന്ന് പരിശോധിക്കുകയും ചർച്ച നടത്തി. ജനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പക്ഷെ, കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് നൽകുമ്പോഴേയ്ക്കും മൊറാർജി ദേശായി രാജിവച്ചു പിന്നീട് ഇന്ദിരാ ഗാന്ധിയും അതിനുശേഷം അവരുടെ മകനും പ്രധാനമന്ത്രിമാരായി വന്നു. പക്ഷെ അവരും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയില്ല. അതിനുശേഷം വി.പി.സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായഘട്ടത്തിൽ മാത്രമാണ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചത്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ വി. പി. സിംഗ് തീരുമാനമെടുത്തശേഷം ഇന്ത്യാരാജ്യത്തിലുണ്ടായ സംഭവങ്ങൾ നമ്മുടെ നാട്ടിലെ രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകർ മനസ്സിലാക്കേണ്ടതാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പിൻവലിക്കാതെ ഇന്ത്യൻ പാർലമെന്റിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പോകില്ലയെന്നുപറഞ്ഞ് ബസന്ത് സാഥേ എന്ന അംഗം പാർലമെന്റിനകത്ത് നിരാഹാര സമരം തുടങ്ങി. അതുപോലെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പിൻവലിക്കണെന്നാവശ്യപ്പെട്ട് പാർലമെന്റിന് പുറത്ത് ഒരുകൂട്ടർ സമരം നടത്തി. കുറെ കാലങ്ങളായി ഇവിടത്തെ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ ഉന്നത ഉദ്യോഗങ്ങളൊക്കെ ഒരു വിഭാഗം ആളുകളുടെ കയ്യിലായിരുന്നു. ഈ ഉന്നത ഉദ്യോഗങ്ങളൊക്കെ അവർക്കും അവരുടെ മക്കൾക്കും മാത്രം. മറ്റുള്ളവർക്ക് ഓഫീസിലെ ശിപായി പണിയും ക്ലാർക്ക് പണിപോലുള്ള ചെറിയ ജോലികൾ മാത്രം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പായാൽ ഉന്നത ഉദ്യോഗങ്ങളിലെ ഒരു ശതമാനം പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും കൊടുക്കണം. അതിനോട് അവർക്ക് സഹകരിക്കാൻ സാധിക്കില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പാടില്ലായെന്നുപറഞ്ഞുകൊണ്ട് ഡൽഹിയിൽ ഒരു വിദ്യാർത്ഥി മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി. കോൺഗ്രസ്സിന്റെ വിദ്യാർത്ഥി വിഭാഗമായ എൻ.എസ്.യു.(ഐ)വും എ.ബി.വി.പി.-യും ഒരുമിച്ചാണ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരായി സമരം നടത്തുകയും അതിന്റെ ഭാഗമായി ഒരു വിദ്യാർത്ഥി മണ്ണെണ്ണയൊഴിച്ച് തീകൊളുത്തുകയും ചെയ്തത്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഈ പറഞ്ഞത് വസ്തുതാവിരുദ്ധമായ കാര്യമാണ്. സ്വയം തീകൊളുത്തിയത് കോൺഗ്രസ്സിന്റെ വിദ്യാർത്ഥി വിഭാഗത്തിൽപ്പെട്ടയാളൊന്നുമല്ല. അവിടെയുണ്ടായിരുന്ന ഉന്നതകുലജാതനായ ഒരു വിദ്യാർത്ഥിയാണ്. അല്ലാതെ കോൺഗ്രസ്സുമായി ഒരു ബന്ധവുമില്ല. വെറുതേ കോൺഗ്രസ്സിന്റെമേൽ പഴിചാരേണ്ട.

<u>ശ്രീ. സി. കെ. നാണു</u> : സർ, എനിക്ക് നിങ്ങളുടെയത്രയും വലിയ വിവരമൊന്നുമില്ലെങ്കിലും ആ കാലഘട്ടത്തിലെ ഇതുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും എനിക്കറിയാം. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പിൻവലിച്ചില്ലെങ്കിൽ പാർലമെന്റിനകത്തുനിന്ന് മാറില്ലായെന്ന് കോൺഗ്രസ്സ് (ഐ)-യുടെ ഒരു പാർലമെന്റംഗം പറഞ്ഞു. സുപ്രീം കോടതി, മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തിവച്ചതിനുശേഷമാണ് അദ്ദേഹം പുറത്തുപോയത്. ഇത് ചരിത്രമാണ്. താങ്കൾക്കും എനിക്കുമുള്ള, അല്ലെങ്കിൽ കേരളത്തിലെ കോൺഗ്രസ്സ് (ഐ) -യുടെ പ്രവർത്തകർക്കുള്ള സാമൂഹ്യബോധം ആ രൂപത്തിൽ അവിടെയുള്ളവർക്കുമുണ്ടെന്ന് നിർബന്ധം പിടിക്കേണ്ടതില്ല.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇവിടെയുള്ള കോൺഗ്രസ്സുകാർക്ക് സാമൂഹ്യ ബോധമുണ്ടെന്നാണല്ലോ പറയുന്നത്. ഇവിടെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരുവർഷം 8,000 കോടി രൂപയാണ് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ഗവൺമെന്റ് കൊടുക്കുന്നത്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം വേണമെന്ന് ഹൈക്കോടതി വിധിയുണ്ടായിട്ടുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെടുത്ത നിലപാട് അത് നടപ്പിലാക്കാൻ കഴിയില്ലായെന്നുള്ളതാണ്.. അങ്ങ് ഇപ്പോൾ ഡൽഹിയിലെ സ്ഥിതിയെക്കുറിച്ചാണല്ലോ പറഞ്ഞത് ; ഇവിടത്തെ സ്ഥിതിയും അതൊക്കെത്തന്നെയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. കെ. നാണു : സർ, ഞാനിവിടെ ഈ കാര്യം പറയുന്നത്, ഇവിടെ ഗാന്ധിയൻ സമീപനങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ചില സുഹൃത്തുക്കളോട് വളരെ വിനീതമായി ഞാൻ പറയുകയാണ്, മഹാത്മാഗാന്ധിജിയുടെ സന്ദേശമായിരുന്നു പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുടെ മോചനം എന്നത്. അതിനുവേണ്ടിയാണ് ഗാന്ധിജി പോരാട്ടം നടത്തിയത്. ആ പോരാട്ടം നെഹ്റുവിന് നടത്തണമെന്നാഗ്രഹമുണ്ടായി. പക്ഷെ സാധിച്ചില്ല. ഇന്ദിരാഗാന്ധി അതിന്റെ ആളല്ല. അതുപോലെ രാജീവ്ഗാന്ധി അതിന് സന്നദ്ധനായിരുന്നില്ല. വി. പി. സിംഗിന്റെ കാലത്ത് സമരം നടത്തിയപ്പോൾ അതിനെതിരായി എൻ.എസ്.യു. രംഗത്തുവന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ചർച്ചയിൽ വസ്തുതാവിരുദ്ധമായ ഒരു കാര്യം പറഞ്ഞു. ശ്രീ. ജോസഫ് വാഴക്കൻ അതു തിരുത്തി. ഞങ്ങളൊക്കെ കെ.എസ്.യു.-ലും എൻ.എസ്.യു.-ലും പ്രവർത്തിച്ചിട്ടുള്ള ആൾക്കാരാണ്. ശ്രീ. ജോസഫ് വാഴക്കൻ അടക്കമുള്ളവർ അന്ന് എൻ.എസ്.യു.-വിന്റെയും കെ. എസ്. യു.-വിന്റെയുമെല്ലാം ഭാരവാഹിയായിട്ടിരുന്നവരാണ്. ഞങ്ങൾ പറയുകയാണ്, ഞങ്ങൾക്കത്തരത്തിലൊരു നിലപാടുണ്ടായിരുന്നില്ല. ഞങ്ങൾ ആ സമരത്തിനുണ്ടായിരുന്നില്ല. സംവരണകാര്യത്തിൽ കോൺഗ്രസ്സ് പാർട്ടിക്കൊരു നിലപാടുണ്ട്. എൻ.എസ്.യു. ചെയ്യാത്തതും സത്യവിരുദ്ധവുമായൊരുകാര്യം സംവരണവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഇവിടെ പറഞ്ഞത് നിയമസഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് വസ്തുതാ വിരുദ്ധമാണ്. ബഹുമാനപ്പെട്ട ചെയർ അത് പരിശോധിച്ച് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ : ശ്രീ. പി. സി. വിഷ്ണുനാഥ്, അത് ശ്രീ. ജോസഫ് വാഴക്കൻ തിരുത്തിയിട്ടുണ്ട്.

ശ്രീ. സി. കെ. നാണു : സർ, ശ്രീ. പി. സി. വിഷ്ണുനാഥിന്റെ മാനസികാവസ്ഥ എനിക്ക് മനസ്സിലാകും. പക്ഷെ വസ്തുത പറയുന്ന അവസരത്തിൽ ഒരിക്കൽകൂടി ഞാൻ എടുത്തുപറയുന്നു, വി. പി. സിംഗ് ഗവൺമെന്റിനെ കോൺഗ്രസ്സുകാർ തകർത്തു.

LIBRARY ARCHIVES Kerala Legislative Assembly

തകർക്കാനുള്ള കാരണം, അദ്ദേഹം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി എന്നതാണ്. കോൺഗ്രസ്സും ബി.ജെ.പി.-യും ഒത്തുചേർന്നാണ് വി. പി. സിംഗിനെ അധികാരത്തിൽനിന്ന് മാറ്റിയത്.

ശ്രീ. സി. പി. മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ പറഞ്ഞു, ശ്രീ. പി. സി. വിഷ്ണുനാഥ് പിന്നെയത് ഏറ്റുപിടിച്ചു എന്നിട്ടും ഒരു റൂളിംഗ് ഉണ്ടായില്ല. ശ്രീ. സി. കെ. നാണു അത് ആവർത്തിക്കുകയാണ്. ശ്രീ. സി. കെ. നാണു ആയതുകൊണ്ട്, ദേവസ്വം ബില്ലാണെങ്കിലും അത് മൊറാർജിവഴി മണ്ഡൽ കമ്മീഷനിൽ എത്തുമെന്ന് ഞങ്ങൾക്കറിയാം. പക്ഷെ, ദേവസ്വം ബില്ലുമായി ഒരു ബന്ധവുമില്ലാത്ത ഒരുകാര്യം ദുരാരോപണമായി ആവർത്തിച്ചുന്നയിക്കുന്നത് ഓർഡറിലാണോ ? അത് നീക്കം ചെയ്യാൻ റൂളിംഗ് വേണം.

മി. ചെയർമാൻ : ദുരാരോപണങ്ങളൊന്നും ഓർഡറിലല്ല.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ചരിത്രത്തിൽ ഓരോ സംഘടനകളും പല നിലപാടുകളെടുത്തിട്ടുണ്ട്. പിന്നീട് അത് തെറ്റാണെന്ന് സംഘടന മാറ്റി പറഞ്ഞിട്ടുണ്ടായിരിക്കാം. ബഹുമാന്യനായ സി. കെ. നാണു ഇവിടെ പറഞ്ഞു കൊണ്ടിരിക്കുന്നത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലായ കാലഘട്ടത്തിൽ ഓരോ സംഘടനയുമെടുത്ത നിലപാടിനെക്കുറിച്ചാണ്. അന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ഇവരെടുത്ത നിലപാട് എന്തായിരുന്നാലും വി. പി. സിംഗ് ഗവൺമെന്റ് താഴെ വീഴാൻ കാരണമായത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടും അദ്വാനിയുടെ രഥയാത്ര തടഞ്ഞതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ്. ആ പ്രശ്നങ്ങളുണ്ടായപ്പോൾ ഇന്ത്യൻ പാർലമെന്റിൽ ആദ്യമായി ഒരു പ്രധാനമന്ത്രി വിശ്വാസപ്രമേയമവതരിപ്പിച്ചു ആ വിശ്വാസപ്രമേയത്തെ തോൽപ്പിക്കാൻവേണ്ടി അന്ന് ബി.ജെ.പി.യോടൊപ്പം രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സിലെ എം.പി. മാർ വോട്ട് ചെയ്തിട്ടാണ് വി. പി. സിംഗ് താഴെ വീണതെന്നകാര്യം ചരിത്ര വസ്തുതയാണ്. ആരൊക്കെ നിഷേധിച്ചാലും അത് വസ്തുതാവിരുദ്ധമായൊരു കാര്യമല്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. കെ.നാണു : സർ, ദേവസ്വം ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ, ആരാധനാലയങ്ങളിലേയ്ക്കുള്ള പ്രവേശനത്തിനുവേണ്ടി കേരളത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾ നടത്തിയ പോരാട്ടത്തെക്കുറിച്ച് പറയണം. ഇന്ത്യയിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾ ഇന്ത്യയിലെ ന്യൂനപക്ഷ വിഭാഗത്തോടൊപ്പം ചേർന്ന് അവർക്ക് ഉന്നത ജോലികളിൽ സംവരണം കിട്ടുന്നതിനുവേണ്ടി നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

സമരങ്ങളെക്കുറിച്ച് പറയണം. അതിനെ എതിർത്ത ശക്തികളാരാണെന്നത് സംബന്ധിച്ച് സൂചിപ്പിക്കണം. അതെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്, രഹസ്യമായി പറയാൻ സാധിക്കില്ല. എനിക്ക് കളവുപറഞ്ഞ് രക്ഷപ്പെടാൻ സാധിക്കില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെ പാർലമെന്റിൽ ഒരു കോൺഗ്രസ് എം. പി. സമരം ചെയ്തു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരായി സുപ്രീം കോടതി വിധി വന്നപ്പോൾ മാത്രമാണ് അദ്ദേഹം സമരമവസാനിപ്പിച്ച് പോയത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരാളിന് ജോലി ലഭിച്ചാൽ മാത്രമേ ഞാൻ ഇനി ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലേയ്ക്ക് വരികയുള്ളൂവെന്ന് അന്ന് വി. പി. സിംഗ് പറഞ്ഞു. സുപ്രീം കോടതിയിൽ വീണ്ടും കേസുവന്നു, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെയുള്ള സ്റ്റേ മാറി. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന് അനുകൂലമായി വിധി വന്നശേഷം അതിന്റെ അടിസ്ഥാനത്തിൽ ജോലി ലഭിച്ച ഒരു ചെറുപ്പക്കാരന് മാലയിട്ടുകൊണ്ടാണ് വി. പി. സിംഗ് ഡൽഹിയിൽവന്നത്. ഇതെല്ലാം രാജ്യത്തിന്റെ ചരിത്രമാണ്. ഞാൻ ആരെയും ആക്ഷേപിക്കുന്നില്ല. കേരളത്തിൽ പോരാട്ടം നടത്തിയ കെ. കേളപ്പജി, എ. കെ. ഗോപാലൻ എന്നിവർ ഉയർന്ന ജാതിയിൽപ്പെട്ടവരാണ്.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കോൺഗ്രസും ബി.ജെ.പി.-യുംകൂടി വി. പി. സിംഗിന്റെ ഗവൺമെന്റിനെ താഴെയിറക്കിയെന്ന് പറഞ്ഞു. കോൺഗ്രസ്സിനെ പൊളിക്കാൻ അന്ന് മൊറാർജി ദേശായി ബി.ജെ.പി.-യെക്കൂട്ടിയാണ് ഭരിച്ചത്. ജനസംഘ് ജനതാ പാർട്ടിയിലുണ്ടായിരുന്നില്ലേ ; അവരല്ലേ പിന്നീട് ബി.ജെ.പി.-യായി മാറിയത് ? കോൺഗ്രസ്സിനെ പൊളിക്കാൻ ബി.ജെ.പി.-യെവരെ കൂട്ടുപിടിച്ചുകൊണ്ട് ഭരിച്ച കക്ഷിയുടെ നേതാവായിരുന്നില്ലേ മൊറാർജി ദേശായി ?

<u>ശ്രീ. സി. കെ. നാണു</u> : സർ, രാഷ്ട്രീയപ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിശദമായി വിശകലനം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് ഒരുവരി പറയാൻ ബഹുമാനപ്പെട്ട ചെയർ എന്നെ അനുവദിക്കണം. ഏത് കോൺഗ്രസിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത് ? ഞാനും അദ്ദേഹവും ഒരു കോൺഗ്രസ് ഓഫീസിൽ, അദ്ദേഹം പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായും ഞാൻ യൂത്ത് കോൺഗ്രസിന്റെ സെക്രട്ടറിയായുമിരുന്നതാണ്. ശ്രീ. എ. കെ. ശശീന്ദ്രൻ കെ.എസ്.യു.-വിന്റെ സംസ്ഥാന സെക്രട്ടറിയായിരുന്നു. ബഹുമാനപ്പെട്ട ആര്യാടൻ മറന്നുപോയ ഒരു വസ്തുതയുണ്ട്, 1969-ൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരായി ഇന്ദിരാഗാന്ധി നിലപാടെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി നിർത്തിയ സ്ഥാനാർത്ഥിയെ പരാജയപ്പെടുത്താൻ അവർ കോൺഗ്രസിൽ നിന്നുമാറി, കോൺഗ്രസ് (ഐ), അതായത് ഇന്ദിരാ കോൺഗ്രസ് ആയിമാറി. അന്നത്തെ കോൺഗ്രസ് പ്രസിഡന്റ് നിജലിംഗപ്പയുടെ നേതൃത്വത്തിൽ മൊറാർജി ദേശായി, കാമരാജ നാടാർ തുടങ്ങിയ ഇന്ത്യയിലെ പ്രമുഖരായ സകല കോൺഗ്രസ് നേതാക്കളും വർക്കിംഗ് കമ്മിറ്റിയിൽ ഭൂരിപക്ഷത്തോടെ ഒരുമിച്ചുനിന്നു. കാമരാജിന്റെ നേതൃത്വത്തിൽ ഞങ്ങൾ കോൺഗ്രസ് (ഒ) ആയും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ അവർ കോൺഗ്രസ് (ഐ) ആയും മാറി. കോൺഗ്രസ് എന്ന പ്രസ്ഥാനം രണ്ടായി മാറി. ഞാൻ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനോട് രാഷ്ട്രീയം തർക്കിക്കാനില്ല. കോൺഗ്രസ് ഒരു ബഹുജന പ്രസ്ഥാനമായിരുന്നു. നമ്മുടെ നാട്ടിലെ രാഷ്ട്രീയ വിദ്യാർത്ഥികൾ മനസ്സിലാക്കണം. ലാൽ ബഹദൂർ ശാസ്ത്രി കോൺഗ്രസിന്റെ ഫുൾടൈം പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന് മാസം 40 രൂപയായിരുന്നു പാർട്ടി നൽകിയിരുന്ന ശമ്പളം. ഒരു ദിവസം ഒരാൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയി 25 രൂപ ചോദിച്ചു. അദ്ദേഹത്തിന്റെ കൈയിൽ കാശില്ലായിരുന്നു. അപ്പോൾ ഭാര്യ പണം കൊണ്ടുവന്നു കൊടുത്തു. എവിടെനിന്നാണ് കാശെന്നു ചോദിച്ചപ്പോൾ വീട്ടിലേയ്ക്കുതരുന്ന 40 രൂപയിൽനിന്ന് സ്വരൂപിച്ചുണ്ടാക്കിയതാണെന്ന് പറഞ്ഞു. അപ്പോൾ ലാൽ ബഹദൂർ ശാസ്ത്രി കോൺഗ്രസ് ആഫീസിൽപോയി തനിക്ക് ശമ്പളം നാൽപ്പത് രൂപ വേണ്ട 35 രൂപ മതിയെന്നുപറഞ്ഞു. അതായിരുന്നു പഴയ കോൺഗ്രസ്. 35 രൂപകൊണ്ട് ഭാര്യ വീട്ടുചെലവുകൾ നടത്തുന്നതുകണ്ട് തനിക്ക് 35 രൂപ മതിയെന്നു പറഞ്ഞവരാണ് അന്നത്തെ കോൺഗ്രസ്സുകാർ. 1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ കേരളത്തിലെ കോൺഗ്രസുകാരുടെ നേതാവ് സഞ്ജയ് ഗാന്ധിയായിരുന്നു. എങ്ങനെയാണ് ഭാരതീയ ജനസംഘവും ഞങ്ങളുമെല്ലാം ഒരുമിച്ചുവന്നുവെന്നത് അറിയണ്ടേ ? അന്ന് നടന്ന പാർലമെന്റ് ഇലക്ഷനിൽ ഇന്ദിരാഗാന്ധി പരാജയപ്പെട്ടു. മൊറാർജി ദേശായി 1969-ൽ അഹമ്മദാബാദിലെ സമ്മേളനത്തിൽ നടത്തിയ പ്രസംഗം ഞാൻ കേട്ടു. അദ്ദേഹം പറഞ്ഞത്, 'എത്രകാലം ഇന്ത്യയിലെ ജനങ്ങൾ ശ്രീമതി ഗാന്ധിയോടൊപ്പം നിൽക്കുമോ അത്രയുംകാലം അവർ ജനാധിപത്യത്തിന്റെ മുഖംമൂടി ഉപയോഗിക്കും. ജനങ്ങൾ കൂടെയില്ലായെന്ന് ബോധ്യപ്പെട്ടാൽ ആ മുഖംമൂടി മാറ്റിയ യഥാർത്ഥ ഇന്ദിരയെ ഇന്ത്യ കാണും' എന്നാണ്. കണ്ടു സാർ. ജയപ്രകാശ് നാരായണൻ ജയിലിൽവച്ച് ഒരു കത്തെഴുതി, 'എന്റെ പ്രഭാവതി പോയതിനുശേഷം എനിക്കെന്തു സ്വാർത്ഥത; വൃക്കകൾ നഷ്ടപ്പെട്ട എന്നെ ചികിത്സിക്കാൻ എന്തുകൊണ്ട് നിങ്ങൾ അനുവദിച്ചില്ല ?' ചരിത്രം വലുതാണ്. അതൊന്നും പറയാൻ ഇപ്പോൾ സമയമില്ല. കോൺഗ്രസിനെ ബഹുമാനിക്കുന്ന ചെറുപ്പക്കാരായ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, ഒരു കാലത്ത് കോൺഗ്രസ് ഉണ്ടായിരുന്നു - കാമരാജ നാടാരുടെ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്. ഒൻപതുകൊല്ലം മുഖ്യമന്ത്രി യായിരുന്നതിനുശേഷം അന്തരിച്ചപ്പോൾ 170 രൂപയും ഷർട്ടും മുണ്ടും മാത്രം ബാക്കിയാക്കിയ നേതാവിന്റെ കോൺഗ്രസ് ! അന്നത്തെ ഒരു കോൺഗ്രസ് നേതാവിനെതിരെ പത്തുരൂപയുടെ പേരിൽപ്പോലും ആരും ആരോപണം ഉന്നയിച്ച് ആക്ഷേപിച്ചില്ല. ശ്രീമതി ഗാന്ധിയുടെ ഭർത്താവ് ഫിറോസ് ഗാന്ധി കോൺഗ്രസ് സമ്മേളനത്തിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന കൃഷ്ണമാചാരിക്കെതിരായി ചെറിയ ഒരു ആരോപണം ഉന്നയിച്ചു. ആരോപണം ശരിയാണെന്ന് തോന്നിയതിനാൽ അതിന്റെ പേരിൽ കൃഷ്ണമാചാരിയോട് മാറിനിൽക്കാൻ നെഹ്റു പറഞ്ഞു. കോൺഗ്രസിന്റെ ചരിത്രം അതാണ്. ഞങ്ങളെല്ലാം ദുർബലരാണ്. കാരണം ഞങ്ങൾക്ക് പാർട്ടിയില്ല. നിങ്ങൾ നിലനിന്നത് മഹാത്മാഗാന്ധിയുടെ പേരിലാണ്. ഐക്യരാഷ്ട്രസഭ ഗാന്ധിജിയുടെ രക്തസാക്ഷിദിനം ആചരിക്കാൻ തീരുമാനിച്ചു. ഇന്ത്യയിൽനിന്നും പ്രതിനിധികളെ വിളിച്ചപ്പോൾ ആരാണ് പോയത് ? മഹാത്മാഗാന്ധിയുടെ മക്കളല്ല, ശ്രീമതി സോണിയാ ഗാന്ധിയും മകൻ രാഹുൽ ഗാന്ധിയുമാണ് പോയത്. 'മഹാത്മാ ഗാന്ധിയുടെ ബന്ധുക്കൾ ഇപ്പോഴും ഇന്ത്യയിലുണ്ടോ' എന്ന് അവിടത്തെ പത്രങ്ങളിൽ വന്നില്ലേ ? മഹാത്മാ ഗാന്ധിയുടെ പേര് ഉപയോഗിച്ചുകൊണ്ട് നിലനിൽക്കാൻ നിങ്ങൾക്ക് സാധിച്ചു. ഞങ്ങൾക്ക് സംഘടനയുണ്ടായില്ല.

അടിയന്തരാവസ്ഥയ്ക്കെതിരായി ഇന്ത്യയിലുടനീളം ദേശീയ മുന്നേറ്റമുണ്ടായി. കേരളത്തിലൊഴികെ ഇന്ത്യയിൽ എല്ലായിടത്തുമുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ ഞങ്ങളോടൊപ്പംനിന്നു. കേരളത്തിലേക്കാൾ കൂടുതൽ മുസ്ലീങ്ങളുള്ള ഉത്തർ പ്രദേശിലെ ജനങ്ങൾ ഞങ്ങളുടെ കൂടെനിന്നു. എന്നാൽ ഞങ്ങൾക്കൊരു പ്രസ്ഥാനമുണ്ടാക്കാൻ സാധിച്ചില്ല. ഒരു പ്രസ്ഥാനമായി ജനതാ പാർട്ടിയെ കൊണ്ടുപോകാൻ സാധിച്ചില്ല. നേതാക്കൾ ജയിലിൽനിന്നുവന്നു, ഒരുമിച്ചിരുന്നു മാനിഫെസ്റ്റോ എഴുതി, ജനങ്ങളെ സമീപിച്ചു, ജയിച്ചു ഭരണമുണ്ടാക്കി. ചിലർ തകർക്കാൻ ശ്രമിച്ചു. തകർത്തു. ഞങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. ഞാൻ പറയുന്നു, ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും മൊറാർജി ദേശായിയുടെ, കാമരാജ നാടാരുടെ പഴയ കോൺഗ്രസിന്റെ സമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള ശക്തിക്കല്ലാതെ ഒരു ശക്തിക്കും ഇന്ത്യയിലെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കില്ല. പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി സ്വാതന്ത്ര്യ സമരകാലത്ത് കേരളത്തിലെ നേതാക്കൾ നടത്തിയ പോരാട്ടത്തിന്റെ ഫലമായി എല്ലാ വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾക്കും ക്ഷേത്രങ്ങളിൽ പ്രവേശിക്കാനും പ്രാർത്ഥിക്കാനും അവസരമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഒരു നേതാവിന്റെ മകന്റെ കല്യാണം ഗുരുവായൂർ ക്ഷേത്രത്തിൽ വച്ചുനടന്നു. ആ കുട്ടി അവിടെപ്പോയി പ്രാർത്ഥിച്ചപ്പോൾ പുണ്യാഹവും അതുപോലെ മറ്റു ചില പ്രശ്നങ്ങളുമുണ്ടായി. ഞാൻ ദീർഘിപ്പിക്കുന്നില്ല. മൂന്നു ദിവസം മുമ്പ് മലയാള മനോരമ, മലബാറിലെ ദേവസ്വത്തെക്കുറിച്ച് ഒരു എഡിറ്റോറിയൽ എഴുതി. ബഹുമാനപ്പെട്ട മന്ത്രി അത് കണ്ടിരിക്കും. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ നിരവധി പാവപ്പെട്ടയാളുകൾക്ക് മാസങ്ങളായി ശമ്പളം കിട്ടാത്ത അവസ്ഥയുണ്ട്. മലയാള മനോരമ പോലെ ഒരു പത്രം എഡിറ്റോറിയൽ എഴുതാനിടയാക്കിയ ആ സാഹചര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാകരുത്. നമ്മുടെ നാട്ടിൽ പട്ടികജാതിക്കാരുണ്ട്, പട്ടികവിഭാഗക്കാരുണ്ട്, ഹിന്ദുസമുദായത്തിലെ പിന്നോക്ക വിഭാഗക്കാരുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഈ മൂന്നു വിഭാഗത്തെയും പങ്കെടുപ്പിച്ച് യോജിപ്പിക്കണം. ഈ അടിസ്ഥാന വർഗ്ഗത്തെ തകർക്കാൻ പല രൂപത്തിലും ശ്രമിക്കുന്ന ചില ശക്തികൾ ദേശീയമായുണ്ട്. അതിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കണമെങ്കിൽ ഐക്യത്തോടുകൂടി ഒരു ജനത മുമ്പോട്ടുവരണം. അവർക്ക് ആരാധനാലയങ്ങളിൽ പൂജാരികളായിരിക്കാൻ അവസരമുണ്ടാകണം. ക്ഷേത്രങ്ങളുടെ ഭരണത്തിൽ പങ്കാളികളാകാൻ അധികാര മുണ്ടാകണം. എൽ.ഡി.എഫ്. ഭരണകാലത്ത് നമ്മുടെ നാട്ടിലെ ദേവാലയങ്ങളിൽനിന്നും, അതായത് തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വങ്ങളുടെ കീഴിലെ ക്ഷേത്രങ്ങളിലെ വരുമാനമെടുത്ത് ദേവസ്വത്തിനല്ലാതെ മറ്റു സർക്കാരിന്റെ ആവശ്യങ്ങൾക്ക് ഒരവസരത്തിലും ഉപയോഗിച്ചിട്ടില്ല. അങ്ങനെ ചില പ്രചരണങ്ങൾ വരുന്നു. ഒരു ചെറിയ അനുഭവം കൂടി പറയുകയാണ്, ഞാൻ കുറച്ചുമാസം ദേവസ്വം വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു. ശബരിമലയിലെ അരവണ ടിന്നിന് നികുതി ചുമത്തിയെന്ന് പത്രത്തിൽവന്നു. അങ്ങനെയൊന്നുള്ളത് ഞങ്ങൾക്കറിയില്ല. ക്ഷേത്രവുമായി ബന്ധപ്പെടാത്ത ഇതിനുമാത്രം ഒരു ചെറിയ നികുതിയെന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ദേവസ്വത്തിലൂടെ കടന്നുപോകുന്ന അത്തരത്തിലുള്ള നികുതിപോലും ആവശ്യമില്ലെന്ന് ഞങ്ങൾ പറഞ്ഞു. ആ നികുതിയും പിൻവലിച്ചതായി അവിടെ വച്ച് ഇ. കെ. നായനാർ പ്രഖ്യാപിച്ചു. ദേവസ്വം ബോർഡുകൾ ഒരു ഘട്ടത്തിലും അവരുടെ വരുമാനത്തിൽനിന്ന് ഒരു അണപോലും ആ രൂപത്തിൽ ഉപയോഗിച്ചിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, അവസരം ലഭിക്കുമെങ്കിൽ നമ്മുടെ നാട്ടിലെ അവശരായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പാവങ്ങൾക്ക് വീടുകളുണ്ടാക്കാനും അവരെ സാമ്പത്തികമായി സഹായിക്കാനും നടപടി സ്വീകരിക്കുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ആലോചിക്കുക. ദേവസ്വത്തിന്റെ ആവശ്യത്തിനല്ലാതെ മറ്റൊന്നിനും പണം വിനിയോഗിക്കരുത്. ഞാൻ കൂടുതൽ സമയമെടുത്തതിൽ ക്ഷമിക്കണം.

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട നാണുവേട്ടൻ ദേവസ്വത്തിന്റെ മന്ത്രി ആയിരിക്കുമ്പോൾ ദേവസ്വം സംബന്ധിച്ച് വളരെ പ്രസക്തമായ ഒരു നിർദ്ദേശമുണ്ടായിരുന്നു. അന്ന് ഗുരുവായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ തിരുമല-തിരുപ്പതി (TTD) ദേവസ്വത്തിന്റെ മാതൃകയിൽ ഗുരുവായൂർ പ്രദേശത്ത് ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുണ്ടാക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച തനുസരിച്ച് ദേവസ്വം ബോർഡിനുവേണ്ടി ഞങ്ങൾ തിരുപ്പതിയിൽ പോയി സ്റ്റഡി നടത്തി. ദേവസ്വത്തിന്റെ ഫണ്ട് ഉപയോഗിക്കുന്ന അത്തരത്തിലുള്ള നിർദ്ദേശത്തെക്കുറിച്ച് ശ്രീ. സി. കെ. നാണു പറഞ്ഞുകൊണ്ടിരിക്കുകയാണ്. ദേവസ്വത്തിന്റെ ഫണ്ടുപയോഗിച്ച് അതുപോലുള്ള ജനോപകാരപ്രദമായ പരിപാടികൾ നടത്തുന്നതിന്, ഗുരുവായൂർ ദേവസ്വത്തിന്റെയും തിരുവിതാംകൂർ, കൊച്ചി ദേവസ്വത്തിന്റെയും കീഴിൽ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ പോലുള്ള ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് പറയുകയും അതുതന്നെ ദൈവോപാസനയായി മാറുന്ന രീതിയിലുള്ള പ്രവർത്തനത്തിന് മുൻകയ്യെടുക്കുകയും ചെയ്യുന്ന കാര്യത്തെക്കുറിച്ച് എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്?

ശ്രീ. സി. കെ. നാണു : സർ, അത് പരിശോധിക്കാവുന്നതാണ്. ഇന്നലെ ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. അവിടെ ഒരു ബിൽഡിംഗ് വരാൻപോകുന്നു, ഗൗരവമുള്ള പ്രശ്നങ്ങളുള്ളപ്പോൾ പുതിയ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. പി. തിലോത്തമൻ : സർ, ബഹുമാനപ്പെട്ട നാണുവേട്ടൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ഒരുകാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ സമ്പത്ത് സർക്കാർ മറ്റു കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു എന്ന പ്രചാരണം നടക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത്. വളരെ ശരിയാണ്. മുമ്പൊരിക്കലുമില്ലാത്ത സാമുദായികവൽക്കരണവും വർഗ്ഗീയവൽക്കരണവും ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങളിൽ രാഷ്ട്രീയക്കാർക്കും മറ്റുള്ളവർക്കും കയ്യിട്ടുവാരാനുള്ള സൗകര്യം ഇന്നുണ്ടായിരിക്കുന്നു. എന്നാൽ ഏതെങ്കിലും മുസ്ലീം ദേവാലയത്തിന്റെ സമ്പത്തിലോ ഏതെങ്കിലും ക്രിസ്ത്യൻ ദേവാലയത്തിന്റെ ഭരണകാര്യങ്ങളിലോ ഇടപെടാൻ ആർക്കെങ്കിലും കഴിയുന്നുണ്ടോ എന്ന് ചോദിച്ചുകൊണ്ടുള്ള വർഗ്ഗീയ പ്രചരണം വളരെ വിപുലമായി നമ്മുടെ സംസ്ഥാനത്ത് തെക്കും വടക്കും നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ വർഗ്ഗീയവൽക്കരണം വസ്തുതകൾക്കുവിരുദ്ധവും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതുമാണ്. ആ വർഗ്ഗീയവൽക്കരണം നമ്മുടെ സംസ്ഥാനത്ത് നടന്നിട്ട് ഔദ്യോഗികമായി ഒരു വിശദീകരണവും ഇന്നുവരെ കേട്ടതായി നമുക്കറിവില്ല. എന്നാൽ ഈ സമ്പത്ത് ദേവസ്വങ്ങൾക്കുവേണ്ടിയാണ്, അതിന്റെ വികസനകാര്യങ്ങൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നതെന്നും മറിച്ചുള്ള പ്രചാരവേല അടിസ്ഥാനരഹിതമാണെന്നും ഒരിക്കൽപ്പോലും ഗവൺമെന്റ് പറഞ്ഞതായി കേട്ടുകേൾവിയില്ല. നമ്മുടെ സംസ്ഥാനത്ത് ഹിന്ദുവർഗ്ഗീയത ഇതുപോലെ ഫണംവിരിച്ചാടാൻ അവസരമൊരുക്കിയത് വസ്തുതകൾക്ക് നിരക്കാത്ത ഇത്തരം പ്രചാരവേലയിലൂടെയാണ്. മറിച്ച് യാഥാർത്ഥ്യത്തിലൂന്നി ഒരു വിശദീകരണം കൊടുക്കാത്തതാണെന്ന വസ്തുത നാണുവേട്ടന് ബോദ്ധ്യമുണ്ടോ ?

ശ്രീ. സി. കെ. നാണു : സർ, അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. വളരെ സാമ്പത്തിക പ്രതിസന്ധിയുണ്ടായ ഘട്ടത്തിൽപ്പോലും കേരളത്തിലെ ഏതെങ്കിലും ക്ഷേത്രത്തിന്റെ വരുമാനമോ ദേവസ്വത്തിന്റെ 1000 രൂപയോ പോലും സർക്കാരിന്റെ ആവശ്യത്തിന് എടുത്തിട്ടില്ല. ഞാൻ മന്ത്രിയായിരുന്ന അവസരത്തിൽ ഗുരുവായൂർ ക്ഷേത്രത്തിന്റെ കൈവശമുണ്ടായിരുന്ന കുറേ സ്വർണ്ണം, പണം തുടങ്ങിയവ ബോംബെയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഡെപ്പോസിറ്റ് ചെയ്തു. അതിന്റെ പലിശയും ദേവസ്വത്തിന് കിട്ടിയിട്ടുണ്ടാകാം. ഇവിടെ പറഞ്ഞത് വളരെ പ്രധാനമാണ്. ഒരു ക്ഷേത്രത്തിന്റെ 10 രൂപ പോലും മറ്റുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാറില്ല. പക്ഷേ ഇവിടെ വേറെയൊന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ നാട്ടിലെ ന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങൾക്ക്, ഇപ്പോൾ മക്കയിൽ ഹജ്ജിനുപോകുന്ന അവസരത്തിൽ അവർക്കു പോകാനാവശ്യമായ എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ന്യൂനപക്ഷങ്ങളുടെ താല്പര്യസംരക്ഷണത്തിന്റെ ഭാഗമായി ചെയ്തു. എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കണമോ അതെല്ലാം ചെയ്തുകൊടുത്തു. ഭൂരിപക്ഷമുള്ള സമുദായത്തിന്റെ ആരാധാനാലയങ്ങളിൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് ആക്ഷേപമുണ്ടാകാം.

ശ്രീ. കെ. എം. ഷാജി : സർ, വളരെ പ്രധാനപ്പെട്ട പോയിന്റാണ് ശ്രീ. സി. കെ. നാണു പറയുന്നത്, പക്ഷേ അതിൽ ഒരു ക്ലാരിറ്റിയുടെ പ്രശ്നമുണ്ട്. വിദേശരാജ്യങ്ങളിൽ പോകുന്ന ന്യൂനപക്ഷങ്ങൾക്കു മാത്രമല്ല വിദേശരാജ്യത്ത് പോകുന്ന എല്ലാ തീർത്ഥാടകർക്കും ഈ സബ്സിഡിയുണ്ട്. വിശദീകരിച്ചു പറയുന്നില്ല, മാനസസരോവറിൽ പോകുന്ന ഹിന്ദു സഹോദരന്മാർക്ക് സബ്സിഡി നൽകുന്നുണ്ട്. ഹജ്ജിനു മാത്രമല്ല, പറയുമ്പോൾ ക്ലാരിറ്റി കുറഞ്ഞതുപോലെതോന്നി. അങ്ങ് ദുരുദ്ദേശത്തോടുകൂടി പറഞ്ഞുവെന്നല്ല പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഒരു ജനാധിപത്യ സംവിധാനത്തിലുള്ള മതനിരപേക്ഷ ഗവൺമെന്റിന് ഏത് മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങളെ സഹായിക്കാനും ഇടപെടാനുമുള്ള അവകാശം ഇന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന് നിയന്ത്രണാധികാരമുള്ള 'വഖഫ് ബോർഡ്' ഒരു വകുപ്പല്ല, പക്ഷേ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾക്ക് വഖഫ് ബോർഡിലെ അംഗങ്ങളെ നോമിനേറ്റ് ചെയ്യാനുള്ള അധികാരമുണ്ട്. യഥാർത്ഥത്തിൽ അങ്ങനെയല്ല എന്ന മട്ടിലുള്ള വലിയ പ്രചാരണം നടക്കുന്നുണ്ട്. മാറിമാറി വരുന്ന ഗവൺമെന്റുകൾക്ക് അതിലേയ്ക്ക് സമുദായത്തിലെ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ടയാളുകളെ നിർദ്ദേശിക്കാനുള്ള അധികാരമുണ്ടെന്ന കാര്യം പലപ്പോഴും മറച്ചുവെയ്ക്കപ്പെടുന്നില്ലേ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. തിലോത്തമൻ വർഗ്ഗീയവത്കരണം നടക്കുന്നുവെന്ന, തെറ്റായ പ്രചരണം നടക്കുന്നുവെന്ന വളരെ ഗൗരവമേറിയ വിഷയമാണ് ഇവിടെ സൂചിപ്പിച്ചത്. നിർഭാഗ്യവശാൽ ആ വർഗ്ഗീയ പ്രചരണങ്ങൾക്ക് ആക്കംകൂട്ടുന്ന നിലയിലേയ്ക്ക് ഇവിടെ ന്യൂനപക്ഷങ്ങൾ എന്തൊക്കെയോ കവർന്നെടുക്കുന്നു, ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണിയടക്കം ന്യൂനപക്ഷ പ്രീണനം നടത്തിയെന്ന സി.പി.ഐ.-യുടെ നേതാവായ ശ്രീ. കാനം രാജേന്ദ്രന്റെ പ്രസ്താവന ഈ പ്രചരണത്തിന് ആക്കംകൂട്ടാൻ സഹായകരമായോ ഇല്ലയോ എന്ന് വിശദീകരിക്കാമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാനപ്പെട്ട മന്ത്രി ഷിബു ബേബി ജോൺ അസംബ്ലിക്ക് പുറത്തും ഇതുപോലുള്ള സ്റ്റേറ്റ്മെന്റുകൾ ഇറക്കിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറി പറഞ്ഞത് ന്യൂനപക്ഷ പ്രീണനവും ന്യൂനപക്ഷ സംരക്ഷണവും രണ്ടാണെന്നാണ്. ന്യൂനപക്ഷ സംരക്ഷണം ഭരണഘടനാപരമായി അവർക്ക് അർഹതപ്പെട്ടതും അത് നൽകാൻ ജനാധിപത്യസമൂഹം ബാധ്യസ്ഥവുമാണ്. ന്യൂനപക്ഷ പ്രീണനത്തിന്റെ പേരിൽ ജാതിയും, രാഷ്ട്രീയവുമായി കൂട്ടിക്കലർത്തുന്നതും ഭൂരിപക്ഷത്തെ പ്രീണിപ്പിക്കുന്നതുമാണെങ്കിലും അത് രണ്ടും തെറ്റാണെന്ന വസ്തുത പറയുകയാണ്. അതിനെ ആർ.എസ്.എസ്.-ന്റെ ഭാഷയിൽ വ്യാഖ്യാനിച്ച് അവർക്ക് സഹായകരമാകുന്ന നിലപാട് ബഹുമാനപ്പെട്ട മന്ത്രിയെടുത്തത് ശരിയായില്ല.

ശ്രീ. ആർ. രാജേഷ് : സർ, ഇസ്ലാംമത വിശ്വാസികൾക്ക് ഹജ്ജിന് പോകാൻ പ്രത്യേകമായി സബ്സിഡി കൊടുക്കുന്നുവെന്ന് പറയുന്നത് ആർ.എസ്.എസ്. അഴിച്ചുവിടുന്ന വലിയ പ്രചരണമാണ്. അത് തെറ്റാണ്. ആർ.എസ്.എസ്-ന്റെ ബോധപൂർവ്വമായ വർഗ്ഗീയ പ്രചരണമാണിത്. ഇന്ത്യക്ക് പുറത്തേയ്ക്കുപോകുന്ന

ഏതൊരു മതവിശ്വാസിക്കും യാത്ര ചെയ്യാനാവശ്യമായ സബ്സിഡിയാണ് കൊടുക്കുന്നത്. ആ പ്രചരണത്തിനകത്ത് നമ്മുടെ നാട് വീഴുകയാണ്. ഇവിടെ ഇടതുപക്ഷ നേതാക്കളുടെ പ്രസ്താവന മാത്രമല്ല, അഞ്ചാംമന്ത്രി വിവാദമുണ്ടായപ്പോൾ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ പറഞ്ഞത്, നാടിന്റെ സാമുദായികമായ ഊഷ്മളത നഷ്ടപ്പെടുന്നുവെന്നാണ്. അക്കാര്യം നാണുവേട്ടന് ഓർമ്മയുണ്ടോ; അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുമോ ?

ശ്രീ. സി. കെ. നാണു : സർ, ഇന്ത്യക്ക് പുറത്തുപോകുന്ന എല്ലാവർക്കും സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തെപ്പറ്റി ശ്രീ. കെ. എം. ഷാജിയും ശ്രീ. ആർ. രാജേഷും പറഞ്ഞു. ഒരു ജനാധിപത്യ രാജ്യത്തിന്റെ വിജയം ആ രാജ്യത്തുള്ള ന്യൂനപക്ഷങ്ങളോട് സൗമ്യമായി പെരുമാറുന്നതിലാണ്. കേരളത്തിൽ പലതരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ടാകാം. അത് പല ഘട്ടങ്ങളിലുമുണ്ടായിരുന്നു. ലോകത്ത് ഇന്തോനേഷ്യ കഴിഞ്ഞാൽ മുസ്ലീങ്ങൾ ഏറ്റവും കൂടുതൽ ജീവിക്കുന്നത് ഇന്ത്യയിലാണ്. നമ്മുടെ രാജ്യത്തിന്റെ അഭിമാനം എന്താണ് ? പാക്കിസ്ഥാനിലെയും ഇന്തോനേഷ്യയിലെയും ആഭ്യന്തര കലാപത്തിന്റെ ഫലമായി അവിടെ ജനങ്ങൾ കൊലചെയ്യപ്പെടുന്നതു പോലെ ഇവിടെ കൊല ചെയ്യപ്പെടുന്നുണ്ടോ ; ഇല്ല. മഹാത്മാഗാന്ധി വെടിയേറ്റുവീണ ആ നിമിഷം മുതൽ ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കപ്പെട്ടുതുടങ്ങി. കാരണം ഗാന്ധിജി മരിച്ചതിന് എതിരായി ഒരു സ്ഥലത്തും അക്രമമോ വെടിവയ്പോ ഉണ്ടായിട്ടില്ല. പ്രഗത്ഭനായ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവ് മധുലിമായെ അന്ന് ജർമ്മനിയിലാണ്. Illustrated weekly-ൽ മധുലിമായെയുടെ ഒരു ലേഖനമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു ഞാൻ ഗാന്ധിയനല്ല, സോഷ്യലിസ്റ്റാണെന്ന്. എനിക്ക് എന്തോ നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹം അവിടെനടന്നു, ഇവിടെനടന്നു. ഇന്ത്യക്ക് എന്താണ് നഷ്ടപ്പെട്ടത്. എന്റെ നാട്ടിൽ എന്തോ നഷ്ടപ്പെട്ടു. ഇവിടെ പുതിയ പ്രധാനമന്ത്രിയുടെ കക്ഷിക്കാർക്ക് ഗാന്ധിജിയെ വെടിവച്ചുകൊന്നയാളുടെ പേരിൽ ക്ഷേത്രം ഉണ്ടാക്കണമെന്ന് തോന്നി. പ്രധാനമന്ത്രി വിദേശത്ത് പോയപ്പോൾ, മഹാത്മാഗാന്ധിജിയുടെ പ്രതിമ അനാച്ഛാദനം ചെയ്യുന്നിടത്ത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായി, അതാണ് ഗാന്ധിജി. മറ്റൊരു ലോകത്തിനും രാജ്യത്തിനും ഇല്ലാത്ത, ഒരു ബോംബുപോലും സ്വാതന്ത്ര്യത്തിനുവേണ്ടി പൊട്ടിക്കാത്ത, തന്നെ അടിച്ച ഒരാളോട് തന്റെ കൈയ്യ് എന്തെങ്കിലും പറ്റിയോയെന്ന് ചോദിച്ച മഹാത്മാ ഗാന്ധിജിയുടെ പിന്തുടർച്ചക്കാരാണ് നമ്മൾ എന്നാണ്. മന്ത്രി പുതുതായി കൊണ്ടുവരുന്ന പുതിയ ആളുകളെ എടുക്കാനുള്ള ബിൽ നമ്മുടെ നാട്ടിലെ ആദിവാസികൾ, പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ,

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗം ഇവർക്കെല്ലാം അർഹമായ പ്രാതിനിധ്യം കൊടുക്കുന്ന രൂപത്തിലുള്ളതായിരിക്കണം. സർക്കാർ മലബാർ ദേവസ്വത്തിലേയ്ക്ക് വർഷംതോറും ലക്ഷക്കണക്കിന് രൂപ കൊടുക്കുന്നുണ്ട്. കൊച്ചിൻ ദേവസ്വത്തെയും ട്രാവൻകൂർ ദേവസ്വത്തെയും സഹായിക്കുന്നു. എന്നിട്ടും ഇങ്ങനെയുള്ള ആക്ഷേപം വരുന്നു. അങ്ങനെയൊരു ആക്ഷേപമില്ലായെന്ന് വസ്തുത നിരത്തിക്കൊണ്ട് പറയാൻ കഴിയണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബില്ലിൽ ഞങ്ങൾ ഉന്നയിച്ച ചില ഭിന്നാഭിപ്രായങ്ങളുണ്ട്. ആ ഭിന്നാഭിപ്രായങ്ങൾ തിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദേവസ്വം ബോർഡിലേയ്ക്കുള്ള ജീവനക്കാരെ നിയമിക്കുന്നതിൽ അഴിമതി വ്യാപകമായുണ്ടെന്ന പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടതിനെത്തുടർന്ന് മുൻ സർക്കാർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ നിയമനത്തിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.-യെ അധികാരപ്പെടുത്തിയിരുന്നു. അതിനുവേണ്ട പ്രത്യേക ചട്ടങ്ങളും തയ്യാറാക്കി. എന്നാൽ തുടർന്ന് അധികാരത്തിലെത്തിയ യു.ഡി.എഫ്. സർക്കാർ കൃത്യമായി ന്യായങ്ങളൊന്നും തന്നെ പറയാതെ നിക്ഷിപ്ത താൽപ്പര്യസംരക്ഷണാർത്ഥം മാത്രം ആ നടപടി റദ്ദാക്കുകയും തുടർന്ന് ഇപ്പോൾ പകരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ ബില്ലിന്റെ പരിധിയിൽ നിന്ന് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും ഒഴിവാക്കിയിരുന്നു. ശാന്തി, കഴകം, തളി, പഞ്ചവാദ്യം, തകിൽ, നാദസ്വരം, ആനശേവുകം, പുറംതള്ളപ്പ്, പാത്രംതേപ്പ് തുടങ്ങിയവയെല്ലാം പരമ്പരാഗത തസ്തികകളാണ്. ആകെ ഉള്ളതിന്റെ 80 ശതമാനം ഈ പോസ്റ്റുകൾ വരും. സ്കൂൾ, കോളേജ് നിയമനങ്ങൾക്കും ക്ഷേത്ര ജീവനക്കാരുടെ നിയമനത്തിനും സംവരണം ഏർപ്പെടുത്തിയിട്ടില്ലെന്ന് ഒരു ചോദ്യത്തിന് മറുപടിയായി നിയമസഭയെ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ പ്രകാരം നിയമനം നടത്തേണ്ട എസ്റ്റാബ്ലിഷ്മെന്റ് തസ്തികയിലേയ്ക്കും പട്ടികജാതി/ പട്ടികവർഗ്ഗ പിന്നോക്കജാതി സംവരണത്തിന് വ്യവസ്ഥ ചെയ്തിട്ടില്ല. നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 4735 ജീവനക്കാരിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർ 85 പേർ മാത്രമാണ്. അതായത് 1.5 ശതമാനം. കൊച്ചിൻ ദേവസ്വം ബോർഡിലെ 1434 ജീവനക്കാരിൽ 73 പേർ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിലുള്ളത്. മലബാർ ദേവസ്വം ബോർഡിലെ 6320 ജീവനക്കാരിൽ കൃത്യമായി എത്രപേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുണ്ടെന്നുള്ളതിന് സർക്കാരിന്റെ കയ്യിൽ കൃത്യമായ കണക്കില്ല. കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി ഇതിലും മോശമായിരുന്നു. ക്ഷേത്ര നിയമനങ്ങളിൽ ജാതിവിവേചനം പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പരമ്പരാഗത തസ്തികകളിൽ ഉൾപ്പെടെ എല്ലാ തസ്തികകളിലും നിയമനങ്ങളിലും സംവരണം ഏർപ്പെടുത്തുന്നില്ലെന്നു മാത്രമല്ല എസ്റ്റാബ്ലിഷ്മെന്റ് തസ്തികകൾക്കും സംവരണം വ്യവസ്ഥ ചെയ്തിട്ടില്ല. രാഷ്ട്രത്തിന്റെ ഭരണഘടനയെ അവഹേളിക്കുന്ന ഈ ബിൽ നിയമവിരുദ്ധമാണ്. അതുകൊണ്ടാണ് സാമൂഹ്യനീതി നിഷേധവും അഴിമതിയും ലക്ഷ്യംവച്ചിട്ടുള്ള ഈ ബില്ലിനോട് പ്രധാനമായും ഞങ്ങളുടെ വിയോജനം രേഖപ്പെടുത്തുന്നത്. ദേവസ്വം ബോർഡിനെ സംബന്ധിച്ച് ശ്രീ. സി. കെ. നാണു നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ അതിന്റെ ഭാഗമായി കുറേ ചർച്ചകൾ നടന്നു. ദേവസ്വങ്ങളെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങളുണ്ട്. പ്രധാനമായും നേരത്തേ ഉന്നയിക്കപ്പെട്ട ഒരു വിഷയം വലിയ അസംതൃപ്തി ഹൈന്ദവ വിഭാഗത്തിലെ ഒരു വിഭാഗത്തിനിടയിൽ ഉണ്ടാക്കിയിട്ടുണ്ട് എന്നതാണ്. അതിനേക്കാൾ കൂടുതൽ ദേവസ്വം ബോർഡിനെക്കുറിച്ച് ഒരുപാട് അഴിമതി കഥകളാണ് പുറത്തുവരുന്നത്. അതുകൊണ്ട് ആ മേഖലയിൽ എന്തെങ്കിലും പുതിയ കാര്യങ്ങൾ ചെയ്യുമ്പോൾ അഴിമതിക്ക് വഴിവയ്ക്കാത്ത പ്രവൃത്തികൾ ആയിരിക്കണം ചെയ്യേണ്ടത്. എല്ലാ കാലത്തും ദേവസ്വം ഉദ്യോഗസ്ഥ നിയമനങ്ങൾ വിവാദമാകാറുണ്ട്. പല താൽപ്പര്യങ്ങളും അതിൽ കടന്നുകൂടാറുള്ളതുകൊണ്ടാണ് അത് വിവാദമാകാറുള്ളത്. ജാതീയത ഇല്ലാതായിയെന്ന് പ്രസംഗിക്കാമെങ്കിലും പലപ്പോഴും അത് ഇക്കാര്യങ്ങളിൽ കടന്നുവരാറുണ്ട്. ഇപ്പോഴും പ്രമുഖ ക്ഷേത്രങ്ങളിലെ സവർണ്ണ മേധാവിത്വം ജാതീയത നിലനിർത്തുവാൻ ശ്രമിക്കുന്നുണ്ട്. ഗുരുവായൂർ അമ്പലത്തിൽ ഒരു വാദ്യ കലാകാരൻ ഹരിജനായതുകൊണ്ടുമാത്രം രാവിലെ കൊട്ടിയതിനുശേഷം ഉച്ചയ്ക്കുശേഷം കൊട്ടാൻ വരണ്ടായെന്ന് പറയുന്ന സ്ഥിതിവിശേഷമുണ്ടായി. കൃഷ്ണനാട്ടം കളിയിൽ നിന്ന് ഇത്തരം ആളുകളെ മാറ്റിനിർത്തുന്നുണ്ട്. ഇതൊന്നും പരിഹരിക്കാൻ ഇപ്പോഴും കഴിയുന്നില്ലായെന്നുള്ളത് വളരെ ദുഃഖകരമാണ്. സംവരണത്തെക്കുറിച്ച് നമ്മൾ വലിയ വായിൽ പ്രസംഗിക്കും. പക്ഷേ, കാര്യത്തോടടുക്കുമ്പോൾ ജാതിബോധം ഉയർന്നുവരും. ഈ ബില്ലിലും അത് കണ്ടതാണ്. ഉത്തരേന്ത്യയിലുള്ളതിനേക്കാൾ വളരെ ഉയർന്ന സാമൂഹിക ബോധമാണ് നമ്മുടെ കേരളത്തിലുള്ളതെന്നാണ് നാണുവേട്ടൻ സംസാരിക്കുമ്പോൾ പറഞ്ഞത്. നമ്മൾ മൊത്തം കോൺഗ്രസ്സുകാരെക്കുറിച്ച് പറയുമ്പോൾ, ഉത്തരേന്ത്യയിലെ ആളുകളെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ വേവലാതിപ്പെടേണ്ട, നിങ്ങൾ കുറേക്കൂടി ഉയർന്ന സാമൂഹിക ബോധമുള്ളവരാണ് എന്ന രീതിയിലാണ് പറഞ്ഞത്. അങ്ങനെ സാമൂഹിക ബോധമുള്ളവരാണ് ഇവിടെയുള്ള ആളുകളെങ്കിൽ

ഇത്തരത്തിലുള്ള ബിൽ ഉണ്ടാക്കുമോ ? ബില്ലിനകത്ത് പറയുന്നത് എന്താണ് ? അഞ്ച് പേരുള്ള റിക്രൂട്ട്മെന്റ് ബോർഡ്, അതിൽ ഒരാൾ വനിതയാകണം, ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാകണം, മൂന്നുപേർ ജനറൽ കാറ്റഗറിയിലുള്ളവരാകണം എന്നാണ്. എങ്ങനെയാണ് ബോർഡ് ഉണ്ടാക്കിയത്. പട്ടികജാതിയിൽപ്പെട്ട വനിതയെ നിയമിച്ചു. അപ്പോൾ വനിതയും പട്ടികജാതിയും ഒരാളായി. ബാക്കി നാലുപേരെ ജനറൽ കാറ്റഗറിയിൽ നിയമിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തോട് എന്തെങ്കിലും താൽപ്പര്യം ബില്ലുണ്ടാക്കിയവർക്കോ അത് നടപ്പിലാക്കാൻ ശ്രമിക്കുന്നവർക്കോ ബഹുമാനപ്പെട്ട മന്ത്രിക്കോ അല്ലെങ്കിൽ അദ്ദേഹത്തെ നിയന്ത്രിക്കുന്ന ആർക്കെങ്കിലും ഉണ്ടെങ്കിൽ ഈ തരത്തിലുള്ള അഡ്ജസ്റ്റുമെന്റ് നടത്താൻ പുറപ്പെടുമോ ? അവർക്ക് ലഭിക്കുന്ന സ്ഥാനം എന്തിനാണ് കവർന്നെടുക്കാൻ വേണ്ടി ശ്രമിക്കുന്നത് ? മെച്ചപ്പെട്ട രീതിയിലുള്ള എന്ത് സാമൂഹ്യബോധമാണ് ഇവിടെയുള്ള ആളുകൾക്കുള്ളത് ? സബ്ജക്ട് കമ്മിറ്റിയിൽ അതിനെ സംബന്ധിച്ച് വലിയ എതിർപ്പ് വന്നപ്പോൾ എന്താണ് ചെയ്തത് ; പറ്റിയ തെറ്റ് തിരുത്തുകയല്ല ചെയ്തത്. ഒരാളെ ഒഴിവാക്കി പകരം പട്ടികജാതിയിൽപ്പെട്ട ഒരാളെ എടുക്കാമെന്നല്ല തീരുമാനിക്കപ്പെട്ടുന്നത്. പകരം ഒരു നമ്പർ കൂട്ടുകയാണ്. അപ്പോഴുണ്ടായിരുന്ന ജനറൽ കാറ്റഗറിയിലുള്ള ആളുകളെ ഒഴിവാക്കുകയല്ല പകരം ഒരു നമ്പർ കൂട്ടി അഞ്ച് എന്നത് ആറാക്കി മാറ്റുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ ആളുകളുടെ മനോഭാവം വ്യക്തമാക്കുന്ന ഒരു കാര്യമാണിത്. നേരത്തെ ശ്രീ. സി. കെ. നാണു പറഞ്ഞതിലും വ്യത്യസ്തമായ ഒരു മനോഭാവമാണ് കേരളത്തിലും ഉള്ളതെന്നു തന്നെയാണ് മനസ്സിലാകുന്നത്. ഞാൻ ഇതിനുമുൻപ് ദേവസ്വം ചർച്ചയിൽ പങ്കെടുത്തപ്പോഴും ഈ കാര്യം പറഞ്ഞിട്ടുള്ളതാണ്. നേരത്തെ ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം വളരെ ഗൗരവമുള്ള വിഷയമാണ്. ജാതി സംഘടനകളും വർഗ്ഗീയ സംഘടനകളും നമ്മുടെ നാട്ടിൽ വളരാൻ ശ്രമിക്കുന്ന കാരണങ്ങളിൽ ഒന്ന് ഈ പറഞ്ഞതാണ്. ദേവസ്വം ബോർഡിന്റെ അമ്പലങ്ങളിലെ പണം ധൂർത്തടിക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ക്ഷേത്രങ്ങളെപ്പറ്റി സംസാരിക്കുമ്പോൾ, മറ്റൊന്നും തെറ്റിദ്ധരിക്കരുത്. ഒരു വൈദികൻ എന്ന സ്ഥാനത്തിന് സമൂഹത്തിൽ വലിയ മഹത്വവും വിലയും നൽകുന്നതാണ്. ഒരു വൈദികൻ വരുമ്പോൾ വളരെ ആദരവോടുകൂടി നമ്മൾ അദ്ദേഹത്തെ സ്വീകരിക്കുന്നു. എന്നുമാത്രമല്ല, പള്ളി കമ്മിറ്റിയും പള്ളിയും അവരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾ നോക്കുന്നു. ഒരു മുസ്ലീം ദേവാലയത്തിലെ ഖത്തീഫ് ആ സമൂഹത്തിലെ ഏറ്റവും മാന്യനായ വ്യക്തിയാണ്, അദ്ദേഹത്തെ ആളുകൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ നമ്മുടെ ക്ഷേത്രത്തിലെ പൂജാരിമാർ ഇപ്പോഴും ലാസ്റ്റ് ഗ്രേഡിലാണ് കിടക്കുന്നത്. അവർക്ക് ഒരംഗീകാരം കൊടുത്ത് ലാസ്റ്റ് ഗ്രേഡിൽ നിന്നും മാറ്റി വൈദികരെയും ഖത്തീഫുമാരെയും പോലെ ബഹുമാന്യരാണെന്ന് വരുത്തിത്തീർക്കാനുള്ള ചുമതല ഈ ബിൽ വരുമ്പോൾ ഗവൺമെന്റിന് ഇല്ലേ, അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, അങ്ങയുടെ അഭിപ്രായം വളരെ ഗൗരവത്തിൽ പരിഗണിക്കപ്പെടേണ്ട ഒന്നാണ്. പൂജാരിമാരുടെ ഗ്രേഡ് ഉയർത്തേണ്ടതു തന്നെയാണ്. ഞാൻ പറഞ്ഞത്, ക്ഷേത്രങ്ങളിലെ പണം മുഴുവൻ സർക്കാർ തട്ടിയെടുക്കുകയാണെന്ന വ്യാപകമായ പ്രചരണമുണ്ട്. ആദ്യമായി ഞാൻ എം.എൽ.എ. ആയപ്പോൾ കുറെ ആളുകൾ ചേർന്ന് എനിക്കൊരു സ്വീകരണം തന്നു. ആ സ്വീകരണത്തിൽ ഒരു ജാതി സംഘടനയുടെ ആൾ എഴുന്നേറ്റുനിന്ന് ചോദിച്ചത് താങ്കളെങ്കിലും താങ്കളുടെ സ്ഥാനം ഉപയോഗപ്പെടുത്തി വിശ്വാസികൾക്ക് അമ്പലങ്ങൾ തിരിച്ച് തരുമോ, വിശ്വാസികളുടെ പണം ഗവൺമെന്റ് തട്ടിയെടുക്കുന്ന പരിപാടി നിർത്തലാക്കുമോ എന്നാണ്. അമ്പലങ്ങളിലെ പണം മുഴുവൻ ഗവൺമെന്റ് കൊണ്ടു പോയി നാട്ടിലെ എല്ലാവരുടെയും ആവശ്യത്തിനായി ചെലവഴിക്കുകയാണെന്ന ശുദ്ധമൂഢമായ വിശ്വാസമാണ് ജനങ്ങൾക്ക്. കഴിഞ്ഞ പ്രാവശ്യം ചർച്ചയിൽ പങ്കെടുത്തപ്പോഴും ഞാൻ പറഞ്ഞത് അമ്പലങ്ങളുടെ ഒരു നയാപൈസപോലും ഗവൺമെന്റ് എടുക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിയോ ഉത്തരവാദപ്പെട്ടവരോ പരസ്യമായൊരു പ്രസ്താവന ഇറക്കണമെന്നാണ്. പകരം അങ്ങോട്ട് പണം കൊടുക്കുകയാണ് ചെയ്യുന്നത്. വളരെ വരുമാനമുള്ള ക്ഷേത്രമായ ശബരിമല ക്ഷേത്രത്തിന് ഈ വർഷം എത്ര പണം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയുമെന്ന് ഞാൻ കരുതുകയാണ്. കോടിക്കണക്കിന് രൂപ അങ്ങോട്ടാണ് കൊടുക്കുന്നത്. പക്ഷേ പ്രചരണം നടക്കുന്നത് ഉത്തരത്തിലാണ്. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ വ്യക്തമായ നിലപാട് സ്വീകരിക്കാനാകണം. വിശ്വാസികൾക്ക് അമ്പലം ഏൽപ്പിക്കണം എന്നൊരു ചർച്ചയും നടക്കുന്നുണ്ട്.

ശ്രീ. വി. ശിവൻകുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ ഓരോ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളവും അത് വിശ്വാസികളെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടക്കുന്ന തർക്കത്തെ സംബന്ധിച്ചുമാണ് പറയുന്നത്. എല്ലാ ക്ഷേത്രങ്ങളിലും ക്ഷേത്ര ഉപദേശക സമിതികളുണ്ട്. ആ ക്ഷേത്ര ഉപദേശക സമിതികളെ എടുക്കുന്നതിനുവേണ്ടി വ്യക്തമായ മാനദണ്ഡം തിരുവിതാംകൂർ ദേവസ്വം ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷേത്രത്തിന്റെ

1267/18

ഉപദേശക സമിതിയുടെ സെക്രട്ടറിയേയും പ്രസിഡന്റിനെയും തെരഞ്ഞെടുക്കുന്നത്. എന്നാൽ ആ മാനദണ്ഡങ്ങളാകെ മറികടന്നുകൊണ്ട് ആർ.എസ്.എസ്.-കാർ, അവരുടെ മുഷ്ടിയും ബലവും ഉപയോഗിച്ചുകൊണ്ട് സാധാരണ അവിടെ വരുന്ന ഭക്തന്മാരെ മാറ്റിനിർത്തി പല സ്ഥലങ്ങളിൽ നിന്നും ആ പ്രദേശത്തുപോലും അല്ലാത്ത ആളുകളെ ക്ഷേത്ര ഉപദേശക സമിതിയുടെ പ്രസിഡന്റായും സെക്രട്ടറിയായും തെരഞ്ഞെടുക്കുകയും, ഇത് അംഗീകരിക്കേണ്ട അസിസ്റ്റന്റ് കമ്മീഷണറെക്കൊണ്ട് ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ ഇതിൽ ഒപ്പിട്ടുവിച്ചശേഷം ദേവസ്വം ബോർഡിലേയ്ക്ക് അയച്ച് അംഗീകാരം വാങ്ങുകയും ചെയ്യും. പിറ്റേദിവസം മുതൽ ആർ.എസ്.എസ്.-ന്റെ ശാഖയുടെ പ്രവർത്തനവും അതിന് ചുറ്റും കൊടിതോരണങ്ങളും കെട്ടുന്ന ഏറ്റവും പ്രധാനപ്പെട്ട ആൾക്കാരായി അവർ മാറിക്കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവവും അപകടമുള്ളതുമായ വിഷയമാണ്. എന്റെ മണ്ഡലത്തിലെ തിരുവനന്തപുരം പൂജപ്പുരയിലെ ചെങ്കള്ളൂർ ക്ഷേത്രം വളരെ പ്രധാനപ്പെട്ടൊരു ക്ഷേത്രമാണ്. ആ ക്ഷേത്രത്തിൽ നടന്ന കാര്യത്തെ സംബന്ധിച്ച് ഞാൻ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന് ഒരു പെറ്റീഷൻ കൊടുത്തിട്ടുണ്ട്. അദ്ദേഹം എന്ത് നടപടി സ്വീകരിച്ചു എന്നതിനെ സംബന്ധിച്ച് എനിക്ക് അറിയില്ല. ഇത് അങ്ങയുടെ ശ്രദ്ധയിലും പെടുകാണണമെന്ന് വിശ്വസിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല ഞാൻ ഇങ്ങനെ ഒരു വിഷയത്തിൽ ഇടപെട്ടതുമാണ്. ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് വളരെ ശരിയാണ്. വരുമാനമൊന്നുമില്ലാതെ തകർന്നുകിടക്കുന്ന അവസ്ഥയിലുള്ള പല ക്ഷേത്രങ്ങളും നാട്ടുകാർ ഏറ്റെടുത്ത് കമ്മിറ്റിയൊക്കെ ഉണ്ടാക്കി നല്ല വരുമാനമുള്ള ഒരവസ്ഥയിലേയ്ക്ക് എത്തിക്കുമ്പോൾ ഇതുപോലുള്ള ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥരുടെ ഇടപെടൽ പലപ്പോഴും ഉണ്ടാകുന്നുണ്ട്. എന്നിട്ട് ആ സമിതിയെ മാറ്റി ഇതുപോലെ ആർ.എസ്.എസുമായി ബന്ധപ്പെട്ട ആളുകളെ വിളിച്ചുകൂട്ടി അവരുടെ കമ്മിറ്റി ഉണ്ടാക്കി ഉപദേശക സമിതികളെ മാറ്റുന്ന ഒരു സ്ഥിതി നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ കാര്യം വരണം. യഥാർത്ഥത്തിൽ വിശ്വാസികളുടെ കൈകളിലേയ്ക്ക് ക്ഷേത്രങ്ങളെ തിരിച്ച് ഏൽപ്പിക്കുക എന്നുപറയുന്ന പ്രചരണത്തിന്റെ യാഥാർത്ഥ്യം എന്താണ് ; ആ യാഥാർത്ഥ്യവും നമുക്ക് പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഈ സ്വകാര്യ ക്ഷേത്രങ്ങളൊക്കെ ആരുടെ കയ്യിലാണോ നേരത്തെ ഉള്ളത് അവരുടെ കയ്യിൽ തന്നെയാണ് ഇപ്പോഴും. അതൊന്നും ആരും പിടിച്ചെടുത്തിട്ടില്ല. പണ്ട് രാജാക്കൻമാരുടെ കൈവശമുണ്ടായിരുന്ന, രാജഭരണത്തിൻ കീഴിൽ ഉണ്ടായിരുന്ന ക്ഷേത്രങ്ങൾ, രാജഭരണം

LIBRARY ARCHIVES Kerala Legislative Assembly

പോയി ജനാധിപത്യം വന്നപ്പോൾ സ്വാഭാവികമായും അത് ഗവൺമെന്റിന്റെ കയ്യിലേയ്ക്കുവരും. അങ്ങനെ വന്നുവെന്നേയുള്ളൂ. ആ ഗവൺമെന്റാകട്ടെ നേരിട്ട് ഭരിക്കാൻ തയ്യാറാകാതെ ഇക്കാര്യങ്ങളിലൊക്കെ വിശ്വാസമുള്ള മാന്യന്മാരായ ആളുകളെവച്ചുകൊണ്ട് ദേവസ്വം ബോർഡുകൾ ഉണ്ടാക്കുകയും ഭരണം പൂർണ്ണമായും അവരെ ഏൽപ്പിക്കുകയുമാണ് ചെയ്തത്. ഇക്കാര്യം ആളുകളെ ബോധ്യപ്പെടുത്താൻ വേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നിട്ടില്ലെങ്കിൽ, വർഗ്ഗീയ ശക്തികളും ജാതിശക്തികളും ഇതുപറഞ്ഞുകൊണ്ട് തടിച്ചുകൊഴുക്കാൻവേണ്ടി ശ്രമിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം സംസാരിച്ചപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഇതിനെ സംബന്ധിച്ച് കൃത്യമായി ഒരു പ്രസ്താവനയിറക്കി സംശയങ്ങൾ തീർക്കണമെന്ന് പറഞ്ഞിരുന്നു. ഇതിനു പുറമെ അമ്പലങ്ങളുടെ നടത്തിപ്പുകളിൽ ആളുകൾക്ക് അവിശ്വാസം ഉണ്ടാകുന്നതിന് പ്രധാനപ്പെട്ട കാരണങ്ങൾ ഈ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അഴിമതികളാണ്. അഴിമതികളുടെ എത്രയെത്ര വാർത്തയാണ് പുറത്തുവരുന്നത്. തിരുവിതാംകൂർ ദേവസ്വത്തിന് കീഴിലുള്ള മലയാലപ്പുഴ ദേവീക്ഷേത്രത്തിൽ നടത്തിയ ശതകോടി അർച്ചനയുടെ പേരിൽ അടിച്ചുമാറ്റിയത് കോടിക്കണക്കിന് രൂപയാണെന്നാണ് ഒരു മാസം മുൻപ് മംഗളം പത്രത്തിൽ വന്ന ഒരു വാർത്ത. അതിന്റെ പേരിൽ കൂപ്പൺ വച്ച് പിരിച്ചിട്ടും ഒരു കണക്കുംദേവസ്വം ബോർഡിന്റെ കയ്യിലില്ല. ബന്ധപ്പെട്ട അമ്പലത്തിന്റെ കണക്കും ഇല്ല. ഇത് പത്രത്തിൽ ,വന്ന വാർത്തയാണ്. എനിക്ക് അതിന്റെ യാഥാർത്ഥ്യമൊന്നും അറിയില്ല. പക്ഷെ അത് ആരും നിഷേധിച്ചിട്ടില്ല. 'ദേവപ്രശ്നം മറയാക്കി ദേവസ്വം ബോർഡ് 32 കോടി രൂപയുടെ സ്വർണ്ണം ധൂർത്തടിക്കുന്നു' എന്നതും നാലുമാസം മുമ്പ് മംഗളം പത്രത്തിൽത്തന്നെ വന്ന വാർത്തയാണ്. ശബരിമല ക്ഷേത്രത്തിൽ കൊടിമരത്തിനു താഴെ ഒരു സ്വർണ്ണപറ ഉണ്ടാക്കിവയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നു. അത് വിവാദമായി. തന്ത്രി അറിഞ്ഞിട്ടില്ലായെന്ന പ്രശ്നം വന്നു. അപ്പോൾ ആരാണ് നടത്തുന്നത് ? ഇത്തരം വാർത്തകൾ പുറത്തുവരുമ്പോൾ ആളുകൾക്ക് ക്ഷേത്ര നടത്തിപ്പിലെ വിശ്വാസങ്ങൾ ഇല്ലാതാകുകയാണ്.

1.00 PM]

അതുപോലെ ദേവപ്രശ്നവും പണിക്കരുടെ കവിടി നിരത്തലുമൊക്കെ തട്ടിപ്പാണ്. ഇതൊന്നും ഒരു വസ്തുതയുമില്ലാത്ത കാര്യങ്ങളാണ്. പമ്പയിൽനിന്നും ഭക്തന്മാർ റോപ് വേവഴി സന്നിധാനത്തിലേയ്ക്ക് വരുന്നതാണ് അയ്യപ്പനിഷ്ടമെന്നും തമിഴ്നാട്ടിലെ ചിന്നപ്പ ചെട്ടിയാർക്ക് കോൺട്രാക്ട് കൊടുക്കുന്നതാണ് അയ്യപ്പന് കൂടുതലിഷ്ടമെന്നുമൊക്കെ പരപ്പനങ്ങാടിയിൽ ഏതോ ഒരു പണിക്കർ ദേവപ്രശ്നംവച്ച് പറഞ്ഞില്ലേ. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ആ കാര്യവും പൊളിഞ്ഞില്ലേ. ഒരു സിനിമാനടി അയ്യപ്പ വിഗ്രഹത്തിൽ തൊട്ടുവെന്ന് പറഞ്ഞു. എങ്ങനെ ശ്രമിച്ചാലും ശബരിമല ക്ഷേത്രത്തിലെ അയ്യപ്പ വിഗ്രഹത്തിൽ തൊടാൻ പറ്റില്ലെന്നാണ് അവിടെ പോയിട്ടുള്ളവർ പറയുന്നത്. ഇതൊക്കെ അഴിമതിക്കുവേണ്ടി പലതരം താല്പര്യങ്ങളുടെ ഫലമായി നടക്കുന്നതാണ്. ശതകോടി അർച്ചന നടത്തണമെന്ന് ഈശ്വരൻ പറഞ്ഞു. അപ്പോൾ ശതകോടി അർച്ചനയ്ക്കുള്ള കാര്യങ്ങളായി. അതിനൊന്നും ഒരു കണക്കും സൂക്ഷിച്ചില്ലെങ്കിലും ആരും ചോദിക്കാനില്ലെന്ന സ്ഥിതിവരുന്നു. 'ശാസ്താംകോട്ട ക്ഷേത്രത്തിൽ പുതിയതായി പണിത സ്വർണ്ണ കൊടിമരം കറുക്കുന്നു' എന്ന് മാർച്ച് മാസത്തിലെ പത്രത്തിൽ വാർത്ത വന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം നോട്ട് ചെയ്ത് അതുസംബന്ധിച്ച് ഒരന്വേഷണം നടത്തണം. സ്വർണ്ണ കൊടിമരം സ്ഥാപിച്ച് രണ്ടുമാസം കഴിഞ്ഞപ്പോൾ കൊടിമരം കറുക്കാൻ തുടങ്ങി. കാരണം അതിൽ സ്വർണ്ണം വേണ്ടേ ? സ്വർണ്ണം ശുദ്ധീകരിക്കാൻ വേണ്ടി കൊടുത്ത സ്ഥാപനം കബളിപ്പിച്ചുവെന്നൊക്കെയാണ് ഇപ്പോൾ പത്രവാർത്തയിൽ വരുന്നത്. ഇത്തരത്തിലുള്ള അഴിമതി വാർത്തകളെല്ലാം വരുമ്പോൾ വിശ്വാസം നഷ്ടപ്പെടുകയാണ്. ശബരിമലയുടെ കാര്യത്തിൽ ഒന്നുകൂടി ശ്രദ്ധിക്കണം. കാരണം അത് സമൂഹത്തെ മുഴുവൻ ബാധിക്കുന്നതാണ്.

പമ്പയെ സംബന്ധിച്ചും വാർത്തകൾ വന്നിട്ടുണ്ട്. MPN (Maximum Probable Number) എന്നുപറയുന്ന കോളിഫോമിന്റെ അളവ് പതിനായിരക്കണക്കിന് ഇരട്ടി പമ്പയിലെ വെള്ളത്തിൽ വന്നിരിക്കുന്നുവെന്നാണ് ശാസ്ത്രീയമായ തെളിവുകൾ പറയുന്നത്. ഒരു ലക്ഷത്തി അറുപതിനായിരം MPN വരെ ഒരു ഘട്ടത്തിലെത്തി. അതുകഴിഞ്ഞ് കൊച്ചുപമ്പയിൽ പത്ത് ലക്ഷത്തി നാല്പതിനായിരം MPN വരെ എത്തി. ഇത് എവിടേയ്ക്കാണ് പോകുന്നത്. ഈ വെള്ളത്തിലാണ് മുങ്ങിക്കുളിക്കുന്നത്. അതിൽ മുങ്ങിക്കുളിച്ചുപോയി തൊഴുതാൽ അനുഗ്രഹമല്ല, രോഗങ്ങളാണ് കിട്ടുന്നത്. ഇത്രയും വരുമാനമുള്ള, ഇത്രയുമധികം വിശ്വാസികൾ വരുന്ന ഒരു പ്രധാനപ്പെട്ട ക്ഷേത്രത്തിന്റെ പരിസരത്ത് മലിനീകരണമില്ലാതാക്കാൻ ഒരു സംവിധാനവും ഇത്രയും കാലത്തിനുള്ളിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. 'പമ്പ ആക്ഷൻ പ്ലാൻ' പരിപാടിക്കുവേണ്ടി ചെലവഴിച്ച കോടിക്കണക്കിന് രൂപയെല്ലാം വെള്ളത്തിലായി എന്നല്ലേ. ഈ സീസണിലെ കണക്കാണ് ഞാൻ പറഞ്ഞത്. മനുഷ്യവിസർജ്ജ്യം കലങ്ങിയ വെള്ളത്തിലാണ് പത്തുലക്ഷത്തി നാല്പതിനായിരം MPN വരെ എത്തിയെന്നു പറഞ്ഞാൽ ആ വെള്ളത്തിൽ തൊട്ടാൽമതി അസുഖം ഉറപ്പാണ്. അനുഗ്രഹമെല്ലാം വാങ്ങി വീട്ടിലെത്തിയാലും അസുഖം വരുമെന്നുള്ളത് ഉറപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു : സർ, ഹിന്ദു മതവിശ്വാസി എന്നുപറഞ്ഞാൽ ദൈവവിശ്വാസിയായിരിക്കണം എന്നാണോ ; ക്ഷേത്ര ആചാരത്തിൽ വിശ്വാസമുള്ളയാൾ മാത്രമേ ഹിന്ദു ആവുകയുള്ളോ ; ഒരു ഹിന്ദുവെന്ന് പറഞ്ഞാൽ ക്ഷേത്രവിശ്വാസിയും ക്ഷേത്ര ആചാരങ്ങളിൽ വിശ്വാസമുള്ളവരും ദൈവത്തിൽ വിശ്വാസമുള്ളവരുമാണെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, വളരെയധികം സമയമെടുത്ത് വിശദീകരിക്കേണ്ട കാര്യമാണിത്. ഹിന്ദുവിന് വളരെ വിശാലമായ അർത്ഥങ്ങളുണ്ട്. ദൈവവിശ്വാസമില്ലാത്ത പാർവാകനും ഹിന്ദുമതത്തിൽപ്പെട്ട ആളാണ്. അതിന്റെ അർത്ഥമൊക്കെ വിശദീകരിക്കാൻ ധാരാളം സമയം ചെലവഴിക്കേണ്ടിവരും. അതുപോലെ ഗുരുവായൂരിലെ ക്യൂ കോംപ്ലക്സിന്റെ കാര്യം ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ ഉന്നയിച്ചതാണ്. ക്യൂ കോംപ്ലക്സ് പണിയുന്നതിൽ ആർക്കും വിരോധമില്ല. എല്ലാവർക്കും യോജിപ്പാണ്. പക്ഷേ അത് പണിയുന്നതുകൊണ്ട് വലിയ നിക്ഷേപങ്ങളും കെട്ടിടങ്ങളുമൊക്കെ നഷ്ടപ്പെടുന്ന ആളുകൾക്ക് പറയാനുള്ളതുംകൂടി കേൾക്കാൻവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാൻ എന്താണ് വിരോധം ? അതൊരു ജനാധിപത്യ രീതിയല്ലേ ? ഈ പ്രതിഷേധമെല്ലാം ശക്തിപ്പെട്ടിട്ടും അവർക്ക് പറയാനുള്ളത് കേൾക്കാനോ അവർ പറയുന്ന ബദൽ സംവിധാനത്തെക്കുറിച്ച് അന്വേഷിക്കാനോ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാനോ പോലും ഇത്രയും കാലമായിട്ടും തയ്യാറാകുന്നില്ല. ഇക്കാര്യങ്ങളിലൊക്കെ വലിയ ശ്രദ്ധയുണ്ടാകണം.

ശ്രീ. പി. സി. ജോർജ് : സർ, ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് പറഞ്ഞുകൊണ്ടാണ് ഞാൻ പറയുന്നത്. നൂറ്റാണ്ടുകളായിട്ടുള്ളതാണ് മകര വിളക്കും മകര ജ്യോതിയും. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് 1935 വരെ ആദിവാസികൾ കൊളുത്തിയിരുന്നതാണ് മകരവിളക്ക്. നട്ടുച്ച നേരത്ത് നക്ഷത്രം തെളിയുന്നതാണ് മകരജ്യോതി. മകരജ്യോതിയും മകരവിളക്കും രണ്ടായി തെറ്റിദ്ധരിച്ചാണ് ജനങ്ങൾ സംസാരിക്കാറുള്ളത്. 1935 വരെ പാവപ്പെട്ട ആദിവാസികളാണ് മകരവിളക്ക് തെളിച്ചുകൊണ്ടിരുന്നത്. ഇലക്ട്രിസിറ്റി ബോർഡിന്റെ സഹായവുമുണ്ടായിരുന്നു. 1935-ൽ പാവപ്പെട്ട ആദിവാസികളെ തല്ലിയോടിച്ചിട്ട് ഇലക്ട്രിസിറ്റി ബോർഡ് മകരവിളക്കിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുകയാണ്. പാവപ്പെട്ട ആദിവാസികൾക്ക് മകരവിളക്ക് തെളിയിക്കാനുള്ള അവകാശം വേണമെന്ന് വർഷങ്ങളായി അവർ ആവശ്യപ്പെടുകയാണ്. അവർക്ക് ആ അവകാശം കൊടുക്കുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, എനിക്ക് അതിന്റെ വിശദാംശങ്ങൾ അറിയില്ല. ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഇപ്പോഴത്തെ അവസ്ഥയൊക്കെ വിശദീകരിച്ച് പറയുമെന്ന് ഞാൻ കരുതുകയാണ്. ആദിവാസിയാണോ ഇലക്ട്രിസിറ്റി ബോർഡാണോ കത്തിക്കുന്നത് എന്നുള്ളതിന്റെ വിശദാംശം അറിയാത്തതുകൊണ്ട് എനിക്ക് പറയാൻ കഴിയില്ല. ആദിവാസികളാണ് കത്തിച്ചിരുന്നതെങ്കിൽ അവർക്ക് ആ അവകാശം കൊടുക്കണം. അവർ ചെയ്തുകൊണ്ടിരുന്ന ഒരു ആചാരത്തെ തടയേണ്ട കാര്യമില്ല. അത് ഉത്തരവാദപ്പെട്ടവർ ആലോചിച്ച് പറയട്ടെ.

അഴിമതി പല രൂപത്തിൽ വരും. ശബരിമല ക്ഷേത്രത്തെക്കുറിച്ച് രസകരമായ ഒരു വാർത്ത അടുത്ത ദിവസം വന്നു - ശബരിമലയിൽ നോട്ട് എണ്ണാൻ യന്ത്രമനുഷ്യനെ കൊണ്ടുവരാൻ പോവുകയാണെന്ന്. യന്ത്രമനുഷ്യന് നിൽക്കാനേ അറിയൂ, കക്കാൻ അറിയില്ല. കാരണം ഇത് മറ്റാരെയും ഏല്പിക്കാൻ കഴിയില്ലെന്ന സ്ഥിതി വരികയാണ്. പണം കുന്നുകൂടുന്ന സ്ഥലങ്ങളിലൊക്കെ അത് കൈകാര്യം ചെയ്യുന്നതിന് ഒരു സംവിധാനവും ഉണ്ടായില്ലെങ്കിൽ അത് വലിയ പ്രയാസമുണ്ടാക്കുകയാണ്. ഏറ്റവും കൂടുതൽ രോഗങ്ങൾ നിറഞ്ഞിരിക്കുന്ന ഈ കാലത്ത് എല്ലാവർക്കും ഗുണകരമാകുന്ന വിധത്തിൽ ഈ പണമൊക്കെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ദേവസ്വം വകുപ്പിന്റെ മന്ത്രി ആരോഗ്യ വകുപ്പിന്റെയുംകൂടി മന്ത്രിയാണ്. വലിയ തോതിൽ അഴിമതിയുടെ വാർത്തകൾ ഈ രംഗത്ത് വരികയാണ്. ആ അഴിമതിയുടെ വാർത്തകൾ സ്വാഭാവികമാണ്. കാരണം ഒരു പുതിയ കാലഘട്ടത്തിലാണ് നമ്മളിപ്പോൾ ജീവിക്കുന്നത്. അവസരം കിട്ടിയാൽ ഒരു മറയുമില്ലാതെ എല്ലാവരും അഴിമതി നടത്തുന്ന ഒരു പ്രത്യേക കാലഘട്ടമാണിത്. അഴിമതി കഥകളില്ലാത്ത ഒരു മേഖലയുമില്ല. കേന്ദ്രസർക്കാരിന്റെ അഴിമതിയെ ശക്തിയായി എതിർത്ത് അധികാരത്തിൽ വന്ന ബി.ജെ.പി. ഗവൺമെന്റ് ഒരു കൊല്ലം പൂർത്തീകരിക്കുമ്പോഴേയ്ക്കും അഴിമതിയുടെ നൂറായിരം കഥകളാണ് പുറത്തുവരുന്നത്. എണ്ണിയാലൊടുങ്ങാത്ത കഥകൾ വരികയാണ്. കേരളത്തിൽ അഴിമതി പരിചിതമായ വാക്കായി മാറി. അതിൽ പുതുമ ഇല്ലാതെയായി. എല്ലാ മേഖലയിലും കൊടുംപിരികൊണ്ട് അഴിമതി നടക്കുകയാണ്. അഴിമതിക്കെതിരായിട്ടുള്ള ഒരു വലിയ മൂവ്മെന്റാണ് കേരളത്തിൽ വരേണ്ടത്. രാഷ്ട്രീയം, ഭരണം, അധികാരം എന്നൊക്കെപ്പറഞ്ഞാൽ അഴിമതിയാണെന്ന രീതിയിൽ പ്രചരണം നടക്കുകയാണ്. അതിനെതിരായി ശക്തമായ ഒരു നീക്കവും പാർട്ടികൾക്കുള്ളിൽപ്പോലും വരുന്നില്ല. എത്രയെത്ര അഴിമതികളാണ് നടക്കുന്നത്. പാമോലിൻ, ടൈറ്റാനിയം, കരിമണൽ, കടകംപള്ളി, ആറന്മുള, റോഡ്, തോട്, ഭൂമി കയ്യേറ്റം, ഐ.ജി.- കോപ്പിയടി, ടി.ഒ. സൂരജ്, പ്ലസ് ടു, ബാർക്കോഴ, മാണിക്കോഴ, ബാബുക്കോഴ, സോളാർക്കോഴ എന്നിങ്ങനെ എത്രപറഞ്ഞാലും തീരാത്ത അഴിമതി കഥകളാണ് നാട്ടിൽ മുഴുവൻ നടക്കുന്നത്. പാഠപുസ്തകം പ്രിന്റ് ചെയ്യുന്ന കാര്യത്തിൽപ്പോലും അഴിമതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പാഠപുസ്തകം മുഴുവനും ഇപ്പോഴും പ്രിന്റുചെയ്ത് എല്ലാ കുട്ടികളുടെയും കയ്യിൽ കിട്ടിയിട്ടില്ല. അത് വൈകുന്നതിനിടയാക്കിയ കാരണംപോലും അഴിമതിക്കു വേണ്ടിയുള്ള ശ്രമങ്ങളായിരുന്നുവെന്നത് നാട്ടിൽ പാട്ടാണ്. മാവേലി നേരത്തെ വരുന്നതുകൊണ്ടാണ് പ്രശ്നമുണ്ടായതെന്ന് പറഞ്ഞ മന്ത്രി മറ്റൊരുഘട്ടത്തിൽ പറഞ്ഞത് കുട്ടികൾ പുസ്തകമൊക്കെ മറന്നേയ്ക്കൂ, ടാബ്‌ലറ്റിലേയ്ക്ക് മാറണം എന്നാണ്. പല സ്കൂളുകളിലെ കുട്ടികളും അതിനുപകരം പറയാൻ തുടങ്ങി. മന്ത്രി കൃത്യസമയത്ത് ടാബ്‌ലറ്റ് കഴിക്കണമെന്ന് എഴുതിവയ്ക്കുകയും ചെയ്തു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഓണപ്പരീക്ഷയെ സംബന്ധിച്ച് സോഷ്യൽ മീഡിയയിലും പ്രതിപക്ഷ നേതാക്കന്മാർ സഭയിലും ആവർത്തിച്ച് പറയുകയുണ്ടായി. ഓണപ്പരീക്ഷ ഓണത്തിനുമുമ്പ് നടത്താൻ കഴിയാത്ത ഒരു മന്ത്രി എന്ന നിലയിലുള്ള ആക്ഷേപങ്ങളൊക്കെ മന്ത്രിക്ക് നേരെ ചൊരിയുന്നതുകണ്ടു. ഓണപ്പരീക്ഷ ഓണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ആചാരമാണെന്ന് അങ്ങ് കരുതുന്നുണ്ടോ ? ഇത് First Terminal Examination-ആണ്. അതിന് ഇത്ര സാധ്യായ പ്രവൃത്തി ദിവസങ്ങൾ കഴിഞ്ഞതിനുശേഷം മാത്രമേ ആ പരീക്ഷ നടത്താൻ കഴിയുകയുള്ളൂ. Second Terminal Examination-നും Third Terminal Examination-നും ഇത്ര സാധ്യായ ദിവസങ്ങൾ വേണമെന്നുണ്ട്. ഓണം ആഗസ്റ്റ് മാസത്തിൽ വന്നതുകൊണ്ട് ഓണപ്പരീക്ഷ ഉത്രാടത്തിന് മുമ്പ് നടത്താൻ, ആറന്മുള ഉതൃട്ടാതി ജലോത്സവം പോലെ ഇതൊരു ആചാരമൊന്നുമല്ല. ഓണപ്പരീക്ഷ ഓണത്തിനുമുമ്പ് നടത്തിയില്ലായെന്ന് അങ്ങയെപ്പോലെ കാര്യങ്ങൾ അറിയാവുന്ന ഒരു സാമാജികൻ പറയുന്നത് ശരിയാണോ ; ഇനിയെങ്കിലും അത് തിരുത്തണ്ടേ ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഓണപ്പരീക്ഷയെന്ന് അങ്ങാണ് ഇപ്പോൾ പറഞ്ഞത്. വേറെ ആരും പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. ഇവിടെ രണ്ടുപ്രാവശ്യം പറയുന്നതാണ് ഞാൻ കേട്ടത്. ഒന്ന്, മാവേലി നേരത്തെ വന്നതുകൊണ്ടാണ് പ്രശ്നമായതെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന കണ്ടു. രണ്ടാമത് ഇപ്പോൾ അങ്ങാണ് അതേക്കുറിച്ച് പറഞ്ഞത്. വേറെ ആരും ഓണപ്പരീക്ഷയെന്ന് പറയുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, അങ്ങയുടെ പ്രതിപക്ഷ നേതാവ് ഈ സഭയിൽ പ്രസംഗിച്ചിട്ടുണ്ട്. രേഖ പരിശോധിച്ചാൽ അറിയാൻ കഴിയും.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, അരക്കൊല്ല പരീക്ഷ എന്നാണ് ഞങ്ങളൊക്കെ അതിനെ പറയാറുള്ളത്. കുട്ടിക്കാലത്തും പറയാറുള്ളത് അങ്ങനെയാണ്. ഇപ്പോഴും നാട്ടിൻപുറത്തൊക്കെ പറയുന്നത് അങ്ങനെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ആർ. രാജേഷ്</u> : സർ, യഥാർത്ഥത്തിൽ വസ്തുതാ വിരുദ്ധമായ കാര്യമാണ് പറഞ്ഞത്. ഓണം നേരത്തെ വന്നോ താമസിച്ച് വന്നോ എന്നതല്ല പ്രശ്നം. മൂന്നുമാസം കഴിയുമ്പോൾ നടത്തുന്ന പരീക്ഷയ്ക്കുള്ള പാഠപുസ്തകങ്ങൾ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് പ്രശ്നം. ആ പാഠപുസ്തകംവച്ച് പഠിച്ചാൽ മാത്രമേ പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ. ആ പാഠപുസ്തകംവച്ച് പഠിച്ച് ഏത് മാസമാണ് പരീക്ഷ എഴുതുക ? അതാണ് പ്രശ്നം. മൂന്നുമാസം കഴിയുമ്പോൾ നടത്തേണ്ട പരീക്ഷയ്ക്കാവശ്യമായ പാഠപുസ്തകം കൊടുത്ത് അത് പഠിച്ചാൽ മാത്രമേ കുട്ടികൾക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ. പുസ്തകം ലഭിച്ച്, അത് പഠിച്ച് പരീക്ഷ എഴുതുമ്പോൾ ക്രിസ്തുമസ് ആകുന്ന സ്ഥിതിയിലേയ്ക്കുമാറും. അതാണ് ശ്രീ. ബാബു എം. പാലിശ്ശേരി ചൂണ്ടിക്കാണിച്ചത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, അതുമാത്രമല്ല, ഈ സർക്കാർ വന്നതിനുശേഷം കൺസ്യൂമർഫെഡിൽ 350 കോടി രൂപയുടെ അഴിമതിനടന്നു എന്ന് എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീ. പി. ആർ. പ്രതാപചന്ദ്രൻ വിജിലൻസിന് മൊഴികൊടുത്തിരിക്കുകയാണ്. അദ്ദേഹം രാജിവച്ചയുടനെ അഴിമതി നടത്തിയെന്നു പറയുന്ന ആളെ സഹകരണ അക്കാദമിയുടെ ഭാരവാഹിയായി നിയമിച്ചാൽ എന്താണതിന്റെ അർത്ഥം. അത്തരത്തിൽ ഒരു കേസല്ല സോളാർ എന്ന് പറയുന്നത്. എല്ലാ മേഖലകളിലും അഴിമതിയാണ്. തെക്കോട്ടു തിരിഞ്ഞാലും വടക്കോട്ടു തിരിഞ്ഞാലും എവിടെ നോക്കിയാലും അഴിമതി നടക്കുന്ന സാഹചര്യത്തിൽ, ദേവസ്വങ്ങളുടെ ഭരണത്തിലുമൊക്കെ അഴിമതി നിറഞ്ഞു നിറയുന്ന ഒരു കാലഘട്ടത്തിലാണ് ഉത്തരത്തിലുള്ള സാമൂഹ്യബോധം പുലർത്താത്ത ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ ബില്ലിൽ പറയുന്നത് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ് എന്നാണ്. എന്താണ് അതിന്റെ കാര്യമെന്ന് മനസ്സിലായില്ല. അങ്ങനെ സ്ഥാനം വഹിച്ചൊരാൾ മാത്രമേ റിക്രൂട്ടിംഗ് ബോർഡിന്റെ ചെയർപേഴ്സൺ ആകാവൂ എന്നുപറഞ്ഞാൽ എന്താണ് മനസ്സിലാക്കേണ്ടത് ? സെക്രട്ടറിയായി ഒരു ഗവൺമെന്റ് സർവ്വന്റ് വരണമെന്ന് പറഞ്ഞാൽ അത് മനസ്സിലാക്കാം. അതുപോലെ അംഗത്വത്തിനുള്ള യോഗ്യതകളിൽ മദ്യത്തിന്റെ ഉത്പാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപെട്ടിട്ടുള്ളതോ ആയ ആളോ, വെള്ളാപ്പള്ളിയെയാണോ ഉദ്ദേശിക്കുന്നതെന്ന് എനിക്കറിയില്ല. അദ്ദേഹം ഇതിൽ വരാതിരിക്കാൻ വേണ്ടിയാണോയെന്നുമറിയില്ല. എന്താണിതിന്റെ അർത്ഥമെന്നും മനസ്സിലായില്ല, ഒരു കമ്പനിയിൽ ജോലി ചെയ്യുന്ന ഒരാളാണ്, അദ്ദേഹം ഒരു വിശ്വാസിയാണ്, അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ആളാണ്, അദ്ദേഹത്തിന് മദ്യമുണ്ടാക്കുന്ന കമ്പനിയുണ്ടായിരിക്കാം, അല്ലെങ്കിൽ വേറെയെന്തെങ്കിലുമായിരിക്കാം. വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയ വ്യക്തി എന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്ന് മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഹംസ : സർ, ഇപ്പോഴുള്ള 4735 ദേവസ്വം ബോർഡ് ജീവനക്കാരിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 85 പേർ മാത്രമേയുള്ളൂ. 1.5 ശതമാനം മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാരുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുപോലും റിസർവ്വേഷൻ വേണ്ടരൂപത്തിൽ കൊടുക്കാതെയാണ് ഈ ബിൽ വന്നിട്ടുള്ളതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഏറ്റവും ആദ്യം പറഞ്ഞ കാര്യം അതാണ്. ഈ കണക്ക് വച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരുണ്ട്. അതിൽ 85 പേർ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിലുള്ളവർ. എന്നുവച്ചാൽ 1.5 ശതമാനം. കൊച്ചിൻ ദേവസ്വം ബോർഡിലുള്ള 1434 ജീവനക്കാരിൽ 73 പേർ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നത്. അവർക്ക് ഒരു സംവരണം കൊടുക്കണമെന്ന് ഈ ബില്ലിൽ ഇപ്പോഴും പറയുന്നില്ല. ഈ റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കുമ്പോൾ ആ ബോർഡിനകത്തുള്ള അംഗങ്ങളിൽ അർഹതപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും രണ്ടു വനിതകളെ നിയമിക്കുന്നതിനുപകരം രണ്ടുംകൂടി ഒരാളെയാക്കി ഓർഡിനൻസിൽ കമ്മിറ്റിയുണ്ടാക്കിയവരാണിവർ.

ശ്രീ. എ. കെ. ബാലൻ : സർ, ബില്ലിന്റെ ആമുഖവും അതിന്റെ പേരും നോക്കണം. കേരള സംസ്ഥാനത്തിന്റെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനാണ് സംവരണമൊക്കെ വരുന്നത്. ഈ തസ്തികകൾ കഴിഞ്ഞാൽ ബാക്കി ഏതാണുള്ളത് ? ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.എസ്.സി-ക്ക് ലിസ്റ്റ് തയ്യാറാക്കാനായി കൊടുക്കുകയും ആ രീതിയിൽ മുമ്പോട്ട് പോകാൻ ശ്രമിക്കുകയും ചെയ്തതാണ്. അങ്ങനെവരുമ്പോൾ സ്വാഭാവികമായും സംവരണങ്ങളെല്ലാംവരും. പക്ഷെ ഒരു ന്യായവും പറയാതെ അത് തള്ളികളഞ്ഞുകൊണ്ട് സംവരണതത്വങ്ങളൊന്നും പാലിക്കാത്ത, നീതിപുലർത്താത്ത റിക്രൂട്ടിംഗ് ബോർഡുണ്ടാക്കി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. അതുകൊണ്ട് അത് ശരിയല്ല. ആവശ്യമായ തിരുത്തലുകൾ വരുത്തിക്കൊണ്ടും ഞങ്ങൾ പറഞ്ഞ വിയോജനക്കുറിപ്പുകളെല്ലാം പരിഗണിച്ചുകൊണ്ടും മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശ്രീ. ബാബു എം. പാലിശ്ശേരി സംസാരിക്കുന്ന സമയത്ത് സൂചിപ്പിച്ച അതേ കാരണങ്ങൾ കൊണ്ടുതന്നെയാണ് ഞാനും ഈ ബില്ലിനെ എതിർക്കുന്നത്. 2015 -ലെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ എന്നുപറഞ്ഞ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ബില്ലിന്റെ ആമുഖത്തിൽ ആദ്യംതന്നെ പറയുന്നു, 'കേരള സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾക്കുവേണ്ടി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സ്വയംഭരണാവകാശത്തോടുകൂടിയുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ആനുഷംഗികമായ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ' എന്നാണ്. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ ഞാൻ സംശയിക്കുന്നു. മാത്രമല്ല, ഭരണകക്ഷിയുടെ ഭൂരിപക്ഷംവച്ചുകൊണ്ട് ഈ ബിൽ സഭ പാസ്സാക്കിയാൽ പ്രായോഗികമായി നമ്മുടെ ദേവസ്വം ബോർഡുകളുടെ കാര്യത്തിൽ നടപ്പിലാക്കാനാകുമോ എന്ന കാര്യത്തിൽ സംശയമുണ്ടെന്നു മാത്രമല്ല നടപ്പിലാക്കാൻ കഴിയില്ലെന്നുള്ള അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ ഇടങ്ങിയ ദേവസ്വം ബോർഡുകൾ നിലവിലിരിക്കുന്ന സംസ്ഥാനമാണ് നമ്മുടെ കേരളം. ഒരു ഏകീകൃത ദേവസ്വം ബോർഡായിരുന്നു യഥാർത്ഥത്തിൽ ആദ്യം ഉണ്ടാകേണ്ടിയിരുന്നത്. ആത്മാർത്ഥമായിട്ടാണ് നമ്മുടെ ഓരോ ചുവടുവയ്പുമെങ്കിൽ ഏകീകൃത ദേവസ്വം ബോർഡുണ്ടാക്കിയതിനു ശേഷമാവണം ഏകീകൃത റിക്രൂട്ട്മെന്റ് ബോർഡിനുവേണ്ടിയുള്ള നടപടി സ്വീകരിക്കേണ്ടത്. അതിനു ശ്രമിക്കാതെ ഇപ്പോൾ ഈ തട്ടിക്കൂട്ട് റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരുന്നതുതന്നെ ദുഷ്ടലാക്കോടുകൂടിയാണെന്ന ശക്തമായ ഒരഭിപ്രായം എനിക്കുണ്ട്. ഞാൻ മലബാർ മേഖലയിൽ നിന്നും വരുന്ന ഒരാളാണ്. മലബാറിലെ ദേവസ്വം ബോർഡും അവിടത്തെ ക്ഷേത്രങ്ങളുടെ നടത്തിപ്പും അതിന്റെ ഇന്നത്തെ ഭരണപരമായിട്ടുള്ള സ്ഥിതിയും എല്ലാംവച്ചുകൊണ്ട് ഈ പറയുന്ന ബിൽ നിയമമായിക്കഴിഞ്ഞാൽ ഒരുതരത്തിലും അത് പ്രാവർത്തികമാക്കാൻ കഴിയില്ല. തിരുവിതാംകൂറിൽ മാത്രമല്ല മറ്റെല്ലാ സ്ഥലത്തും ഈ ക്ഷേത്രങ്ങളൊക്കെ രാജാക്കന്മാരുടെ ഉടമസ്ഥതയിലായിരുന്നു. കൊച്ചിയിലും അങ്ങനെയായിരുന്നു. പക്ഷേ തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർ നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് അതായത് 1946-ൽത്തന്നെ ക്ഷേത്രങ്ങൾ അന്നത്തെ രാജഗോപാലാചാരിയെ ഏൽപ്പിച്ചിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ സ്വാതന്ത്ര്യം കിട്ടി 1947- ലോ 1948-ലോ പ്രസിഡന്റ് ഭരണം വന്നപ്പോൾ ഇതിന്റെ അധികാരം സംസ്ഥാനങ്ങളെ ഏൽപ്പിച്ചു അതാണ് മറ്റ് സ്ഥലങ്ങളിൽ നിന്നും ഇത് വ്യത്യസ്തമായത്. പിന്നീട് 1950-ൽ തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും കാര്യത്തിൽ ദേവസ്വം ബോർഡുണ്ടാക്കി. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായിട്ടുള്ള സാഹചര്യം മലബാറിലുണ്ട്. മലബാർ മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായിരുന്ന സമയത്ത് 1951-ൽ Hindu Religious & Charitable Endowments Act കൊണ്ടുവന്നു. അതാണ് HR & CE Act എന്നു പറയുന്നത്. കേരള സംസ്ഥാനം രൂപീകൃതമായ 1956 - ൽ കേരള ഗവർണ്ണർ 1951-ലെ ഇതേ ആക്ട് തന്നെ ബാധകമാക്കിക്കൊണ്ട് മലബാറിലെ ക്ഷേത്രങ്ങൾക്ക് പ്രാബല്യം നൽകിക്കൊണ്ടുള്ള ഒരു ഉത്തരവ് ഇറക്കി. ആ ആക്ട് പ്രകാരം മലബാറിലെ ക്ഷേത്രങ്ങളിലെ എല്ലാ വിഭാഗം ജീവനക്കാരെയും, അത് പാരമ്പര്യമാവാം, പാരമ്പര്യമെന്ന ക്ളാസിഫിക്കേഷനിൽ ബഹുമാനപ്പെട്ട മന്ത്രി പറയാത്തതുൾപ്പെടെ എല്ലാത്തിനെയും, അതിന്റെ നിയമനാധികാരം ട്രസ്റ്റിമാർക്കാണ്, അവിടത്തെ ട്രസ്റ്റിമാർ എന്ന സംഗതി തിരുവിതാംകൂറിലില്ല. അവിടെ പാരമ്പര്യ ട്രസ്റ്റിമാരും അല്ലാതെയുള്ള ട്രസ്റ്റിമാരുമുണ്ട്. പാരമ്പര്യ ട്രസ്റ്റിമാരെന്നു പറഞ്ഞാൽ മരിക്കുന്നതുവരെ അവർ ട്രസ്റ്റിമാരാണ്. അപ്പോയിന്റഡ് ട്രസ്റ്റിമാരാണെങ്കിൽ 65 വയസ്സുവരെ തുടരാം. ഈയൊരു പ്രത്യേകത അവിടെയുണ്ട്. പക്ഷേ HR & CE Act -ലെ സെക്ഷൻ 789 പ്രകാരം അന്നുമുതൽ അവിടത്തെ ദേവസ്വം ബോർഡ് ജീവനക്കാർ എന്നുപറഞ്ഞാൽ പി.എസ്.സി. വഴി റിക്രൂട്ട് ചെയ്യുവരുന്ന പബ്ലിക്ക് സർവ്വന്റ്സാണ്. അതുകൊണ്ടാണ് HR & CE ജീവനക്കാരുടെ കാര്യത്തിൽ അന്നുതന്നെ പൊതുനിയമനം വരുന്നത്. എന്നാൽ ഈ പറഞ്ഞതുപോലെ തിരുവിതാംകൂറിലും കൊച്ചിയിലും ട്രസ്റ്റിമാർ എന്ന സംഗതി ഇല്ല. എന്നാൽ ഈ വൈവിധ്യങ്ങളെ പരിഗണിച്ചുകൊണ്ടല്ല ഇപ്പോൾ ഈ ബിൽ കൊണ്ടുവരുന്നത്. അതിന്റെ പ്രധാനപ്പെട്ട ഒരു ദൗർബല്യം ഇവിടെ നിൽക്കുകയാണ്. എന്റെ ശക്തമായിട്ടുള്ള അഭിപ്രായം, ഇപ്പോൾ ഈ ബിൽ നിയമമാക്കിക്കഴിഞ്ഞാൽപ്പോലും മലബാർ ദേവസ്വത്തിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളിൽ ഒന്നുംതന്നെ ഇതനുസരിച്ചുള്ള നിയമനപ്രക്രിയ പ്രാവർത്തികമാക്കാൻ കഴിയില്ല. അവിടെയും സാമൂതിരി രാജാവിന്റെയും ചിറയ്ക്കൽ രാജാവിന്റെയും വള്ളുവനാട് രാജാവിന്റെയും കടത്തനാട് രാജവംശങ്ങളുടെയുമൊക്കെ നേതൃത്വത്തിലുള്ള ക്ഷേത്രങ്ങളിലും ട്രസ്റ്റിമാരായിരുന്നു ഉണ്ടായിരുന്നത്. ഇതിനിടയിൽ മലബാറിലെ ഭക്തജനങ്ങളോടും ക്ഷേത്രങ്ങളോടും ഓരോകാലത്തും മാറിമാറിവന്ന യു.ഡി.എഫ്. ഗവൺമെന്റുകൾ ഒരുതരം ചിറ്റമ്മ നയമാണ് സ്വീകരിച്ചത്. ഈയൊരു

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി അവിടെ ഒരു ദേവസ്വം ബോർഡ് ഉണ്ടാക്കണമെന്ന് 1994-ൽ തന്നെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി പറഞ്ഞതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ഹൈക്കോടതിയിൽ നടക്കുന്ന അഴിമതി കണ്ടുമടുത്തിട്ടാണ് ജസ്റ്റിസ് പരിപൂർണ്ണൻ ഈ ഒരു പരാമർശം നടത്തിയത്. അന്ന് ബോർഡിന്റെ ചെയർമാൻ രാമൻ നായരും, പുനലൂർ മധു മെമ്പറും ആയിരുന്നു ; ആ വിധിന്യായത്തിൽ അവരെ കടഞ്ഞു. ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇത് ശ്രീ. ജി. സുധാകരൻ പി.എസ്.സി.-ക്ക് വിട്ടത്. ഇപ്പോൾ അതാണ് ടോർപ്പിഡോ ചെയ്യുന്നത് ; ഇത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. പ്രദീപ് കുമാർ : സർ, തീർച്ചയായും, ഞാൻ ആ കാര്യങ്ങളാണ് പറഞ്ഞുവരുന്നത്. 1994-ൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയുണ്ടായിട്ടും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന ഒരു കാലത്തും ദേവസ്വം ബോർഡ് ചിട്ടയായി കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമവും നടത്തിയിട്ടില്ല. അങ്ങനെ എന്തെങ്കിലും ശ്രമം നടത്തുന്നതിനുവേണ്ടി ഒരു ചെറുവിരൽ അനക്കിയെന്ന് ഇവിടെ ആർക്കും പറയാൻ കഴിയില്ല. എന്നാൽ ഇടതുപക്ഷ ഗവൺമെന്റ്, നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. സി. കെ. നാണു മന്ത്രിയായിരുന്നപ്പോൾ അതിനുള്ള ശ്രമങ്ങൾ നടത്തുകയും ഓർഡിനൻസുവരെ വന്ന സന്ദർഭം ഉണ്ടാകുകയും ചെയ്തിരുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇവിടെ പി.എസ്.സി.-ക്ക് വിട്ടെന്നു പറഞ്ഞു. പി.എസ്.സി.-ക്ക് ക്ഷേത്രങ്ങളിലേയ്ക്ക് ഹൈന്ദവരെ മാത്രം നിയമിക്കാൻ പറ്റുമോ ; പി.എസ്.സി.-ക്ക് വിട്ടാൽ എന്തായിരിക്കും ഫലം ; അതിന് പ്രത്യേകം നിയമം വേണ്ടേ ; അതിനല്ലേ ഈ നിയമം കൊണ്ടു വരുന്നത്; അത് അങ്ങേയ്ക്ക് അറിയില്ലേ ?

ശ്രീ. എ. പ്രദീപ് കുമാർ : സർ, പി.എസ്.സി.-ക്ക് വിടാമെന്ന് വെറുതെ വാചകമടിച്ചതല്ല ; നല്ല വ്യക്തതയോടുകൂടി പറഞ്ഞതാണ്. 2008-ൽ ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് നിയമനം പി.എസ്.സി.-ക്ക് വിടാനുള്ള വകുപ്പ് അന്നത്തെ ആക്റ്റിന്റെ ഭേദഗതിയിൽ ഉൾപ്പെടുത്തിയത്. അതുപ്രകാരം "Appointments to be made through Kerala Public Service Commission - All appointments of the officers and employees of the Board, except the Commissioner for which direct

LIBRARY ARCHIVES Kerala Legislative Assembly

recruitment is sought to shall be made from a selected list of candidates belonging to the Hindu Religion furnished by Kerala PSC, in accordance with the law made for the exercise of the additional function by the Kerala PSC". ഇത് മറ്റ് ഡിപ്പാർട്ടുമെന്റുകൾ നേരിട്ട് പി.എസ്.സി.-ക്ക് വിടുന്നതുപോലെ വിട്ടാൽ പോരാ. 'in accordance with the law made for the exercise of the additional function by the Kerala PSC'. അതിനകത്ത് അങ്ങ് പറഞ്ഞ ഈ ആശങ്കകൾ പരിഹരിക്കാനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതേയുള്ളൂ. നിങ്ങൾ എന്താണ് ചെയ്യുന്നത് ? യഥാർത്ഥത്തിൽ ഇവിടെയെല്ലാം സുതാര്യവും അഴിമതിരഹിതവുമായി നടക്കണമെന്നുണ്ടെങ്കിൽ ഇതിനനുസരിച്ച് കാര്യങ്ങൾ നീക്കണം ; അതിനകത്ത് എന്തെങ്കിലും കാര്യങ്ങൾ മെച്ചപ്പെടുത്താനുണ്ടെങ്കിൽ മെച്ചപ്പെടുത്തുകയും ചെയ്യാം. 1994-ൽ കേരള ഹൈക്കോടതി മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാനുള്ള വിധി പ്രസ്താവിച്ചിട്ടും നിങ്ങളുടെ ഗവൺമെന്റ് ഒരുകാലത്തും അത് കൊണ്ടുവരാൻ ശ്രമിക്കാതിരിക്കുകയും, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഖാവ് ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് മലബാർ ദേവസ്വം ബോർഡ് എന്ന സംവിധാനം കൊണ്ടുവരുന്നത്. അതിൽ ഒരുപാട് അന്ധവിശ്വാസങ്ങളൊക്കെയുണ്ട് ; അദ്ദേഹം ഇവിടെ ബില്ല് അവതരിപ്പിക്കുന്ന സമയത്ത് പറഞ്ഞത് എനിക്ക് ഓർമ്മയുണ്ട് - ആ നിയമം അവിടെ കൊണ്ടുവന്നാൽ മന്ത്രി ജീവിച്ചിരിക്കില്ലായെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള നിക്ഷിപ്ത താല്പര്യങ്ങൾ പിടിമുറുക്കിയ ഒരു മേഖലയായിരുന്നു അത്. ആ നിക്ഷിപ്ത താല്പര്യങ്ങൾ ഉള്ളതു കൊണ്ടുതന്നെ അങ്ങനെയൊരു നിയമം വരാതിരിക്കാൻ സ്ഥാപിത താല്പര്യക്കാരായ സമുദായ ശക്തികൾ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയും ആ കാര്യത്തിൽ വലിയ അന്ധവിശ്വാസം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഈ നിയമം കൊണ്ടുവരുന്ന മന്ത്രി ജീവിച്ചിരിക്കില്ലായെന്ന് പറഞ്ഞിട്ടും ഇവിടെ നമ്മൾ കാണുന്നുണ്ടല്ലോ വൈഷ്ണിക യുവത്വത്തിന്റെ സൗരഭ്യം പ്രസരിപ്പിച്ചുകൊണ്ട് അന്ന് ആ നിയമം കൊണ്ടുവന്ന ശ്രീ. ജി. സുധാകരൻ ഇപ്പോഴും ഇവിടെ വാഴുന്നു ; ഇവിടെ ഇരിക്കുന്നു ; ഒന്നുമുണ്ടാകാതെ അതിനെ മറികടന്നുപോയി. ആ നിയമത്തിന് പ്രത്യേകതകളുണ്ടായിരുന്നു. 1951-ലെ നിയമങ്ങളെല്ലാം പൂർണ്ണമായി നിരാകരിച്ചുകൊണ്ടല്ല, അതിന്റെ എല്ലാ നല്ല വശങ്ങളും ഉൾക്കൊണ്ടുകൊണ്ട് Hindu Religious and Charitable Endowment Act 1951 with Malabar Devaswam (amendment) Act എന്ന പേരിലാണ് ആ നിയമം കൊണ്ടുവന്നത്. യഥാർത്ഥത്തിൽ അതിന്റെ ഭാഗമായിട്ടാണ് നിയമനം സംബന്ധിച്ച് വ്യക്തതയോടുകൂടിയ ഒരു കാഴ്ചപ്പാട് അന്ന് അവതരിപ്പിച്ചത്. 2008-ൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ ഇവിടെ അവതരിപ്പിച്ച് നിയമസഭ പാസ്സാക്കിയ ഈ നിയമത്തിൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള വ്യക്തത നിങ്ങൾ കൊണ്ടുവന്ന ഈ ബില്ലിൽ മഷിയിട്ട് നോക്കിയാൽപ്പോലും ഒരിടത്തും കാണാനാകുന്നില്ല. ഇവിടെ നിങ്ങൾ പറഞ്ഞ 'പരമ്പരാഗത തസ്തികകൾ ഒഴിച്ച്' ഈ പരമ്പരാഗത തസ്തികകൾ എന്താണ് ; അതിന്റെ ക്ലാസിഫിക്കേഷൻ ഏതാണുള്ളത് ? നേരത്തെ പറഞ്ഞുവന്നിട്ടുള്ളത്, ശാന്തിയും കഴകവും വാദ്യവും അടിച്ചുതളിയും ഇതൊക്കെയാണ് പരമ്പരാഗതമായിട്ട് വരുന്നതെന്നാണ്. പക്ഷെ, മലബാറിൽ അവിടത്തെ ട്രസ്റ്റിമാർ പാരമ്പര്യമായി ഇത് മാത്രമല്ല നിയമിച്ചുവരുന്നത്. ഇപ്പോൾ എല്ലാവർക്കുമറിയാം, മലബാറിൽ സ്പെഷ്യൽ ഗ്രേഡ്, എ, ബി, സി മുതലായ ഗ്രേഡിലുള്ള ക്ഷേത്രങ്ങളുണ്ട് ; അതിന്റെ വരുമാനമനുസരിച്ചാണ് അവയെ ക്ലാസിഫിക്കേഷൻ നടത്തുന്നത്. സ്പെഷ്യൽ ഗ്രേഡ്, എ-ഗ്രേഡ് ക്ഷേത്രങ്ങളിലൊക്കെ മാനേജർമാർ, സൂപ്രണ്ടുമാർ, സീനിയർ ജൂനിയർ ക്ലാർക്കുമാർ, അറ്റൻഡർമാർ എന്നിവരടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് തസ്തികകളുണ്ട്. ഈ അഡ്മിനിസ്ട്രേറ്റീവ് തസ്തികകളെല്ലാം അവിടെ ട്രസ്റ്റി ബോർഡുകളാണ് നിയമിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ ഈ നിയമം പാസ്സാക്കിയതുകൊണ്ടും ഇങ്ങനെയൊരു ബോർഡ് ഉണ്ടാക്കിയതുകൊണ്ടും അവിടത്തെ ട്രസ്റ്റി ബോർഡുകൾ ഈ അധികാരം വിട്ടുതരാൻ പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ എന്നറിയില്ല ട്രസ്റ്റിബോർഡിന്റെ അസോസിയേഷൻ ഹൈക്കോടതിയെ സമീപിച്ചു. നിങ്ങൾ ഇപ്പോൾ കൊണ്ടുവന്ന ഓർഡിനൻസുകളാണല്ലോ ബില്ലാക്കുന്നത്. ആ ഓർഡിനൻസിൽത്തന്നെയുള്ള വൈകല്യങ്ങൾ ഇവിടെ നേരത്തെ പറഞ്ഞിട്ടുണ്ട്. ആ ഓർഡിനൻസിനെതിരെ അവർ ഹൈക്കോടതിയിൽപ്പോയി വിധി സമ്പാദിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. അതായത് ഒരുകാരണവശാലും പാരമ്പര്യ ട്രസ്റ്റിമാരുടെ ഈ അവകാശം ഗവൺമെന്റിന് കവർന്നെടുക്കാൻ പറ്റില്ല. Constitutional ആയിട്ടുതന്നെ ട്രസ്റ്റിമാർക്ക് ചില പ്രൊട്ടക്ഷനുണ്ട്. ആ പ്രശ്നം പരിഹരിക്കാതെ സാമുദായിക സംഘടനകളുടെ താല്പര്യംവച്ച് ഒരു തട്ടിക്കൂട്ട് ബോർഡുണ്ടാക്കിയാൽ ഒരിക്കലും കോടതി അത് അംഗീകരിച്ചുതരില്ല. നമ്മുടെ ഈ നിയമനത്തെ തടഞ്ഞുകൊണ്ട് കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടെന്നറിയാം. അതിനെക്കുറിച്ചുള്ള വിശദീകരണം എന്താണെന്നറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്.

ഞാൻ കൂടുതൽ വിശദമായി പറയുന്നില്ല. ഈ നിയമം കൊണ്ടുവരുന്നതിന്റെ ഉദ്ദേശം എന്താണ് ? മലബാർ മേഖലയുടെ കാര്യത്തിൽ എനിക്ക് പറയാൻ പറ്റും. അവിടെ നിലവിലുണ്ടായിരുന്ന മുഴുവൻ ട്രസ്റ്റിമാരെയും നമുക്ക് പെട്ടെന്ന് കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനോ അല്ലെങ്കിൽ ശരിയായ ഒരു സിസ്റ്റമുണ്ടാക്കാനോ സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റ് അതിന്റെ നല്ലൊരു ചുവടുവയ്പാണ് നടത്തിയത് ; അതിന്റെ തുടർച്ചയായി അതിനെ വികസിപ്പിക്കുകയാണ് വേണ്ടത്. അതിനുപകരം ഇത്തരത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ആശയക്കുഴപ്പം മാത്രമല്ല ഒരുതരം അരാജകത്വവും ഉണ്ടാകുന്നു. ഇപ്പോൾത്തന്നെ ട്രസ്റ്റി ബോർഡ് കോടതിയിൽ പോയി ഇങ്ങനെയൊരു വിധി വാങ്ങുമ്പോൾ നമ്മുടെ നിയമം ഇവിടെ കിടക്കും ; അവർ അവർക്ക് തോന്നിയതു പോലെ നിയമനം നടത്തുകയും ചെയ്യും. അപ്പോൾ നിലവിൽ പി.എസ്.സി.വഴി പോയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന പ്രശ്നത്തിൽ ഒരു അനുകൂല സാഹചര്യം പോലും ഉണ്ടാകുമായിരുന്നില്ല. ഇങ്ങനെയൊരു ആശയക്കുഴപ്പവും അരാജകത്വവും സൃഷ്ടിച്ച് അമ്പലം വിഴുങ്ങാൻ നടക്കുന്ന ആർ.എസ്.എസ് -കാർക്കും ഇവിടത്തെ സവർണ്ണ സമുദായ പ്രമാണിമാർക്കും അഴിമതി നടത്താൻ അരങ്ങൊരുക്കുകയാണ് യഥാർത്ഥത്തിൽ ഈ നിയമത്തിലൂടെ ഈ സർക്കാർ ചെയ്യുന്നത് എന്നുള്ള ശക്തമായ അഭിപ്രായമാണ് എനിക്കുള്ളത്. അവസാന ദിവസം ഉച്ചയ്ക്ക് എല്ലാവരും ഭക്ഷണം കഴിക്കാൻ പോകുന്ന സമയത്ത് ബില്ല് കൊണ്ടുവന്നിട്ട് ഇത് ചുട്ടെടുക്കാൻ പോകുകയാണല്ലോ. ഇത് വലിയ കഴപ്പമൊന്നുമില്ലാത്ത ആപത്തൊന്നും സൃഷ്ടിക്കാത്ത സാമൂഹ്യ പ്രത്യാഘാതങ്ങളൊന്നും ഉണ്ടാക്കാത്ത ചെറിയ എന്തോ ഒരു സംഭവമാ ണെന്നുള്ള വ്യാജേനയാണ് മന്ത്രിമാരെല്ലാം ഇരുന്ന് ഒപ്പിച്ചെടുക്കാൻ പോകുന്നത്. ഇത് വലിയ സാമൂഹ്യ പ്രത്യാഘാതം ഉണ്ടാക്കുന്നതാണ്. ഈ നിയമം സമുദായ സംഘടനകളുടെ താല്പര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് വരുന്നത്, അതും സവർണ്ണ സമുദായ സംഘടനകൾ, ആർ.എസ്.എസ്. എന്നിവർ ഉൾപ്പെടെയുള്ളവർക്ക് അരങ്ങ് ഒരുക്കാനുള്ള സമീപനം ഇതിനകത്തുണ്ട്. ഈ നിയമത്തിലൂടെ വലിയൊരു അപമാനം നമുക്കുണ്ടാക്കുകയാണ്. നമ്മൾ അഭിമാനിക്കുന്ന ക്ഷേത്ര പ്രവേശന പ്രക്ഷോഭങ്ങളുടെയും കേരളത്തിന്റെ നവോത്ഥാന പോരാട്ടങ്ങളുടെയും പാരമ്പര്യത്തെ കടപുഴക്കി കടലിൽ എറിയുന്ന നിയമമാണ്, ബില്ലാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത് ; കോൺഗ്രസ്സ് അവരുടെ സ്വന്തം പാരമ്പര്യത്തെ മറക്കുകയാണ്.

ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ, അദ്ദേഹം രാഷ്ട്രീയമായ തീരുമാനം നടപ്പിലാക്കുകയാണ്, ഞാൻ വ്യക്തിപരമായിട്ടല്ല പറയുന്നത്. ആ രാഷ്ട്രീയപരമായിട്ടുള്ള തീരുമാനത്തിൽ കോൺഗ്രസ്സിന് ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുണ്ട്. ആ പാരമ്പര്യത്തെ ചുരുട്ടിക്കൂട്ടി കുഴിയിലിടുകയാണ് ഇതിലൂടെ നിങ്ങൾ ചെയ്യുന്നത്. നമ്മുടെ ക്ഷേത്രവും പരിസരവും അതിന്റെ നടത്തിപ്പുമെല്ലാം ഇവിടത്തെ സവർണ്ണ പ്രമാണിമാരുടെ കയ്യിലായിരുന്നു ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ മനുഷ്യന്, അവർണ്ണന്, പ്രവേശനം നിഷേധിച്ചിരുന്നതിനെതിരെ സമരം നടത്തിയതിൽ ഇവിടത്തെ ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുള്ള കോൺഗ്രസ്സ് അതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയുൾപ്പെടെയുള്ളവരാണ് വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം കൊടുത്തത്. കമ്മ്യൂണിസ്റ്റുകാർ നേതൃത്വം കൊടുത്തതായിരുന്നു പാലിയം സത്യാഗ്രഹം. കോൺഗ്രസ്സ് നേതാക്കളും പിന്നീട് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാഗമായിരുന്ന സഖാക്കളുമായ കൃഷ്ണപിള്ളയും കേളപ്പജിയും. എ.കെ.ജി.-യുമെല്ലാം ഗുരുവായൂർ സത്യാഗ്രഹം നയിച്ചത് അവർ പിന്നീട് കമ്മ്യൂണിസ്റ്റുകാർ ആയതുകൊണ്ടാണ്. ആ പാരമ്പര്യത്തെ മുഴുവൻ കുഴിവെട്ടി ചുരുട്ടിക്കൂട്ടി അതിനകത്ത് ഇടുകയാണ് ഈ നിയമത്തിലൂടെ നിങ്ങൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ഈ ബില്ലിന് അനുകൂലമായി കയ്യുയർത്താനായിരിക്കുന്ന ഭരണകക്ഷി അംഗങ്ങളും ആർ.എസ്.എസ്-നും സവർണ്ണ വർഗ്ഗീയ വാദികൾക്കും അനുകൂലമായി അവർക്ക് പ്രയോജനം ചെയ്യുന്ന നിലയിൽ ഇങ്ങനെ ഒരു ബില്ല് കൊണ്ടുവന്ന് നമ്മുടെ ക്ഷേത്രങ്ങളുടെ നടത്തിപ്പുകാര്യത്തിലൊക്കെ ഇടപെടാനുള്ള അവസരമുണ്ടാക്കിക്കൊടുത്താൽ എന്ത് സംഭവിക്കുമെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

മതേതര ഇന്ത്യയ്ക്ക് പാരമ്പര്യ ക്ഷേത്രങ്ങളും അതിന്റെ ആചാരങ്ങളുമൊക്കെയായി ബന്ധപ്പെട്ടുകൊണ്ട് ഉദാത്തമായതും അഭിമാനപൂർവ്വം ഓർമ്മിക്കാവുന്നതുമായ ഒരുപാട് മാതൃകകളുണ്ടായിരുന്നു. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായിട്ടുള്ളതും വലുതും വിഖ്യാതമായിട്ടുള്ളതുമായ ഹൈന്ദവ ക്ഷേത്രം കാശി വിശ്വനാഥക്ഷേത്രമാണ്. ആ ക്ഷേത്രത്തെക്കുറിച്ച് എത്രയോ തലമുറകളായിട്ടുള്ള ഒരു വിശ്വാസമുണ്ട്. അതായത് അവിടത്തെ പ്രശസ്തമായ ഒരു മുസ്ലീം കുടുംബത്തിലെ അംഗങ്ങൾ പാരമ്പര്യമായി സംഗീതജ്ഞരാണ്. അവിടത്തെ സംഗീത വിദ്വാൻമാർ ചെന്ന് സംഗീതോപാസന നടത്തിയാൽ മാത്രമേ വിശ്വനാഥൻ എന്ന ദൈവം പ്രീതിപ്പെടുകയുള്ളൂ എന്നാണ് വിശ്വാസം. ഷെഹനായ് വായിച്ച് ഇന്ത്യൻ സംഗീതത്തിന്റെ യശസ്സ് ലോകാന്തരങ്ങളിലേയ്ക്ക് എത്തിച്ച മഹാപ്രതിഭയായ ഉസ്താദ് ബിസ്മില്ലാഖാന്റെ കുടുംബമാണത്. ഷെഹനായ് എന്നതിലെ 'ഷെഹ്' എന്നത് മുളംതണ്ടുകൊണ്ട് വികസിപ്പിച്ചെടുത്ത ഒരു സംഗീത ഉപകരണവും 'നായ്' എന്നാൽ നാദവുമാണ്. അങ്ങനെ മുളംതണ്ടുകൊണ്ട് വികസിപ്പിച്ച സംഗീതോപകരണവുമായി ലോകത്തിന്റെ പല കോണുകളിലുംപോയി കച്ചേരി നടത്തുകയും നാടിന്റെ, സംഗീതത്തിന്റെ യശസ്സ് ലോകാന്തരങ്ങളിലേക്ക് എത്തിക്കുകയും ചെയ്ത ബിസ്മില്ലാഖാൻ ഇന്ത്യയിലേക്ക് മടങ്ങിയെത്തുന്ന സന്ദർഭത്തിൽ സമയം കിട്ടുമ്പോഴെല്ലാം കാശി വിശ്വനാഥക്ഷേത്രത്തിൽപോയി ദൈവത്തിന്റെ പ്രീതിക്കുവേണ്ടി ഷെഹനായ് വായിക്കും. അദ്ദേഹത്തിന്റെ പിതാവും പിതാവിന്റെ പിതാവുമെല്ലാം തലമുറകളായി ഇത് ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ദേവസ്വം നിയമത്തിന്റെ കാര്യത്തിൽ കേൾക്കുന്ന ഏറ്റവും വ്യത്യാസപ്പെട്ടതും പ്രധാനമായതുമായ ഒരു പ്രസംഗമാണ് ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. വളരെ അടിസ്ഥാനപരവും പ്രായോഗികവുമായ ഒന്നുരണ്ട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ നിയമനോദ്ദേശകാരണങ്ങളിൽ പറയുന്നത് ആത്മാർത്ഥതയുടെ തരിമ്പുപോലു മില്ലാത്തതാണ്. അത് പുനഃപരിശോധിക്കണം. തിരുവിതാംകൂർ-കൊച്ചി ദേവസ്വങ്ങളിലെ അഴിമതികളെപ്പറ്റി അന്വേഷിച്ചപ്പോൾ ജസ്റ്റിസ് പരിപൂർണ്ണൻ പറഞ്ഞത് അത് ഏകീകൃത ബോർഡാണെന്നാണ്. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് നിയമിച്ച രാമൻ നായർ ബോർഡിനെപ്പറ്റിയും ഗവൺമെന്റിനെപ്പറ്റിയും പറഞ്ഞ പരാമർശങ്ങൾ ഈ സഭയിൽവയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ വെല്ലുവിളിക്കുകയാണ്. അതിനുശേഷം ജസ്റ്റിസ് പരിപൂർണ്ണനെ നിങ്ങൾ കൂടെനിർത്തുക. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റിപ്പോർട്ട് വന്നിട്ടും ആ ബോർഡിനെ യു.ഡി.എഫ്. സർക്കാർ പിരിച്ചുവിട്ടില്ല. പിരിച്ചുവിട്ടത് എൽ.ഡി.എഫ്. സർക്കാരാണ്. അങ്ങനെയാണ് പുതിയ നിയമംവന്നത്. ആ നിയമം കവനന്റുണ്ട് എന്നൊക്കെപ്പറഞ്ഞ് ബഹളമുണ്ടാക്കി. കവനന്റ് പ്രശ്നം ഇല്ലെങ്കിലും ഞങ്ങൾ ഇന്ത്യൻ പ്രസിഡന്റിനയച്ച് നിയമം പാസ്സാക്കി. ആ നിയമത്തിൽ പി.എസ്.സി. ഉൾപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ പ്രസിഡന്റ് ഒപ്പിട്ട നിയമത്തിനകത്ത് അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റ് മാത്രം, അന്ന് ഇത് വിശദീകരിച്ചുകൊണ്ട് ഞാൻ പറയുന്നില്ല. കഴിഞ്ഞ സഭയിൽ ഉണ്ടായിരുന്ന നിരവധിപ്പേർ ഇന്ന് ഇവിടെയുണ്ട്. അത് പ്രസിഡന്റ് ഒപ്പിട്ടുതന്നു. അതിനുശേഷം 2008 മാർച്ച് 18-ന് പി.എസ്.സി.-ക്ക് അഡീഷണൽ ഫങ്ഷൻ കൊടുക്കുന്ന കോൺസ്റ്റിറ്റ്യൂഷന്റെ ആർട്ടിക്കിൾ 321 പ്രകാരം ഇവിടെ കൊണ്ടുവന്ന നിയമമാണ് പിച്ചിച്ചീന്തുന്നത്. അതിന് ജസ്റ്റിസ് പരിപൂർണ്ണന്റെ കാര്യം പറയേണ്ട. ഞാൻ ഈ സഭയിൽ ഒരുകാര്യം വെളിപ്പെടുത്തുകയാണ്. അന്ന് ഇത് അവതരിപ്പിക്കുമ്പോൾ ഞാനിത് വെളിപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട ജസ്റ്റിസ് പരിപൂർണ്ണനുമായി ചർച്ച ചെയ്താണ് അന്ന് ഞാൻ ഈ നിയമം കൊണ്ടുവന്നത്. ഞാൻ സി.പി.ഐ. നേതാവായ ശ്രീ. രാധാകൃഷ്ണനെ കാണാൻ ഏഴ് പ്രാവശ്യമാണ് കൊച്ചിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽപോയത്. ധൈര്യമായി മുന്നോട്ട് പൊയ്ക്കോളൂ എന്നുപറഞ്ഞ് എല്ലാ മാസത്തിലും അദ്ദേഹം വിളിച്ച് ആശംസകൾ പറയുമായിരുന്നു, ജസ്റ്റിസ് കൃഷ്ണയ്യരും പറഞ്ഞിരുന്നു. ജസ്റ്റിസ് പരിപൂർണ്ണനോട് നീതിപുലർത്തുന്നത് ഞങ്ങളാണ്. ഞാൻ അങ്ങയുടെ പരിഗണനയ്ക്കായി ഒരുകാര്യം പറയുകയാണ്. ഞാൻ പ്രസംഗിക്കുന്നില്ല. ബോർഡ് എന്നുപറയുന്നത് കമ്മീഷനുമായി വ്യത്യാസ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടെന്നാണ് പുതിയ കണ്ടുപിടിത്തം. നിങ്ങൾ ഇത്രമാത്രം തരംതാഴേണ്ട കാര്യമുണ്ടോ ? ഇവിടെ പറഞ്ഞതുപോലെ സവർണ്ണ മേധാവികൾക്കുവേണ്ടി നിങ്ങളൊരു നിയമം കൊണ്ടുവരുന്നത് പരസ്യമായി പറയാനുള്ള അന്തസ്സുകാണിക്കണ്ടേ ? എസ്.എൻ.ഡി.പി. ഈ നിയമത്തെ എതിർത്തു. ഇപ്പോൾ ശ്രീ. വെള്ളാപ്പള്ളി നടേശൻ എതിർക്കുമോ എന്ന് എനിക്കറിയില്ല. ധീവരസഭയും പുലയർ മഹാസഭയടക്കമുള്ള സകല എസ്.സി/എസ്.റ്റി. സംഘടനകളും നിങ്ങളുടെ പുതിയ നിയമത്തെ എതിർത്തു. നാടാർ സമുദായം എതിർത്തു. കാരണം ഞങ്ങളുടെ നിയമം നടപ്പിലാവുകയാണെങ്കിൽ അവർക്ക് അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റിൽ കുറച്ച് സംവരണം കിട്ടും. നിങ്ങൾ കച്ചവടമല്ലേ നടത്തുന്നത് ? നിങ്ങൾ വയ്ക്കുന്ന ബോർഡിൽ പുതിയ രാമൻ നായർമാർ വരും. പരിപൂർണ്ണൻ കമ്മീഷൻ ഇതല്ല. അപ്പോൾ ഇതിന് യാതൊരു നീതീകരണവുമില്ല. പി.എസ്.സി. ഉന്നതമായ റിക്രൂട്ട്മെന്റ് ബോർഡാണ്. (The Highest Constitutional Recruitment Board of the Nation). ഞാൻ വെല്ലുവിളിക്കുകയാണ്. അങ്ങും ഞാനും നിയമം പഠിച്ചിട്ടുണ്ട്. ഇവിടെ നിയമം പഠിച്ചവരും പഠിക്കാത്തവരുമുണ്ട്. നിയമം പഠിക്കണമെന്നൊന്നുമില്ല. ബോർഡ്, കമ്മിറ്റി, കൗൺസിൽ, കമ്മീഷൻ ഇതെല്ലാം ഒന്നുതന്നെയല്ലേ. അംഗങ്ങളുടെ കൂട്ടായ്മ എന്നല്ലേ ഇതിനർത്ഥം. പണ്ട് കോൺഗ്രസ്സുകാർ ഞങ്ങളെ കളിയാക്കുമായിരുന്നു. നിങ്ങളും കോൺഗ്രസ്സാ, ഞങ്ങൾ പാർട്ടി കോൺഗ്രസ്സ് കൂടുമെന്ന്. കോൺഗ്രസ്സ് സമ്മേളനം ഒന്നല്ലേയുള്ളൂ. അതുകൊണ്ട് കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും ഒന്നാകുമോ ? അതുകൊണ്ട് ബഹുമാനപ്പെട്ട അറിവുള്ള മന്ത്രി അതിനു കൂട്ടുനിൽക്കരുത്. പണ്ട് സമുദായ പ്രമാണിമാർക്ക് അമ്പലങ്ങൾ എഴുതിക്കൊടുത്തു. ഞങ്ങളത് തിരിച്ചെടുത്തു. നിങ്ങൾ ആ വഴിക്ക് പോയിരുന്നെങ്കിൽ പത്ത് വോട്ട് കൂടുതൽ കിട്ടുമായിരുന്നു. ഇതുകൊണ്ട് ഒരു വോട്ട് കിട്ടുകയില്ലെന്ന് മാത്രമല്ല, വലിയ പ്രത്യാഘാതവുമുണ്ടാകും. മുസ്ലീമിനെയും ക്രിസ്ത്യാനിയെയുമെല്ലാം ഹിന്ദു ക്ഷേത്രങ്ങളിലേക്കെടുക്കാൻ പോകുന്നുവെന്ന് ബി.ജെ.പി-യും സവർണ്ണ വർഗ്ഗീയവാദികളും പ്രചരിപ്പിച്ചു. ആരെങ്കിലും വിചാരിച്ചാൽ ക്രിസ്ത്യാനിയേയോ മുസ്ലീമിനേയോ ഹിന്ദു അമ്പലത്തിൽ നിയമിക്കാൻ സാധിക്കുമോ ? അങ്ങോട്ട് കൊടുക്കാമെന്നല്ലാതെ പത്തുപൈസപോലും അവിടെനിന്നും എടുക്കുവാൻ കഴിയില്ല. ഇതൊന്നും തർക്ക വിഷയമല്ല. ബി.ജെ.പി.-ക്കാർ എന്തെങ്കിലും പറഞ്ഞാൽ, ആരാണ് ഈ ബി.ജെ.പി. ? കേന്ദ്രത്തിൽ ശ്രീ. നരേന്ദ്രമോദി വന്നുവെന്ന് പറഞ്ഞ് നമ്മളെന്തിനാണ് ബഹളം കൂട്ടുന്നത് ? ശ്രീ. ഒ. രാജഗോപാലിനു തിരുവനന്തപുരത്ത് 34000 വോട്ട് കിട്ടിയതുകൊണ്ട് കാര്യമുണ്ടോ ? നമ്മുടെ നാട്ടിൽ ബി.ജെ.പി.-ക്ക് ഏകദേശം 6000 വോട്ട് മാത്രമേ ലഭിക്കുകയുള്ളൂ. ബി.ജെ.പി.-ക്കാരുടെ വീട്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾ വർഗ്ഗീയവാദികളല്ല. അവർ ഞങ്ങൾക്കാണ് വോട്ട് ചെയ്തത്. അതുകൊണ്ട് ബി.ജെ.പി. എന്നുപറഞ്ഞ് ഞങ്ങളെ പേടിപ്പിക്കരുത്.

2007-ൽ ബോർഡ് പിരിച്ചുവിട്ട് പുതിയ ബോർഡ് കൊണ്ടുവന്നു. 2008-ൽ പി.എസ്.സി-ക്ക് വിട്ടു, 2009 ജനുവരി 12-ന് റൂൾസ് ഉണ്ടാക്കിക്കൊടുത്തു. എസ്.ആർ.ഒ. എന്റെ കയ്യിലുണ്ട്. ആ റൂൾസ് പി.എസ്.സി. അംഗീകരിച്ചതിനുശേഷം നിയമനം നടത്താൻ തുടങ്ങിയപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് നിയമനം നിർത്തിവയ്ക്കാൻ പറഞ്ഞു. പി.എസ്.സി. ചെയർമാൻ ശ്രീ. രാധാകൃഷ്ണൻ അതിനെ എതിർത്തു. എന്തെല്ലാം രാഷ്ട്രീയ വ്യത്യാസങ്ങളുണ്ടെങ്കിലും അദ്ദേഹമതിനെ എതിർത്ത് നിയമനം നടത്താനൊരുങ്ങി. അപ്പോൾ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് എല്ലാം ഇല്ലാതാക്കി നിയമം സ്ഥിരീകരിക്കുകയാണ്. ഏതെങ്കിലും സമുദായ പ്രമാണിമാരുടെ കംഠ വീർപ്പിക്കാൻ നിങ്ങൾ വേണമെങ്കിൽ അത് ചെയ്തോളൂ. പക്ഷേ ഇവിടെ ഇനിയും ജനാധിപത്യംവരും. ഇവിടെ ബഹുമാന്യരായ വി. എസ്. അച്യുതാനന്ദനോ സുധാകരനോ ബാലനോ കോടിയേരി ബാലകൃഷ്ണനോ അല്ലെങ്കിൽ ഞങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലുമൊക്കെയുള്ള ഒരു ഗവൺമെന്റ് വരും. അപ്പോൾ ഞങ്ങൾ ഈ നിയമം വലിച്ചുകീറി തോട്ടിൽക്കളഞ്ഞ് പുതിയ നിയമം കൊണ്ടുവരും. പി.എസ്.സി. തന്നെ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റുകളിൽ ഇവിടെ നിയമനം നടത്തും. ബഹുമാനപ്പെട്ട അങ്ങയുടെ പ്രസംഗം വളരെ ആധികാരികമായതുകൊണ്ടും എനിക്ക് അതിനെക്കുറിച്ച് ചില വസ്തുതകൾ അറിയാവുന്നതുകൊണ്ടും ഞാൻ അങ്ങയോട് പറഞ്ഞുവെന്നേയുള്ളൂ. അതുകൂടി പരിഗണിച്ച് പ്രസംഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ നേരത്തെ പരാമർശിച്ച നിയമം കൊണ്ടുവന്ന ആളാണ് ശ്രീ. ജി. സുധാകരൻ. അതുകൊണ്ടാണ് അദ്ദേഹം ആധികാരികമായി കുറച്ച് വിശദാംശങ്ങൾ പറഞ്ഞത്. അങ്ങ് ഇപ്പോൾ പറഞ്ഞ വികാരമൊക്കെ മനസ്സിൽ വച്ചുകൊണ്ട് ഈ നിയമം കൊണ്ടുവരുന്നതിന്റെ സദുദ്ദേശ്യത്തെ ചോദ്യം ചെയ്തുകൊണ്ടാണ് ഞാൻ തുടങ്ങിയത്. ആർ.എസ്.എസ്.-ഉം ഇപ്പോൾ ക്ഷേത്രം കയ്യടക്കാനിരിക്കുന്ന ഹിന്ദു ഐക്യവേദിയുമുൾപ്പെടെയുള്ള സവർണ്ണ സാമുദായിക സംഘടനകൾക്ക് അഴിമതിയും അധിനിവേശവും നടത്താൻ കളമൊരുക്കുന്ന നിയമമാണിതെന്ന് ശക്തമായി പറഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ഇതിനെ എതിർത്തത്.

ശ്രീ. പാലോട് രവി : സർ, ശ്രീ. ജി. സുധാകരൻ ചോദിച്ച ചോദ്യം ഞങ്ങളെല്ലാം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ദേവസ്വം മന്ത്രിയെന്നുള്ള നിലയിൽ ശ്രീ. ജി. സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമായിരുന്നു. ആരും കടക്കാൻ ശ്രമിക്കാത്ത മേഖലകളിൽ അദ്ദേഹം കടക്കുകയും ഒരു നല്ല പാത വെട്ടിത്തുറക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുകയും ചെയ്തു. പക്ഷേ കേരള സമൂഹം ഇന്നും വിശ്വസിക്കുന്നത് ബഹുമാന്യനായ ജി. സുധാകരൻ തിരുത്തണം. വളരെ നല്ലൊരു പാത സ്വീകരിച്ച് മുന്നോട്ടുപോയ ശ്രീ. ജി. സുധാകരനെ ദേവസ്വം മന്ത്രി സ്ഥാനത്തുനിന്നും മാറ്റി ഏതു മേധാവിത്വത്തോടാണ് എൽ.ഡി.എഫ്. കോംപ്രമൈസ് ചെയ്തത് ; എന്തിനാണ് ശ്രീ. ജി. സുധാകരനെ ദേവസ്വം വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് മാറ്റിയത് ; മറ്റൊരു മന്ത്രിയുടെയും വകുപ്പ് മാറ്റിയില്ല. ശ്രീ. ജി. സുധാകരനെ ദേവസ്വം വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് മാറ്റാനുള്ള ചേതോവികാരമെന്തായിരുന്നു ? നിങ്ങളിൽ നിന്ന് ഉത്തരം കിട്ടാനായി കേരളം ആഗ്രഹിക്കുന്നൊരു കാര്യമാണിത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, അദ്ദേഹം മന്ത്രിയായിത്തന്നെ തുടർന്നു. മുന്നണി രാഷ്ട്രീയത്തിന്റെ ഭാഗമായി ദേവസ്വം വകുപ്പ് മറ്റൊരാൾ ഏറ്റെടുത്തു. പക്ഷേ അദ്ദേഹം കൊണ്ടുവന്ന ആ നിയമം അവിടെത്തന്നെ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട പാലോട് രവി, ആത്മാർത്ഥയുടെ ഒരു കണിക മനസ്സിൽ വച്ചുകൊണ്ടാണ് അങ്ങ് പറഞ്ഞതെങ്കിൽ ശ്രീ. ജി. സുധാകരൻ വെട്ടിത്തുറന്ന ശരിയായ പാതയിലൂടെ പോകാൻ അങ്ങയുടെ പാർട്ടിയെ ഉപദേശിക്കുകയല്ലേ വേണ്ടത് ; എന്നിന്റെ അടിസ്ഥാനത്തിലാണ് വഴിപിഴച്ച പാതയിലൂടെ പോകാൻ അങ്ങയുടെ സഹപ്രവർത്തകനായ ശ്രീ. വി. എസ്. ശിവകുമാറിന് പിന്തുണ കൊടുക്കുന്നത് ?

<u>ശ്രീ. പാലോട് രവി</u> : സർ, ഈ ബില്ല് സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ അതിൽ അങ്ങും ഞാനുമൊക്കെയുണ്ടായിരുന്നല്ലോ, ഓരോ കാര്യങ്ങളിലും എന്ത് കൺസെൻസസ് ആയിരുന്നു ഉണ്ടായിരുന്നത്. ഏതെങ്കിലും കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ടായോ ; ഇത്രയുമൊരു കൺസെൻസസ് ഉണ്ടാക്കിയേ ഈ ബിൽ വരാവൂ എന്നുപറഞ്ഞ് ഏകകണ്ഠമായി ആ സബ്ജക്ട് കമ്മിറ്റിയിൽ അഭിപ്രായം രേഖപ്പെടുത്തിയവരല്ലേ ഞങ്ങളൊക്കെ ? അങ്ങേയ്ക്ക് അറിയാമല്ലോ.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, ബഹുമാനപ്പെട്ട ചെയർ ഇത് ശ്രദ്ധിക്കണം. സാധാരണ ഗതിയിൽ സബ്ജക്ട് കമ്മിറ്റിയിലെ കാര്യങ്ങൾ നമ്മളിവിടെ ചർച്ച ചെയ്യാറില്ല. അത് ചർച്ച ചെയ്യാൽപ്പോലും, ഞങ്ങൾ വളരെ ശക്തമായി എതിർത്തു, ഇവർ കൊണ്ടുവന്ന ഓർഡിനൻസ് ഉണ്ടല്ലോ, അത് മിനിറ്റ്സ് ചെയ്യാനും പറഞ്ഞിട്ടുണ്ട്. കൊണ്ടുവന്ന ഓർഡിനൻസിന്റെ വ്യവസ്ഥയ്ക്ക് വ്യത്യസ്തമായി അഞ്ചുപേർ ഇതിന്റെ ബോർഡ് അംഗങ്ങൾ, ആ ബോർഡിൽ തന്നെ ഒരു വനിതയും, എസ്.സി./എസ്.റ്റി.- ക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം പ്രത്യേകം ആളുകളും വേണമെന്ന് പറഞ്ഞ് അതിനെ രണ്ടുംകൂടെ ഒന്നിപ്പിച്ച് എടുത്ത നിലപാടിനെ ഉൾപ്പെടെ ഞങ്ങൾ എതിർത്തു. അതുപോലെ സംവരണം ഒഴിവാക്കുന്നതിനെ എതിർത്തു. ഈ നിയമം തന്നെ പി.എസ്.സി.-ക്ക് വിട്ടതാണ്. ഇതെല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ മിനിറ്റ്സ് സമർപ്പിക്കാൻ ബഹുമാനപ്പെട്ട ചെയർ ആവശ്യപ്പെടണം. അങ്ങയെപ്പോലുള്ളവർ ഇങ്ങനെ തെറ്റായി പറയാൻ പാടില്ല. ഞങ്ങൾ അതിശക്തമായ വിയോജിപ്പ് രേഖപ്പെടുത്തി. നിങ്ങൾ ഭരണകക്ഷിയുടെ ഭൂരിപക്ഷവും മേധാവിത്വവും വച്ചുകൊണ്ട് ഇതിനെ നിയമമാക്കി കൊണ്ടുവരികയാണ്. സാധാരണഗതിയിൽ സബ്ജക്ട് കമ്മിറ്റിയിൽ ഇങ്ങനെ കൺസെൻസസ് ഉണ്ടായിക്കഴിഞ്ഞാൽ നമ്മൾ ഇവിടെയിങ്ങനെ വർത്തമാനം പറയില്ല. ഞങ്ങൾ എത്ര നിയമത്തിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതാണ്. ശക്തമായിട്ടുള്ള വിയോജിപ്പ് അവിടെപ്പറഞ്ഞ് ഫലമില്ലാത്തതുകൊണ്ടാണ് ഇവിടെ എതിർക്കുന്നത്. ശ്രീ. ജി. സുധാകരൻ വെട്ടിത്തുറന്ന ശരിയായ പാതയെക്കുറിച്ച് അങ്ങ് വളരെ ഭംഗിയായി വർണ്ണിച്ചു. ആ ശരിയായ പാതയുടെ തുടർച്ചയിലല്ലേ പോകേണ്ടത് ; കോൺഗ്രസ് തെറ്റായ പാതയിൽ മാത്രം പോകുന്നതാണെന്നാണോ അങ്ങയുടെ അഭിപ്രായം ; അപ്പോൾ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോടത് പറയുന്നില്ല ; എന്തിനുവേണ്ടിയാണ് പി.എസ്.സി. നിയമനം എന്ന ആ പ്രോസസ്സ് വളരെയധികം മുമ്പോട്ടുപോയത് ; അവസാനം നിയമനം നടക്കാൻ പോകുന്ന സമയത്ത് നിങ്ങളത് അട്ടിമറിക്കുന്നത് ? ഞാൻ വീണ്ടും പറയട്ടെ, നേരത്തെ പറഞ്ഞപോലെതന്നെ ഇത് ഇവിടത്തെ വർഗ്ഗീയ സാമുദായിക സംഘടനകളുടെ ഇംഗിതത്തിന് വിധേയമായി, അത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതങ്ങളെപ്പറ്റി പറഞ്ഞപ്പോഴാണ് ഞാൻ കാശി വിശ്വനാഥ ക്ഷേത്രത്തിന്റെ കാര്യം പറഞ്ഞത്, വെറുതേ പറഞ്ഞതല്ല. അങ്ങനെയൊരു അന്തരീക്ഷമുള്ള നമ്മുടെ ഇന്ത്യയിൽ പള്ളിപൊളിച്ച് ക്ഷേത്രം പണിയുകയാണ്. ഇന്ത്യയുടെ വിമോചനത്തിന് ആവശ്യമെന്ന തത്വശാസ്ത്രം അവസരം കിട്ടിയപ്പോൾ ഈ ആളുകൾ പ്രചരിപ്പിച്ചു. കാശി വിശ്വനാഥ ക്ഷേത്രത്തിന്റെ പാരമ്പര്യം നോക്കണം.

ശ്രീ. കെ. എം. ഷാജി ഇപ്പോൾ കടന്നുവരുന്നതുകണ്ടു. ശ്രീ. കെ. എം. ഷാജി അന്നിവിടെ പറഞ്ഞിട്ടുള്ള ഒരു മാനദണ്ഡമുണ്ട്. അതായത്, വിശ്വാസത്തിന്റെ പേരിലല്ലാതെ നിലവിളക്ക് കത്തിക്കുന്നത് ആവാം. വിശ്വാസത്തിന്റെ ഭാഗമായി നിലവിളക്ക് കത്തിച്ചാൽ അവൻ ഇസ്ലാമിൽ നിന്നും പുറത്തായിരിക്കുമെന്നൊരു വാചകം അന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ശ്രീ. കെ. എം. ഷാജിയുടെ ആ ഒരു നോം അനുസരിച്ച് ഉസ്താദ് ബിസ്മില്ലാഖാനെ അവർ മുസ്ലീമിൽ നിന്നു പുറത്താക്കും.

കാരണം, അദ്ദേഹം കാശിവിശ്വനാഥ ക്ഷേത്രത്തിലെ വിശ്വനാഥനെന്ന ദൈവത്തിന്റെ പ്രീതിക്കുവേണ്ടിയാണല്ലോ ഷെഹനായി വായിച്ചുകൊണ്ടിരുന്നത്. അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ വേറൊരു ഭാഗത്ത് നടക്കുന്നുണ്ട്. കാശി വിശ്വനാഥ ക്ഷേത്രത്തിന്റെ പൈതൃകമോ പാരമ്പര്യമോ അല്ലെങ്കിൽ അവിടത്തെ വിശ്വാസികളുടെ മനോഭാവമോ എല്ലാം പുത്തുലഞ്ഞുനിന്ന ഒരു നാടാണ് ഇന്ത്യ. അവിടെയാണ് ഒരു പള്ളി തകർത്ത് ക്ഷേത്രം പണിതാലേ ഇവിടെ ഹിന്ദുവിന് വിമോചനം ഉണ്ടാകൂ എന്ന ആശയം അതിശക്തമായി ആർ.എസ്.എസ്.-കാർ അവസരം കിട്ടിയപ്പോൾ പ്രചരിപ്പിച്ചത്. ആർ.എസ്.എസ്.-ന്റെയും സമുദായ പ്രമാണിമാരുടെയും കയ്യിലേയ്ക്ക് കേരളത്തിലെ മലബാറിലെ ക്ഷേത്രങ്ങളെ എറിഞ്ഞു കൊടുക്കുന്ന നിയമമാണിത് എന്നുള്ളതു കൊണ്ടാണ് ഞാൻ ഇതിനെ ശക്തമായിട്ട് എതിർക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ബഹുമാനപ്പെട്ട അംഗം വളരെ മനോഹരമായിട്ടാണ് ഇവിടെ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. കാശി ക്ഷേത്രത്തിലേയ്ക്കും ബിസ്മില്ലാഖാന്റെ നാദസ്വരത്തിലേക്കും പോകുന്നതിനപ്പുറം കേരളത്തിൽ തന്നെ ഇങ്ങനെ വലിയ സാംസ്കാരിക പൈതൃകങ്ങളുണ്ട് എന്നങ്ങയെ ബോധ്യപ്പെടുത്താനാണ് ഞാനിത് പറയുന്നത്. എന്റെ നിയോജകമണ്ഡലമായ താനൂരിലെ വളരെ പ്രസിദ്ധമായ ക്ഷേത്രമാണ് താനൂർ ശോഭക്ഷേത്രം. ആ ക്ഷേത്രത്തിലെ 'ആവാൻ' എന്നറിയപ്പെടുന്ന പൂജാരി, തന്റെ സ്ഥാനമേറ്റെടുക്കുന്ന സമയത്ത് അവിടത്തെ പ്രസിദ്ധമായ മുസ്ലീം കുടുംബമായ പഴയകത്ത് കുടുംബത്തിൽ പോയി ഉടവാളുവാങ്ങിയാണ് സ്ഥാന മേറ്റെടുക്കാൻ ക്ഷേത്രത്തിലേയ്ക്കുവരുന്നത് എന്ന വളരെ മനോഹരമായൊരു പാരമ്പര്യം കേരളത്തിൽത്തന്നെയുണ്ട്. അങ്ങനെ ഒരുപാട് പാരമ്പര്യങ്ങൾ നമ്മുടെ കേരളത്തിൽ കാണാൻ കഴിയും. ആ പാരമ്പര്യം നിലനിർത്തുന്നതിന് അനുസൃതമായ ഇടപെടലുകളും പ്രവർത്തനങ്ങളുമായിരിക്കണം അങ്ങയെപ്പോലുള്ള മതേതര ചിന്തയുള്ളവരിൽ നിന്നുണ്ടാകേണ്ടത്. നിങ്ങളുടെ പ്രസംഗത്തിലും വാചകങ്ങളിലുമുള്ള ചെറിയ വാക്കുകൾകൊണ്ടുപോലും സാമുദായിക സ്പർദ്ധയ്ക്ക് ഇടംകൊടുക്കാതിരിക്കാനുള്ള സൂക്ഷ്മത വേണമെന്ന് അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. എം. ഷാജി : സർ, ഞാനങ്ങനെ തിരുത്താൻ വേണ്ടി പറയുന്നതല്ല. വിശ്വാസമെന്ന് പറയുന്നത് ഒരാളുടെ സ്വകാര്യമായ പ്രശ്നമാണ്. അതൊരു പൊതു പ്രശ്നമായോ, സാമൂഹിക പ്രശ്നമായോ വരുമ്പോഴാണ് കുഴപ്പമുണ്ടാകുന്നത്. എന്റെ ദൈവത്തോടും ഞാൻ വിശ്വസിക്കുന്ന അള്ളാഹുവിനോടുമാണ് എന്റെ കാര്യമുള്ളത്. ദയവുചെയ്ത് അതിനെ ഉസ്താദ് ബിസ്മില്ലാഖാനിലേയ്ക്കും മറ്റും കൊണ്ടുപോകരുത്. അങ്ങനെയൊരു തർക്കത്തിന് താല്പര്യമുള്ള കാര്യമല്ല ഞാൻ പറഞ്ഞത്. കാരണം,

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് ആശയ രീതികളുണ്ട്. ദയവുചെയ്ത് എന്നെ അതിൽവച്ച് കണക്ക് ചെയ്യരുത്. എന്റെ വിശ്വാസം എന്റെ ദൈവവുമായിട്ടുള്ള കാര്യമാണ്. അങ്ങനെയേ കാണാവൂ. ഞാൻ ശ്രീ. എ. പ്രദീപ് കുമാറിനെപ്പോലുള്ള ഒരാളായതുകൊണ്ടാണ് പറയുന്നത്. അങ്ങനെയേ കാണാവൂ. ദയവുചെയ്ത് അതിനെ നിങ്ങൾ വിശാലമായ അർത്ഥത്തിലേയ്ക്ക് കൊണ്ടുപോകരുത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ആരാധനാ രീതിയിൽ വളരെയേറെ വൈജാത്യമുണ്ട്. എന്റെ നാട്ടിലൊരു അഹമ്മദിക്ക ഉണ്ട്. പ്രായമായ ഒരു മുസ്ലീം കാരണവരാണ്. അദ്ദേഹം എല്ലാ ദിവസവും വൈകുന്നേരം വിളക്കുവയ്ക്കുന്ന ആളാണ്. അദ്ദേഹം അഞ്ച് നേരം നിസ്കരിക്കുന്ന ആളുമാണ്. മുസ്ലീങ്ങളുടെ ഇടയിലും ഒട്ടേറെ വൈജാത്യങ്ങൾ നിലനിൽക്കുന്നുണ്ടെന്ന കാര്യം കൂടി മനസ്സിലാക്കേണ്ടതാണ്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഇവിടെ വിശ്വാസങ്ങളിലും ദൈവങ്ങളിലുമൊക്കെ ഒരുപാട് വൈവിദ്ധ്യങ്ങൾ, പ്രത്യേകിച്ച് ഹിന്ദുമതത്തിനകത്തുണ്ട്. ശ്രീ. റ്റി. വി. രാജേഷ്, രാജസ്ഥാനിലും ബീഹാറിലും ഇവിടത്തെ ഗുളികനും കുട്ടിച്ചാത്തനുമൊക്കെയുണ്ടോ ? ഇല്ല. അവിടെ അവർക്കത് പറഞ്ഞാലറിയില്ല. നമുക്ക് ഗുളികൻ, കുട്ടിച്ചാത്തൻ എന്നുപറയുന്ന ദൈവങ്ങളൊക്കെയുണ്ട്. അങ്ങനെ ഒരുപാട് വൈവിധ്യങ്ങളും വ്യത്യസ്തതകളുമുണ്ട്. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി, കേരളത്തിൽ ഇതുപോലുള്ള ഇടങ്ങളുണ്ടെന്ന് അറിയാത്തതുകൊണ്ടല്ല. കേരളത്തിൽ ഇന്ന് ഇതൊരു പ്രശ്നമല്ല. ശ്രീ. കെ. എം. ഷാജി പറഞ്ഞ വികാരത്തോട് ഞാൻ യോജിക്കുന്നു. ഞാൻ അതിന് മുകളിൽ മറ്റൊരു തരത്തിലേയ്ക്കുപോകാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ നല്ല മനസ്സിനെ കാണുന്നു. ഞാൻ പറഞ്ഞുവന്നത്, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ ആ അന്തരീക്ഷം ഈ നാട്ടിലുണ്ട്. പക്ഷേ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉൾപ്പെടെ പിന്തുണയ്ക്കുന്ന ഈ നിയമം വന്നാൽ, ഈ സാമുദായിക ശക്തികൾ, വർഗ്ഗീയവാദികൾ ഇവിടെ കയറി നിരങ്ങും. നിങ്ങളിപ്പോൾ പറഞ്ഞ അന്തരീക്ഷം പോകും. നിങ്ങൾ പറഞ്ഞ ക്ഷേത്രത്തിന്റെ നടത്തിപ്പവകാശം ട്രസ്റ്റുകളിലും ഹിന്ദു ഐക്യവേദികളിലും സവർണ്ണ സമുദായ സംഘടനകളിലുമൊക്കെ വന്ന് പിടിയുറപ്പിച്ചാൽ പിന്നെ നിങ്ങൾ പറഞ്ഞ അന്തരീക്ഷമുണ്ടാകില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നമുക്ക് അഭിമാനപൂർവ്വം എടുത്തുയർത്തി പറയാവുന്ന ഒരു അന്തരീക്ഷം കാശി വിശ്വനാഥ ക്ഷേത്രത്തിന് ഉണ്ടായിരുന്നു. അവിടെയാണ് ബാബറി മസ്ജിദ് അപ്പുറത്തുപോയി പൊളിച്ചത്. അവിടെ ക്ഷേത്രം പണിതാലേ ഈ നാടിന്, ഇവിടത്തെ ഹിന്ദുവിന് വിമോചനമുണ്ടാകുവെന്ന ആശയം പ്രചരിപ്പിച്ച് രാഷ്ട്രീയത്തിന്റെ അധികാരത്തിലേയ്ക്കുവരെ ഇവർ നടന്നടുത്തത്. ആ സാഹചര്യം ഈ കേരളത്തിലും ഉണ്ടാക്കാനാണോ ഇതുപോലെ വികലവും വികൃതവുമായൊരു

LIBRARY ARCHIVES Kerala Legislative Assembly

നിയമവുമായിട്ട് നിങ്ങൾ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. കോൺഗ്രസ്സിനെ മാത്രമാണ് ഞാൻ പറയുന്നത്. ഈ വർഗ്ഗീയതയെ എതിർക്കുന്നതിന് നിങ്ങൾ എല്ലാകാലത്തും വളരെ അവസരവാദപരമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, വൈവിദ്ധ്യങ്ങളായ ആരാധനാ രീതികളെ ക്കുറിച്ചാണ് അങ്ങ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. വിളക്കുകൊളുത്തുക എന്ന് പറയുമ്പോൾ ശ്രീ. കെ. എം. ഷാജിയെപോലുള്ളവർക്ക് എന്തിനാണ് പ്രയാസം ഉണ്ടാകുന്നത് ? കേരളത്തിന്റെ മെക്ക എന്നറിയപ്പെടുന്ന പൊന്നാനിയിലെ പള്ളിയിൽ മത വിദ്യാഭ്യാസത്തിനുവരുന്ന കുട്ടികളുടെ ഒരു പ്രധാനപ്പെട്ട ചടങ്ങാണ് വിളക്കുകത്തിക്കൽ. എന്ത് അടിസ്ഥാനത്തിലാണ് മുസ്ലീം ലീഗുകാർ തർക്കവുമായി പോകുന്നത് ? അവിടെ നിലവിളക്കുകൊളുത്തിയാൽ മാത്രമേ മതപഠനം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. പ്രദീപ്കുമാർ : സർ, ആർ.എസ്.എസ്-ന്റെയും ഹിന്ദു വർഗ്ഗീയ വാദികളുടെയുമെല്ലാം ആശയം ഈ നാട്ടിൽ ശക്തിപ്പെടുത്തുന്നതിന് കോൺഗ്രസ് ഓരോ കാലത്തും സ്വീകരിച്ച അവസരവാദപരമായ നിലപാടുകളുണ്ട്. ഇവിടെ പലതരത്തിലുള്ള മുസ്ലീം തീവ്രവാദ സംഘടനകൾ നിരോധിക്കപ്പെട്ടിട്ടുണ്ട്; നിരോധിക്കപ്പെടേണ്ടതുതന്നെയാണ്. അതോടൊപ്പം ഒരേ നുകത്തിൽ വച്ചുകെട്ടാൻ പറ്റാവുന്ന ഒരു പ്രതിഭാസമാണല്ലോ ആർ.എസ്.എസ്. (രാഷ്ട്രീയ സ്വയംസേവക് സംഘ്) എന്നുപറയുന്ന ഹിന്ദു തീവ്രവാദ സംഘടന. നമ്മുടെ രാഷ്ട്രപിതാവിനെ വധിച്ച പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളാണ് അവർ. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വധിക്കപ്പെട്ടപ്പോൾ ആർ.എസ്.എസ്-നെ നിരോധിച്ചു. പക്ഷേ ഒന്നരവർഷം കഴിഞ്ഞപ്പോൾ കോൺഗ്രസ് ആ നിരോധനം പിൻവലിച്ചുകൊടുത്തു. ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനം നടത്തില്ല, തെരഞ്ഞെടുപ്പിൽ മത്സരിക്കില്ല എന്ന് എഴുതി വാങ്ങിയിട്ടാണ് നിരോധനം പിൻവലിച്ചുകൊടുത്തത്. അവർ രാഷ്ട്രീയപ്രവർത്തനം നടത്തി തെരഞ്ഞെടുപ്പിൽ മത്സരിച്ച് അധികാരത്തിൽ വരരുത്, അതിന്റെ ആപത്ത് ഉണ്ടാകരുത്. അതിനപ്പുറം അവരുടെ പ്രത്യയശാസ്ത്രത്തിന് നിങ്ങൾ പ്രാധാന്യം കൊടുത്തില്ല. അതിന്റെ ആപത്ത് നിങ്ങൾ കണ്ടില്ല. അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചില്ല. നിങ്ങൾ ആ നിരോധനം പിൻവലിച്ചു കൊടുത്തു.

ശ്രീ. എ. കെ. ബാലൻ : സർ, xxx*

ശ്രീ. എ. പ്രദീപ്കുമാർ : ശക്തമായ മതനിരപേക്ഷ നിലപാട് സ്വീകരിച്ചിരുന്ന ആളാണ് ജവഹർലാൽ നെഹ്റു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചപ്പോഴാണ് ഓർമ്മ വന്നത്.... (ബഹളം)....

*രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. കെ. ബാലൻ</u> : എം. ഒ. മത്തായി എഴുതിയ "റെമനിസൻസ് ഓഫ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു" എന്ന പുസ്തകത്തിൽ ഇതുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ആദ്യം പുസ്തകം വായിക്കണം. എല്ലാ കോൺഗ്രസ്സുകാർക്കും ശ്രീ. വി. ഡി. സതീശനും അറിയാം. ആർ.എസ്.എസ്. കാർക്ക് കോൺഗ്രസ്സിൽ മെമ്പർഷിപ്പ് കൊടുക്കാൻ *** പങ്കെടുത്ത വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചു പിന്നീട് ജവഹർലാൽ നെഹ്റുവാണ് അത് മാറ്റിയത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ***

<u>മി. ചെയർമാൻ</u> : ആ ഭാഗങ്ങൾ രേഖയിൽ ഉണ്ടാകുകയില്ല.

<u>ശ്രീ. എ. കെ. ബാലൻ</u> : എന്ത് രേഖയിൽ ഉണ്ടാകില്ലായെന്ന് ? അത് ചരിത്രമാണ്. ....(ബഹളം)....

<u>മി. ചെയർമാൻ</u> : യെസ്... യെസ്. ....(ബഹളം).... Pradeep, you carry on.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാന്യനായ എ. കെ. ബാലൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ അപമാനിക്കാൻ ശ്രമിച്ചില്ലായെന്നുമാത്രമല്ല, അദ്ദേഹം നെഹ്റുവിന്റെ പ്രത്യേകതയും പ്രഭാവവും കാണിക്കാൻവേണ്ടിയാണ് ശ്രമിച്ചത്. അതുമാത്രമല്ല അദ്ദേഹം എം. ഒ. മത്തായിയുടെ പുസ്തകത്തെപ്പറ്റിയാണ് പറഞ്ഞത്. ഇന്ത്യയിൽ നിരോധിച്ച ഒരു പുസ്തകമല്ല മത്തായിയുടെ പുസ്തകം. ആ പുസ്തകത്തെ ഒരംഗം ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു പരാമർശം നടത്തിയാൽ അത് രേഖയിൽ നിന്നും നീക്കംചെയ്യുന്നത് ഓർഡറിലാണോ ; അതിന്റെ ആവശ്യം എന്താണ്? ....(ബഹളം)....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, പോയിന്റ് ഓഫ് ഓർഡർ... (ബഹളം).... *** നീക്കം ചെയ്ത റൂളിംഗിനെ ഏതെങ്കിലും പോയിന്റ് ഓഫ് ഓർഡറിൽക്കൂടി വിമർശിക്കുന്നത് ഒരംഗത്തിന്റെ പെരുമാറ്റചട്ടത്തിന് ചേർന്നതാണോയെന്നത് ചെയർ പരിശോധിക്കേണ്ടതാണ്. റൂളിംഗിനെതിരെ പോയിന്റ് ഓഫ് ഓർഡർ ഉണ്ടോ ?

<u>മി. ചെയർമാൻ</u> : യെസ് പ്ലീസ്... പ്ലീസ്... ശ്രീ. എ. കെ. ബാലൻ, ...പ്ലീസ്.. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ.. പ്ലീസ്.... പ്ലീസ്... ശ്രീ. വിഷ്ണുനാഥ് നിങ്ങൾ സംസാരിക്കുമ്പോൾ അതിനുള്ള കാര്യങ്ങൾ പറയാവുന്നതാണ് .... (ബഹളം)....

***രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. കെ. ബാലൻ :</u> സർ, ഞാൻ ആ പുസ്തകം ഹാജരാക്കാം. ഞാൻ ആ പുസ്തകം വായിച്ചിട്ട് മാതൃഭൂമി പത്രത്തിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ അത് വായിച്ചിട്ടുണ്ട്. *** ഇതാണ് ഞാൻ പറഞ്ഞത്.

2.00 PM]

<u>ശ്രീ. എ. പ്രദീപ്കുമാർ :</u> ഇവിടെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ചർച്ച ചെയ്യുന്ന പശ്ചാത്തലത്തിൽ ഇവിടത്തെ സാമുദായിക വർഗ്ഗീയ ശക്തികൾക്ക് സൗകര്യമൊരുക്കുന്ന ഒരു ഉള്ളടക്കം അതിലുണ്ട്. അഖിലേന്ത്യാതലത്തിൽ ആർ.എസ്.എസും ഹിന്ദുവർഗ്ഗീയ ശക്തികളുമൊക്കെ ശക്തിപ്പെട്ട പശ്ചാത്തലം പറഞ്ഞു. ഓരോ കാലത്തും കോൺഗ്രസുകാർ സ്വീകരിച്ച അവസരവാദപരമായ നിലപാടുകളെ ഉറന്നുകാണിക്കുന്നതിന്റെ ഫലമായി രാഷ്ട്രപിതാവിനെ വധിച്ച ആർ.എസ്.എസ്-നെ നിങ്ങൾ നിരോധിച്ചു. അത് ശരിയായ തീരുമാനം. ആ നിരോധനം പിന്നീട് ഒന്നരവർഷം കഴിഞ്ഞപ്പോൾ 'ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നില്ല. ഞങ്ങൾ ഇലക്ഷനിൽ മത്സരിക്കില്ല' എന്ന് പറഞ്ഞപ്പോൾ നിങ്ങൾ നിരോധനം പിൻവലിച്ചുകൊടുത്തു. അവർ ഉയർത്തുന്ന പ്രത്യയശാസ്ത്രത്തിന്റെ ആപത്ത് കോൺഗ്രസ് കാണാതെപോയി. ഒരുകാര്യം ഞങ്ങൾ ആവർത്തിച്ച് പറയുകയാണ്. ജവഹർലാൽ നെഹ്റു വളരെ ശക്തമായി വർഗ്ഗീയതയ്ക്കെതിരെ, മതനിരപേക്ഷതയ്ക്കുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങളാണല്ലോ ബാബറി മസ്ജിദ് തകർക്കുന്നതിന് ശ്രീ. നരസിംഹ റാവുവിന്റെ കാലത്ത് കടപിടിച്ചുകൊടുത്തത്. നേരത്തേ രാമവിഗ്രഹം അവിടെ കൊണ്ടുവന്നപ്പോൾ ഇത് കൊണ്ടുപോയി സരയു നദിയിൽ ഒഴുക്കാൻ പറഞ്ഞത് ജവഹർലാൽ നെഹ്റുവാണ്. രാമൻ അവസാനം മോക്ഷംപ്രാപിച്ചത് അവിടെയാണെന്നും വിഗ്രഹം കിടക്കേണ്ടത് അവിടെയാണെന്നും പറയാനുള്ള തന്റേടമുണ്ടായിരുന്നു നെഹ്റുവിന്. പട്ടേൽ എന്ന ദേശീയ പ്രസ്ഥാനത്തിന്റെ മഹാനായ നേതാവിനെ അപമാനിക്കുകയല്ല. ഒരു വസ്തുത പറഞ്ഞപ്പോൾ നിങ്ങൾ ഇങ്ങനെ അസ്വസ്ഥത കാണിക്കേണ്ട കാര്യമില്ല. ഗാന്ധിജിയെക്കാൾ മുമ്പേ വധിക്കപ്പെടേണ്ടത് നെഹ്റുവാണെന്ന് ആർ.എസ്.എസ്-ന്റെ മുഖപത്രം ലേഖനമെഴുതിയപ്പോൾ നിങ്ങളുടെ വികാരം എവിടെയായിരുന്നു ? നിങ്ങൾ മിണ്ടിയോ ? നിങ്ങളുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേയ്ക്ക് മദ്യത്തിനെതിരായ യാത്ര നടത്തുകയായിരുന്നില്ലേ ? ആ സമയത്ത് ദേശീയ പ്രസ്ഥാനത്തിന്റെ സമരചരിത്രമുള്ള കോഴിക്കോട് വന്നപ്പോഴെങ്കിലും ഗാന്ധിജിയെക്കാൾ മുമ്പ് വധിക്കപ്പെടേണ്ടത് നെഹ്റുവായിരുന്നുവെന്ന് ലേഖനമെഴുതിയ ആർ.എസ്.എസ്-ന്റെ മുഖപത്രത്തിന്റെ നിലപാടിനെതിരെ അദ്ദേഹം പ്രസ്താവന നടത്തുമെന്ന് വിചാരിച്ചു അങ്ങനെ ചെയ്തോ ?

***രേഖയിൽനിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, പട്ടേലിന്റെയും നെഹ്റുവിന്റെയും നിലപാടുകൾ രണ്ടായിരുന്നുവെന്നാണ് അങ്ങിവിടെ സംസാരിക്കുന്നതിനിടെ പറഞ്ഞത്. പട്ടേലിനെ കുറിച്ച് നിങ്ങൾ ഇത്ര ആവേശം കൊള്ളേണ്ട. ഈ പട്ടേലിനെയാണ് രണ്ടാമത്തെ മിത്തായി ഇന്ത്യയിൽ ഉയർത്തികൊണ്ടുവരാൻ ആർ.എസ്.എസ് തീരുമാനിക്കുന്നതും, ഗുജറാത്തിൽ വലിയ പ്രതിമയുണ്ടാക്കുന്നതും. നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ, 2005-ൽ, നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട നേതാവായിരുന്നെങ്കിലും പട്ടേലിനേയും കൊണ്ട് ബി.ജെ.പി പോയി, ആർ.എസ്.എസ്. കൊണ്ടുപോയി. സബർമതി വേറെ ആരോ കൊണ്ടുപോയി. നാഥൂറാം വിനായക് ഗോഡ്സെയുടെ പ്രതിമ സ്ഥാപിക്കുന്ന സമയത്ത് പ്രതികരിക്കാൻപോലും നിങ്ങൾക്ക് കഴിയുന്നില്ല. കോൺഗ്രസ് രാഷ്ട്രീയമായി പ്രതികരിക്കുന്നില്ല, പ്രതിരോധിക്കുന്നുമില്ല.

ശ്രീ. സി. പി. മുഹമ്മദ് : സർ, മഹാത്മാഗാന്ധി വധത്തെത്തുടർന്ന് ആർ.എസ്.എസ്-നെ ഇന്ത്യയിൽ നിരോധിച്ചത് കോൺഗ്രസ് ഗവൺമെന്റാണ്; അടിയന്തരാവസ്ഥയിൽ ആർ.എസ്.എസ്-നെ നിരോധിച്ചത് കോൺഗ്രസ് ഗവൺമെന്റാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ആർ.എസ്.എസ്-മായും ബി.ജെ.പി.-യുമായും കൂട്ടുകൂടാത്ത ഏകപാർട്ടി കോൺഗ്രസാണ്. എന്നാൽ മൊറാർജി ദേശായിയെ പ്രധാനമന്ത്രിയാക്കുന്ന ജനതാപാർട്ടിക്ക് പിന്തുണ കൊടുക്കുന്നതിലും, വി.പി. സിംഗിന് പിന്തുണ കൊടുക്കുന്നതിലും, രണ്ട് സീറ്റുണ്ടായിരുന്ന ബി.ജെ.പി. യെ ഇന്ത്യൻ പാർലമെന്റിൽ ഇന്നത്തെ വളർച്ചയിലേയ്ക്ക് എത്തിച്ചതിലും നിർണ്ണായകമായ പങ്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ട്. അത് വിസ്മരിച്ചുകൊണ്ട് ചരിത്രത്തെ വഴിതെറ്റിച്ച് സംസാരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, ബേപ്പൂർ മോഡൽ, വടകര മോഡൽ ആർ.എസ്.എസ്-ഉം കോൺഗ്രസും നടത്തിയിട്ടുള്ള ഗൂഢാലോചന മാരാരുടെ ജീവചരിത്രത്തിൽ വായിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, മാരാരെ അസംബ്ലിയിൽ സ്ഥാനാർത്ഥിയാക്കി പിന്തുണകൊടുത്ത നിങ്ങൾക്ക് മാരാരെ ക്വാട്ട് ചെയ്യാൻ തോന്നും. പക്ഷേ മാരാരെ അസംബ്ലിയിൽ കൊണ്ടുവരാൻ കൂട്ടുനിന്ന ആളുകളാണ് നിങ്ങൾ എന്ന് മറക്കണ്ട.

ശ്രീ. എ. കെ. ബാലൻ : മഹാനായ എ.കെ.ജി.-ക്കെതിരെ ഗോവിന്ദൻ നായരെ സ്ഥാനാർത്ഥിയാക്കിയത് കോൺഗ്രസും മുസ്ലീംലീഗും ആർ.എസ്.എസ്-ഉം ചേർന്നിട്ടാണെന്നത് അറിയുമോ ?

ശ്രീ. കെ. മുരളീധരൻ : ഗോവിന്ദനെ പിൻതാങ്ങിയപ്പോൾ സി.പി.ഐ (എം.) ഉൾപ്പെട്ട മുന്നണിയും പിൻതാങ്ങി.

ശ്രീ. വി. റ്റി. ബൽറാം : സർ, മഹാത്മാ ഗാന്ധിയുടെ വധത്തിനുശേഷം ഇന്ത്യൻ രാഷ്ട്രീയ മനസ്സിൽ നിന്നും ഇന്ത്യയിലെ ജനങ്ങൾ തന്നെ ഏറ്റവും കൂടുതൽ വെറുത്ത ഒരു രാഷ്ട്രീയ സംഘടനയാണ് ആർ.എസ്.എസ്. എന്ന് നമുക്കെല്ലാവർക്കുമറിയാം. ആ ആർ.എസ്.എസ്-നെ നമ്മൾ ഭരണത്തിന്റെ അധികാരമുപയോഗിച്ച് മാത്രമല്ല നിരോധിച്ചത് മറിച്ച് ഈ രീതിയിൽ രാഷ്ട്രീയമായി തുറന്നുകാട്ടിക്കൊണ്ട് ആർ.എസ്.എസ്-ന്റെ രാഷ്ട്രീയ സ്പേസ് തന്നെ ഇല്ലാതാക്കി. 20 വർഷത്തോളം മുന്നോട്ടുപോയ ആർ.എസ്.എസ്-ന് ഇന്ത്യൻ രാഷ്ട്രീയമണ്ഡലത്തിലേയ്ക്ക് വലിയ തിരിച്ചുവരവ് നടത്താൻ സാധിച്ചത് നിങ്ങൾ ആർ.എസ്.എസ്-ന്റെ കൂടെ ചേർന്ന് നടത്തിയ മുന്നേറ്റങ്ങളുടെ ഭാഗമായിട്ടല്ലേ ? നിങ്ങൾ ഇപ്പോഴെങ്കിലും ഒരുകാര്യം വ്യക്തമായി പറയാൻ തയ്യാറാകണം. ഇന്ദിരാഗാന്ധിയെയാണോ ആർ.എസ്.എസ്.-നെയാണോ ഏറ്റവും വലിയ അപകടമായി, വലിയ എതിരാളികളായി നോക്കിക്കാണേണ്ടതെന്നതിനെ കുറിച്ച് ഇപ്പോഴെങ്കിലും, പത്ത്-മുപ്പത് വർഷങ്ങൾക്കുശേഷമെങ്കിലും നിങ്ങൾക്കൊരു തിരിച്ചറിവുണ്ടാകുന്നുണ്ടോ ?

Mr. Chairman : Shri. Pradeepkumar, you continue and close your speech. Please conclude. അങ്ങ് പറഞ്ഞതാണ് ഇനി ആർക്കും വഴങ്ങില്ലെന്ന്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ശ്രീ. എൽ. കെ. അദ്വാനിയെ ശ്രീ. വി. പി. സിംഗ് അറസ്റ്റ് ചെയ്തപ്പോഴാണ് ബി.ജെ.പി. വി. പി. സിംഗിനു കൊടുത്ത പിൻതുണ പിൻവലിച്ചത്. ആ വി. പി. സിംഗിനെ പുറത്താക്കാൻവേണ്ടി ബി.ജെ.പി.-യുമായി ചേർന്ന് വോട്ട് ചെയ്തത് കോൺഗ്രസാണെന്ന കാര്യം അങ്ങ് ഓർക്കുന്നില്ലേ ?

ശ്രീ. ബാബു എം. പാലിശ്ശേരി : ബി.ജെ.പി. രണ്ട് സീറ്റിൽ നിന്നും എൺപത് സീറ്റാക്കിയെന്നുപറഞ്ഞു. കേരളത്തിലോ ബംഗാളിലോ ത്രിപുരയിലോ സി.പി.ഐ (എം)-ന് സ്വാധീനമുള്ള ഒരു പ്രദേശത്തുനിന്നും ഒരു എം.പി പോലും വന്നില്ല. വന്നതെല്ലാം കോൺഗ്രസിന് സ്വാധീനമുള്ള സംസ്ഥാനങ്ങളിൽ നിന്നാണ്.

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം. അങ്ങേയ്ക്ക് പരമാവധി സമയം അനുവദിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് വളരെ ലിബറലായി പ്രസംഗിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പ്രദീപ്കുമാർ : ഇവിടെ പറഞ്ഞ വസ്തുതകളെല്ലാം നമ്മൾ ഒരുപാട് ചർച്ച ചെയ്തതാണ്. അതൊന്നുമല്ല ഞാൻ പറഞ്ഞത്. ഞാൻ പറയുന്നത് നിങ്ങളൊരിക്കലും ആർ.എസ്.എസ്.-ന്റെ ഐഡിയോളജിയുണ്ടാക്കുന്ന അല്ലെങ്കിൽ സൃഷ്ടിക്കുന്ന ഭീഷണി കണ്ടില്ല. അതുകൊണ്ടാണ് അന്ന് നിരോധിച്ചശേഷം വീണ്ടും അവർക്ക് പെർമിഷൻ കൊടുക്കുന്നതിന് നിങ്ങൾക്ക് പ്രശ്നമില്ലാതിരുന്നത്. നിങ്ങൾ ആത്മവിമർശനം നടത്തണം. ജവഹർലാൽ നെഹ്റുവാണ് ഗാന്ധിജിക്ക് മുമ്പേ വധിക്കപ്പെടേണ്ടതെന്ന് ആർ.എസ്.എസ്-ന്റെ മുഖപത്രമെഴുതിയപ്പോൾ കോൺഗ്രസിന്റെ ഭാഗത്തുനിന്ന് സടകുടഞ്ഞെഴുന്നേറ്റ് പ്രതിരോധമുയർത്താനായോ ? നിങ്ങളുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ കാസർഗോഡ് നിന്ന് മദ്യത്തിന്റെ ആപത്തും പറഞ്ഞ് ജാഥ നടത്തുന്ന സമയത്ത് എവിടെവച്ചെങ്കിലും, ഏതെങ്കിലുമൊരു പത്രസമ്മേളനത്തിൽവച്ച് അതിനെതിരെ പ്രതികരണം നടത്തിയോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയോ മറ്റാരെങ്കിലുമോ പ്രതികരിച്ചില്ല. ഇവിടെ മത്തായിയുടെ പുസ്തകത്തെ ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. കെ. ബാലൻ ഒരു വസ്തുത പറഞ്ഞു, സർദാർ വല്ലഭായ് പട്ടേലെടുത്ത ഒരു നിലപാടിനെ സംബന്ധിച്ച്, അത് ആരേയും അപകീർത്തിപ്പെടുത്താനല്ല, നിങ്ങൾ ഓരോ കാലത്തും സ്വീകരിച്ചിട്ടുള്ള രാഷ്ട്രീയമായ നിലപാടുകളുടെ പാകപ്പിഴകൾക്ക് നമ്മുടെ നാട് കൊടുക്കേണ്ടിവന്ന വില, അതൊന്ന് സൂചിപ്പിക്കാൻ പറഞ്ഞതാണ്. അപ്പോഴേയ്ക്ക് നിങ്ങൾ വലിയ അസ്വസ്ഥത പ്രകടിപ്പിച്ചു. ഇതേ സർദാർ വല്ലഭായ് പട്ടേലിനെ ആർ.എസ്.എസ്. അവരുടെ രാഷ്ട്രീയ പ്രചരണത്തിനുള്ള പ്രതീകമായി, ഒരു ആയുധമായി പ്രയോഗിക്കുമ്പോൾ എന്തുകൊണ്ടാണ് ഇന്ത്യയിലെ കോൺഗ്രസ് സർവ്വശക്തിയും ഉപയോഗിച്ച് അതിനെതിരെ സുശക്തമായ നിലപാട് സ്വീകരിക്കാത്തത് ? അതുപോലെ ഗാന്ധിജിയെ വധിച്ച ഗോഡ്സെയുടെ പ്രതിമ നിർമ്മിക്കുന്നു. ഇന്നത്തെ കേന്ദ്രാധികാരത്തിന്റെ സർവ്വസംരക്ഷണവും അവർ ഉപയോഗപ്പെടുത്തുകയാണ്. എന്തുകൊണ്ട് അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചില്ല ? അത് ബി.ജെ.പി.-യോ ഹിന്ദു ഐക്യവേദിയോ ആരുണ്ടാക്കുന്നുവെന്നല്ല, നമ്മുടെ രാഷ്ട്രപിതാവിനെ വധിച്ച ആ ഘാതകന്റെ ആ ഹിന്ദു സവർണ്ണവർഗ്ഗീയ ഫാസിസത്തിന്റെ പ്രത്യയശാസ്ത്രം അംഗീകരിക്കുന്ന ആ കൊലപാതകിയുടെ പ്രതിമ ഇവിടെ നിർമ്മിക്കുമ്പോൾ ഞങ്ങൾക്ക് കേരളത്തിനകത്തുനിന്ന് ഒച്ചയുണ്ടാക്കാനേ സാധിക്കൂ. ബംഗാളിലോ ഇടതുപക്ഷമുള്ള സ്റ്റേറ്റുകളിലോ ആണെങ്കിലേ ഞങ്ങൾക്ക് പ്രതികരിക്കാൻ സാധിക്കൂ. പക്ഷേ ഇന്ത്യയിലാകെ പടർന്നു പന്തലിച്ച് നിൽക്കുന്നുവെന്ന് നിങ്ങൾ പറയുന്ന കോൺഗ്രസ് എന്തുകൊണ്ട് സർവ്വശക്തിയും ഉപയോഗിച്ച് അതിനെതിരെ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നില്ല. രാഷ്ട്രപിതാവിനെ വധിച്ച ഗോഡ്സെയുടെ പ്രതിമ ഇന്ത്യയിൽ ഒരു സ്ഥലത്തുപോലും സ്ഥാപിക്കരുതെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഈ നിയമസഭ ആവശ്യപ്പെടണം. നിയമസഭ ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെടാൻ തയ്യാറുണ്ടോ ? അങ്ങനെയൊരു പ്രമേയം അവതരിപ്പിക്കാൻ മുഖ്യമന്ത്രിക്കോ നിങ്ങളുടെ കോൺഗ്രസ് നേതൃത്വത്തിനോ രാഷ്ട്രീയമായ തീരുമാനമെടുക്കാനുള്ള ചങ്കൂറ്റമുണ്ടോ ? നിങ്ങൾക്ക് കഴിയില്ല. എന്തുകൊണ്ടാണ് ? നിങ്ങൾ അവരെയും അവരുടെ ആശയങ്ങളെയും ഭയക്കുന്നു. തരാതരംപോലെ അവരുടെ വോട്ടുകൾ നിങ്ങൾ പ്രതീക്ഷിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ ഈ നിയമം ഇപ്പോൾ കൊണ്ടുവരുന്നതെന്നാണ് ഞാൻ പറയുന്നത്. ഒരു ഘട്ടത്തിൽപ്പോലും ആർ.എസ്.എസ്-ന്റെ ഐഡിയോളജിയെ ശക്തമായി എതിർക്കുന്ന നിലപാട് സ്വീകരിച്ചില്ല. കഴിഞ്ഞ ദിവസം ഒരു പിഞ്ചുകുഞ്ഞിനെ കൊലചെയ്ത ആർ.എസ്.എസ്.-കാരന്റെ കാര്യം ചർച്ച ചെയ്യപ്പോൾ ആഭ്യന്തര മന്ത്രി ഇവിടെ ഒരിക്കൽപ്പോലും, ഒരു ആർ.എസ്.എസ് കാരനാണെന്ന വാക്ക് പറയാത്തത് യാദൃശ്ചികമായിട്ടല്ല. അബദ്ധം സംഭവിച്ചതുമല്ല, അത് ബോധപൂർവ്വമാണ്. ഞങ്ങൾ ആവർത്തിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ആർ.എസ്.എസ് ആണെങ്കിലും കോൺഗ്രസാണെങ്കിലും മാർക്സിസ്റ്റാണെങ്കിലും ലീഗാണെങ്കിലും ഒന്നും ഞങ്ങൾ വിടില്ലായെന്ന്. അങ്ങനെ പൊതുവായാണ് പറഞ്ഞത്. അങ്ങനെയാണോ പറയേണ്ടത് ? ഞങ്ങൾക്കെതിരെ ഒരു ആക്ഷേപം വന്നാൽ അതിൽ വസ്തുതയുണ്ടോ ഇല്ലയോ എന്ന് അറിയുന്നതിനുമുമ്പ് ആര്, എന്ത് എന്ന് കേൾക്കുന്നതിനുമുമ്പ് നിങ്ങൾ നിരീക്ഷണം നടത്തി, നിഗമനങ്ങളിലെത്തി, പ്രഖ്യാപനങ്ങൾ നടത്താറില്ലേ ? ഇപ്പോൾ ശ്രീ. എ. കെ. ബാലനുനേരെ കാണിച്ച ശൗര്യം ഒരിക്കലും ആർ.എസ്.എസ്-ന് എതിരേയും അതിലെ നേതാക്കന്മാർക്കെതിരെയും പറയുന്ന കാര്യത്തിൽ കണ്ടിട്ടില്ലല്ലോ ? എന്തുകൊണ്ടാണത് ? ഇത് നന്മയ്ക്കുവേണ്ടിയാണ് പറയുന്നത്. ഇന്ത്യയിലെ കോൺഗ്രസിന്റെ മതനിരപേക്ഷതാ പാരമ്പര്യം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, നിങ്ങൾ ശക്തമായ നിലപാട് ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്വീകരിക്കാൻ സന്നദ്ധമാകണം. പക്ഷേ നിങ്ങളുടെ അവസരവാദപരമായ നിലപാടുകാരണം പല ഘട്ടത്തിലും നിങ്ങൾക്കതിന് കഴിയുന്നില്ലായെന്ന പ്രശ്നമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. നിങ്ങളുടെ ഭരണപരമായ ഓരോ നടപടികളും ഓരോ ചുവടുവയ്പുകളും എപ്പോഴും ഏതെങ്കിലും സമുദായത്തെ, വർഗ്ഗീയതയെ, അവരെ തലോടാനും തലോലിക്കാനും, അതിൽ നിന്ന് ആനുകൂല്യം പറ്റാനുമുള്ള ഉദ്ദേശംവച്ചുകൊണ്ടാണ്. അതിന്റെ ഭാഗമായിട്ടാണ് യഥാർത്ഥത്തിൽ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ്, അതിന്റെ രാഷ്ട്രീയ ഉള്ളടക്കവും അത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതങ്ങളും അതിന്റെ ആപത്തുമറിയുന്നതുകൊണ്ടാണ് നിങ്ങളുടെ ബില്ലിനെ ശക്തിയുക്തം ഞങ്ങൾ എതിർക്കുന്നതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, എതിർപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള നിയമസഭ ഒരുപാട് നിയമങ്ങൾ പാസ്സാക്കിയിട്ടുള്ള ഒരു സഭയാണ്. നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിലുള്ള നിയമങ്ങളാണ് ഈ സഭ പാസ്സാക്കിയിട്ടുള്ളത്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ നമുക്ക് സംഭാവന നൽകിയ ആശയങ്ങളെ ശക്തിപ്പെടുത്തുന്ന ഒരുപാട് നിയമങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. അടിച്ചമർത്തപ്പെട്ടവനുവേണ്ടിയും അധഃസ്ഥിതനുവേണ്ടിയുമുള്ള ഒരുപാട് നിയമങ്ങൾ ഇന്ത്യയിലെ മറ്റ് പല സംസ്ഥാന നിയമസഭകളും പാസ്സാക്കാൻ മടിച്ചപ്പോൾ പല നിയമങ്ങളും നമ്മുടെ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണ നിയമവും അക്കൂട്ടത്തിൽപ്പെട്ടതാണ്. അങ്ങനെ പല നിയമങ്ങളും നമ്മുടെ ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഈ നിയമം കേരള നിയമസഭയുടെ ചരിത്രത്തിനും അന്തസ്സിനും കളങ്കമേൽപ്പിക്കുന്ന ഒരു നിയമമാണ്. കാരണം ഇത് നമ്മുടെ സംസ്ഥാനത്തുണ്ടായ നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെ ഈ സംസ്ഥാനത്തെ പിന്നോക്ക ജനവിഭാഗങ്ങളുൾപ്പെടെയുള്ളവരെ മുന്നോട്ടുകൊണ്ടുപോകാൻവേണ്ടി നമ്മുടെ പൂർവ്വികന്മാരും ഈ സഭയും നടത്തിയിട്ടുള്ള എല്ലാ പരിശ്രമങ്ങളെയും തല്ലിക്കെടുത്തുന്ന ഒരു നിയമമാണിത്. ഈ നിയമത്തിന്റെ ഉദ്ദേശ്യകാരണത്തിൽ ഈ ഗവൺമെന്റ് ഒരു കാപട്യം കാണിച്ചിരിക്കുകയാണ്. ഇവിടെ ബഹുമാന്യനായ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തെ ദേവസ്വം വകുപ്പുമന്ത്രി എന്റെ അടുത്തിരിക്കുകയാണ്. അദ്ദേഹം 2007-ൽ ഒരു നിയമം ഈ നിയമസഭയിൽ കൊണ്ടുവന്നു. ആ ബില്ലിന്റെ പേര് 'Kerala Public Service Commission (Additional Functions as Respects the Administrative Services under Devaswom Boards) Bill 2007' എന്നാണ്. ഈ ബിൽ 2008 മാർച്ച് 18-ാം തീയതി ഇവിടെ പാസ്സായി. അതിനുശേഷം ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ 2009 ജനുവരി മാസം 12-ാം തീയതി റൂൾസ് ഉണ്ടാക്കി. എസ്.ആർ.ഒ.-73 പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തി. ആ ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 33 തസ്തികകളും കൊച്ചിൻ ദേവസ്വം ബോർഡിലെ 13 തസ്തികകളും അടക്കമുള്ള ഭരണപരമായ തസ്തികകൾക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് പി.എസ്.സി. തീരുമാനമെടുത്ത് ഉത്തരവിറക്കി. ഈ ഉദ്ദേശ്യകാരണത്തിൽ ഇവർ പറയുന്ന കാര്യം 2007-ൽ നിയമിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ 'സംസ്ഥാനത്ത് എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം ബോർഡുകൾക്കും പൊതുവായ റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശകൾ ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കേരള സംസ്ഥാന ദേവസ്വം ബോർഡുകളിലെ പരമ്പരാഗത... എന്നുപറഞ്ഞുകൊണ്ടാണ് ഈ ബിൽ ഉണ്ടാക്കുന്നതെന്ന് പറയുന്നു. ഗവൺമെന്റ് എന്നുപറയുന്നത് തുടർച്ചയായ ഒരു സംവിധാനമാണ്. ആ ഗവൺമെന്റ് ഈ നിയമസഭയിൽ കൊണ്ടുവന്ന് അവതരിപ്പിച്ച് പാസ്സാക്കിയ ബില്ലിനെപ്പറ്റി ഇതിന്റെ ഉദ്ദേശ്യകാരണത്തിൽ എന്തുകൊണ്ടാണ് നിങ്ങൾ തമസ്കരിച്ചത് ?

ശ്രീ. ജി. സുധാകരൻ : സർ, ഈ സ്റ്റേറ്റ്മെന്റുതന്നെ അടിസ്ഥാനരഹിതമാണ്. 2007-ൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷനെ നിയമിച്ചിട്ടില്ല. ഞാൻ അന്ന് മിനിസ്റ്ററാണ്. ഞാൻ ഒരു കമ്മീഷനെയും നിയമിച്ചിട്ടില്ല. ഇത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് രാമൻ നായരുടെ അഴിമതികൾ പരന്നപ്പോൾ നിയമിച്ച കമ്മീഷനാണ്. അതുപോലും ഈ സർക്കാരിന് അറിയില്ല. ഏകീകൃത ദേവസ്വം ബോർഡിനുവേണ്ടി ഞാൻ ഒരു കമ്മീഷനെ നിയമിക്കില്ല. കാരണം എനിക്കതിൽ താല്പര്യമുണ്ടായിരുന്നില്ല. ഞങ്ങൾക്കിപ്പോഴും താല്പര്യമില്ല. ഇത് അദ്ദേഹം നിയമിച്ച കമ്മീഷൻ റിപ്പോർട്ട് നൽകിയതായിരിക്കും. അതുപോലും അറിയില്ല. ബഹുമാനപ്പെട്ട മന്ത്രി അല്ല ഇത് എഴുതിയത്. ഇത് എഴുതിയത് സമുദായ പ്രമാണിയാണ്. അതുകൊണ്ടാണ് ഇങ്ങനെ എഴുതിവച്ചത്.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഇത് ഏതോ സമുദായ പ്രമാണിമാർ ഇവർക്ക് സ്വകാര്യമായി ഉണ്ടാക്കിക്കൊടുത്ത ബില്ലാണ്. അതുകൊണ്ടാണ് ഇത് മറന്നുപോയിരിക്കുന്നത്. ഇത് ചട്ടവിരുദ്ധമാണെന്ന് മാത്രമല്ല ഭരണഘടനാ വിരുദ്ധവുമാണ്. ജസ്റ്റിസ് പരിപൂർണ്ണൻ ഇവിടെ ഏഴ് തവണ സന്ദർശനം നടത്തി. ജസ്റ്റിസ് പരിപൂർണ്ണനുമായി മന്ത്രി നേരിട്ട് ചർച്ച നടത്തി അദ്ദേഹത്തിന്റെ അറിവോടും സമ്മതത്തോടുംകൂടിയാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന സംവിധാനത്തെ ഏർപ്പെടുത്തിയത്. വളരെ വ്യക്തമായി ഇന്ത്യൻ ഭരണഘടനയിൽ പറയുന്നുണ്ട്. Board and Kochin Devaswom Board by appropriate legislative measures under Article 321 of the Constitution of India. 321-ാം ഭരണഘടനയുടെ ആർട്ടിക്കിൾ അനുസരിച്ച് പി.എസ്.സി.-യുടെ ചുമതലകൾ വ്യാപിപ്പിക്കുന്നതിനുള്ള അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഭരണഘടനാപരമായ ആർട്ടിക്കിൾ ഉപയോഗിച്ചുകൊണ്ട് പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത്. ബഹുമാന്യനായ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ ചോദിച്ചു എങ്ങനെ പി.എസ്.സി.-ക്ക് നിയമനം നടത്താൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. രാജു എബ്രഹാം)

ഇവിടെ മുസ്ലീങ്ങൾക്കുമാത്രമായി പി.എസ്.സി. നിയമനം നടത്തിയിട്ടില്ലേ ; പട്ടികജാതിക്കാർക്കുമാത്രം പി.എസ്.സി. റിക്രൂട്ട്മെന്റ് നടത്താറില്ലേ ; പി.എസ്.സി.-ക്ക് ഇതെല്ലാം കഴിയുമായിരുന്നു. പക്ഷേ അങ്ങനെയൊരു നിയമം ഈ നിയമസഭ പാസ്സാക്കി അതിന്റെ റൂൾ കൊണ്ടുവന്ന് അപേക്ഷപോലും ക്ഷണിച്ച സത്യം നിങ്ങൾ തമസ്കരിച്ചുകൊണ്ടാണ് ഉദ്ദേശ്യകാരണങ്ങൾ ഇവിടെ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് കാപട്യമാണെന്നുമാത്രമല്ല നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ ന്യായമായും ദേവസ്വം ബോർഡുകളിലേക്ക് നിയമനം നടത്തണമെന്നല്ല ഇവർക്ക് ആഗ്രഹം. ഏതോ ജാതി സംഘടനയ്ക്ക് ദേവസ്വം ബോർഡ് എന്ന വെള്ളാനയെ ഉപയോഗപ്പെടുത്തി ഇഷ്ടംപോലെ അപ്പോയിന്റ്മെന്റും നടത്തി കോടിക്കണക്കിന് രൂപ സമ്പാദിക്കാൻവേണ്ടി ഒരു അഴിമതി ബോർഡ് രൂപീകരിച്ചുകൊടുക്കാനുള്ള രഹസ്യകരാറിന്റെ ഉപോല്പന്നമാണ് ഈ ബില്ല്. ഈ ബിൽ അവർക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്നതാണ്. ഞങ്ങൾ ഇവിടെ നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. നമ്മുടെ എയ്ഡഡ് കോളേജുകളുടെയും സ്കൂളുകളുടെയും സ്ഥിതിയെന്താണ് ? 8000 കോടിരൂപ നമ്മുടെ എക്സ്ചെക്കറിൽ നിന്ന് ചെലവാക്കുമ്പോൾ പിന്നോക്കക്കാർ ആരുമില്ല. ഒരു പട്ടികജാതിക്കാരും ഇവിടെ ഇല്ല. ഒന്നേകാൽ ലക്ഷം അദ്ധ്യാപകരെ ഈ സർക്കാർ തീറ്റിപ്പോറ്റുമ്പോൾ അതിൽ 330 പേർ മാത്രമാണ് പട്ടികജാതിക്കാർ. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരിൽ പട്ടികവർഗ്ഗക്കാർ 85 പേർ മാത്രമാണ്. കൊച്ചിൻ ദേവസ്വം ബോർഡിൽ 1434 ജീവനക്കാരിൽ 73 പേർ മാത്രമാണ് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ. മലബാർ ദേവസ്വം ബോർഡിലെ 6320 ജീവനക്കാരിൽ എത്രപേരാണ് പട്ടികജാതിക്കാർ എന്നതിനെപ്പറ്റി യാതൊരറിവും ഗവൺമെന്റിനില്ല. ഇങ്ങനെയുള്ള സ്ഥിതിവിശേഷമാണ് ഇവിടെ ദേവസ്വം ബോർഡ് നിയമനത്തിലുള്ളത്. ഇവിടെ എയ്ഡഡ് സ്കൂളുകളിൽ, അതുപോലെ മറ്റ് മേഖലകളിൽ ഒന്നും ഒരുരീതിയിലും നിയമനത്തിൽ ഇവർക്ക് ഇടപെടാൻ കഴിയില്ല. അതെല്ലാംതന്നെ പരമ്പരാഗതമായിട്ടുള്ള തസ്തികകളാണെന്നാണ് പറയുന്നത്.

ശ്രീ. ജി. സുധാകരൻ : സർ, അങ്ങ് ഇവിടെപ്പറഞ്ഞ വാദത്തിന് ഭരണഘടനാപരമായ നിലനില്പുള്ളതുകൊണ്ട് ഇത് അന്നുതന്നെ പരിഗണിച്ചിട്ടാണ് ചെയ്തത്. ഭരണഘടനയുടെ ആർട്ടിക്കിൾ 25 - Freedom of conscience and free profession, practice and propagation of religion എന്ന ഭാഗത്ത് രണ്ടാമത്തെ ഐറ്റത്തിൽ (എ) ഭാഗത്തുപറയുന്നത്- അതിന്റെ മലയാളം ഞാൻ പറയുകയാണ്:

LIBRARY ARCHIVES Kerala Legislative Assembly

'ഭരണകൂടത്തിന് സാമ്പത്തികം, ധനപരം, രാഷ്ട്രീയം തുടങ്ങിയ മതനിരപേക്ഷ കാര്യങ്ങളിൽ മതകാര്യങ്ങൾ നിയമം വഴി നിയന്ത്രിക്കാവുന്നതാണ്.' അതിന്റെ അടിസ്ഥാനത്തിലാണ് രാഷ്ട്രീയവും മതപരവുമൊക്കെയായിട്ടുള്ള കാര്യങ്ങളിൽ മതനിരപേക്ഷമായ കാര്യമാണ് ഇവിടെ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റ്. മതപരമായ പോസ്റ്റുകൾ ഒന്നും വിടാൻ കഴിയില്ല. വിട്ടിട്ടുമില്ല. ആർട്ടിക്കിൾ 25-ൽ പ്രത്യേകിച്ച് പറയുന്നുണ്ട്. " Religion is a matter of faith, but belief in God is not essential to constitute a Religion. Philosophy is different from Religion." ആന്ധ്രാപ്രദേശ്, ബീഹാർ, തമിഴ്നാട്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഹൈക്കോടതി വിധികളെ ഉദ്ധരിച്ചുകൊണ്ടാണ് ഭരണഘടനയുടെ ആർട്ടിക്കിളിന്റെ വിശദീകരണം അതിന്റെ താഴെ ഭരണഘടനാ വിദഗ്ദ്ധർ പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അങ്ങ് ഇപ്പോൾ പറഞ്ഞ 2009 ജനുവരി 12-ന് 73-ാം നമ്പരായി ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടശേഷം ഗവൺമെന്റ് റൂൾസ് തയ്യാറാക്കി പി.എസ്.സി.-ക്ക് അയയ്ക്കുകയും അവർ അത് അംഗീകരിച്ച് നോട്ടിഫൈ ചെയ്യുകയും ചെയ്തത്. അതിനകത്ത് ദൈവവുമായി ബന്ധപ്പെട്ട ഒരു പോസ്റ്റും വിട്ടിട്ടില്ല, വിടാൻ സാധ്യമല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ, സിവിൽ, എൻവയോൺമെന്റൽ എഞ്ചിനീയർ, അസിസ്റ്റന്റ് - പബ്ലിക് റിലേഷൻസ്, മെഷീൻ ഓപ്പറേറ്റർ, ഹെൽപ്പർ, ഗാർഡനർ എന്നിങ്ങനെയുള്ള പോസ്റ്റുകളാണ് വിട്ടത്. കൊച്ചിൻ ദേവസ്വം ബോർഡിലും ഇതുതന്നെയാണ് ചെയ്തിരിക്കുന്നത്. പി.എസ്.സി.-ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കെ ബിൽ പാസ്സായശേഷം ഒരു ബഹുമാന്യനായ സമുദായ നേതാവ് ദേവസ്വങ്ങളിൽ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും നിയമിക്കാൻ പോകുന്നു, മുസ്ലീം മെമ്പർമാരും ക്രിസ്ത്യൻ മെമ്പർമാരും ഇന്റർവ്യൂ നടത്താൻ പോകുന്നുവെന്നും പറഞ്ഞ് ഹൈക്കോടതിയിൽ കേസ്സിനുപോയി. ബഹുമാനപ്പെട്ട ഹൈക്കോടതി നിയമം പരിശോധിച്ചശേഷം ഹിന്ദു മെമ്പർ തന്നെയായിരിക്കണം ഇന്റർവ്യൂ നടത്തേണ്ടതെന്ന് ഇതിൽ പറയുന്നുണ്ടല്ലോ എന്നാണ് പറഞ്ഞത്. ഇതുപോലുള്ള മതപരമായ വികാരങ്ങൾ ആളിക്കത്തിക്കുന്ന കള്ള പ്രചാരവുമായി മേലിൽ ഹൈക്കോടതിയിൽ വന്നുപോകരുതെന്ന വാക്കാലുള്ള താക്കീത് നൽകി ബഹുമാന്യനായ ആ മതനേതാവിനെ വടിയും കുടയും കൊടുത്ത് തിരിച്ചയച്ചു. ഇതൊക്കെ നടന്നതിനുശേഷവും എന്തിനാണ് ഇത് പി.എസ്.സി.-യിൽ നിന്ന് എടുത്തുമാറ്റി ഗവൺമെന്റ് നിയോഗിക്കുന്ന മതമേധാവികളോ സമുദായ നേതാക്കന്മാരോ പറയുന്ന ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബോർഡിന് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, അങ്ങ് പറഞ്ഞത് വളരെ കറക്ടായ കാര്യങ്ങളാണ്. പി.എസ്.സി.-യേക്കാൾ വലുതാണോ ഈ ബോർഡ്. പബ്ലിക് സർവ്വീസ് കമ്മീഷൻ. എന്നു പറയുന്നത് ഭരണഘടനാപരമായുള്ളതാണ്. ഈ പറയുന്ന എല്ലാ കാര്യങ്ങളും വളരെ വ്യക്തമായി എല്ലാ അർത്ഥത്തിലും ഹിന്ദുമത വിശ്വാസങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുതന്നെ അപ്പോയിന്റ്മെന്റ് നടത്താൻ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാണ് റൂളുണ്ടാക്കിയത്. പക്ഷെ ഇവിടെ എന്താണ് താല്പര്യം ; ബോർഡ് രൂപീകരിച്ചപ്പോൾതന്നെ ഞാൻ ക്രമപ്രശ്നമായി ഉന്നയിച്ചതാണ്. 5 മെമ്പർമാരെ നിങ്ങൾ നിയമിച്ചത് എങ്ങനെയാണ്, ഞാൻ ആവർത്തിക്കുകയല്ല. പട്ടികജാതിയിൽപ്പെട്ട വനിതാ മെമ്പറെ ആർ.എസ്.പി.-ക്ക് കൊടുത്തിട്ട് അവരോട് നിയമിക്കാൻ പറഞ്ഞു. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരനില്ല. 5 പേരിൽ ബാക്കി 4 പേർ ആരൊക്കെയാണ്. സവർണ്ണന്മാരായ ആളുകളെ വച്ചിരിക്കുകയാണ്. ഹിന്ദുമതം എന്നുപറഞ്ഞാൽ സവർണ്ണ മതമാണോ; സവർണ്ണ വിശ്വാസമാണോ ; ഞാൻ നിയമ വകുപ്പ് ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുകയല്ല. അവരെ ന്യായീകരിക്കാനും സാധൂകരിക്കാനും വേറെ ക്ലോസ് കൊണ്ടുവരികയാണ്. നിയമസഭാ കമ്മിറ്റിയെ നോക്കുകുത്തിയാക്കുന്ന രീതിയാണ്. ഇപ്പോൾ 6 മെമ്പർമാരാക്കി മാറ്റിയിരിക്കുകയാണ്. അതിന്റെ അർത്ഥമെന്താണ് ; അവർ ചെയ്ത തെറ്റ് അംഗീകരിക്കാൻ തയ്യാറല്ല. ഈ ബോർഡ് രൂപീകരണത്തിൽത്തന്നെ സംവരണം അട്ടിമറിച്ചിരിക്കുകയാണ്. ബോർഡ് രൂപീകരണത്തിലെ സംവരണം അട്ടിമറിച്ചുവെന്ന് പറഞ്ഞാൽ ദേവസ്വം ബോർഡിന്റെ ഒരു നിയമനത്തിലും സംവരണം ബാധകമല്ലെന്നാണ്. സംവരണം ബാധകമല്ലെങ്കിൽ അവിടെ മുസ്ലീങ്ങൾ വരാൻ പോകുന്നില്ലല്ലോ ; ക്ഷേത്രങ്ങളിൽ പട്ടികജാതിക്കാർ വന്നാൽ എന്താണ് കുഴപ്പം ; പട്ടികജാതിക്കാരും പിന്നോക്ക സമുദായത്തിൽപ്പെട്ടവരും ക്ഷേത്രത്തിന്റെ ജീവനക്കാരായാൽ ക്ഷേത്രം ഇടിഞ്ഞുവീഴുമോ ; ആരൊക്കെയാണ് ഹിന്ദു എന്ന് തീരുമാനിക്കുന്നത് ആരാണ് ; ഇവിടെ മതത്തെപ്പറ്റി പറഞ്ഞു. ഞാൻ ആരെയും ക്വാട്ട് ചെയ്യുന്നില്ല. ഹിന്ദു എന്ന വാക്കിനെപ്പറ്റി നമ്മൾ സംസാരിക്കേണ്ട കാലമായി. ഹിന്ദുവെന്ന വാക്ക് ചരിത്രത്തിൽ പറയുന്നത് എട്ടാം നൂറ്റാണ്ടിലെ ഒരു താന്ത്രിക ഗ്രന്ഥത്തിലാണെന്ന് ചരിത്രകാരന്മാർ പറയുന്നു. അതുവരെ ഹിന്ദു എന്ന പദം ഒരു മതമായി ആരും കണ്ടിട്ടില്ല. ഹിന്ദു എന്നാൽ സിന്ധു നദീതടത്തിൽ താമസിച്ചിരുന്ന ആളുകളെന്ന നിലയിൽ മാത്രം അർത്ഥമാക്കിയതാണ്. ഇതിനെപ്പറ്റി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറയുന്നത് ഹിന്ദു എന്നാൽ ഒരു ജനത എന്നാണ് അർത്ഥമെന്നും ഒരു മതാനുയായി എന്ന് അതിന് അർത്ഥമില്ലെന്നുമാണ്. ഒരു വിശ്വാസം എന്ന നിലയിൽ ഹിന്ദുമതം അവ്യക്തമാണ്, അരൂപമാണ്,

LIBRARY ARCHIVES Kerala Legislative Assembly

ബഹുമുഖമാണ്, ആർക്കും എന്തും ആണ്, അതിനെ നിർവ്വചിക്കുക സാധ്യമല്ലെന്ന് അദ്ദേഹം പറയുന്നു. മതമെന്ന വാക്കിന്റെ സാധാരണ അർത്ഥത്തിൽ ഒരു മതമാണോ അല്ലയോ എന്നുപോലും ഖണ്ഡിതമായി പറയാനും കഴിയില്ല. ഇപ്പോഴും പണ്ടും ഏറ്റവും ഉയർന്നതു മുതൽ ഏറ്റവും താഴെയുള്ളതുവരെ അനേകം വിശ്വാസങ്ങളെയും ആചാരങ്ങളെയും അത് ഉൾക്കൊള്ളുന്നു. ഇത് പലപ്പോഴും അന്യോന്യം വിരുദ്ധങ്ങളുമാണ്. ഇതെല്ലാം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്ന കാര്യങ്ങളാണ്. മഹാത്മാഗാന്ധിയോട് ഹിന്ദുവിനെ വ്യാഖ്യാനിക്കാൻ പറഞ്ഞപ്പോൾ, ഹിന്ദു സിദ്ധാന്തത്തെ നിർവ്വചിക്കാൻ എന്നോട് ആവശ്യപ്പെടുന്ന പക്ഷം ഞാൻ ഇത്രയേ പറയുകയുള്ളൂ, അഹിംസാത്മകമായ മാർഗ്ഗത്തിൽക്കൂടിയുള്ള സത്യാന്വേഷണം, ഈശ്വര വിശ്വാസമില്ലാത്ത ഒരാൾക്കുപോലും താനൊരു ഹിന്ദുവാണെന്ന് പറയാൻ കഴിയുമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്താണ് ഹിന്ദു എന്നതിനെപ്പറ്റി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും മഹാത്മാഗാന്ധിയും പറഞ്ഞ കാര്യങ്ങളാണ്. ഞാൻ കമ്മ്യൂണിസ്റ്റ് ആചാര്യന്മാർ പറഞ്ഞ വ്യാഖ്യാനങ്ങളിലേക്കൊന്നും കടക്കുന്നില്ല. എന്താണ് ഹിന്ദുമതവും ഹിന്ദുമത വിശ്വാസവും ; അതിനെക്കുറിച്ച് ഇപ്പോഴും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഇവിടെ നേരത്തെ പറഞ്ഞ സെമറ്റിക് മതംപോലെയല്ല. ഹിന്ദുമത വിശ്വാസം ഒരു സംസ്കാരവുമായി ബന്ധപ്പെട്ടതാണ്. ഹിന്ദുമതത്തിലെതന്നെ പട്ടികജാതിക്കാരും പിന്നോക്ക സമുദായക്കാരും പൂജാരിമാരായി. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഒരു നോട്ടിഫിക്കേഷൻ, ഇന്ന ക്ഷേത്രത്തിൽ പൂജാരിമാരെ നിയമിക്കുന്നു, സവർണ്ണ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം എന്നാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇതേ സംഭവം ഉണ്ടായപ്പോൾ ഒരു വ്യക്തി സുപ്രീം കോടതിയിൽ കേസ്സിനുപോയി. സുപ്രീം കോടതി വളരെ വ്യക്തമായി പറയുന്നതാണ് ഞങ്ങൾ വിയോജനക്കുറിപ്പിൽ പറയുന്നത്. ക്ഷേത്രങ്ങളിലെ നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന് സുപ്രീംകോടതി വിധിയുണ്ടായി. പൂണൂലിട്ടവർ മാത്രമേ പൂജാരിയാകാൻ പാടുള്ളുവെന്നാണ് കൊച്ചിൻ ദേവസ്വം ബോർഡിന്റെ നോട്ടിഫിക്കേഷനിൽ പറയുന്നത്. താന്ത്രികവിദ്യ പഠിച്ച ആർക്കും പൂജാരിയാകാൻ കഴിയില്ലേ, എന്നാൽ അത് പറ്റില്ലെന്ന് തീരുമാനിച്ച് നോട്ടിഫിക്കേഷൻ ഇറക്കി. ആരാണ് തീരുമാനിക്കുന്നത്. വിശ്വാസങ്ങൾ ഓരോ കാലത്തും മാറിവരും. ഒരു കാലഘട്ടത്തിൽ ഗുരുവായൂർ അമ്പലത്തിൽ പ്രവേശിക്കാൻ ആർക്കാണ് അവകാശമുണ്ടായിരുന്നത്. അന്നത്തെ ഹിന്ദുമത വിശ്വാസ പ്രകാരം പട്ടികജാതിക്കാരനോ പിന്നോക്കക്കാരനോ ഈഴവനോ ആർക്കും അവിടേയ്ക്കുപോകാൻ കഴിയില്ല. അത് അന്നത്തെ വിശ്വാസമാണ്. ആ വിശ്വാസത്തെ മാറ്റിയത് ഒരു രാജാവിന്റെ വിളംബരത്തിലൂടെയാണ്. അല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും മതനേതാവോ മാതാ അമൃതാനന്ദമയി ദേവിയോ പറഞ്ഞിട്ടല്ല അന്നത്തെ ഗവൺമെന്റ് ക്ഷേത്രപ്രവേശന വിളംബരത്തിന് ഉത്തരവിറക്കിയത്. അത് വെറുതെ ഉണ്ടായതല്ല. സമരം നടത്തി ഉണ്ടാക്കിയതാണ്. ആ സമരത്തിൽ കമ്മ്യൂണിസ്റ്റുകാർ പങ്കെടുത്തു. ഞങ്ങൾ വീണ്ടും ആവർത്തിക്കുന്നു, ആ സമരത്തിൽ പങ്കെടുത്ത സഖാവ് പി. കൃഷ്ണപിള്ളയെ ഗുരുവായൂർ അമ്പലത്തിൽവച്ച് മുളവടികൊണ്ട് തല്ലി. ഞങ്ങൾ ഈ സഭയിൽ പണ്ടും പറഞ്ഞ കാര്യങ്ങളാണ്. അന്ന് സഖാവ് പി. കൃഷ്ണപിള്ള പറഞ്ഞ ഒരു കാര്യം ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. 'ചുണയുള്ള നായർ മണിയടിക്കും, ഇലനക്കി നായർ പുറത്തടിക്കും, അടിക്കെടാ അടി' എന്നുപറഞ്ഞ ആളാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാവായ സഖാവ് പി. കൃഷ്ണപിള്ള.

ശ്രീ. വി. റ്റി. ബൽറാം : പി. കൃഷ്ണപിള്ള കമ്മ്യൂണിസ്റ്റുകാരനായാണോ ജനിച്ചത്?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ശ്രീ. വി. റ്റി. ബൽറാം, നിങ്ങൾ ഇങ്ങനെ രക്തം പരിശോധിക്കരുത്, ചെയ്ത കാര്യങ്ങളെക്കുറിച്ച് പറയൂ. അന്ന് ആ സമരം നടത്തിയതിനെത്തുടർന്ന് ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായി. ഗുരുവായൂർ അമ്പലത്തിലേയ്ക്ക് പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും കടന്നുപോയി. ഗുരുവായൂരപ്പൻ എഴുന്നേറ്റുപോയോ ; വൈക്കം സത്യാഗ്രഹം നടത്തി അവിടേയ്ക്ക് പട്ടികജാതിക്കാർ കടന്നപ്പോൾ വൈക്കം മഹാദേവൻ എഴുന്നേറ്റുപോയോ ; എഴുന്നേറ്റുപോയില്ല. പൂജാരിമാരായി ഇവർതന്നെ വരണമെന്ന് തീരുമാനിക്കുമ്പോൾ ആ സവർണ്ണാധിപത്യത്തെ വലിച്ചെറിയാൻ നമുക്ക് കഴിയണ്ടേ ; എന്തുകൊണ്ട് കഴിയുന്നില്ല ; ഇവിടെ പിന്നോക്കക്കാരായ ആളുകൾ താന്ത്രികവിദ്യ പഠിക്കുന്നുണ്ട്. അവിടെ ബ്രാഹ്മണന്മാരായ ആളുകൾതന്നെയാണ് താന്ത്രികവിദ്യ പഠിപ്പിച്ചുകൊടുക്കുന്നത്. അവരെ നമ്മുടെ ക്ഷേത്രങ്ങളിൽ നിയമിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല ;

ശ്രീ. ജി. സുധാകരൻ : സർ, ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചുകുന്തിച്ചു ബ്രഹ്മാവുമെനിക്കൊക്കായെന്ന്" ബ്രാഹ്മണരായ ചില മൂഢ മതാധിപന്മാരെക്കുറിച്ച് പൂന്താനം പറഞ്ഞിരുന്നത് അങ്ങയുടെ പ്രസംഗത്തിൽ വന്നതിൽ വളരെ സന്തോഷമുണ്ട്. ബ്രാഹ്മണ്യം നല്ലതാണ് പക്ഷെ ബ്രഹ്മാവും എനിക്ക് താഴെയാണെന്ന് ചില ബ്രാഹ്മണർ വിചാരിക്കുന്നതുകൊണ്ട് അവർ മാത്രമേ ഇത് ചെയ്യാവൂ എന്ന് കരുതുന്നത് ശരിയാണോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അത് ഒരിക്കലും ശരിയല്ല. ഭാരതത്തിലെ പഴയ ബ്രാഹ്മണ മതത്തെ പരിഹസിക്കുന്ന ചാർവാകന്മാർ അതിനേക്കാൾ മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെ പറഞ്ഞിരിക്കുന്നു. ആ ചാർവാകന്മാർ ജീവിച്ച സ്ഥലമാണ് ഭാരതം. ഇവിടെ മൃഗബലിയുണ്ടായിരുന്നു. എന്തിനാണ് നിങ്ങൾ മൃഗബലി നടത്തുന്നതെന്ന് യാഗത്തിന്റെ ഭാഗമായി മൃഗബലി നടത്തുന്നവരോട് ചാർവാകന്മാർ ചോദിച്ചു. ഈ മൃഗങ്ങൾ സ്വർഗ്ഗത്തിലേയ്ക്കാണ് പോകുന്നതെന്ന് ബ്രാഹ്മണർ പറഞ്ഞു. എങ്കിൽ നിങ്ങളുടെ അച്ഛനേയും അമ്മയേയും ബലികൊടുക്കൂ, അവർ സ്വർഗ്ഗത്തിൽ പോകട്ടേയെന്നുപറഞ്ഞ് ചാർവാകന്മാർ അപഹസിച്ചിരുന്ന ഒരു കാലം ഇവിടെ ഉണ്ടായിരുന്നു. നാം പുറകോട്ടുപോകുകയാണ്.

ശ്രീ. എ. കെ. ബാലൻ : നാടുവാഴിത്വത്തിന്റെ കൂടപ്പിറപ്പായുള്ള ജന്മിത്വത്തിലും അതിന്റെ ഭാഗമായുള്ള ജാതി വ്യവസ്ഥയിലും പ്രതിഷേധിച്ച് മനംനൊന്താണ് ഇന്ത്യാ രാജ്യത്തിന്റെ ഭരണഘടനാ ശില്പി ഡോ. ബി. ആർ. അംബേദ്കർ ബുദ്ധമതത്തിലേയ്ക്ക് പോയതെന്ന് ബഹുമാനപ്പെട്ട സഖാവിന് അറിയാമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഹിന്ദു മതം, അല്ലെങ്കിൽ ഭാരതീയ സംസ്കൃതി എന്നുപറയുന്നത് ഈ പറയുന്ന ഹൈന്ദവ സവർണ്ണാധിപത്യമല്ല. ഋഗ്വേദത്തിൽ പറയുന്നത് നമ്മൾ മനസ്സിലാക്കണം. "ഒന്നിച്ചുപോകുക, ഒരുമിച്ചിരിക്കുക, ഒരുമിച്ചിരുന്ന് സംസാരിക്കുക, നിങ്ങളുടെ മനസ്സുകളെല്ലാം ഒരുപോലെയാകട്ടെ. നിങ്ങളുടെ മനസ്സുകൾ ഏകീഭവിക്കട്ടെ, നിങ്ങളുടെ ചിന്തകൾക്ക് ഐകരൂപ്യമുണ്ടാകട്ടെ. നിങ്ങളുടെ ഹൃദയങ്ങൾക്ക് യോജിപ്പുണ്ടാകട്ടെ. നിങ്ങളുടെ മനസ്സ് സമാധാനമാകട്ടെ. എല്ലാവരും യോജിച്ച് സുഖമായിരിക്കട്ടെ" എന്നാണ് ഋഗ്വേദം പറയുന്നത്.

ശ്രീ. ജി. സുധാകരൻ : സർ, ഈ കൂട്ടായ്മയാണ് മുസ്ലീം മതത്തിന്റെ ഏറ്റവും വലിയ മാഹാത്മ്യമെന്നുള്ളത് ഞാൻ പറഞ്ഞാൽ അങ്ങ് അംഗീകരിക്കില്ലേ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, തീർച്ചയായിട്ടും. മുസ്ലീം മതം കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും മൂർത്തിമത്ഭാവമാണ്. എല്ലാ മതങ്ങളേയും സംസ്കാരങ്ങളെയും ഇൻഡ്യയിലേയ്ക്ക് സ്വാംശീകരിക്കാൻ നമുക്ക് സാധിച്ചത് ഋഗ്വേദങ്ങളുടെയും ഭാരതീയ സംസ്കാരത്തിന്റെയും വിശാലമായ മനസ്സുകൊണ്ടാണ്. അതിനെയാണ് സങ്കുചിതമായി ജാതിയുടെയും മതത്തിന്റെയും കോളങ്ങളിലിട്ട് മനുഷ്യനെ വേർതിരിച്ച് എല്ലാത്തിലും അതുകണ്ട് അതിന്റെ അടിസ്ഥാനത്തിൽ പതിറ്റാണ്ടുകളായി ഇവിടെ പീഡനമനുഭവിച്ച ഒരു വലിയ വിഭാഗം ഇന്ന് ഹിന്ദുമതം എന്ന വിഭാഗത്തിലുണ്ടെന്നകാര്യം ഈ ബില്ലുണ്ടാക്കുമ്പോൾ നാം മനസ്സിലാക്കണം. ഏതെങ്കിലും ഒരു ജാതി സംഘടന എഴുതിക്കൊടുത്ത ബില്ലിൽ അതുണ്ടാകില്ല. പക്ഷേ ഈ നിയമസഭയിൽ അത് പാസ്സാക്കുമ്പോൾ അതുണ്ടാകും. ഇത് ജാതി സംഘടനയ്ക്ക് അഴിമതി നടത്താനുള്ള ബില്ലല്ല. ഒരു നവോത്ഥാന മൂവ്മെന്റ് ഇവിടെയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഹിന്ദുമത വിശ്വാസത്തെക്കുറിച്ച് ഇവിടെ പലതും പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഗുരുവായൂർ അമ്പലത്തിലേയ്ക്ക് ശ്രീ. കെ. ജെ. യേശുദാസിന് കടക്കാൻ കഴിയില്ല. പക്ഷേ അദ്ദേഹം ശബരിമലയിൽ പോകുന്നുണ്ടല്ലോ. ശബരിമലയിൽ പോയി പാട്ടുപാടുന്നുണ്ടല്ലോ. കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലാണ് ശ്രീ. കെ. ജെ. യേശുദാസിന്റെ എല്ലാ പിറന്നാൾ ആഘോഷവും നടക്കുന്നത്. അത് ഹിന്ദു വിശ്വാസമല്ലേ ; ഹിന്ദു വിശ്വാസം എന്നുപറയുന്നത് പല തരത്തിലാണ്.

മദ്യ വിൽപ്പനയോ മദ്യവുമായി ബന്ധപ്പെട്ട കച്ചവടമോ ഉള്ളവർക്ക് ഈ ബോർഡിൽ അംഗമാകാൻ പറ്റില്ലായെന്ന് ഈ ബില്ലിൽ എഴുതിവച്ചിരിക്കുകയാണ്. ഞാൻ ഈ മന്ത്രിയോട് ചോദിക്കട്ടെ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശ്രീ. സുഭാഷ് വാസു എന്ന വ്യക്തി നിങ്ങൾ നിയമിച്ച ആളല്ലേ. ദേവസ്വം ബോർഡിൽതന്നെ മദ്യവിൽപ്പന നടത്തിയ ആളുകളെ നിങ്ങൾ വച്ചിരിക്കുകയല്ലേ. നിങ്ങളെന്തിനാണ് ഈ വകുപ്പ് അതിനകത്ത് വച്ചിരിക്കുന്നത് ? ക്ഷേത്രാചാരത്തിന്റെ ഭാഗമായി എത്രയോ സ്ഥലത്ത് മദ്യം നിവേദിക്കുന്നുണ്ട്. ഇറച്ചി നിവേദിക്കുന്നു. ഏറ്റവുമധികം ഹിന്ദുക്കൾ താമസിക്കുന്ന നേപ്പാളിൽ കഴിഞ്ഞ ദിവസം അമ്പലത്തിലെ ട്രസ്റ്റ് ഒരു ആചാരം നിരോധിച്ചു. 300 കൊല്ലമായി തുടരുന്ന ആചാരമാണ്. ആ ആചാരമെന്താണ് ; മൃഗങ്ങളെ ബലികൊടുക്കുന്ന ആചാരമാണ്. ഒരുലക്ഷത്തിലധികം മൃഗങ്ങളെയാണ് അവിടെ ഒരുവർഷം ബലികൊടുക്കുന്നത്. അത് നിരോധിച്ചു. കൽക്കട്ടയിലെ കാളി ക്ഷേത്രത്തിൽ എന്താണ് ബലി കൊടുക്കുന്നത് ; അവിടെ മൃഗങ്ങളെ ബലി കൊടുക്കുന്നു. അതേസമയം യാതൊരു വിധത്തിലും മത്സ്യ മാംസാദികളൊന്നുമില്ലാതെ പൂജചെയ്യുന്ന ക്ഷേത്രങ്ങളവിടെയുണ്ട്. 41 ദിവസം വ്രതമനുഷ്ഠിക്കുന്ന ആചാരങ്ങളുള്ള ക്ഷേത്രങ്ങളുണ്ട്. തമിഴ്നാട്ടിലെ മണ്ടയ്ക്കാട് എന്ന ക്ഷേത്രത്തിൽ കടലിലിറങ്ങി മീൻപിടിച്ച് ക്ഷേത്രമുറ്റത്ത് മത്സ്യംവച്ച് നിവേദിക്കും. ആ ആചാരവും ഹിന്ദുമതത്തിലുണ്ട്. അപ്പോൾ വൈവിധ്യമാർന്ന ആചാരാനുഷ്ഠാന ക്രമങ്ങളോടുകൂടിയ ഒരു മതമാണ് ഹിന്ദുമതം. ആ ഹിന്ദുമതത്തിന്റെ വിശാലമായ ക്യാൻവാസിൽ എല്ലാവരും ഉൾപ്പെടും. അപ്പോൾ ക്ഷേത്രഭരണത്തിൽ പിന്നോക്കക്കാരൻ വേണ്ട എന്ന് തീരുമാനിക്കാൻ ഈ നിയമസഭയ്ക്ക് എന്താണ് അധികാരം. അവർക്ക് കൊടുക്കേണ്ട സംവരണം കൊടുക്കേണ്ടിവരും. അങ്ങനെ സംവരണം കൊടുക്കുമ്പോഴാണ് ഇത് വിപ്ലവാത്മകമായ ഒരു നിയമമാകുക. അതല്ലെങ്കിൽ ഇവിടെ ജാതി-മതങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ നിയമമായി ഇത് മാറില്ലേ ?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഈ നിയമം മാത്രമല്ല, 1951-ൽ അതായത് കേരള സംസ്ഥാന രൂപീകരണത്തിന് മുൻപ് മലബാർ പ്രദേശം ബ്രിട്ടീഷ്

LIBRARY ARCHIVES Kerala Legislative Assembly

ഭരണകാലത്തെപ്പോലെ മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്ന കാലത്ത്, Hindu Religious Endowment Act-ന്റെ കാലത്ത് അവിടത്തെ അഡ്മിനിസ്റ്റേറ്റീവ് പോസ്റ്റുകളെല്ലാം പി.എസ്.സി. വഴിയാണ് നികത്തിക്കൊണ്ടിരുന്നത്. കോൺഗ്രസ് ഭരിച്ചപ്പോഴും ഇടതുപക്ഷം ഭരിച്ചപ്പോഴും അത് പി.എസ്.സി. തുടർന്നു. ഞാൻ 2009-ൽ മലബാർ ദേവസ്വം ബോർഡ് നിയമം കൊണ്ടുവരുമ്പോൾ പി.എസ്.സി.-ക്ക് വിട്ടത് അതിൽ ഉൾപ്പെടുത്തുക മാത്രമാണ് ചെയ്തത്. അതും ഇവർ എടുത്തുകളഞ്ഞു. അതും റിക്രൂട്ട്മെന്റ് ബോർഡിന് കൊടുത്തു. അപ്പോൾ ഇവിടത്തെ തിരുവിതാംകൂറിലെ സമുദായ പ്രമാണിമാർക്കുവേണ്ടി മലബാറിൽ ആരും ആവശ്യപ്പെടാതെ തന്നെ അവിടത്തെ പോസ്റ്റുകളും പി.എസ്.സി.-യിൽ നിന്നുമാറ്റി തിരുവിതാംകൂറിലെ സമുദായ പ്രമാണിമാർക്ക് അടിയറ വച്ചിരിക്കുകയാണ്. ഇതിനെല്ലാം അനുമതി കൊടുത്ത ഈ നിയമ വകുപ്പ് സെക്രട്ടറിയെ പ്രോസിക്യൂട്ട് ചെയ്യണ്ടേ; ഈ നിയമ വകുപ്പ് സെക്രട്ടറിയെ പ്രോസിക്യൂട്ട് ചെയ്യണം. ഒരുപാട് കള്ളത്തരങ്ങൾ ഈ നിയമത്തിലുണ്ട്. ഒരു നിയമത്തിലും ഇന്നുവരെ ഉണ്ടായിട്ടില്ല. നിയമ വകുപ്പ് സെക്രട്ടറി ആരായാലും പ്രോസിക്യൂട്ട് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിന് നടപടി സ്വീകരിക്കാൻ... അങ്ങ് എല്ലാത്തിനും നിയമസഭയ്ക്കകത്ത് ലിറ്റിഗേഷൻ ഉന്നയിക്കുന്ന ആളാണ്. അങ്ങ് തയ്യാറുണ്ടോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, തീർച്ചയായിട്ടും. ഞാൻ സബ്ജക്റ്റ് കമ്മിറ്റിയിൽ വച്ചുതന്നെ നിയമ വകുപ്പ് സെക്രട്ടറിയോട് ചോദിച്ചു. നിങ്ങൾ ചെയ്തത് തെറ്റല്ലേ. നിയമ വകുപ്പ് സെക്രട്ടറി നിയമം പറയാൻവേണ്ടി വരേണ്ട ആളാണ്. അല്ലാതെ ഭരണാധികാരികളുടെ രാഷ്ട്രീയ, സാമ്പത്തിക, മത താല്പര്യത്തിനനുസരിച്ച് ഒരു നിയമം ഉണ്ടാക്കിക്കൊടുക്കലാണോ നിയമ വകുപ്പിന്റെ പണി : ചെരുപ്പിനനുസരിച്ച് കാൽമുറിക്കാനാണോ നിയമ വകുപ്പിരിക്കുന്നത്. ഇവിടെ ചെയ്തത് അതാണ്. ചെരുപ്പിനനുസരിച്ച് കാൽ മുറിച്ചുകൊടുക്കുക. ഇവിടെ ഇവർ ചെയ്യുന്നത് ആർ.എസ്.എസ്.-നു വേണ്ടിയുള്ള ചില കാര്യങ്ങളാണ്. ജാതി-മത സംഘടനകളുമായി ഇവർക്ക് അവിഹിതമായ ബന്ധങ്ങളാണ്. ആ ബന്ധങ്ങൾ ജനാധിപത്യത്തിന്റെ കഴുത്തറുക്കുകയാണ്. എന്തിനുവേണ്ടി ; അധികാരത്തിനുവേണ്ടി. ചാതുർവർണ്ണ്യം തിരിച്ചുകൊണ്ടുവരാൻ കേന്ദ്രം ഭരിക്കുന്നവർ ശ്രമിക്കുകയാണ്.

"ബ്രാഹ്മണോസ്യ മുഖമാസീത്

ബാഹു രാജന്യ:കൃത:

ഊരു തദസ്യ യദ്വൈശ്യ:

പദ്ഭ്യാം ശൂദ്രോ അജായത"

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്ന ആ സമൂഹത്തിന്റെ ഘടനയിലേയ്ക്ക് ഈ സമൂഹത്തെ തിരിച്ചുകൊണ്ടു പോകാൻ ആഗ്രഹിക്കുന്നവരാണ് ഇൻഡ്യയിലെ ഹൈന്ദവ തീവ്രവാദികളായ ആർ.എസ്.എസ്.-കാർ. അവർ അതിന് ശ്രമിക്കുമ്പോൾ ഇൻഡ്യയിലെ പുരോഗമന ആശയക്കാർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അടക്കം അതിനെതിരെ ശക്തമായി ഇടപെട്ടവരാണ്. അതുകൊണ്ടാണ് ഞങ്ങൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ഉദ്ധരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ ഗാന്ധിജിയെ ഉദ്ധരിക്കുന്നത്. പക്ഷേ ഇപ്പോഴത്തെ കോൺഗ്രസ് എന്തുചെയ്യുന്നു ; നിങ്ങളത് തിരിച്ചുകൊണ്ടുവരികയാണ്. ഇവിടെ ജാതി-മത സംഘടനകൾ രാഷ്ട്രീയത്തിൽ ഒരു ലക്കംലഗാനുമില്ലാതെ ഇടപെടുകയാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, ബഹുമാനപ്പെട്ട അംഗം, കോൺഗ്രസ് ഇന്ന് രാഷ്ട്രീയ മണ്ഡലത്തിൽ സ്വീകരിക്കുന്ന നിലപാടുകളെ സംബന്ധിച്ച് പറയുകയാണ്. കേരളത്തിന്റെ നവോത്ഥാന പാരമ്പര്യത്തിൽ ശ്രീനാരായണഗുരുവിന്റെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്', 'ഗോവിന് ഗോത്വം ജാതി എന്നതുപോലെ മനുഷ്യന് മനുഷ്യത്വമാണ് ജാതി' എന്നൊക്കെ പറഞ്ഞ മഹാനായ ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള പ്രസ്ഥാനമാണ് എസ്.എൻ.ഡി.പി. ആ എസ്.എൻ.ഡി.പി.-യുടെ നേതാവായ ശ്രീ. വെള്ളാപ്പള്ളി നടേശൻ ആർ.എസ്.എസ്. നേതാവായ ശ്രീ. അമിത്ഷായെക്കണ്ടു. ആർ.എസ്.എസ്.ന്റെ ആലയത്തിലേയ്ക്ക് ചെന്നതിനെക്കുറിച്ച് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി സഖാവ് കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു 'നവോത്ഥാന പാരമ്പര്യമുള്ള എസ്.എൻ.ഡി.പി.-യുടെ നിലപാട് ആത്മഹത്യാപരമാണെന്ന് അദ്ദേഹം സുവ്യക്തമായി പറഞ്ഞു. ഇവിടെ യു.ഡി.എഫ്.-ന്റെ നേതാക്കന്മാർ, കെ.പി.സി.സി. പ്രസിഡന്റോ മുഖ്യമന്ത്രിയോ അല്ലെങ്കിൽ മുസ്ലീം ലീഗിന്റെ നേതാക്കന്മാരോ ഇതിനെക്കുറിച്ച് ഒരക്ഷരം ഈ നിമിഷംവരെ പ്രതികരിച്ചിട്ടില്ല. ഇവരുടെ മൗനം യാദൃശ്ചികമാണെന്ന് അങ്ങ് കരുതുന്നുണ്ടോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഒരിക്കലുമില്ല. എസ്.എൻ.ഡി.പി. പ്രസിഡന്റ് ശ്രീ. വെള്ളാപ്പള്ളി നടേശൻ തലമറന്ന് എണ്ണതേയ്ക്കുകയാണ്. കാരണം ശ്രീനാരായണ ഗുരുദേവൻ കേരളത്തിൽ എന്താണ് പ്രവർത്തിച്ചത്, അദ്ദേഹം ഏത് വിപ്ലവത്തിന്റെ വിദ്യുത്ശൃംഗമാണ് ഇവിടേയ്ക്ക് ഉയർത്തിവിട്ടതെന്നുള്ള കാര്യത്തെപ്പറ്റി ബഹുമാന്യനായ ശ്രീ. വെള്ളാപ്പള്ളി നടേശൻ മറന്നുപോകുകയാണ്. ഇവിടെ ശ്രീനാരായണ ഗുരുദേവൻ അരുവിപ്പുറത്ത് ശിവലിംഗം പ്രതിഷ്ഠിച്ചപ്പോൾ അന്നത്തെ

രാജാക്കന്മാർ ശ്രീനാരായണഗുരുദേവന് 5 രൂപ ഫൈനിട്ട രാജ്യമാണ് ഇവിടെ. ആ നാട്ടിൽ സവർണ്ണാധിപത്യത്തിന്റെ പുതിയ വക്താക്കളുടെ തോളിൽ കൈയിട്ട നടക്കുന്ന ഇവർ. ആർക്കുവേണ്ടിയാണ് ? അതിൽ നിങ്ങൾ മൗനം ഭഞ്ജിക്കുന്നത് എന്തുകൊണ്ടാണ് ? അവരെ ഭയമുള്ളതുകൊണ്ട്. നിങ്ങൾ ജാതി-മത സംഘടനകളെ ഭയക്കുന്നു. നാം ജാതി-മത സംഘടനകളെ ബഹുമാനിക്കണം. പക്ഷേ അവരെ ഭയക്കാൻ പാടില്ല. നിങ്ങൾ അവരുമായി കൂട്ടുചേരാൻ ശ്രമിക്കുന്നു. നിങ്ങൾ ഒരുകാര്യം മനസ്സിലാക്കണം: ജനാധിപത്യം പാലുപോലെയാണ്. അതിൽ വർഗ്ഗീയതയും ജാതി താല്പര്യവും കലർത്തിയാൽ അത് വിഷംകലർത്തിയ പാലാകും. പാലിന്റെ എല്ലാ ഗുണങ്ങളും നഷ്ടപ്പെട്ട് അത് വിഷമായിമാറും. വിഷത്തിൽ പാലൊഴിച്ചാൽ പാലിന്റെ ഗുണം കിട്ടില്ല. പക്ഷേ വിഷത്തിന്റെ ഗുണം എപ്പോഴുമുണ്ടാകും. നിങ്ങളത് രാഷ്ട്രീയത്തിൽ കലർത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ തിക്തഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. നിങ്ങൾ ജാതിക്കുവേണ്ടി ബില്ലുണ്ടാക്കുന്നു. അധികാരം നഷ്ടപ്പെടുമോ എന്ന ഭയത്താൽ ജാതി-മതങ്ങൾക്കെതിരെ, ജാതിസ്ഥാപിത താല്പര്യക്കാർക്കെതിരെ നിങ്ങളൊന്നും മിണ്ടുന്നില്ല. നിങ്ങളവരെ പ്രീണിപ്പിക്കുന്നു. ഒരു ഭാഗത്ത് മതന്യൂനപക്ഷ പ്രീണനം നടത്തുമ്പോൾ മറുഭാഗത്ത് മതഭൂരിപക്ഷ പ്രീണനം നടത്തുന്നു. ഇതൊരു വലിയ സർക്കസുകാരെപ്പോലെ, ഈയൊരു ടാറ്റിക്സിലൂടെ അധികാരം നിലനിർത്തിക്കൊണ്ട് പോകാമെന്നൊരു മെക്കാനിസം നിങ്ങൾ രൂപപ്പെടുത്തിയെടുത്തിയിരിക്കുകയാണ്. ഇത് നമ്മുടെ രാജ്യത്തെ അപകടത്തിലേയ്ക്ക് നയിക്കുകയാണ്. ഇതിന്റെയെല്ലാം ഗുണം കിട്ടാൻ പോകുന്നത് ജനാധിപത്യത്തിനല്ല. ആത്യന്തികമായി അതിന്റെ വിജയം ഉണ്ടാക്കാൻ പോകുന്നത് ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും വർഗ്ഗീയവാദികൾക്കുമായിരിക്കും. അതിലേയ്ക്കാണ് ഇപ്പോൾ കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. അതിന് പറ്റിയ രീതിയിലുള്ള ബില്ലുകളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം 27 മിനിട്ട് കഴിഞ്ഞു.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങ് നിയന്ത്രിക്കരുത്. ഞാൻ എന്റെ അവകാശം അനുസരിച്ച് മാത്രമേ ഞാൻ സംസാരിക്കുന്നുള്ളൂ.

ശ്രീ. എ. കെ. ബാലൻ : സർ, ഇപ്പോൾ ലൈബ്രറിയിൽനിന്നും എടുത്ത ഒരു പുസ്തകമാണിത്. ***

മി. ചെയർമാൻ : ശ്രീ. എ. കെ. ബാലൻ അതു പരിശോധിക്കാം.

***സഭാനടപടികളിൽനിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ *** ഗുജറാത്തിലെ പോർബന്തറിൽ ജനിച്ച മഹാനായ മനുഷ്യനാണ് മഹാത്മാഗാന്ധി എന്നുപറയുന്ന നമ്മുടെ രാഷ്ട്രപിതാവ്. ആ രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കുന്നതിനു പകരം സർദാർ വല്ലഭായി പട്ടേലിന്റെ പ്രതിമ സ്ഥാപിക്കുന്നത് ഒരു പ്രതീകമായിട്ടാണ്.

ശ്രീ. ജി. സുധാകരൻ : സർ, ഹിറ്റ്ലർ ജൂതന്മാരേയും അതുപോലെയുള്ള വർഗ്ഗങ്ങളേയും ഉന്മൂലനാശം ചെയ്യാൻ വംശവിച്ഛേദനം അതായത് genocide നടത്തിയതുപോലെ ആയിരക്കണക്കിന് മുസ്ലീങ്ങളെ ഗർഭിണികൾ, കുഞ്ഞുങ്ങൾ, വൃദ്ധന്മാർ, യുവാക്കൾ എന്നുള്ള വ്യത്യാസമില്ലാതെ കൊന്നൊടുക്കിയ, കൊലയാളിയായ മോഡിയെ, അദ്ദേഹം ഇന്ന് പ്രധാനമന്ത്രിയോ ആരോ ആകട്ടെ, ഇവിടെ ന്യൂറംബർഗ് ട്രയൽ മോഡലിൽ, ഒരു പ്രത്യേക കോടതി സ്ഥാപിച്ച് പ്രോസിക്യൂട്ട് ചെയ്യാൻ ഈ കോൺഗ്രസ്സ് തയ്യാറാകേണ്ടിയിരുന്നതല്ലേ, അതുചെയ്യാത്തതുകൊണ്ടല്ലേ അദ്ദേഹം പ്രധാനമന്ത്രി ആയത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, തീർച്ചയായിട്ടും. നരേന്ദ്ര മോഡിക്ക് വരാൻ എല്ലാ അവസരങ്ങളും ഒരുക്കിയത് നിങ്ങളാണ്. ഇവിടെ ആരോ കമ്മ്യൂണിസ്റ്റുകാരെപ്പറ്റി പറയുന്നതുകേട്ടു. ശ്രീ. സി. പി. മുഹമ്മദാണ് പറഞ്ഞതെന്ന് തോന്നുന്നു. നിങ്ങളെ ബഹുമാനിക്കുന്ന ഒരാളാണ് ഞാൻ. നിങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് അതുപറഞ്ഞത്. ഈ ഇടതുപക്ഷക്കാരാണോ ബി.ജെ.പി.യെ കൊണ്ടുവന്നത്. നിങ്ങൾ 1992 മറന്നുപോയോ ; ഈ സഭയിൽ പലതവണ ആവർത്തിച്ച കാര്യമായിരിക്കാം, പക്ഷേ വീണ്ടും ആവർത്തിക്കേണ്ടിവരും. 1992-ൽ ബാബറിമസ്ജിദ് പൊളിച്ചപ്പോൾ നിങ്ങളുടെ ആളല്ലേ പ്രധാനമന്ത്രിയായിരുന്നത്, മറന്നുപോയോ ; എന്തുകൊണ്ട് അന്ന് നിങ്ങൾക്ക് ബാബറി മസ്ജിദിനെ സംരക്ഷിക്കാൻ കഴിഞ്ഞില്ല, അതിനുമുൻപ് രാജീവ്ഗാന്ധി ഷബാനുബീഗം കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് ശരിഅത്ത് നിയമത്തിന്റെ കാര്യത്തിൽ ന്യൂനപക്ഷങ്ങൾക്കുവേണ്ടി നടത്തിയ പ്രീണനത്തിനു പകരമായി നിങ്ങൾ ആ ക്ഷേത്രം തുറന്നുകൊടുത്തു, മറന്നുപോയോ ? അതിനുശേഷം ശിലാന്യാസം നടത്തുന്നതിനുവേണ്ടി അവസരം കൊടുത്തില്ലേ ; രാമക്ഷേത്രം പണിയാൻവേണ്ടി കല്യാൺസിംഗിന് എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് നിങ്ങളല്ലേ, വാസ്തവത്തിൽ അതിനുശേഷമല്ലേ ബി.ജെ.പി.-ക്ക് ഇൻഡ്യയിൽ കടന്നുവരാൻ അവസരമൊരുക്കി കൊടുത്തത്. ഇവിടെ മതന്യൂനപക്ഷ വർഗ്ഗീയത ശക്തിപ്പെട്ടത് അതിനുശേഷമല്ലേ ? മതന്യൂനപക്ഷ വർഗ്ഗീയത ചൂണ്ടിക്കാട്ടി വീണ്ടും വീണ്ടും ബി.ജെ.പി.-യെ വളർത്താൻ വേണ്ടി ആശയപരമായ എല്ലാം ഒരുക്കങ്ങളും ചെയ്തുകൊടുത്തത് കോൺഗ്രസ്സല്ലേ ?

***സഭാനടപടികളിൽനിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. വി. റ്റി. ബൽറാം</u> : സാർ, *** സമാനമായ രീതിയിൽ ആർ.എസ്.എസ്.-കാർ പ്രത്യേകിച്ചും നരേന്ദ്ര മോഡിയുടെ ആരാധകരായിട്ടുള്ള ആർ.എസ്.എസ്.കാർ കണ്ണൂരിൽ ആ പാർട്ടിയിൽനിന്നു മാറി സി.പി.എം.ൽ ചേരുന്നതിനെ നിരുൽസാഹപ്പെടുത്തണമെന്ന് സി.പി.ഐ.-ക്കാരനായ താങ്കൾക്ക് അഭിപ്രായമുണ്ടോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, തീർച്ചയായിട്ടും, ബി.ജെ.പി.-യിൽ ആര് ചേരുന്നതിനെയും എങ്ങനെയൊക്കെ തടയാൻ കഴിയുമോ, അങ്ങനെയൊക്കെ തടയണമെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളുടെ കൂട്ടത്തിൽനിന്ന് ആരെങ്കിലും ആർ.എസ്.എസ്.-ലേയ്ക്ക് പോകുന്നെങ്കിൽ ഞങ്ങൾ അതിൽ ജാഗ്രതയുള്ളവരും അതിനെപ്പറ്റി നല്ല ബോധ്യമുള്ളവരുമാണ്. പക്ഷേ കോൺഗ്രസ്സിനകത്തുനിന്ന് എത്രപേർ ബി.ജെ.പി.-യിലേയ്ക്ക് പോകുന്നുണ്ടെന്നും നാളെ എത്രപേർ ഖദറിനകത്ത് കാക്കി ട്രൗസർ ഇട്ട് കൂട്ടത്തിൽ ഇരിക്കുന്നുണ്ടെന്ന കാര്യവും ശ്രീ. ബൽറാം ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, രാജ്യസഭയിലും ലോകസഭയിലുമുള്ള ഇപ്പോഴത്തെ ബി.ജെ.പി എം.പി.മാരിൽ 56 പേർ പഴയ കോൺഗ്രസ്സുകാരാണെന്നുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, ***

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, തീർച്ചയായിട്ടും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മതേതരത്വത്തിനുവേണ്ടി ജീവിച്ച ആളാണ്, അദ്ദേഹം ഒരു യുക്തിവാദിയായിരുന്നു. ഇവിടെ ഫാക്ടറികളാണ് അമ്പലങ്ങളായി മാറേണ്ടതെന്ന് പറഞ്ഞ ആളാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ചെയ്ത കാര്യങ്ങളെപ്പറ്റി അങ്ങ് പറഞ്ഞല്ലോ ; അന്ന് ശ്രീരാമ വിഗ്രഹം കണ്ടെടുത്തപ്പോൾ അത് സരയൂ നദിയിൽ കൊണ്ടുപോയി ഒഴുക്കാൻ പറയാനുള്ള ആർജ്ജവം ഉണ്ടായിരുന്ന ഒരാളാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. പക്ഷേ അന്നത്തെ കോൺഗ്രസ്സ് അല്ലല്ലോ ഇന്ന്. അതുപോലെ 56 എം.പി.മാർ പോയാൽ അവരുടെകൂടെ 56 ലക്ഷം ആളുകളെങ്കിലും ബി.ജെ.പി.യിലേയ്ക്ക് പോയിക്കാണില്ലേ. ഇവിടെ ഏറ്റവും വലിയ പാർട്ടി കോൺഗ്രസ്സായിരുന്നില്ലേ.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, കേരളത്തിൽ നിങ്ങളുടെ കൂടെ ഉണ്ടായിരുന്ന ഒരു മുൻ എം.എൽ.എ. ശ്രീ. അൽഫോൺസ് കണ്ണന്താനം ഇപ്പോൾ ബി.ജെ.പി.-യുടെ കൂടെ നടക്കുന്നു, നിങ്ങളുടെ കൂടെ നടന്നതല്ലേ ?

***സഭാനടപടികളിൽനിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഒരു സ്വതന്ത്ര എം.എൽ.എ. അപ്പുറത്ത് പോയതാണോ ഏറ്റവും വലിയ കാര്യം. ശ്രീ. ജോസഫ് വാഴക്കനെപ്പോലെയുള്ള ആളുകൾ കട്ടക് ചോരുന്നത് കാണുകയും ആന ചോരുന്നത് കാണാതിരിക്കുകയും ചെയ്യുന്നത് മോശമാണ്. ഞാൻ പറഞ്ഞത് ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവന്നത് കമ്മ്യൂണിസ്റ്റുകാരല്ല. കഴിഞ്ഞ 10 കൊല്ലക്കാലം ഇൻഡ്യാരാജ്യം ഭരിച്ച കോൺഗ്രസ്സ് ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളെയും അഴിമതിയെയുമാണ് ബി.ജെ.പി. ഏറ്റവും നല്ല വോട്ടാക്കിമാറ്റിയത്. ഹിന്ദു രാഷ്ട്രീയമല്ല വോട്ടാക്കി മാറ്റിയത്. ഇപ്പോൾ അവർ ഹിന്ദു രാഷ്ട്രീയം വോട്ടാക്കി മാറ്റുകയാണ്. ഹിന്ദു വർഗ്ഗീയത അവരുടെ ശക്തിയാക്കി മാറ്റാൻ ശ്രമിക്കുകയാണ്. നരേന്ദ്ര മോഡി ഗവൺമെന്റ് അധികാരത്തിൽ വരാൻ അതിന് കളമൊരുക്കിയത്, കമ്മ്യൂണിസ്റ്റുകാരോ ഇടതുപക്ഷക്കാരോ അല്ല. അതിന് കളമൊരുക്കിക്കൊടുത്തത് കോൺഗ്രസ്സുകാരായിരുന്നു. നിങ്ങൾ ഉണ്ടാക്കിക്കൊടുത്ത വഴിയിലൂടെ, നിങ്ങൾ വെട്ടിത്തെളിച്ച വഴിയിലൂടെ ബി.ജെ.പി.-ക്കാർ ഇന്ന് അധികാരത്തിലിരിക്കുകയാണ്. അവരെ ചെറുത്ത് തോൽപ്പിക്കാൻപോലും പറ്റാത്ത വിധത്തിൽ നിങ്ങൾ ദുർബലമായിപ്പോയി എന്നതിൽ വിഷമമുള്ള ഒരാളാണ് ഞാൻ. കോൺഗ്രസ്സ് ദുർബ്ബലമായിപ്പോകണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. കാരണം കോൺഗ്രസ്സ് ഒരു ജനാധിപത്യ പാർട്ടി എന്ന നിലയിൽ ആ പാർട്ടിയുടെ സാന്നിദ്ധ്യം ആവശ്യമായിരിക്കാം. പക്ഷേ, നിങ്ങൾ സ്വയം അത് നശിപ്പിക്കുകയും ബി.ജെ.പി.-യെ വളർത്തുകയും ചെയ്തിരിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാർ വർഗ്ഗീയതയെ ഉണർത്തുന്നു എന്ന് ഇവിടെ പറയേണ്ട. കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ച് വർഗ്ഗരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ സംരക്ഷണം എന്നുപറയുന്നത് അവിഭാജ്യ ഭാഗമാണ്. ന്യൂനപക്ഷത്തെ സംരക്ഷിക്കുക എന്നുപറയുന്നത് ഞങ്ങളുടെ രാഷ്ട്രീയത്തിന്റെ അവിഭാജ്യഭാഗമാണ് എന്നുള്ളതു കൊണ്ടുതന്നെയാണ് ആർ.എസ്.എസ്.-ന്റെ വിചാരധാരയിൽ കമ്മ്യൂണിസ്റ്റുകാരാണ് അവരുടെ ഏറ്റവും വലിയ ബദ്ധശത്രു എന്ന് അവർ ആധികാരികമായി എഴുതിവയ്ക്കാൻ കാരണം. ന്യൂനപക്ഷ സമുദായത്തെ സംരക്ഷിക്കുക എന്ന വർഗ്ഗരാഷ്ട്രീയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. മതന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കുക, മതന്യൂനപക്ഷത്തിലെ സമ്പന്ന വിഭാഗത്തിന്റെ താല്പര്യത്തിനുവേണ്ടി മതന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ആനുകൂല്യങ്ങൾ അവർക്ക് വച്ചുനീട്ടിക്കൊടുക്കുക, മതഭൂരിപക്ഷത്തിന്റെ ഒരു വിഭാഗത്തിനുവേണ്ടി, അതിലെ സമ്പന്നർക്കുവേണ്ടി അവരെ പ്രീണിപ്പിക്കുക, പിന്നോക്കക്കാരനുവേണ്ടി കൊടുക്കുമ്പോൾ പിന്നോക്കക്കാരനിലെ സമ്പന്നർക്കുവേണ്ടി ആ അധികാരം ദുർവിനിയോഗം ചെയ്യാൻ അവസരം

LIBRARY ARCHIVES Kerala Legislative Assembly

ഒരുക്കിക്കൊടുക്കുക, അതുവഴി അധികാരമുണ്ടാക്കാൻ ശ്രമിക്കുക. ഞാൻ ചോദിക്കട്ടെ, മതന്യൂനപക്ഷ സമുദായങ്ങൾ നന്നായി നടത്തുന്ന എത്രയോ സ്ഥാപനങ്ങളുണ്ട്. ഇവിടെ മതസംഘടനകൾ നടത്തുന്ന എത്രയോ സ്ഥാപനങ്ങളുണ്ട്; ഈഴവർ നടത്തിക്കൊണ്ടിരിക്കുന്ന കോളേജുകളിൽ പണം കൊടുക്കാതെ പാവപ്പെട്ട ഈഴവന് സീറ്റ് കിട്ടുമോ, ആത്മാർത്ഥമായി പറയണം. പാവപ്പെട്ട ഈഴവർക്കുവേണ്ടി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈഴവ സമുദായത്തിലെ പാവപ്പെട്ടവന് എത്ര സീറ്റുകൊടുക്കും ? എസ്.എൻ.ഡി.പി. നടത്തിയാലും എൻ.എസ്.എസ്. നടത്തിയാലും പണം കൊടുക്കാതെ ആ സ്ഥാപനങ്ങളിൽ സീറ്റ് കിട്ടുകയില്ല. അവിടെ അദ്ധ്യാപകരെ നിയമിക്കുമ്പോൾ ഈഴവനായിട്ടുള്ള ഒരു പാവപ്പെട്ട മിടുക്കിയോ മിടുക്കനോ ആയ അദ്ധ്യാപകനെ നിയമിച്ച് സമൂഹത്തിൽ അവർ ഉയർന്നുവരട്ടെയെന്ന് ആഗ്രഹിക്കുന്ന എത്ര എസ്.എൻ.ഡി.പി. സ്ഥാപനങ്ങളുണ്ട് ; എത്ര എൻ.എസ്.എസ്. സ്ഥാപനങ്ങളുണ്ട്. മതന്യൂനപക്ഷങ്ങളുടെ പേരിൽ ഇവിടെ സ്ഥാപനങ്ങൾ ഒരുപാട് നടത്തുന്നുണ്ട്. ഞാൻ ലീഗുകാരോടും ചോദിക്കുന്നു, എം.ഇ.എസ്.-ന്റെ കോളേജിൽ അഡ്മിഷൻ കിട്ടാൻ പൈസ കൊടുക്കണ്ടേ; അവിടെ ജോലികിട്ടാൻ പൈസ കൊടുക്കണ്ടേ ? ഇവിടത്തെ ക്രൈസ്തവ മാനേജുമെന്റുകൾ നടത്തിക്കൊണ്ടിരിക്കുന്ന കോളേജുകളിൽ സീറ്റ് കിട്ടാൻ പൈസ കൊടുക്കണ്ടേ ; അവിടെ അദ്ധ്യാപക നിയമനം കിട്ടാൻ പൈസ കൊടുക്കണ്ടേ ? ഇത് ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യമല്ലേ. ജാതിയുടേയും മതത്തിന്റേയും പേരിൽ അധികാരത്തിലേയ്ക്കുവരാൻ അധികാരവുമായി ബന്ധം സ്ഥാപിക്കാൻ അവരവരുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കാൻവേണ്ടി ഇവിടെ ജാതിയേയും മതത്തേയും മതസംഘടനകളേയും സംഘടിത ഗ്രൂപ്പുകളായി ഇവർ ഉപയോഗിക്കുമ്പോൾ ജനാധിപത്യത്തിന്റെ ശ്രീകോവിലിലിരുന്ന് അതിനെതിരെ പ്രതിരോധിക്കാനും പ്രതിഷേധിക്കാനും നമുക്ക് കഴിയണ്ടേ ? എന്നാൽ അതിനുപകരം നിങ്ങൾ ഈ ബില്ലിലൂടെ ചെയ്യുന്നത് ഈ ജാതി സംഘടനകൾക്ക് അവരുടെ താല്പര്യപ്രകാരം എന്തും ചെയ്ത് അഴിമതി നടത്താൻ എല്ലാ കാര്യങ്ങൾക്കും ഒത്താശ ചെയ്തുകൊണ്ട് ഈ ജനാധിപത്യ സംവിധാനത്തെത്തന്നെ അവർക്കും അവരുടെ താല്പര്യത്തിനുംവേണ്ടി അടിയറവയ്ക്കുകയാണ്. അതാണ് ഈ ബില്ലിലെ ഏറ്റവും വലിയ പ്രശ്നം. ഈ ബിൽ അങ്ങനെയൊരു ബില്ലാണ്. ഇത് ഞാൻ നേരത്തെ പറഞ്ഞതുപോലെ വർഗ്ഗീയതയുടെയും ജാതീയതയുടെയും എല്ലാ സ്വാർത്ഥ താല്പര്യങ്ങളേയും സംരക്ഷിക്കാൻ വേണ്ടിയുള്ള ബില്ലാണ്. ഈ നിയമസഭയുടെ മഹനീയമായ പാരമ്പര്യത്തിന് വിരുദ്ധമായി ഈ ബിൽ കൊണ്ടുവരുമ്പോൾ ചരിത്രം നമ്മെ നോക്കി ചിരിക്കും. ഇവിടെ ഒരുകാര്യംകൂടി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ബില്ലിനകത്ത് വന്നിരിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ വീണ്ടും ആവർത്തിക്കുകയാണ്. മദ്യവില്പനയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആളുകളെ ഇതിനകത്ത് ഉൾപ്പെടുത്താൻ പാടില്ലായിരുന്നു. ഞാൻ അങ്ങയോട് ചോദിക്കുന്നു ദേവസ്വം ബോർഡിനകത്ത് മദ്യവില്പന നടത്തുന്ന ആളുകളെ നിങ്ങൾ നിയമിച്ചിട്ടില്ലേ ? ഞാൻ പേര് പറയാം. അതുമായി ബന്ധമുള്ള ശ്രീ. സുഭാഷ് വാസുവിനെ നിങ്ങൾ നിയമിച്ചിരിക്കുന്നു. ഈ ബില്ലിനകത്ത് അങ്ങനെ കൊണ്ടുവരാൻ താല്പര്യമെന്താണ്. അത് വളരെ വ്യക്തമാണ്. ചില സ്ഥാപിത താല്പര്യങ്ങൾ അതിന് പിന്നിലുണ്ട്. അത് നിങ്ങൾ മറച്ചുവയ്ക്കുണ്ട. ഹൈന്ദവ ജനവിഭാഗവുമായി ബന്ധപ്പെട്ടുകൊണ്ട്, ക്ഷേത്രഭരണവുമായി ബന്ധപ്പെട്ടു കൊണ്ട് അവിടെ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഹൈന്ദവ മതവുമായി ബന്ധപ്പെട്ട് എല്ലാ മേഖലയിലുമുള്ളവർക്കും അതിനകത്ത് പങ്കാളിത്തമുണ്ടാവണം. ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെയോ ഒരു ജാതി വിഭാഗത്തിന്റെയോ മാത്രമായിട്ടുള്ളതല്ല ക്ഷേത്രങ്ങളെന്നുപറയുന്നത്. അതുകൊണ്ട് ഈ ബിൽ നമ്മുടെ സംസ്ഥാനത്ത് ജാതീയമായി ജനങ്ങളെ വേർതിരിക്കാൻ വേണ്ടിയുള്ളതാണ്, അതാണ് സഖാവ് ശ്രീ. ജി. സുധാകരൻ ഇവിടെ പറയുകയുണ്ടായത്. പല ജാതി സംഘടനകളും ഇവിടെയുണ്ട്. ആ ജാതി സംഘടനകളൊക്കെ ഇപ്പോൾ എവിടെപ്പോയി. ശ്രീനാരായണഗുരുദേവന്റെ അനുയായികളെപ്പറ്റിയാണ് ഇവിടെ സൂചിപ്പിച്ചത്. ശ്രീനാരായണഗുരുദേവന്റെ അനുയായികൾ ഇങ്ങനെയാണ് പോയ്ക്കൊണ്ടിരിക്കുന്നത്. എല്ലാവർക്കും നക്കാപ്പിച്ച കൊടുത്താൽ, എന്തെങ്കിലും കൊടുത്താൽ, ജാതി സംഘടനാ നേതാക്കന്മാരെ വ്യക്തിപരമായി പ്രീണിപ്പിച്ചാൽ ആ ജാതി നിങ്ങളുടെ കൂടെവരുമെന്ന് തെറ്റിദ്ധരിക്കണ്ട. ഏതെങ്കിലും ഒരു ജാതി നേതാവ് ഒരു വർഗ്ഗീയവാദിയുടെ തോളിൽ കയ്യിട്ടാൽ ആ ജാതിയിൽപ്പെടുന്ന എല്ലാ ആളുകളും ആ നേതാവിന്റെ പുറകെ പോകുമെന്ന് തെറ്റിദ്ധരിക്കുന്ന സ്ഥിതിവിശേഷമുണ്ടാകരുത്. അതുകൊണ്ട് അതിനെപ്പറ്റി കോൺഗ്രസ്സുകാർ അഭിപ്രായം പറയണം. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെയുള്ള ആളുകൾ പലകാര്യങ്ങൾക്കും അഭിപ്രായം പറയുന്നവരാണല്ലോ, അങ്ങ് ഇപ്പോൾ ഒന്നും മിണ്ടുന്നില്ലല്ലോ. അങ്ങ് ഒന്നും മിണ്ടില്ല. കാരണം അങ്ങേയ്ക്ക് അതിനുള്ള ധൈര്യംപോലും നഷ്ടപ്പെട്ടിരിക്കുന്നു. കാരണം അതിനകത്ത് അങ്ങനെയാണ് സ്ഥിതി. ഈ ബിൽ ഈ സാഹചര്യത്തിൽ ഈ നിയമസഭയിൽ അവതരിപ്പിക്കാൻ പാടില്ലാത്തതാണ്. ശ്രീ. ജി. സുധാകരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, ഇത് തോട്ടിലെറിയേണ്ട ബിൽ അല്ല, ഇത് കടലിൽ മുക്കിക്കൊല്ലേണ്ട ബില്ലാണ്. ഈ ബിൽ പാസ്സായാൽ കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

അപമാനകരമായ നിമിഷമായി ഈ ദിവസം മാറും. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ചരിത്രത്തിൽ ഇടംനേടുന്ന ശ്രദ്ധേയമായ ഒരു നിയമനിർമ്മാണമാണ് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി കൊണ്ടുവന്ന ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ. ഇത് ചരിത്രത്തിൽ ഇടംനേടുന്നത് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന നമ്മൾ ഒരുപാട് ഉച്ചത്തിൽ സംസാരിച്ചപ്പോഴും നമ്മുടെയെല്ലാം മുമ്പിൽ നിലനിൽക്കുന്ന ചില വസ്തുതകൾ നമ്മളെ തുറിച്ചുനോക്കുന്നതുകൊണ്ടാണ്. ആ വസ്തുതകൾ എന്താണ് ? തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരുള്ളതിൽ വെറും 85 പേർ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടത്. അതായത് ആകെയുള്ള ജീവനക്കാരുടെ 1.5 ശതമാനം. വർഗ്ഗരാഷ്ട്രീയത്തെക്കുറിച്ചൊക്കെ വാതോരാതെ സംസാരിച്ച ബഹുമാന്യ സ്നേഹിതൻ ശ്രീ. വി. എസ്. സുനിൽകുമാറിന്റെ പാർട്ടിയും നമ്മുടെ പാർട്ടിയുമെല്ലാം ഇവിടെയുണ്ടായിരുന്ന സമയത്തും, നിങ്ങളുടെ ആളിനെ മുഖ്യമന്ത്രിയാക്കാൻ കോൺഗ്രസ് നിലപാട് സ്വീകരിച്ചിരുന്ന രാഷ്ട്രീയ കാലാവസ്ഥയിലടക്കം നമ്മളൊക്കെ ഉണ്ടായിരുന്നിട്ടും 85 പേരെ മാത്രമേ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രതിനിധിയായി കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളൂ. ഈ നാലുവർഷം കൊണ്ടല്ല. ഗുരുവായൂർ ദേവസ്വം ബോർഡിൽ മാത്രമാണ് പത്തുശതമാനം സംവരണം ഉണ്ടായിരുന്നത്. ബാക്കിയെല്ലായിടത്തും നൂറുശതമാനം സംവരണമില്ലാത്ത അവസ്ഥ യായിരുന്നു ഉണ്ടായിരുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, നിങ്ങൾ പറഞ്ഞത് കറക്ടാണ്. പക്ഷേ ആ വിഭാഗത്തെ ഈ നിയമത്തിൽനിന്നും ഒഴിവാക്കുകയാണ് ശ്രീ. പി. സി. വിഷ്ണുനാഥേ. എയ്ഡഡ് മേഖലയിലെ കോളേജുകളിലെ നിയമനങ്ങളെല്ലാം ഈ നിയമത്തിന്റെ പരിധിയിൽനിന്ന് പുറത്താണ്. അത് ബഹുമാനപ്പെട്ട വിഷ്ണുവിനെപ്പോലെയുള്ള ആളുകൾക്ക് വായിച്ചാൽ മനസ്സിലാകുകയില്ലേ ?

ശ്രീ. സി. പി. മുഹമ്മദ് : സർ,....

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാനൊന്ന് തുടങ്ങിയിട്ടല്ലേയുള്ളൂ, ഞാനൊന്ന് പറയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : സർ, ദേവസ്വം ബോർഡിൽ മാത്രമല്ല പട്ടികജാതി പ്രാതിനിധ്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലുപേരെ സി.പി.ഐ. മന്ത്രിയാക്കിയപ്പോൾ മന്ത്രിയാക്കാൻ പറ്റിയ ഒരു xxxxxx* എം.എൽ.എ. ഉണ്ടായിരുന്നില്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ? ശ്രീ. പള്ളിപ്പുറം ബാലൻ ഉണ്ടായിരുന്നു, എടുത്തില്ല. നാലുപേർ ഒരേ ജാതിയിൽപ്പെട്ടവർ. ഇവിടെ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ളവരെ എടുത്തില്ല.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലുപേർ ഒരേ ജാതിയിൽപ്പെട്ടവരാണെന്ന് ശ്രീ സി. പി. മുഹമ്മദ് സൂചിപ്പിച്ചു. ഇടതുപക്ഷ മന്ത്രിസഭയിൽ സി.പി.ഐ.ലെ നാലുപേർ. ജാതിനോക്കിയല്ല സി.പി.ഐ.-ൽ മന്ത്രിമാരെ തീരുമാനിച്ചത്. അങ്ങനെ ജാതിനോക്കി തീരുമാനിക്കുന്ന ഒരു പാർട്ടിയല്ല ഇടതുപക്ഷം. അതുകൊണ്ട് ജാതിനോക്കി തീരുമാനിച്ചുവെന്നത് രേഖയിൽ ഉണ്ടാവാൻ പാടില്ല.

ശ്രീ. സി. ദിവാകരൻ : സർ, കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ മന്ത്രിമാരായിരുന്ന ആളുകളെ, ഇപ്പോൾ ഈ നിയമസഭയിൽ ഇരിക്കുന്നവരെ പരസ്യമായി ഈ സി. പി. മുഹമ്മദ് എന്നുപറയുന്ന..... അദ്ദേഹത്തിന്റെ ജാതി ഞാൻ പറയുന്നില്ല, അദ്ദേഹം ജാതിപ്പേര് പറഞ്ഞു. അന്തസ്സുണ്ടെങ്കിൽ ഈ സഭയിൽ മാപ്പ് ചോദിക്കണം., അന്തസ്സുണ്ടെങ്കിൽ, ആത്മാഭിമാനമുണ്ടെങ്കിൽ. ജാതിപറഞ്ഞ് ആക്ഷേപിക്കാൻ xxxx* ആരാ ? ജാതി പറയാൻ ആരാണ് xxxx*. ആരാണ് xxxx*.. മാപ്പ് പറയണം. ... (ബഹളം)....

ശ്രീ. സി. പി. മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ദേവസ്വം ബോർഡിൽ അംഗങ്ങളായി പട്ടികജാതിക്കാർക്ക് സ്ഥാനം കൊടുക്കുന്നില്ല എന്ന് ആക്ഷേപിക്കുന്നവർ, രാജ്യത്തെ നിയമം നടത്തുന്ന, രാജ്യം ഭരിക്കുന്ന ഗവൺമെന്റിൽ നാല് മന്ത്രിസ്ഥാനമുണ്ടായിട്ട് ഒരു സ്ഥാനം പട്ടികജാതിക്കാർക്ക് കൊടുക്കാത്തവർ ഇവിടെ വലിയ വേദാന്തം പറയേണ്ട കാര്യമില്ല. അതുകൊണ്ട് അത്രയും ധിക്കാരപരമായ ഭാഷയിൽ.... ഞാൻ അയാളുടെ വേലക്കാരനല്ല. ഓട് പൊളിച്ച് ഇവിടെ വന്നതല്ല. ഞാനും തെരഞ്ഞെടുക്കപ്പെട്ട് ഇവിടെ വന്നതാണ്. ഈ ദിവാകരൻ അതിനായിട്ടില്ല. xxx* പറഞ്ഞ ധിക്കാരം നിറഞ്ഞഭാഷ രേഖയിൽനിന്നും നീക്കം ചെയ്യണം. ....(ബഹളം)....

മി. ചെയർമാൻ : ഇതിൽ ജാതീയമായ പരാമർശം ഒഴിവാക്കാം. ശ്രീ.പി. സി. വിഷ്ണുനാഥിന് തുടരാം.

---

*രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഇവിടെ നിങ്ങൾ ഈ ഗവൺമെന്റിനെ അഭിനന്ദിക്കണ്ടേ, എനിക്ക് എത്ര ആലോചിച്ചിട്ടും ഈ ബില്ലിലെ വ്യവസ്ഥകളെ നിങ്ങൾ എതിർക്കുന്നതെന്തിനാണെന്ന് മനസ്സിലാകുന്നില്ല. കാരണം ഇതിനകത്ത് നിയമനങ്ങളിൽ ഇതുവരെയില്ലാതിരുന്ന ഒരു സംവരണം, 50 ശതമാനം സംവരണത്തിൽ പി.എസ്.സി. പറയുന്നതിൽ ക്രിസ്ത്യൻ, മുസ്ലീം വിഭാഗത്തിന്റെ ഒഴിവാക്കിയിട്ടുള്ള 32 ശതമാനം സംവരണം കൊടുത്ത് അത്രയുമധികം ആളുകളെ ഇവിടേയ്ക്കുകൊണ്ടുവരാൻ ഒരു നിയമം കൊണ്ടുവരുമ്പോൾ അതിനെ എതിർക്കാതെ പിൻതുണക്കേണ്ടതിനു പകരം അതിനെ നിലനിൽക്കാത്ത വാദങ്ങളും ബില്ലിലില്ലാത്ത കാര്യങ്ങളും പറഞ്ഞ് എതിർക്കുന്നതെന്തിനാണ്. സമുദായ പ്രമാണിമാർ, ആർ.എസ്.എസ്. ഇതൊക്കെ ചർച്ചയില്ലുടനീളം കേട്ടതാണ്. ആർ.എസ്.എസ്.-കാരെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ഈ ബില്ലിൽ എഴുതി വച്ചിട്ടുണ്ടോ ? 32 ശതമാനത്തിൽ 8 ശതമാനം പേർ ആർ.എസ്.എസ്-കാരായിരിക്കണം. അതിൽ ബജ്റംഗദൾ ഇത്രയായിരിക്കണം, ബി.എം.എസ്. ഇത്രയായിരിക്കണം എന്ന് ഇവിടെ ഒരിടത്തും എഴുതിവച്ചിട്ടില്ല.

3.00 PM]

എവിടെയാണ് ആർ.എസ്.എസ്.-കാരെ കൊണ്ടുവരുന്നത്. പി.എസ്.സി. പറയുന്ന 32 ശതമാനം സംവരണം എന്നത് ബിൽ വഴി നിഷ്കർഷിക്കുമ്പോൾ 85 പേർ മാത്രമുണ്ടായിരുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിലും ഇതു വരികയാണ്. നിങ്ങളുടെ ഡിസന്റ് നോട്ട് ഞാൻ വായിച്ചു. അതിൽ പറയുന്നത് പി.എസ്.സി. നിയമനത്തെ അട്ടിമറിച്ചു എന്നാണ്. സഭ ഇത് പരിശോധിക്കണ്ടേ ? നിങ്ങളുടെ നിയമത്തിൽ കേരളത്തെ മുഴുവനും ഉൾപ്പെടുത്തിയിരുന്നോ ? കൊച്ചി ദേവസ്വവും തിരുവിതാംകൂർ ദേവസ്വവും മാത്രമാണുണ്ടായിരുന്നത്. മലബാർ ദേവസ്വം ഉണ്ടായിരുന്നില്ല. അവിടത്തെ മിനിസ്റ്റീരിയൽ സ്റ്റാഫിനുമാത്രമേ നിയമനം ഉണ്ടായിരുന്നുള്ളൂ. ശ്രീ. എ. കെ. ബാലൻ, ഈ പറഞ്ഞത് ശരിയല്ലേ ? നിങ്ങൾ കൊണ്ടുവന്ന പി.എസ്.സി.-യുടെ *നിയമത്തിൽപ്പോലും കേരളമുണ്ടായിരുന്നില്ല. തിരുവിതാംകൂർ - കൊച്ചി ദേവസ്വംബോർഡിലെ 20 ശതമാനം മാത്രം വരുന്ന മിനിസ്റ്റീരിയൽ ജീവനക്കാർക്കുവേണ്ടി മാത്രം 2008-ൽ നിങ്ങളൊരു നിയമം കൊണ്ടുവന്നു. 2011-ൽ നിങ്ങൾ ഇറങ്ങിപ്പോകുന്നതുവരെ ഒരാളെ നിയമിച്ചോ ? ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ സഭയിൽ പ്രസംഗിച്ചത് എനിക്ക് നല്ല ഓർമ്മയുണ്ട്. 2008-ൽ നിയമം കൊണ്ടുവന്നിട്ടും ഒരാളെ നിങ്ങൾ നിയമിച്ചിട്ടില്ല.

---

*രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അന്ധവിശ്വാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അന്ധവിശ്വാസിയല്ല, വിശ്വാസിയാണ്. ഈ നിയമം കൊണ്ടുവരുന്ന മന്ത്രിമാർക്ക് എന്തോ അപകടം സംഭവിക്കുമെന്ന് നേരത്തെ സംസാരിച്ച ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞു. ഈ നിയമം കൊണ്ടുവന്ന ശ്രീ. ജി. സുധാകരന് നിയമം കൊണ്ടുവന്ന് അധിക ദിവസത്തിനകം ദേവസ്വത്തിന്റെ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു . നിങ്ങൾ അന്ധവിശ്വാസികളുമല്ല, വിശ്വാസികളുമല്ല. എന്തിനാണ് അദ്ദേഹത്തെ മാറ്റിയത് ? അദ്ദേഹം നല്ല മന്ത്രിയായിരുന്നില്ലേ ? ശ്രീ. ജി സുധാകരനെക്കുറിച്ച് രാഷ്ട്രീയപരമായ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിലും വ്യക്തിപരമായി എനിക്ക് അദ്ദേഹത്തോട് നല്ല ബഹുമാനമാണുള്ളത്. അദ്ദേഹം നല്ല മന്ത്രിയായിരുന്നിട്ടും നിങ്ങൾ എന്തിനാണ് മാറ്റിയത് ? ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ എന്തിനാണ് ദേവസ്വം ബോർഡിന്റെ മന്ത്രിയാക്കിയത് ? ശ്രീ. പാലോട് രവി പറഞ്ഞതുപോലെ ഏത് സാമുദായിക പ്രമാണിത്വത്തോടാണ് നിങ്ങൾ സന്ധി ചെയ്തത് ? നമ്മൾ പരസ്പരം ഇതൊക്കെ എവിടെയാണ് ഒളിപ്പിച്ചുവയ്ക്കുന്നത്. ആവശ്യമുള്ളപ്പോൾ മാത്രം നല്ല കാര്യങ്ങൾ പറയുകയും ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ പറയാതിരിക്കുകയും ചെയ്യുന്നത് ആരോഗ്യകരമായ ജനാധിപത്യ സംവാദത്തിന്റെ രീതിയാണോ ? ഈ കാര്യം നമ്മൾ പരിശോധിക്കേണ്ടേ ? നിങ്ങൾ പി.എസ്.സി. നിയമം കൊണ്ടുവന്നപ്പോൾത്തന്നെ കേരളമില്ല, നൂറുശതമാനം ജീവനക്കാരില്ല, മാത്രമല്ല അത് നടപ്പിലാക്കിയതുമില്ല. അപ്പോൾ കേരളമില്ലാത്ത, നൂറുശതമാനം ജീവനക്കാരില്ലാത്ത, നടപ്പിലാക്കിയിട്ടില്ലാത്ത ഒരു നിയമത്തെക്കുറിച്ചാണ് നാല്പത്തിയഞ്ച് മിനിട്ടൊക്കെ സംസാരിച്ചത്. എന്നാൽ ഈ നിയമം ഇവിടെ നിലവിൽ വന്നാൽ കേരളം മുഴുവൻ വരും. നൂറുശതമാനം ജീവനക്കാരായിട്ടുള്ള ശാന്തി, കഴകം, അടിച്ചുതളി, നാദസ്വരം, പഞ്ചവാദ്യം, ഉൗപ്പ്, പുറംഉൗപ്പ്, അകംഉൗപ്പ് തുടങ്ങിയവരൊക്കെ ഉൾപ്പെട്ടും. അതാണ് എത്ര ആലോചിച്ചിട്ടും ഈ നിയമത്തെ നിങ്ങൾ എന്തിനാണ് എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകാത്തത്. ഡിസന്റിലെ രണ്ടാമത്തെകാര്യം പരമ്പരാഗത തസ്തികകൾ ഒഴിവാക്കിയെന്നതാണ്. അങ്ങേയ്ക്കും എനിക്കും ഒക്കെ അറിയാവുന്നതാണ്, അങ്ങ് ശബരിമല അയ്യപ്പൻ നിൽക്കുന്ന സ്ഥലത്തെ നിയമസഭാ സാമാജികനാണ്. അതിന്റെ ആനുകൂല്യം അനുഭവിക്കുന്ന ആളാണ്. നമ്മുടെ ക്ഷേത്രങ്ങളിൽ കാരായ്മ സമ്പ്രദായം നിലവിലുണ്ട്. കാരായ്മ സമ്പ്രദായം നിലനിൽക്കുന്ന ക്ഷേത്രങ്ങളിൽ ഒരു നിയമം കൊണ്ടുവന്ന് അമ്പലവാസികളായവരോട് അമ്പലത്തിൽ കയറരുത്, നാളെ മുതൽ നിങ്ങൾ അമ്പലത്തിൽ വരരുത്, ജോലി ചെയ്യരുത് എന്നുപറയാൻ കഴിയുമോ ? കാരായ്മ സമ്പ്രദായം നിലനിൽക്കുന്ന വൈക്കം, ഏറ്റുമാനൂർ തുടങ്ങിയ ക്ഷേത്രങ്ങൾ ഇപ്പോഴുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുരോഹിതന്മാരായിട്ടുള്ള പത്മനാഭസ്വാമിക്ഷേത്രത്തിലെ നമ്പിമാർക്ക് പാരമ്പര്യാവകാശ അധികാരങ്ങളുള്ള വൈക്കം ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം, തിരുവനന്തപുരത്തുള്ള ശ്രീകണ്ഠേശ്വരം ക്ഷേത്രവുമുണ്ട്. ഞാൻ ആ ക്ഷേത്രങ്ങളിലെ ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തി കാര്യങ്ങൾ മനസ്സിലാക്കി. അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, ആകെയുള്ളതിന്റെ 10 ശതമാനം മാത്രമേ കാരായ്മ സമ്പ്രദായത്തിൽ വരുന്നുള്ളുവെന്നാണ്. 90 ശതമാനത്തെയും ആ രൂപത്തിൽ ഉൾക്കൊള്ളാൻ കഴിഞ്ഞു. ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ചത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചാണ്. ഈ സ്കൂളുകളിൽ കെ.ഇ.ആർ. ഉണ്ട്. കെ.ഇ.ആർ.-ന്റെ അടിസ്ഥാനത്തിലാണ് അവിടെ നിയമനങ്ങളും സ്കൂൾ സംബന്ധമായ കാര്യങ്ങളും തീരുമാനിക്കുന്നത്. യൂണിവേഴ്സിറ്റി ആക്ടിന്റെ, സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വം ബോർഡിന്റെ കോളേജുകളിൽ, നിയമനവും അനുബന്ധമായ കാര്യങ്ങളും തീരുമാനിക്കേണ്ടത്. അല്ലാതെ ഇതിനെ ഒഴിവാക്കുന്നതിനായി മന:പൂർവ്വം ചെയ്യുതല്ല എന്ന പോയിന്റ് എസ്റ്റാബ്ലിഷ് ചെയ്യാൻവേണ്ടിമാത്രമാണ് ഞാൻ ഇതിനെക്കുറിച്ച് പറഞ്ഞത്. കേരള ഹൈക്കോടതിയുടെ 2-1-2007-ലെ ഡയറക്ഷന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ടുണ്ടാക്കി. ആ റിപ്പോർട്ടിൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റി ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്, " A high power recruitment board headed by retired Judge of the High Court or Administrator of high efficiency and integrity may be appointed to select the right people for various posts." ആ നിർദ്ദേശത്തെ അതുപോലെ അംഗീകരിച്ചുകൊണ്ട് സർവ്വീസിൽ നല്ല ഇന്റഗ്രിറ്റി പ്രദർശിപ്പിച്ച ആളുകളെത്തന്നെയാണ് ഇവിടെ നിയമിച്ചിട്ടുള്ളത്. പലരും സൂചിപ്പിച്ചതു പോലെ അവരുടെ ജാതി പരിശോധിക്കാൻ പോകണോ ? ഇവിടെ എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും കാര്യത്തിൽ പറഞ്ഞതുപോലെ ഇതും ബാധകമല്ലേ ? ഇന്റഗ്രിറ്റിയുള്ള ഒരു ഉദ്യോഗസ്ഥനെ ഒരു ചുമതലയിലേയ്ക്ക് കൊണ്ടുവന്നതിനുശേഷം വീണ്ടും ഇങ്ങനെ പരിശോധിക്കേണ്ടതിന്റെ ആവശ്യമുണ്ടോ ? ഇത് ശരിയാണോ ?

ശ്രീ. പാലോട് രവി : സർ, എങ്ങനെ ഈ റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടായെന്ന് ശ്രീ. എ. കെ. ബാലൻ ചോദിച്ചു. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ഉൾപ്പെടെയുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിനുശേഷം അതിന്റെ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാൻ ബോർഡിനോട് ആവശ്യപ്പെട്ടു. ബോർഡുണ്ടാക്കിയ സ്പെഷ്യൽ റൂൾസിലെ ചില ക്ലാരിഫിക്കേഷൻ ഗവൺമെന്റിനോട് പി.എസ്.സി. വീണ്ടും ചോദിക്കുന്നു. അപ്പോൾ മന്ത്രി മാറുന്നു, അതിനുശേഷം ആ ഗവൺമെന്റ് പോകുന്നതുവരെ ക്ലാരിഫിക്കേഷൻ പോയില്ലെന്നു മാത്രമല്ല ഒരാളിനെപ്പോലും നിയമിച്ചിട്ടുമില്ല. ആരുടെ സ്വാധീനം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് ഇതെല്ലാം നടന്നത് ? ഈ റിക്രൂട്ട്മെന്റ് ബോർഡ് വരാനുള്ള കാരണം അതാണ്. നിങ്ങളുണ്ടാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ 48 തസ്തികകളുണ്ടാക്കി. ആ തസ്തികകൾക്കാവശ്യമായ സ്പെഷ്യൽ റൂൾസുണ്ടാക്കാൻ ആവശ്യപ്പെട്ടു ആ സ്പെഷ്യൽ റൂൾസിന്റെ ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടപ്പോൾ മന്ത്രി മാറുന്നു. ഗവൺമെന്റ് പിന്നെ ക്ലാരിഫിക്കേഷൻ കൊടുക്കുന്നില്ല. പിന്നീട് എങ്ങനെയാണ് നിയമനം നടക്കുന്നത് ? അതാണ് ഹൈക്കോടതി പറഞ്ഞത്, അതാണ് ക്ലാരിഫിക്കേഷനിലേയ്ക്കുവന്നത്. ഈ റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കാനുള്ള സാഹചര്യം നിയമസഭയിലുണ്ടാക്കിയത് നിങ്ങളാണ്. നിങ്ങളുടെ കള്ളക്കളിയായിരുന്നു. അല്ലെങ്കിൽ ഇത് ഉണ്ടാകുമായിരുന്നില്ല. മന്ത്രിയെ മാറ്റി, പി.എസ്.സി. ചോദിച്ചതിന് മറുപടിയും കൊടുത്തിട്ടില്ല. അതല്ലേ സത്യം ?

ശ്രീ. വി. ശശി : സർ, ഞാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പറായിരുന്നു. ഞാൻ ഹെഡ് ചെയ്താണ് ആ സ്പെഷ്യൽ റൂൾസ് ഡ്രാഫ്റ്റ് ചെയ്തതും പബ്ലിക് സർവ്വീസ് കമ്മിഷന് അയച്ചതും. ആ സ്പെഷ്യൽ റൂൾസ് ഗവൺമെന്റിന് അയയ്ക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി പൈലറ്റ് ചെയ്ത് അംഗീകരിച്ച നിയമപ്രകാരം പി.എസ്.സി.-യും ദേവസ്വം ബോർഡും പരസ്പര ധാരണയായാൽ ഒരു ക്ലാരിഫിക്കേഷനുവേണ്ടിയും ഗവൺമെന്റിന് അയയ്ക്കേണ്ടതില്ല. ആ രീതിയിൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി വ്യക്തമായി ബന്ധപ്പെട്ടതിനു ശേഷമാണ് ഒരു ക്ലാരിഫിക്കേഷനും അയയ്ക്കാതെ അന്തിമമായി ആ സ്പെഷ്യൽ റൂൾസ് അംഗീകരിച്ചത്.

ശ്രീ. പാലോട് രവി : സർ, ഗവൺമെന്റിന്റെ കൈവശം ബന്ധപ്പെട്ട എല്ലാ രേഖകളുമുണ്ട്. അത് നിയമസഭയിലുമുണ്ട്. പി.എസ്.സി.-യും ദേവസ്വം ബോർഡും തമ്മിൽ ചില കാര്യങ്ങളിൽ യോജിപ്പുവരാത്ത സാഹചര്യത്തിൽ വീണ്ടും ക്ലാരിഫിക്കേഷൻ ചോദിച്ചു. ആ ക്ലാരിഫിക്കേഷന് ഗവൺമെന്റ് മറുപടി കൊടുത്തില്ല. അപ്പോൾ മന്ത്രി മാറി, പുതിയ മന്ത്രി വരുന്നു. പിന്നീട് ആ ക്ലാരിഫിക്കേഷൻ പോയതേയില്ല. ഇവിടെ ഇന്ന് ഈ റിക്രൂട്ട്മെന്റ് ബോർഡ് വരാനുള്ള കാരണം അതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ബഹുമാന്യനായ മുൻ ദേവസ്വം ബോർഡ് മെമ്പർ കൂടിയായ അദ്ദേഹം ഇടപെട്ടുപറഞ്ഞതിനുള്ള മറുപടിയാണ് ഞാൻ നേരത്തെ പറഞ്ഞത്. പി.എസ്.സി.-യുടെ തീരുമാനത്തെ അംഗീകരിച്ചാൽപ്പോലും ഇങ്ങനെയൊരു ബോർഡ് രൂപീകരിച്ചില്ലെങ്കിൽ കേരളത്തിലെ മറ്റ് ദേവസ്വം ബോർഡുകളിൽ സംവരണമുണ്ടാകില്ല എന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ. ആ തീരുമാനം അംഗീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് മുന്നോട്ടുപോയാൽ മറ്റ് ജീവനക്കാരിലേയ്ക്ക് സംവരണം വരില്ല. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത് ഇങ്ങനെയൊരു ബോർഡ് ഉണ്ടാകണമെന്നാണ്. ജസ്റ്റിസ് പരിപൂർണ്ണൻ സ്വാമിയെക്കുറിച്ച് ആർക്കും അഭിപ്രായ വ്യത്യാസമില്ലല്ലോ. അദ്ദേഹത്തിന് vested interest ഇല്ലല്ലോ. അപ്പോൾ അദ്ദേഹം വളരെ കൃത്യമായി പഠിച്ചതിനുശേഷം പറഞ്ഞൊരു കാര്യത്തെ സ്വീകരിക്കാനുള്ള സമീപനം ഗവൺമെന്റിനുണ്ടെങ്കിൽ നമ്മൾ അതിനെ അംഗീകരിച്ചാൽ പോരേ ; ഈ ബോർഡിൽ അഞ്ചുപേരെ നിയമിച്ചതിൽ ഒരു വനിതയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളും വരുമ്പോൾ ഒരാളുടെ കുറവുണ്ടാകുന്നു. സബ്ജക്ട് കമ്മിറ്റിയിൽ എല്ലാ അംഗങ്ങളുംകൂടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരാളെക്കൂടി കൂട്ടുതലായി നിയമിക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചുകഴിഞ്ഞാൽ പിന്നെ സഭയിൽ അതിനെ അംഗീകരിച്ചാൽപ്പോരേ ; ഉൾക്കൊള്ളിച്ചതിനുശേഷവും അതിനെ എതിർക്കുന്നത് എന്തിനാണ് ; രണ്ടുപേരും വന്നല്ലോ. ഒരംഗം കുറഞ്ഞിരുന്നുവെങ്കിൽ, അതായത് നിങ്ങൾ ആശങ്കപ്പെട്ടതുപോലെ വനിതയും പട്ടികജാതിയും എന്നുള്ളത് പട്ടികജാതി വനിതയെ ഉൾപ്പെടുത്തി വനിതയുടേയോ പട്ടികജാതിക്കാരുടേയോ അവസരം നഷ്ടപ്പെടുത്തുന്ന സാഹചര്യമാണുണ്ടായിരുന്നതെങ്കിൽ അതിനെ എതിർക്കാമായിരുന്നു. അതല്ലല്ലോ ഇവിടെ ഉണ്ടായത്. അതിനുപകരം ഒരുവിഭാഗത്തിനും നഷ്ടമുണ്ടാകാത്ത തരത്തിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിനുശേഷം, സബ്ജക്ട് കമ്മിറ്റി ക്ലിയർ ചെയ്ത് സഭയിൽ വന്നിരിക്കുന്ന ബില്ലിൽ ഉൾപ്പെട്ടിരിക്കുന്ന കാര്യത്തെക്കുറിച്ച് ആരോപണം ഉന്നയിക്കുന്നത് വസ്തുതാപരമായി വിമർശിക്കാനുള്ള കാര്യങ്ങൾ ഈ ബില്ലിൽ ഇല്ലാത്തതുകൊണ്ടാണ്. എവിടേയ്ക്കെല്ലാമാണ് പോയത്. എം. ഒ. മത്തായി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ തുടങ്ങിയവരിലേയ്ക്ക് പോകുന്നു, കോ-ലീ-ബി എന്നുപറഞ്ഞ് ആരോപണം ഉന്നയിക്കുന്നു. ഞാനൊരു കാര്യം പറയാം, ഇത് നമ്മുടെ കണ്ണ് തുറപ്പിച്ച ഒരു ബില്ലാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 85 പട്ടികജാതിക്കാർ മാത്രമാണുണ്ടായിരുന്നത്. ആ 85-ൽത്തന്നെ നിൽക്കുമായിരുന്ന സ്ഥലത്തുനിന്നാണ് ചരിത്രത്തിലേയ്ക്ക് ഈ നിയമനിർമ്മാണം കടന്നുവരുന്നത്. ഞങ്ങൾ പ്രത്യയശാസ്ത്രപരമായി പ്രതിബദ്ധത പുലർത്തുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പ്രസ്ഥാനത്തിന് കേരളത്തിലെ സാമൂഹികമായ അനാചാരങ്ങൾ തുടച്ചുനീക്കിയതിൽ വലിയ പങ്കുണ്ട്. ദേശീയ സ്വാതന്ത്ര്യസമരം കേവലം സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടമായിരുന്നില്ല. അതിൽ ഹരിജനോദ്ധാരണം, ദേശീയ ഭാഷയുടെ പ്രചരണം, ഖാദിയുടെ പ്രചരണം എന്നിവയെല്ലാം ഉണ്ടായിരുന്നു. 1923-ൽ കാക്കിനടയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത ടി. കെ. മാധവൻ കേരളം എന്ന ഭ്രാന്താലയത്തിലെ അയിത്താചാരത്തിന്റെ പ്രാകൃതരൂപം അവതരിപ്പിച്ചു. ഈ ദുരാചാരം നിമിത്തം അവർണ്ണഹിന്ദുക്കൾ അനുഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവശതകളെക്കുറിച്ച് കാക്കിനട കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത ടി. കെ. മാധവൻ അവിടെ പ്രസംഗിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കി. സംസ്ഥാന യൂണിറ്റുകളോട് എ.ഐ.സി.സി. അയിത്തത്തിനെതിരായി, ജാതീയമായ ഉച്ചനീചത്വത്തി നെതിരായി വലിയ പ്രചരണപരിപാടികൾ സംഘടിപ്പിക്കാൻ പറഞ്ഞു. അങ്ങനെ കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ അയിത്തോച്ചാടന കമ്മിറ്റിയുടെ അന്നത്തെ സെക്രട്ടറി കെ. കേളപ്പൻ ഒരു പ്രസ്താവനയിറക്കി. അതിൽ പറയുന്നത് 'അയിത്തം കേരളത്തിന്റെ അധഃപതനത്തിന് ഒരു പ്രധാന കാരണമാകയാൽ നിരർത്ഥകവും പൈശാചികവുമായ ഈ ദുരാചാരത്തെ കേരളത്തിൽനിന്നും ഉച്ചാടനം ചെയ്യാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നാണ്.- അയിത്തം മനുഷ്യനെ വിലക്ഷണമാക്കുന്ന ഒരു ദുരാചാരമാണെന്നും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ഹൈന്ദവ സമുദായത്തിന്റെ ഉത്കർഷത്തിനും വലിയ പ്രതിബന്ധമായി പരിണമിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത ലഘുലേഖ വഴി എവിടേയും എത്തിക്കുക, അയിത്തോച്ചാടന കമ്മിറ്റി സംഘടിപ്പിക്കുക, അധഃകൃത വർഗ്ഗക്കാരുടെ സങ്കേതങ്ങളിൽപ്പോയി ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ ഉദ്ബോധനം നൽകുക, സേവനം നടത്തുക, അയിത്തവും തീണ്ടലും ഇല്ലായ്മ ചെയ്യാനും പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും അധഃകൃതർക്ക് പ്രവേശനം അനുവദിച്ചുകിട്ടാനും വേണ്ടുന്ന എല്ലാ ശ്രമങ്ങളും നടത്താൻ ഈ കമ്മിറ്റിക്ക് ബാധ്യതയുണ്ട് ' എന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വൈക്കം സത്യാഗ്രഹം ഉണ്ടാകുന്നത്. പയ്യന്നൂർ കോൺഗ്രസ് സമ്മേളനത്തിനുശേഷമാണ് ഗുരുവായൂർ സത്യാഗ്രഹത്തിന് തീരുമാനമുണ്ടായത്. ഇതാണ് ചരിത്രം. അന്ന് എ.കെ.ജി., സഖാവ് കൃഷ്ണപിള്ള എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. എങ്ങനെയാണ് പങ്കെടുത്തത് ; നല്ല അച്ചടക്കമുള്ള കോൺഗ്രസ് വോളന്റിയർമാരായി പങ്കെടുത്തു. അതല്ലേ ചരിത്രം. അന്ന് കമ്മ്യൂണിസ്റ്റായി പ്രവർത്തിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടോ ; ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിരുന്നോ ; കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലേയ്ക്ക് വരുന്നുണ്ടോ ; അതിനുമുൻപല്ലേ ഇത് നടക്കുന്നത്. അതുകൊണ്ട് അന്ന് കോൺഗ്രസ് പ്രവർത്തകരായിരുന്ന, പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റുകളായവർ ഇതിലൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. അതിനെന്താണ് ; എ.കെ.ജി.-യെക്കുറിച്ചും സഖാവ് കൃഷ്ണപിള്ളയെക്കുറിച്ചും ഞങ്ങൾക്ക് അഭിമാനമുണ്ട്. ഞാൻ പറയുമ്പോൾ എ.കെ.ജി.-യെക്കുറിച്ചും കൃഷ്ണപിള്ളയെക്കുറിച്ചും പറയും. പക്ഷേ അപ്പുറത്തുള്ള ആളുകൾ പറയുമ്പോൾ ഇത് സംഘടിപ്പിച്ചത് കോൺഗ്രസ്സാണെന്ന് പറയില്ല, ടി. കെ. മാധവൻ, കെ. പി. കേശവമേനോൻ, മന്നത്ത് പത്മനാഭൻ എന്നിവരെക്കുറിച്ചൊന്നും പറയില്ല. അതാണ് പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

നമ്മളും സംഘ്പരിവാറും തമ്മിലുള്ള വ്യത്യാസമെന്താണ്; ശ്രീ. ദീനനാഥ് ബത്ര എഴുതിയ പുസ്തകത്തിൽ പറയുന്നത് എന്താണ് ; അദ്ദേഹം എഴുതിയ ബുക്കുകൾ ഹരിയാനയിൽ പാഠപുസ്തകങ്ങളാക്കിക്കൊടുക്കുകയാണ്. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ നേതൃത്വം നൽകിയ, ഗിരീഷ് കർണ്ണാട് നേതൃത്വം നൽകിയ പൂനെയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘ്പരിവാർ ഗജേന്ദ്ര ചൗഹാനെ നിയമിച്ചു. മഹാഭാരതത്തിൽ ധർമ്മപുത്രരായി അഭിനയിച്ചു എന്നതാണ് യോഗ്യത. മൂന്നാം ക്ലാസ്, നാലാം ക്ലാസ് സിനിമകളിൽ അഭിനയിക്കുന്ന വെറുമൊരു സീരിയൽ നടൻ, ധർമ്മപുത്രരായി അഭിനയിച്ചതുകൊണ്ട് എവിടെ വേണമെങ്കിലും നിയമിക്കാൻ ഗജേന്ദ്ര ചൗഹാൻ യോഗ്യനാണെന്നു പറഞ്ഞാണ് അദ്ദേഹത്തെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയമിച്ചത്. അവിടെ വിദ്യാർത്ഥികളുടെ, ബുദ്ധിജീവികളുടെ, മാധ്യമ പ്രവർത്തകരുടെ വലിയ സമരം നടക്കുകയാണ്. ശ്രീ. നരേന്ദ്ര മോഡി ഗവൺമെന്റിനെതിരെ പ്രതിഷേധം ഇരമ്പുകയാണ്. അവർ ചരിത്രം വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. വേറൊരു രൂപത്തിൽ നമ്മളും ചരിത്രം വളച്ചൊടിക്കുകയാണ്. അസുഖകരമായ പല കാര്യങ്ങളുമുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : സർ, വ്യക്തികളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചുമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിലയിരുത്തൽ പലപ്പോഴും അവസരവാദപരമാണ്. അതിന്റെ ഏറ്റവും വലിയ തെളിവ് മഹാത്മാഗാന്ധി വാർധയിലെ കള്ളസന്ന്യാസിയെന്നും നേതാജി സുഭാഷ് ചന്ദ്രബോസ്, നേതാവല്ലവൻ ചെറ്റ, ജപ്പാൻകാരുടെ ചെരുപ്പുനക്കി എന്നും സഖാവ് ചെറുകാട് കവിത എഴുതി. ഓരോ നേതാക്കളെക്കുറിച്ചും.... ഡോ. എ. പി. ജെ. അബ്ദുൾ കലാം വാണംവിടുന്ന ആളാണെന്ന് പ്രസംഗിച്ച പ്രതിപക്ഷ നേതാവിരിക്കുന്ന സഭയിലാണ് നമ്മളെല്ലാം ഇപ്പോൾ കൂടിയിരിക്കുന്നത്. ഇപ്പോൾ മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും ഇഷ്ടതോഴൻമാരായി, വളരെ വേണ്ടപ്പെട്ടവരുമായി. ബാക്കിയുള്ളവരെല്ലാം മോശക്കാരുമായി. ഇങ്ങനെ ചരിത്രപരമായ ബൗദ്ധികവാദത്തോടൊപ്പം ചരിത്രപരമായ അവസരവാദവുമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി തുടരുന്നത് എന്നതിനെക്കുറിച്ചറിയാമോ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കുറച്ചുകൂടി വസ്തുതാപരമായി ആർ.എസ്.എസ്.-ന്റെ പ്രചരണങ്ങളെക്കുറിച്ച് ഈ സഭ ചർച്ച ചെയ്യണം. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന സംഘ്പരിവാർ പ്രചരണങ്ങളുണ്ട്. ഇപ്പോൾ സോഷ്യൽ മീഡിയയിലൊക്കെ ആർ.എസ്.എസ്.-ന്റെ ആളുകൾ വന്നുപറയുന്നത് 'ഹിന്ദുക്കളുടെ അമ്പലങ്ങളിലെ വരുമാനം മുഴുവൻ സർക്കാർ കൊണ്ടുപോകുന്നു, ഈ സർക്കാരിന് ക്രിസ്ത്യാനിയുടെ പള്ളിയെ, മുസ്ലീമിന്റെ പള്ളിയെ തൊടാൻ ധൈര്യമുണ്ടോ' എന്നാണ്. ഇത് കേൾക്കുന്നവർക്ക് ശരിയാണെന്ന് തോന്നും. ദേവസ്വം ബോർഡുവഴി പണം മുഴുവൻ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുന്ന എന്നാണ് പറയുന്നത്. ഇവിടെ ബഡ്ജറ്റിന്റെ ഡിസ്കഷനല്ലേ നടന്നത്. സഭയിൽ വരാത്ത ഒരു വരവും ചെലവും സംസ്ഥാന സർക്കാരിനില്ല. ശബരിമല അമ്പലത്തിലേയോ മലയാലപ്പുഴ ക്ഷേത്രത്തിലേയോ ഗുരുവായൂർ അമ്പലത്തിലേയോ ഒരു നയാപൈസ നമ്മുടെ വരവിലേയ്ക്കുവന്നിട്ടുണ്ടോ ; ക്ഷേത്രങ്ങളുടെ വരുമാനത്തിൽനിന്ന് ഒരു രൂപപോലും സംസ്ഥാന സർക്കാരിന് കിട്ടുന്നില്ല. നിങ്ങൾ ഒരുകാര്യം മനസ്സിലാക്കണം, നിങ്ങൾക്കുവേണ്ടിയാണ് പറയുന്നത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയിൽ സാംസ്കാരിക പ്രവർത്തനത്തിന് വലിയ പങ്കുണ്ട്. കെ.പി.എ.സി. -യുടെയും തോപ്പിൽ ഭാസിയുടെയും സാംബശിവന്റെയും പങ്ക് വളരെ വലുതാണ്. നമ്മുടെ ഉത്സപ്പറമ്പുകളിൽ വിശ്വസാഹിത്യം കൊണ്ടുവന്ന സാംബശിവന്റെ കഥാപ്രസംഗം നിറഞ്ഞുനിന്ന ഉത്സവപ്പറമ്പുകളിലിന്ന്, ശ്രീമതി ശശികല ടീച്ചറിന്റെ കല്ലിനെ തീപിടിപ്പിക്കുന്ന വർഗ്ഗീയ പ്രസംഗമാണ് നടക്കുന്നത്. അവിടെ തെറ്റിദ്ധാരണ പരത്തുകയാണ് എന്നാണ് ഞാൻ പറഞ്ഞത്. മഹാഭരതത്തെ കുറിച്ചോ ഗീതയെക്കുറിച്ചോ ഉപനിഷത്തുക്കളെക്കുറിച്ചോ പറഞ്ഞാൽ എവിടെയാണ് വിദ്വേഷം വരുന്നത് ; എവിടെയാണ് കാലുഷ്യമുണ്ടാകുന്നത് ; എന്നാൽ ശശികല ടീച്ചറും കുമ്മനം രാജശേഖരനും പ്രസംഗിക്കുന്നത് ഗീതയല്ല, ഭാഗവതമല്ല, രാമായണവുമല്ല. പകരം ബി.ജെ.പി.-ക്ക് വളരാനും നിയമസഭയിലെത്താനുമുള്ള വർഗ്ഗീയതയുള്ള അടിസ്ഥാനം പാകലാണ് ക്ഷേത്രങ്ങളുടെ പരിസരങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ അമ്പലത്തിൽ പൈസ ഇടരുതെന്നുള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങളിടുന്ന പണം മുഴുവൻ മുസ്ലീങ്ങൾക്ക് മതപ്രചരണം നടത്താൻവേണ്ടി കൊടുക്കുകയാണ്, അതുകൊണ്ട് ക്ഷേത്രങ്ങളിൽ, ദേവസ്വം ബോർഡിന്റെ അമ്പലങ്ങളിൽ തുകയിടാൻ പാടില്ലെന്ന രീതിയിലുള്ള പ്രചരണമാണ് നടത്തുന്നത്. ഇതെല്ലാം പരിശോധിക്കണ്ടേ ; ഈ നാലുകൊല്ലം കൊണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന് 62 കോടി രൂപ സർക്കാർ കൊടുത്തു. 2011-12-ൽ 15 കോടി രൂപ; 2012-13-ൽ 25 കോടി രൂപ ; 2013-14-ൽ 12.5 കോടി രൂപ ; 2015-16-ൽ വീണ്ടും 25 കോടി രൂപ എന്നിങ്ങനെ ഈ സർക്കാർ തുക കൊടുത്തു. അങ്ങോട്ട് തുക കൊടുക്കുകയാണ് ചെയ്യുന്നത്, ഇങ്ങോട്ട് ഒരുരൂപാ പോലും എടുക്കുന്നില്ല. പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിധി ശേഖരമുണ്ടെന്നുള്ള വാർത്ത പുറത്തുവന്നു. ആ സ്വത്ത് ആവശ്യമില്ലെന്നും അത് എടുക്കുന്നില്ലെന്നും അത് എടുക്കാൻ തീരുമാനിക്കുന്നില്ലെന്നുമുള്ള ഒരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. അവിടെ നിധിശേഖരം ഉണ്ടെന്നുള്ള വാർത്ത പുറത്തുവന്നാൽ ഗവൺമെന്റ് അതിന് സുരക്ഷ കൊടുക്കണ്ടേ ? ഈ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കായി എത്ര കോടിരൂപയാണ് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കുന്നത് ? ഞാൻ മനസ്സിലാക്കുന്നത്, എസ്.പി. റാങ്കുവരെയുള്ള ഉദ്യോഗസ്ഥരുടെ തസ്തിക പുതുതായി സൃഷ്ടിച്ചുകൊണ്ട് ആ ക്ഷേത്രത്തിന്റെ സുരക്ഷ സർക്കാർ ഏറ്റെടുത്തു. അതിനും ഈ സർക്കാർ പണം ചെലവഴിക്കുന്നില്ലേ ? ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. ഇവിടെയുണ്ട്. ആറ്റുകാൽ ദേവീക്ഷേത്രത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഈ സർക്കാർ പണം അനുവദിച്ചു. ഞാനും ശ്രീ. കെ. ശിവദാസൻ നായരും ശ്രീ. രാജു എബ്രഹാമുമൊക്കെ ശബരിമല തീർത്ഥാടന കേന്ദ്രത്തിലെ പ്രധാന ഇടത്താവളങ്ങളിലെ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്നവരാണ്. ഞാൻ റാന്നി വഴി പോകുമ്പോൾ ആന്ധ്രാപ്രദേശ് വരെ ശ്രീ. രാജു എബ്രഹാമിന്റെ ഫ്ളക്സ് ബോർഡ് തെലുങ്ക് ഭാഷയിൽ എഴുതിവച്ചിരിക്കുകയാണ്. അദ്ദേഹം ശബരിമലയ്ക്കുവേണ്ടി തുക അനുവദിച്ചതിന് അഭിവാദ്യങ്ങൾ എന്ന് തെലുങ്കിൽ എഴുതി വച്ചിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് തെലുങ്ക് ഭാഷ അറിയില്ല. ശ്രീ. രാജു എബ്രഹാമിന്റെ പടവും അയ്യപ്പന്റെ പടവും ഉള്ള തെലുങ്ക് ഭാഷയിലുള്ള ഫ്ലക്സ് ബോർഡാണ് അവിടെ സ്ഥാപിച്ചിരിക്കുന്നത്. എന്താണ് സംഭവമെന്ന് എനിക്ക് ഇതുവരെ മനസ്സിലായിട്ടില്ല.

മി. ചെയർമാൻ (ശ്രീ. രാജു എബ്രഹാം) : ആന്ധ്രാപ്രദേശിൽ എന്റെ ആരാധകർ ഉണ്ടാകും.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, അവർ അവിടെ നിന്ന് അടിച്ചുകൊണ്ടുവന്ന് വച്ചതാണെന്നുള്ള ഒരു വ്യാഖ്യാനമാണ് ചെയർ നടത്താൻ ശ്രമിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. ചെയർമാൻ : അങ്ങ് പറഞ്ഞ കണക്ക്, ശബരിമല മാസ്റ്റർ പ്ലാനിന് കൊടുത്ത തുകയാണ്. അതിന്റെ ഇരട്ടിയിലേറെ തുക റോഡുകൾക്കും ആരോഗ്യ വകുപ്പിനുമൊക്കെ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതാണ് ശരി. ശബരിമല മാസ്റ്റർപ്ലാനുവേണ്ടി കൊടുത്ത വിഹിതമാണിത്. അതിനേക്കാളേറെ, എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്തും ഈ ഗവൺമെന്റ് ഭരിക്കുന്ന സമയത്തും ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് അവലോകന യോഗങ്ങൾ കൂടാറുണ്ട്. ശബരിമല വില്ലേജ് റോഡ് എന്നുപറഞ്ഞ് പൊതുമരാമത്ത് വകുപ്പിൽ പേരുള്ള റോഡുകളുണ്ട്. ആ ശബരിമല വില്ലേജ് റോഡുകളുടെ നവീകരണത്തിനും അവിടെയുള്ള ആശുപത്രികൾക്കുംവേണ്ടി ഈ സർക്കാർ തുക അനുവദിക്കും. അങ്ങയുടെ പെരുനാട് പഞ്ചായത്ത്, പത്തനംതിട്ട മുനിസിപ്പാലിറ്റി, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, പന്തളം തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല തീർത്ഥാടന കാലത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ സർക്കാർ പണം കൊടുക്കും. അങ്ങോട്ട് പണം കൊടുക്കുന്ന പ്രവർത്തനം നമ്മൾ നടത്തുമ്പോഴാണ് സംഘ്പരിവാർ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് വർഗ്ഗീയ പ്രചരണങ്ങൾ നടത്തുന്നത്. 'അമ്പലങ്ങളിലിടുന്ന പണം മുഴുവനുമെടുത്ത് മറ്റ് സമുദായക്കാർക്ക് കൊടുക്കുകയാണ്, ഇടത്-വലത് മുന്നണികൾ ഇതാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങളും ഞങ്ങൾക്കൊപ്പം നിൽക്കണം, ഞങ്ങളെ നിയമസഭയിൽ എത്തിക്കണം' എന്നുപറഞ്ഞുകൊണ്ട് വളരെ ആസൂത്രിതമായ വർഗ്ഗീയ പ്രചരണങ്ങളാണ് സംഘ്പരിവാർ നടത്തുന്നത്. ശ്രീ. വി. റ്റി. ബൽറാം സൂചിപ്പിച്ചതുപോലെ, ഏതാണ്ട് 90 വർഷമായി പ്രവർത്തിക്കുന്ന ആർ.എസ്.എസ്. ഇടയ്ക്ക് ഗാന്ധിവധം ഉണ്ടായതുകൊണ്ടാണ് വെറുക്കപ്പെട്ടുപോയത്. വളരെ കൃത്യമായ പദ്ധതി അവർക്കുണ്ട്. ഗഡ്ഗേവാറിനൊക്കെ കൃത്യമായ പദ്ധതിയുണ്ടായിരുന്നു. ആ പദ്ധതിയുടെ അടിസ്ഥാനത്തിൽ, ഈ രാജ്യത്ത് ഒരു ഹിന്ദുരാഷ്ട്രം ഉണ്ടാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി അവർ ഈ കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മൾ വസ്തുതാപരമായി വിമർശിക്കുകയാണെങ്കിൽ ആ വിമർശനങ്ങളെയും കാണണം. അല്ലാതെ നമുക്ക് താല്ക്കാലികമായി എന്തെങ്കിലും നേട്ടമുണ്ടാക്കാൻവേണ്ടി അങ്ങോട്ടുമിങ്ങോട്ടും കുറ്റംപറഞ്ഞിട്ട് പ്രത്യേകിച്ച് എന്തെങ്കിലും നേട്ടം ഈ പറയുന്നവർക്ക് ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ആത്യന്തികമായി അതിന്റെ കൂടി ബെനിഫിഷ്യറി സംഘ്പരിവാറായി മാറുന്നൊരു ചിത്രമാണ് കേരളത്തിൽ കണ്ടുവരുന്നതെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ഞങ്ങളൊക്കെ ഇക്കാര്യത്തിൽ നിലപാടെടുത്തിട്ടുണ്ട്. ഞാൻ അവർക്കെതിരെ പറഞ്ഞതിന്റെ പേരിൽ, എന്റെ വീട്ടിൽ ശവപ്പെട്ടി മാർച്ച് നടത്തി, എന്നെ കരിങ്കൊടി കാണിച്ചിട്ടുണ്ട്, എന്റെ പരിപാടികൾ തടഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞതിൽനിന്ന് ഒരുവാക്കുപോലും മാറ്റിയിട്ടില്ല, പറഞ്ഞിടത്തുതന്നെ നിൽക്കുകയാണ്, അത് ആവർത്തിച്ചുപറഞ്ഞു കൊണ്ടിരിക്കുകയുമാണ്.

കഴിഞ്ഞ ദിവസം ശ്രീ. വി. റ്റി. ബൽറാം സോഷ്യൽ മീഡിയയിൽ ചില കാര്യങ്ങൾ എഴുതി. എനിക്ക് സങ്കടമുണ്ട്, നിങ്ങളുടെ സൈബർ സഖാക്കന്മാരോട് ഒരുകാര്യം പറയാനുണ്ട്. പരിഷ്കൃതമായൊരു സമൂഹത്തിലാണ് നാം ജീവിക്കുന്നതെന്ന് മനസ്സിലാക്കണം. ഒരു വാർത്ത കൊടുത്തതിന്റെ പേരിൽ, മലയാള മനോരമയുടെ മാധ്യമ പ്രവർത്തകനായ സുജിത് നായരുടെ ഫേസ് ബുക്ക് പേജിലെ കമന്റ് പോസ്റ്റിൽ കയറി 260 കമ്മ്യൂണിസ്റ്റുകാർ കൊടുങ്ങല്ലൂർ പൂരപ്പാട്ട് നടത്തി എന്തോ മഹാകാര്യം ചെയ്തുകഴിഞ്ഞുവെന്ന് പറഞ്ഞുപോയി. മാധ്യമപ്രവർത്തകരായ

LIBRARY ARCHIVES Kerala Legislative Assembly

എത്രയോപേർക്ക് ഫേസ് ബുക്കുണ്ട് ; അവർ എത്രയോ വാർത്തകൾ കൊടുക്കും ; ഞങ്ങൾക്കെതിരെയും വാർത്തകൾ കൊടുക്കുന്ന മാധ്യമപ്രവർത്തകരുണ്ട്. അരുവിക്കരയിൽ ഉപതെരഞ്ഞെടുപ്പ് നടത്തിയപ്പോൾ, അവിടെ പ്രവർത്തിച്ചുകൊണ്ടുതന്നെ, മാധ്യമ പ്രവർത്തനം നടത്തിക്കൊണ്ടുതന്നെ ഇടതുപക്ഷ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യണമെന്ന് പറഞ്ഞ എന്റെ വളരെയടുത്ത സുഹൃത്തുക്കളുണ്ട്. അവർ കോളേജിൽ പഠിച്ചപ്പോൾ രാഷ്ട്രീയമുള്ളവരാണ്. അവരുടെ രാഷ്ട്രീയമെല്ലാം മാറ്റണം, അവരെല്ലാം സർവ്വസംഘ പരിത്യാഗികളും നിഷ്പക്ഷന്മാരുമായി നടക്കണമെന്നൊന്നുമില്ല. എല്ലാവർക്കും രാഷ്ട്രീയമുണ്ട്. ഇവിടെ നിൽക്കുന്ന എനിക്ക് രാഷ്ട്രീയം ഉള്ളതുപോലെ മാധ്യമപ്രവർത്തകർക്കും രാഷ്ട്രീയമുണ്ട്. രാഷ്ട്രീയത്തിന്റെ പേരിലല്ല, വസ്തുതാപരമായൊരു വാർത്ത ആരെങ്കിലും കൊടുത്താൽ, ആ വാർത്തയുടെ പേരിൽ അവരുടെ അമ്മയെ, ഭാര്യയെ, മക്കളെ അധിക്ഷേപിക്കുക, വിമർശിക്കുക, ശ്രീ. വി. റ്റി. ബൽറാമിന്റെ മരിച്ചുപോയ അമ്മയെ കുറിച്ച് ഒരു സഖാവിന്റെ കമന്റ് ഫേസ് ബുക്കിൽ ഞാൻ കണ്ടു. ശ്രീ. വി. റ്റി. ബൽറാമും സി.പി.ഐ.(എം)-മായി ഒരു ഇഷ്യുവുമില്ല. ശ്രീ. വി. റ്റി. ബൽറാമിന് ബി.ജെ.പി.-യിലെ സുരേന്ദ്രനുമായാണ് ഇഷ്യൂ. പിന്നെ എന്തിനാണ് നിങ്ങളുടെ ഡി.വൈ.എഫ്.ഐ. സഖാക്കന്മാർക്ക് ഇത്ര വിളച്ചിലുണ്ടാകുന്നത് ? അതിനുശേഷം അദ്ദേഹത്തിന്റെ മരിച്ചുപോയ അമ്മയെ അപമാനിക്കുക, എ.കെ.ജി. സെന്ററിൽ വിളിച്ച് സൈബർ സഖാന്മാർക്ക് ഒരു ക്ലാസ് കൊടുക്കണം. ഞങ്ങൾക്ക് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ശ്രീ. കെ. ശിവദാസൻ നായരുടെ ബോർഡ് എടുത്തുകൊണ്ട് പോകുക, അദ്ദേഹത്തിന്റെ വീടിന് കല്ലെറിയുക, അദ്ദേഹത്തിന്റെ ഭാര്യവീട്ടിലെ 90 വയസ്സുള്ള അമ്മ ജീവിച്ചിരിക്കുന്നിടത്തുപോയി കല്ലെറിയുക.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ശ്രീ. പി. സി. വിഷ്ണുനാഥ് നേരത്തെ പറഞ്ഞു കൊണ്ടിരുന്ന എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ആർ.എസ്.എസ്. പ്രവർത്തകർക്കെതിരായി പറയുകയും ആർ.എസ്.എസ്. പ്രവർത്തകർ ഇപ്പോൾ നാട്ടിൽ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചെല്ലാം നമുക്കറിയാം. താങ്കൾ ഒരുകാര്യം മനസ്സിലാക്കണം. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അഭിപ്രായമല്ല പ്രാദേശികമായി എല്ലാ കോൺഗ്രസ്സുകാരുടെയും അഭിപ്രായം. അവരെല്ലാം പല സ്ഥലങ്ങളിലും ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകരുമായി സന്ധിചെയ്യുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ആർ.എസ്.എസ്. പ്രവർത്തകരുടെ ഭീകരതയ്ക്ക് വിധേയമായ പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്). കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ആർ.എസ്.എസ്.-കാർ കൊല ചെയ്ത ഏതാണ്ട് 30-നുതാഴെ സഖാക്കൾ ഉണ്ടെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. ചിലപ്പോൾ ഒന്നോ രണ്ടോ കോൺഗ്രസ്സുകാരുണ്ടായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. റ്റി. ബൽറാമിനെതിരെയോ അല്ലെങ്കിൽ ശ്രീ. കെ. ശിവദാസൻ നായരുടെ ബോർഡ് നശിപ്പിച്ചതിനെതിരെയൊ, അതല്ലെങ്കിൽ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ബോർഡ് നശിപ്പിച്ചതിനെതിരെയോ ഡി.വൈ.എഫ്.ഐ.-യുടെ പേര് പറഞ്ഞുകൊണ്ടോ, സി.പി.ഐ.(എം)-ന്റെ പേര് പറഞ്ഞുകൊണ്ടോ, ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ, അതിന് ഡി.വൈ.എഫ്.ഐ.-യുമായും സി.പി.ഐ.(എം)-മായും യാതൊരു ബന്ധവുമില്ല. അതിന് യൂത്ത് കോൺഗ്രസ്സുകാർ ഗ്രൂപ്പിന്റെ അടിസ്ഥാനത്തിലാണോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. അങ്ങനെ ഞങ്ങളുടെ ഭാഗത്തുനിന്ന് ഒരിക്കലും ഉണ്ടാകില്ല. ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞ കാര്യങ്ങളോട് യോജിച്ചു നിന്നുകൊണ്ട് പോരാടാൻ ഞാൻ തയ്യാറാണ്. തിരുവനന്തപുരം സിറ്റിയിൽ നടക്കുന്ന ഒരുകാര്യം കൂടി ഞാൻ പറഞ്ഞുതരാം. ആർ.എസ്.എസ്. പ്രവർത്തകരുടെ ഭീഷണിയുള്ള ഒരു വ്യക്തിയാണ് ഞാൻ. എന്റെ വീട് ആക്രമിക്കുകയും എന്നെ പരസ്യമായി കൊല്ലുമെന്ന് പറയുകയുമൊക്കെ ചെയ്തിട്ടുള്ള ആളുകളാണ് ആർ.എസ്.എസ്.-കാർ. ഇപ്പോൾ തിരുവനന്തപുരം സിറ്റിയിൽ അവർ എന്താണ് ചെയ്യുകൊണ്ടിരിക്കുന്നതെന്ന് അറിയാമോ ? രാത്രി സമയം എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലെയും ഫ്യൂസ് ഊരുകയാണ് ചെയ്യുന്നത്. അപ്പോൾ അവിടെയൊന്നും രണ്ടുമൂന്നു ദിവസത്തേയ്ക്ക് സ്ട്രീറ്റ് ലൈറ്റ് ഉണ്ടാകില്ല. അത് കോൺഗ്രസ്സിന്റെ കോർപ്പറേഷൻ വാർഡാണെങ്കിലും സി.പി.ഐ.(എം)-ന്റെ കോർപ്പറേഷൻ വാർഡാണെങ്കിലും അവർ എഴുതിവയ്ക്കുന്നത് 'ഇന്ന കൗൺസിലറുടെ വാർഡിൽ സ്ട്രീറ്റ് ലൈറ്റ് കത്തുന്നില്ല' എന്നാണ്. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾ ഇവിടെ നടക്കുകയാണ്. റോഡിൽ ചെറിയൊരു കുഴി ഉണ്ടെങ്കിൽ, ആർ.എസ്.എസ്. പ്രവർത്തകർ ആ കുഴി വലുതാക്കിയതിനുശേഷം ശ്രീ. നരേന്ദ്ര മോഡിയുടെ പടം വയ്ക്കുകയാണ് ചെയ്യുന്നത്. ശ്രീ. നരേന്ദ്ര മോഡിയാണ് കേരളത്തിലെ മുഴുവൻ കുഴിയും നികത്താൻ തയ്യാറായി നിൽക്കുന്നതെന്ന് തോന്നും. ഇത്തരം കാര്യങ്ങളുമുണ്ട് എന്നുള്ളതുകൂടി താങ്കൾ ഓർക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കൊലപാതകത്തെ നമുക്ക് കൊലപാതകം കൊണ്ട് നേരിടാനോ, പരാജയപ്പെടുത്താനോ കഴിയില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, അവർ നടത്തുന്ന ഒരു വലിയ ആശയ പ്രചരണവും അവർ തെറ്റിദ്ധാരണ വരുത്തി ഉപയോഗിക്കുന്ന ചില ഇടങ്ങളുമുണ്ട്. ആ ഇടങ്ങളിൽ ജനാധിപത്യപരമായ സംവാദങ്ങൾ സംഘടിപ്പിച്ചുകൊണ്ടും അങ്ങനെ തെറ്റിദ്ധരിപ്പിക്കുന്ന സമൂഹത്തിൽ പ്രവർത്തിച്ചുകൊണ്ടുമാത്രമേ ഈ തരത്തിലുള്ള ആശയപ്രചരണങ്ങളെ പരാജയപ്പെടുത്താൻ കഴിയുകയുള്ളൂ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ടല്ല, പ്രത്യയശാസ്ത്രപരമായിട്ടുള്ള വിയോജിപ്പുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം, 33 മിനിട്ട് കഴിഞ്ഞു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ ചുരുക്കുകയാണ്.

ശ്രീ. പാലോട് രവി : സർ, ഇത് കേരളം വളരെ ഗൗരവത്തോടെ ആലോചിക്കേണ്ട ഒരു ചോദ്യമാണ്. കേരളത്തിലെ എൽ.ഡി.എഫ്. വേദികളിൽ എപ്പോഴും മുഴങ്ങിക്കേൾക്കുന്നത് അന്ധമായ കോൺഗ്രസ് വിരോധമാണ്. അരുവിക്കര തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന്റെ മൂന്ന് പഞ്ചായത്ത് പ്രസിഡന്റുമാർ എങ്ങനെയാണ് ബി.ജെ.പി.-യുടെ ഭാരവാഹികളായത്. രണ്ടുപേർ നേരത്തെ പോയവരാണ്. നിങ്ങൾ യൂത്ത് കോൺഗ്രസും ആർ.എസ്.എസ്.-ഉം എന്ന് നേരത്തെ പറഞ്ഞു. വെള്ളനാട് പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന ശ്രീ. കൃഷ്ണകുമാർ, ശ്രീമതി ഗിരിജാ കുമാരി, ഉഴമലയ്ക്കൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജയൻ, പഞ്ചായത്ത് പ്രസിഡന്റ് എരുത്താവൂർ ചന്ദ്രൻ ഇവരൊക്കെ ആരാണ് ? തിരുവനന്തപുരത്തുനിന്നോ നെടുമങ്ങാട് നിന്നോ തെരഞ്ഞെടുക്കപ്പെട്ട ഞങ്ങളുടെ ഏതെങ്കിലുമൊരു പ്രവർത്തകൻ ബി.ജെ.പി.-യിൽ പോയിട്ടുണ്ടോ ? അങ്ങയുടെ പാർട്ടി നേതാവ്, സി.പി.ഐ.- യുടെ ചിഹ്നത്തിൽ മത്സരിച്ച് കൗൺസിലറായി പാർലമെന്ററി പാർട്ടി ഡെപ്യൂട്ടി ലീഡറായിരുന്ന ശ്രീ. ഇ. ബാഹുലേയൻ കഴിഞ്ഞ അരുവിക്കര തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനായിരുന്നു. സി.പി.ഐ.-യുടെ പാർലമെന്ററി പാർട്ടി ഡെപ്യൂട്ടി ലീഡറും നാല് പഞ്ചായത്ത് പ്രസിഡന്റുമാരുമുൾപ്പെടെ നമ്മുടെ ജില്ലയിൽ 5 നേതാക്കൾ അരുവിക്കര തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ ഭാരവാഹികളായി വോട്ട് പിടിക്കുകയായിരുന്നു. അത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സി. ദിവാകരൻ : സർ, അങ്ങ് ബി.ജെ.പി. യിൽ പോകില്ല എന്നതിന് എന്തെങ്കിലും ഉറപ്പുമുണ്ടോ ? ഇതൊക്കെ രാഷ്ട്രീയ പാർട്ടിക്കാരുടെ കുഴപ്പമല്ല. ഓരോരുത്തരും ഓരോ സാഹചര്യത്തിൽ ഓരോ തീരുമാനമെടുക്കുന്നതാണ്. അതിനെ ഒരു പാർട്ടിയുടെ പുറത്തുവച്ച് കെട്ടിയാലോ. ഇന്ത്യയുടെ ഭരണം കൈമാറിയത് ഞങ്ങളാണോ ; നിങ്ങളല്ലേ ? മഹാത്മാഗാന്ധി ജനിച്ച സ്ഥലത്ത് കൊടികുത്താമോ ?

ശ്രീ. പാലോട് രവി : സർ, 40 വർഷക്കാലമായി ഈ ജില്ലയിൽ പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളാണ് ഞാൻ. ട്രേഡ് യൂണിയൻ പ്രവർത്തകനുമാണ്. അങ്ങയെപ്പോലെ മുൻനിരയിലിരിക്കുന്ന ഒരാൾ ഇങ്ങനെ ഈ സഭയിൽ ഒരിക്കലും ചോദിക്കരുതായിരുന്നു. അങ്ങത് പിൻവലിക്കണം. നമ്മൾ ഏകദേശം ഒരുമിച്ച് ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തുകയും 45 വർഷക്കാലമായി ഞങ്ങളുടെ മനസ്സും ഞങ്ങൾ സഞ്ചരിക്കുന്ന പാതയുമറിയാവുന്ന ആളായ അങ്ങ് ഒരിക്കലും ഇത്തരത്തിലൊരു ചോദ്യം ഈ സഭയിൽ ചോദിക്കരുതായിരുന്നു. അത് സഭാ രേഖയിലുണ്ടാകരുതെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അത് രേഖയിൽ വരുമെന്ന പ്രശ്നമല്ല. അദ്ദേഹത്തിന് വേണമെങ്കിൽ അദ്ദേഹം പറഞ്ഞത് പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ : സർ, എന്റെ പാർട്ടിയിലെ ആൾ എന്ന് പേരെടുത്ത് പറഞ്ഞതുകൊണ്ടാണ് ഞാനതിന് മറുപടി പറഞ്ഞത്. എന്റെ പേരെടുത്ത് പറയാതെ നിങ്ങൾ പറഞ്ഞാൽ.... ഞാൻ പിൻവലിക്കാം.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഈ നിയമത്തിൽ ചില ഭേദഗതികൾ കൊടുത്തതിൽ ഹിന്ദു ആചാരങ്ങളുമായി ബന്ധമുള്ള ഭാഗങ്ങളെല്ലാം ഒഴിവാക്കണമെന്ന് പറഞ്ഞു. ശാന്തിക്കാരെയുൾപ്പെടെ ഇന്റർവ്യൂ ചെയ്യാനാണ് എടുക്കേണ്ടത്. ദേവസ്വം ബോർഡ് മെമ്പറും റിക്രൂട്ട്മെന്റ് ബോർഡ് മെമ്പറും വ്യത്യസ്തരാണ്. ഇത് റിക്രൂട്ട്മെന്റിനുവേണ്ടിയുള്ള ബോർഡാണ്. ശാന്തിക്കാരന്റെ ഇന്റർവ്യൂ നടത്തുമ്പോൾ അത് സംബന്ധിച്ച് സാമാന്യമായ ഒരു ധാരണപോലുമില്ലാത്ത ഒരാൾ റിക്രൂട്ട്മെന്റ് ബോർഡിൽ വന്നാൽ എങ്ങനെ ഇന്റർവ്യൂ നടത്താൻ കഴിയും. അതുകൊണ്ടാണ് അത്തരം ആളുകൾ വേണമെന്ന വ്യവസ്ഥയുള്ളത്. അതൊഴിവാക്കിയാൽ എങ്ങനെയാണ് ശരിയാകുന്നത്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നു, കേരളത്തിന്റെ ചരിത്രത്തിൽ ഒരുപക്ഷേ നിയമനിർമ്മാണസഭയുടെ ഔന്നിത്യമായി മാറാൻ പോകുന്ന നിയമനിർമ്മാണമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ. കേരളത്തിൽ ഇത്രയുംകാലം മാറ്റിനിർത്തപ്പെട്ടിരുന്ന ദളിത് സമൂഹത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ദേവസ്വം ബോർഡിൽ, നിഷേധിക്കപ്പെട്ട നീതി വൈകിയാണെങ്കിലും ഈ നിയമത്തിൽക്കൂടി കൈവരുന്നു എന്ന ആശ്വാസമാണ് ഈ നിയമത്തെ പിന്തുണയ്ക്കുമ്പോൾ എനിക്കുള്ളത്.

ശ്രീ. ബി. സത്യൻ : 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സെഷനിൽത്തന്നെ 8-7-2015-ൽ ഈ ബില്ലുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ച് ഞാനും ശ്രീ. ജി. സുധാകരനും ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. കെ. കഞ്ഞിരാമനും (തൃക്കരിപ്പൂർ) കൂടി ചേർന്ന് ഒരു ചോദ്യം ചോദിച്ചിരുന്നു. ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്കുവിട്ട മുൻസർക്കാരിന്റെ നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കാമോ എന്നായിരുന്നു ചോദ്യം. 2007-ൽ ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്കുവേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് ശിപാർശ ചെയ്യുന്നു. ആ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25-8-2008-ലെ വിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യവും സർക്കാർ പരിഗണിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദുചെയ്ത് ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചതെന്നാണ് മറുപടിയായി പറഞ്ഞിരിക്കുന്നത്. സെക്കുലർ സ്ഥാപനമെന്നുള്ളത് ഞാൻ അടിവരയിട്ട് പറയുകയാണ്. ഇന്ത്യ ഒരു സെക്കുലർ രാജ്യമാണ്. India is sovereign socialist secular democratic republic എന്നാണ് ഭരണഘടനയിൽ ആമുഖമായിത്തന്നെ പറയുന്നത്. പി.എസ്.സി. ഗവൺമെന്റിന്റെ സ്റ്റാറ്റ്യൂട്ടറി ഏജൻസിയാണ്. അത് ഭരണഘടന പ്രകാരം നിലവിൽവന്ന സ്ഥാപനമാണ്. ഇതുവരെ ആരോപണ ആക്ഷേപങ്ങളൊന്നുമില്ലാതെ ഏത് സർക്കാരിന്റെ കാലഘട്ടത്തിലും നന്നായി റിക്രൂട്ട് ചെയ്ത് പോകുന്ന ഏജൻസിയാണ്. ഇങ്ങനെയുള്ള ഏജൻസിക്ക് പകരമായി റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുന്നതിന് ഇടയായ കാര്യത്തെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാടാണിത്. അവിടെയാണ് നിലപാടുകളുടെ പ്രശ്നം. ശ്രീ. പി.സി. വിഷ്ണുനാഥ് വലിയ പ്രസംഗം നടത്തി. സെക്കുലർ എന്നുപറഞ്ഞാൽ അപകടമാണോ ; പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന് കേൾക്കുമ്പോൾ എന്തിനാണ് ഭയപ്പെടുന്നത് ? ഈ ഓർഡിനൻസുവഴി ഇവിടെ ഇറക്കിയിരിക്കുന്ന ഉത്തരവിൽ ശ്രീ. പി. ചന്ദ്രശേഖരൻ, ഡയറക്ടർ ജനറൽ ഓഫ് പോലീസ് (റിട്ടയേർഡ്) ചെയർപേഴ്സണാണ്, ചെയർമാൻ അല്ല. കൂടെ അഞ്ച് അംഗങ്ങളും ഉണ്ട്. ഇവർ പബ്ലിക് സർവ്വീസ് കമ്മീഷന് പകരമാകുമോ ? ഇത് ആർക്കുവേണ്ടിയാണ് രൂപീകരിക്കുന്നതെന്നു ചോദിച്ചാൽ ഇന്ന് കേരളത്തിൽ സാമൂഹ്യനീതി നിഷേധിച്ച് നിയമത്തെയും കോടതിയെയും വ്യവസ്ഥകളെയും ലംഘിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റും ആ ഗവൺമെന്റുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തെയും എങ്ങനെ ദുരുപയോഗം ചെയ്യാമെന്നതിനാണെന്ന് പറയേണ്ടിവരും. കേരളം പിറവി കൊള്ളുന്നതിനുമുമ്പാണ് 1951-ൽ മലബാർ ദേവസ്വം എൻഡോവ്മെന്റ് ആക്ട് നിലവിൽ വന്നത്. ഈ ആക്ട് പ്രകാരം വളരെ നന്നായി അവിടെ നിയമനം നടത്തിവരികയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് അതുംകൂടി ചേർത്ത് ഒരുമിച്ചാക്കി എന്നാണ്. ഇത് ആരെ പറ്റിക്കാനാണ് ? 1950-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലും 1951-ൽ വരുത്തിയ അമെന്റ്മെന്റുകളിലും പിൽക്കാലത്ത് വന്നിട്ടുള്ള എല്ലാ അമന്റ്മെന്റുകളിലും ഹിന്ദുമത സ്ഥാപനങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ : അംഗങ്ങൾക്കും പത്രക്കാർക്കും ചായ ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ബി. സത്യൻ : സർ, ഭരണഘടനയിലെ ആർട്ടിക്കിൾ 12 പ്രകാരം സംസ്ഥാനത്ത് നിയമനിർമ്മാണം നടത്താനുള്ള അവകാശമുണ്ട്. അതനുസരിച്ചാണ് കഴിഞ്ഞ ഗവൺമെന്റിന്റെ, ശ്രീ. ജി. സുധാകരന്റെ കാലഘട്ടത്തിൽ 2007-ൽ തുടങ്ങി 2008-ൽ പൂർത്തിയാക്കിയ ദേവസ്വം ബോർഡുകളിലെ നിയമനങ്ങളെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞില്ല. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ കാര്യങ്ങളെക്കുറിച്ച് മാത്രമേ പറഞ്ഞുള്ളൂ. മലബാർ ദേവസ്വത്തെ തൊട്ടിട്ടില്ല. കാരണം മലബാർ ദേവസ്വത്തിന്റെ കീഴിൽ വരുന്ന അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ നിയമനങ്ങൾ വളരെ നന്നായി നടക്കുന്നു, ആർക്കും പരാതിയില്ല. മലബാറിനെ ഒഴിവാക്കി തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള നിയമം 2008-ൽ പാസ്സാക്കുകയും അതിനുശേഷം 2009-ൽ റൂൾസ് ഫ്രെയിം ചെയ്യുകയും ചെയ്തു. വാസ്തവത്തിൽ ഇനിയിവിടെ ചർച്ച ചെയ്തിട്ട് എന്തെങ്കിലും കാര്യമുണ്ടോ ? ഇനി 8-10 മാസമാണുള്ളത്. 2009-ൽ ഫ്രെയിം ചെയ്ത റൂൾസ് ഇംപ്ലിമെന്റ് ചെയ്യാനും തയ്യാറാക്കാനും നിലവിലുള്ള ദേവസ്വം ബോർഡിനും അന്നത്തെ ഗവൺമെന്റിനും കഴിയാത്തത്, 2016 ഏപ്രിൽ-മേയ് മാസത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നതിന് മുമ്പുള്ള 8-10 മാസത്തിനുള്ളിൽ ചെയ്യാൻ കഴിയുമോ ? 2 കൊല്ലംകൊണ്ട് നടക്കാത്തത് ഇനി നടത്താൻ പറ്റുമോ ? ഓർഡിനൻസ് വന്നു. ഓർഡിനൻസ് പ്രകാരം ഒരു ചെയർപെഴ്സനും അഞ്ച് അംഗങ്ങളുമുള്ള റിക്രൂട്ട്മെന്റ് ബോർഡ് സംബന്ധിച്ച് നിർദ്ദേശിച്ചത് ശ്രദ്ധിച്ചുകാണും. ഇതിൽതന്നെ നിയമനത്തെ സംബന്ധിച്ചും പറയുന്നുണ്ട്. 1958-ലെ കേരള സർവ്വീസ് റൂൾസ് തന്നെ ഇവിടെ ആപ്ലിക്കബിൾ ആക്കിയിട്ടുണ്ട്. ശ്രീ. പി. സി വിഷ്ണുനാഥും സുഹൃത്തുക്കളും ഇവിടെ ഇല്ലെന്ന് തോന്നുന്നു. ഇവിടെ ഇവർ പറയുന്നത് മുഴുവൻ സാമൂഹ്യനീതിയെപ്പറ്റിയും എസ്.സി/എസ്.റ്റി., ദളിത് വിഭാഗത്തിൽപ്പെട്ടവരെ പറ്റിയുമാണ്, അതുപറഞ്ഞ് കണ്ണുനീർ ഒഴുക്കുകയാണ്. ഓർഡിനൻസിനോടൊപ്പം 2015 മേയ് 30-ാം തീയതി ആധികാരികമായി പ്രസിദ്ധപ്പെടുത്തിയ എസ്.ആർ.ഒ. നമ്പർ 352/15 ഗസറ്റ് നോട്ടിഫിക്കേഷന്റെ 3-ാം പേജിലായി നിയമനങ്ങളെ സംബന്ധിച്ച് പറയുന്നുണ്ട്. റിക്രൂട്ട്മെന്റ് ബോർഡ് സംബന്ധിച്ച് എല്ലാവരും അമെന്റ്മെന്റ് കൊടുത്തിട്ടുണ്ട്. എന്നാലും അതിനെപ്പറ്റി പറയണ്ടേ; ആ നിയമനങ്ങളിൽ കടമെടുത്തിരിക്കുന്നത് 1958-ലെ സർവ്വീസ് റൂളാണ്. അതിൽ പറയുന്നത്,

(2) In all cases of direct recruitment, subject to the provisions of sub-section (3) of section 6 of the Ordinance, the rules of reservation and

1267/18

LIBRARY ARCHIVES Kerala Legislative Assembly

rotation as provided in rules 14 of 17 of Part II of the Kerala State and Subordinate Service Rules, 1958 shall mutatis mutandis apply: അതിന്റെ കൂടെതന്നെ,

Provided that the posts reserved in the Kerala State and Subordinate Service Rules, 1958, for the non-Hindu backward communities shall be treated as open merit quota in the order of reservation and rotation as mentioned in the aforementioned rules. - എന്നാണ്. എന്നുപറഞ്ഞാൽ സാധാരണ ഫോളോ ചെയ്യുന്നത് 50 ശതമാനം റിസർവ്വേഷനും 50 ശതമാനം മെരിറ്റുമാണ്. 1958-ലെ കെ.എസ്.എസ്.ആർ. ഫോളോ ചെയ്യുമ്പോൾ ഹിന്ദു സ്ഥാപനങ്ങൾ ആയതുകൊണ്ട് മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് ഇതിൽ പരിഗണനയില്ല ഇത്രയും കൃത്യമായി പറയുമ്പോൾ നിലവിലുള്ള സിസ്റ്റം 1958-ലെ നിയമത്തിൽ പറയുന്നുണ്ട്. ഇതിൽ മുസ്ലീം, ലാറ്റിൻ കത്തോലിക്സ്, ആംഗ്ലോ ഇന്ത്യൻ, ഒ.ബി.സി. തുടങ്ങിയ പ്രധാനപ്പെട്ട ചില സമുദായങ്ങൾ വരില്ല. അതിനുപകരം പറഞ്ഞിരിക്കുന്നത് ഓപ്പൺ കോമ്പറ്റീഷനാണ്. ഒരുപക്ഷേ അങ്ങനെ വന്നാൽ അതിന്റെ പകുതിയെങ്കിലും എസ്.സി./എസ്.റ്റി. വിഭാഗത്തിൽ നിന്ന് എടുത്തുകൂടേ ? ഓർഡിനൻസിനോടൊപ്പം ഇറക്കിയിരിക്കുന്ന റൊട്ടേഷൻ സംബന്ധിച്ച് സൂചിപ്പിച്ചിരിക്കുന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. എങ്ങനെയായിരിക്കും ഇത് ഫോളോ ചെയ്യുന്നത്. ഒന്ന്-ഓപ്പൺ, രണ്ട്-ഈഴവ, മൂന്ന്-ഓപ്പൺ, നാല്-എസ്.സി., അഞ്ച്-ഓപ്പൺ, ആറ്-മുസ്ലീം, ഏഴ്-ഓപ്പൺ, എട്ട്-എൽ.സി/ആംഗ്ലോ ഇന്ത്യൻ, ഒമ്പത്-ഓപ്പൺ, പത്ത്-എസ്.സി. ഇങ്ങനെ പോകുന്നു റൊട്ടേഷൻ. എത്രപേർക്ക് നിയമനം കിട്ടും ? ഇവിടെ വലിയ പ്രസംഗങ്ങളാണ് നടക്കുന്നത്. ഇങ്ങനെ നിയമനം നടത്തിയാൽ ഈ നാട്ടിൽ സാമൂഹ്യനീതി എങ്ങനെ നിർവ്വഹിക്കപ്പെടും ? മലബാറിലും ഗുരുവായൂരിലും നേരത്തെ ഉണ്ടായിരുന്ന സിസ്റ്റം ഇതോടുകൂടി ഇല്ലാതാകും. പുതിയ റിക്രൂട്ട്മെന്റ് ബോർഡും ഈ പറയുന്ന പോളിസിയുമാകുമ്പോൾ അതിലും വ്യത്യാസം വരും. അതുകൊണ്ടാണ് ആവശ്യമായ മാറ്റം ഉണ്ടാകണമെന്ന് പറയുന്നത്. അങ്ങനെ മാറ്റം ഉണ്ടായാലും ഈ രീതി എങ്ങനെ ഫോളോ ചെയ്യും. ഇവിടെ 1958-ൽ ഉണ്ടാക്കിയ റൊട്ടേഷൻ വ്യവസ്ഥയും സംവരണതത്വവും നിലവിലുണ്ട്. അതനുസരിച്ച് 50 ശതമാനം റിസർവ്വേഷനും 50 ശതമാനം മെരിറ്റുമാണ്. 50 ശതമാനം റിസർവ്വേഷനിൽ നിയമിക്കാൻ കഴിയുന്നത് ഹിന്ദു വിഭാഗത്തിൽപ്പെടുന്ന എസ്.സി./എസ്.റ്റി./പിന്നാക്കവിഭാഗം എന്നിവരിൽ നിന്നുമാണ്. എന്തുകൊണ്ടാണ് അക്കാര്യം ഇവിടെ മെൻഷൻ ചെയ്യാത്തത്. ഇത് വളരെ ഗൗരവമായ വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന് പരമ്പരാഗത തസ്തികകളാണ് ക്ഷേത്രങ്ങളിൽ ഏറ്റവും കൂടുതൽ വരുന്നത്. പരമ്പരാഗത തസ്തികകൾ ഒഴികെ എന്നാണ് ഇതിൽ പറയുന്നത്. ക്ഷേത്രവുമായി ബന്ധപ്പെട്ട് വിവിധ തൊഴിൽ എടുക്കുന്നവരുണ്ട്. പ്രധാനപ്പെട്ട തസ്തികകളിലെല്ലാം സാമാന്യം നല്ല ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വ്യക്തമായ വ്യവസ്ഥകളും ഉള്ളതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശാന്തി, കഴകം തുടങ്ങി താഴെത്തട്ടിലുള്ള തസ്തികകൾ ഇതിൽ വരുന്നില്ല. ദേവസ്വംബോർഡിന്റെ കീഴിലുള്ള കോളേജുകളിലൊക്കെ നിയമനം നടത്തിക്കഴിഞ്ഞു. ഏത് വ്യവസ്ഥ അനുസരിച്ചാണ് നിയമനം നടത്തിയതെന്ന് അറിയില്ല. എയ്ഡഡ് സ്ഥാപനങ്ങളിൽ അതിന്റെ മാനേജരായിരിക്കും അധികാരിയെന്ന് ഇവിടെ പറഞ്ഞു. മാനേജർ എന്ന നിലയിൽ ദേവസ്വം ബോർഡുകളിൽ നിയമനം നടത്തുമ്പോൾ ദേവസ്വം ബോർഡ് ആയിരിക്കും അത് ചെയ്യുന്നതെന്ന് കരുതുന്നു. റൊട്ടേഷനോ സംവരണതത്വമോ പാലിച്ച് കോളേജുകളിൽ നിയമനം നടത്തണമെന്ന് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ ; അത് പാലിക്കുന്നുണ്ടോ എന്നെനിക്കറിയില്ല. ഞാൻ മനസ്സിലാക്കുന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. വി. ശശിയും മറ്റും ബോർഡ് മെമ്പറായിരുന്ന സന്ദർഭത്തിൽ ബോർഡ് ഒരു തത്വം പാലിക്കുകയും ചില പോസ്റ്റുകളിൽ സംവരണം ഏർപ്പെടുത്താൻ തയ്യാറായെന്നും അറിയാൻ കഴിഞ്ഞു. അതുപോലെ ദേവസ്വം ബോർഡ് സ്കൂളുകളിൽ അദ്ധ്യാപക/അനദ്ധ്യാപക നിയമനം നടക്കുകയാണ്. അതുസംബന്ധിച്ച് ഇവിടെ ചർച്ച നടന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി പറഞ്ഞത്, എന്തായാലും റിക്രൂട്ട്മെന്റ് ബോർഡ് വന്നതിനുശേഷമേ ബാക്കി നിയമനങ്ങൾ നടക്കുകയുള്ളുവെന്നായിരുന്നു. കോളേജും സ്കൂളും എല്ലാം ഒഴിവാക്കിക്കൊണ്ട് പറയപ്പെടുന്ന നിയമനങ്ങളെല്ലാം ദേവസ്വം ബോർഡ് ഇഷ്ടംപോലെ നടത്തിയതിനുശേഷം അവശേഷിക്കുന്ന ഏതാനും പോസ്റ്റുകളിലായിരിക്കും റിക്രൂട്ട്മെന്റ് നടത്തുന്നതെന്ന് നമുക്കറിയില്ലായിരുന്നു. അതും വളരെ ഗൗരവമായിട്ടുള്ള വിഷയമാണ്. എയ്ഡഡ് സ്ഥാപനങ്ങൾ ഒഴിവാക്കുന്നതിന് ഒരു നീതീകരണവുമില്ല. അവസാനം കോടതി വിധിയുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും യു.ജി.സി.-യുടെയും ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന കോളേജുകളിൽ സംവരണതത്വം പാലിക്കണമെന്ന നിർദ്ദേശവും വന്നിട്ടുണ്ട്. അതിന്റെയെല്ലാം പശ്ചാത്തലത്തിൽ സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളൊഴികെ എന്ന് എന്തിനാണ് പറയുന്നത്, അവിടെയാണ് സമുദായ നേതാക്കന്മാരെയും സംഘടനകളെയും ഭയപ്പെടുന്നുവെന്ന കാര്യം വരുന്നത്. അവിടെ വരുമ്പോഴാണ് പ്രശ്നം. ഈ പറയുന്ന സമുദായ ശക്തികൾ നടത്തുന്ന സ്ഥാപനങ്ങളുണ്ട്. അവിടെ സംവരണതത്വം പാലിക്കാൻ അവർ തയ്യാറല്ല. ആർട്ടിക്കിൾ 12 മുതൽ 35 വരെ ഒരു പൗരന്റെ എല്ലാവിധ അവകാശാധികാരങ്ങളെയും സംബന്ധിച്ച് ഭരണഘടനയിൽ നിർവ്വചിക്കുന്നുണ്ട്. പ്രത്യേകിച്ച് പ്രിയാംബിളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹിക നീതിയിൽ ഈ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം എന്നിവയ്ക്കുവേണ്ടിയുള്ളകാര്യങ്ങൾ വിശദീകരിക്കുന്നുണ്ടല്ലോ. ഇവിടെ എയ്ഡഡ് എന്ന് പറഞ്ഞുപോയാൽ, അതായത് ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളുടെ പേരുകളോ അല്ലെങ്കിൽ സ്കൂളുകളിലെ നിയമനങ്ങളോ ഇതിനകത്ത് ചേർത്താൽ പ്രശ്നമാകും. കാരണം സ്വകാര്യ, എയ്ഡഡ് സ്ഥാപനങ്ങൾ നടത്തുന്ന ജാതി-മത ശക്തികളുമായി ബന്ധപ്പെട്ടുനിൽക്കുന്നവരുടെ ശക്തമായ എതിർപ്പ് ഭയപ്പെട്ട് അത് ഒഴിവാക്കിയിട്ടുണ്ട്.

ദേവസ്വത്തിൽ 3 പേരടങ്ങുന്ന ബോർഡ് നിലവിലുണ്ട്. ഈ റിക്രൂട്ട്മെന്റ് ബോർഡും നിലവിൽ വന്നാൽ എങ്ങനെയാണ് നിലവിലുള്ള ആ ബോർഡും ഇതുംകൂടി പൊരുത്തപ്പെട്ടുപോകുന്നത്. ഇവിടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ നമുക്കറിയാം. ദേവസ്വം ബോർഡിൽ ഇപ്പോൾ നടക്കുന്ന ദൈനംദിന പ്രവർത്തനങ്ങളെ സംബന്ധിച്ചും വാർത്തകൾ വരികയാണ്. ഈ റിക്രൂട്ട്മെന്റ് ബോർഡിൽ റിട്ടയേർഡ് ഡി.ജി.പി.-യായ ഒരു ഉദ്യോഗസ്ഥൻ ചെയർമാനും പിന്നെ അഞ്ചംഗങ്ങളുമടങ്ങിയ ഒരു സമിതി ഇതിനെ നിയന്ത്രിക്കുമെന്നാണ് ഇതിൽ പറയുന്നത്. അവർ റിക്രൂട്ട്മെന്റ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾത്തന്നെ നിലവിൽ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നത് ദേവസ്വം ബോർഡ് ആണ്. ആ ബോർഡും ഈ റിക്രൂട്ട്മെന്റ് ബോർഡും എങ്ങനെയാണ് ഒരുമിച്ച് പോകുന്നത് ? അവിടെയാണ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രസക്തി. പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന പൊതുസ്ഥാപനമായിരുന്നു ഈ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നതെങ്കിൽ നമുക്കത് വിശ്വസിക്കാമായിരുന്നു.

ഇപ്പോൾ നാട്ടിൽ അഴിമതിയുടെ കഥകളാണ് നിലനിൽക്കുന്നത്. ഉദ്യോഗസ്ഥരുടെ നിയമനത്തിലും വിവിധ വിഷയങ്ങളിലുമെല്ലാം അഴിമതി നിറഞ്ഞുനിൽക്കുകയാണ്. വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ, സർവ്വകലാശാല അധിപന്മാരായിട്ടുള്ള ആളുകൾ, ഉന്നത സ്ഥാനത്ത് നിയമിക്കപ്പെടുന്ന ആളുകൾ അങ്ങനെയുള്ളവരെയെല്ലാം കുറിച്ചുള്ള ആക്ഷേപങ്ങൾ ഓരോ ദിവസവും നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥനും ഏതാനും അംഗങ്ങളും ചേർന്ന ഒരു റിക്രൂട്ട്മെന്റ് ബോർഡ്, ദേവസ്വം ബോർഡിന്റെകീഴിൽവരുന്ന അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽവരുന്ന ജീവനക്കാരുടെ റിക്രൂട്ട്മെന്റ് എങ്ങനെ നടത്തുമെന്നത് വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്.

ക്ഷേത്രങ്ങൾ, അമ്പലങ്ങൾ, ദേവസ്വം ബോർഡ് എന്നൊക്കെ കേട്ടാൽ ചിലരുടെയൊക്കെ മുട്ടുവിറയ്ക്കും. അതാണ് പ്രശ്നം. അമ്പലങ്ങൾ, ക്ഷേത്രങ്ങൾ, ദേവസ്വം ബോർഡ് എന്നിവയൊക്കെ നിയന്ത്രിക്കുന്നത് സംഘപരിവാർ ശക്തിയും

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്.-ഉം അവരുമായി ബന്ധപ്പെട്ട് നിൽക്കുന്ന സ്ഥാപനങ്ങളുമാണ്. ഇവിടെ ഈ തിരുവിതാംകൂർ ദേവസ്വം ബോർഡിലും ബോർഡിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും നമ്മളത് കാണുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, ബഹുമാനപ്പെട്ട ബി. സത്യൻ, ആർ.എസ്.എസ്., സംഘപരിവാർ ശക്തികൾ ദേവസ്വങ്ങൾവഴിയും ക്ഷേത്രങ്ങൾവഴിയും നടത്തിക്കൊണ്ടിരിക്കുന്ന തീവ്രമായ ഹിന്ദുവർഗ്ഗീയ പ്രവർത്തനത്തെക്കുറിച്ചാണ് ഇവിടെ വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ നേരത്തെ എന്റെ സുഹൃത്തായ ശ്രീ. പാലോട് രവി, സഭയിലെ സീനിയറായ, കാര്യങ്ങൾ ആവശ്യത്തിനുമാത്രം ഇടപെട്ട് സംസാരിക്കുന്ന ഒരാൾ ഇങ്ങനെയൊരു വസ്തുതാവിരുദ്ധമായ കാര്യം വളരെ വികാരപരമായി സഭയിൽ പറയുമെന്ന് പ്രതീക്ഷിച്ചില്ല.

മി. സ്പീക്കർ : ശ്രീ. ബി. സത്യൻ, അങ്ങ് പ്രസംഗം നിർത്തിയോ ?

ശ്രീ. വി. ശിവൻകുട്ടി : സർ, അദ്ദേഹം എനിക്ക് വഴങ്ങിയതാണ്. ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയും തീർച്ചയായും കോൺഗ്രസും സി.പി.ഐ.(എം) പോലുള്ള മതേതര പ്രസ്ഥാനങ്ങളും ഒരുമിച്ചുനിന്നുകൊണ്ട് എതിർക്കേണ്ട കാലഘട്ടമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞങ്ങൾ അരുവിക്കര ഭാഗത്തുള്ള മൂന്ന് പഞ്ചായത്ത് പ്രസിഡന്റുമാരെ രണ്ടുമൂന്ന് വർഷം മുമ്പേ പുറത്താക്കി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശിവൻകുട്ടി, ബി.ജെ.പി.യുടെ കാര്യം ബില്ലിൽ ഉണ്ടോ ?

ശ്രീ. വി. ശിവൻകുട്ടി : സർ, ഉണ്ട്. ബി.ജെ.പി.യുടെ കാര്യമല്ലേ പ്രധാനമായും പറയേണ്ടത്. അങ്ങേയ്ക്ക് ബി.ജെ.പി.-യുമായുള്ള കൂട്ടുകെട്ട് എന്തെങ്കിലുമുണ്ടോ ? ഞാൻ പറഞ്ഞുവരുന്നത്, ഒന്ന് കൃഷ്ണകുമാർ - കൃഷ്ണകുമാറിനെ എന്തിന് പുറത്താക്കിയെന്ന് അറിയില്ലേ ; സാമ്പത്തിക കുറ്റം കാണിച്ചാൽ നമ്മളെ പോലുള്ള പാർട്ടികൾ വച്ചുകൊണ്ടിരിക്കാൻ പാടുണ്ടോ ; പഞ്ചായത്ത് പ്രസിഡന്റല്ല, പാർലമെന്റ് മെമ്പറായാലും പുറത്താക്കണ്ടേ ? പുറത്താക്കിയപ്പോൾ അയാൾ ബി.ജെ.പി.-യിൽ ചേർന്നു. എരുത്താവൂർ ചന്ദ്രൻ എന്ന പഞ്ചായത്ത് പ്രസിഡന്റിനെ എന്തിന് പുറത്താക്കിയെന്ന് ഞാൻ ഇവിടെ പറയണോ ; സാമൂഹ്യവിരുദ്ധ പ്രവർത്തനം പരസ്യമായി നടത്തിയതിന്റെ പേരിൽ അയാൾ പഞ്ചായത്ത് പ്രസിഡന്റായിരുന്നുവെങ്കിലും പാർട്ടിയിൽനിന്ന് പുറത്താക്കി. അങ്ങനെയുള്ളവരെ നമ്മൾ പാർട്ടിയിൽനിന്ന് പുറത്താക്കണ്ടേ ; നിങ്ങളും പുറത്താക്കണം, നമ്മളും പുറത്താക്കണം, എന്നാലേ സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനം നമുക്ക് നടത്താൻ കഴിയുകയുള്ളൂ. അങ്ങ് പറയാത്തൊരു കാര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് (ഐ)-യുടെ 56 പാർലമെന്റ് മെമ്പർമാരാണ് ദേശീയാടിസ്ഥാനത്തിൽ ബി.ജെ.പി.-യിൽ ചേർന്നത്. ഞങ്ങളുടെ പാർട്ടി യു.പി.-യിലും ബീഹാറിലും ഗുജറാത്തിലുമൊന്നും വലിയ പാർട്ടിയൊന്നുമല്ല, ഞാൻ പറയാം, കോൺഗ്രസിന്റെ വക്താവ് എം .ജെ. അക്ബർ ബി.ജെ.പി.യിൽ ചേർന്നില്ലേ ; രേണുക ചൗധരി, രാജ്യസഭാ വൈസ് ചെയർമാൻ നജ്മാഹെപ്ത്തുള്ള, ഹേമമാലിനി എന്നിവരെല്ലാം ബി.ജെ.പി.-യിൽ ചേർന്നില്ലേ ? അതെല്ലാം നമ്മൾ വളരെ ഗൗരവമായിത്തന്നെ കാണേണ്ട കാര്യമാണ്.

മി. സ്പീക്കർ: ശ്രീ. ബി. സത്യൻ, അങ്ങ് പ്രസംഗം നിർത്തിയെങ്കിൽ അടുത്ത ആളിനെ വിളിക്കാം.

ശ്രീ. വി. ശിവൻകുട്ടി : സർ, 25 സി.പി.ഐ.(എം.) പ്രവർത്തകരെ ആർ.എസ്.എസ്.-കാർ കൊന്നിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം പറഞ്ഞത് രേഖയിൽ കിടന്നാൽ ശരിയാവുകയില്ല, അതാണ് ഞാൻ ഇത്രയും പറഞ്ഞത്.

ശ്രീ. ബി. സത്യൻ : സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ബി. സത്യൻ, ചെയർ പറയുന്നത് ശ്രദ്ധിക്കു, ഇന്ന് 3 ബില്ലുകൾ പരിഗണനയ്ക്ക് എടുക്കാനുണ്ട്. ആദ്യത്തെ ബിൽ എടുത്തതേയുള്ളു. ഈ ബില്ലിൽ 441 അമെന്റ്മെന്റും 19 ക്ലാസും ഉണ്ട്. അതുകഴിഞ്ഞ് രണ്ടു ബില്ലുകളുണ്ട്. ഇന്നലെ രാത്രി 11 മണിക്കാണ് സഭ അവസാനിച്ചത്. നിങ്ങൾ അവസാനം വരെ ഇരിക്കുമെന്നുണ്ടെങ്കിൽ പ്രശ്നമില്ല. നിങ്ങൾ മാക്സിമം സമയമെടുത്ത് സംസാരിക്കുകയും ഇതിൽ സഹകരിക്കുന്നവർ ഇവിടെ ഇരിക്കുകയും ചെയ്യുന്ന സ്ഥിതിയിലേയ്ക്കുവരരുത്. ഇപ്പോൾത്തന്നെ അങ്ങ് പ്രസംഗിച്ചുതുടങ്ങിയിട്ട് 23 മിനിട്ട് ആയി. അങ്ങയുടെ പ്രസംഗം നിർത്തണം.

ശ്രീ. ബി. സത്യൻ : സർ, ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ : ശ്രീ. ബി. സത്യൻ, പ്ലീസ് കൺക്ലൂഡ്. അങ്ങ് പറയാനുള്ളതെല്ലാം പറഞ്ഞു, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. സത്യൻ : സർ, ഞാൻ അവസാനം പറഞ്ഞത് ഒന്നുകൂടി ആവർത്തിച്ചു പറഞ്ഞ് അവസാനിപ്പിക്കാൻ ശ്രമിക്കാം. ദേവസ്വംബോർഡിന്റെ കീഴിൽവരുന്ന സ്ഥാപനങ്ങൾകൂടി ഉൾപ്പെടുന്നനിലയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ തന്നെ റിക്രൂട്ട്മെന്റ് നടത്തണമെന്ന് പഴയ ഗവൺമെന്റ് തീരുമാനിച്ചപ്രകാരം റൊട്ടേഷൻ വ്യവസ്ഥയും സംവരണതത്വവും പാലിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പാലിക്കണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ സഭയിൽ ലേ ചെയ്തിട്ടുള്ള, അങ്ങനെ ങ്കിൽ ഇതിനോടനുബന്ധമായി തന്നിട്ടുള്ള ഓർഡിനൻസിൽ പറഞ്ഞിട്ടുള്ള റൊട്ടേഷൻ വ്യവസ്ഥയും നിയമനത്തെ സംബന്ധിച്ച പറയുന്ന കാര്യങ്ങളൊക്കെ മാറ്റേണ്ടതായിട്ടുണ്ട്. ഇതുപ്രകാരമാണെങ്കിൽ വലിയൊരു അനീതിയാണ് കാണിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് ശരിയാണ്, ഇങ്ങനെയൊരു ബിൽ ആദ്യമായിട്ടുതന്നെയാണ് വരുന്നത്. കേരളം പിറവികൊണ്ടതിനു ശേഷം ദേവസ്വം ബോർഡുകളാകെ ഇങ്ങനെ ഏകോപിപ്പിച്ച് അടക്കിഭരിക്കാൻ, ഏതാനും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കൈകളിൽ അധികാരം നൽകി ഭരണനേതൃത്വത്തിന് ഇഷ്ടമുള്ളനിലയിൽ നിയമനങ്ങൾ നടത്താനും അതുവഴി ഈ നാട്ടിലെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ദുർബല വിഭാഗങ്ങൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ലഭിക്കപ്പെടേണ്ട അർഹമായ സാമൂഹികനീതി ഉറപ്പുവരുത്തുന്ന നിലയിലുള്ള നിയമനിർമ്മാണമാണ് ആഗ്രഹിക്കുന്നതെങ്കിൽ ഇന്ന് ഈ റിക്രൂട്ട്മെന്റ് സംബന്ധിച്ച് ഇറക്കിയിരിക്കുന്ന ഈ ഓർഡിനൻസും അതിനോടനുബന്ധിച്ച് വന്നിട്ടുള്ള ആക്ടും പിൻവലിക്കണം.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ, അങ്ങ് കുറച്ച് സമയമെടുത്ത് സംസാരിച്ച് മാതൃക കാണിക്കണം.

4.00 PM|

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതിയെ പിന്താങ്ങുന്നു. കേരളപ്പിറവിക്കുശേഷം ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് നമ്മുടെ നിയമനിർമ്മാണ സഭയിലുണ്ടായ ഏറ്റവും വിപ്ലവകരമായ ഒരു നിയമം എന്ന് ഞാൻ ഇതിനെ വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ വിപ്ലവകരമായ നിയമം പൈലറ്റ് ചെയ്യുന്ന ദേവസ്വം വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ശ്രീ വി. എസ്. ശിവകുമാറിനെയും യു.ഡി.എഫ്. സർക്കാരിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇവിടെ വൈക്കം സത്യാഗ്രഹത്തെയും ഗുരുവായൂർ സത്യാഗ്രഹത്തെയുമൊക്കെക്കുറിച്ച് സൂചിപ്പിച്ചു. വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും മഹാത്മാഗാന്ധി പങ്കെടുക്കുകയുണ്ടായി. ഈ രണ്ട് സത്യാഗ്രഹങ്ങളുടെയും പ്രാധാന്യമെന്നു പറയുന്നത് നൂറ്റാണ്ടുകളോളം ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽമാത്രം ജീവിക്കാൻ വിധിക്കപ്പെട്ട ജനസമൂഹങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുകൊണ്ടുവരാൻ നടത്തിയ ഏറ്റവും വലിയ ശ്രമങ്ങളിലൊന്നായിരുന്നു ഈ സത്യാഗ്രഹങ്ങളെന്നതായിരുന്നു. അതിന്റെ ഫലമായി ക്ഷേത്രപ്രവേശന വിളംബരമുണ്ടായി. ക്ഷേത്രങ്ങളുടെ അടുത്തുപോലും പോകാൻ നിവൃത്തിയില്ലാതിരുന്ന, കിണറുകളിൽനിന്ന് വെള്ളംകോരാൻ അനുവാദ

LIBRARY ARCHIVES Kerala Legislative Assembly

മില്ലായിരുന്ന, വഴിനടക്കാൻ അവകാശമില്ലാതിരുന്ന, മാറുമറയ്ക്കാൻ അവകാശമില്ലാതിരുന്ന പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും കേരളത്തിലെ ക്ഷേത്രങ്ങളിൽ പ്രവേശനം ലഭിച്ചു. ക്ഷേത്രപ്രവേശന വിളംബരത്തിനു ശേഷം കേരളത്തിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഒരുപാട് പ്രസംഗങ്ങൾ നടന്നിട്ടുണ്ടെങ്കിലും ആ ക്ഷേത്രങ്ങളിലേയ്ക്കും ദേവസ്വം ബോർഡുകളിലേയ്ക്കും കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ആദ്യമായി സംവരണം ഏർപ്പെടുത്തുന്നൊരു നിയമമാണ് ഈ നിയമസഭയിൽ പൈലറ്റ് ചെയ്യുന്നതെന്നത് എന്തുകൊണ്ടാണ് ഇതിനെ വിമർശിച്ച ആളുകൾ മറന്നുപോയത് ? നിങ്ങൾ അറിയേണ്ട ഒരുകാര്യം, ഗുരുവായൂർ ക്ഷേത്രത്തിൽ പട്ടികജാതിക്കാർക്ക് പത്തുശതമാനം സംവരണമുണ്ടായിരുന്നു. അതല്ലാതെ കേരളത്തിൽ തിരുവിതാംകൂറിലോ, കൊച്ചി ദേവസ്വം ബോർഡിലോ, മലബാർ ദേവസ്വം ബോർഡിലോ, കൂടൽമാണിക്യ ക്ഷേത്രത്തിലോ ഉൾപ്പെടെ കേരളത്തിലെ ഒരു ദേവസ്വം ബോർഡിലും ഇതുവരെ ഒരു ശതമാനംപോലും സംവരണമുണ്ടായിരുന്നില്ല. ഈ ഓർഡിനൻസിന്റെ ഭാഗമായി ഉണ്ടാക്കിയ ചട്ടങ്ങളിലൂടെയാണ് കേരളത്തിൽ ആദ്യമായി ദേവസ്വം ബോർഡിലേയ്ക്ക് സംവരണം വരുന്നത്. അതുകൊണ്ടാണ് ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം കേരളത്തിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ വിപ്ലവകരമായ ഒരു നിയമ നിർമ്മാണമാണിതെന്ന് ഞാൻ പറഞ്ഞത്. ഇത് സവർണ്ണ മേധാവികളുടെ നിയമമാണെന്നാണ് മുൻ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞത്. അദ്ദേഹം അഞ്ചുകൊല്ലം ദേവസ്വം ബോർഡിന്റെ ചുമതല വഹിച്ചല്ലോ; കേരളത്തിലെ ഏതെങ്കിലും ക്ഷേത്രത്തിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ഒരു ശതമാനമെങ്കിലും സംവരണം ഏർപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചോ ? ഗുരുവായൂരപ്പൻ എഴുന്നേറ്റ് പോകുമോ, വൈക്കത്തപ്പൻ എഴുന്നേറ്റ് പോകുമോ എന്നെല്ലാം ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ വലിയ വാചാടോപം നടത്തിയല്ലോ ; പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ശാന്തിക്കാരനുവരെ ക്ഷേത്രത്തിനകത്ത് ശ്രീകോവിലിൽപ്പോയി പൂജനടത്താൻ അവകാശം ലഭിക്കുന്ന ഒരു ബിൽ ആണിവിടെ പാസ്സാക്കുന്നത്. അത് നിങ്ങൾ മറന്നുപോയോ ? ചില ക്ഷേത്രങ്ങളിൽ മേൽശാന്തിമാരും തന്ത്രികളുമായി വരുന്നത് പരമ്പരാഗതമായ അവകാശമുള്ളവരാണ്. അവരെയാണ് കാരായ്മക്കാർ എന്നുപറയുന്നത്. അവരും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരും ഒഴിച്ച് ബാക്കി മുഴുവൻപേരും ഇതിന്റെ ...യിൽ വരും. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ളവരെക്കൂടി ഈ

LIBRARY ARCHIVES Kerala Legislative Assembly

സംവരണത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. കാരായ്മ എന്നുപറയുന്നത് പരമ്പരാഗതമായി ഓരോ കുടുംബക്കാരുടെ അവകാശമാണ്. അവരെ ഇതിനകത്ത് കൊണ്ടുവരേണ്ടതില്ല. അവർ 10 ശതമാനത്തിൽ താഴെയാണ്. ബാക്കി 90 ശതമാനത്തോളം ആളുകളും ഈ സംവരണത്തിന്റെ പരിധിയിൽ വരികയാണ്. കൊച്ചി ദേവസ്വം ബോർഡ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ മാനേജിംഗ് കമ്മിറ്റി, കൂടൽമാണിക്യം മാനേജിംഗ് കമ്മിറ്റി തുടങ്ങി കേരളത്തിലെ എല്ലാ ക്ഷേത്രങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരികയാണ്. എവിടെയാണ് മാറ്റിനിർത്തിയിട്ടുള്ളത് ? എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഇതിനകത്ത് കൊണ്ടുവന്നാൽ കേരളത്തിലെ ക്ഷേത്രങ്ങളിലെ നിയമനത്തിൽ 90 ശതമാനവും ഈ നിയമത്തിന്റെ പരിധിയിൽ വരികയാണ്. അതാണോ സവർണ്ണ മേധാവികൾക്കു വേണ്ടി ഉണ്ടാക്കുന്ന നിയമം ? 50 ശതമാനം മെരിറ്റ്, 50 ശതമാനം സംവരണം എന്നതാണ് കേരളത്തിലെ സംവരണത്തിന്റെ തോത്. ഈ 50 ശതമാനം സംവരണത്തിൽ 18 ശതമാനം നോൺ ഹിന്ദുസിനാണ്. മുസ്ലീം-ക്രിസ്ത്യൻ വിഭാഗമാണ് ഈ പറഞ്ഞ 18 ശതമാനം. അവരെ ക്ഷേത്രങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കാൻ കഴിയില്ല. അതുകൊണ്ട് ആ 18 ശതമാനത്തെ 50 ശതമാനം മെരിറ്റിലേയ്ക്ക് കൂട്ടിച്ചേർത്തുള്ള 68 ശതമാനം കഴിച്ച് ബാക്കിയുള്ള 32 ശതമാനം സംവരണമായി കൊടുത്തിരിക്കുകയാണ്. ഈ ബില്ലിനെ സവർണ്ണ ഹിന്ദുക്കൾക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന നിയമമെന്ന് ശ്രീ. ജി. സുധാകരനെപ്പോലെ പരിണിതപ്രജ്ഞനായ ഒരാൾ ആക്ഷേപിച്ചു. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ, ഓപ്പൺ മെരിറ്റിൽ 68 ശതമാനം വന്നുകഴിഞ്ഞാൽ എസ്.സി. - 8 ശതമാനം, ഹിന്ദു ഷെഡ്യൂൾഡ് ട്രൈബ് - 2 ശതമാനം, ഈഴവ, തിയ്യ 14- ശതമാനം, വിശ്വകർമ്മ -3 ശതമാനം, ഒ.ബി.എച്ച്.-3 ശതമാനം, ധീവര - ഒരു ശതമാനം, ഹിന്ദു നാടാർ - ഒരു ശതമാനം എന്നനിലയിൽ ദേവസ്വം ബോർഡിലേയ്ക്ക് എല്ലാ വിഭാഗത്തിൽപ്പെട്ടവരും വരികയാണ്. നാലായിരത്തിലധികം ജീവനക്കാരുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 85 പേരാണ് എസ്.സി.-യിൽ നിന്നുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ശിവദാസൻ നായർ)

എസ്.സി./എസ്.റ്റി-ക്ക് പത്തുശതമാനം സംവരണം വന്നാൽ നാലായിരത്തിയഞ്ഞൂറോളം ജീവനക്കാരുള്ള ദേവസ്വം ബോർഡിന്റെകീഴിൽ ഏകദേശം 450 പേരാണ്

LIBRARY ARCHIVES Kerala Legislative Assembly

എസ്.സി./എസ്.റ്റി-യിൽ നിന്നുവരാൻ പോകുന്നത്. അങ്ങനെ എല്ലാ ദേവസ്വം ബോർഡിലേയ്ക്കുംവരും. ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്നപ്പോൾ എത്രപേരെ കൊണ്ടുവന്നു ? 20 ശതമാനം വരുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം മാത്രമാണ് പി.എസ്.സി-ക്ക് വിടാൻ തീരുമാനിച്ചത്. എന്നിട്ടിപ്പോൾ പി.എസ്.സി.-ക്ക് വിട്ടില്ലായെന്നതാണ് പരാതി. പി.എസ്.സി-ക്ക് വിടണമെന്ന് പറയാൻ നല്ല എളുപ്പമാണ്. ദേവസ്വം ബോർഡ് സർക്കാരിന്റെ ഡിപ്പാർട്ട്മെന്റാണോ ? ദേവസ്വം ബോർഡ് സർക്കാരിന്റെ ഡിപ്പാർട്ട്മെന്റൊന്നുമല്ല. ഇവിടെ കവനന്റ് മുഖേന നിയമസഭ നിയമമുണ്ടാക്കി കേരളത്തിലെ ക്ഷേത്രങ്ങൾ ദേവസ്വം ബോർഡുവഴി സംരക്ഷിച്ചു വരുന്നു. ദേവസ്വം ബോർഡുകൾക്ക് ഒരു ഓട്ടോണമസ് സ്വഭാവമുണ്ട്. ആ സ്വയംഭരണ അവകാശത്തിൽ സർക്കാർ കൈകടത്തുന്നത് തെറ്റാണ് എന്നാണ് എന്റെ അഭിപ്രായം. ഇക്കാര്യത്തിൽ അനാവശ്യമായി സർക്കാർ കൈകടത്തേണ്ടതില്ലെന്ന് ഞാൻ ഈ സഭയിൽ ഇതിനുമുമ്പും പറഞ്ഞിട്ടുണ്ട്. പി.എസ്.സി.-ക്ക് വിടണമെന്നതിന് നിങ്ങൾ പറയുന്ന കാരണം അവിടെ ഭയങ്കര അഴിമതിയാണെന്നാണ്. റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കിയാലും അഴിമതിയുണ്ടാകും, ദേവസ്വം ബോർഡ് ഉണ്ടാക്കിയാലും അഴിമതിയുണ്ടാകും. ആ അഴിമതി നടത്തുന്ന ദേവസ്വം ബോർഡ് അംഗങ്ങളെയും റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളെയും നിയമിക്കുന്നത് കേരളത്തിലെ രാഷ്ട്രീയ നേതൃത്വമാണ്. യു.ഡി.എഫ്. വന്നാൽ കോൺഗ്രസ്, ആർ.എസ്.പി. ; എൽ.ഡി.എഫ്. വന്നാൽ സി.പി.ഐ.(എം), സി.പി.ഐ തുടങ്ങിയ മൂന്നുനാല് പാർട്ടികളുടെ നേതാക്കന്മാർ ചേർന്നല്ലേ ദേവസ്വം ബോർഡിലേയ്ക്ക് ആളെ നിയമിക്കുന്നത് ? അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന പാർട്ടികളിലെല്ലാം സത്യസന്ധരായ, ഒരു രൂപ കൈക്കൂലി വാങ്ങാത്ത, ഹിന്ദുമത വിശ്വാസികളായ, ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആയിരക്കണക്കിന് നേതാക്കന്മാരും പ്രവർത്തകരുമില്ലേ ; അതിൽനിന്ന് ആളുകളെ തെരഞ്ഞെടുക്കാതെ ചക്കരക്കുടം കണ്ടാൽ കയ്യിട്ടുവാരുന്ന ആളുകളെ തെരഞ്ഞെടുക്കുന്ന നമ്മളാണോ കുറ്റക്കാർ അതോ ദേവസ്വം ബോർഡിലിരുന്ന് അഴിമതികാണിക്കുന്ന നമ്മൾ തെരഞ്ഞെടുത്തവരാണോ കുറ്റക്കാർ ? ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ അഴിമതിയുണ്ടെങ്കിൽ അതിനുത്തരവാദികൾ കേരളത്തിലെ രാഷ്ട്രീയ നേതൃത്വമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ സത്യസന്ധരായിരിക്കണം, നല്ല പശ്ചാത്തലമുള്ളവരായിരിക്കണം, ഏത് സമ്മർദ്ദത്തിനും കീഴടങ്ങാത്തവരായിരിക്കണം എന്ന് തീരുമാനിക്കണമെന്നാണ് എനിക്ക് രാഷ്ട്രീയ നേതൃത്വത്തോടുള്ള അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എല്ലാവരും പ്രസംഗിച്ചപ്പോൾ പറഞ്ഞു, 'സവർണ്ണഹിന്ദു'. ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് സവർണ്ണഹിന്ദു എന്നുപറഞ്ഞത്. എന്തു പുച്ഛത്തിലാണ് സംസാരിച്ചത്. ആരാണ് സവർണ്ണഹിന്ദു ; പാവം അമ്പലവാസികളെയാണോ സവർണ്ണഹിന്ദുവെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നത് ; ഓരോ വീടുകളിലുംചെന്ന് പൂക്കളിറുത്ത് മാലകെട്ടി അമ്പലത്തിൽവന്ന് പാത്രം കഴുകി അടിച്ചുതളിച്ച് കരിപുരണ്ട മുണ്ടുടുത്ത് ഉടുതുണിക്ക് മറുതുണിയില്ലാതെ ജീവിക്കുന്ന, അമ്പലത്തിലെ നിവേദ്യം കഴിയാൻ കാത്തുനിന്ന് അതിൽ നിന്ന് കിട്ടുന്ന കുറച്ച് ഓഹരി തോളത്തുവച്ച് ഒരു ഇലകീറുകൊണ്ടുമൂടി വേഗത്തിൽ വീട്ടിലേയ്ക്കുപോകുന്ന, ഇവർ വരുന്നതും കാത്തിരിക്കുന്ന വീട്ടിലുള്ള പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണവുമായിപോകുന്ന പാവപ്പെട്ട സ്ത്രീകളാണോ നിങ്ങൾക്ക് ഇഷ്ടമില്ലാത്ത സവർണ്ണഹിന്ദുക്കൾ ? അമ്പലവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന പാവങ്ങൾ. കണ്ടിട്ടില്ലേ ക്ഷേത്രങ്ങളിൽ പോകുമ്പോൾ ഭഗവാന്റെ മുന്നിൽനിന്ന് 'കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണാ' എന്നുപറഞ്ഞ് ഇടയ്ക്ക കൊട്ടിപ്പാടി അതിനിടയിൽ വീട്ടിലെ പ്രാരാബ്ധങ്ങളോർത്ത് കണ്ണുനീർ വാർക്കുന്നവരെ ? നമ്മൾ വിചാരിക്കും ഭക്തികൊണ്ടാണ് കരയുന്നതെന്ന്. വീട്ടിലെ സങ്കടങ്ങളോർത്ത് കരയുന്ന, കൊട്ടിപ്പാടുന്ന പാവം മനുഷ്യനാണോ സവർണ്ണഹിന്ദു ; നിങ്ങൾ ആരെങ്കിലും അവരുടെ വീടുകളിൽ പോയിട്ടുണ്ടോ ; ആ വീടുകളിലെ ദൈന്യാവസ്ഥ കണ്ടിട്ടുണ്ടോ ? ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ വേണ്ടി പ്രയാസപ്പെടുന്ന അടിച്ചുതളിക്കാരികൾ, പാത്രംകഴുകാൻ വരുന്നവർ, കഴകക്കാർ, ആ പാവങ്ങളെയാണോ ഇവിടെ പുച്ഛത്തിൽ സവർണ്ണഹിന്ദുവെന്ന് വിളിക്കുന്നത് ? ശ്രീ. വിഷ്ണുനാഥ് ഇവിടെ വളരെ മനോഹരമായി സംസാരിച്ചു ചില സംഘടനകൾ ക്ഷേത്രങ്ങളിൽ വർഗ്ഗീയത വളർത്തുകയാണ്. വർഗ്ഗീയതയുടെ വിഷവിത്തുകൾ പാകുന്നവരുടെ കൈകളിലേയ്ക്ക് ഈ പാവങ്ങളെ വലിച്ചെറിയാനാണോ പുച്ഛത്തിൽ സവർണ്ണഹിന്ദുക്കൾ എന്നുപറയുന്നത് ? അതാണ് കാപട്യം. അത് മതേതരത്വമല്ല, സെക്കുലറിസമല്ല, കപടമതേതരത്വമാണത്. ഇതുവരെ കേരളത്തിന്റെ മണ്ണിൽ വേരുപിടിക്കാൻ നമ്മുടെ മുൻഗാമികൾ സമ്മതിക്കാതിരുന്ന വർഗ്ഗീയ വിഷവിത്തുകൾ വളർന്നുവലുതാകാനുള്ളവഴി നമ്മൾ ഒരുക്കിക്കൊടുക്കരുത്. സംസാരിക്കുമ്പോൾ സാമൂഹ്യ യാഥാർത്ഥ്യങ്ങളറിഞ്ഞ്, ജീവിത യാഥാർത്ഥ്യങ്ങളറിഞ്ഞ് സംസാരിക്കാൻ ശ്രമിക്കണമെന്നുമാത്രമാണ് എന്റെ അഭ്യർത്ഥന.

രണ്ടുകാര്യം മാത്രം പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. ഇവിടെ റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്കുള്ള അംഗത്വത്തിനുള്ള അയോഗ്യത പറഞ്ഞിട്ടുണ്ട്. ഒന്നുകിൽ ബുദ്ധിസ്ഥിരതയില്ലാത്തയാളാകണം അല്ലെങ്കിൽ പാപ്പരാകണം അല്ലെങ്കിൽ ദേവസ്വം ബോർഡുമായി കരാറിലേർപ്പെട്ടിട്ടുള്ള ആളാകണം അല്ലെങ്കിൽ സാന്മാർഗ്ഗിക

LIBRARY ARCHIVES Kerala Legislative Assembly

ദൂഷ്യമുള്ളയാളായിരിക്കണം അല്ലെങ്കിൽ ഏതെങ്കിലും കോടതി ഉത്തരവുമൂലം കൊള്ളരുതാത്തവനായി ഏതെങ്കിലും സ്ഥാനത്തുനിന്ന് നീക്കം ചെയ്തവനാകണം അല്ലെങ്കിൽ മദ്യത്തിന്റെ ഉല്പാദനം നടത്തുന്നവനാകണം അല്ലെങ്കിൽ 'എം.എൽ.എ.-യോ എം.പി.-യോ' ആകണം. അതാണ് ഈ നിയമത്തിൽ എഴുതിയിരിക്കുന്നത്. ഈ പറയുന്ന ആളുകളുടെ കൂട്ടത്തിലാണോ ഞങ്ങളെ ഉൾപ്പെടുത്തുന്നത് ? ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എന്റെ അപേക്ഷ കേരളത്തിലുള്ള ഒരു എം.പി.-യും എം.എൽ.എ.-യും റിക്രൂട്ട്മെന്റ് ബോർഡിൽ അംഗമാകാൻ വരില്ല, ദയവുചെയ്ത് ഞങ്ങളെ ആ പട്ടികയിൽനിന്ന് മാറ്റിത്തരണം. ഞാൻ ഈ ബിൽ വെറ്റ് ചെയ്തു നിയമ വകുപ്പിലെ ആളുകളെയും നമിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ഇതിലേറെ അപമാനിക്കാനുള്ള ശ്രമം ഞാൻ മറ്റൊരിടത്തും കണ്ടിട്ടില്ല. കൂട്ടിച്ചേർത്ത് എഴുതിയിരിക്കുന്നത് നമ്മൾ ശ്രദ്ധിക്കാതെ പോകുന്നതുകൊണ്ടാണ്. നേരത്തെ പറഞ്ഞത് ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരണം.

ഞാൻ ദീർഘമായി സംസാരിക്കുന്നില്ല, ഒരു രാഷ്ട്രീയവും പറയുന്നില്ല. ഒറ്റകാര്യം മാത്രം പറയുന്നു. കോൺഗ്രസ് വിട്ട് ആരും ഒരു പാർട്ടിയിലേക്കും പോകില്ല. ബി.ജെ.പി.യിലേക്കും മാർക്സിസ്റ്റ് പാർട്ടിയിലേക്കും പോകില്ല. ചിലപ്പോൾ ഒരു ഗ്രൂപ്പുവിട്ട് മറ്റൊരു ഗ്രൂപ്പിലേയ്ക്കുപോകും. പക്ഷെ മറ്റൊരു പാർട്ടിയിലേയ്ക്കുപോകില്ല. അതാണ് കോൺഗ്രസ്. ഞങ്ങളുടെ പാർട്ടിവിട്ട് ബി.ജെ.പി.-യിലേയ്ക്ക് പോകുമെന്ന് ആരും പ്രത്യാശിക്കണ്ട. ഞങ്ങൾക്ക് അതിനുള്ള മെക്കാനിസമുണ്ട്. ഞങ്ങൾ എല്ലാവരെയും അക്കോമഡേറ്റ് ചെയ്യും. ഇവിടെ ആർക്കും ഒരു സങ്കടവുമുണ്ടാകില്ല. ആരെങ്കിലുമൊരാൾ ദേഷ്യത്തിൽ ഒന്ന് നോക്കിയാൽ തൊട്ടപ്പുറത്തുനിൽക്കുന്ന ആൾ ചേർത്തുപിടിക്കും. അതുകൊണ്ട് ഒരു കോൺഗ്രസ്സുകാരനും ബി.ജെ.പി.-യിലേയ്ക്ക് പോകുമെന്ന് തെറ്റിദ്ധരിക്കണ്ട. ഇവിടെയുള്ളത് സ്നേഹമാണ്, ബന്ധങ്ങളാണ്, ഇവിടെനിന്ന് ആരും എങ്ങോട്ടും പോകില്ല. പക്ഷെ, നിങ്ങൾ സൂക്ഷിച്ചുകൊള്ളണം, ഇല്ലെങ്കിൽ നിങ്ങൾ അപകടത്തിലെത്തുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. ശശി</u> : സർ, ഞാൻ ശ്രീ. ബി. സത്യൻ അവതരിപ്പിച്ച ഭേദഗതിയെ പിന്താങ്ങുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ പഴയകാല സംഭവങ്ങൾ പരാമർശിക്കുകയുണ്ടായി. 1936-ന് മുമ്പ്, ക്ഷേത്ര പ്രവേശനം ലഭിക്കുന്നതിനുമുമ്പുള്ള നമ്മുടെ സമൂഹത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നോക്ക സമുദായങ്ങളിലെ സാമൂഹ്യ സ്ഥിതിവിശേഷം അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കുകയുണ്ടായി. 1936 നവംബർ മാസം 12-ാം തീയതിയാണ് കേരളത്തിൽ, പ്രത്യേകിച്ച് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായത്. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ, ഒരുപക്ഷെ ഇന്ത്യയുടെതന്നെ ചരിത്രത്തിൽ വളരെയേറെ പ്രശംസിക്കപ്പെടുന്ന സാമൂഹ്യമാറ്റത്തിനുവേണ്ടി നടത്തിയ ഒരു ചരിത്ര സംഭവമായിട്ടാണ്, വളരെയേറെ ആദരിക്കപ്പെടുന്ന ഒരു സംഭവമായിട്ടാണ് 1936 നവംബർ 12-ാം തീയതി നമ്മളെല്ലാം പരിഗണിച്ചുപോരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഈ ദിവസത്തെ വളരെ പ്രാധാന്യത്തോടെ സ്മരിക്കാറുണ്ട്. പല ചടങ്ങുകളും അതുമായി ബന്ധപ്പെട്ട് നടത്തിവരുന്നുമുണ്ട്. Temple Entry Proclamation-ന് ശേഷമുള്ള ഒരു പ്രധാന സംഭവമായി ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണ്. എന്നാൽ അതല്ല. യഥാർത്ഥത്തിൽ, 2007-ലെ നിയമനിർമ്മാണമാണ് ക്ഷേത്ര പ്രവേശന വിളംബരത്തിനു ശേഷം ശ്രദ്ധേയമായിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം. 2007-ൽ സംഭവിച്ചത് ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ അനുവാദം കിട്ടിയ ജനവിഭാഗങ്ങളെ കൈപിടിച്ച് ക്ഷേത്രത്തിന്റെ ഭരണം കയ്യാളുന്നവരാക്കി മാറ്റിയെന്നതാണ്. 2007-ൽ ഇടതുപക്ഷ സർക്കാരിന്റെ കാലത്തുകൊണ്ടുവന്ന തീരുമാനം. പട്ടികജാതിക്കാരെയും പട്ടികവർഗ്ഗക്കാരെയും പിന്നോക്ക സമുദായക്കാരെയും ഹിന്ദു സമൂഹത്തിൽ പീഡനമനുഭവിച്ചിരുന്ന സ്ത്രീ ജനവിഭാഗങ്ങളെയുംകൂടി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണതലത്തിലേക്ക് കൊണ്ടുവന്നുവെന്ന അതിവിപ്ലവകരമായ ഒരു തീരുമാനമാണ് 2007-ൽ ഉണ്ടായത്. ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം ഉണ്ടായ രണ്ടാമത്തെ ക്ഷേത്രപ്രവേശന വിളംബരമായിരുന്നു 2007-ൽ നടന്നതെന്ന് തീർച്ചയായും ചരിത്രം രേഖപ്പെടുത്തുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. രണ്ടാമതു നടന്ന ക്ഷേത്രപ്രവേശന വിളംബരവുമായി ബന്ധപ്പെട്ട് അതിന്റെ ഒരു ഗുണഭോക്താവായി, തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പറായി പ്രവർത്തിക്കുവാൻ ഭാഗ്യംകിട്ടിയ ഒരാളാണ് ഞാൻ. അതുകൊണ്ടുതന്നെ ആ ചരിത്ര സംഭവത്തിന്റെ ഗുണഫലമനുഭവിച്ച വ്യക്തിയെന്ന നിലയിൽ വളരെ ആദരവോടുകൂടിയാണ് അന്നത്തെ ഗവൺമെന്റിന്റെ ആ തീരുമാനത്തെ ഞാൻ നോക്കിക്കാണുന്നത്. അതിനുശേഷം റിക്രൂട്ട്മെന്റ് ബോർഡ് വന്നു, അതാണ് ഏറ്റവും പ്രാധാനമെന്ന് ചിത്രീകരിക്കുന്നതിൽ യാതൊരർത്ഥവുമില്ല. 2007-ൽ തന്നെ പട്ടികജാതിക്കാർക്ക് സംവരണം അനുവദിച്ചുകൊണ്ടുള്ള ഒരു നിയമന തീരുമാനമാണുണ്ടായത്. വാസ്തവത്തിൽ എല്ലാവരും ആദരിച്ച, എല്ലാവരും അംഗീകരിച്ച ഒരു തീരുമാനമായിരുന്നു പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമനം നടത്തണമെന്നത്. ആ തീരുമാനത്തെ അത്ര ചെറുതായി വിലയിരുത്തുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രപ്രവേശന വിളംബരം പോലെതന്നെ 2007-ലെ ഈ നിയമ നിർമ്മാണത്തെയും ചരിത്രത്തിന്റെ ഭാഗമായി കാണണമെന്ന് ഞാൻ സൂചിപ്പിച്ചത് അതുകൊണ്ടാണ്. എന്നാൽ സാമൂഹിക മാറ്റത്തിനുവഴിതെളിച്ച 2007-ലെ നിയമനിർമ്മാണത്തെ അപ്പാടെ തകിടംമറിക്കാനുള്ള തീരുമാനമാണ് ഈ സർക്കാർ സ്വീകരിച്ചത്. 50 ശതമാനത്തിൽക്കൂടുതൽ വരുന്ന സ്ത്രീ സമൂഹത്തെ നിയമനത്തിൽനിന്ന് പൂർണ്ണമായും ഒഴിവാക്കി. പി.എസ്.സി. വഴി നിയമനം നടത്തണമെന്ന വ്യവസ്ഥയും അട്ടിമറിച്ച് പകരം റിക്രൂട്ട്മെന്റ് ബോർഡിനെ കൊണ്ടുവന്നിരിക്കുകയാണ്. ദേവസ്വം ബോർഡ് ഭരണത്തെക്കുറിച്ച് ആലോചിക്കുമ്പോഴെല്ലാം ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിലെ ദേവസ്വം ബോർഡ് ഭരണത്തെക്കുറിച്ചുള്ള ശുപാർശകളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കാറുണ്ട്. സമൂഹത്തിൽ വ്യക്തിത്വവും സത്യസന്ധതയും തെളിയിച്ചിട്ടുള്ള, ഉന്നതതലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരുടെ ഒരു കമ്മിറ്റിയായിരിക്കണം ബോർഡിലെ നിയമനങ്ങൾ നടത്തേണ്ടതെന്നാണ് ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ സൂചിപ്പിച്ചിട്ടുള്ളത്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് അദ്ദേഹമായിരുന്നു. ഈ വിഷയത്തിൽ അന്നത്തെ മന്ത്രിയെ അദ്ദേഹം അഭിനന്ദിച്ച മുഹൂർത്തത്തിൽ ഞാനും അവിടെയുണ്ടായിരുന്നു. പി.എസ്.സി.-ക്കു പകരം ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡിനെ നിയോഗിച്ചിരിക്കുന്നത് എന്തുകൊണ്ടാണ് ? എന്തെങ്കിലും ഒരു കാരണമുണ്ടാകുമല്ലോ ; ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിരുന്നു. നിയമാനുസൃതം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-യുടെ അംഗീകാരവും ലഭിച്ചു. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനിരിക്കെയാണ് റിക്രൂട്ട്മെന്റ് ബോർഡ് വരുന്നത്. എന്തിനാവേണ്ടിയാണ് ഈയൊരു മാറ്റമുണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ റിക്രൂട്ട്മെന്റ് ബോർഡിന് പി.എസ്.സി.-യുടെ റോളാണ്. ഈ ബില്ലിലെ 18(2)(എഫ്) പരിശോധിച്ചാൽ, സ്പെഷ്യൽ റൂൾസ് തയ്യാറാക്കേണ്ടതിന്റെ ഉത്തരവാദിത്വം റിക്രൂട്ട്മെന്റ് ബോർഡിനാണോ ? അത് തയ്യാറാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർവ്വഹിക്കേണ്ട ഒരു ഉത്തരവാദിത്വമാണ് ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡ് നിർവ്വഹിച്ചിരിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർവ്വഹിക്കേണ്ട ഈ നിയമനിർമ്മാണം ഒരുകാരണവശാലും ഈ റിക്രൂട്ട്മെന്റ് ബോർഡ് നിർവ്വഹിക്കാൻ പാടില്ല. റിക്രൂട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം മാത്രമേ റിക്രൂട്ട്മെന്റ് ബോർഡിനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ റിക്രൂട്ട് ചെയ്യപ്പെടുന്നവിധം, സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ, ക്വാളിഫിക്കേഷൻ, നിയമനരീതി ഇതൊക്ക നിർവ്വഹിക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ റൂൾ പ്രകാരമായിരിക്കണം. തിരുവിതാംകൂർ ദേവസ്വം ബോർഡിനെ നോക്കുകുത്തിയാക്കി മാറ്റി സർക്കാർ നിയോഗിക്കുന്ന ആറുപേരുള്ള റിക്രൂട്ട്മെന്റ് ബോർഡിനെക്കൊണ്ട് ഈ നിയമനങ്ങളെല്ലാം നടത്തിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. സർക്കാരിന്റെ ഈ തീരുമാനം അംഗീകരിക്കുവാൻ പോകുന്നില്ല. ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടും. കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞാൽ ഒരുകാരണവശാലും ഇത് പ്രാബല്യത്തിൽ കൊണ്ടുവരാൻ സർക്കാരിന് കഴിയില്ലെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ പരമ്പരാഗത തസ്തികകളെക്കുറിച്ച് സൂചിപ്പിച്ചു. ഈ പരാമ്പരാഗത തസ്തികകളിൽ എങ്ങനെ നിയമനം നടത്തണം, അവർ ആരൊക്കെയായിരിക്കണം എന്നതിനെ സംബന്ധിച്ച് ഈ റിക്രൂട്ട്മെന്റ് ബോർഡിന് എങ്ങനെയാണ് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുക ? 1950-ലെ Travancore-Cochin Hindu Religious Institution Act പ്രകാരം പരമ്പരാഗത തസ്തികകൾ ഏതൊക്കെയാണെന്നും അതിൽ എങ്ങനെയാണ് നിയമനങ്ങൾ നടത്തേണ്ടതെന്നും വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. 1950-ലെ Principal Act നിലനിൽക്കുമ്പോൾ എങ്ങനെയാണ് ഒരു റിക്രൂട്ട്മെന്റ് ബോർഡിന് ചട്ടങ്ങളിൽ കടന്നുവരാൻ സാധിക്കുന്നത്?

കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് 121 A വകുപ്പനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നടത്തണമെന്ന തീരുമാനമെടുത്തത്. അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റ് 121 A വകുപ്പ് റദ്ദാക്കി, പി.എസ്.സി. വഴി നിയമനം നടത്തേണ്ടെന്ന് തീരുമാനിച്ചു. ദേവസ്വം ബോർഡിന്റെ 122-ാം വകുപ്പനുസരിച്ച് ഇത്തരം കാര്യങ്ങളിലെല്ലാം ചട്ടങ്ങളുണ്ടാക്കേണ്ടതിന്റെ ഉത്തരവാദിത്വം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. അങ്ങനെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങളാണ് ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡ് നിർവ്വഹിക്കുന്നത്. റിക്രൂട്ട്മെന്റ് ബോർഡിനെ സംബന്ധിച്ചിടത്തോളം സാധാരണഗതിയിൽ പി.എസ്.സി. നിർവ്വഹിക്കുന്നതുപോലെ നിയമനങ്ങൾ നടത്തുക എന്നുള്ളതാണ്. പി.എസ്.സി.-യും ഗവൺമെന്റും ആക്ട് ചെയ്യുന്നതുപോലെയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡും റിക്രൂട്ട്മെന്റ് ബോർഡും കാര്യങ്ങൾ നിർവ്വഹിക്കേണ്ടത്. തിരുവിതാംകൂർ ദേവസ്വം ബോർഡിനെ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും മാറ്റിനിർത്തിക്കൊണ്ട് റിക്രൂട്ട്മെന്റ് ബോർഡ് എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ മാറ്റങ്ങളിലൂടെ കാണാൻ സാധിക്കുന്നത്. ഇത് നിലനിൽക്കുന്നതല്ലെന്ന് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഭരണഘടനയുടെ 366-ാം അനുച്ഛേദപ്രകാരം പട്ടികവർഗ്ഗ ഗോത്രവർഗ്ഗം (ഷെഡ്യൂൾഡ് ട്രൈബ്) ആരാണെന്ന് ഭരണഘടനയിൽത്തന്നെ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. അങ്ങനെയുള്ളപ്പോൾ അതിലെ ഒരു വിഭാഗത്തെമാത്രം പട്ടികവർഗ്ഗമായി ചിത്രീകരിച്ചുകൊണ്ടാണ് ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു പ്രത്യേക നിയമനിർമ്മാണത്തിലൂടെ നമ്മുടെ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തെ എങ്ങനെയാണ് വിഭജിക്കാൻ സാധിക്കുക ? ഇന്ത്യൻ ഭരണഘടനയിൽ പട്ടികവർഗ്ഗക്കാർ ആരാണെന്ന് വ്യക്തായി നിർവ്വചിച്ചിട്ടുണ്ട്. യാതൊരു കാരണവശാലും ആ നിർവ്വചനം മാറ്റാൻ സംസ്ഥാന ഗവൺമെന്റിനോ കേന്ദ്ര ഗവൺമെന്റിനോ ഇതുപോലൊരു നിയമനിർമ്മാണത്തിലൂടെ കഴിയില്ല. വസ്തുത ഇതായിരിക്കെ പട്ടികവർഗ്ഗക്കാരിലെ ഹിന്ദു വിഭാഗത്തെ മാത്രം ഒരു നിയമനിർമ്മാണത്തിലൂടെ സംസ്ഥാന ഗവൺമെന്റിന് കൊണ്ടുവരുവാൻ സാധിക്കുമോ എന്നുള്ള വിഷയംകൂടി വളരെ ഗൗരവപൂർവ്വം സർക്കാർ പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. പരമ്പരാഗത തസ്തികകൾ എന്താണെന്ന് TCHRI ആക്ടിൽ നിർവ്വചിച്ചിട്ടുണ്ട്. ഇവിടെ നിർമ്മിക്കുന്ന ആക്ടിൽ അത് വീണ്ടും കൊണ്ടുവരേണ്ടതില്ല. എന്നാൽ വീണ്ടും കൊണ്ടുവന്നതായിട്ടാണ് കാണുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കാരായ്മ സർവ്വീസ് എന്നുപറഞ്ഞ് സെക്ഷൻ 28, TCHRI ആക്ടിനകത്ത് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് ബോർഡ് ആക്ടിനകത്ത് അത് വീണ്ടും കൊണ്ടുവരേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. വളരെ ഗൗരവപൂർവ്വം അതും തിരുത്തേണ്ടതാണെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ബാക്കികാര്യങ്ങൾ ഇതിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയിൽ സംസാരിക്കുവാൻ അവസരം കിട്ടുമെന്നുള്ളതുകൊണ്ട് ഞാൻ ആ വിഷയങ്ങളിലേക്കൊന്നും കടക്കുന്നില്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ബഹുമാനപ്പെട്ട ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലുമായി ബന്ധപ്പെട്ട് വളരെ വിശദമായ ചർച്ചയാണ് ഇന്നിവിടെ നടന്നത്. ഈ ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ എല്ലാവർക്കും പ്രത്യേകമായ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ നേരത്തെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് ഏകീകൃതമായ ഒരു സ്വഭാവം ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് ഉണ്ടാകണമെന്നുള്ളതാണ് ഈ ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശ്യം. കാലാകാലങ്ങളായി ദേവസ്വം ബോർഡുകളിൽ നിയമനങ്ങൾ നടക്കുന്നതുമായി ബന്ധപ്പെട്ട് പല വിമർശനങ്ങളും ആരോപണങ്ങളും ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ അതിനൊരു ശാശ്വത പരിഹാരം കണ്ടെത്തുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾ സ്പീഡ് അപ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇതുസംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് നേരത്തെ ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിക്കുകയുണ്ടായി. ദേവസ്വം ബോർഡിലെ നിയമനങ്ങൾ സുതാര്യമായി നടപ്പിലാക്കുന്നതിന് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് 2008-ൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ നേതൃത്വത്തിലുള്ള റിപ്പോർട്ടുണ്ടായിരുന്നു. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജി. സുധാകരൻ അങ്ങനെയൊരു റിപ്പോർട്ട് ഇവിടെ ഇല്ലായെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ അതിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. അതിൽ പറയുന്നത്, 'A high power Recruitment Board headed by a retired judge of the High Court or administrator of high efficiency and integrity may be appointed to select the right people for various posts' എന്നാണ്. ആ ഒരു സാഹചര്യത്തിൽ 2008-ൽ തന്നെ ഉണ്ടായ ഹൈക്കോടതിയുടെ ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുള്ളത്, 'The First Respondent-Board and the Second Respondent- Government have accepted the report, the suggestions and the recommendations contained in it' എന്നാണ്. എന്നുപറഞ്ഞാൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി അന്നത്തെ ദേവസ്വം ബോർഡും അന്നത്തെ ഗവൺമെന്റും അതിന് സമ്മതിച്ചിരുന്നുവെന്നുള്ളത് ഹൈക്കോടതിയുടെ ജഡ്ജ്മെന്റിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ആ ഒരു സാഹചര്യത്തിലാണ് സംസ്ഥാനത്ത് ഗവൺമെന്റ് ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോയത്. അതുമായി മുന്നോട്ടുപോയ പശ്ചാത്തലത്തെക്കുറിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പി.എസ്.സി.വഴി മുഴുവൻ ദേവസ്വം ബോർഡിലേയ്ക്കും നിയമനം നടത്തുന്നതിന് കഴിഞ്ഞ ഗവൺമെന്റ് നടപടികൾ ആരംഭിച്ചിരുന്നു. 2008-ൽ പി.എസ്.സി.-ക്ക് വിട്ടുവെങ്കിലും 2011-ൽ ആ ഗവൺമെന്റ് അധികാരം ഒഴിയുന്നതുവരെ ഒരാളിനെപ്പോലും പി.എസ്.സി.വഴി നിയമിച്ചില്ല. സ്പെഷ്യൽ റൂൾസിന്റെ ക്ലാരിഫിക്കേഷൻ നൽകിയില്ലായെന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പാലോട് രവി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ഗവൺമെന്റ് തന്നെ അക്കാര്യത്തിൽ ഒരു ആത്മാർത്ഥത കാണിച്ചില്ലായെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ വളരെ അഭിമാനത്തോടു കൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. 1950-51-ലുള്ള ആക്ട് അനുസരിച്ചാണ് എത്രയോ കാലമായി മലബാർ, തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ പ്രവർത്തിക്കുന്നത്. ഇതുവരെ ദേവസ്വം ബോർഡിൽ ഈ നിയമനങ്ങളിൽ സംവരണം ഉണ്ടായിരുന്നില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 4735 ജീവനക്കാരുള്ളതിൽ പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് 1.5 ശതമാനം മാത്രമാണ് നിയമനം ലഭിച്ചതെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ മലബാർ ദേവസ്വം ബോർഡുകളിൽ വളരെ ചുരുങ്ങിയ ശതമാനം നിയമനം മാത്രമാണ് നടന്നിട്ടുള്ളത്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി യഥാർത്ഥത്തിൽ 32 ശതമാനം സംവരണം പിന്നോക്ക വിഭാഗങ്ങൾക്ക് ലഭ്യമാകുന്നു വെന്നുള്ളതുകൊണ്ട് ഇതിനെ ഏറ്റവും വലിയ ചരിത്രപരമായ നിയമമായി മാറ്റേണ്ടതുണ്ട്. അത് ഈ നിയമത്തിലൂടെ പ്രഖ്യാപിക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ കാര്യമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ 50 ശതമാനം മെറിറ്റും നോൺ ഹിന്ദുവായി വരുന്ന ആളുകൾക്ക് 18 ശതമാനവും ഉൾപ്പെടെ 68 ശതമാനം മെറിറ്റടിസ്ഥാനത്തിലാണ് നിയമനം നടക്കുന്നത്. വിവിധ വിഭാഗം ആളുകൾക്ക് 32 ശതമാനം സംവരണത്തിലൂടെ നിയമനം ലഭിക്കുകയാണ്. ഇപ്പോൾ ഓപ്പൺ കോംപറ്റീഷനിലൂടെ 68 ശതമാനം, ഷെഡ്യൂൾഡ് കാസ്റ്റിന് 8 ശതമാനം, ഹിന്ദു ഷെഡ്യൂൾഡ് ട്രൈബ്സ് 2 ശതമാനം, ഈഴവ/തിയ്യ/ബില്ലവ 14 ശതമാനം, വിശ്വകർമ്മ 3 ശതമാനം, ഒ.ബി.സി.-ഹിന്ദു 3 ശതമാനം, ധീവര 1 ശതമാനം, ഹിന്ദു നാടാർ 1 ശതമാനം, ഈ രീതിയിലാണ് നിയമനങ്ങൾ നടക്കുന്നത്. ഇതുവരെ നിയമനങ്ങളിൽ സംവരണം ലഭ്യമാകാതിരുന്ന ജനവിഭാഗങ്ങൾക്ക് ഈ വിപ്ലവകരമായിട്ടുള്ള നടപടിയിലൂടെ സംവരണം ലഭ്യമാകുന്നുവെന്നത് ഏറ്റവും പ്രധാനപ്പെട്ടകാര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച ബില്ലിൽ അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള നിയമനം മാത്രമാണ് പി.എസ്.സി. വഴി കൊണ്ടുവന്നത്. മൊത്തത്തിൽ ദേവസ്വം ബോർഡുകളിൽ ഉണ്ടായിട്ടുള്ള 20 ശതമാനത്തിന്റെ മാത്രം പ്രാതിനിധ്യമാണ് കൊണ്ടുവന്നത്. ഇന്ന് പരമ്പരാഗതമായി ജോലി ചെയ്യുന്ന വിഭാഗങ്ങൾ ഒഴിച്ചാൽ ഏകദേശം 90 ശതമാനത്തിന് മുകളിൽ കേരളത്തിലെ 5 ദേവസ്വം ബോർഡുകളിലെയും നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനകത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി പ്രത്യേകം ഈ അവസരത്തിൽ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ ദീർഘമായി കാര്യങ്ങൾ പറഞ്ഞുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ച പ്രധാനപ്പെട്ട കാര്യം, കേരളത്തിലെ ക്ഷേത്രങ്ങളിലെ സ്വത്തുക്കൾ അല്ലെങ്കിൽ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം മുഴുവൻ സംസ്ഥാനത്തെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഗവൺമെന്റ് വിനിയോഗിക്കുന്നുവെന്നാണ്. അങ്ങനെയുള്ള പല പ്രചരണങ്ങളും നടക്കുന്നുവെന്നതാണ്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാനത്ത് ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ടും ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും ഏറ്റവും ശക്തമായ പിന്തുണയാണ് ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണത്തിനും ക്ഷേത്രങ്ങളുടെ നടത്തിപ്പിനുംവേണ്ടി നൽകുന്നത്. വ്യാപകമായ പ്രചരണം കേരളത്തിൽ ഇങ്ങനെ നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് എല്ലാ മെമ്പർമാരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപയാണ് സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്നും സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളുടെ പുരോഗതിക്കും പ്രവർത്തനങ്ങൾക്കും വേണ്ടി നൽകിക്കൊണ്ടിരിക്കുന്നത്. ഉദാഹരണമായി, ശബരിമല ക്ഷേത്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലുവർഷമായി 450 കോടി രൂപയാണ് അവിടത്തെ റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് അനുവദിച്ചതെന്ന് ഈ അവസരത്തിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായി ശബരിമലയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ തുക അനുവദിച്ചു. നാലുവർഷത്തിനുള്ളിൽ 65 കോടി രൂപയാണ് ബഡ്ജറ്റിൽ, അനുവദിച്ചിട്ടുള്ളത്. എന്നിട്ടും ഈ വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ വീണ്ടും അനുവദിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വളരെയധികം സമഗ്രമായ വികസന പ്രവർത്തനങ്ങൾ ശബരിമലയിൽ നടക്കുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പമ്പയിൽ 15 കോടി രൂപയുടെ ആശുപത്രി, സന്നിധാനത്ത് ആശുപത്രി, പുതിയ ക്യൂ കോംപ്ലക്സുകൾ, മറ്റ് പല സംവിധാനങ്ങൾ അതിനെക്കുറിച്ച് വിശദമായി ഞാൻ പറയുന്നില്ല. ഡ്രെയ്നേജ് സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി സൂചിപ്പിക്കുകയുണ്ടായി. ദീർഘകാലത്തെ ആവശ്യമായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം 25 കോടി രൂപ മുതൽമുടക്കിൽ പൂർത്തീകരിച്ചുകഴിഞ്ഞു. നമ്മുടെ ക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി വളരെയധികം പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റുതന്നെ ഏറ്റെടുത്ത് മുന്നോട്ടുപോകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് നമ്മൾ നേരത്തെ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റുമായി ഉണ്ടാക്കിയിരുന്ന കരാറിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ കൊടുത്തുകൊണ്ടിരുന്നത് 80 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുവേണ്ടി സെക്യൂരിറ്റി നൽകുന്നതിനായി ഏകദേശം 55 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് കൊടുത്തത്. അതോടൊപ്പം 242 തസ്തികകൾ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തുക്കൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിനുവേണ്ടി ക്രിയേറ്റ് ചെയ്യുവാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുകയും തസ്തികകൾ ക്രിയേറ്റ് ചെയ്തുകൊണ്ട് പോലീസ് ഉദ്യോഗസ്ഥന്മാരെ അവിടെ നിയമിക്കുകയും ചെയ്തു. അതുപോലെ ഞാൻ വിശദമായി പറയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറ്റുകാൽ ക്ഷേത്രത്തിൽ 5 കോടി രൂപ, 10 കോടി രൂപ എന്നിങ്ങനെ ഓരോ വർഷത്തെ ഉത്സവ സീസണുകളിലും അനുവദിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി ഇത്രയേറെ പ്രവർത്തനങ്ങൾ നടത്തിയ ഒരു കാലഘട്ടം ഉണ്ടായിട്ടില്ലെന്ന് ഈ അവസരത്തിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റുചില കാര്യങ്ങൾകൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗുരുവായൂർ ക്ഷേത്രത്തിലെ ക്യൂ കോംപ്ലക്സിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗുരുവായൂർ ക്യൂ കോംപ്ലക്സ് സ്ഥാപിക്കേണ്ടത് ദീർഘകാലത്തെ ആവശ്യമാണ്. അവിടത്തെ വ്യാപാരികളുമായി സംസാരിച്ചതിനുശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ. 3-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ചുള്ള മീറ്റിംഗ് വിളിച്ചു ചേർത്തിട്ടുണ്ട്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതോടുകൂടി കഴിഞ്ഞ കാലഘട്ടങ്ങളിൽ ദേവസ്വം ബോർഡിലുണ്ടായിട്ടുള്ള അഴിമതി ആരോപണങ്ങൾ, ക്രമക്കേടുകൾ എന്നിവയ്ക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയും. ഇത് പി.എസ്.സി. പോലെ സ്വയംഭരണ സ്ഥാപനമായിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്. തീർച്ചയായും സംവരണതത്വം പാലിച്ചുകൊണ്ട് ഏറ്റവും ഭംഗിയായി കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ നടത്താൻ കഴിയുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ഈ ബിൽ ഈ കാലഘട്ടത്തിലെ ഏറ്റവും വിപ്ലവകരമായിട്ടുള്ള ഒരു ബില്ലാണ്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

136. 2-ാം ഖണ്ഡത്തിൽ, -

(i) (ഡി) ഉപഖണ്ഡത്തിൽ "ഹിന്ദു ഗോത്രവർഗ്ഗം" എന്ന വാക്കുകൾക്കു പകരം "ഹിന്ദു പട്ടിക ഗോത്രവർഗ്ഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഉപഖണ്ഡത്തിൽ "ചട്ടങ്ങളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

136-ാം നമ്പർ ഭേദഗതിയിൽ 2-ാം ഖണ്ഡത്തിൽ, (i) (ഡി) ഉപഖണ്ഡത്തിൽ "ഹിന്ദു ഗോത്രവർഗ്ഗം" എന്ന വാക്കുകൾക്കുപകരം "ഹിന്ദു പട്ടിക ഗോത്രവർഗ്ഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഉപഖണ്ഡത്തിൽ "ചട്ടങ്ങളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

137. ഖണ്ഡം 2 (എ)-യിൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് " എന്നീ വാക്കുകൾക്ക് പകരം "കേരള സംസ്ഥാന ദേവസ്വം നിയമന ബോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

145. ഖണ്ഡം 2 (ബി) താഴെപ്പറയും പ്രകാരം മാറ്റുക:-

" (ബി) ദേവസ്വം ബോർഡ്" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ദേവസ്വങ്ങളുടെ ബോർഡുകളും മാനേജിംഗ് കമ്മിറ്റികളും എന്നർത്ഥമാകുന്നു" ;

156. ഖണ്ഡം 2 (ഇ)-യിൽ, "അങ്ങനെയുള്ള ട്രസ്റ്റികൾ" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള എല്ലാ ട്രസ്റ്റികളും" എന്നീ വാക്കുകൾ ചേർക്കുക.

157. ഖണ്ഡം 2 (എഫ്)-ൽ, "ചെയർപേഴ്സൺ" എന്ന വാക്കിന് പകരം "ചെയർപേഴ്സൺ/ ചെയർമാൻ" എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 2 (ജി) ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 (എ)-ക്ക് ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ (ബി) പുനഃക്രമീകരിക്കുക :-

"(ബി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ വകുപ്പ് 3 അനുസരിച്ച് നിയമിക്കപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നു".

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

142.ഖണ്ഡം 2 (ബി)-യിൽ, "ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നീ വാക്കുകൾക്ക് പകരം "ഗുരുവായൂർ ദേവസ്വം" എന്നീ വാക്കുകൾ ചേർക്കുക.

143. ഖണ്ഡം 2 (ബി)-യിൽ, "കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നതിനു പകരം "കൂടൽ മാണിക്യം ദേവസ്വം"എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

144. ഖണ്ഡം 2 (ബി)-യിൽ,. "കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നീ വാക്കുകൾക്കുശേഷം "അല്ലെങ്കിൽ ദേവസ്വം കൈകാര്യം ചെയ്യുന്നതിന് പുതിയതായി രൂപീകരിക്കുന്ന മറ്റ് ബോർഡുകൾ"എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

151. ഖണ്ഡം 2 (ഡി)-യിൽ, "വിഭാഗത്തിൽപ്പെടുന്ന ആൾ" എന്നീ വാക്കുകൾക്ക് പകരം "വിഭാഗം"എന്ന വാക്ക് ചേർക്കുക.

144-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 2 (ബി)-യിൽ, "കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നീ വാക്കുകൾക്കുശേഷം പുതിയതായി ഏതെങ്കിലും ദേവസ്വം രൂപീകരിക്കുകയാണെങ്കിൽ അതുംകൂടി ഇതിനകത്ത് വരാൻ വേണ്ടി "അല്ലെങ്കിൽ ദേവസ്വം കൈകാര്യം ചെയ്യുന്നതിന് പുതിയതായി രൂപീകരിക്കുന്ന മറ്റ് ബോർഡുകൾ"എന്നീ വാക്കുകൾ ചേർക്കണമെന്നാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

146. ഖണ്ഡം 2 (ബി) താഴെപ്പറയും പ്രകാരം മാറ്റുക :-

" (ബി) "ദേവസ്വം ബോർഡ്" എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി, കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു".

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

148. ഖണ്ഡം 2 (ബി) -ക്ക് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക :-

" (സി) " ഗസറ്റ്" എന്നാൽ കേരള സർക്കാരിന്റെ ഗസറ്റ് എന്നർത്ഥമാകുന്നു."

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

150. ഖണ്ഡം 2 (ഡി)-യിൽ, "ഹിന്ദുവിഭാഗത്തിൽപ്പെടുന്ന" എന്ന വാക്കിനു ശേഷം "ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്ന"എന്നീ വാക്കുകൾ ചേർക്കുക.

162. ഖണ്ഡം 2 (ജി)യ്ക്ക് ശേഷം താഴെ പറയുന്ന പുതിയ ഉപഖണ്ഡങ്ങൾ ചേർക്കുക.

"(എച്ച്) "പട്ടികജാതി" "പട്ടികവർഗ്ഗം" എന്നീ പ്രയോഗങ്ങൾക്ക് അവയ്ക്ക് യഥാക്രമം ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ് ".

"(ഐ) "ഹിന്ദു" എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള വ്യക്തിയോ മതപരമായി ഹിന്ദുമതത്തിലോ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാളോ എന്നർത്ഥമാകുന്നു".

LIBRARY ARCHIVES Kerala Legislative Assembly

162-ാം നമ്പർ ഭേദഗതിയിൽ "(എച്ച്) "പട്ടികജാതി" "പട്ടികവർഗ്ഗം" എന്നീ പ്രയോഗങ്ങൾക്ക് യഥാക്രമം ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്". എല്ലാ ആക്ടിലും എസ്.സി./എസ്.റ്റി. എന്നുപറഞ്ഞാൽ പ്രത്യേകമായി ഡിഫൈൻ ചെയ്യുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗം എന്ന പ്രയോഗങ്ങൾക്ക് ഡെഫനിഷനിൽ ഡിഫൈൻ ചെയ്യാത്തതുകൊണ്ട് ഇന്ത്യൻ ഭരണഘടന നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു.

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2 (ഡി)താഴെപ്പറയും പ്രകാരം മാറ്റുക :-

"(ഡി) "പട്ടികഗോത്രവർഗ്ഗക്കാർ" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്."

154. ഖണ്ഡം 2 (ഇ)-യിൽ, "എന്നാൽ ഈ ആക്ടിൻകീഴിൽ ഉണ്ടാകുന്ന ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തസ്തികകൾ"എന്നീ വാക്കുകൾക്ക് പകരം "എന്നാൽ ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ആക്ട് ആന്റ് റൂൾസ് 1950 പ്രകാരം വിവക്ഷിച്ചിട്ടുള്ള തസ്തികകൾ " എന്നീ വാക്കുകൾ ചേർക്കുക.

"പട്ടികഗോത്രവർഗ്ഗക്കാർ" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കേണ്ടതാണ്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം എന്ത് തടസ്സമുണ്ടെങ്കിലും നമുക്ക് അത് മാറ്റാൻ പറ്റില്ല.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2 (എഫ്)-ന് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക :-

"(ജി) റഗുലേഷൻ എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ റഗുലേഷൻ എന്ന് അർത്ഥമാകുന്നു."

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2 (ജി)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക :-

"(എച്ച്) "സെലക്ട് ലിസ്റ്റ്" എന്നാൽ വകുപ്പ് 9 (1) അനുസരിച്ചുള്ള സെലക്ട് ലിസ്റ്റ് എന്ന് അർത്ഥമാകുന്നു".

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബാക്കിയുള്ള ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :സർ, ഒരു ഔദ്യോഗിക ഭേദഗതിയുണ്ട്. 2-ാം ഖണ്ഡത്തിൽ,-

(i) (ഡി) ഉപഖണ്ഡത്തിൽ "ഹിന്ദു ഗോത്രവർഗ്ഗം" എന്ന വാക്കുകൾക്കു പകരം "ഹിന്ദു പട്ടിക ഗോത്രവർഗ്ഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഉപഖണ്ഡത്തിൽ "ചട്ടങ്ങളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 136-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 137, 145, 156, 157, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 142, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 144, 151 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 150, 162 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശശി അവതരിപ്പിച്ച 153, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി

മൂന്നാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

163. ഖണ്ഡം 3 (1)-ൽ, "അധികാരങ്ങൾ വിനിയോഗിക്കുന്നതിനും" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

164. ഖണ്ഡം 3 (1)-ൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്" എന്നീ വാക്കുകൾക്കുപകരം "കേരള സംസ്ഥാന ദേവസ്വം നിയമന ബോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 3 (1)-ൽ, "ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കുപകരം "ബോർഡ് രൂപീകരിക്കേണ്ടതും രണ്ട് വർഷക്കാലം ഉള്ള നിയമനങ്ങളുടെ ഉത്തരവാദിത്വം സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

170. ഖണ്ഡം 3 (2)-ൽ, "ചെയ്യേണ്ടതുമാകുന്നു" എന്ന വാക്കിനുപകരം "ചെയ്യേണ്ടതും നിയമനങ്ങളിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ തുടർന്ന് വരുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

171. ഖണ്ഡം 3 (3)-ൽ, "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്ക് പകരം " മുഖ്യമന്ത്രിയും, പ്രതിപക്ഷ നേതാവും ദേവസ്വം വകുപ്പുമന്ത്രിയും അടങ്ങുന്ന പാനൽ തീരുമാനിക്കപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക.

188. ഖണ്ഡം 3 (3)-ൽ, "ആയ ഒരാൾ ചെയർപേഴ്സൺ" എന്നീ വാക്കുകൾക്ക് പകരം " ആയ ഒരംഗം ചെയർപേഴ്സണോ/ചെയർമാനോ ആയിരിക്കേണ്ടതും ഒന്നിടവിട്ട വനിതാ അംഗത്തിന് ചെയർപേഴ്സൺ പദവി നല്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

192. ഖണ്ഡം 3 (3)-ൽ, "ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ ഉള്ള" എന്നീ വാക്കുകൾക്ക് പകരം "ഒരാൾ പിന്നോക്ക ജാതിയിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിൽ ഉള്ള" എന്നീ വാക്കുകൾ ചേർക്കുക.

196. ഖണ്ഡം 3 (4)-ൽ, "അഡീഷണൽ സെക്രട്ടറിയുടെ" എന്ന വാക്കിന് പകരം "സെക്രട്ടറിയുടെ" എന്ന വാക്ക് ചേർക്കുക.

208. ഖണ്ഡം 3 (5) താഴെപ്പറയും പ്രകാരം മാറ്റുക :

" (5) :- ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതും സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളുടെയും ആസ്ഥാനങ്ങളിൽ റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കേണ്ടതുമാണ്".

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

165. ഖണ്ഡം 3 (1)-ൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്" എന്നീ വാക്കുകൾക്ക് പകരം "കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്നതിനേക്കാൾ കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് എന്നാക്കുന്നതാണ് ഏറ്റവും നല്ലത്. നിയമനിർമ്മാണത്തിന്റെ അർത്ഥം പ്രതിഫലിപ്പിക്കുന്ന രീതിയിൽ ഇതിന്റെ പേര് മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

166. ഖണ്ഡം 3 (1)-ൽ, "ദേവസ്വം" എന്ന വാക്കിനു ശേഷം "സർവ്വീസ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

168. ഖണ്ഡം 3 (1)-ൽ, "രൂപീകരിക്കേണ്ടതാണ്" എന്ന വാക്കിനുപകരം "രൂപീകരിച്ച് പ്രവർത്തനമാരംഭിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

174. ഖണ്ഡം 3 (3)-ൽ, "നാമനിർദ്ദേശം ചെയ്യുന്ന," എന്നീ വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

203. ഖണ്ഡം 3 (4)-ൽ, "പദവിയിൽ " എന്ന വാക്കിന് പകരം "പദവിയിലോ തത്തുല്യപദവിയിലോ " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

169. ഖണ്ഡം 3 (2)-ൽ, "ഏകാംഗീകൃത നികായം" എന്ന വാക്കിനുപകരം "നിയമാനുസൃതം അംഗീകരിക്കപ്പെട്ട നിയമനാധികാര സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

177. ഖണ്ഡം 3 (3)- ൽ, "ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ" എന്നീ വാക്കുകൾ ഒഴിവാക്കുക.

187. ഖണ്ഡം 3 (3) - ൽ, " വഹിച്ചിരുന്നതോ" - എന്ന വാക്ക് ഒഴിവാക്കുക.

197. ഖണ്ഡം 3 (4)-ൽ, "അധീഷണൽ" എന്ന വാക്കിനു പകരം "ജോയിന്റ്" എന്ന വാക്ക് ചേർക്കുക.

169-ൽ ഖണ്ഡം 3 (2)-ൽ ഏകാംഗീകൃത നികായം എന്ന വാക്ക് മനസ്സിലാകാത്ത വാക്കാണ്. അതിനുപകരം നിയമാനുസൃതം അംഗീകരിക്കപ്പെട്ട നിയമനാധികാര സ്ഥാപനം എന്നാക്കുന്നതാണ് നല്ലതെന്ന് തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

172. ഖണ്ഡം 3 (3)-ൽ, "ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ" എന്നീ വാക്കുകൾക്ക് പകരം "ഹിന്ദുമതത്തിൽപ്പെട്ട" എന്ന വാക്ക് ചേർക്കുക.

184. ഖണ്ഡം 3 (3)ൽ, "ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റ് അംഗങ്ങളിൽ ഒരാൾ വനിതയും" എന്നീ വാക്കുകൾക്കുപകരം "അവരിൽ ഒരാൾ ചെയർ പേഴ്സൺ ആയിരിക്കേണ്ടതും ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവരിൽ രണ്ടുപേർ വനിതകളും" എന്നീ വാക്കുകൾ ചേർക്കുക.

172-ൽ ഖണ്ഡം 3 (3)-ൽ, ഹിന്ദുമതത്തിൽപ്പെട്ട ആളായാൽ മതി. ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവർ എന്ന് പറയുമ്പോൾ ഇത് ആരാണ് തീരുമാനിക്കുക. ദൈവ വിശ്വാസിയാണോ ക്ഷേത്രാരാധനയുണ്ടോ എന്ന് ചോദിക്കുന്നതിൽ എന്താണ് ക്രൈറ്റീരിയ ? അത് utter confusion- ആണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഹിന്ദുവാണ്. ഹിന്ദു അല്ലായെന്ന് ആരും പറയില്ല. ഹിന്ദുമതത്തിലും നിരീശ്വരവാദികളുണ്ട്, അല്ലാത്തവരുമുണ്ട്. അതുകൊണ്ട് ഹിന്ദുമതത്തിൽപ്പെട്ട എന്നുപറഞ്ഞാൽ മതി.

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

175. ഖണ്ഡം 3 (3)-ൽ, "ഹിന്ദുമതത്തിൽപ്പെട്ടതും" എന്ന വാക്കിനുപകരം "ഹിന്ദുമതത്തിൽപ്പെട്ട" എന്ന വാക്കുചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

178. ഖണ്ഡം 3 (3)- ൽ, "ആറ്" എന്ന വാക്കിനുപകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

191. ഖണ്ഡം 3 (3)-ൽ, " ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ" എന്നീ വാക്കുകൾക്ക് പകരം "ഒരാൾ പട്ടികജാതിയിലും ഒരാൾ പട്ടികവർഗ്ഗത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

181. ഖണ്ഡം 3 (3)ൽ,

(i) "ആറ്" എന്ന വാക്കിനുപകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

(ii) "പട്ടിക ജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ഒരാൾ പട്ടികജാതിയിൽ നിന്നും ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിൽ നിന്നും ആയിരിക്കേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

185. ഖണ്ഡം 3 (3)-ൽ, "വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ" എന്നീ വാക്കുകൾക്കുപകരം "വഹിച്ചിരുന്ന" എന്ന വാക്ക് ചേർക്കുക.

193.ഖണ്ഡം 3 (3)-ൽ, "ഉള്ള" എന്ന വാക്കിന് പകരം "ഉൾപ്പെട്ട" എന്ന വാക്ക് ചേർക്കുക.

194.ഖണ്ഡം 3 (3)-നു ശേഷം താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, ബോർഡിലെ അംഗങ്ങളുടെ പരമാവധി പ്രായപരിധി 65 വയസ്സിൽ കവിയാൻ പാടില്ലാത്തതാകുന്നു."

205. ഖണ്ഡം 3 (4)-ന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, ബോർഡിലെ ചെയർപേഴ്സണും മറ്റ് അംഗങ്ങളും സെക്രട്ടറിയും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലുമുള്ള അവരുടെ വിശ്വാസം സംബന്ധിച്ച് ഒരു സത്യപ്രസ്താവന നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിനുമുൻപാകെ സമർപ്പിക്കേണ്ടതാണ്."

193-ലെ ഖണ്ഡം 3 (3)-ൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ് എന്ന പ്രയോഗം ശരിയല്ല. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ട ആൾ ആയിരിക്കേണ്ടതുമാണ് എന്ന് ചേർക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

186. ഖണ്ഡം 3 (3)-ൽ, "സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ" എന്നീ വാക്കുകൾക്കുപകരം "സ്ഥാനം വഹിക്കുന്ന ഒരാൾ" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

200. ഖണ്ഡം 3 (4)-ൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ" എന്നീ വാക്കുകൾക്ക് പകരം "അഡീഷണൽ സെക്രട്ടറിയുടെയോ ഇതര വകുപ്പുകളിലെ തത്തുല്യപദവിയിലോ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

189. ഖണ്ഡം 3 (3)-ൽ, " ഒരാൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ടതും" എന്നീ വാക്കുകൾ "ഒരാൾ വനിതയും" എന്നീ വാക്കുകൾക്കു മുൻപായി ചേർക്കുക.

195.ഖണ്ഡം 3 (4)-ൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക് മുമ്പായി, "ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നതുമായ" എന്നീ വാക്കുകൾ ചേർക്കുക.

201. ഖണ്ഡം 3 (4)ൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക് പകരം "ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയോ സമാന തസ്തികകളിലുള്ള സർക്കാരിന്റെ ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥന്റെയോ/ ഉദ്യോഗസ്ഥയുടെയോ " എന്നീ വാക്കുകൾ ചേർക്കുക.

207. ഖണ്ഡം 3 (5)ൽ, "ആയിരിക്കുന്നതാണ്" എന്ന വാക്കിനുപകരം "ആയിരിക്കും" എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 3(4)ൽ, "അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "ഏല്പിക്കുന്ന ഉത്തരവാദിത്ത്വങ്ങൾ നിറവേറ്റേണ്ടതും മറ്റു" എന്നീ വാക്കുകൾ ചേർക്കുക.

ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്ന ഒരാളെ ബോർഡിന്റെ സെക്രട്ടറിയായി സർക്കാരിന് നിയമിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ അധികാരം പറയുന്നിടത്ത്, അദ്ദേഹത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കണം. ബോർഡിന്റെ 'അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും' എന്നിടത്ത് 'ഏല്പിക്കുന്ന ഉത്തരവാദിത്ത്വങ്ങൾ നിറവേറ്റേണ്ടതും മറ്റു' എന്നുകൂടി ചേർക്കണം. കാരണം അധികാരങ്ങൾ മാത്രമല്ല ഒരു ഉത്തരവാദിത്തം കിട്ടിയാൽ അത് നിർവ്വഹിക്കാൻകൂടി അദ്ദേഹം തയ്യാറാകുന്ന വിധത്തിൽ ഒരു ഭേദഗതി വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

206. ഖണ്ഡം 3 (5)-ൽ, "തിരുവനന്തപുരം" എന്ന വാക്കിനുപകരം "കോഴിക്കോട്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബാക്കിയുള്ള ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇതിൽ ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ എന്റെ 172-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ 191-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ ....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ബാബു എം. പാലിശ്ശേരി
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. വി. ചെന്താമരാക്ഷൻ
6. ശ്രീ. കെ. ദാസൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. സി. ദിവാകരൻ

8. ശ്രീമതി ഗീതാ ഗോപി

9. ശ്രീ. പി. കെ. ഗുരുദാസൻ

10. ശ്രീ. ജെയിംസ് മാത്യു

11. ശ്രീ. ജി. എസ്. ജയലാൽ

12. ശ്രീ. സി. കൃഷ്ണൻ

13. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

14. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

15. ശ്രീമതി കെ. കെ. ലതിക

16. ശ്രീ. മാത്യു റ്റി. തോമസ്

17. ശ്രീ. എ. പ്രദീപ്കുമാർ

18. ശ്രീ. കെ. രാധാകൃഷ്ണൻ

19. ശ്രീ. ആർ. രാജേഷ്

20. ശ്രീ. റ്റി. വി. രാജേഷ്

21. ശ്രീ. രാജു എബ്രഹാം

22. ശ്രീ. സാജു പോൾ

23. ശ്രീമതി കെ. എസ്. സലീഖ

24. ശ്രീ. വി. ശശി

25. ശ്രീ. ബി. സത്യൻ

26. ശ്രീ. വി. ശിവൻകുട്ടി

27. ശ്രീ. വി. എസ്. സുനിൽ കുമാർ

28. ശ്രീ. ഇ. കെ. വിജയൻ

29. ശ്രീ. കെ. വി. വിജയദാസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ :

1. ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. എ. റ്റി. ജോർജ്
19. ശ്രീ. പി.സി. ജോർജ്
20. ശ്രീ. ഹൈബി ഈഡൻ
21. ശ്രീമതി പി. കെ. ജയലക്ഷ്മി
22. ഡോ. എൻ. ജയരാജ്

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. ജോസഫ് വാഴക്കൻ
24. ശ്രീ. വർക്കല കഹാർ
25. ശ്രീ. കെ.എൻ.എ. ഖാദർ
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. റ്റി. യു. കുരുവിള
28. ശ്രീ. ലൂഡി ലൂയിസ്
29. ശ്രീ. പി. എ. മാധവൻ
30. ശ്രീ. സി. മമ്മൂട്ടി
31. ശ്രീ. കെ. എം. മാണി
32. ശ്രീ. സി. പി. മുഹമ്മദ്
33. ശ്രീ. കെ. പി. മോഹനൻ
34. ശ്രീ. മോൻസ് ജോസഫ്
35. ശ്രീ. ആര്യാടൻ മുഹമ്മദ്
36. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
37. ശ്രീ. കെ. മുരളീധരൻ
38. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
39. ശ്രീ. റ്റി. എൻ. പ്രതാപൻ
40. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
41. ശ്രീ. രമേശ് ചെന്നിത്തല
42. ശ്രീ. പാലോട് രവി
43. ശ്രീ. റോഷി അഗസ്റ്റിൻ
44. ശ്രീ. കെ. എസ്. ശബരീനാഥൻ
45. ശ്രീ. വി. പി. സജീന്ദ്രൻ

46. ശ്രീ. വി.ഡി. സതീശൻ
47. ശ്രീ. ആർ. സെൽവരാജ്
48. ശ്രീ. ഷാഫി പറമ്പിൽ
49. ശ്രീ. കെ. എം. ഷാജി
50. ശ്രീ. എൻ. ഷംസുദ്ദീൻ
51. ശ്രീ. ഷിബു ബേബി ജോൺ
52. ശ്രീ. കെ. ശിവദാസൻ നായർ
53. ശ്രീ. വി. എസ്. ശിവകുമാർ
54. ശ്രീ. സണ്ണി ജോസഫ്
55. ശ്രീ. സി. എഫ്. തോമസ്
56. ശ്രീ. തോമസ് ഉണ്ണിയാടൻ
57. ശ്രീ. പി. ഉബൈദുള്ള
58. ശ്രീ. എം. ഉമ്മർ
59. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
60. ശ്രീ. എം. എ. വാഹീദ്
61. ശ്രീ. എം. പി. വിൻസെന്റ്
62. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 29

പ്രതികൂലിക്കുന്നവർ - 62

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദതിയെ

അനുകൂലിക്കുന്നവർ... ....

പ്രതികൂലിക്കുന്നവർ . ...

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u> :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ബാബു എം. പാലിശ്ശേരി
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. വി. ചെന്താമരാക്ഷൻ
6. ശ്രീ. കെ. ദാസൻ
7. ശ്രീ. സി. ദിവാകരൻ
8. ശ്രീമതി ഗീതാ ഗോപി
9. ശ്രീ. പി. കെ. ഗുരുദാസൻ
10. ശ്രീ. ജെയിംസ് മാത്യു
11. ശ്രീ. ജി. എസ്. ജയലാൽ
12. ശ്രീ. സി. കൃഷ്ണൻ
13. ശ്രീ. കെ .കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
14. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
15. ശ്രീമതി കെ. കെ. ലതിക
16. ശ്രീ. മാത്യു റ്റി. തോമസ്
17. ശ്രീ. എ. പ്രദീപ്കുമാർ
18. ശ്രീ. കെ. രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ആർ. രാജേഷ്
20. ശ്രീ. റ്റി. വി. രാജേഷ്
21. ശ്രീ. രാജു എബ്രഹാം
22. ശ്രീ. സാജു പോൾ
23. ശ്രീമതി കെ. എസ്. സലീഖ
24. ശ്രീ. വി. ശശി
25. ശ്രീ. ബി. സത്യൻ
26. ശ്രീ. വി. ശിവൻകുട്ടി
27. ശ്രീ. വി. എസ്. സുനിൽ കുമാർ
28. ശ്രീ. ഇ. കെ. വിജയൻ
29. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി.ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. കെ. ബാബു

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. വി. റ്റി. ബൽറാം

15. ശ്രീ. ബെന്നി ബെഹനാൻ

16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

18. ശ്രീ. എ. റ്റി. ജോർജ്

19. ശ്രീ. പി.സി. ജോർജ്

20. ശ്രീ. ഹൈബി ഈഡൻ

21. ശ്രീമതി പി. കെ. ജയലക്ഷ്മി

22. ഡോ. എൻ. ജയരാജ്

23. ശ്രീ. ജോസഫ് വാഴക്കൻ

24. ശ്രീ. വർക്കല കഹാർ

25. ശ്രീ. കെ.എൻ.എ. ഖാദർ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. റ്റി. യു. കുരുവിള

28. ശ്രീ. ലൂഡി ലൂയിസ്

29. ശ്രീ. പി. എ. മാധവൻ

30. ശ്രീ. സി. മമ്മൂട്ടി

31. ശ്രീ. കെ. എം. മാണി

32. ശ്രീ. സി. പി. മുഹമ്മദ്

33. ശ്രീ. കെ. പി. മോഹനൻ

34. ശ്രീ. മോൻസ് ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. ആര്യാടൻ മുഹമ്മദ്
36. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
37. ശ്രീ. കെ. മുരളീധരൻ
38. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
39. ശ്രീ. റ്റി.എൻ. പ്രതാപൻ
40. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
41. ശ്രീ. രമേശ് ചെന്നിത്തല
42. ശ്രീ. പാലോട് രവി
43. ശ്രീ. റോഷി അഗസ്റ്റിൻ
44. ശ്രീ. കെ. എസ്. ശബരീനാഥൻ
45. ശ്രീ. വി. പി. സജീന്ദ്രൻ
46. ശ്രീ. വി.ഡി. സതീശൻ
47. ശ്രീ. ആർ. സെൽവരാജ്
48. ശ്രീ. ഷാഫി പറമ്പിൽ
49. ശ്രീ. കെ. എം. ഷാജി
50. ശ്രീ. എൻ. ഷംസുദ്ദീൻ
51. ശ്രീ. ഷിബു ബേബി ജോൺ
52. ശ്രീ. കെ. ശിവദാസൻ നായർ
53. ശ്രീ. വി. എസ്. ശിവകുമാർ
54. ശ്രീ. സണ്ണി ജോസഫ്
55. ശ്രീ. സി. എഫ്. തോമസ്
56. ശ്രീ. തോമസ് ഉണ്ണിയാടൻ
57. ശ്രീ. പി. ഉബൈദുള്ള

LIBRARY ARCHIVES Kerala Legislative Assembly

58. ശ്രീ. എം. ഉമ്മർ

59. ശ്രീ. വി: എം. ഉമ്മർ മാസ്റ്റർ

60. ശ്രീ. എം. എ. വാഹീദ്

61. ശ്രീ. എം. പി. വിൻസെന്റ്

62. ശ്രീ. പി. സി. വിഷ്ണനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദതിയെ

അനുകൂലിക്കുന്നവർ - 29

പ്രതികൂലിക്കുന്നവർ - 62

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 164, 167, 170, 171, 188, 192, 196, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 168, 174, 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 169, 177, 187, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 172, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശശി അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 178, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 185, 193, 194, 205 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 186, 200 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 189, 195, 201, 207 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

209. ഖണ്ഡം 4-ൽ, "അംഗമാകുന്നതിന്" എന്ന വാക്കിന് പകരം "അംഗമായ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

210. ഖണ്ഡം 4 (i)-ൽ, "ബുദ്ധിസ്ഥിരതയില്ലാത്ത ആളോ" എന്ന വാക്കിന് ശേഷം "അധികാരമുള്ള കോടതി അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുമ്പോഴോ ;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

212. ഖണ്ഡം 4 (iii)-ൽ, "തദ്ദേശാധികാരസ്ഥാനത്തിന്റെയോ" എന്ന വാക്കിന് പകരം "തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയോ" എന്ന വാക്ക് ചേർക്കുക.

228. ഖണ്ഡം 4 (vi)-ൽ, "അംഗമായിട്ടുള്ള' എന്ന വാക്കിനു മുൻപ് "നിലവിൽ" എന്ന വാക്ക് ചേർക്കുക.

212-ൽ "തദ്ദേശാധികാരസ്ഥാനത്തിന്റെയോ" എന്നുള്ളതല്ല ശരി "തദ്ദേശ സ്വയംഭരണ സ്ഥാപനം" എന്നുള്ളതാണ് ശരി. തദ്ദേശാധികാരസ്ഥാനം എന്ന ഒരു സ്ഥാപനം ഇല്ല. തദ്ദേശസ്വയംഭരണ സ്ഥാപനമാണ്.

228-ൽ പാർലമെന്റിലോ ഏതെങ്കിലും സംസ്ഥാന നിയമസഭയിലോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ 'നിലവിൽ അംഗമായിട്ടുള്ള ആളോ' എന്നതാണ്. 'എക്സ്' ആണെങ്കിൽ പ്രശ്നമില്ല. ' നിലവിൽ അംഗമായിട്ടുള്ള ആളോ' എന്നുള്ളത് ബുദ്ധിമുട്ടാണ്.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

211. ഖണ്ഡം 4 (iii)-ൽ, "ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഒരു ഔദ്യോഗിക സ്ഥാനം വഹിക്കുന്നയാളോ" എന്നീ വാക്കുകൾക്ക് പകരം " ഒരു തദ്ദേശാധികാര സ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഒരു ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നതോ, വഹിക്കുന്നതോ ആയ ആളോ" എന്നീ വാക്കുകൾ ചേർക്കുക.

217. ഖണ്ഡം 4 (iv)-ൽ, " ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ" എന്നീ വാക്കുകൾക്ക് ശേഷം "ബോർഡുമായി മറ്റേതൊരു വിധത്തിലും ബന്ധപ്പെട്ടിട്ടുള്ള ആളോ" എന്നീ വാക്കുകൾ ചേർക്കുക.

220. ഖണ്ഡം 4 (v)-ൽ, "സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന" എന്നീ വാക്കുകൾക്ക് പകരം "സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

230. ഖണ്ഡം 4 (viii)-ൽ, "മദ്യത്തിന്റെ ഉൽപാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ" എന്നീ വാക്കുകൾക്ക് പകരം "മദ്യത്തിന്റെ ഉത്പാദനം, വിപണനം എന്നിവയുൾപ്പെടെയുള്ള മറ്റേതൊരു വ്യാപാരത്തിലോ ഏർപ്പെട്ടിരിക്കുന്നതോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 4 (iii)-ൽ, "ഒരു ദേവസ്വം ബോർഡിന്റെയോ" എന്നീ വാക്കുകൾക്ക് ശേഷം "ഇതിനു സമാനമായ ഏതെങ്കിലും റിക്രൂട്ടിംഗ് ബോർഡിലോ" എന്ന് ചേർക്കുക.

222. ഖണ്ഡം 4(v)-ൽ," കുറ്റത്തിന് " "ഒരു" എന്നീ വാക്കുകൾക്കിടയിൽ "ക്രിമിനൽ കോടതിയിൽ ഏതെങ്കിലും കേസിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളതോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 4 (iii)-ൽ, " സ്ഥാനം വഹിക്കുന്നയാളോ" എന്നീ വാക്കുകൾക്കു ശേഷം "ദേവസ്വം സർവ്വീസിലെ "എന്നീ വാക്കുകൾ ചേർക്കുക.

ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഔദ്യോഗികസ്ഥാനം വഹിക്കുന്നയാളോ ഒരു ജീവനക്കാരനോ എന്നാണ് ഇതിൽപ്പറയുന്നത്. അതിൽ ഒരു 'ഔദ്യോഗികസ്ഥാനം വഹിക്കുന്നയാളോ' എന്ന് കഴിഞ്ഞിട്ട് 'ദേവസ്വം സർവ്വീസിലെ ഒരു ജീവനക്കാരനോ' എന്നുകൂടി ചേർക്കണം എന്നാണ് എന്റെ ഭേദഗതി.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

218. ഖണ്ഡം 4 (iv)-ൽ, " ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ" എന്നതിനു ശേഷം "ഇതിനുമുമ്പ് ബോർഡിൽ അംഗമായിരുന്ന ആളോ" എന്നീ വാക്കുകൾ ചേർക്കുക.

223. ഖണ്ഡം 4 (v)-ന് ശേഷം ഇനം (vi) ആയി താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക :-

"(vi)ഓപ്പറേഷൻ കബേരയിലോ, സ്ത്രീപീഡനങ്ങളിലോ മറ്റ് മാഫിയ പ്രവർത്തനങ്ങളിലോ ഉൾപ്പെട്ട ഏതെങ്കിലും കുറ്റത്തിന് സംസ്ഥാനത്തെ വിവിധ ജില്ലാ, സെഷൻസ് കോടതികളാൽ ശിക്ഷിക്കപ്പെട്ട ആളോ ;"

LIBRARY ARCHIVES Kerala Legislative Assembly

231. ഖണ്ഡം 4 (viii)-ൽ, "വിപണനത്തിലോ" എന്ന വാക്കിനുശേഷം "ഉപയോഗത്തിലോ" എന്ന വാക്ക് ചേർക്കുക.

223-ൽ ഖണ്ഡം 4 (v)-ന് ശേഷം അതിന്റെ ശിക്ഷ ആർക്കൊക്കെയാണെന്ന് ഡെഫനിഷൻ ഉണ്ടാകുന്നത് നന്നായിരിക്കും. 'ഓപ്പറേഷൻ കുബേരയിലോ സ്ത്രീപീഡനങ്ങളിലോ മറ്റ് മാഫിയ പ്രവർത്തനങ്ങളിലോ ഉൾപ്പെട്ട ഏതെങ്കിലും കുറ്റത്തിന് സംസ്ഥാനത്തെ വിവിധ ജില്ല സെഷൻസ് കോടതികളിൽ ശിക്ഷിക്കപ്പെട്ട ആളോ' എന്നുകൂടി ചേർക്കണം എന്നാണ്.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

219. ഖണ്ഡം 4 (iv) താഴെപ്പറയും പ്രകാരം മാറ്റുക :-

" (iv) ബോർഡ് ഉൾപ്പെട്ടിട്ടുള്ളതും നിലവിലുള്ളതുമായ ഏതെങ്കിലും കരാറിൽ താത്പര്യമുള്ളതോ, ഉൾപ്പെട്ടിട്ടുള്ളതോ ബോർഡിനുവേണ്ടി ഏതെങ്കിലും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ ;"

235. ഖണ്ഡം 4 (viii)-നുശേഷം താഴെപറയുന്ന ഇനം ചേർക്കുക :-

"(ix) ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൽ ശിക്ഷ ലഭിക്കുകയോ അന്വേഷണ വിധേയനാകുകയോ ചെയ്തിട്ടുള്ള ആളോ"

236. ഖണ്ഡം4-ൽ ഇനം (ix) ആയി താഴെപ്പറയുന്നത് ചേർക്കുക:-

"(ix) സ്വയം ദൈവവിശ്വാസി അല്ലായെന്ന് d പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ആളോ,"

235-ൽദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൽ ശിക്ഷ ലഭിക്കുകയോ അന്വേഷണവിധേയനായിട്ടുള്ള ഒരാളോ ഉണ്ടെങ്കിൽ അയാൾ അർഹനല്ല എന്നുള്ളതാണ്. രണ്ടാമത്, ദൈവ വിശ്വാസിയല്ലായെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഒരാളെ ഈ റിക്രൂട്ട്മെന്റ് ബോർഡിലേക്ക് നോമിനേറ്റ് ചെയ്യുന്നതും ഭേദഗതി ചെയ്യണം എന്നുള്ളതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

221. ഖണ്ഡം 4 (v) -ൽ ,

(i)"സാന്മാർഗ്ഗിക ദൂഷ്യം "എന്നീ വാക്കുകൾക്ക് പകരം "അസാന്മാർഗ്ഗികത " എന്ന വാക്ക് ചേർക്കുക.

(ii) " കുറ്റത്തിന്"എന്ന വാക്കിനുപകരം "കുറ്റത്തിനോ മറ്റേതെങ്കിലും ക്രിമിനൽ കുറ്റകൃത്യങ്ങൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

233. ഖണ്ഡം 4 (viii)-ൽ, "ഏർപ്പെട്ടിട്ടുള്ളതോ" എന്ന വാക്കിന് പകരം "മദ്യപാനിയോ" എന്ന വാക്ക് ചേർക്കുക.

234. ഖണ്ഡം 4 (viii)-നു ശേഷം വരുന്ന "ആണെങ്കിൽ അയോഗ്യനാക്കപ്പെടുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "ആണെങ്കിൽ അയോഗ്യനാണ്" എന്നീ വാക്കുകൾ ചേർക്കുക.

233-ൽ അംഗത്വത്തിനുള്ള യോഗ്യതകൾ പറയുന്ന കൂട്ടത്തിൽ മദ്യത്തിന്റെ ഉല്പാദനത്തിലോ വിപണനത്തിലോ 'ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ' ആയ ആൾ എന്നുപറയുന്നുണ്ട്; പക്ഷെ, മദ്യപാനിക്ക് ഒരു തടസ്സവുമില്ല. അതുകൊണ്ട് 'മദ്യപാനിയോ' എന്നുകൂടി അതിനകത്ത് ചേർക്കണം; ഉണ്ടാക്കാനും വില്ക്കാനും പാടില്ലായെന്നുമാത്രം.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

224. ഖണ്ഡം 4 (vi) ഒഴിവാക്കുക.

ഞാൻ നേരത്തെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കേസാണ്. അയോഗ്യതയുള്ള ആളുകളുടെ കൂട്ടത്തിൽ എം.പി.-യേയും എം.എൽ.എ.-യേയുമൊക്കെ വച്ചിരിക്കുകയാണ്. ഇവരാരും ഇതൊന്നും ആകാൻ പോകുന്നില്ല. ഏതെങ്കിലും എം.പി.-യോ എം.എൽ.എ.-യോ ഏതെങ്കിലും കാലത്ത് ഇതിനകത്ത് മെമ്പർ ആകുമ്പോൾ അതിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തി അപമാനിക്കാതെ നീക്കം ചെയ്യണം.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

229. ഖണ്ഡം 4 (viii) ഒഴിവാക്കുക.

<u>മി. സ്പീക്കർ</u> : മറ്റുഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇതിൽ ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>) : സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ്ചെയ്യുന്നുണ്ടോ ?

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 210, 212, 228 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 211, 217, 220, 230 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 214, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 218, 223, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 219, 235, 236 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 221, 233, 234 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ................

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5.00 PM]

അഞ്ചാം വകുപ്പ്

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

239. ഖണ്ഡം 5 (1)-ൽ, "ചെയർപേഴ്സണും" എന്ന വാക്കിനു പകരം "ചെയർപേഴ്സണും" എന്ന വാക്ക് ചേർക്കുക.

'ചെയർപേഴ്സണും എന്ന വാക്കിനുപകരം ചെയർപേഴ്സണും എന്ന വാക്ക് ചേർക്കണം എന്നതാണ് എന്റെ ഭേദഗതി. ഭാഷാപരമായി അത് തെറ്റാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

240. ഖണ്ഡം 5 (1)-ൽ, "ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും" എന്നീ വാക്കുകൾക്കുപകരം "ചെയർമാൻ/ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും" എന്നും "അഞ്ച് വർഷക്കാലം" എന്നീ വാക്കുകൾക്കുപകരം "രണ്ട് വർഷക്കാലം" എന്നും "65 വയസ്സ് തികയുകയോ" എന്നീ വാക്കുകൾക്കു പകരം "ചെയർമാൻ/ചെയർപേഴ്സൺ എന്നിവർക്ക് 65 വയസ്സ് തികയുകയോ മറ്റ് അംഗങ്ങൾക്ക് 60 വയസ്സ് തികയുകയോ " എന്നീ വാക്കുകൾ ചേർക്കുക.

247. ഖണ്ഡം 5 (2)-ൽ, "ചെയർപേഴ്സണോ" എന്ന വാക്കിനുപകരം "ചെയർമാൻ/ ചെയർപേഴ്സണോ" എന്നത് ചേർക്കുക.

257. ഖണ്ഡം 5 (4)-ൽ, "ചെയർപേഴ്സണെയോ" എന്ന വാക്കിനുപകരം "ചെയർമാൻ/ ചെയർപേഴ്സണെയോ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

271. ഖണ്ഡം 5 (4)(എഫ്) -നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക :

"(ജി) ഓപ്പറേഷൻ കുബേരയിലോ, സ്ത്രീപീഡനങ്ങളിലോ, മറ്റ് മാഫിയ പ്രവർത്തനങ്ങളിലോ ഏർപ്പെടുകയോ, ബോർഡിന്റെ ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതായി പരാതി ഉണ്ടാകുകയോ പ്രകാരം ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി കണക്കാക്കപ്പെടുകയോ,"

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

277. ഖണ്ഡം 5 (6)-ൽ, "ചെയർമാനായോ അംഗമായോ" എന്നീ വാക്കുകൾക്ക് പകരം "ചെയർമാൻ /ചെയർപേഴ്സൺ ആയോ അംഗമോ " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

280. ഖണ്ഡം 5 (7)-ൽ, "ചെയർപേഴ്സണും അംഗങ്ങളും" എന്നീ വാക്കുകൾക്ക് പകരം "ചെയർപേഴ്സൺ/ചെയർമാനും അംഗങ്ങളും" എന്നും "ബത്തകൾക്കും" എന്ന വാക്കിനുപകരം "ബത്തകൾക്കും സർക്കാർ അനുമതിയോടു കൂടിമാത്രം" എന്നീ വാക്കുകൾ ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 5 (1)-ൽ, "അഞ്ച് വർഷക്കാലം" എന്നതിനുപകരം "മൂന്നു വർഷക്കാലം" എന്ന് ചേർക്കുക.

ദേവസ്വം ബോർഡുകളുടെ കാലാവധിയെക്കാൾ കൂടുതൽ സമയമാണ് യഥാർത്ഥത്തിൽ റിക്രൂട്ട്മെന്റ് ബോർഡുകൾക്ക് കൊടുത്തിരിക്കുന്നത്. അത് മൂന്നുവർഷമായി കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

245. ഖണ്ഡം 5 (1)-ൽ, "65" എന്നതിനുപകരം " 70" എന്നുചേർക്കുക.

279. ഖണ്ഡം 5 (6)-ൽ, "ഉണ്ടായിരിക്കുന്നതല്ല" എന്നതിനുപകരം "ഉണ്ടായിരിക്കുന്നതാണ്" എന്നുചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

246. ഖണ്ഡം 5 (1)-ൽ, "സംഭവിക്കുന്നത്" എന്ന വാക്കിനുപകരം "പൂർത്തിയാകുന്നത്" എന്ന വാക്ക് ചേർക്കുക.

250. ഖണ്ഡം 5 (3)- ൽ, "ഒരു താൽക്കാലിക" എന്നീ വാക്കുകൾക്കുപകരം "ആകസ്മികമായി ഉണ്ടാകുന്ന" എന്നീ വാക്കുകൾ ചേർക്കുക.

252. ഖണ്ഡം 5 (3)-ൽ, "ഉദ്യോഗകാലാവധി" എന്ന വാക്കിനുപകരം "ഔദ്യോഗിക കാലാവധി" എന്ന വാക്ക് ചേർക്കുക.

253. ഖണ്ഡം 5 (3)- ൽ, "ഉദ്യോഗം" എന്ന വാക്കിനുപകരം "ഔദ്യോഗിക സ്ഥാനം" എന്ന വാക്ക് ചേർക്കുക.

258. ഖണ്ഡം 5 (4)(ബി)-യിൽ, " സർക്കാരിന്റെ അഭിപ്രായത്തിൽ' എന്നീ വാക്കുകൾ ഒഴിവാക്കുക.

264. ഖണ്ഡം 5 (4) (ഇ) - യിൽ, " അനുമതി " എന്ന വാക്കിനുമുൻപ് "മുൻകൂർ" എന്ന വാക്ക് ചേർക്കുക.

266. ഖണ്ഡം 5 (4) (ഇ) - യിൽ, " പങ്കെടുക്കാതിരിക്കുകയോ " എന്ന വാക്കിന് പകരം " ഹാജരാകാതിരിക്കുകയും അപ്രകാരം ഹാജരാകാതിരിക്കുന്നതിന് ബോർഡിന് ബോധ്യമാകുംവിധം വിശദീകരണം നൽകാൻ അയാൾക്ക് കഴിയാതിരിക്കുമ്പോഴോ" എന്നീ വാക്കുകൾ ചേർക്കുക.

270. ഖണ്ഡം 5 (4)(എഫ്) -ന ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക :

"(ജി) അയാൾ ഹിന്ദുമത വിശ്വാസി അല്ലാതായിത്തീരുകയോ ക്ഷേത്രാരാധനയിൽ അദ്ദേഹത്തിന് വിശ്വാസം ഇല്ലാതായി തീരുകയോ ചെയ്യുമ്പോഴോ",

272. ഖണ്ഡം 5 (4)-ന്റെ നിലവിലെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക :

"എന്നിരുന്നാലും (4)-ാം ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരംഗത്തിന്, നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് അയാൾ കൈപ്പറ്റിയ തീയതിമുതൽ ഒരു മാസത്തിനകം ഉത്തരവ് അസ്ഥിരപ്പെടുത്തുന്നതിനു വേണ്ടി കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്."

273. ഖണ്ഡം 5 (5)-ൽ, "നികത്തേണ്ടതാണ്" എന്ന വാക്കിനു മുൻപ് "ആറുമാസത്തിനുള്ളിൽ " എന്ന വാക്ക് ചേർക്കുക.

274. ഖണ്ഡം 5 (6)-ൽ, "ചെയർമാനായോ " എന്ന വാക്കിനുപകരം "ചെയർപേഴ്സണായോ " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 5 (1)-ൽ, 65 വയസ്സ് തികയുകയോ 5 വർഷക്കാലം പൂത്തിയാകുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് സംഭവിക്കലല്ല, പൂർത്തിയാകലാണ്. 'ഇതിലേതാണ് ആദ്യം പൂർത്തിയാകുന്നത്' എന്നുപറഞ്ഞാൽ കൂടുതൽ നന്നായിരിക്കും എന്നതാണ് 246-ാം നമ്പർ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

248. ഖണ്ഡം 5 (2)-ൽ,

(i) "ഏതു സമയത്തും" എന്നീ വാക്കുകൾക്ക് പകരം "14 ദിവസം മുൻകൂട്ടിയുള്ള അറിയിപ്പ്" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

(ii) " രേഖാമൂലം" എന്ന വാക്കിനുശേഷമുള്ള "അറിയിപ്പ്" എന്ന വാക്ക് ഒഴിവാക്കുക.

254. ഖണ്ഡം 5 (3)- ൽ, "കാലയളവിലേയ്ക്ക്" എന്ന വാക്കിനുപകരം "കാലയളവി ലേയ്ക്കോ താൽക്കാലിക അംഗത്തിന് 65 വയസ്സ് തികയുന്നതു വരെയോ, ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക

260. ഖണ്ഡം 5 (4) (ബി)-യിൽ, (i) "സാന്മാർഗ്ഗിക ദൂഷ്യം" എന്നീ വാക്കുകൾക്ക പകരം "അസാന്മാർഗ്ഗികത" എന്ന വാക്ക് ചേർക്കുക. (ii) "കുറ്റത്തിന്" എന്ന വാക്കിനു പകരം "കുറ്റത്തിനോ മറ്റേതെങ്കിലും ക്രിമിനൽ കുറ്റകൃത്യങ്ങളിലോ" എന്നീ വാക്കുകൾ ചേർക്കുക.

267. ഖണ്ഡം 5 (4) (എഫ്) -ൽ, "തൽസ്ഥാനത്ത് തുടരുന്നത്" എന്നീ വാക്കുകൾ ഒഴിവാക്കുക.

278. ഖണ്ഡം 5 (6)-ൽ, "ഒരാൾക്ക്" എന്ന വാക്കിനുപകരം "ഏതൊരാൾക്കും" എന്ന വാക്ക് ചേർക്കുക.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

255. ഖണ്ഡം 5 (3)-ന് ശേഷം താഴെപറയുന്ന ഉപഖണ്ഡം ചേർത്ത് തുടർന്നു വരുന്നവ പുനരക്കം ചെയ്യുക.

"(4) ഒരു വനിതാ അംഗത്തിന്റെ താൽക്കാലിക ഒഴിവിലേയ്ക്ക് ഒരു വനിതയെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്".

259. ഖണ്ഡം 5 (4) (ബി)-യിൽ, "സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന" എന്നീ വാക്കുകൾക്ക് പകരം "സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

261. ഖണ്ഡം 5 (4) (ബി) യിൽ, "കുറ്റത്തിന് " എന്ന വാക്കിനുശേഷം "കോടതിയിൽ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്യപ്പെട്ടുകയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

265. ഖണ്ഡം 5 (4) (ഇ) - യിൽ, "മൂന്ന് യോഗങ്ങളിൽ" എന്നതിന് പകരം "നാല് യോഗങ്ങളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

268. ഖണ്ഡം 5 (4)(എഫ്) -നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക :

"(ജി) യഥാവിധിയുള്ള അനുമതി വാങ്ങാതെ പതിനഞ്ചു ദിവസത്തിലധികം കാലം മറ്റ് ഔദ്യോഗിക ചുമതലകളിൽനിന്ന് വിട്ടുനിൽക്കുകയോ".

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>) : സർ, ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 240, 247, 257, 271, 277, 280 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 245, 279 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 250, 252, 253, 258, 264, 266, 270, 272, 273, 274 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 248, 254, 260, 267, 278 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 255, 259 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതിചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

281. ഖണ്ഡം 6 (1)-ൽ, "ശരിയായ" എന്ന വാക്കിനുപകരം "കാര്യക്ഷമമായ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

297. ഖണ്ഡം 6 (2)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക :

" എന്നാൽ, പ്രസ്തുത വിശ്വാസം സംബന്ധിച്ച് ഉദ്യോഗസ്ഥരും ജീവനക്കാരും ഒരു സത്യപ്രസ്താവന ബോർഡിന് മുൻപാകെ രേഖാമൂലം നൽകേണ്ടതാണ് ".

302. ഖണ്ഡം 6 (4)-ൽ, "റെഗുലേഷനുകളാൽ" എന്ന വാക്കിനുപകരം "ചട്ടങ്ങളാൽ" എന്ന വാക്ക് ചേർക്കുക.

310. ഖണ്ഡം 6 (6)-ൽ, "അച്ചടക്കവും" എന്ന വാക്കിനുപകരം "അച്ചടക്ക നടപടികളും" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു ഛ

282. ഖണ്ഡം 6 (1) താഴെ പറയും പ്രകാരം മാറ്റുക :-

"(1) ബോർഡിന്റെ ശരിയായ നടത്തിപ്പിനാവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമി ക്കേണ്ടതാണ്."

313. ഖണ്ഡം 6 (6)-ന്, ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക :-

"(7) ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം കേരള പി.എസ്.സി. മുഖേന നടത്തേണ്ടതാണ്."

ശ്രീ. വി. ശശി : സർ. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു ഛ

285. ഖണ്ഡം 6 (1)(എ)-യിൽ, "പദവിയിൽ കറയാത്ത" എന്നതിനുപകരം "തസ്തികയിൽ ജോലി ചെയ്യുവരുന്ന" എന്നത് ചേർക്കുക.

290. ഖണ്ഡം 6 (1)-(ബി)-യിൽ, "പദവിയിൽ കറയാത്ത" എന്നതിന് പകരം "തസ്തികയിൽ ജോലി ചെയ്യുവരുന്ന" എന്നത് ചേർക്കുക.

294. ഖണ്ഡം 6 (2)-ൽ, " ഹിന്ദു മതത്തിൽപ്പെടുന്നവരും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരും" എന്നീ വാക്കുകൾക്ക് പകരം "ഹിന്ദുമതത്തിൽപെടുന്നവർ"എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

299. ഖണ്ഡം 6 (3)-ൽ,"മുഖാന്തിരം" എന്ന വാക്കിനുശേഷം "50 ശതമാനം തസ്തികകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം നൽകികൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

304. ഖണ്ഡം 6 (4)-ൽ, "മുഖാന്തിരമോ" എന്ന വാക്കിനുശേഷം "50 ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം നൽകികൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

286. ഖണ്ഡം 6 (1)(എ) താഴെ പറയും പ്രകാരം മാറ്റുക :-

"(എ) സംസ്ഥാനത്തെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ നിന്നും ഒരാളെ ;"

287. ഖണ്ഡം 6 (1)-(ബി)-യിൽ, "ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക് പകരം "ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

291. ഖണ്ഡം 6 (1)-(ബി)-യ്ക്ക് ശേഷം (സി) എന്ന പുതിയ ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനക്രമീകരിക്കുകയും ചെയ്യുക :-

"(സി) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശരിയായ നിയമനത്തിന് സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു നിയമന അധികാരി ;".

296. ഖണ്ഡം 6 (2)-ൽ, "ആയിരിക്കേണ്ടതാണ് " എന്ന വാക്കിനു പകരം "ആയിരിക്കേണ്ടതും ഇത്തരം നിയമനങ്ങളിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ അനുവർത്തിച്ചുവരുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

300. ഖണ്ഡം 6 (3)ൽ, "നിയമനം" എന്ന വാക്കിനുശേഷം "നിർദ്ദിഷ്ട കാലയളവിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

305. ഖണ്ഡം 6 (4)-ൽ, "ജീവനക്കാരുടെയും" എന്ന വാക്കിനുശേഷം "നിർദ്ദിഷ്ട കാലയളവിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

307. ഖണ്ഡം 6 (5)-ൽ, "നിബന്ധനകളും വ്യവസ്ഥകളും" എന്നീ വാക്കുകൾക്ക് ശേഷം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6 (3)-ൽ പറയുന്നത് ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടു കൊണ്ടുള്ളതാണ്. അതിൽ 'നിയമനം' എന്ന വാക്കിനുശേഷം നിർദ്ദിഷ്ട കാലയളവിലേയ്ക്ക് എന്നുകൂടി ചേർക്കണമെന്നതാണ് എന്റെ 300-ാം നമ്പർ ഭേദഗതി. അതുപോലെ ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിൽ പറയുന്നത് 'മുഖാന്തിരം അതിലെ ജീവനക്കാരുടെയും' എന്ന വാക്കിൻശേഷം 'നിർദ്ദിഷ്ട കാലയളവിലേയ്ക്ക് ജീവനക്കാരുടെ നിയമനവും നടത്താവുന്നതാണ്' എന്ന് ചേർക്കണമെന്നതാണ് 305-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. അച്ചുതൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

292. ഖണ്ഡം 6 (2)-ൽ, "ബോർഡിലെ" എന്ന വാക്കിന് ശേഷം "ഡെപ്യൂട്ടേഷൻ ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

295. ഖണ്ഡം 6-(2)-ൽ, "ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരും" എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

298. ഖണ്ഡം 6 (2)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (3) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (3) ദേവസ്വം ജീവനക്കാരുടെ നിയമനത്തിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ. പ്രകാരമുള്ള സംവരണതത്വം പട്ടിക ഗോത്രവിഭാഗക്കാർക്കുള്ള സംവരണത്തിലും പിന്നോക്ക ജാതിക്കാർക്കുള്ള സംവരണത്തിലും മറ്റുമതസ്ഥരെ ഒഴിവാക്കുന്ന സാഹചര്യത്തിൽ ഉചിതമായ മാറ്റത്തോടെ പാലിക്കേണ്ടതാണ്. ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ ജാതിയുടെ അടിസ്ഥാനത്തിൽ ആർക്കും അവസരം നിഷേധിക്കാൻ പാടുള്ളതല്ല "

301. ഖണ്ഡം 6 (4)-ൽ, "ബോർഡിന് റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നീ വാക്കുകൾക്കുപകരം "ചട്ടങ്ങൾക്കു വിധേയമായി ബോർഡിന്" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും അവകാശമുണ്ടായിരിക്കണം. ഒരാൾക്ക് ദൈവവിശ്വാസം ഉണ്ടോ ഇല്ലയോ എന്ന് നോക്കാൻ കഴിയാത്തതുകൊണ്ട് നിയമനം നിഷേധിക്കാനോ ജാതി അടിസ്ഥാനത്തിൽ നിയമനങ്ങൾ തടയാനോ പാടില്ല. എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് നിർബന്ധമായും സംവരണമുണ്ടാകണം. ആക്ടിൽതന്നെ സംവരണവ്യവസ്ഥയുണ്ടാകണം. ഇല്ലെങ്കിൽ റൂളിൽ ഇത് കൊണ്ടുവരാൻ സാധിക്കില്ല. ഇതാണ് 296-ാം നമ്പർ ഭേദഗതി. ചട്ടങ്ങൾ ഗവൺമെന്റും റെഗുലേഷൻ ബോർഡുമാണ് തയ്യാറാക്കുന്നത്. ബോർഡ് തയ്യാറാക്കുന്ന റെഗുലേഷനും ഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങളായിരിക്കണം ഇതിൽ ബയന്റിംഗായിട്ടുള്ളത്. അതിനാണ് 301-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

303. ഖണ്ഡം 6 (4)-ൽ, "മുഖാന്തിരമോ" എന്ന വാക്കിനുശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന സംവരണ ചട്ടങ്ങൾക്ക് വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

308. ഖണ്ഡം 6 (5)-ൽ, "വ്യവസ്ഥകളും" എന്ന വാക്കിനു -ശേഷം "സർക്കാർ ജീവനക്കാർക്ക് ബാധകമായ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ബി. സത്യൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

306. ഖണ്ഡം 6 (4)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (5) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക :-

"(5)ദേവസ്വം ജീവനക്കാരുടെ നിയമനത്തിൽ നിലവിലുള്ള സംവരണ തത്വം പട്ടിക ഗോത്ര വിഭാഗക്കാർക്കുള്ള സംവരണത്തിലും പിന്നോക്ക ജാതിക്കാർക്കുള്ള സംവരണത്തിലും, സംവരണാർഹരായ മറ്റ് മതസ്ഥരെ ഒഴിവാക്കുന്ന സാഹചര്യത്തിൽ, ഉചിതമായ മാറ്റത്തോടെ പാലിക്കേണ്ടതാണ്."

ഖണ്ഡം 6 (4)-നു ശേഷം "ദേവസ്വം ജീവനക്കാരുടെ നിയമനത്തിൽ നിലവിലുള്ള സംവരണതത്വം പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗക്കാർക്കുള്ള സംവരണത്തിലും പിന്നോക്ക ജാതിക്കാർക്കുള്ള സംവരണത്തിലും സംവരണാർഹരായ മറ്റ് മതസ്ഥരെ ഒഴിവാക്കുന്ന സാഹചര്യത്തിൽ, ഉചിതമായ മാറ്റത്തോടെ പാലിക്കേണ്ടതാണ്" എന്ന് കൂടി ഉൾപ്പെടുത്തണം എന്നതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

311. ഖണ്ഡം 6 (6)-ൽ, "മറ്റ് സേവന" എന്നീ വാക്കുകൾക്കുശേഷം "വേതന" എന്ന വാക്ക് ചേർക്കുക.

6-ാം വകുപ്പിലെ 6-ാം ഉപവകുപ്പിൽ 'ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും' എന്ന് പറഞ്ഞിട്ടുള്ളിടത്ത് 'വേതനം' എന്ന ഒരു വാക്കുകൂടി ചേർത്ത് 'സേവന വേതന' എന്നാക്കണം.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

312. ഖണ്ഡം 6 (6)-ൽ, "സർക്കാർ ജീവനക്കാർക്ക്" എന്നീ വാക്കുകൾക്ക് മുമ്പിൽ "കേരള " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6 (6)-ൽ, സർക്കാർ ജീവനക്കാർക്ക് എന്നുപറഞ്ഞാൽ അത് കേന്ദ്ര സർക്കാരാണോ കേരള സർക്കാരാണോ എന്ന് അറിയാൻ കഴിയാത്തതിനാൽ 'കേരള സർക്കാർ' എന്ന വാക്കുകൾകൂടി ചേർക്കണം.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 281, 297, 302, 310 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 282, 313 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 285, 290, 294, 299, 304 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 286, 287, 291, 296, 300, 305, 307 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 298, 301 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 303, 308 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 311- ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 312- ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ......

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

എട്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

314. ഖണ്ഡം 8 (1)-ൽ,

(i) "സ്ഥലത്തും സമയത്തും" എന്നീ വാക്കുകൾക്ക് ശേഷം "ഏറ്റവും കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലും മറ്റ് സന്ദർഭങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "ആവശ്യമായി വരുമ്പോഴെല്ലാം" എന്നീ വാക്കുകൾക്ക് പകരം "ആവശ്യമായി വരുമ്പോഴെല്ലാമും" എന്നീ വാക്കുകൾ ചേർക്കുക.

328. ഖണ്ഡം 8 (5)-ൽ, "അല്ലെങ്കിൽ" എന്ന വാക്കിനു ശേഷമുള്ള വാക്കുകൾ ഒഴിവാക്കുകയും പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുകയും ചെയ്യുക :

"അംഗത്തിനുള്ള കാസ്റ്റിംഗ് വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതുമാണ്"

329. ഖണ്ഡം 8 (5)-ൽ, "അംഗത്തിന്" എന്ന വാക്കിനുശേഷമുള്ള "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

315. ഖണ്ഡം 8 (1)-ൽ, "ബോർഡിന്റെ യോഗം ചേരേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "ബോർഡിന്റെ യോഗം ചേരേണ്ടതും അല്ലാത്ത പക്ഷം മാസത്തിൽ ഒരു യോഗം കൃത്യമായി ചേരേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

317. ഖണ്ഡം 8 (2)-ൽ, "ചെയർപേഴ്സന്റെ ശിപാർശയിൻമേൽ" എന്നീ വാക്കുകൾക്ക് പകരം "ചെയർമാൻ/ചെയർപേഴ്സന്റെ നിർദ്ദേശങ്ങൾ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

334. ഖണ്ഡം 8 (6)-ൽ, "ഒപ്പുവയ്ക്കേണ്ടതുമാണ്" എന്ന വാക്കിനു പകരം "ഒപ്പുവയ്ക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത യോഗം നിയമവിധേയമല്ലാത്തതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡം 8 (6)-ൽ, സെക്രട്ടറി ഓരോ യോഗത്തിന്റെയും നടപടിക്രമങ്ങളുടെ മിനിട്സ് ഈ ആവശ്യത്തിലേയ്ക്കായുള്ള ഒരു ബുക്കിൽ സൂക്ഷിക്കേണ്ടതും അതിൽ ചെയർപേഴ്സണും അല്ലെങ്കിൽ അദ്ധ്യക്ഷത വഹിക്കുന്ന ആളുകളും ഒപ്പുവയ്ക്കേണ്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതൊരു ബില്ലായതിനാൽ ഒപ്പുവച്ചില്ലെങ്കിൽ എന്താണ് എന്നുകൂടി അറിയണം. അതുകൊണ്ട് 'ഒപ്പുവയ്ക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത യോഗം നിയമവിധേയമല്ലാത്തതുമാണ്' എന്നുകൂടി ചേർക്കണം എന്നതാണ് 334-ാം നമ്പർ ഭേദഗതി.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

316. ഖണ്ഡം 8 (1)-നുശേഷം താഴെപറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കുക :

"എന്നാൽ, രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള ആറുമാസത്തിൽ കൂടുതൽ അധികരിക്കാൻ പാടുള്ളതല്ല." എന്നിരുന്നാലും, അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ ചെയർപേഴ്സൺ യോഗം ചേരുന്നതിന് ശിപാർശ നൽകേണ്ടതാണ്".

321. ഖണ്ഡം 8 (3)-ൽ, "ചെയർപേഴ്സണും" എന്നീ വാക്കിനുപകരം "ചെയർപേഴ്സൺ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്." എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

330. ഖണ്ഡം 8 (5)-ൽ, "അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗത്തിന് ആ സംഗതിയിന്മേൽ തീരുമാനം എടുക്കാവുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

332. ഖണ്ഡം 8 (6) "നടപടിക്രമങ്ങളുടെ മിനിട്സ്" എന്നീ വാക്കുകൾക്ക് പകരം "നടപടിക്രമങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

324. ഖണ്ഡം 8 (4)-ൽ, "ചെയർപേഴ്സൺ" എന്ന വാക്കിനുപകരം "അദ്ധ്യക്ഷൻ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

325. ഖണ്ഡം 8 (4)-ൽ, "നാല്" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

327. ഖണ്ഡം 8 (5)-ൽ, "ചെയർപേഴ്സൺ അല്ലെങ്കിൽ അംഗത്തിന്" എന്നീ വാക്കുകൾക്കു പകരം "ചെയർപേഴ്സണോ അല്ലെങ്കിൽ അംഗത്തിനോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം 8(6)-ൽ,

(i) "ബുക്കിൽ" എന്ന വാക്കിനുശേഷം "തയാറാക്കി" എന്നും :

(ii) " അല്ലെങ്കിൽ" എന്ന വാക്കിനുപകരം "അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന അംഗവും" എന്നും;

(iii) "എല്ലാ" എന്ന വാക്കിന് പകരം "മറ്റ്" എന്നും ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

335. ഖണ്ഡം 8 (6)-നുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (7) ബോർഡിന്റെ യോഗങ്ങൾ മൂന്നുമാസത്തിലൊരിക്കൽ ചേരേണ്ടതാണ്."

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 314, 328, 329 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 315, 317, 334 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 316, 321, 330, 332 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ......

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

339. ഖണ്ഡം 9 (1) (i)-ൽ, -"എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

353. ഖണ്ഡം 9 (1) (ii)- ൽ, " പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള" എന്നീ വാക്കുകൾക്ക് പകരം "എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

357. ഖണ്ഡം 9 (i) (ii)-ൽ, "ഉദ്യോഗാർത്ഥികളുടെ എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

386. ഖണ്ഡം 9 (3) (i)-ൽ, "ബോർഡ് എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ എഴുത്തുപരീക്ഷയും ഇന്റർവ്യൂവും" എന്നീ വാക്കുകൾക്കു പകരം "എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി ലിസ്റ്റുകൾ തയ്യാറാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

387. ഖണ്ഡം 9 (3) (i)-ൽ, " എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

407. ഖണ്ഡം 9(5)-ന് ശേഷം താഴെപറയുന്നത് ഉപഖണ്ഡം (6) ആയി ചേർക്കുകയും ശേഷിക്കുന്നവ പുന:ക്രമീകരിക്കുകയും ചെയ്യുക :

"(6) നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്."

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

340. ഖണ്ഡം 9 (1) (i)-ൽ,- "പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള മറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

408. ഖണ്ഡം 9 (6)-ൽ, "സെലക്ട് ലിസ്റ്റിന്" എന്നീ വാക്കുകൾക്കുശേഷം യഥാസമയം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

341. ഖണ്ഡം 9 (1) (i)-ൽ,- "പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള മറ്റ് വിവിധ തസ്തികകളിലേയ്ക്ക് "എന്നീ വാക്കുകൾക്കു പകരം "ബോർഡിന്റെ കീഴിൽ വരുന്ന സ്ഥിര നിയമനത്തിനുള്ള എല്ലാ തസ്തികകളിലേയ്ക്കും"എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

354. ഖണ്ഡം 9 (i) (ii)-ൽ, "പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള വിവിധ തസ്തികകളിലേക്ക്" എന്നീ വാക്കുകൾക്ക പകരം "സ്ഥിരം തസ്തികകളിലേക്ക് ഉള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

366. ഖണ്ഡം 9 (1) (iii)-ൽ, "സെലക്ട് ലിസ്റ്റിന്റെ" എന്നീ വാക്കുകൾക്ക പകരം "റാങ്ക് ലിസ്റ്റിന്റെ" എന്നീ വാക്കുകൾ ചേർക്കുക.

372. ഖണ്ഡം 9 (i) (iv)-ൽ, "മറ്റേതെങ്കിലും പരീക്ഷ" എന്നീ വാക്കുകൾക്ക് പകരം "എല്ലാ പരീക്ഷകളും" എന്നീ വാക്കുകൾ ചേർക്കുക.

375. ഖണ്ഡം 9 (i) (v)-ൽ, "ബോർഡുകളിൽനിന്നും പരീക്ഷയുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ആവശ്യപ്പെടുകയും കരസ്ഥമാക്കുയും ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "ബോർഡുകളിൽ ഒഴിവുവരുന്ന തസ്തികകൾ തുടങ്ങി പുതിയ തസ്തികകൾ വരെയുള്ള ബന്ധപ്പെട്ട വിശദാംശങ്ങൾ ആരായുകയും അവ കരസ്ഥമാക്കുകയും യഥാസമയം പരീക്ഷയുടെ നോട്ടിഫിക്കേഷനുകൾ നൽകുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

380. ഖണ്ഡം 9 (2)-ൽ, " അന്തിമ സെലക്ട് ലിസ്റ്റ്"എന്നീ വാക്കുകൾക്ക പകരം "റാങ്ക് ലിസ്റ്റ്"എന്നീ വാക്കുകളും "പരീക്ഷയുടെ രേഖകൾ സൂക്ഷിക്കുന്നതിനും" എന്നീ വാക്കുകൾക്ക പകരം "പരീക്ഷയുടെ രേഖകൾ ഭാഗികമായി സൂക്ഷിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടർന്നുവരുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രം നടപടികൾ സ്വീകരിക്കാൻ"എന്നീ വാക്കുകളും ചേർക്കുക.

393. ഖണ്ഡം 9 (3) (i) താഴെപറയും പ്രകാരം മാറ്റുക :-

"(i) ബോർഡ് നടത്തുന്ന പരീക്ഷകളിൽ എല്ലാ തസ്തികകളിലേയ്ക്കും എഴുത്തു പരീക്ഷ നിർബന്ധമാക്കുകയും ഏതെല്ലാം തസ്തികകളിൽ ഇന്റർവ്യൂ വേണ്ടതെന്ന് തീരുമാനം എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എഴുത്തുപരീക്ഷ വേണ്ടതിന് എഴുത്തുപരീക്ഷയും, എഴുത്തുപരീക്ഷയും ഇന്റർവ്യൂവും വേണ്ടതിന് ആയതും നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കേണ്ടതുമാണ്;"

LIBRARY ARCHIVES Kerala Legislative Assembly

396. ഖണ്ഡം 9 (3) (ii) താഴെപറയും പ്രകാരം മാറ്റുക:-

"(ii) ബോർഡിന്റെകീഴിലെ എല്ലാ ദേവസ്വം ബോർഡുകൾക്കുവേണ്ടിയും ഓരോ തസ്തികകൾക്കും വേണ്ടി ഒരു പൊതുപരീക്ഷയും അതിന്റെ അടിസ്ഥാനത്തിൽ പൊതുലിസ്റ്റ് ഉണ്ടാക്കുകയും വരുന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുകയും അവർക്ക് വിവിധ ദേവസ്വം ബോർഡുകളിലേയ്ക്ക് പരസ്പര ബോർഡ് മാറ്റം നൽകുകയും ചെയ്യാവുന്നതാണ്;"

403. ഖണ്ഡം 9 (4)-ൽ, "സെലക്ട് ലിസ്റ്റ്" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "റാങ്ക് ലിസ്റ്റ്" എന്നീ വാക്കുകൾ ചേർക്കുക.

413. ഖണ്ഡം 9 (6)-ൽ "നൽകേണ്ടത്" എന്ന വാക്കിനുപകരം " നൽകേണ്ടതും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാനദണ്ഡങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

343. ഖണ്ഡം 9 (1) (i)-ൽ "എയിഡഡ്" എന്ന വാക്കിന് മുൻപ് "ദേവസ്വം ബോർഡിനു കീഴിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

374. ഖണ്ഡം 9 (i) (v)-ൽ, "ബന്ധപ്പെട്ട" എന്ന വാക്കിനുപകരം "ഈ ആക്ടിന്റെ പരിധിയിൽ വരുന്ന" എന്നീ വാക്കുകൾ ചേർക്കുക.

378. ഖണ്ഡം 9 (2)-ൽ, "ശരിയായ" എന്ന വാക്കിനുപകരം "കാര്യക്ഷമമായ" എന്ന വാക്ക് ചേർക്കുക.

385. ഖണ്ഡം 9 (3) (i)-ൽ, "അപേക്ഷകൾ " എന്നതിനുപകരം " അപേക്ഷ" എന്ന് ചേർക്കുക.

397. ഖണ്ഡം 9 (3) (iii)ൽ,"അപേക്ഷകൻ" എന്നതിനുപകരം "ഉദ്യോഗാർത്ഥി" എന്ന് ചേർക്കുക.

399. ഖണ്ഡം 9 (3) (iii)ൽ,"അപേക്ഷകന് "എന്നതിനുപകരം "ഉദ്യോഗാർത്ഥിക്ക് " എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

400. ഖണ്ഡം 9 (3) (iii)-നുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക: "എന്നാൽ, ഉദ്യോഗാർത്ഥി ബോർഡ് നടത്തുന്ന പരീക്ഷകളിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കുകയും അതിൽ ഒന്നിൽ കൂടുതൽ തസ്തികകൾക്ക് ഒരേ ദിവസം ബോർഡ് പരീക്ഷ നടത്തുന്ന സാഹചര്യമുണ്ടായാൽ 3(iii)-ൽ സൂചിപ്പിച്ച അവകാശം നിലനിൽക്കുന്നതല്ല."

410. ഖണ്ഡം 9 (6)-ൽ, "അഡ്വൈസ്" എന്ന വാക്കിനു പകരം "നിയമന ശുപാർശ ലിസ്റ്റിൽ ഉൾപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 9 (1) (i)-ൽ 'എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ' എന്നത് ബോർഡിനുകീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നാണ് വരേണ്ടത്. നിർവ്വചനത്തിലും പീഠികയിലും ഇത്തരത്തിൽ ഭേദഗതി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ദേവസ്വം ബോർഡിന്റെ കീഴിലുള്ള എന്നുകൂടി ചേർക്കണം എന്നതാണ് 343-ാം നമ്പർ ഭേദഗതി.

400-ാം നമ്പർ ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ഒരു വാക്ക് പറയാനുണ്ടായിരുന്നു. 'അപേക്ഷകൻ ഒന്നിൽ കൂടുതൽ തസ്തികളിലേക്കോ ഒന്നിൽക്കൂടുതൽ ദേവസ്വം ബോർഡുകളിലേക്കോ അപേക്ഷിക്കുന്ന പക്ഷം അങ്ങനെയുള്ള അപേക്ഷകന് ഒന്നിൽക്കൂടുതൽ പരീക്ഷകളിൽ ഹാജരാകുന്നതിനുള്ള അവകാശം നിഷേധിക്കുവാൻ പാടില്ല' എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് ഒന്നിൽക്കൂടുതൽ അവസരം കൊടുക്കാമെന്നാണ് അതിന്റെ അർത്ഥം. അതിൽ ഒരു പ്രൊവിസോ ചേർക്കണമെന്നാണ് എന്റെ ഭേദഗതി. "എന്നാൽ, ഉദ്യോഗാർത്ഥി ബോർഡ് നടത്തുന്ന പരീക്ഷകളിൽ വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുകയും അതിൽ ഒന്നിൽക്കൂടുതൽ തസ്തികകളിലേയ്ക്ക് ഒരേ ദിവസം ബോർഡ് പരീക്ഷ നടത്തുന്ന സാഹചര്യമുണ്ടാവുകയും ചെയ്താൽ 3 (iii)-ൽ സൂചിപ്പിക്കുന്ന അവകാശം നിലനിൽക്കുന്നതല്ല" എന്ന് ചേർക്കണം. അങ്ങനെ ഇല്ലാതിരുന്നുവെങ്കിൽ ഒരേ സമയത്ത് രണ്ടോ മൂന്നോ സ്ഥലത്ത് പരീക്ഷ നടത്തുമ്പോൾ ഇങ്ങനെയൊരു അവകാശം നിൽക്കുമ്പോൾ പല ആളുകളും പരീക്ഷ എഴുതിക്കാണും. ഈ ഒരു അവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒരാൾക്ക് ഒരു സ്ഥലത്തേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ. പക്ഷേ അദ്ദേഹത്തിന് ആ അർഹത വച്ചുകൊണ്ട് മറ്റ് പരീക്ഷ നടത്തിയവരോട് തനിക്ക് ഇങ്ങനെയൊരു അവസരമുണ്ട് എന്ന് പറഞ്ഞ്, നടത്തിയ പരീക്ഷകൾ റദ്ദാക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ ആ ലിസ്റ്റ് ക്യാൻസൽ ചെയ്യേണ്ടി വരും. അത് വളരെ പ്രധാനപ്പെട്ടതാണ്. ബോർഡിന്റെ പ്രവർത്തനത്തിനും ഉദ്യോഗാർത്ഥികൾക്കും ബുദ്ധിമുട്ടുണ്ടാകും. ഒരാൾക്ക് ഒന്നിൽക്കൂടുതൽ അവസരം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയെന്നുള്ളത് നല്ലതാണെങ്കിലും ഒരേദിവസം ഗുരുവായൂർ ദേവസ്വത്തിന്റെയോ അതുപോലുള്ള മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് ഒരേ സമയം അപേക്ഷ കൊടുക്കുകയാണെങ്കിൽ ആയിരക്കണക്കിന് അപേക്ഷകർ പരീക്ഷ എഴുതിയിട്ടുണ്ടാകാം. പക്ഷേ ഒരാൾക്ക് വേണമെങ്കിൽപ്പറയാം, അവിടെ കിട്ടിയില്ലെങ്കിൽ 'ഞാൻ അവിടെ അപേക്ഷ കൊടുത്തിരുന്നു, ഈ ആക്ടിന്റെ 3 പ്രകാരം എനിക്ക് അവിടെയും കൊടുക്കാമായിരുന്നു 'അതുകൊണ്ട് ലിസ്റ്റ് ക്യാൻസൽ ചെയ്യണം' എന്നുപറഞ്ഞാൽ പരീക്ഷ എഴുതിയ അപേക്ഷകർ വഴിയാധാരമാകുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഈ പ്രൊവിസോ ഉൾപ്പെടുത്തുന്നത് നല്ലതാണ്. അത് ബോർഡിന്റെയും ഉദ്യോഗാർത്ഥികളുടെയും താല്പര്യം സംരക്ഷിക്കാൻ ഇടയാക്കും. അതിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ ഖണ്ഡം 9 (3) (iii) നുശേഷം പ്രസ്തുത പ്രൊവിസോ കൂടിഉൾപ്പെടുത്തിയാൽ എല്ലാം ക്ലിയർ ആകും.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

344. ഖണ്ഡം 9 (1) (i)-ൽ "ഒഴികെയുള്ള"- എന്നതിനുപകരം "ഉൾപ്പെടെയുള്ള" എന്നു ചേർക്കുക.

368. ഖണ്ഡം 9 (1) (iii)-ൽ, "ക്രമീകരണങ്ങളും" എന്ന വാക്കിനുശേഷം "പബ്ലിക് സർവ്വീസ് കമ്മീഷൻ മാതൃകയിൽ" എന്നീ വാക്കുകൾ ചേർക്കുക.

369. ഖണ്ഡം 9 (1) (iv)-ൽ, "ഭാരമേൽപ്പിച്ച" എന്നതിനുപകരം "ചുമതല ഏൽപ്പിച്ച" എന്നത് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

345. ഖണ്ഡം 9 (1) (i)-ൽ "ഒഴികെയുള്ള മറ്റ്" എന്നീ വാക്കുകൾക്കുപകരം "ഉൾപ്പെടെയുള്ള" എന്ന വാക്ക് ചേർക്കുക.

349. ഖണ്ഡം 9 (1) (i) - ൽ, " റെഗുലേഷനുകളിലേയും " എന്ന വാക്കിന് ശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന സംവരണ നിയമന" എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

352. ഖണ്ഡം 9 (1) (ii)- ൽ, " പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

358. ഖണ്ഡം 9 (i) (ii)-ൽ, " എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

362. ഖണ്ഡം 9 (1) (ii)-ൽ " നടത്തുകയും" എന്ന വാക്കിന് ശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന സംവരണ നിയമന ചട്ടങ്ങൾക്ക് വിധേയമായി " എന്നീ വാക്കുകൾ ചേർക്കുക.

388. ഖണ്ഡം 9 (3) (i)-ൽ, "എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീമതി കെ. കെ. ലതിക</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

347. ഖണ്ഡം 9 (1) (i)-ൽ, "ഈ ആക്റ്റിലേയും" എന്നീ വാക്കുകൾക്ക് ശേഷം "ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ" എന്നീ വാക്കുകൾ ചേർക്കുക.

381. ഖണ്ഡം 9 (2)-ൽ, " ഉത്തരവാദിയായിരിക്കുന്നതാണ്." എന്ന വാക്കിനുശേഷം "ഇതിൽ വീഴ്ച വരുത്തുന്നവരെ നിർണ്ണയിക്കപ്പെടാവുന്ന വിധം ശിക്ഷിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

401. ഖണ്ഡം 9 (3) (iii)-നുശേഷം താഴെപ്പറയുന്ന ക്ലിപ്തം നിബന്ധന കൂട്ടിച്ചേർക്കുക : "എന്നാൽ, തെറ്റായ വിവരങ്ങൾ നൽകുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരാക്കുവാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്."

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

348. ഖണ്ഡം 9 (1) (i) - ൽ, " റെഗുലേഷനുകളിലേയും " എന്ന വാക്ക് ഒഴിവാക്കുക.

392. ഖണ്ഡം 9 (3) (i) താഴെപറയും പ്രകാരം മാറ്റുക :--

"(i) ബോർഡ് അപേക്ഷകരായ ഉദ്യോഗാർത്ഥികളെ എഴുത്തുപരീക്ഷയുടെയോ, എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയുമോ അടിസ്ഥാനത്തിൽ സെലക്റ്റ് ലിസ്റ്റ് റാങ്കിന്റെ ക്രമത്തിൽ തയ്യാറാക്കേണ്ടതാണ്;."

സ്വാഭാവികമായും ദേവസ്വം ബോർഡ് ആയിരിക്കും റെഗുലേഷൻ കൊണ്ടു വരുന്നത്. അതിനാൽ റിക്രൂട്ട്മെന്റ് ബോർഡിൽ കൈകടത്തുന്നതിന് എല്ലാ സാഹചര്യവും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകും. ബോർഡിന്റെ ചുമതലകൾ, ജീവനക്കാരുടെ നിയമനം, സംവരണം എല്ലാം സർക്കാർ ചട്ടങ്ങൾ പ്രകാരം ആയിരിക്കണം. അല്ലാതെ ദേവസ്വം ബോർഡിന്റെ ഏതെങ്കിലും റെഗുലേഷൻ പ്രകാരം ആകരുത്. അതിനാണ് 348-ാം നമ്പർ ഭേദഗതി. അതുപോലെ നിയമനങ്ങളിൽ ഇന്റർവ്യൂ മാത്രം ഏർപ്പെടുത്തുന്നത് അഴിമതിക്ക് ഇടയാക്കും. അതിനാൽ എഴുത്തും ഇന്റർവ്യൂവും നടത്തി സെലക്ട് ചെയ്യണമെന്ന് പറയുന്നുണ്ട്. അതിൽ ഇന്റർവ്യൂ എന്നുമാത്രം പറയുന്നത് എടുത്തുകളയണം.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

350. ഖണ്ഡം 9 (1) (i)-ൽ, " വ്യവസ്ഥകൾ പ്രകാരം ബോർഡ് തയ്യാറാക്കേണ്ടതാണ് " എന്നതിന് പകരം "വ്യവസ്ഥകൾ പ്രകാരം അതാത് ബോർഡുകളിലേക്ക് പ്രത്യേകമായി തയ്യാറാക്കേണ്ടതാണ്" എന്ന് ചേർക്കുക.

402. ഖണ്ഡം 9 (3)-ൽ ഇനം (iv) ആയി താഴെപറയുന്നത് ചേർക്കുക :

" (iv) ബന്ധപ്പെട്ട ദേവസ്വം ബോർഡുകൾ, കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ അറിയിക്കേണ്ടതും, കഴിവതും ഭാവിയിൽ ഉണ്ടാകുവാൻ ഇടയുള്ള ഒഴിവുകളുടെ ലിസ്റ്റ് ആറുമാസം കൂടുമ്പോൾ റിക്രൂട്ട്മെന്റ് ബോർഡിനു നൽകേണ്ടതുമാണ്. "

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

355. ഖണ്ഡം 9 (i) (ii)-ൽ

(i)"ബന്ധപ്പെട്ട" "അങ്ങനെയുള്ള പരീക്ഷയ്ക്കുവേണ്ടിയുള്ള"എന്നീ വാക്കുകൾ നീക്കം ചെയ്യുക.

(ii)"എഴുത്തു പരീക്ഷയും, ഇന്റർവ്യൂവും"എന്നീ വാക്കുകൾക്കുപകരം " രണ്ടുംകൂടി" എന്നു ചേർക്കുക.

373. ഖണ്ഡം 9 (i) (v)-ൽ, "ബന്ധപ്പെട്ട" എന്ന വാക്ക് നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

359. ഖണ്ഡം 9 (i) (ii)-ൽ, "അല്ലെങ്കിൽ" "ഇന്റർവ്യൂ" എന്നീ വാക്കുകൾ ഒഴിവാക്കുക.

389. ഖണ്ഡം 9 (3) (i)-ൽ, " അല്ലെങ്കിൽ ഇന്റർവ്യൂ" എന്ന വാക്കുകൾ ഒഴിവാക്കുക.

414. ഖണ്ഡം 9 (6)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക :

"(7) നിയമനങ്ങളിൽ ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന സംവരണതത്വങ്ങൾ പാലിക്കേണ്ടതാണ്.

(8) ഉദ്യോഗാർത്ഥികളുടെ യോഗ്യത, വയസ്സ് തുടങ്ങിയ കാര്യങ്ങൾ അതേ നോട്ടിഫിക്കേഷനു മുൻപ് ബോർഡ് നിർണ്ണയിക്കേണ്ടതാണ്".

ശ്രീ. ബി. സത്യൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

361. ഖണ്ഡം 9 (1) (ii)-ൽ, "ഇന്റർവ്യൂ നടത്തുകയും" എന്നീ വാക്കുകൾക്ക് ശേഷം "മറ്റു മതസ്ഥരുടെ അഭാവത്തിൽ ഹിന്ദുമതത്തിൽപ്പെട്ട സംവരണാർഹരായുള്ള വിഭാഗങ്ങൾക്ക് യഥാവിധിയുള്ള സംവരണതത്വം പാലിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

391. ഖണ്ഡം 9 (3) (i)-ൽ, "ഇന്റർവ്യൂവും നടത്തി" എന്നീ വാക്കുകൾക്ക് ശേഷം "മറ്റ് മതസ്ഥരുടെ അഭാവത്തിൽ ഹിന്ദുമതത്തിൽപ്പെട്ട സംവരണാർഹതയുള്ള വിഭാഗങ്ങൾക്ക് യഥാവിധിയുള്ള സംവരണ തത്വം പാലിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

365. ഖണ്ഡം 9 (1)(iii)-ൽ, "പരീക്ഷയുടെ" എന്നതിന് പകരം "എഴുത്ത് പരീക്ഷയുടെ നടത്തിപ്പും " എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

367. ഖണ്ഡം 9 (1) (iii)-ൽ, "ബന്ധപ്പെട്ട" എന്ന വാക്കിനുപകരം "ബന്ധപ്പെട്ടതോ മറ്റ് ആവശ്യമുള്ളതോ ആയ " എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

384. ഖണ്ഡം 9 (3) (i)-ൽ, "അപേക്ഷകൾ നൽകിയ ഉദ്യോഗാർത്ഥികൾക്ക്" എന്നീ വാക്കുകൾക്കു പകരം "യോഗ്യരായ അപേക്ഷകർക്ക്" എന്നീ വാക്കുകൾ ചേർക്കുക.

405. ഖണ്ഡം 9 (5)-ൽ, "പരീക്ഷയുടെ നടത്തിപ്പിന്" എന്നീ വാക്കുകൾക്ക് പകരം "പരീക്ഷയുടെ നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും ഇന്റർവ്യൂവിനും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

406. ഖണ്ഡം 9 (5)-ൽ, "ബോർഡുകൾക്കുള്ള" എന്ന വാക്കിനുപകരം "ബോർഡുകൾക്കും ഉദ്യോഗാർത്ഥികൾക്കുമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

411. ഖണ്ഡം 9 (6)-ൽ, "അഡ്വൈസ്" എന്ന വാക്കിനുപകരം "നിയമന ശുപാർശ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

371. ഖണ്ഡം 9 (1) (iv)-ൽ, "ബോർഡുമായി" എന്നതിനുപകരം "ബോർഡുകളുമായി" എന്ന് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

377. ഖണ്ഡം 9 (2)-ൽ,

(i) "പരീക്ഷയുടെ" എന്ന വാക്കിനുശേഷം "നിയമ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(ii) "മറ്റ് ബന്ധപ്പെട്ട വിഷയങ്ങളിലും" എന്നതിനു ശേഷം "ആവശ്യമായിടത്തോളം" എന്ന് ചേർക്കുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

382. ഖണ്ഡം 9 (3) (i)-ൽ, " അപേക്ഷകൾ നല്കിയ" എന്നീ വാക്കുകൾക്ക് മുമ്പായി "ബോർഡ് പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരം" എന്ന് ചേർക്കുക.

ശ്രീ. കെ. അച്ചുതൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

383. ഖണ്ഡം 9 (3) (i)-ൽ, "അപേക്ഷകൾ" എന്നതിന് മുമ്പ് "അർഹമായ" എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

390. ഖണ്ഡം 9 (3) (i)-ൽ, "എഴുത്തു പരീക്ഷയും ഇൻറർവ്യൂവും" എന്നീ വാക്കുകൾക്ക് പകരം "ഇവ രണ്ടും കൂടിയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 9 (3) (ii)-ൽ, "പരീക്ഷ" എന്ന വാക്കിനുപകരം "പൊതു പരീക്ഷയോ, ഇന്റർവ്യൂവോ അല്ലെങ്കിൽ പരീക്ഷയും, ഇന്റർവ്യൂവും" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

398. ഖണ്ഡം 9 (3) (iii)-ൽ,-

(i) "അപേക്ഷകൻ "എന്ന വാക്കിനുശേഷം "ഒരേ ദേവസ്വം ബോർഡിലെ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "ദേവസ്വം ബോർഡുകളിലേക്കോ" എന്നതിനു പകരം "ദേവസ്വം ബോർഡുകളിലെ തസ്തികകളിലേക്കോ " എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

412. ഖണ്ഡം 9 (6)-ൽ, "അഡ്വൈസ് ഉദ്യോഗാർത്ഥികൾക്കും" എന്നതിന് പകരം "നിയമനശുപാർശ സെലക്ട് ലിസ്റ്റിലെ അർഹരായ ഉദ്യോഗാർത്ഥികൾക്കും" എന്ന് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 339, 353, 357, 386, 387, 407 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 340, 408 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 341, 354, 366, 372, 375, 380, 393, 396, 403, 413 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 343, 374, 378, 385, 397, 399, 410 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 344, 368, 369 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 345, 349, 352, 358, 362, 388 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 347, 381, 401 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 348, 392 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 350, 402 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 355, 373 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 359, 389, 414 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 361, 391 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി അവതരിപ്പിച്ച 365-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 367, 384, 405, 406, 411 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

<u>പത്താം വകുപ്പ്</u>

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

416. ഖണ്ഡം 10-ൽ, "സംസ്ഥാന സഞ്ചിത നിധിയിൽനിന്നും" എന്നീ വാക്കുകൾക്ക് പകരം "ലാഭകരമായി പ്രവർത്തിക്കുന്ന ദേവസ്വം ബോർഡുകളിൽനിന്നും ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിൽ സർക്കാർ കാലാകാലങ്ങളിൽ ഒരു നിശ്ചിത തുക നിയമസഭയുടെ അനുമതിയോടുകൂടി കൈമാറുകയും ആ തുകയിൽനിന്നും" എന്നീ വാക്കുകൾ ചേർക്കുക.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ)</u> : ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u> : ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

<u>മി. സ്പീക്കർ</u> : ശ്രീ. എ. കെ. ബാലൻ തന്നിട്ടുള്ള 417-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലുള്ളതായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല

LIBRARY ARCHIVES Kerala Legislative Assembly

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

418. ഖണ്ഡം 12-ൽ, "അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക്" എന്നീ വാക്കുകൾക്ക് മുൻപ് "മാർച്ച് 31-ാം തീയതിക്ക് മുൻപ്" എന്നീ വാക്കുകൾ ചേർക്കുക.

419. ഖണ്ഡം 12-ൽ, "പ്രതീക്ഷിക്കാവുന്ന വരവ് ചെലവുകളെ സംബന്ധിച്ച്" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 418, 419 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

421. ഖണ്ഡം 13 (1)-ൽ "ഒരു വാർഷിക സ്റ്റേറ്റ്മെന്റ്" എന്നീ വാക്കുകൾക്ക് പകരം "പ്രതിമാസ സ്റ്റേറ്റ്മെന്റും ഒരു വാർഷിക സ്റ്റേറ്റ്മെന്റും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

422. ഖണ്ഡം 13 (1)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക ;

" (2) ബോർഡിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ ഫിനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും, വർഷത്തിലൊരിക്കൽ, ഏറ്റവും ചുരുങ്ങിയത് സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം, ബോർഡിന്റെ കാര്യങ്ങളിൽ തത്പരരല്ലാത്ത ഏതെങ്കിലും ചാർട്ടേഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ ആഭ്യന്തര ആഡിറ്റ് നടത്തിക്കേണ്ടതാണ്.

(3) ഇപ്രകാരം ആഡിറ്റ് ചെയ്ത കണക്കുകൾ ബോർഡിന്റെ ഏറ്റവും അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതും ബോർഡ് അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് സർക്കാരിലേക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

(4) ബോർഡിന്റെ വാർഷിക കണക്കുകളും, ഏതെങ്കിലും പ്രത്യേക ഇടപാടോ ഇടപാടുകളുമോ സർക്കാരിന് സർക്കാർ നിശ്ചയിക്കുന്ന ആഡിറ്റർമാരെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കാവുന്നതാണ്. ഇപ്രകാരം ആഡിറ്റ് ചെയ്ത കണക്കുകൾ ആഡിറ്റർമാർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(5) ഉപവകുപ്പ് (4) പ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ, നിയമസഭ സമ്മേളനത്തിലാണെങ്കിൽ ആ സമ്മേളനത്തിലും, അല്ലാത്ത പക്ഷം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിലും സഭയിൽ സമർപ്പിക്കുന്നതിന് സർക്കാർ നടപടിയെടുക്കേണ്ടതാണ്."

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

423. ഖണ്ഡം 13 (3)-ൽ, "അധികാരങ്ങളും" എന്ന വാക്കിന് പകരം "ഉത്തരവാദിത്തങ്ങളും" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

424. ഖണ്ഡം 13 (4)-ൽ, "വസ്സേക്കേണ്ടതുമാണ്" എന്ന വാക്കിന് പകരം "വയ്ക്കേണ്ടതുമാണ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി.സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 423-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

425. ഖണ്ഡം 14-ൽ, "മുൻ സാമ്പത്തിക വർഷത്തിലെ" എന്നീ വാക്കുകൾക്ക പകരം "ഓരോ സാമ്പത്തിക വർഷത്തിലെയും" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടിംഗിനെ സംബന്ധിച്ചാണ്, മുൻസാമ്പത്തിക വർഷത്തെ കണക്കല്ല അതാത് സാമ്പത്തിക വർഷത്തിലെ കണക്കാണ് ഓഡിറ്റ് ചെയ്യേണ്ടതെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ തന്നിട്ടുള്ള 426-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലുള്ളതായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

428. ഖണ്ഡം 16 (1)-ൽ, "വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം " നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

429. ഖണ്ഡം 16 (2)-ൽ, " കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾക്ക് പകരം "തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽത്തന്നെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

430. ഖണ്ഡം 16 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പ്രാരംഭ തീയതി" എന്നീ വാക്കുകൾക്ക് പകരം "പ്രാബല്യ തീയതി" എന്നീ വാക്കുകൾ ചേർക്കുക.

431. ഖണ്ഡം 16 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ടു" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 16 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ 'പ്രാരംഭ തീയതി' എന്നതിനുപകരം 'പ്രാബല്യ തീയതി' എന്നാണ് വരേണ്ടത് എന്നുള്ളതാണ് 430-ാം നമ്പർ ഭേദഗതി. ഖണ്ഡം 16 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും വൈഷമ്യങ്ങളുണ്ടാകുന്ന പക്ഷം സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്. എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല" എന്ന് പറഞ്ഞിട്ടുണ്ട്. രണ്ടുവർഷത്തിനുള്ളിൽ റൂൾസുണ്ടാക്കാനുള്ള ഗവൺമെന്റിന്റെ അധികാരത്തെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ പറഞ്ഞിരിക്കുന്ന തീയതി 2014 മാർച്ചാണ് എന്നുപറഞ്ഞാൽ, ചട്ടമുണ്ടാക്കാൻ രണ്ടുവർഷമെന്ന രീതിയിൽ പറയുന്നുണ്ടെങ്കിലും, in effect നമുക്ക് കിട്ടുന്നത് ഏഴുമാസമാണ്. അതുകൊണ്ട് രണ്ടുവർഷമെന്നുവച്ചിട്ടു കൊണ്ട് അതിന്റെ പ്രയോജനം ഏഴുമാസമേ കിട്ടുകയുള്ളൂ. അതിൽ ഗവൺമെന്റിന് ഭേദഗതി വരുത്താൻ ഏഴുമാസമേ സമയം കിട്ടുകയുള്ളൂ. അതുകൊണ്ട് രണ്ടുവർഷക്കാലത്തേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് മൂന്നുവർഷം എന്നാക്കുകയാണെങ്കിൽ ഒരുവർഷവും ഏഴുമാസവും ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റിന് അധികാരമുണ്ടാകും. ഗവൺമെന്റിന് വീണ്ടും ചിന്തിക്കാനും പരിശോധിക്കാനും അവകാശമുണ്ടാകും. അതുകൊണ്ട് മൂന്ന് എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. ഗവൺമെന്റിന് ഇടപെടാനുള്ള അവസരമാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 430, 431 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു :

432. 17-ാം ഖണ്ഡത്തിൽ, " നടത്തിപ്പിനും" എന്ന വാക്കിനു പകരം "നടത്തിപ്പ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

433. ഖണ്ഡം 17-ൽ,

"പരീക്ഷയുടെ ശരിയായ നടത്തിപ്പിനും" എന്നീ വാക്കുകൾക്കു പകരം "ബോർഡിനെ അധികാരപ്പെടുത്തിയിട്ടുള്ള പരീക്ഷയുടെ ശരിയായ നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും ഇന്റർവ്യൂനും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും " എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 432-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 433-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

434. ഖണ്ഡം 18 (1)-ൽ,

"മുൻകാലപ്രാബല്യത്തോടുകൂടിയോ" എന്നതിനുപകരം "ഗസറ്റ് വിജ്ഞാപന തീയതി മുതൽക്ക്" എന്ന് ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

435. ഖണ്ഡം 18 (2) (എ)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക :-

"(ബി) പരീക്ഷ, ഇന്റർവ്യൂ ഇവയുടെ നടത്തിപ്പ്"

436. ഖണ്ഡം 18 (2) (സി)-യിൽ, " പരീക്ഷയുടെ" എന്ന വാക്കിനുപകരം "പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

438. ഖണ്ഡം 18 (2) (എഫ്)-ൽ, "പാലിക്കേണ്ട" എന്ന വാക്കിനുശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

439. ഖണ്ഡം 18(2)-ൽ ഇനം (എഫ്) ഒഴിവാക്കി ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

440. ഖണ്ഡം 18 (2)-ന് ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക :-

" (3) ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ സ്പെഷ്യൽ റൂൾസും പാലിക്കേണ്ട സംവരണവും സംബന്ധിച്ച ചട്ടങ്ങൾ ദേവസ്വം ആക്ടിലെ വ്യവസ്ഥകൾ പാലിച്ച് ഉണ്ടാക്കി നടപ്പാക്കേണ്ടതാണ്".

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

441. ഖണ്ഡം 18 (3)-ൽ,

(i) "ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നീ വാക്കുകൾക്ക് പകരം "ചട്ടം ആവശ്യമില്ലെന്ന്" എന്നീ വാക്കുകൾ ചേർക്കുക.

(ii) "അതതു സംഗതി പോലെ" എന്നീ വാക്കുകൾക്ക് പകരം "യഥാവിധി" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 435, 436 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 439, 440 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

(ഭേദഗതിയില്ല)

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...........

LIBRARY ARCHIVES Kerala Legislative Assembly

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

109. ശീർഷകത്തിൽ, "ദേവസ്വം" എന്ന വാക്കിന് ശേഷം " സർവ്വീസ്" എന്ന വാക്ക് ചേർക്കുക.

115. ദീർഘശീർഷകത്തിൽ, പരമ്പരാഗത എന്ന വാക്കിന് ശേഷം;

(1) "തസ്തികകളും" എന്നതിനു പകരം "തസ്തികകൾ" എന്ന് ചേർക്കുക.

(2) "എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

109-ൽ 'സർവ്വീസ്' എന്ന വാക്ക് ചേർക്കണം. എന്നാൽ മാത്രമേ ഇതിന്റെ പൂർണ്ണമായ അർത്ഥം പ്രതിഫലിക്കുകയുള്ളൂ.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

111. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:-

"2015-ലെ കേരള സംസ്ഥാന ദേവസ്വം നിയമന ബോർഡ് ബിൽ".

118. ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക :-

" കേരള സംസ്ഥാനത്തുള്ള എല്ലാ ദേവസ്വം ബോർഡുകളിലേയും പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ എല്ലാ തസ്തികകളും ഉൾപ്പെടെ പ്രസ്തുത മേഖലയിലെ എല്ലാ തസ്തികകളിലേക്കും നിയമനങ്ങൾക്കായിട്ടുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാനും അഡ്വൈസ് നൽകാനും ആയത് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾക്കായി അനുവർത്തിച്ചു വരുന്ന മാനദണ്ഡങ്ങൾക്കനുസൃതമായിട്ടും 2007-ലെ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കും ശിപാർശകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുസൃതമായിട്ടും നിയമനതത്വങ്ങൾ സുതാര്യവത്കരിക്കാനായി സ്വയംഭരണാവകാശത്തോടുകൂടിയ ഒരു സംസ്ഥാന ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.

129. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക :-

"പീഠിക.- കേരള സംസ്ഥാനത്ത് എല്ലാ ദേവസ്വം ബോർഡുകളിലെയും പരമ്പരാഗത തസ്തികകൾ, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്കും വേണ്ടി ഒരു സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതിൽ പ്രസ്തുത നിയമന ലിസ്റ്റ് തയ്യാറാക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാനദണ്ഡങ്ങൾക്ക് വിധേയമായി നടത്തുന്നതിന് ഒരു ദേവസ്വം നിയമന ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ".

133. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക :-

" (1) ഈ ആക്റ്റിന് 2015-ലെ കേരള സംസ്ഥാന ദേവസ്വം നിയമ ബോർഡ് ആക്റ്റ് " എന്ന പേര് പറയാം".

135. ഖണ്ഡം 1 (2)-ൽ, "2014 മാർച്ച് 1-ാം തീയതി" എന്നതിനുപകരം "ബിൽ നിയമസഭ പാസ്സാക്കുന്ന തീയതി മുതൽ" എന്നത് ചേർക്കുക.

135-ൽ '2014 മാർച്ച് ഒന്നാം തീയതി' പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ് എന്നാണ് ഇതിനകത്തുള്ളത്. അതിനുപകരം ബിൽ നിയമസഭ പാസ്സാക്കുന്ന തീയതി മുതൽ എന്ന് ചേർക്കണം.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

112. ദീർഘശീർഷകത്തിൽ, " ബോർഡുകളിലെ" എന്ന വാക്കിനുപകരം "ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ" എന്നീ വാക്കുകൾ ചേർക്കുക.

116. ദീർഘ ശീർഷകത്തിൽ, " എയിഡഡ് " എന്ന വാക്കിനു മുൻപ് " ദേവസ്വം ബോർഡുകൾക്ക്കീഴിലുള്ള " എന്നീ വാക്കുകൾ ചേർക്കുക.

119. പീഠികയിൽ "ബോർഡുകളിലെ" എന്ന വാക്കിന് പകരം "ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ" എന്നീ വാക്കുകൾ ചേർക്കുക.

125. പീഠികയിൽ, "എയിഡഡ്" എന്ന വാക്കിനുമുൻപ് "ദേവസ്വം ബോർഡുകൾക്ക്കീഴിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

112-ൽ കേരള സംസ്ഥാനത്തിലെ 'ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും' എന്നാളളതാണ്. 'ബോർഡുകളിലെ' എന്ന വാക്കിനുപകരം 'ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ' എന്നാക്കണം. 'കേരള സംസ്ഥാന ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ' എന്ന് ചേർത്തിട്ട് പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും' എന്നാക്കിയാൽ മാത്രമേ അത് പൂർണ്ണമാകുകയും കൃത്യതയുണ്ടാകുകയുമുള്ളൂ. എയ്ഡഡ് സ്ഥാപനങ്ങൾ എന്നുപറയുമ്പോൾ കുറേയുണ്ട്. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എന്നുതന്നെ വരണം. അത് വളരെ അത്യാവശ്യമാണെന്നാണ് എനിക്ക് തോന്നുന്നത്. എയ്ഡഡ് സ്ഥാപനം എന്നുപറഞ്ഞാൽ കുറേ സ്ഥാപനങ്ങളുടെ നിർവ്വചനത്തിൽ വരാത്തതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

114. ദീർഘശീർഷകത്തിൽ, "തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ" എന്നീ വാക്കുകൾക്കു പകരം "തസ്തികകൾ ഒഴികെ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും" എന്നീ വാക്കുകൾ ചേർക്കുക.

ഈ ബില്ലിൽ ദേവസ്വം ബോർഡിലെ ഭൂരിപക്ഷം തസ്തികകളും റിക്രൂട്ട്മെന്റ് ബോർഡിന് പുറത്താണ്. പരമ്പരാഗത തസ്തികകളാണ് ദേവസ്വം ബോർഡിലെ 80 ശതമാനം തസ്തികകളും. പരമ്പരാഗത തസ്തികകളായ ശാന്തി, കഴകം, തളി, പഞ്ചവാദ്യം, തകിൽ, നാദസ്വരം, ആനശേവുകം, പുറംഊപ്പ്, പാത്രംതേപ്പ് തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽ വരുന്നതാണ്. പരമ്പരാഗത തസ്തികകളിൽ ദേവസ്വം ബോർഡിലെ 80 ശതമാനത്തിന് പുറമേ ദേവസ്വം ബോർഡിലെ നാല് എയ്ഡഡ് കോളേജ്, ഒരു അൺഎയ്ഡഡ് കോളേജ്, 21 സ്കൂളുകൾ, ഒരു കലാപീഠം എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഈ ബില്ലിൽ വരുന്നില്ല. ചുരുക്കത്തിൽ ദേവസ്വം ബോർഡിലെ ക്ലർക്കിനെയും പ്യൂണിനെയും മാത്രം നിയമിക്കാനാണ് ഈ ബിൽ. ഇതുകൊണ്ട് പ്രത്യേകിച്ച് ഒരു പ്രയോജനവുമില്ല. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം വേണമെന്ന ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

വിധി നിലനിൽക്കുന്ന ഒരു ഘട്ടത്തിൽ ഹൈക്കോടതി വിധിയുടെ ഇന്റൻഷൻ മനസ്സിലാക്കി ആ വിധിക്കുശേഷം വരുന്ന ഒരു പ്രധാനപ്പെട്ട ബിൽ എന്ന നിലയിലെങ്കിലും ഇതിനോട് നീതി ചെയ്യാൻ ബഹുമാനപ്പെട്ട നിയമസഭയ്ക്ക്, അതായത് നമുക്ക് കഴിയണ്ടേ ; എൻ.എസ്.എസ്., എസ്.എൻ.ഡി.പി., മൈനോറിറ്റി അവിടെയൊക്കെ ചിലപ്പോൾ പ്രശ്നം ഉണ്ടാകാം. ഇത് നമ്മുടെ നിയന്ത്രണത്തിലുള്ളതല്ലേ ; ഒരു നിയമത്തിന് നമ്മൾ ഇപ്പോൾ രൂപം കൊടുക്കുകയാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആദ്യമായി രൂപം കൊള്ളുന്ന ഒരു നിയമത്തിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണം കൊടുത്തുവെന്ന് പറയുമ്പോൾ നമുക്ക് ഒരഭിമാനമല്ലേ ; ഇതിനകത്തുനിന്നും ഒഴിവാക്കുകയാണ്. ആർക്കുവേണ്ടിയാണ് ഈ നിയമം ഉണ്ടാക്കുന്നത് ; ഇവിടെ കൃത്യമായി പറഞ്ഞിട്ടുണ്ടല്ലോ ; തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 4735 ജീവനക്കാരിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ 85 പേർ മാത്രമാണ്. 1.5 ശതമാനം. ദേവസ്വം ബോർഡിലെ 1434 ജീവനക്കാരിൽ 73 പേരാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ. മലബാർ ദേവസ്വം ബോർഡിലെ 6320 പേരിൽ എത്രപേർ പട്ടികജാതിയിൽപ്പെട്ടവരുണ്ട് എന്ന് സർക്കാരിന്റെ കയ്യിൽ കണക്കില്ല. കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം എന്നിവിടങ്ങളിലെ സ്ഥിതി ഇതിലും മോശമായിരിക്കും. ഇത്തരം ഒരു സാഹചര്യത്തിൽ എന്ത് സാമൂഹ്യനീതിയാണ് അടിസ്ഥാനവർഗ്ഗത്തിന് നമ്മൾ ഈ നിയമത്തിന്റെ ഭാഗമായി കൊടുക്കുന്നത്; എന്റെ ഭേദഗതി, 'കേരള സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ' എന്നുള്ളതിൽ 'ഒഴികെ' എന്നുള്ളത് മാത്രം മാറ്റിയാൽ മതിയാകും.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

117. ദീർഘ ശീർഷകത്തിൽ, " ദേവസ്വം റിക്രൂട്ട്മെന്റ് " എന്നതിനു പകരം " ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

122. പീഠികയിൽ, "പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികളും ഒഴികെ മറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

126. പീഠികയിൽ, "എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

127. പീഠികയിൽ, 'ഒഴികെ' എന്ന വാക്കിനു പകരം 'ഉൾപ്പെടെ' എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

130. ഖണ്ഡം 1 (1)-ൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്" എന്നതിനു പകരം "കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെൻറ് ബോർഡ്" എന്ന് ചേർക്കുക.

132. ഖണ്ഡം 1 (1)-ൽ, "ദേവസ്വം" എന്ന വാക്കിനുശേഷം "സർവ്വീസ്" എന്ന വാക്ക് ചേർക്കുക.

'കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്' എന്നതിനുപകരം 'കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ്' എന്നാക്കിമാറ്റണം എന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല. ബഹുമാനപ്പെട്ട അംഗം എ.കെ. ബാലൻ പറഞ്ഞ പാരമ്പര്യക്കാർ എന്നുപറയുന്നത് 90 ശതമാനം അല്ല. പാരമ്പര്യക്കാർ എന്നുപറയുന്ന കാരായ്മ വിഭാഗം 10 ശതമാനത്തിൽതാഴെ മാത്രമേയുള്ളു. കുടുംബപരമായി അവകാശം ലഭിക്കുന്ന ഉദ്യോഗസ്ഥരാണ്. അവർക്ക് സംവരണം കൊടുക്കാൻ പറ്റില്ല. അത് അദ്ദേഹം മനസ്സിലാക്കാതെ പറഞ്ഞതാണ്.

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 109, 115 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 111, 118, 129, 133, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, 116, 119, 125 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 130, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൂന്നാം വായന

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : സർ, നമ്മുടെ നിയമസഭയുടെ നിയമനിർമ്മാണ ചരിത്രത്തിൽ മുൻ ഗവൺമെന്റുകൾ പുരോഗമനപരമായി ചർച്ച ചെയ്ത് ജനാധിപത്യപരമായി നിയമസഭയിൽ പാസ്സാക്കിയ നിയമങ്ങൾ ഓരോന്നായി അരിഞ്ഞുവീഴ്ത്തുകയോ തിരിച്ചുപോകുകയോ ചെയ്യുന്ന ഒരു നിയമനടപടിയാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യൻ ഭരണഘടന പ്രകാരമുള്ള ഒരു സ്ഥാപനമായ, പബ്ലിക് സർവ്വീസ് കമ്മീഷനാണ് കഴിഞ്ഞ ഗവൺമെന്റ് ദേവസ്വം ബോർഡിലെ നിയമനങ്ങൾ വിട്ടത്. അതിനാവശ്യമായ ചട്ടവുമുണ്ടാക്കി. ഇപ്പോൾ ആ നിയമത്തെ റദ്ദാക്കുകയാണ്. ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ റിക്രൂട്ട്മെന്റ് ബോർഡുകളും അഴിമതിയുടെ കേന്ദ്രങ്ങളാണ്. റിക്രൂട്ട്മെന്റ് ബോർഡിൽ കയറുന്നതുമുതൽ പിന്നീട് യാതൊരു നിയന്ത്രണവുമില്ല. ഇവർ ആരോടും ഉത്തരവാദിത്വമില്ല. പബ്ലിക് സർവ്വീസ് കമ്മീഷനെപ്പോലെയല്ല. കേരളത്തിലെ ദേവസ്വം ബോർഡിലെ നിയമനങ്ങളെ സംബന്ധിച്ച് ഇത്രയും ലജ്ജാകരമായ നിരുത്തരവാദപരമായ ഒരു നിയമം ഈ സഭ ഇനി പാസ്സാക്കാനില്ല. നിങ്ങൾ ഓരോ നിയമങ്ങളും കൊണ്ടുവരുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നത് ? ഞങ്ങളുടെ കാലത്ത് ദേവസ്വം ബോർഡിലെ നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കാർക്കുള്ള സംവരണത്തിൽ രണ്ട് ഒഴിവുകളുണ്ടായിരുന്നു. അതിൽ ഒന്ന് വനിതയും മറ്റൊന്ന് പുരുഷനുമായിരുന്നു. ഈ രണ്ട് ഒഴിവുകളുംകൂടിചേർത്ത് ഇപ്പോൾ പട്ടികജാതിക്കാരെ കളിപ്പിച്ച് കിടത്തിയിരിക്കുകയാണ്. ഒരു ഒഴിവാണ് നിങ്ങൾ അവർക്കായി നൽകിയത്. ഇങ്ങനെയാണോ നിങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സേവിക്കുന്നത് ? നിങ്ങൾ ഓരോ നിയമങ്ങളും കൈകാര്യം ചെയ്യുന്നത് എങ്ങനെയാണ് ; നിങ്ങളുടെ വീക്ഷണം എന്താണ് ? ഈ രാജ്യം മുന്നോട്ട് പോകാനല്ലേ നിങ്ങൾ നോക്കേണ്ടത് ? നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ഞങ്ങൾ കൊണ്ടുവന്നു. നിങ്ങൾ എന്തുചെയ്തു? നിങ്ങൾ ആ നിയമത്തിൽ വെള്ളം ചേർത്തു. നിങ്ങൾ ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ല. കേരളത്തിലെ കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് ഇതിനകത്ത് ഒരു അഭിപ്രായവും പറയാനില്ല. ഞങ്ങൾ നെൽവയൽ നിയമം കൃഷിക്കാർക്കുവേണ്ടിയാണ് കൊണ്ടുവന്നത്. നിങ്ങൾ അതിനെ അരിഞ്ഞ് തകർത്തുകളഞ്ഞു. നിർഭാഗ്യകരമാണ്. ഇനിയും നിങ്ങളുടെ രണ്ടുനിയമങ്ങൾ വരുന്നു. നിങ്ങൾ കരുതിയിരിക്കണം, നിങ്ങളുടെ കയ്യിൽ നിൽക്കാൻ പോകുന്നില്ല. വൈദ്യുതി ബോർഡിലെ അവസ്ഥയെ സംബന്ധിച്ച് ഇന്ന് മന്ത്രി പറയുകയുണ്ടായി. എന്താണ് അവിടത്തെ അവസ്ഥ ? റിലയൻസ് വരികയാണ്. റിലയൻസിനെതിരായി നിങ്ങൾ ഒരു പ്രമേയം

പാസ്സാക്കി. റിലയൻസുകാർ നിങ്ങളെ, ഈ ഇന്ത്യയെ, ഈ കേരളത്തെ, വിഴുങ്ങാൻ പോകുകയാണ്. ഇപ്പോൾ പുതിയ ഭരണാധികാരികളുടെ സ്വാധീനത്തിൽ കോർപ്പറേറ്റുകൾ വരികയാണ്. നിങ്ങൾക്ക് അവരെ ചെറുത്തുനിൽക്കാൻ കഴിയില്ല. ഈ ദേവസ്വം ബോർഡിന്റെ നടത്തിപ്പിൽ നാളെ റിലയൻസ് ഇടപെടില്ലാ എന്നതിന് എന്താണ് ഉറപ്പ് ; അതിനെതിരായി എന്തെങ്കിലും നിയമമുണ്ടോ ; കേരളത്തിൽ കുത്തകക്കാരും കോർപ്പറേറ്റുകളും ദേവസ്വം ബോർഡ് പോലുള്ള സ്ഥാപനങ്ങളിൽ കൈകടത്താൻ പാടില്ല. ഇത് അതീവ ഗുരുതരമായ നടപടി ക്രമമാണ്. അപ്പുറത്തിരിക്കുന്ന ഒരാൾ നേരത്തെ എന്നെ ജാതി പറഞ്ഞ് ആക്ഷേപിച്ചു. ഇതൊക്കെയാണല്ലോ നിങ്ങളുടെ മനസ്സിലിരിക്കുന്നത്. ഏതോ ഒരു ജാതിയിൽപ്പെട്ട നാല് മന്ത്രിമാർ പണ്ട് ഉണ്ടായിരുന്നുവെന്നാണ് ഈ ദേവസ്വം ബില്ലിന്റെ ചർച്ചയിൽ അദ്ദേഹം പറഞ്ഞത്. ഏത് ജാതിയെന്ന് എനിക്കറിയില്ല. നിങ്ങൾക്ക് അറിയാമെങ്കിൽ പറഞ്ഞോളു. അങ്ങനെയുള്ള ഒരു സംസ്കാരത്തിന്റെ പ്രതിഫലനമാണ് ഈ ബിൽ. ഇവിടെ ഒരുപാട് ആളുകൾ കണക്കുപറഞ്ഞു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇൻഡ്യാ മഹാരാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എവിടെയെത്തി ; നിങ്ങളുടെ 62 കൊല്ലത്തെ ഭരണത്തിൽ എവിടെയാണ് എത്തിയത്, മതന്യൂനപക്ഷങ്ങൾ എവിടെയെത്തി, സച്ചാർ കമ്മീഷനിൽ നിങ്ങൾ എവിടെയാണ് എത്തിയത്. നിങ്ങൾ ആ റിപ്പോർട്ട് വായിച്ചോ ; എന്നിട്ടാണ് പുതിയ ബിൽ കൊണ്ടുവന്ന് പട്ടികജാതി-പട്ടികവർഗ്ഗക്കാരെ നിയമിക്കാൻ പോകുന്നത്. ഇത് എന്ത് അപഹാസ്യമായ കാര്യമാണ്; ഈ ബിൽ കേരള നിയമസഭയുടെ നടപടിക്രമങ്ങളിൽ നിന്ന് റദ്ദാക്കേണ്ടതാണ്. ഇത് തിരിച്ചുപോക്കാണ്, കഴിയാത്ത യാത്രയാണ്. നിങ്ങൾക്ക് എന്തുകൊണ്ടോ സാമൂഹ്യനീതി ചെയ്യാൻ കഴിയുന്നില്ല. ഇത് നിർഭാഗ്യകരമാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യമെന്താണ് ; നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടത് നിർവ്വീര്യമാക്കിയില്ലേ ; ഇത് ആട്ടോണമസ് ആണെന്ന് ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. അത് ശരിയാണ്. എത്രയോ ആട്ടോണമസ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വിട്ടിട്ടുണ്ട്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ മേഖലയിലെ നിയമനം വരെ പി.എസ്.സി.-ക്ക് വിട്ടു. യൂണിവേഴ്സിറ്റിയുടെ നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടു. ഗവൺമെന്റ് തീരുമാനിച്ചാൽ വിടാം. ഗവൺമെന്റ് എല്ലാത്തിനും മുകളിലാണ്. നിങ്ങൾ ആരെയോ കണ്ടുവച്ചിട്ടുണ്ട്. നേരത്തെ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബില്ലിൽ 1000 കോടി രൂപയുടെ കാര്യംപറഞ്ഞതുപോലെ 60-61 വയസ്സ് എന്നുപറഞ്ഞ് തട്ടിക്കളിക്കുന്നത് എന്തിനാണ്. എന്താണ് ഇതിന്റെ ഉദ്ദേശ്യം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നഗ്നമായ അഴിമതിയുടെ flood gate ഓപ്പൺ ചെയ്യുകയാണ് നിങ്ങൾ. ദേവസ്വം ബോർഡിലും അഴിമതിയായി. ബാക്കി എല്ലായിടത്തുമായി. ഈ ബില്ലോടുകൂടി നിങ്ങൾ അഴിമതി സാർവ്വത്രികമാക്കിത്തീർക്കാൻ പോകുകയാണ്. ഈ ബിൽ ഞങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങയുടെ മനസ്സ് എനിക്കറിയാം. ഈ ബില്ലിന് എതിരാണെന്നും അറിയാം. പാവപ്പെട്ടവർക്ക് എതിരായിട്ടുള്ളതാണ് ഈ ബിൽ. ഇത് കയ്യിട്ടുവാരാനുള്ള ബില്ലാണ്. കോഴ മേടിക്കാനുള്ള ബില്ലാണ്. ഈ ബിൽ അംഗീകരിക്കില്ല. അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇവിടെ ബഹുമാന്യനായ സി. ദിവാകരന്റെ അസാധാരണമായ തരത്തിലുള്ള ഒരു വികാരപ്രകടനം കണ്ടു. ഈ നിയമം നിശ്ചയമായും നമ്മുടെ സംസ്ഥാനത്തിന്റേയും സമൂഹത്തിന്റേയും നന്മയ്ക്ക് മാത്രമേ വിനിയോഗിക്കുകയുള്ളൂ. ഞാൻ ഈ നിയമത്തിന്റെ അഗാധതയിലേയ്ക്ക് പോകുന്നില്ല. ബിൽ പാസ്സായതിനുശേഷം ഇത് നടപ്പാക്കുമ്പോൾ എടുക്കേണ്ട പ്രിക്കാഷൻസിനെക്കുറിച്ചാണ് മൂന്നാംവായനയിൽ സംസാരിക്കേണ്ടത്. അതുകൊണ്ട് ഞാൻ എന്റെ ലിമിറ്റിനകത്ത് നിന്നുകൊണ്ട് സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. എങ്കിലും അദ്ദേഹം ഇവിടെ സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് ഞാൻ പിന്നീട് പറഞ്ഞുകൊള്ളാം. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മാറ്റണമെന്ന് പറഞ്ഞ് ബഡ്ജറ്റിൽ എഴുതിയത് ഞങ്ങളല്ല. അങ്ങ് പ്രകോപിതനാകാൻവേണ്ടി പറയുകയല്ല, അങ്ങ് മന്ത്രിയായിരുന്ന സന്ദർഭത്തിൽ 2009-ലും 2010-ലും ക്യാബിനറ്റ് അംഗീകരിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ വച്ചിരുന്നതാണ്. ആ കാര്യംമാത്രമാണ് ഇപ്പോൾ ടേക്കപ്പ് ചെയ്യുന്നത്. ആ കാര്യത്തിൽ അങ്ങ് പ്രകോപിതനായതിൽ വലിയ ദുഃഖമുണ്ട്. അങ്ങയോടുള്ള ബഹുമാനംകൊണ്ട് ഞാൻ മറ്റൊന്നും പറയുന്നില്ല. ഈ നിയമം ആർക്കാണ് പ്രയോജനം ചെയ്യുന്നത് ? പട്ടിണിപ്പാവങ്ങളായ ആളുകൾക്ക് റിസർവ്വേഷൻ നിലനിർത്തുക, ആ റിസർവ്വേഷനിൽ അവർക്ക് കൂടുതൽ പോസിബിലിറ്റി ഉണ്ടാക്കുക എന്നുള്ളതാണ്. 1963-ൽ ഭൂപരിഷ്കരണ ഭേദഗതി നിയമം നടപ്പിലാക്കിയപ്പോൾ സ്വന്തം ഭൂമി നഷ്ടപ്പെട്ട പാവങ്ങളായ പരശതം ആളുകൾ ഈ കേരളത്തിലുണ്ട്. അവരുടെ ആ തലമുറ ഭൂമിക്കുവേണ്ടി പ്രതിഫലം ചോദിച്ചിട്ടില്ല. അന്ന് ഭൂമി നഷ്ടപ്പെടുന്ന ആളുകൾക്ക് പിന്നീട് അതിന് പ്രതിഫലമായി തുക കൊടുക്കുമെന്ന് ഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്നു. പത്ത് നയാപൈസ ഒരു ഗവൺമെന്റും

കൊടുത്തിട്ടില്ല. അവസാനം പത്ത് സെന്റ് ഭൂമിക്കുപോലും ഉടമസ്ഥാവകാശമില്ലാതെ തെരുവിലിറങ്ങേണ്ടി വന്ന പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമമാണ്. അതുകൊണ്ട് ഈ നിയമം കാലഘട്ടത്തിന്റെ ശബ്ദം ഉൾക്കൊള്ളുന്നതാണെന്നാണ് ഞാൻ പറഞ്ഞത്. അക്കാര്യം എന്റെ സ്നേഹിതൻ ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചതാണ്. അമ്പലത്തിനകത്ത് കഷ്ടപ്പെട്ട് ജീവിക്കുന്ന പാവങ്ങൾ മനുഷ്യരല്ലേ ; പൗരാവകാശമില്ലേ ; ജീവിക്കുന്നതിനുള്ള അവകാശമില്ലേ ; അവരുടെ ജീവിതം ഏറ്റവും കഷ്ടപ്പാടിലാണ്. അവരെല്ലാം പ്രമുഖന്മാരാണെന്ന് പണ്ടുമുതലേ മാമൂലനുസരിച്ച് അവർക്ക് പതിച്ചുനൽകിയ പേരുണ്ട്. അവരെല്ലാം ഉന്നതകുലജാതരാണെന്ന നാമകരണത്തിൽ നിൽക്കുകയാണ്. അവരുടെ പട്ടിണി കാണണ്ടേ ; ആ പട്ടിണിക്ക് വ്യത്യാസമുണ്ടോ ; അവരുടെ കുഞ്ഞുങ്ങൾക്ക് പഠിക്കാൻ പറ്റുന്നുണ്ടോ ; അവർക്ക് എന്തെങ്കിലും ഫീസാനുകൂല്യമുണ്ടോ ; അവർക്ക് ഗുണകരമായ എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കുന്നുണ്ടോ ; അങ്ങനെയുള്ള ജനവിഭാഗത്തെക്കൂടി പരിഗണിച്ച് കൊണ്ടുവന്ന ഈ നിയമം നടപ്പാക്കുന്ന സന്ദർഭത്തിൽ അതിന്റെ സ്പിരിറ്റ് പൂർണ്ണമാനം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. അതിന് രണ്ടുവശത്തുമുള്ള ആളുകളും ഒരുപോലെ സഹായിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

മി. സ്പീക്കർ : 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. മഞ്ഞളാംകുഴി അലി

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. കെ. ബാബു
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. റ്റി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. ബെന്നി ബെഹനാൻ
13. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എ. റ്റി. ജോർജ്
16. ശ്രീ. പി. സി. ജോർജ്
17. ശ്രീമതി പി. കെ. ജയലക്ഷ്മി
18. ഡോ. എൻ. ജയരാജ്
19. ശ്രീ. ജോസഫ് വാഴക്കൻ
20. ശ്രീ. വർക്കല കഹാർ
21. ശ്രീ. കെ. എൻ. എ. ഖാദർ
22. ശ്രീ. കോവൂർ കുഞ്ഞുമോൻ
23. ശ്രീ. റ്റി. യു. കുരുവിള
24. ശ്രീ. ലൂഡി ലൂയിസ്
25. ശ്രീ. സി. മമ്മൂട്ടി
26. ശ്രീ. കെ. എം. മാണി
27. ശ്രീ. കെ. പി. മോഹനൻ
28. ശ്രീ. മോൻസ് ജോസഫ്
29. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. കെ. മുരളീധരൻ
31. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
32. ശ്രീ. അടൂർ പ്രകാശ്
33. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
34. ശ്രീ. പാറക്കൽ അബ്ദുള്ള
34. ശ്രീ. പാലോട് രവി
35. ശ്രീ. റോഷി അഗസ്റ്റിൻ
36. ശ്രീ. കെ. എസ്. ശബരീനാഥൻ
37. ശ്രീ. വി. പി. സജീന്ദ്രൻ
38. ശ്രീ. വി. ഡി. സതീശൻ
39. ശ്രീ. ആർ. സെൽവരാജ്
40. ശ്രീ. ഷാഫി പറമ്പിൽ
41. ശ്രീ. കെ. എം. ഷാജി
42. ശ്രീ. എൻ. ഷംസുദ്ദീൻ
43. ശ്രീ. കെ. ശിവദാസൻ നായർ
44. ശ്രീ. വി. എസ്. ശിവകുമാർ
45. ശ്രീ. സണ്ണി ജോസഫ്
46. ശ്രീ. സി. എഫ്. തോമസ്
47. ശ്രീ. തോമസ് ഉണ്ണിയാടൻ
48. ശ്രീ. പി. ഉബൈദുള്ള
49. ശ്രീ. എം. ഉമ്മർ
50. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
51. ശ്രീ. എം. എ. വാഹീദ്
52. ശ്രീ. എം. പി. വിൻസെന്റ്
53. ശ്രീ. പി. സി. വിഷ്ണുനാഥ്

1267/18

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ബാബു എം. പാലിശ്ശേരി
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. എം. ചന്ദ്രൻ
6. ശ്രീ. വി. ചെന്താമരാക്ഷൻ
7. ശ്രീ. കെ. ദാസൻ
8. ശ്രീ. സി. ദിവാകരൻ
9. ശ്രീ. ജി. എസ്. ജയലാൽ
10. ശ്രീ. മാത്യു റ്റി. തോമസ്
11. ശ്രീ. കെ. രാധാകൃഷ്ണൻ
12. ശ്രീ. ആർ. രാജേഷ്
13. ശ്രീ. റ്റി. വി. രാജേഷ്
14. ശ്രീ. രാജു എബ്രഹാം
15. ശ്രീ. സാജു പോൾ
16. ശ്രീമതി കെ. എസ്. സലീഖ
17. ശ്രീ. വി. ശശി
18. ശ്രീ. ബി. സത്യൻ
19. ശ്രീ. വി. ശിവൻകുട്ടി
20. ശ്രീ. വി. എസ്. സുനിൽ കുമാർ
21. ശ്രീ. ഇ. കെ. വിജയൻ
22. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 22

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2. 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ മുദ്രാവാക്യം വിളിക്കുകയും സഭ ബഹിഷ്കരിച്ച് പുറത്തുപോവുകയും ചെയ്തു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ വികസന പ്രവർത്തനങ്ങൾക്കോ ക്ഷേമപ്രവർത്തനങ്ങൾക്കോ തടസ്സമുണ്ടാകാത്ത തരത്തിൽ നല്ല രീതിയിൽ കൈകാര്യം ചെയ്ത് മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് പി.ഡബ്ല്യു.ഡി. വകുപ്പിൽ കോൺട്രാക്ടർമാർക്ക് കൊടുക്കുവാനുള്ള പണം ഘട്ടംഘട്ടമായി കൊടുത്തു. ഇപ്പോഴതിന്റെ പണി ഒന്നൊന്നായി മുന്നോട്ടു പോകുന്നു. തസ്തികകൾ സൃഷ്ടിക്കാനുള്ള വകുപ്പുകളിൽ തസ്തികകൾ സൃഷ്ടിക്കാൻ കഴിയുന്നു. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലുമൊക്കെ പണമില്ല എന്നൊരു പല്ലവി കേൾക്കാനില്ല. എല്ലാ കാര്യങ്ങളിലും ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ധീരമായിട്ട് മുന്നോട്ടുപോകുവാനുള്ള ഒരു സാമ്പത്തിക ചുറ്റുപാട് ഇവിടെയുണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് സത്യം.

ഇവിടെ സാധാരണഗതിയിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടായിരുന്നു പ്രതിപക്ഷം രാവിലെ പ്രതിഷേധം തുടങ്ങിയിരുന്നത്. പിന്നീടത് വേണ്ടെന്നുവച്ചു. അതിനുശേഷം ചർച്ചയിൽ പങ്കെടുക്കുന്ന ഒരു സ്ഥിതിയിലേയ്ക്കുവന്നു. ഇന്നു രാവിലെ മാണിസാർ ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞപ്പോൾ ആ ക്രമപ്രശ്നത്തിൽ പങ്കെടുത്ത് ചർച്ച ചെയ്യുവാനും സദയം അത് കേൾക്കുവാനുമുള്ള ഒരു സാമാന്യമര്യാദയും പ്രതിപക്ഷം കാണിച്ചു. നല്ല സൗഹൃദമാണ്. ഞങ്ങളവരെ കുറ്റപ്പെടുത്തുന്നില്ല. ഇന്നൊരു പത്രം പറഞ്ഞിട്ടുള്ളതുപോലെ, 'എണ്ണയിട്ട ചൂരലുപോലെ എങ്ങോട്ടും വളയുന്നൊരു പ്രതിപക്ഷം' എന്ന നിലയിലേയ്ക്ക് അവർ പോയെന്ന് ഞാൻ ആക്ഷേപിക്കുന്നില്ല. അവർ ഏറ്റെടുത്ത സമരങ്ങൾ മുഴുവൻ പരാജയപ്പെട്ടു എന്നും പറയുന്നില്ല. പക്ഷേ ഒരു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ ഈ വൈകിയ വേളയിലെങ്കിലും അവർക്ക് മനംമാറ്റമുണ്ടായി. തുടർന്നും അത്തരത്തിലുള്ള ഒരു നല്ല അന്തരീക്ഷത്തിൽ ഈ നിയമസഭയുടെ പ്രവർത്തനവും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുവാനുള്ള സഹകരണം അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ.എൻ.എ. ഖാദർ)

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, ജനങ്ങൾക്കുവേണ്ടി ജനകീയമായി ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ പ്രയാസങ്ങൾ തീർക്കുന്നൊരു ഭരണം കാഴ്ചവച്ച ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പാവങ്ങൾക്കുവേണ്ടി ശക്തമായി നിലകൊള്ളുകയും അവരുടെ ഇടയിലേയ്ക്കുചെന്ന് അവരുടെ ആവശ്യങ്ങൾ നോക്കി മനസ്സിലാക്കി അതിനനുസരിച്ച് നിയമനിർമ്മാണവും വികസന പ്രവർത്തനങ്ങളും നടത്തുകയും കേരള ചരിത്രത്തിൽ ഒരിക്കലുമില്ലാത്തവിധം ജനങ്ങൾക്കുവേണ്ടി ഒരു മാനുഷിക മുഖത്തോടുകൂടി ഭരിക്കുകയും ചെയ്യുന്ന ഗവൺമെന്റാണ് ഇവിടെ നിലനിൽക്കുന്നത്. മുമ്പൊക്കെ രോഗം വന്നാൽ ചികിത്സിക്കാൻ സഹായമില്ലാതെ പാവങ്ങൾ കഷ്ടപ്പെടുകയായിരുന്നെങ്കിൽ ഇപ്പോൾ ഏത് പാവപ്പെട്ട രോഗിക്കും ചികിത്സിക്കാൻ സൗകര്യമുള്ള 'കാരുണ്യ ബെനവലന്റ് സ്കീം' ഉൾപ്പെടെയുള്ള ഒട്ടേറെ നല്ല പരിപാടികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിനുള്ള ജനങ്ങളുടെ പിന്തുണയാണ് ഏറ്റവും അവസാനം നടന്ന തെരഞ്ഞെടുപ്പു പോലും തെളിയിച്ചത്. ഇവിടെ ഒരുകാര്യം മാത്രമേ പറയുവാനുള്ളൂ. നമ്മുടെ ആരോഗ്യമേഖലയിൽ പല ആശുപത്രികളിലും ആവശ്യമായ ഡോക്ടർമാരില്ലാത്ത പ്രശ്നം പരിഹരിക്കാൻ അങ്ങ് നടപടിയെടുക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തിരൂരിൽ വന്നപ്പോൾ ഒരു വാഗ്ദാനം നൽകിയിരുന്നു. മലബാറിൽ ക്യാൻസർ രോഗത്തിനുള്ള ചികിത്സാ സൗകര്യം വളരെ കുറവാണ്. തിരൂരിൽ ഒരുവർഷം അയ്യായിരത്തോളം ക്യാൻസർ രോഗബാധിതർ ഉണ്ടാവുകയാണ്. അവിടെ അവർക്കൊരു ഓങ്കോളജി ബ്ലോക്ക് സ്ഥാപിക്കാൻ അങ്ങ് സഹായിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ അങ്ങ് നടപടി സ്വീകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ടും ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള നല്ല പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ടും ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചു കൊണ്ടും നിർത്തുന്നു.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, വളരെ സന്തോഷത്തോടുകൂടിയാണ് ഈ ധനവിനിയോഗ ബില്ലിനെ ഞങ്ങൾ പിന്താങ്ങുന്നത്. നാലുവർഷം മുൻപ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നമ്മുടെ മുഖ്യമന്ത്രി ഈ ഗവൺമെന്റിന്റെ നയപരിപാടി പ്രഖ്യാപിച്ചു, വികസനവും കരുതലും. ആ മുദ്രാവാക്യം പൂർണ്ണമായിട്ടും പ്രാവർത്തികമാക്കുവാൻ സമർപ്പിതമായ ശൈലിയിൽ പ്രവർത്തിച്ച ഒരു ഗവൺമെന്റിനുവേണ്ടിയാണ് ഇപ്പോൾ വീണ്ടും ഇതുപോലൊരു ധനവിനിയോഗ ബില്ല് അവതരിപ്പിക്കുന്നത്. കടന്നുപോയ വർഷങ്ങളിൽ ധനം വിനിയോഗിച്ചത് എങ്ങനെയെന്ന് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ മുഴുവൻ കൃത്യമായി ശ്രദ്ധിക്കുക യായിരുന്നു. ജനങ്ങൾ ഏല്പിച്ച ചുമതലകൾ ഭംഗിയായി അവരുടെ താല്പര്യത്തി നനുസരിച്ച് നിർവ്വഹിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയത്. അതിനുള്ള അംഗീകാരമായാണ് ജനങ്ങൾ ഓരോ തെരഞ്ഞെടുപ്പിലും ഈ മന്ത്രിസഭയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലമായ പിന്തുണ നൽകിക്കൊണ്ട് മുന്നോട്ടുവരുന്നത്. ഈ കഴിഞ്ഞുപോയ നാലുവർഷങ്ങളിൽ ഒരു ചടങ്ങ് ഭരണമല്ല ഗവൺമെന്റ് കാഴ്ചവച്ചത്. നാലുവർഷം കൊണ്ട് സുപ്രധാനമായ നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന് നേടിക്കൊടുക്കുവാൻ ഈ ഗവൺമെന്റിന് സാധിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് സാമ്പത്തിക വളർച്ചയുടെ ദേശീയ നിരക്ക് 18.66 ശതമാന മായിരുന്നുവെങ്കിൽ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത് 13.70 ശതമാനം മാത്രമായിരുന്നു. അതിനുശേഷം ഓരോ വർഷങ്ങളിലും വന്ന കൃത്യമായ പുരോഗതി 2011-12-ൽ ദേശീയ നിരക്ക് 15.70 ശതമാനമായിരുന്നുവെങ്കിൽ ഈ സംസ്ഥാനം നേടിയത് 16.73 ശതമാനമാണ്. 2012-13-ൽ ദേശീയ നിരക്ക് 11.88 ശതമാന മായിരുന്നുവെങ്കിൽ കേരളത്തിന്റെ നിരക്ക് 13.46 ശതമാനമായിരുന്നു. വീണ്ടും 2013-14-ൽ ദേശീയ നിരക്ക് 11.54 ശതമാനമായിരുന്നപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ നിരക്ക് 15.35 ശതമാനമായിരുന്നു. അപ്പോൾ എങ്ങനെ ധനം വിനിയോഗിച്ചു എന്നുള്ളതിന്റെ ജീവിക്കുന്ന തെളിവുകളാണ് ഈ കണക്കുകൾ. ഇൻഡ്യയിൽ ഈ സംസ്ഥാനത്തെ മുൻപന്തിയിൽ കൊണ്ടെത്തിക്കുവാനായിട്ടാണ് ഓരോ വകുപ്പുകളും ശ്രദ്ധിച്ചത്. റെക്കോർഡ് നേട്ടങ്ങളാണ് ഓരോ വകുപ്പിലും ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളത്. അടിസ്ഥാന മേഖലകളിൽ, കാർഷിക മേഖലയിലും വ്യവസായ മേഖലയിലും അതോടൊപ്പം തന്നെ സാമൂഹ്യരംഗത്ത് കരുതൽ എന്നുള്ള മുദ്രാവാക്യം യാഥാർത്ഥ്യമാക്കുവാനും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പരിഗണന കൊടുക്കേണ്ട ശരാശരി ആളുകൾ, സാധാരണക്കാർ, പാവപ്പെട്ടവർ, അടിസ്ഥാന ജനവിഭാഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെയൊക്കെ താല്പര്യങ്ങൾ സംരക്ഷിക്കുവാനും അവരുടെ പുരോഗതിക്കായി കൃത്യമായി പണം ചെലവഴിച്ചു കൊണ്ട്, അതിന് റിസൾട്ട് ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകാനും കഴിയുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ സന്തോഷത്തോടെ ഞാൻ പിന്താങ്ങുന്നു.

6.00 PM]

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇവിടെ ആകെ ആവശ്യമായ തുക 816 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള ഫ്രെഷ് ക്യാഷ് ഔട്ട്ഫ്ലോ 789 കോടി രൂപയാണ്. ആർ.ഐ.ഡി.എഫ് പദ്ധതിച്ചെലവ് 17.20 കോടി രൂപയാണ്. അധികത്തുക വകയിരുത്തിയത് ക്രമീകരിച്ച ഇനത്തിൽ 26 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

വകയിരുത്തിയിരിക്കുന്നു. ഈ ഉപധനാഭ്യർത്ഥനയിൽ സംസ്ഥാനത്തിന്റെ നേരിട്ടുള്ള ബാധ്യത 733 കോടി രൂപയാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് ആകസ്മിക നിധിയിൽനിന്നും അനുവദിച്ച അഡ്വാൻസ് തുക ക്രമീകരിക്കുന്നതിന് 42 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നേരിട്ടുള്ള ബാധ്യതയിൽ വരുന്ന മറ്റ് പ്രധാനപ്പെട്ട ഇനങ്ങളിലേയ്ക്കുള്ള ചെലവുകൾ നിരവധിയുണ്ട്. അതെല്ലാം ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ബിൽ പാസ്സാക്കിത്തതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ</u> : 2015 ലെ കേരളാ ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

<u>രണ്ടും മൂന്നും വകുപ്പുകൾ</u>

(ഭേദഗതി ഇല്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. എം. മാണി : സാർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ : 2015 -ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സംസ്ഥാനങ്ങളുടെ കടമെടുപ്പ് വ്യവസ്ഥ ചെയ്യുന്നത് ഭരണഘടനയുടെ 293-ാം അനുച്ഛേദ പ്രകാരമാണ്. പ്രസ്തുത അനുച്ഛേദത്തിലെ 1-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നത് നിയമസഭ അപ്പപ്പോൾ നിയമംവഴി നിജപ്പെടുത്തുന്ന പരിധി ഏതെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ ഒരു സംസ്ഥാനത്തിലെ എക്സിക്യൂട്ടീവിന് കടമെടുക്കാനും അതിനുള്ളിൽ നിന്നുകൊണ്ടു മാത്രമേ ഗാരണ്ടി നൽകാനും അധികാരമുള്ളൂ എന്നാണ്. 2003-ൽ മാത്രമാണ് നിയമസഭ ഗാരണ്ടി നൽകുന്നത് സംബന്ധിച്ച് പരിധി നിശ്ചയിച്ചുകൊണ്ട് നിയമം കൊണ്ടുവന്നത്. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി ധനകാര്യ ഏജൻസികളിൽനിന്നും ബാങ്കുകളിൽനിന്നും വായ്പയെടുക്കാനായി ഗവൺമെന്റ് ഗാരണ്ടി നൽകിവരുന്നു. 2003-ലെ ഗാരണ്ടി നിയമമനുസരിച്ച് ഏതൊരു വർഷവും ഏപ്രിൽ 1-ാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരണ്ടികൾ 14,000 കോടി രൂപയിൽ കവിയാൻ പാടില്ലെന്നാണ് വ്യവസ്ഥ. അതാണ് ഇപ്പോഴത്തെ സീലിംഗ്. അതാണ് നമ്മൾ ഉയർത്താൻ ഉദ്ദേശിക്കുന്നത്. 31-3-2013-ൽ ബാക്കി നിന്നിരുന്ന ആകെ ഗവൺമെന്റ് ഗാരണ്ടി 9763 കോടി രൂപയായിരുന്നു. 2014-15-ൽ വനിതാ വികസന കോർപ്പറേഷന് 50 കോടി രൂപ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്ക് 1910 കോടി രൂപ , കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1000 കോടി രൂപ, കെ.എസ്.ആർ.ടി.സി-ക്ക് 200 കോടി രൂപ, സഹകരണ കാർഷിക ഗ്രാമവികസന ബോർഡിന് 350 കോടി രൂപ, പിന്നോക്ക വികസന കോർപ്പറേഷന് 250 കോടി രൂപ എന്നിങ്ങനെ നൽകിയിട്ടുണ്ട്. മൊത്തം 13,523 കോടി രൂപ ഗാരണ്ടി നൽകിയിട്ടുണ്ട്. മെട്രോ റെയിൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ എയർപോർട്ട്, ലൈറ്റ് മെട്രോ എന്നീ പ്രമുഖ പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കാൻ സർക്കാർ ഗാരണ്ടി നൽകേണ്ടതുണ്ട്. ഇതിലേയ്ക്ക് ഗാരണ്ടിയുടെ പരിധി ഉയർത്തേണ്ടതാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഗവൺമെന്റ് ഗാരണ്ടിയുടെ പരിധി നിർണ്ണയിക്കുന്നതിന് പ്രതിപാദിച്ചുള്ള വ്യവസ്ഥയനുസരിച്ച് അവയുടെ പരിധി 21,000 കോടി രൂപയായി ഉയർത്താവുന്നതാണ്. ഇതിലേക്കാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. റ്റി. ജോർജ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1400 കോടി രൂപയിൽനിന്നും 21,000 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബില്ല് ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവാദിത്തത്തിന്റെ ഉത്തമ ഉദാഹരണമായി മാറിയിരിക്കുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടി എടുക്കുന്ന തീരുമാനങ്ങൾ തീർച്ചയായും ഗുണകരമാണ്. അതേസമയം കേരളത്തിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഏകദേശം 12538 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്നാണ് സി. ആന്റ് എ.ജി റിപ്പോർട്ടിൽ അടുത്തകാലത്ത് വന്നിട്ടുള്ളത്. പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ സൂക്ഷ്മത അനിവാര്യമാണ്. തീർച്ചയായും പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന ഈ തുക അതിന്റെ ഗുണഫലം ലഭ്യമാകുന്ന രീതിയിലാകണം ചെലവഴിക്കേണ്ടത്. ധനകാര്യ സ്ഥാപനങ്ങൾ പണം പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വഴിവിട്ടതാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇന്നലെ നിയമസഭയ്ക്കകത്ത് പറഞ്ഞത്. ഈ സാഹചര്യത്തിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിനുവേണ്ടി സർക്കാർ ഗാരണ്ടി നിൽക്കുമ്പോൾ അനുവദിക്കുന്ന തുകയുടെ വിനിയോഗം പൂർണ്ണമായും പരിശോധിക്കപ്പെടേണ്ടതുണ്ട്. ലാഭകരമായി പ്രവർത്തിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ കെ.എസ്.ഐ.ഡി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒട്ടേറെയുണ്ട്. ഈ സ്ഥാപനങ്ങൾക്കൊക്കെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ തീർച്ചയായും സർക്കാർ എടുക്കുന്ന ഈ തീരുമാനങ്ങൾക്ക് കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഈ ബില്ലിനെ ഞാൻ പിൻതുണയ്ക്കുന്നു.

മി. സ്പീക്കർ : ശ്രീ. എ. റ്റി ജോർജ് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എ. റ്റി. ജോർജ് : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എ. റ്റി. ജോർജ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി : സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XI അവകാശലംഘന പ്രശ്നങ്ങൾ

(i) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. എ. കെ. ബാലൻ, ശ്രീ. വി. ശിവൻകുട്ടി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ സി. ദിവാകരൻ എം.എൽ.എ. നൽകിയ നോട്ടീസ്, ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസണിനെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, വിദ്യാഭ്യാസ വകുപ്പ മന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.ക്കെതിരെ ശ്രീ.എ. കെ. ബാലൻ എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

(ii) പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ നൽകിയ നോട്ടീസും പരിഗണനയിലാണ്. ഇതിന്റെ വിശദ വിവരങ്ങളടങ്ങിയ രേഖകൾ ലൈബ്രറിയിൽ ഉണ്ട്.

XII പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, തല്ക്കാലം സഭ മുമ്പാകെ വയ്ക്കുവാൻ ഗവൺമെന്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചു.

XIII അവലോകനം

മി. സ്പീക്കർ : 13-ാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനമാണ് ഇന്ന് ഇവിടെ അവസാനിക്കുന്നത്. ജൂൺ 8-ന് ആരംഭിച്ച് തുടർന്ന് ജൂൺ 9 മുതൽ 28 വരെ നിർത്തിവച്ച സഭാസമ്മേളനം പുനരാരംഭിച്ചത് ജൂൺ 29-ന് ആണ്. ഇതുവരെയായി 21 ദിവസം സഭാസമ്മേളനം നടന്നു. 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന ചർച്ചകൾക്കാണ് ഈ സമ്മേളനത്തിലെ പതിമൂന്ന് ദിവസങ്ങൾ ചെലവഴിച്ചത്. എല്ലാ അംഗങ്ങളും ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ധാരാളം നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഈ സമ്മേളന കാലത്ത് ലഭിച്ച 11,761 നോട്ടീസുകൾ ചോദ്യമായി അംഗീകരിച്ചു. ഇവയിൽ 660 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 5953 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി. 6613 ചോദ്യങ്ങൾ അച്ചടിക്കുകയുണ്ടായി. സഭാതലത്തിൽ 54 ചോദ്യങ്ങൾക്കും രണ്ട് അടിയന്തര ചോദ്യങ്ങൾക്കും വാക്കാൽ മറുപടി നൽകി. 532 ഉപചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു. നിയമസഭാ ചോദ്യോത്തര പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചത് ഈ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചു. സാമാജികർ പലരും

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യങ്ങൾ ഓൺലൈനായിത്തന്നെ നൽകുന്നുണ്ട്. കടലാസുരഹിത നിയമസഭയെന്ന നമ്മുടെ ലക്ഷ്യം എത്രയുംവേഗം പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് കരുതുന്നു. സാമാജികർക്ക് അടുത്ത സമ്മേളനത്തിലേക്കുള്ള ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ നോട്ടീസ് ബാങ്കിൽ ഇപ്പോൾതന്നെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ചോദ്യോത്തരങ്ങൾ യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. 17 അടിയന്തരപ്രമേയ നോട്ടീസുകൾ അവതരണാനുമതി തേടുകയുണ്ടായി. ഒരു അടിയന്തരപ്രമേയം സബ്മിഷനായി അവതരിപ്പിച്ചു 34 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 245 സബ്മിഷനുകളും അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ ഇവയ്ക്ക് മറുപടി പറയുകയും ചെയ്തു. സഭയിൽ അവതരിപ്പിക്കാൻ കഴിയാതെവന്ന 62 സബ്മിഷനുകൾ ബന്ധപ്പെട്ട മന്ത്രിമാർക്ക് നൽകുകയും മറുപടി നേരിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. മറുപടി കിട്ടാത്തവർക്ക് എത്തിക്കാൻ പറയാം. ചട്ടം 300 അനുസരിച്ചുള്ള 4 സ്റ്റേറ്റുമെന്റുകളും 130 റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചു. ആകെ 8 ബില്ലുകൾ സഭ പരിഗണിച്ച് പാസ്സാക്കി. 2 ഓർഡിനൻസുകൾക്ക് പകരമുള്ള 2 ബില്ലുകളും ഓർഡിനൻസല്ലാത്ത 2 ബില്ലുകളും 4 ധനകാര്യ ബില്ലുകളും ഇതിൽപ്പെടുന്നു. എ. പി. ജെ. അബ്ദുൾ കലാം കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ പ്രത്യേക ശ്രദ്ധനേടി. നിയമനിർമ്മാണ കാര്യങ്ങളിൽ ആരോഗ്യപരമായ ചർച്ചകളും എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള ഇടപെടലുകളും ഉണ്ടായി എന്നുകാണുന്നത് സന്തോഷപ്രദമായ കാര്യമാണ്. ഈ സമ്മേളനം ഭംഗിയായി നടത്താൻ സർവ്വാത്മനാ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട സാമാജികർ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ ഉൾപ്പെടെ എല്ലാപേർക്കും ചെയർ പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. സമ്മേളനം വിജയകരമാക്കാൻ രാത്രിയുംപകലും ഒരുപോലെ പ്രവർത്തിച്ച നിയമസഭാ സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥർ, നിയമസഭാ പ്രസ്സ് ജീവനക്കാർ ഉടങ്ങിയ എല്ലാവരോടും പ്രത്യേകം നന്ദി പ്രകടിപ്പിക്കുന്നു. എല്ലാവർക്കും ഹൃദ്യമായ ഓണാശംസകൾ നേരുന്നു.

മി.സ്പീക്കർ : ഓർഡർ ....ഓർഡർ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ വൈകുന്നേരം 6.20-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം

1-7-2015-ലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വന്ന പിശക് തിരുത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച പ്രസ്താവന

പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി ഉത്തരത്തിൽ തിരുത്ത് വരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ്

ശ്രീ. വി. ശശി :

ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

(എ) പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത് ; ഇതിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം എത്ര ;

(സി) പാഠപുസ്തക അച്ചടിയിലെ പ്രതിസന്ധി പരിഹരിച്ച് പുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയാണ്. എല്ലാ വർഷവും പാഠപുസ്തക അച്ചടിയ്ക്കുള്ള പേപ്പർ സംഭരണം ജനുവരി മാസത്തിൽ പൂർത്തിയാകാറുണ്ട്. എന്നാൽ പേപ്പർ സംഭരണത്തിൽ ഈ വർഷം കാലതാമസം നേരിട്ടതാണ് അച്ചടി വൈകാൻ ഇടയായ സാഹചര്യം. ഈ വർഷം 2, 4, 6, 8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറ്റമുള്ളതിനാൽ അച്ചടി നേരത്തേ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹയർ സെക്കൻഡറി വിഭാഗത്തിൽ 11-ാം ക്ലാസ്സിലേയ്ക്ക് 59 ഇനവും 12-ാം ക്ലാസ്സിലേക്ക് 65 ഇനവും പാഠപുസ്തകങ്ങളാണ് ആകെ അച്ചടിക്കേണ്ടത്. ഇതിൽ 11-ാം ക്ലാസ്സിലേക്കാവശ്യമായ സി.ഡി.-കൾ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം തന്നെ സി-ആപ്റ്റ്-ന് നൽകിയിട്ടുണ്ട്. 12-ാം ക്ലാസ്സിലേക്കുള്ള 62 സി.ഡി.-കൾ മാത്രമേ നൽകിയിട്ടുള്ളൂ. 11-ാം ക്ലാസ്സിലെ പുസ്തക അച്ചടി പൂർത്തിയായിട്ടുണ്ട്. 12-ാം ക്ലാസ്സിലേയ്ക്ക് നൽകിയ 62 സി.ഡി.-കളിൽ രണ്ടാം ഭാഗം പുസ്തകങ്ങളായ ഫിസിക്സ് പാർട്ട്-2, മാത്ത്സ്-പാർട്ട് കമ്പ്യൂട്ടർ സയൻസ് പാർട്ട് - 2 എന്നീ പുസ്തകങ്ങൾ ഒഴികെ 59 പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. 12-ാം ക്ലാസ്സുകളിലെ അക്കൗണ്ടൻസി പാർട്ട്-1, 2 & Themes in Kerala History പാഠപുസ്തകങ്ങളുടേയും അച്ചടി ഇനി പൂർത്തിയാകാനുണ്ട്.

(ബി) ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി 3,73,15,500 പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. ഇതിൽ ആദ്യഘട്ടത്തേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം 2,33,26,800 ആണ്.

(സി) ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ജൂലൈ 20-നകം അച്ചടി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം കെ.ബി.പി.എസ്.-ന് നൽകിയിട്ടുണ്ട്. ജൂലൈ 31-നകം ഈ പുസ്തകങ്ങളുടെ വിതരണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly